



# ജനകീയാസൂത്രണം
# തരിയോട് ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്

thampi.



# തരിയോട് ഗ്രാമപഞ്ചായത്ത്

139-6

# സമർപ്പണം

*അതിജീവിക്കലിൻെറ അനന്തയാത്രയിൽ മണ്ണിൻെറയും മനുഷ്യൻെറയും മഹത്വമറിഞ്ഞ് ഐക്യത്തിൻെറയും, സാഹോദര്യത്തിൻെറയും സ്നേഹഗാഥകൾ പാടി പഴയ തരിയോടിനെ ഇന്നത്തെ തരിയോടാക്കി മാറ്റിയ, ചരിത്രമുറങ്ങുന്ന ഈ മണ്ണിൽ അന്ത്യ വിശ്രമം കൊള്ളുന്ന പൂർവസൂരികളുടെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു.*

തരിയോട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി
പഞ്ചായത്ത് വികസന സമിതി.




Elanji

കവർ ഡിസൈൻ ലേ ഔട്ട്

**തമ്പി മാസ്റ്റർ**

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ തരിയോട്

# തരിയോട് ഗ്രാമപഞ്ചായത്ത് വാർഡ് മാപ്പ്






"സ്വയം സമ്പൂർണ്ണമായ
ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ
രാഷ്ട്ര പുനർനിർമ്മാണം
സാദ്ധ്യമാകുകയുള്ളൂ."

ഗാന്ധിജി

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | തരിയോട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തരിയോട്, കാവും മന്ദം |
| ബ്ലോക്ക് പഞ്ചായത്ത് | : | കല്പറ്റ |
| താലൂക്ക് | : | വൈത്തിരി |
| അസംബ്ലി മണ്ഡലം | : | കല്പറ്റ |
| വിസ്തീർണ്ണം | : | 71.17 ച. കി. മീറ്റർ |
| അതിരുകൾ | : | വടക്ക് - കോട്ടത്തറ പടിഞ്ഞാറത്തറ പഞ്ചായത്തുകൾ<br>കിഴക്ക് - കോട്ടത്തറ - വെങ്ങപ്പള്ളി പഞ്ചായത്തുകൾ<br>തെക്ക് - പൊഴുതന പഞ്ചായത്ത്<br>പടിഞ്ഞാറ് - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് |
| ജനസംഖ്യ | : | 10236 |
| പുരുഷൻമാർ | : | 5200 |
| സ്ത്രീകൾ | : | 5036 |
| ജനസാന്ദ്രത | : | 144 |
| അക്ഷരാഭ്യാസമുള്ളവർ | : | 3940 + 3471 = 7411 |
| വാർഡുകൾ | : | എട്ട് |
| പ്രസിഡണ്ടിൻെറ പെര് | : | ശ്രീ.എ.എസ്.ജോർജ് മാസ്റ്റർ |
| വൈസ് പ്രസിഡൻറിൻെറ പേര് | : | ശ്രീ. വിജയൻ ചെറുകര |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. പുത്തൂർ മമ്മൂട്ടി |
| മെമ്പർമാർ | | ശ്രീമതി. മേരി പാറയിൽ<br>ശ്രീ.എം.എ. ജോസഫ്<br>ശ്രീമതി. ജസ്സി ബാബു<br>ശ്രീ. വേലായുധൻകണാഞ്ചേരി<br>ശ്രീമതി. ലക്ഷ്മി രാധാകൃഷ്ണൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | ശ്രീമതി ഭാരതി കൃഷ്ണൻ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ശ്രീ. പി. കുഞ്ഞിക്കണ്ണൻ |
| നിയമസഭാംഗം | : | ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ |
| പാർലമെൻറ് അംഗം | : | ശ്രീ. എം. പി. വീരേന്ദ്രകുമാർ. |



# വിഷയ സൂചിക


ആമുഖം. ........................................... 7

ചരിത്രം. ........................................... 10

ഭൂപ്രകൃതി. ........................................... 20

കൃഷിയും ജലസേചനവും. ................. 23

മൃഗസംരക്ഷണം - മത്സ്യബന്ധനം. ..... 35

വ്യവസായം. ........................................ 41

വിദ്യാഭ്യാസം. .................................... 53

കുടിവെള്ളം - പൊതുജനാരോഗ്യം. ...... 69

ഗതാഗത - ഊർജ്ജം. ........................ 84

പാർപ്പിടം - സാമൂഹ്യക്ഷേമം.. ............. 96

സംസ്കാരം. .................................. 107

വനിതാക്ഷേമം.. .............................. 116

സഹകരണം. ................................... 126

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം. ......... 147

വിഭവ സമാഹരണം. ........................ 169



അധികാരം ജനങ്ങളിലേക്ക്

# അരീക്കോട് ഗ്രാമപഞ്ചായത്ത്



# ആമുഖം

1995 ഒക്ടോബർ 2ാം നു കേരളത്തിൽ നടപ്പിലായ ത്രിതലപഞ്ചായത്തിരാജ് സംവിധാനം ജനാധിപത്യ സമ്പ്രദായം ശക്തിപ്പെടുത്താൻ വളരെയേറെ സഹായിച്ചിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. പല ന്യൂനതകളും അവ്യക്തതകളും പഞ്ചായത്തിരാജ് ആക്റ്റിൽ ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും ഊർജസ്വലമായ ഒരു ഭരണകൂടത്തിന് അതെല്ലാം പരിഹരിക്കാവുന്നതെയുള്ളു. ഇതിൻെറ തുടക്കമെന്ന നിലയിൽ 1996ൽ പഞ്ചായത്തിരാജ് നിയമപരിഷ്കരണത്തിനുവേണ്ട ശുപാർശകൾ സമർപ്പിക്കൻ S.B.സെൻകമ്മീഷനെ സർക്കാർ നിയമിക്കുകയും കമ്മീഷൻ അതിൻെറ പ്രാഥമിക റിപ്പോർട്ട് നൽകുകയുമുണ്ടായി. ഈ റിപ്പോർട്ടിലെ ശുപാർശകൾ മേൽപറഞ്ഞ ന്യൂനതാപരിഹാരത്തിന് ഉതകുമെന്ന് പ്രതീക്ഷിക്കാം.

പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണവും തീരുമാനമെടുക്കലും വിദഗ്ധൻമാരുടേയും ഉദ്യോഗസ്ഥൻമാരുടേയും സർക്കാരിൻെറയും മാത്രം അധികാരത്തിൽപ്പെട്ടതാണെന്ന അവസ്ഥമാറ്റി ആസൂത്രണം ജനകീയമാക്കാൻ സർക്കാർ തീരുമാനിച്ചതോടെ തങ്ങളുടെ വികസന പ്രശ്നങ്ങൾ അവതരിപ്പിക്കാനും ചർച്ചചെയ്യാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനും ജനങ്ങൾക്ക് അവസരം നൽകിയതോടെ നാടിൻെറ വികസനത്തിന് തങ്ങൾക്കും ചുമതലയുണ്ടെന്നും അതിൽ തങ്ങളും പങ്കാളികളാവേണ്ടതുണ്ടെന്നുമുള്ള പുത്തൻ അവബോധം ജനകീയാസൂത്രണത്തിലൂടെ കൈവന്നിട്ടുണ്ട്. പദ്ധതികൾ നിർദ്ദേശിക്കുന്നതിനും പ്ലാൻ ചെയ്യുന്നതിനും അവ നടപ്പാക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും അധികാരം സിദ്ധിച്ച ജനങ്ങൾ പദ്ധതി തങ്ങളുടേതാണെന്ന ബോധത്തോടെ ജനകീയാസൂത്രണപ്രവർത്തനങ്ങളിൽ ആവേശപൂർവ്വം അണിനിരക്കുകയുണ്ടായി.

പഞ്ചായത്തുവികസനസമിതിയുടെ സഹായസഹകരണത്തോടെ ഈ ഗ്രാമത്തിൽ തുടങ്ങിവച്ച

പ്രവർത്തനങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

**1. സാമ്പത്തിക സാമൂഹ്യ സർവ്വേ :-** പുതിയ പഞ്ചായത്തു ഭരമസമിതി അധികാരത്തിൽ വന്നഉടനെ ആദ്യമായി ഏറ്റെടുത്ത പ്രവർത്തനം പഞ്ചായത്തിലെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കലായിരുന്നു. 7 ദിവസം കൊണ്ട് പ്രസ്തുത സർവ്വേ പൂർത്തിയാക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമായിരുന്നു. വികസന റിപ്പോർട്ട് തയ്യാറാക്കാൻ ഈ സർവ്വേ റിപ്പോർട്ടുകൾവളരെ സഹായകമായി.

**2. അയൽകൂട്ടം-പഞ്ചായത്ത്-വാർഡ് വികസന സമിതി:** ഓരോ വാർഡിനെയും 8 അയൽ കൂട്ടങ്ങളായി തിരിച്ച് ഒരു അയൽ കൂട്ടത്തിൽനിന്നും ഒരു സ്ത്രീയേയും പുരുഷനേയും തെരഞ്ഞെടുക്കുന്നു. ഇപ്രകാരം തെരഞ്ഞെടുത്ത 8 പുരുഷൻമാരും 8 സ്ത്രീകളും വാർഡ് മെമ്പറും അടങ്ങിയതാണ് വാർഡ് വികസന സമിതി. 8 വാർഡിലേയും വികസന സമിതി അംഗങ്ങൾ, ജില്ലാ പഞ്ചായത്തുമെമ്പർ, ബ്ലോക്ക് പഞ്ചായത്തുമെമ്പർ, B.D.O, സഹകരണ ബേങ്ക് പ്രസിഡൻറ്, T.E.O, V.O മാർ V.E.O കൃഷി ഓഫീസ്സർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ, രണ്ടു ഹൈസ്കൂൾ പ്രധാനഅധ്യാപകർ, ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഒരുപ്രതിനിധി, സഹൃദയാ കർഷക വായനശാലയുടെ ഒരു പ്രതിനിധി എന്നിവരടങ്ങിയതാണ് പഞ്ചായത്തു വികസന സമിതി. ഈ സമിതിയെ 150/96 ആയി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വികസന പ്രവർത്തനങ്ങളിലും വികസന സമിതി ഗണ്യമായ പങ്ക് വഹിക്കുന്നു.

**3. ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി:** ഈ ഗ്രാമപഞ്ചായത്തിലെ 10നും 70നും ഇടയ്ക്ക് പ്രായമുള്ള 6890 ആളുകളെ ഗ്രൂപ്പ് ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. (ഈ പ്രായപരിധിയിൽപ്പെട്ടവർ 100% ഉം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്) ഇതിന്നായി ഓരോരുത്തരിൽ നിന്നും 3രൂ 61 പൈസ പിരിച്ചെടുത്തിട്ടുണ്ട്. ആദിവാസികളെ ഗ്രൂപ്പ് ഇൻഷൂറൻസിൽ 'ഫുഡ് സപ്പോട്ട്' പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ അവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും 81 ആദിവാസികൾ ഇതിലും അംഗത്വം എടുത്തിട്ടുണ്ട്. ഈയിടെ നാലാം വാർഡിൽ തീപ്പൊള്ളലേറ്റുപെണ്ണമ്മ എന്ന സ്ത്രീ മരിച്ചതിൻെറ ഇൻഷൂറൻസ് തുകയായ 10,000/- രൂപയുടെ അവകാശികളായ മക്കൾക്ക് ഈ റിപ്പോർട്ട് പ്രസിദ്ധകരിക്കുമ്പോഴേക്കും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**4. ഗ്രാമീണസഹായനിധി:** പാവപ്പെട്ട രോഗികളേയും ദുരിതമനുഭവിക്കുന്നവരേയും സഹായിക്കാൻ ലക്ഷ്യമാക്കിയാണ് ഗ്രാമീണസഹായനിധി 23.2.96ൽ ആരംഭിച്ചത്. വയനാട് ജില്ലാപഞ്ചായത്തംഗം ശ്രീ.പി. കുഞ്ഞിക്കണ്ണൻെറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് വയനാട് ജില്ലാ കലക്ടറായിരുന്ന ശ്രീ.വിശ്വാസ് മേത്തയാണ് നിധിയുടെ ഔപചാരികമായ ഉത്ഘാടനം നിർവഹിച്ചത്. പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നുമായി 42862/- രൂപ സ്വരൂപിക്കാൻ പഞ്ചായത്തുവികസനസമിതിക്ക് കഴിഞ്ഞു. ഏറ്റവും കൂടുതൽ തുക സമാഹരിച്ചത് 6ാം വാർഡ് കാരായിരുന്നു. നാളിതുവരെ 25 പേർക്കായി 10840/- രൂപ സഹായം അനുവദിച്ചിട്ടുണ്ട്. എല്ലാവർഷവും ഫിബ്രവരി 19ാംനു സഹായനിധിദിനമായി ആചരിക്കാനുംഎറ്റവും കൂടുതൽ തുക സംഭരിക്കുന്ന വാർഡിന് കൊറ്റിയോട്ടുമേൽ ശംഭുനായർ മെമ്മോറിയൽ റോളിക്ക് ട്രോഫി സമ്മാനിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

**5. ദേശീയസമ്പാദ്യപദ്ധതി:** ഈ ഗ്രാമപഞ്ചായത്തിലെ 1969 കുടുംബങ്ങളിൽ 1935 കുടുംബങ്ങളും സഞ്ചിതനിക്ഷേപ പദ്ധതി (R.D)യിൽ അംഗങ്ങളാണ്. മാസംതോറും 1 ലക്ഷത്തിലധികം രൂപ മഹിളപ്രധാൻ ഏജൻറുമാർ ഈ പദ്ധതിയിലേക്ക് പിരിച്ച് പോസ്റ്റ് ഓഫീസിൽ നിക്ഷേപിക്കുന്നുണ്ട്. അങ്ങനെ ഈ ഗ്രാമപഞ്ചായത്തിന് ബജത്ത് പഞ്ചായത്തെന്ന ബഹുമതി ആർജ്ജിക്കാൻ കഴിഞ്ഞു. എന്നാൽ ഇതിൻെറ ഔപചാരിക ഉത്ഘാടനം നടന്നുകഴിഞ്ഞിട്ടില്ല.

## ജനകീയാസൂത്രണം - ഒന്നാംഘട്ടപരിശീലനം

പഞ്ചായത്തുതലത്തിൽ ഒന്നാംഘട്ടപരിശീലനം രണ്ടുഘട്ടങ്ങളായാണ് ഇവിടെ നടന്നത്. രാഷ്ട്രീയസാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തകരായ 87 പേർക്ക് ആദ്യഘട്ടത്തിൽ പരിശീലനം നൽകി.

പിന്നീട്128 വാർഡ് വികസനസമിതി അംഗങ്ങൾക്കും പരിശീലനം ആവശ്യമാണെന്ന് ബോധ്യമായതിനാൽ പ്രത്യേകപരിശീലനം അവർക്കും നൽകി.

ഒന്നാം ഘട്ട പരിശീലനത്തിനും രണ്ടാം ഘട്ട പരിശീലനത്തിനുമിടയ്ക്ക് വീടുതോറും കയറിയിറങ്ങിയുള്ള ഡാറ്റാ ശേഖരണവും നടത്തി. വികസന റിപ്പോർട്ട് കഴിയുന്നതും സമഗ്രമാക്കാൻ ഈ സർവ്വേ കുറച്ചൊന്നുമല്ല സഹായിച്ചത്.

നവമ്പർ 1-ാം തിയതി നടന്ന പുനരർപ്പണ ദിനത്തിൽ വിവിധ വാർഡുകളിൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 1-ാം വാർഡിൽ നാട്ടുകാർ ശ്രമദാനമായി 1 കി.മീറ്റർ റോഡിൻെറ പണി പൂർത്തിയാക്കാൻ 4 ദിവസം തുടർച്ചയായി ജോലി ചെയ്യേണ്ടിവന്നു. ആറാം വാർഡിൽ നടന്ന സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഗവ. ഹയർ സെക്കൻററി സ്ക്കൂളിലെ 25 N.S.S വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുക്കുകയുണ്ടായി. 2-ാം വാർഡിൽ S.A.L.P. സ്ക്കൂൾ കളിസ്ഥലത്തിൻെറ ഒരു ഭാഗം നിരപ്പാക്കുന്നതിന് രണ്ടുദിവസം തുടർച്ചയായി നാട്ടുകാർ ശ്രമദാനം നടത്തി. 3-ാം വാർഡുകാർ ചെന്നലോട് റോഡിനെയും കാപ്പുവയൽ റോഡിനെയും ബന്ധിപ്പിക്കുന്ന 1 കി.മീറ്റർ റോഡിൻെറ പണിയാണ് ചെയ്തത്. 4, 5, 7 വാർഡുകളിൽ പുനരർപ്പണദിനത്തിന് മുമ്പാണ് സന്നദ്ധ പ്രവർത്തനങ്ങൾ നടന്നത്.

പഠന പര്യടനം: പഞ്ചായത്തു പഠനത്തിനു വേണ്ടി തരിയോട് നോർത്തിൽ നിന്ന് എടത്തറ കടവു വരെ നടത്തിയ പര്യടനം ആവേശകരമായിരുന്നു. ഇതിന് CWRDM ൽ നിന്ന് ശ്രീഷാഹുൽ ഹമീദ്, ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡണ്ട് ശ്രീ. M.A. പൗലോസ്, വാട്ടർ അതോറിട്ടിയിലെ ശ്രീഷാജി, പരിഷത്ത് മേഖലാ പ്രസിഡണ്ട് ശ്രീമതി സെലീനാ, അഗ്രികൾചർ അസിസ്റ്റൻറ് ശ്രീ മണിയപ്പൻ തുടങ്ങിയവരും പഞ്ചായത്തുഭരണസമിതി അംഗങ്ങളും നേതൃത്വം നൽകി. പഞ്ചായത്തിൻെറ ഭൂപ്രകൃതി, മണ്ണിൻെറ തരങ്ങൾ, ജലസ്രോതസ്സുകൾ, സസ്യാവരണം തുടങ്ങിയവയെ കുറിച്ച് ഏകദേശ ധാരണയുണ്ടാക്കാനും തദനുസരണം പഞ്ചായത്ത് വികസന റിപ്പോർട്ട് രൂപപ്പെടുത്താനും ഈ പര്യടനം സഹായകമായി.

സാമ്പത്തികമായി വളരെ പിന്നോക്കമായ ഈ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണത്തിലൂടെ മുന്നോട്ടുകുതിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകത്തിലെത്തന്നെ ആദ്യ പരീക്ഷണമായ ഈ പ്രസ്ഥാനം വിജയിക്കുമെന്നുറപ്പാണ്. ഗ്രാമപഞ്ചായത്തിലെ വിവിധമേഖലകളിൽ പ്രവർത്തിക്കുന്നവരും വിരുദ്ധ രാഷ്ട്രീയ ചേരികളിൽ നില്ക്കുന്നവരും വിവിധ മതവിശ്വാസികളും ഉദ്യോഗസ്ഥരും ഒന്നിച്ചണിചേർന്നപ്പോൾ ഒരു പുത്തൻ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞു. 'എല്ലാം പഞ്ചായത്തു ചെയ്യട്ടെ' എന്ന മനോഭാവത്തിന് മാറ്റം വരുത്തി മഹത്തായ ഈ പ്രസ്ഥാനത്തിൽ എല്ലാവരും പങ്കുചേർന്നത് ഒരു പുത്തൻ വികസന സംസ്ക്കാരത്തിന് നാന്ദി കുറിക്കലായി കണക്കാക്കാം.





# ചരിത്രം

മലബാറിലെ അതിപുരാതനമായ ഗ്രാമങ്ങളിലൊന്നായിരുന്നു തരിയോട് എന്ന് ലഭ്യമായ ചരിത്രരേഖകളും പുരാവസ്തുക്കളും തെളിയിക്കുന്നു. പഴമക്കാരുടെ ആഖ്യാനങ്ങളും ഈ വസ്തുത ശരിവെയ്ക്കുന്നു.

B.C 4000 മാണ്ടിൽ തന്നെ കേരളത്തിൽ അധിവസിച്ച് വന്നിരുന്ന നിഗ്രിറ്റോ വംശത്തിൽപ്പെടുന്ന കാട്ടുനായ്ക്കരാണ് വയനാട്ടിലെ ആദിമനിവാസികൾ. ഇവർ ഗുഹകളിൽ താമസിച്ച് വേട്ടയാടിയും കായ്കനികൾ ഭക്ഷിച്ചും ജീവിച്ചിരുന്നു. മൈസൂർ വനങ്ങളിലായിരുന്നു ഇവരുടെ അധിവാസം.അതിനെ തുടർന്ന് കുടിയേറിയ പണിയരാണ് രണ്ടാമത്തെ പുരാതന സമുദായക്കാർ എന്ന് കരുതപ്പെടുന്നു. ലിപിയില്ലാത്ത, പണിയ, നായ്കഭാഷകളും അവരുടെ ആചാരങ്ങളും, ഗവേഷണ വിഷയമാക്കിയാൽ മാത്രമേ ഇവരുടെ ചരിത്രത്തിൻെറ ആദിമഘട്ടത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയൂ. വംശനാശം സംഭവിച്ച് കൊണ്ടിരിക്കുന്ന "കാടർ" സമുദായക്കാരും ഇവിടുത്തെ ആദിമ നിവാസികളായിരുന്നു. കുമ്പളവയലിലുണ്ടായിരുന്നു മഹാ വിഷ്ണുക്ഷേത്രത്തിൻേറയും, പഴൂർ വിഷ്ണു ക്ഷേത്രത്തിൻേറയും നാശാവിശിഷ്ടങ്ങൾ സൂചിപ്പിക്കുന്നത് സാംസ്ക്കാരിക വളർച്ച നേടിയ ഒരു ജനവിഭാഗം ഇവിടെ അധിവസിച്ചിരുന്നുയെന്നും പിന്നീട് ആ വിഭാഗം നാമവശേഷമായിത്തീർന്നു എന്നുമാണ്.

18-ാം നൂറ്റാണ്ടിൻെറ ആന്ത്യഘട്ടത്തിൽ ടിപ്പു സുൽത്താൻെറ പടയോട്ടത്തിലാണ് കുമ്പള വയൽ,പഴൂർ എന്നീ ക്ഷേത്രങ്ങൾ തകർക്കപ്പെട്ടത് എന്ന് കുരുതപ്പെടുന്നു. തെക്കെവയനാട്ടിലെ ആദ്യത്തെറോഡായ വൈത്തിരി- തരുവണ - മാനന്തവാടി റോഡ്, കോഴിക്കോട് വൈത്തിരി വഴി മാനന്തവാടിയിലേക്കും അതു വഴി മൈസൂരിലേക്കും സൈന്യനീക്കത്തിനു വേണ്ടി ടിപ്പു നിർമ്മിച്ചതാണ്. വൈത്തിരി കുതിരപ്പാണ്ടി റോഡ് എന്നാണ് അടുത്ത കാലം വരെ ഈ റോഡ് അറിയപ്പെട്ടുകൊണ്ടിരുന്നത്. സൈന്യത്തെ പുശ്ശേരിപ്പുഴയുടെ മറുകര കടത്താൻ

പാണ്ടിയിൻ (ചങ്ങാടം) കുതിരകളെ കെട്ടി വലിപ്പിച്ചതു കൊണ്ടാണ് പുതുശ്ശേരിക്കടവിന് കുതിരപ്പാണ്ടി എന്ന് പേർവന്നത്.

ഇതിന് മുൻപ് 17ാം നൂറ്റാണ്ടിൻെറ അന്ത്യഘട്ടത്തിലോ, 18ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിലോ കോട്ടയം രാജാവ് 24 നായർ തറവാട്ടുകാരെ ചേവുക (സേവക)ക്കാരോടൊപ്പം വയനാട്ടിൽ കുടിയിരുത്തിയതിൽ 5 തറവാട്ടുകാർ തരിയോട്ടുണ്ടായിരുന്നു. ഈ കുടുംബങ്ങൾക്ക് വഴി തെളിച്ച് ചേവുകക്കാരായി വയനാട്ടിലെത്തിയവരാണ് കുറിച്ച്യർ എന്ന് കുരുതപ്പെടുന്നു. ഈ തറവാട്ടുകാർക്ക് ലക്ഷ്യം കുറിച്ചവർ (നിശ്ചയിച്ചവർ) ആയതിനാലാണ് കുറിച്യാർ എന്ന പേർ സിദ്ധിച്ചതെന്ന് പഴമക്കാരായ കുറച്ച്യക്കാരണവന്മാർ പറയുന്നു. (* പട്ടിക വർഗ്ഗത്തെക്കുറിച്ചുള്ള റിപ്പോർട്ട് - കുറിച്ചർ എന്ന ഭാഗം നോക്കുക) ഇതു സംബന്ധിച്ച് മറ്റൊരു ഐതിഹ്യവുമുണ്ട്. തരിയോട് ഇടത്തിൽ അനന്തൻ നായർ, ചെമ്പ്രാട്ട് പനിച്ചേടത്ത് കുടുംബക്കാർ, എടത്തറ ദേവസ്വ എന്നറിയപ്പെടുന്ന കോട്ടയത്ത് തെക്കേ കോവിലകത്ത് ശങ്കരവർമ്മ, തേനമംഗലം കുടുംബക്കാർ എന്നിവർ മേല്പറഞ്ഞ 5 കുടുംബങ്ങളിൽ പെട്ടവരാണ്.

ടിപ്പുസുൽത്താൻെറ പടയോട്ടത്തിൽ നടന്ന കൊള്ളയും നിർബ്ബന്ധിത മതമാറ്റവും പീഡനങ്ങളും മൂലം വർണ്ണഹിന്ദുക്കളിൽ വലിയൊരു വിഭാഗം നാമാവശേഷമാകുകുയോ, നാടുവിടുകയോ ചെയ്തിട്ടുണ്ട്. ടിപ്പു സൈന്യവുമായി ഏറ്റുമുട്ടൽ നടന്ന പഴൂർ ക്ഷേത്രത്തിൻെറ പരിസരത്ത് 'പടവെട്ടി' എന്ന പേരിലറിയപ്പെടുന്ന ഒരു പ്രദേശമുണ്ട്. ഇതിനോടടുത്ത സ്ഥലങ്ങളിൽ തന്നെ മടത്തുവയൽ, കുനിയിൻമേൽ എന്നീ പ്രസിദ്ധമായ 2 കുറിച്യ തറവാടുകൾ ഇപ്പോഴുണ്ട്. 10-ാംമൈൽ പ്രദേശത്ത് ചെകുത്താൻ തോടിൻെറ പടിഞ്ഞാറു വശത്തുള്ള കുന്നിൽ വെട്ടുകല്ലിൽതീർത്ത വീടുകളുടെ തറകളും തൂർന്നു പോയ കുളങ്ങളും, സമീപകാലംവരെയുണ്ടായിരുന്നു. 'തമ്പരാൻമാർ' താമസിച്ചിരുന്നതാണ് അവിടമെല്ലാമെന്ന് ആദിവാസികൾ പറയുന്നു.

മലബാറിൽ ബ്രിട്ടീഷ് ആധിപത്യം (ഈസ്റ്റ് ഇന്ത്യാക്കമ്പനി) ഉറച്ചതോടെ കുതിരപ്പാണ്ടി റോഡ് വികസിപ്പിച്ച് മോട്ടാർ വാഹനങ്ങൾ ഓടിക്കാൻ പറ്റിയ രൂപത്തിലാക്കി. ഈ കാലഘട്ടത്തിലാണ് ബ്രിട്ടനിൽ ഇൻകോർപ്പറേറ്റ് ചെയ്ത ഗോൾഡ് മൈൻസ് ഇന്ത്യ എന്ന കമ്പനി തരിയോട് വില്ലേജിലെ താണ്ടിയോട് പ്രദേശത്ത് സ്വർണ്ണഖനനം ആരംഭിച്ചത്. കമ്പനിയുടെ ആവശ്യത്തിനായി പോലിസ് സ്റ്റേഷൻ, സത്രം, പോസ്റ്റാഫീസ്, കൃസ്ത്യൻ പള്ളി, മുതലായവ ആരംഭിക്കുകയും ചെയ്തു. കമ്പനിയുടെ മാനേജിംഗ് ഡയരക്ടർ സ്മിത്ത് എന്നു പേരുള്ള ബ്രിട്ടീഷുകാരനായിരുന്നു. ഇംപീരിയൽ ബാങ്കിൻെറ ഒരു ശാഖ തരിയോട് പ്രവർത്തിച്ചിരുന്നു.

സ്മിത്തിൻെറ നേതൃത്വത്തിൽ നടന്ന ഖനനം വിജയകരമല്ലാതായിതീർന്നതോടെ നഷ്ടം മൂലംകമ്പനി പ്രവർത്തനം നിലയ്ക്കുമെന്നമട്ടായി. എന്നാൽ വീണ്ടും കമ്പനി പ്രവർത്തനം പനർജ്ജീവിപ്പിക്കാൻ സ്മിത്ത് സായിപ്പ് കമ്പനീപാർട്ട്ണർമാരെ സമീപിച്ചു. ഇത്തവണ ദക്ഷിണാഫിക്കയിൽ നിന്നും ശേഖരിച്ച സ്വർണ്ണം തങ്ങളുടെ കമ്പനി ഉൽപ്പാദിപ്പിച്ചതാണെന്നവ്യാജേന അവരെ കാണിച്ച് ബോദ്ധ്യപ്പെടുത്തി വീണ്ടും പണം വാങ്ങി ഇന്ത്യയിലെക്കു വന്നു. എന്നാൽ കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് പാർട്ട്ണർമാർക്ക് സംശയം ജനിച്ചതോടെ സ്മിത്ത് സായിപ്പിന് സ്വദേശത്തേക്ക് പോകാൻ കഴിയാതാകുകയും കമ്പനി പൊളിയുകയും ചെയ്തു.ഇതേ തുടർന്ന് കമ്പനി ഡൈനാമിറ്റ് വെച്ച് തകർത്തതിനും ശേഷം അദ്ദേഹം അത്മഹത്യ ചെയ്തു.സ്മിത്ത് അക്കാലത്ത് പ്ലാൻറ് ചെയ്ത സ്മിത്ത് എസ്റ്റേറ്റ് അനന്തരാവകാശിയായിരുന്ന ലേഡിസ് സ്മിത്തിന് ലഭിച്ചെങ്കിലും നികുതി കുടിശ്ശികകൾ തീർക്കാൻ പോലും കഴിയാതെ അവർ സ്വദേശത്തേക്ക് മടങ്ങി. കുടിശ്ശിഖയുടെ പേരിൽ സർക്കാർ പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുത്ത് റിസർവ്വനമായി പ്രഖ്യാപിച്ചു. അതാണ് ഇന്ന് ലേഡിസ് സ്മിത്ത് എന്നറിയപ്പെടുന്ന വനം. സ്വർണ്ണഖനനത്തിനായി തീർത്ത കുഴികളും, ഗുഹകളും കമ്പനി വക കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും തിരയോട് പ്രദേശത്ത് പലയിടത്തുമുണ്ട്. കെട്ടിടങ്ങളുടെ പരിസരത്തുണ്ടായിരുന്നു ഫലവൃക്ഷങ്ങളും, പൂച്ചെടികളും ഇപ്പോഴും കാണാം. തുരങ്കത്തിനുള്ളിൽ റയിലും ട്രോളികളുടെ അവശിഷ്ങ്ങളുമുണ്ട്. സ്മിത്ത് കുടുബത്തിൻെറ ബംഗ്ലാവിൻെറ അവശിഷ്ടങ്ങളെന്നു കരതപ്പെടുന്ന കെട്ടിടാവശിഷ്ടങ്ങൾ

ചെയ്ത്താൻ തോപാലത്തിൻെറ (മുസാവരി പാലം) മുകൾ ഭാഗത്തുള്ള കുന്നിലുണ്ട്. ബംഗ്ലാം കുന്ന് എന്നാണ് പ്രസ്തുത കുന്ന് ഇന്നും അറിയപ്പെടുന്നത്. ടിപ്പുവിൻെറ പടയെ ഭയന്നോടിയ സവർണ്ണ ഹിന്ദുക്ക ളിൽ കുറെ പേർക്ക് സ്മിത്ത് അഭയം നൽകുകയും അവരാണ് പിന്നീട് ഈ പ്രദേശത്ത്നില നിന്നിരുന്ന തെന്നും പറയപ്പെടുന്നു.

ആദ്യകാലത്ത് ക്ഷേത്രത്തിനെ കേന്ദ്ര മാക്കി ചുറ്റുപാടുമുള്ള പ്രദേശങ്ങളെ പടിഞ്ഞാറത്ത റ, തെക്കുംതറ, കോട്ടത്തറ, എടത്തറ, എന്നിങ്ങനെ തറ കളായി അറിയപ്പെട്ടിരുന്നു. ഇടയ്ക്കുള്ള എടത്തറ തരിയോട് വില്ലേജായും, മറ്റുള്ളവ അതേ പേരിലുള്ള വില്ലേജുകളായും മാറി. മലബാർ സ്പെഷ്യൽ സെറ്റിൽമെൻറ് ഓഫീസർ A.R. MACEVEN നൽ കുന്ന വിവര മനുസരിച്ച് പടിഞ്ഞാറത്തറയും തരിയോട് വില്ലേജിൻെറ ഭാഗമായിരുന്നു. മാനന്തവാ ടിയിൽ നിന്നും ഉദ്ദേശം 14മൈൽ ദൂരെ സ്ഥിതി ചെയ്യുന്ന തരിയോട് എന്നാണ് രേഖപ്പെടുത്തി യിട്ടുള്ളത്. കൊല്ലവർഷം 1099 - ലെ പ്രളയത്തിൽ കുതിരപ്പാണ്ടി റോഡും അതിലെ പാലങ്ങളും തകർന്നുപോയി. ഇവയുടെ അവശിഷ്ടങ്ങൾ (ഗർഡ റുകളും മറ്റും) 1972വരെ പുഴകളിലുണ്ടായിരുന്നു. ഈ പ്രളയത്തിൽ മഞ്ഞൂറയിലെ ചീങ്ങന്നൂർ കുന്നി ലുണ്ടായ ഉരുൾ പൊട്ടലിൻെറ ഫലമായാണ് ഈ പഞ്ചായത്തിലെ പ്രകൃതിദത്ത തടാകമായി ചിറ രൂപം കൊണ്ടത്.

വയനാട് സെറ്റിൽമെൻറ് സ്പെഷ്യൽ ഓഫീ സറുടെ സർവ്വെ റിപ്പോർട്ട് പ്രകാരം 1928 (ഫാസിലി വർഷം 1336- ൽ) - ൽ ഈ വില്ലേജിലെ ജനസംഖ്യ 1350 മാത്രമായിരുന്നു. 980 ഹിന്ദുക്കളും,370 മുസ്ലിംങ്ങളും (ആദിവാസികളെ ഈ കണക്കിൽപെ ടിത്തിയട്ടില്ല എന്നനുമാനിക്കാം). 1 രൂപയിൽ താഴെ നികുതി (കരം) ഒടുക്കിയിരുന്ന 14 പേരും, 10 രൂപ വരെ 48 പേരും, 30 രൂപവരെ 20 പേരും, 50 രൂപ വരെ 2 പേരുമാണുണ്ടായിരുന്നത്. നികുതിയ ടയ്ക്കുന്നവർ കൂട്ടു സ്വത്തുള്ളവർ 1 രൂപയിൽ താഴെ 49, 10 രൂപ വരെ 122, 30 രൂപവരെ 24, 50 രൂപ വരെ 3, 100 രൂപവരെ 7, എന്നിങ്ങനെ പട്ടയക്കാർ 254 ആയിരുന്നു. ഭൂമിയുടെ തരം തിരിച്ചായിരുന്നു നികുതി. 1 രൂപ മുതൽ 2 രൂപ, 14 അണവരെയായി രുന്നു തോട്ടകൃഷിക്കാരുടെ നികുതി തിരക്കുകൾ ; സെറ്റിൽമെൻറ് രേഖ തയ്യാറാകുന്ന കാലത്ത് പഴയ കൈവശക്കാർക്ക് 282 ഏ. 50 സെ കൃഷിഭൂമിയും 11708.09 ഏ തരിശും ആണ് കൈവശമുണ്ടായി രുന്നത്. 6 പൈയായിരുന്നു തരിശുഭൂമിയ്ക്കു നികു തി. (12പൈ 1അണ, 16 അണ 1 രൂപ) പുതിയ കൈവ ശക്കാർക്ക് 299 ഏ. 2സെ. കൃഷിഭൂമിയും 934 - 11 തരിശുമാണുണ്ടായിരുന്നത്. വയൽ പഴയ കൈവശം 530 ഏ 48 സെൻറുമാണ്. 1 രൂ 2 അണ മുതൽ 6 അണവരെയായിരുന്നു നികുതി.

മലബാർ (മലയാം) ജില്ല; വയനാട് താലൂക്ക് 43-ാം നമ്പർ തരിയോട് ദേശത്തിൻെറ സെറ്റിൽമെൻറ് രേഖകൾ പ്രകാരം സ്ഥലങ്ങളധി കവും മണിയങ്കോട് സബ്ബകൗണ്ടർ, മണിയങ്കോട് അനന്തയ്യ കൗണ്ടർ, കോട്ടയത്ത് തെക്കേകോവില കത്ത് ശങ്കരവർമ്മ രാജാവ് (എടത്തറ ദേവസ്വം) എന്നി ജന്മികളുടെ കൈവശമായിരുന്നു. മൈസൂ രിലെ ഹൊയ്സാലാ രാജാവിൻെറ (രാമരാജനഗരം) അധികാരാതിർത്തി വൈത്തിരി മുതൽ വിരാജ്പേട്ട വരെയുണ്ടായിരുന്നുവെന്നും അദ്ദേഹത്തിൻെറ ആശ്രി തരായിരുന്ന കൗണ്ടമാർക്ക് ജന്മിത്വം സിദ്ധിച്ചത് അദ്ദേഹത്തിൽ നിന്നായിരുന്നുവെന്നും പറയപ്പെ ടുന്നു.

സെറ്റിൽമെൻറ് രേഖകൾ പ്രകാരം നെൽ കൃഷി (701-89 സെ) ചോളം (0.65 ഏ) എന്നിവയാ യിരുന്നു പ്രാധാന കൃഷികൾ. ലേഡിസ് സ്മിത്ത് എസ്റ്റേറ്റ് വളർത്തുകാടായി മാറി. എൽക്കൺ ഹിൽ എസ്റ്റേറ്റ്, ആലക്കണ്ടി, ഗ്ലാൻ മേരി, താണ്ടിയോട്, താണിപാറ; കരിങ്കാണ്ണി ഭൂമി,സെറൊസ് മല, എന്നീ എസ്റ്റേറ്റുകൾ ബ്രിട്ടീഷുകാർ നടത്തിയിരുന്നു.

## *കാലാവസ്ഥ*

മെയ് മുതൽ ഒക്ടോബർ അവസാനം വരെ യായിരുന്നു മഴക്കാലം. എല്ലാ സമയത്തും പെയ്തു കൊണ്ടിരുന്ന ചാറൽ മഴ മണ്ണിൻെറ ഈർപ്പവും അന്ത രീക്ഷത്തിൻെറ തണുപ്പും നിലനിർത്തിയിരുന്നു. മഴക്കാലത്തെ തുടർന്ന് മഞ്ഞുകാലമാകുന്നതോടെ രാപകൽ വ്യത്യാസമില്ലാതെ അന്തരീക്ഷത്തിൽ മൂടൽ മഞ്ഞു (കോട) നിറഞ്ഞു നിൽക്കുമായിരുന്നു. അതി ശക്തമായ തണുപ്പും കോടമഞ്ഞും ജനജീവിതം ദുസ്സ

ഹമാക്കിയിരുന്നു. വേനൽക്കാലം വളരെയൊന്നും അനുഭവപ്പെടാത്തതിനാൽ എക്കാലത്തും ശൈത്യകാലാവസ്ഥ നില നിന്നിരുന്നു. വനങ്ങളിലും തോട്ടങ്ങളിലും എക്കാലത്തും മണ്ണിന്റെ ഈർപ്പം നിലനിന്നിരുന്നതിനാൽ വനങ്ങളും തോട്ടങ്ങളുമെല്ലാം സസ്യഭരിതമായിരുന്നു. തോട്ടപ്പുഴ (അട്ട) എന്ന ജീവി സർവ്വത്രയുണ്ടായിരുന്നു. (ഇവ മനുഷ്യന്റേയും മൃഗങ്ങലുടേയും രക്തം ഊറ്റിക്കുടിച്ചു ജിവിക്കുന്നു) മലമ്പനിയും, വസൂരിയും അക്കാലത്ത് മനുഷ്യരെ വേട്ടയാടി. ആദിവാസികളും, കുടിയേറ്റക്കാരും ഈ രോഗങ്ങൾ ബാധിച്ചു മരണമടഞ്ഞു. വയലുകൾ എല്ലാക്കാലത്തും വെള്ളം കിട്ടുന്നവയും ചതുപ്പുകൾ (ആത്തി) നിറഞ്ഞവയുമായിരുന്നു.

## ജനങ്ങൾ

**കാട്ടുനായ്ക്കർ:** - വയനാട്ടിലെ ആദിമനിവാസികളായ കാട്ടുനായ്ക്കർ ചരിത്രാതീതകാലം മുതൽഇവിടെ വസിച്ചിരുന്നു. നിഗ്രിറ്റോ വംശത്തിൽ പെട്ട ഇവർ മരപ്പൊത്തുകളിലും, ഗുഹകളിലുമാണ് വസിച്ചിരുന്നത്. തെലുങ്ക് കലർന്ന ലിപിയില്ലാത്ത സംസാരഭാഷയാണിവരുടേത്. കാട്ടുകനികളും, തേനും, കിങ്ങുകളും, കെണിവെച്ച് പിടിച്ച് പക്ഷി മൃഗാദികളുടെ മാംസവും ആയിരുന്നു ഭക്ഷണം. കൃഷി ഇവർക്ക് അന്യമായിരുന്നു. നായാട്ട് നടത്താനോ അതിനുള്ള ആയുധങ്ങൾ നിർമ്മിക്കാനോ അറിവില്ലായിരുന്നു. 1950കൾ വരെ ഇവർ ബാഹ്യലോകവുമായി ബന്ധപ്പെട്ടിരുന്നില്ല. മറ്റു ജനവിഭാഗങ്ങളെ ഇവർ ഭയപ്പെട്ടിരുന്നു. വന്യജീവികളുമായി ഇണങ്ങി ജീവിക്കാനും ഇവർക്ക് അസാമാന്യ പാടവമുണ്ട്. കുടിയേറ്റക്കാർ വന്നതോടെ വനങ്ങൾ വെട്ടിനശിപ്പിക്കുകുയും അതു മൂലം ഇവരുടെ ഏകാന്ത ജീവിതത്തിന് ഭംഗം നേരിടുകയും ചെയ്തു. മരവുരി ധരിച്ചാണ് ഇവർ ബാഹ്യ ലോകത്തേക്ക് വന്നിരുന്നത്. നാണയ വ്യവസ്ഥ ഇവർക്കറിവില്ലായിരുന്നു. കുടിയേറ്റക്കാരായ വ്യാപാരികൾ വനവിഭവങ്ങൾ ശേഖരിക്കാൻ ഇവരെ ഉപയോഗിക്കുകയും ഇവർ ശേഖരിച്ചിരുന്ന തേൻ, മെഴുക്, കുന്തിരിക്കം, (പന്തം) ഏലം,ചൂരൽ മുതലായവയ്ക്ക് പകരമായി ഉണക്കമത്സ്യം, ഉപ്പ്, പുകയില, മുതലായവ നൽകി കൈക്കലാക്കുകയും ചെയ്തിരുന്നു. ആചാരങ്ങളൊ, ആരാധനാ ക്രമങ്ങളൊ, ആരാധനാ മൂർത്തികളോ ഇവർക്കില്ലായിരുന്നു. ഇവരുടെ ആദ്യകാല ജനസംഖ്യ കണക്കാക്കാൻ പറ്റിയ യാതൊരുവിധ രേഖകളും ഇല്ല.

**പണിയർ :-** പ്രാചീനകാലം മുതൽ പണിയർ വയനാട്ടിലുണ്ടായിരുന്നെങ്കിലും ഇവർ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിന്നും കുടിയേറിയവരാണ്. ആദി ദ്രാവിഡവംശത്തിൽപെട്ട ജനവിഭാഗമാണിവർ, മലയാളം, കന്നട, തുളു, തമിഴ് ഭാഷകളുടെ സ്വാധീനമുള്ള സ്വന്തമായ ഒരു ഭാഷ ഇവർക്കുണ്ട്. ലിപി, ഇല്ലാത്ത ഭാഷയാണിതും. കോളനികളോട് ചേർന്ന് കാവുകളുണ്ടായിരുന്നു - ഉഗ്രമൂർത്തികളായി.

നായാട്ടിലോ കാലിവളർത്തിലോ പരിജ്ഞാനമല്ലായിരുന്നു. വനത്തിലെ ജീവിതം ഇവർക്കന്യമായിരുന്നു. ഇന്നും വനത്തിൽ പോകാൻ ഇവർ ഭയപ്പെടുന്നവരാണ്. നായാട്ടു നടത്തുകയോ, ആയുധങ്ങൾ നിർമ്മിക്കുകയോ ചെയ്തിരുന്നില്ല. കിഴങ്ങുകൾ, മത്സ്യം, ഞണ്ട്, കക്ക, വയലുകളിലും മറ്റു കാണുന്ന ഞവണിക്ക മുതലായവ ശേഖരിച്ചു ഭക്ഷിച്ചിരുന്നു. ഇന്മിമാരുടേയും തോട്ടമുടമകളുടേയും അടിമപ്പണിക്കാരായിരുന്നു ബഹുഭൂരിപക്ഷവും. ജന്മിമാരുടെ ദയാദാക്ഷിണ്യം നേടിയ ചിലരെങ്കിലും ചെറുകിട ഭൂഉടമകളായി. എന്നാൽ ബാക്കി ബഹുഭൂരിപക്ഷവും ജന്മിമാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് കുടിൽ കെട്ടി കൂട്ടമായി വസിച്ചിരുന്നു. ഇവരുടെ താമസ സ്ഥലങ്ങൾക്ക് ചുറ്റും ജോലിസമയത്തിനു ശേഷമോ, അവധി ദിവസങ്ങളിലോ ഇവർ കൃഷികൾ ചെയ്തിരുന്നു. ഈ സ്ഥലങ്ങൾ തോട്ടങ്ങളായി മാറിയാൽ ജന്മിമാർ ഇവരെ മറ്റൊരു സ്ഥലത്തേക്ക് മാറ്റി താമസിപ്പിക്കുമായിരുന്നു. അന്ധവിശ്വാസങ്ങൾ ധാരാളമുണ്ട്. ഒരു കുടിലിൽ ഒരാൾ മരിച്ചാൽ ആ കുടിലിൽ നിന്ന് താമസം ഒഴിവായി മറ്റൊരു സ്ഥലത്ത് കുടിൽ കെട്ടി താമസമാക്കിയിരുന്നു. (ആദിമകാല ജനസംഖ്യാ കണക്കു കളിലൊന്നുംഇവർ ഉൾപ്പെട്ടിരുന്നില്ല.) തോട്ടമുടമകൾ ഇവരെ പാടികൾ കെട്ടി താമസിപ്പിച്ച് അടിമപ്പണി ചെയ്യിച്ചിരുന്നു. ചെമ്പ്, പിച്ചള, ഇവയുടേയും, വനത്തിൽ നിന്നും ശേഖരിക്കുന്ന, കുരുക്കളുടേയും ഓലയുടേയും ആഭരണങ്ങൾ ഉപയോഗിച്ചിരുന്നു. ഹൈന്ദവ വ്യക്തി നാമങ്ങൾ ആദ്യകാലത്തുണ്ടായിരുന്നില്ല. ഇപ്പോൾ ജനസംഖ്യ 1199 ആണ്.

## കാടർ:-

വളരെ പുരാതന കാലത്തുതന്നെ ഇവിടെ അധിവസിച്ചിരുന്ന സമുദായക്കാരാണ് കാടർ. മേൽ പ്പറഞ്ഞ ആദിവാസികളെക്കാൾ കുറെ കൂടി പരിഷ് കൃതരായി ജീവിച്ചിരുന്നു. ചെല്ലാട്ട്, എടത്തറകുന്ന്, കൊടുഞ്ചോല എന്നീ പ്രദേശങ്ങളിലാണ് ഇവർ അധി വസിച്ചിരുന്നത്. ചെല്ലാട്ട് ഒരു കാളീക്ഷേത്രമുണ്ടായി രുന്നു. 1970കൾവരെ ഇവിടെ ഉത്സവം നടത്തിയി രുന്നു. ഉത്സവത്തോടനുബന്ധിച്ചു ജന്തു ബലി നടത്തിയിരുന്നു. ഇവരുടെ ആരാധനാ മൂർത്തികൾ ഉഗ്രമൂർത്തികളായിരുന്നു. നായാട്ടും, കന്നുകാലി വളർത്തലും അറിയാമായിരുന്നു. എന്നാൽ കൃഷിയാ യിരുന്നു പ്രധാന തൊഴിൽ. വിദ്യാലയങ്ങൾ വന്ന തോടെ വിദ്യാഭ്യാസം നേടാനും ഇവർ തല്പരരായി രുന്നു. മലയാള ഭാഷ ഉപയോഗിക്കുന്ന കുടിയേറ്റക്കാർ വന്നതോടെ അവരുമായി ഇണങ്ങിച്ചേരാനും ഇവർക്ക് കഴിഞ്ഞു. ബാണാസുര സാഗർ പദ്ധതിക്കുവേണ്ടി യുള്ള ലാൻറ് അക്വിസിഷനെ തുടർന്ന് ഇവരിൽ ഭൂരി പക്ഷം കുടുംബങ്ങളും മറ്റ് വിദൂര പ്രദേശങ്ങളിലേക്ക് താമസം മാറ്റി. ഇപ്പോൾ 100-ൽ താഴെയാണിവരുടെ ജനസംഖ്യ.

## കുറിച്ച്യർ

ബ്രിട്ടിഷുകാരുമായുള്ള യുദ്ധത്തിൽ പഴശ്ശി രാജാവിനെ സഹായിക്കാൻ തെക്കുംകൂർ രാജാവയച്ച വില്ലാളി വീരന്മാരായ പടയാളികളുടെ പിൻതലമു റക്കാരായാണ് കുറച്ച്യർ അവകാശപ്പെടുന്നത്. ബ്രാഹ് മണർ ഒഴിച്ച് മറ്റെല്ലാ സമുദായക്കാരോടും തൊട്ടുകൂ ടായ്മ (അയിത്തം) നിലനിർത്തി വന്നിരുന്നു. പിൽക്കാ ലത്ത് ഇവർ കൃഷിയും നായാട്ടുമായി ജീവിച്ചു. കൃഷിക്കാവശ്യമായ ഉപകരണങ്ങൾ, കന്നുകാലി എന്നിവ ഇവർക്കുണ്ടായിരുന്നു. വൻതോതിൽ കാലി കളെ വളർത്തിഅവയെ പണിയ്ക്കുപയോഗിച്ചിരുന്നു. തങ്ങളുടെ സ്വന്തം ഉപയോഗത്തിനുള്ള പാൽ ശേഖ രിച്ചിരുന്നെങ്കിലും, പലപ്പോഴും കാലികളെ കൂട്ടത്തോടെ വനത്തിൽ വളർത്തിയിരുന്നതിനാൽ പശുക്കുട്ടികൾ കുടിക്കുകയായിരുന്നു പതിവ്. തങ്ങൾ വളർത്തുന്ന ഒരു ജന്തുവിനേയും കൊന്ന് മാംസം ഭക്ഷിച്ചിരുന്നില്ല. നായാട്ടിലും, മീൻപിടുത്തതിലും വിദഗ്ധരായിരുന്നു ഇവർ. മന്ത്രവാദവും പച്ച മരുന്നു കൾ കൊണ്ടുള്ള ചികിത്സയും രോഗശമനത്തിനു വേണ്ടി നടത്തിയിരുന്നു. "ദൈവം കാണൽ" ഇവ രുടെ താന്ത്രിക കർമ്മമാണ്. കാരണവന്മാരാണ് സ്വത്തിൻെറ മുഴുവൻ അവകാശി. അദ്ദേഹത്തെ അനുസരിക്കാൻ മറ്റുകുടുംബാംഗങ്ങളെല്ലാം ബാദ്ധ്യസ്ഥരായിരുന്നു. കാരണവർ 'പിട്ടൻ' എന്ന പേരിലറിയപ്പെടുന്നു. കൂട്ടുകുടുംബ വ്യവസ്ഥയി ലാണ് ഇവർ ജീവിച്ചു വന്നത്. മരുമക്കൾക്കായിരുന്നു പിൻതുടർച്ചാവകാശം. പെൺകുട്ടികളുടെ 'തെരണ്ടു കല്ല്യാണം ' വളരെ ആഘോഷത്തോടെ നടത്തുന്നു. നായാട്ടു നടത്തി മാംസം കൊണ്ടുവരുന്നതു വരെ പെൺകുട്ടി അയിത്തപ്പുരയിൽ തന്നെ കഴിയണം. പ്രായപൂർത്തിയായ പെൺകുട്ടിയെ അവളുടെ കാര ണവന്മാരുടെ തറവാട്ടലേയ്ക്കയക്കുന്നു. കാരണവ രുടെ ആൺമക്കളാരെങ്കിലും അവളെ ഭാര്യയാക്കുന്നു. വിവാഹ ചടങ്ങ് യാതൊന്നുമില്ല. ഹൈന്ദവമായ പേരുകളുമായി ഇവരുടെ പേരുകൾക്ക് സാമ്യമുണ്ട്. എന്നാൽ വെള്ളൻ,മുണ്ടൻ, കൗണ്ടൻ മററു ഹൈന്ദ വർ സാധരണ ഉപയോഗിക്കാത്ത പേരുകളുമുണ്ട്. ഹൈന്ദവ ക്ഷേത്രങ്ങളിൽ ഇവരും ആരാധനക്ക് ഇന്ന് പങ്കെടുക്കാറുണ്ട്. അയിത്തം പാലിക്കാത്തവരെ ഇവർ സമൂഹത്തിൽ നിന്ന് പുറത്താക്കിയിരുന്നു. ഇങ്ങനെ പുറത്താക്കുന്ന വരുമായി യാതൊരാളും ബന്ധപ്പെടാൻ പാടില്ലെന്നായിരുന്നു നിയമം. കൃഷി പ്പണികളും, കന്നുകാലി നോട്ടവുമെല്ലാം തറവാട്ടിലെ കാരണവരുടെ നിർദ്ദേശപ്രകാരം കുടുംബാംഗങ്ങൾ തന്നെ നടത്തിയിരുന്നു. പിൽക്കാലത്ത് വിദ്യാഭ്യാസം നേടുന്നതിനും പരിഷ്കൃതജീവിതം നയിക്കുന്നതിനും ഇവർ തല്പരരായി തുടങ്ങി. ഇന്നും തങ്ങളുടെ ആചാരം മുറുകെ പിടിക്കാൻ ഇവർ തല്പരരാണ്. ഇപ്പോഴത്തെ ജനസംഖ്യ 885 ആണ്. വയനാടിൻേറ മറ്റു ഭാഗങ്ങളിൽ കാണുന്ന മുള്ളുവകുറുമർ, അഴിയാ ന്മാർ, തേൻകുറുമർ, ചോലനായ്ക്കർ തുടങ്ങിയ വിഭാ ഗക്കാർ ഈ പഞ്ചായത്തിലില്ല.

## കുടിയേറ്റക്കാർ

മലബാറിൻെറ ബ്രീട്ടീഷ് ആധിപത്യം വന്ന തോടെ കേരളത്തിൻേറ വടക്കൻ ജില്ലകളിൽ നിന്ന് കുടിയേറ്റമാരംഭിച്ചു. പാലക്കാട്, മഞ്ചേരി, മങ്കര, തലശ്ശേരി പ്രദേശങ്ങളിൽ നിന്ന് വന്ന നായർ, മേനോൻ തുടങ്ങിയ സമുദായക്കാരും, കോഴിക്കോട്,

കൊടുവള്ളി, മലപ്പുറം, തലശ്ശേരി, വടകര പ്രദേശങ്ങളിൽ നിന്നു വന്ന മുസ്ലീങ്ങളുമാണ് ആദ്യഘട്ട കുടിയേറ്റക്കാർ. ആദ്യകാല ജന്മിമാരുടെ പാട്ടകുറയാന് മാരായാണ് ഇവർ ജീവിച്ചത്. ബ്രിട്ടീഷ് സർവ്വെ സെറ്റിൽ മെൻറ് വ്യവസ്ഥപ്രകാരം ഏക്കറിന് 1/2 അണ (6പൈ) നികുതി കെട്ടിയാൽ ഭൂമിക്ക് പട്ടയം ലഭിക്കുമായിരുന്നു. എന്നാൽ ഈ വില്ലേജിലെ ഭൂമി മുഴുവൻ അതിന് മുൻപ് തന്നെ വിവിധ ജന്മിമാരുടെ കൈവശമായിക്കഴിഞ്ഞിരുന്നു. നാദാപുരത്തു നിന്ന് വന്ന് വട്ടത്ത് എസ്റ്റേറ്റ് സ്ഥാപിച്ച ഒരു മുസ്ലീം കുടുംബം പിൽക്കാലത്ത് ആ പ്രദേശത്തെ ജൻമിമാരായി മാറി.

ഇക്കാലത്ത് 2 തമിഴ് ബ്രാഹ്മണ കുടുംബ (പട്ടർ) ങ്ങളും ഇവിടെയുണ്ടായിരുന്നു. പിന്നീട്അവർ തങ്ങളുടെ സമുദായക്കാർ കൂട്ടമായി താമസിച്ചിരുന്ന പൈങ്ങാട്ടിരി ഗ്രാമത്തിലേക്ക്പോയി. 1940 കളിൽ മലബാറിൽ റെയിൽവെ നിർമ്മാണത്തിനാവശ്യമായ സ്ലീപർ നിർമ്മിക്കാൻ മരങ്ങൾ തേടി മര വ്യാപാരികൾ തരിയോട് പ്രദേശത്ത് വന്നു. പിൽക്കാലത്ത് തരിയോട് പ്രദേശത്തെ പ്രധാനപ്പെട്ട തൊഴിൽ മരക്കച്ചവടമായിമാറി. വനങ്ങൾ ഏറിയകൂറുംഇവർ തങ്ങളുടെ ആയുധങ്ങൾക്ക് ഇരയാക്കി. പെരുന്തട, വട്ടം, ചൂരാണി, കരിമ്പിൻ തോട് കുമ്പളവയൽ മേഖലകളിൽ വൻതോതിൽ മരം മുറിക്കൽ നടക്കുകയും ഇതുമായി ബന്ധപ്പെട്ടു തൊഴിലുകൾക്കായി വന്ന ഒട്ടനവധി പേർ ഈ പ്രദേശങ്ങളിൽ താമസമാരംഭിക്കുകയും ചെയ്തു.

1940 നുശേഷം വൻ തോതിലുള്ള കുടിയേറ്റമുണ്ടായി. 2-ാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം മൂലം തിരുവിതാംകൂർ പ്രദേശത്ത് നിന്ന് കൃഷി ഭൂമിതേടി നിരവധി കുടുബങ്ങൾ തരിയോടെത്തി. 1952 വരെ ഇതു തുടർന്നു. വളരെ യാതനാ പൂർണ്ണമായ ജീവിതമാണ് ഇവർ നയിച്ചത്. പാട്ടകൃഷിക്ക് ജന്മിമാരോട് നേരിട്ടു ഭൂമി വാങ്ങിയും, വനങ്ങൾ വെട്ടിത്തെളിച്ച് കൈവശമാക്കിയും ഇവർകൃഷി നടത്തി. കപ്പ കൃഷിയാണ് ആദ്യകാലത്തുണ്ടായിരുന്നത്. പിന്നീട് ഇഞ്ചിപ്പുൽ കൃഷിയും, പുൽത്തൈലം വാറ്റലും ഒരു പ്രധാന തൊഴിലായി. ഇഞ്ചി, കാപ്പി, കുരുമുളക്, ഏലം, തെങ്ങ്, മുതലായ കൃഷികളും പിൽക്കാലത്ത് ആരംഭിച്ചു.

1932-ൽ തന്നെ ഒരു ഐക്യ നാണയ സംഘം (സർവ്വീസ് സഹകരണ സംഘം) കാവു മരു കേന്ദ്രമാക്കി ആരംഭിച്ചു. കരുവട രാവുണ്ണിക്കുറുപ്പായിരുന്നു സ്ഥാപകൻ. 1964 ൽ ഇത് സർവ്വീസ് സഹകരണ ബാങ്കായി ഉയർന്നു.

1925-ൽ കാവും മന്ദത്ത് മലബാർ ഡിസ്ട്രിക്ട് ബോർഡ് ആരംഭിച്ച കണാഞ്ചേരി എൽ.പി.സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയം. 1951-ൽ ഇത് യു..പി. സ്കൂളായും,പിന്നീട് 1957-ൽ, ഹൈസ്കൂളായും ഹയർസെക്കൻററി സ്കൂളായും ഉയർത്തപ്പെട്ടു. 1950ൽ സർവ്വീസ് ഓഫ് ഇന്ത്യാ സൊസൈറ്റിയുടെ നേതൃത്വത്തിൽ തരിയോട് നോർത്തിൽ സെർവിന്ത്യാ ആദിവാസി എൽ.പി. സ്കൂൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് ഇത് അദിം ജാതി സേവക്സംഘം എന്ന ചാരിറെബിൾ സൊസൈറ്റി ഏറ്റെടുത്തത്തു. അന്ന് ശ്രീ. എം.കെ. ജിനചന്ദ്രനായിരുന്നു പ്രസിഡണ്ട്. 1953ൽ ചെന്നലോട് ഒരു ഏകാദ്ധ്യാപക സ്കൂൾ സ്ഥാപിക്കപ്പെട്ടു. 1951 ൽ 8ാംമൈൽ കൃസ്ത്യൻ പള്ളി ഭാരവാഹികൾ മുൻകൈയ്യെടുത്ത് സെൻറ് മേരീസ് യു.പി.സ്കൂളും സ്ഥാപിച്ചു. 1957ൽ ഡിസ്ട്രിക് ബോർഡ് സ്കൂളുകൾ അന്നത്തെ ഡി.ബോ. ചെയർമാൻ പി.ടി.ഭാസ്കര പണിക്കർ സർക്കാരിന് വിട്ടുകൊടുത്തതോടെ കാവും മന്ദത്തെ ഹൈസ്കൂൾ ഗവ: ഹൈസ്കൂളായി മാറി. 1992 ൽ ഇത് ഹയർ സൈക്കൻററി സ്കൂളായി.

1952-ൽ നാട്ടുകാർ സംഘടിച്ച് ഒരു പൊതു വായനശാല രൂപീകരിക്കുകയും പിന്നീട് 65ൽഅത് പഞ്ചായത്ത് ബോർഡിന് കൈമാറ്റുകയും ചെയ്തു. 1956 ൽ തരിയോട് കൃസ്ത്യൻ പള്ളിയോടനുബന്ധിച്ച് സ്ഥാപിച്ച വെൽഫെയർ ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യത്തെആരോഗ്യ സ്ഥാപനം. പിന്നീട് ചെന്നലോട് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിതമായി. 1949ൽ തരിയോട് 8ാം മൈലിൽ ഒരു ED പോസ്റ്റാഫീസ് ആരംഭിച്ചു. ശ്രീ.ഇ. സെബാസ്റ്റ്യനായിരുന്നു ബ്രാഞ്ച് പോസ്റ്റ് മാസ്റ്ററായി ആദ്യം നിയമിതനായത്. ഇതിന് മുൻപ് വൈത്തിരിയിലും പൊഴുതനയിലുമുണ്ടായിരുന്ന പോസ്റ്റാഫീസുകളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്.

## തരിയോട് പഞ്ചായത്ത്

1962 വരെ വൈത്തിരി പഞ്ചായത്തിലെ ഒരു വാർഡായിരുന്നു തരിയോട് വില്ലേജ്. പഞ്ചായത്തിൻെറ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങളൊന്നും ഇവിടെയെത്തിയിരുന്നില്ല. എടത്തറപ്പുഴക്ക് -എടത്തറ ക്കടവിൽ ഒരു ചങ്ങാടം (പാണ്ടി) ഏർപ്പെടുത്തുകയും ഏതാനും തോടുകൾക്ക് താൽകാലിക പാലം നിർമ്മിക്കലുമായിരുന്നു. അക്കാലത്ത് പഞ്ചായത്ത് നടത്തിയിരുന്ന പ്രവർത്തനം. 1962-ൽ പടിഞ്ഞാറെത്തറ, തരിയോട് എന്നീ വില്ലേജ്കൾ ചേർത്ത്. ഒരുപുതിയ പഞ്ചായത്തായി തരിയോട് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1963 നവംബർ 23 നായിരുന്നു പഞ്ചായത്ത് ഭരണ സമിതിയിലേക്കുള്ള ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നത്. തരിയോട് പഞ്ചായത്തിൽ 6 വാർഡുകളാണ് ഉണ്ടായിരുന്നത്. പടിഞ്ഞാത്തറയിലെ 3 വാർഡുകളിൽ പൊതു ജനങ്ങൾ വാർഡുതല സഭകൾ ചേർന്ന് മെമ്പർമാരെ ഏകകണ്ഠമായി തെരഞ്ഞെടുത്തു. എന്നാൽ തരിയോട് വില്ലേജിലെ 3 സീറ്റുകളിൽ വാശിയോടെ തെരഞ്ഞെടുപ്പു നടന്നു

തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ.മറ്റക്കാട്ട് എം.ടി.ജോസഫ് പ്രസിഡണ്ടായുള്ള ഭരണസമിതി 1963 ഡിസംബർ 21 ന് അധികാരമേറ്റു. ഇതോടെ സ്പെഷ്യൽ ആഫീസറുടെ ഭരണം അവസാനിച്ചു. പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കുന്നത് സർക്കാരായിരുന്നു. എന്നാൽ മറ്റു ജീവനക്കാരുടെ നിയമനം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം എക്സിക്യൂട്ടീവ് ഓഫീസറാണ് നടത്തിയിരുന്നത്. ആദ്യത്തെ പഞ്ചായത്ത് ഭരണസമിതിയിൽ തരിയോട് പഞ്ചായത്തിൽ നിന്നും ശ്രീ.എം. ടി.ജോസഫ്, ഇ. സെബാസ്റ്റ്യൻ, വി.കെ.ഗോപാലൻ എന്നിവരും, പടിഞ്ഞാറത്തറ പഞ്ചായത്തിൽനിന്നും V.C. അമ്മതുകുട്ടി, കെ.എസ്സ്.ജോസഫ്. എൻ.ടി.രാഘവൻനായർ എന്നിവരുമാണ്. അംഗങ്ങളായിരുന്നത്. പഞ്ചായത്ത് ഓഫീസ് 8-ാം മൈലിലാണ് പ്രവർത്തിച്ചിരുന്നത്.

പഞ്ചായത്തിൻെറ സാമ്പത്തികനില വളരെ ശോചനീയമായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കാൻ പോലും വേണ്ടത്ര വരുമാനമുണ്ടായിരുന്നില്ല. പഞ്ചായത്ത് പ്രസിഡണ്ടിന് 5രൂപയും മെമ്പർമാർക്ക് 3 രൂപയുമായിരുന്നു സിറ്റിംഗ് അലവൻസ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതി പരിഗണിച്ച് തങ്ങളുടെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് സംഭാവന നൽകുകയും 6 മാസത്തെ സിറ്റിംഗ് അലവൻസ് ഉപേക്ഷിക്കുകയും ചെയ്തു. വസ്തു രജിസ്ട്രേഷൻ ഫീസിൻെറ 25% മാത്രമാണ് സർക്കാരിൽനിന്നും ഗ്രാൻറായി ലഭിച്ചിരുന്നത്. വരുമാനങ്ങൾ നാമമാത്രമായതിനാൽ വികസന പ്രവർത്തനങ്ങളും ആ നിലയിലായിരുന്നു. അന്നുണ്ടായിരുന്ന പ്രധാനറോഡുകളുടെ അരികു കാടുവെട്ടൽ ചാൽ വെട്ടൽ, ഏതാനും തോടുകൾക്ക് മരപ്പാലങ്ങൾ തീർക്കൽ, അവയുടെ അറ്റകുറ്റപ്പണി മുതലായവയിലൊതുങ്ങി വികസന പ്രവർത്തനങ്ങൾ.

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം സർക്കാരിൽ നിന്നും ലഭ്യമാക്കാനും വികസന പ്രവർത്തനങ്ങൾ സർക്കാരിനെകൊണ്ട് ഏറ്റെടുത്ത് നടത്തിക്കാനും ഒട്ടേറെ പരിശ്രമങ്ങൾ ആ ഭരണസമിതി നടത്തി. പഞ്ചായത്തിൻെറ ആവശ്യങ്ങളും, അവശതകളും സർക്കാരിനേയും, ജില്ലാകലക്ടറേയും ബോദ്ധ്യപ്പെടുത്താൻ നിവേദക സംഘങ്ങൾ തിരുവന്തപുരത്തും, കോഴിക്കോട്ടും പോയി. ഈ യാത്രയ്ക്കൊക്കെ വേണ്ടിവന്ന ചെലവുകൾ സംഘാംഗങ്ങൾ സ്വയം വഹിക്കുകയാണുണ്ടായത്.

കല്പറ്റ ബ്ലോക്കിൽ അനുവദിക്കപ്പെട്ട പ്രൈമറി ഹെൽത്ത് സെൻറർ തരിയോട് പഞ്ചായത്തിൽ സ്ഥാപിച്ചുകിട്ടാൻ ഭരണസമിതി നടത്തിയ അശ്രാന്ത പരിശ്രമത്തിൻെറ ഫലമായി അത് ചെന്നലോട് സ്ഥാപിക്കപ്പെട്ടു. ഇതിനാവശ്യമായ സ്ഥലം സർക്കാരിലേക്ക് സംഭാവനയായി നൽകുന്നതിനും സാധിച്ചു. പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് അന്തരിച്ച ശ്രീ. എം.കെ.ജിനചന്ദ്രഗൗഡർ **(Ex.M.P)** വൈത്തിരി പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. വടക്കേടത്ത് ജോസ് എന്നിവരുടെ നിർണ്ണായക സഹായങ്ങൾ ലഭിക്കുകയുണ്ടായി. പഞ്ചായത്ത് ഓഫീസിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് നടത്തിയ ശ്രമഫലമായി കാപ്പുവയലിൽ ശ്രീ.കെ.വി.ശേഖരൻ

നായർ, മുണ്ടയ്ക്കാത്തടത്തിൽ മത്തായി എന്നിവരോട് സംഭാവനയായി വാങ്ങിയെടുക്കുവാൻ കഴിഞ്ഞു. കാപ്പുവയലിൽ ഒരു ജലസേചന പദ്ധതിയും കർളാട് ചിറയിൽഒരു മീൻ വളർത്തൽ കേന്ദ്രവും സ്ഥാപിക്കാനും ഇക്കാലത്ത് കഴിഞ്ഞു. 10-ാം മൈൽ, H.S. കവലറോഡ് 'ഫുഡ് ഫോർ വർക്ക്' പദ്ധതിയിൽപ്പെടുത്തി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കി. എടുത്തറപ്പുഴ പാലം, എച്ച്.എസ്.കവലയ്ക്ക് സമീപം പൊക്കൻ പടി പാലം എന്നിവ പൊതു മരാമത്ത് വകുപ്പിനെക്കൊണ്ട് ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിഞ്ഞതിനെ തുടർന്ന് കല്പറ്റ-കാവുംമനം, പടിഞ്ഞാറത്തറ റോഡ് ഗതാഗത യോഗ്യമായി. പഞ്ചായത്തിലെ പ്രധാന കവലകളിൽ മണ്ണെണ്ണയൊഴിച്ചു കത്തിക്കുന്ന വഴിവിളക്കുകൾ സ്ഥാപിക്കുകയുമുണ്ടായി.

1971 ൽ തരിയോട് പഞ്ചായത്ത് വിഭജിച്ച് പടിഞ്ഞാറത്തറ തരിയോട് എന്നീ വില്ലേജുകൾ 2 പഞ്ചായത്തുകളായി പുനസംഘടിപ്പിക്കപ്പെട്ടു. പുനസംഘടിപ്പിക്കപ്പെട്ട ഭരണസമിതിയിൽ തരിയോട് പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് പുറമെ കെ.വി.മാധവൻനായർ, P.K. മമ്മു ഞാറക്കുളത്ത് തോമസ്, മംഗളം ദേവകിയമ്മ എന്നിവർ നോമിനേറ്റു ചെയ്യപ്പെട്ടു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് യഥാകാലം നടത്താതെ സർക്കാർ നീട്ടുകൊണ്ടുപോയതിൻെറ ഫലമായി 1964 ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1979 വരെ തുടർന്നു ഈ കാലഘട്ടത്തിലാണ് പഞ്ചായത്ത് ഓഫീസ് കാപ്പുവയലിൽ വാടക കെട്ടിടത്തിലേക്ക് മാറ്റിയത്.

1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ, ശ്രീ. എം. പി.മുസ്തഫ പ്രസിഡണ്ടായുള്ള ഭരണസമിതി അധികാരത്തിൽ വന്നു. ഈ തെരഞ്ഞെടുപ്പിൽ പഞ്ചായത്തിൽ 8 വാർഡുകളാണുണ്ടായിരുന്നത്. 6 ജനറൽ വാർഡുകളും ഒന്നു വീതം പട്ടിക ജാതി, പട്ടികവർഗ്ഗ സംവരണവും വനിതാ സംവരണവുമായിരുന്നു. 1984 ൽ ഗവൺമെണ്ട് പഞ്ചായത്ത് ഭരണസമിതികളെയാകെ പരിച്ചുവിട്ടതിൻെറ ഫലമായി ഈ ഭരണസമിതി പുറത്തായി. 84 മുതൽ 88 ആദ്യം വരെ പഞ്ചായത്തിൽ സ്പെഷ്യൽ ആഫീസറുടെ ഭരണമായിരുന്നു. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ LDF, UDF എന്നീ മുന്നണികൾ തമ്മിൽ വാശിയേറിയ മത്സരം നടന്നു ഇരുമുന്നണിക്കും 4 സീറ്റുകൾവീതം കിട്ടിയതിനെതുടർന്ന് പ്രസിഡണ്ട് സ്ഥാനത്തേക്ക് നറുക്കെടുപ്പു വന്നു. ഇതിൽ നറുക്ക് കിട്ടിയ എം.പി. മുസ്തഫ വീണ്ടും പഞ്ചായത്ത് പ്രസിഡണ്ടായി. തെരഞ്ഞെടുപ്പു നീണ്ടുപോയതിനാൽ 1995 സപ്തംബറിൽ പുതിയ തെരഞ്ഞെടുപ്പു നടക്കുന്നതുവരെ അധികാരത്തിൽ തുടർന്നു. ഈ കാലഘട്ടത്തിലാണ് കെട്ടിടം നിർമ്മിച്ച് ഓഫീസ് അതിൽ പ്രവർത്തനമാരംഭിച്ചത്.

കുറ്റ്യാടി പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1969 മുതൽ കരിമൻ തോട്ടിൽ കുറ്റ്യാടി ഓഗ്മെൻറേഷൻ പദ്ധതിക്കു വേണ്ടിയുള്ള സർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1989 ൽ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു. പദ്ധതിയുടെ റിസർവ്വോയറിനുവേണ്ടി തരിയോട് പഞ്ചായത്തിൻെറ ഒന്ന്, രണ്ട് എന്നീ വാർഡുകൾ പൂർണ്ണമായും 3-ാം വാർഡിൻെറ പകുതിയോളം ഭാഗവും ഒഴിപ്പിച്ചെടുക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചു. ഇതിൻെറ ഭാഗമായി 1980 മുതൽ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് ആരംഭിച്ചു. ഈ പ്രവർത്തനം 1984 ൽ മിക്കവാറും പൂർത്തിയായെങ്കിലും ഇപ്പോഴും ചില പ്രദേശങ്ങളിൽ അക്വിസിഷൻ നടന്നുവരുന്നു. പദ്ധതിയുടെ റിസർവ്വോയറിനുവേണ്ടി മേൽപ്രദേശങ്ങളിലെ 1000 ത്തോളം കുടുംബങ്ങളുടെ ഭൂമി സുമാർ 1000 ഹെക്ടറോളം ഇലക്ട്രിസിറ്റി ബോർഡ് പൊന്നും വിലയ്ക്കെടുത്തു. കുടി ഒഴിപ്പിക്കപ്പെടുന്നവർക്ക് ന്യായമായവില ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 'ബാണാസുര സാഗർ കർഷകരക്ഷാസമിതി' എന്നൊരു സംഘടനയുണ്ടാക്കി ഇതിൻെറ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭപ്രവർത്തനങ്ങളുടെ ഫലമായി അക്വിസിഷൻ നടപടികൾ ന്യായമായും ത്വരിതഗതിയിലും നടത്താൻ സർക്കാർ തയ്യാറായി. പദ്ധതിയുടെ റിസർവ്വോയറിൻെറ 80% ഉം ഒരു ഭൂഗർഭതുരങ്കവും മൂന്ന് സാഡിൽ ഡാമുകളും ഈ പഞ്ചായത്തിലാണുള്ളത്. ഈ പ്രദേശത്തുണ്ടായിരുന്ന എസ്.എ. എൽ.പി.സ്ക്കൂൾ, ഗ്രാമീണ ബാങ്ക്, പോസ്റ്റാഫീസ്, കൃഷിഭവൻ, ആയുർവ്വേദ ഡിസ്പൻസറി, കാപ്പി, പൂൾ ഡിപ്പോ, ക്ഷീര സഹകരണസംഘം മുതലായ സ്ഥാപനങ്ങൾ പഞ്ചായത്തിലെ മറ്റു വിവിധ പ്രദേശങ്ങളിലേക്ക്മാറ്റി സ്ഥാപിക്കപ്പെട്ടു. 42 വ്യാപാരസ്ഥാ

പനങ്ങളും, 2 ചെറുകിട വ്യവസായ യൂണിറ്റുകളും, ലക്ഷം വീട് കോളനികളും ഈ പ്രദേശത്ത് നിന്നും ഒഴിപ്പിച്ചു മാറ്റി. ഇവിടെയുണ്ടായിരുന്ന 3കൃസ്ത്യൻ പള്ളികൾ 2 ക്ഷേത്രങ്ങൾ ഒരു മുസ്ലിം പള്ളി എന്നീ ആരാധനാലയങ്ങൾ പൊളിച്ചു മാറ്റുകയുണ്ടായി. തരിയോട്ടെ പ്രമുഖ വ്യാപാര കേന്ദ്രമായിരുന്ന പുരാതനമായ തരിയോട്നോർത്ത് ടൗൺ ഇന്ന് ഓർമ്മയിൽ മാത്രം അവശേഷിക്കുന്നു.

കുടി ഒഴിക്കപ്പിലിൻെറ ഫലമായി പദ്ധതിയുടെ റിസർവ്വോയറിന് ആവശ്യമില്ലാത്തതും എന്നാൽ വനഭൂമിയ്ക്കും, റിസർവ്വോയറിനും മദ്ധ്യത്തിലുമായി എലിക്കാ പട്ടിവർഗ്ഗകോളനി, റവന്യു 90, കരിമ്പിൻ തോട് പെരുന്തട, എന്നിവിടങ്ങളിൽ 280 ഓളം കുടുംബങ്ങളും ഏതാനും എസ്റ്റേറ്റുകളും ഒറ്റപ്പെട്ടുപോകുന്ന സ്ഥിതി സംജാതമായി. ഇവരെ മാറ്റി പാർപ്പിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാകാതിരുന്നതിനെ തുടർന്ന് തദ്ദേശ വാസികൾ പ്രക്ഷോഭങ്ങളാരംഭിച്ചു. 1988 ൽ ഗവൺമ്മെണ്ട് ജനപ്രതിനിധികളുടെയും സമര നേതാക്കളുടെയും ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇതിൻെറയടിസ്ഥാനത്തിൽ തദ്ദേശവാസികളായ മുഴുവൻ കുടുംബങ്ങളുടേയും ഭൂമി സർക്കാർ വില കെട്ടി വാങ്ങാനും ജനങ്ങളെ ഒഴിപ്പിച്ചുമാറ്റാനും തീരുമാനിച്ചു. എന്നാൽ എസ്റ്റേറ്റുടമകളുടെ കാര്യത്തിൽ തീരുമാനമൊന്നുമെടുത്തില്ല. 1985ൽ 282 കുടുംബങ്ങളിൽ ഭൂരിപക്ഷത്തേയും ഒഴിപ്പിച്ചുമാറ്റി. പദ്ധതിയ്ക്കുവേണ്ടിയുള്ള കുടിഒഴിപ്പിക്കലിൻെറ ഫലമായി തരിയോട് പഞ്ചായത്തിൻെറ 52. കി.മീ.റോഡുകൾ നഷ്ടപ്പെട്ടു. വയനാട്ടിലെ ഒരു പ്രധാന റോഡായിരുന്ന വൈത്തിരി പടിഞ്ഞാറത്തറ റോഡിൽ 5 കിലോമീറ്റർ ഭാഗവും ജലാശയത്തിനടിയിലായി. ഇതിനു പകരമായി ഇലക്ട്രിസിറ്റി ബോർഡ് 10-ാം മൈലിൽനിന്ന് 13-ാം മൈലിലേക്ക് ഒരു റീപ്ലേസ്മെൻറ് റോഡ് നിർമ്മിച്ചു. എങ്കിലും നഷ്ടപ്പെട്ടുപോയ പഞ്ചായത്തു റോഡുകൾക്ക് തരിശുഭൂമികളുടെ വില കണക്കാക്കി. ആ സംഖ്യ കോടതിയിൽ നിക്ഷേപിക്കുകയാണുണ്ടായത്. ഈ സംഖ്യ പഞ്ചായത്തിന് ലഭ്യമായില്ലതാനും. 800ഓളം കെട്ടിടങ്ങൾ പൊളിച്ചു മാറ്റപെട്ടവയിൽ സുമാർ 4000 രൂപ പ്രതിവർഷ കെട്ടിട നികുതിയും എസ്റ്റേറ്റുകളും തൊഴിൽമേഖലകളും ഒഴിപ്പിച്ചു മാറ്റിയതിൻെറ ഫലമായി സുമാർ 2500 രൂപ പ്രതിവർഷം തൊഴിൽ നികുതിയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിൽ സുമാർ 15000 രൂപയും നഷ്ടപ്പെടുന്ന സ്ഥിതി വന്നു. സ്വതവേ അല്പവിഭവം മാത്രമുണ്ടായിരുന്ന ഈ പഞ്ചായത്ത് ഇന്ന് വമ്പിച്ച സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നിരിക്കുന്നു.

1944-ൽ ഒറ്റപ്പെട്ടുപോയ എസ്റ്റേറ്റുകളുടെ ഭൂമി ഏറ്റെടുക്കുന്നതിന് ഈ പ്രദേശത്ത് കേന്ദ്രഗവൺമെൻറിൻെറ ലോകബാങ്ക് ഫണ്ടുപയോഗിച്ച് 'പ്രോജക്ട് എലിഫൻറ്' എന്ന പദ്ധതി നടപ്പാക്കാൻ സംസ്ഥാനഗവൺമെൻറ് തീരുമാനിച്ചു. എന്നാൽ വന്യമൃ

## നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയംഗങ്ങളും വാർഡും

| | | |
|---|---|---|
| 1. | എ.എസ്സ്.ജോർജ്ജ് മാസ്റ്റർ | - പ്രസിഡണ്ട് (വാർഡ് - 8) |
| 2. | വിജയൻ ചെറുകര | - വൈ. പ്രസിഡണ്ട് (വാർഡ് 6) |
| 3. | പി.മമ്മുട്ടി പുത്തൂർ | - സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ (വാർഡ് 4) |
| 4. | പാറയിൽ മേരി | - മെമ്പർ വാർഡ് 1 |
| 5. | എം.എ.ജോസഫ് | - മെമ്പർ വാർഡ് 2 |
| 6 | ജസ്സി ബാബു | - മെമ്പർ വാർഡ് 3 |
| 7. | ലക്ഷ്മിരാധാകൃഷ്ണൻ | - മെമ്പർ വാർഡ് 7 |
| 8. | വേലായുധൻ കണാഞ്ചേരി | - മെമ്പർ വാർഡ് 5 |

ഗശല്യം മൂലം കൃഷിനാശവും കഷ്ടപ്പാടുമനുഭവിക്കുന്ന ജനങ്ങൾ ഇതിനെതിരെ പ്രക്ഷോഭമാരംഭിച്ചതിൻെറ ഫലമായി പദ്ധതി നിർത്തിവെച്ചതായി ഗവൺമെൻറ് അസംബ്ലിയിൽ പ്രഖ്യാപിച്ചു. പിന്നീട് 1995 അവസാനത്തോടെ നാട്ടുകാരറിയാതെ ഈ പദ്ധതി നടപ്പിലാക്കപ്പെടുകയും മേൽപ്പറഞ്ഞ എസ്റ്റേറ്റു ഭൂമികൾ കുറെ ഏറ്റെടുക്കുകയും ചെയ്തു.

1995 സെപ്തംബറിൽ പഞ്ചായത്തീരാജ് ഭരണഘടന ഭേദഗതി നിയമത്തിൻേറയടിസ്ഥാനത്തിലുള്ള ആദ്യത്തെത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. തെരഞ്ഞെടുപ്പിൽ തരിയോട് പഞ്ചായത്തിലെ 8 വാർഡുകളിലേക്കും മത്സരം നടന്നു. ധടഡ പ്രതിനിധികൾ 7 വാർഡിലും രടഡ പ്രതിനിധി ഒരു വാർഡിലും വിജയിച്ചു. കല്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ ഒരു നിയോജകമണ്ഡലമായ തരിയോട് പഞ്ചായത്തിൽ നിന്ന് LDF-ലെ ശ്രീമതി ഭാരതി കൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. ജില്ലാ പഞ്ചായത്തിലെ വാർഡായ പടിഞ്ഞാറത്തറ നിയോജക മണ്ഡലത്തിൻെറ ഭാഗമാണ് തരിയോട് പഞ്ചായത്ത്. ഇവിടെനിന്ന് ശ്രീ.പി.കുഞ്ഞിക്കണ്ണൻ തിരഞ്ഞെടുക്കപ്പെട്ടു.

ബാണാസുരസാഗർ പദ്ധതിയുടെ റിസർവ്വോയറിനുവേണ്ടി ഈ പഞ്ചായത്തിന് വളരെയേറെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നിട്ടും പദ്ധതിയുടെ ഇറിഗേഷൻ സ്കീമിൽ തരിയോട് പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. ഒരു ഭാഗത്ത് വിഭവനഷ്ടവും മറുഭാഗത്ത് വന്യമൃഗശല്യവും നേരിടുന്ന ഈ പഞ്ചായത്തിൻെറ ദയനീയാവസ്ഥ സർക്കാറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് ബോർഡു ശ്രമിക്കുകയുണ്ടായി. വന്യമൃഗശല്യത്തിൽനിന്ന് കർഷകരെ രക്ഷിക്കാൻ സർക്കാർ വൈദ്യുതകമ്പിവേലി നിർമ്മിക്കാനുള്ള നടപടി പ്രഖ്യാപിക്കുകയും അതിന് തുടക്കമിടുകയും ചെയ്തത് സ്വാഗതാർഹമാണ്. എന്നാൽ പദ്ധതിമൂലം പഞ്ചായത്തിനുണ്ടായ വിഭവനഷ്ടം പരിഹരിച്ചുതരാനും പദ്ധതിയുടെ ജലസേചന സൗകര്യം ഈ പഞ്ചായത്തിനുകൂടി നൽകാനും ആവശ്യമായ തീരുമാനങ്ങൾ സർക്കാരിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ബാണാസുരസാഗർ പദ്ധതിക്കുവേണ്ടി ഈ പഞ്ചായത്ത് സഹിക്കേണ്ടിവന്ന ത്യാഗത്തിന് അർഹമായ പരിഗണന സർക്കാരിൽ നിന്ന് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ വിവിധ രാഷ്ട്രീയ ബഹുജനപ്രസ്ഥാനങ്ങൾ മുൻകയ്യെടുക്കേണ്ടതുണ്ട്.





# ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണും

പ്രകൃതിരമണീയമായ നിബിഡവനങ്ങളാലും സസ്യലതാദികളാലും അനുഗ്രഹീതമായ ബാണാസുരൻ മലയടിവാരത്ത്, സമുദ്രനിരപ്പിൽ നിന്നും 780 മീറ്റർ ഉയരത്തിൽ അക്ഷാംശം 11-40'10" നും 11-46'30" N ഉം രേഖാംശം 75 57" 20" നും 75 59' 40" ഉം E ഇടയിൽ വയനാട് ജില്ലയുടെ പടിഞ്ഞാറുഭാഗത്തായി നിലകൊള്ളുന്ന, പെരുന്തടമലയിടുക്ക്, വട്ടത്ത്മല, ലേഡീസ്സ്മിത്ത് വനം കരുമാം തോടുപുഴ, ഉയർന്ന കുന്നുകൾക്കിടയിൽ രണ്ടു നൂറ്റാണ്ടുകൾക്കപ്പുറമുണ്ടായ മലയിടിച്ചിലിൽ വീണു കിട്ടിയ ഒരു ശുദ്ധജല ചിറ. അഥവാ കർലാട് തടാകം, കുരുമുളകും, കാപ്പിചെടികളും നിറഞ്ഞ ചെറുതും വലുതുമായ കുന്നുകൾ, പച്ചപുതച്ച് നിൽക്കുന്ന നെൽവയലുകൾ ഇതെല്ലാം ചേർന്ന ഒരു കൊച്ചുഗ്രാമം, അതാണ് തരിയോട് ഗ്രാമപഞ്ചായത്ത്.

തെക്കും പടിഞ്ഞാറും ഉയർന്നും വടക്ക് കിഴക്ക് ഭാഗം താഴ്ന്നും കിടക്കുന്ന ഈ പ്രദേശത്തിൻെറകിഴക്കേ അതിർത്തിയിലൂടെ എടത്തറപുഴയും പടിഞ്ഞാറു ഭാഗത്തുകൂടി കരിമാൻതോടുപുഴയുംവടക്ക് ദിശയിലേക്ക് ഒഴുകി കബനിപുഴയിൽ ചേരുന്നു. പടിഞ്ഞാറുഭാഗത്തുകൂടെ ഒഴുകുന്ന കരിമാൻ തോടുപുഴയിലാണ് കേരളസംസ്ഥാന വിദ്യുച്ഛക്തി ബോർഡ് നിർമ്മിക്കുന്ന കുറ്റ്യാടി ഓഗ്മൻേറഷൻ അണകെട്ട് (ബാണാസുരസാഗർ).

ഭൂപ്രകൃതിയനുസരിച്ച് തരിയോട് ഗ്രാമപഞ്ചായത്തിനെ 7 മേഖലകളായി തരം തിരിക്കാം.








1. വൻമരങ്ങളും, ആന, നരി, പന്നി മുതലായ വന്യ മൃഗങ്ങളുമുള്ള വനപ്രദേശം
2 ഏറ്റവും ഫലപുഷ്ടിയുള്ള മലയടിവാരം
3 തെക്കു പടിഞ്ഞാറ് ഭാഗത്ത് ഉയരമുള്ള സമതല പ്രദേശം (അണക്കെട്ടു ജലസംഭരണി)
4. ചെങ്കുത്തായ കുന്നുകളും പാറകളും ഉള്ള പ്രദേശം (പാറപൊട്ടിക്കുന്ന ക്വാറികൾ ഈ സ്ഥലത്ത് സ്ഥിതിചെയ്യുന്നു)
5. സമതല പ്രദേശം
6. ഉയർന്ന കുന്നുകളുള്ള ഫലപുഷ്ഠിയുള്ള പ്രദേശം
7. വെള്ളം കയറുന്ന താഴ്ന്ന പ്രദേശം, ഇവിടെ കൂടുതൽ നെൽവയലുകൾ കാണാം.

ഏഴുമേഖലകളും അവിടുത്തെ പ്രധാന കാർഷിക വിളകൾ, വിസ്തീർണ്ണം, ആളോഹരി വരുമാനം എന്നിവ താഴെ ചേർക്കുന്നു.

| നമ്പർ | മേഖലകൾ | കാർഷിക വിളകൾ | വിസ്തീർണ്ണം ഹെക്ടറിൽ | ആളോഹരി വാർഷിക വരുമാനം (ശതമാനം) |
|---|---|---|---|---|
| 1 | വനപ്രദേശം | ഇല്ല | 3982.9959 | ഇല്ല |
| 2 | മലയടിവാരം | കാപ്പി, കുരുമുളക്, തെങ്ങ്, റബർ മുതലായവ | 196.0850 | 20% |
| 3 | ഉയരമുള്ള സമതല പ്രദേശം | പദ്ധതിക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തു | 769.7490 | ഇല്ല |
| 4 | ചെങ്കുത്തായകുന്നിൻ പ്രദേശം | പുല്ല് നിറഞ്ഞപാറയുള്ള പ്രദേശം തൈലപുല്ല് കൃഷി അനുയോജ്യം | 151.0553 | 10% |
| 5 | സമതല പ്രദേശം | വാഴ, കാപ്പി, കുരുമുളക്, നെല്ല് മുതലായവ | 639.1871 | 20% |
| 6 | ഉയർന്ന കുന്നുകളുള്ള താഴ്ന്ന പ്രദേശം | തെങ്ങ്, കവുങ്ങ്, കാപ്പി | 660.3550 | 25% |
| 7 | വെള്ളം കയറുന്ന താഴ്ന്ന പ്രദേശം | നെല്ല്, കവുങ്ങ് മുതലായവ | 614.4551 | 25% |
| | ആകെ | | 7013-8824 | 100% |

# കാലാവസ്ഥ

ഇന്ത്യയിൽ ഏറ്റവും മഴ ലഭിക്കുന്ന സ്ഥലമാണ് വയനാട്ടിലെ ലക്കിടി. ഏതാണ്ട് അതിനോടടുത്ത അളവിൽ മഴ ഈ ഗ്രാമത്തിലും വർഷംതോറും ലഭിക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽകൊടും തണുപ്പും, ഫിബ്രവരി മുതൽ മെയ്മാസം വരെ പകൽ നല്ല ചൂടും അനുഭവപ്പെടുന്നു. എന്നാൽ കേരളത്തിലെ മൊത്തം ചൂട് കണക്കിലെടുത്താൽ ഇക്കാലങ്ങളിൽ അത്യുഷ്ണമുണ്ടെന്ന് പറയാനാവില്ല. രാത്രികാലത്ത് മിതോഷ്ണമുള്ള കാലാവസ്ഥയാണ്.








ഈ ഗ്രാമത്തിൽ 1994 വർഷം മുതലുള്ള കാലവർഷത്തിൻെറ കണക്കാണ്മേൽ കാണുന്നത്. ഓരോ വർഷം കഴിയുന്തോറും മഴയുടെ അളവ് കൂടുതലായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ മഴകിട്ടുന്ന വൈത്തിരി ഗ്രാമ പഞ്ചായത്തിലെ ലക്കിടിയാണെങ്കിൽ അതിൽ ഒട്ടും കുറയാത്ത മഴ ഈ ഗ്രാമത്തിലും ലഭിക്കുന്നു.

മൺതരങ്ങളും അവയുടെ സ്വഭാവവും അവിടെയുള്ള കൃഷികളും

1. ചെങ്കല്ലും പാറയും ഉള്ള മണ്ണ്
2. കറുത്ത കല്ല് കുറവുള്ള മണ്ണ്
3. ഏക്കൽ ഉള്ള നനവുള്ള മണ്ണ്
4. ചുവന്ന കല്ലില്ലാത്ത മണ്ണ്

1. ചെങ്കല്ലും പാറയുമുള്ള ഇനമാണ് ഉയരം കൂടിയ കുന്നുകളിൽ കാണുന്നത്. ഈ മണ്ണിൽജലാംശം വളരെ കുറവാണ്. മാത്രമല്ല വളക്കൂറും ഇല്ല തന്നെ. ഇവിടെ അപൂർവ്വമായി തെങ്ങ്,കപ്പ, ഇഞ്ചിപ്പുൽ മുതലായവ കൃഷി ചെയ്യുന്നു. കൂടുതൽ പാറയുള്ള ചില കുന്നുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നു. ഇവിടെ നിന്ന് നാനാഭാഗത്തേക്കും വീടുകൾക്കും റോഡുകൾക്കുംമറ്റും ആവശ്യമായ ലോഡ് കണക്കിന് പാറക്കല്ല് കൊണ്ടുപോകുന്നു. കരിങ്കൽ ക്വാറിയിൽ പണിയെടുത്തു ജീവിക്കുന്ന നൂറിൽ അധികം കുടുംബങ്ങൾ ഉണ്ട്.

മലയടിവാരത്തിലും ഉയർന്ന കുന്നുകളുടെ താഴ്‌വരയിലും കറുത്തതും കല്ല് കുറവുമുള്ള മണ്ണ് കാണാം. ഇവിടെ കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ് എന്നിവ കൃഷി ചെയ്തു വരുന്നു. ഫലഭൂഷ്ടിയുള്ള ഈ മണ്ണിൽ അധ്വാനിക്കുന്ന കർഷകരുടെ യത്നമാണ് ഈ ഗ്രാമത്തിൻെറ നാഡിമിടിപ്പ് എന്നു പറയാം.

നനവുള്ള ഏക്കൽമണ്ണ്: ഈ ഗ്രാമത്തിലെ നെൽപ്പാടങ്ങളിൽ ഇത്തരം മണ്ണ് കാണാം. ഇവിടെനെല്ല്, വാഴ, കവുങ്ങ് മുതലായവ കൃഷി ചെയ്യുന്നു. ഭാരിച്ച നെൽ കൃഷി ചെലവ് മൂലം പാടങ്ങളിൽ കവുങ്ങു കൃഷിയും വാഴ കൃഷിയും ചെയ്യാൻ കർഷകർ നിർബ്ബന്ധിതരാകുന്നു.

ചുവന്ന കല്ല് കുറഞ്ഞ മണ്ണ്: ഗ്രാമത്തിൻെറ മധ്യഭാഗത്തുള്ള വലിയകുന്നുകളിൽ ഇത്തരം മണ്ണ്കാണാം. ഇതിൽ വളകൂറ് തുലോം കുറവാണ്. വിരളമായി കാപ്പി, റബ്ബർ, തെങ്ങ് മുതലായവഇവിടെ കൃഷി ചെയ്യുന്നു.

# ജലപ്രകൃതി

തരിയോട് ഗ്രാമ പഞ്ചായത്തിൽ പൊതുവേ കുന്നിൻ പ്രദേശങ്ങളിലൊഴികെ ജലലഭ്യത ഉണ്ടെന്ന് പറയാം. ഇവിടെ ഉണ്ടായിരുന്ന ഇടതിങ്ങിയ വനങ്ങൾ വെട്ടി നശിപ്പിച്ച് യൂക്കാലിപ്റ്റ്സ് മരങ്ങൾവെച്ചു പിടിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഈഗ്രാമത്തിൽ കുടിവെള്ളത്തിനോ കൃഷിക്കുള്ള വെള്ളത്തിനോ ദൗർലഭ്യം ഉണ്ടാകുമായിരുന്നില്ല. യൂക്കാലിപ്റ്റ്സ് കൃഷി ജലത്തിൻേറ ലഭ്യതയെ കാര്യമായി ബാധിച്ചു വെന്നത് നിസ്തർക്കമാണ്.

ഗ്രാമത്തിൻെറ കിഴക്കും പടിഞ്ഞാറും കൂടി ഒഴുകുന്ന പുഴകളും മധ്യഭാഗത്തു കൂടി ഒഴുകുന്ന ചെകുത്താൻ തോട് എന്ന പേരിലുള്ള ഒരിക്കലും വറ്റാത്ത തോടും ഗ്രാമത്തിൻെറ മധ്യഭാഗത്തുതന്നെയുള്ള 4 ഹെക്ടർ വിസ്തീർണ്ണമുള്ള കറലാട് ചിറയും ഈ ഗ്രാമവാസികൾക്ക്പ്രകൃതി തന്ന അനുഗ്രഹങ്ങളാണ്.









# കൃഷി ജലസേചനം

തരിയോടു പഞ്ചായത്തിലെ ആദ്യകാല കുടിയേറ്റക്കാർ ചാമ, മുത്താറി, തിന, ചോളം മുതലായ കൃഷികൾ ചെയ്യുകയും കന്നുകാലികളെ വളർത്തുകയും ചെയ്തിരുന്നതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. അക്കാലത്ത് പ്രമുഖമായുണ്ടായിരുന്ന തോട്ടവിള കുരുമുളകായിരുന്നു. മറ്റു കൃഷികളൊന്നുംതന്നെ കാര്യമായി ഉണ്ടായിരുന്നില്ല. പിൽക്കാലത്തുണ്ടായ എസ്റ്റേറ്റുകളിൽ പ്രധാനകൃഷികൾ കാപ്പി, ഏലം ഓറഞ്ച് മുതലായവയായിരുന്നു. 1940-കൾക്ക് ശേഷം കുടിയേറിയ ജനവിഭാഗങ്ങൾ കാടുകൾ വെട്ടിത്തെളിച്ച് വൻതോതിൽ കൃഷികളാരംഭിച്ചു. വളരെ പെട്ടെന്ന് ആദായമെടുക്കാവുന്ന കപ്പ, ഇഞ്ചിപ്പുൽ (തൈലപ്പുൽ) രാമച്ചം മുതലായ കൃഷികളാണ് ചെയ്തിരുന്നത്. നെൽകൃഷി വയലുകളിൽ കൂടാതെ കുന്നിൻ ചെരുവുകളിലും നടത്തിയിരുന്നു.മേൽപ്പറഞ്ഞ കൃഷിരീതി വൻതോതിലുള്ള മണ്ണൊലിപ്പിനിടയാക്കുകയും മണ്ണിൻെറ വളക്കൂർ ക്രമേണ നഷ്ടമാവുകയും ചെയ്തു. പിന്നീട് കാപ്പി, തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ കൃഷികളും സമീപകാലത്തായി റബ്ബർ, കൊക്കോ, നേന്ത്രവാഴ തുടങ്ങിയവയും കൃഷിചെയ്യാനാരംഭിച്ചു. ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷികളും വളരെക്കാലമായി നിലനിന്നു വരുന്നു.

തരിയോടു പഞ്ചായത്തിലെ കൃഷിക്കാരിൽ 88% പേർ ചെറുകിട ഇടത്തരം കർഷകരാണ്. ഇടത്തരക്കാർ 11.7%ഉം എസ്റ്റേറ്റുടമകൾ 0.03%ഉം ആണ്. (പട്ടിക 1 കാണുക)

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയിൽ 5331 ഹെക്ടർ കരയും 373 ഹെക്ടർ വയലുമാണ് കൃഷിയോഗ്യമായ തരിശുഭൂമി 167 ഹെക്ടറും കൃഷിയോഗ്യമല്ലാത്തത്143 ഹെക്ടറുമാണ്. 975 ഹെക്ടർ റിസർവ്വ് വനങ്ങളാണ്. 5331 ഹെക്ടർ കരയിൽ നിക്ഷിപ്തവനഭൂമികളും ബാണാസുരസാഗർ പദ്ധതിക്കു വേണ്ടി അക്വയർ ചെയ്ത സ്ഥലങ്ങളും ഉൾപ്പെടുന്നു.

(പട്ടിക 2 കാണുക)

ഭൂപ്രകൃതിയനുസരിച്ച് താഴ്വരകൾ മൊത്തം കൃഷിയോഗ്യമായ ഭൂമിയുടെ 10.16%ഉം ഉയർന്ന പ്രദേശങ്ങൾ 27.64%ഉം കുത്തനെയുള്ള ചരിവ് 43.82%ഉം മിതമായ ചരിവുള്ള കുന്നുകൾ 17.54%ഉം പുഴകൾ 0.84%ഉം ആണ്. (എസ്റ്റേറ്റുകൾ ഉൾപ്പെടുന്നില്ല) (പട്ടിക 3 കാണുക) ആകെ കൃഷിയോഗ്യമായ ഭൂമിയിൽ 900 ൽ പരം ഹെക്ടർ ഭൂമി ബാണാസുരസാഗർ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്തിട്ടുള്ളതും നിക്ഷിപ്ത വനഭൂമികളും കഴിച്ച് 2000 ഹെക്ടറോളം മാത്രമാണ് കൃഷിഭൂമികൾ. ഇടവിള കൃഷികളുടെ ഭൂവിസ്തൃതിയും കൂടി കുറവു ചെയ്താൽ ഇത് സുമാർ 1700 ഹെക്ടറോളം മാത്രമാണ്. ആകെ ഭൂവിസ്തൃതിയുടെ 24% മാത്രം (വിവിധ വിളകളുടെ ഭൂവിസ്തൃതി കാണിക്കുന്ന ചാർട്ട് 4 കാണുക) കാപ്പി, കുരുമുളക്തെങ്ങ്, റബ്ബർ, കവുങ്ങ് എന്നിവയാണ് പ്രധാനകൃഷികൾ. വയലുകളിൽ 40 ഹെക്ടർ മാത്രമാണ് നെൽകൃഷിക്ക് ഉപയോഗിക്കപ്പെ

ടുന്നത്. നേന്ത്രവാഴ 140 ഹെക്ടറിലുംഇഞ്ചി 130 ഹെക്ടറിലും കവുങ്ങ് 65 ഹെക്ടറിലുമുള്ളതിൽ ബഹുഭൂരിഭാഗവും വയലുകളിലാണ് കൃഷിചെയ്തിട്ടുള്ളത്. (പട്ടിക 4 കാണുക) കൃഷിയോഗ്യമായ തരിശുഭൂമി പഞ്ചായത്തിൻെറ വിവിധപ്രദേശങ്ങളിലായി കിടക്കുന്നു. കാപ്പി, കുരുമുളക് കൃഷികൾക്ക് വിസ്തൃതി തുല്യമായി കാണുന്നുണ്ടെങ്കിലും കാപ്പിത്തോട്ടത്തിൽ ഇടവിളയായാണ് കുരുമുളക് കൃഷിയുള്ളത്. കുരുമുളക് തോട്ടമായി മാത്രം നിലകൊള്ളുന്ന ഭൂമി ഇതിൽ പകുതിയോളമേ വരൂ. തെങ്ങും കവുങ്ങും കൊക്കോയും മറ്റും ഇടവിളയായാണ് അധികഭാഗം കൃഷിയും. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 1/3 ഭാഗം പേർ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നു. (പട്ടിക 5 കാണുക).

മണ്ണൊലിപ്പ്മൂലം കൃഷിഭൂമിയുടെ വളക്കൂറ് വളരെ കുറഞ്ഞു പോയിരിക്കുന്നു. ഭൂപ്രകൃതിയുടെ സവിശേഷതയും കാലികവിളകളുടെ ആവർത്തിച്ചുള്ള കൃഷികളും മണ്ണുസംരക്ഷണ പദ്ധതികളുടെ അഭാവവുമാണിതിനു കാരണം.

തരിയോട് പഞ്ചായത്തിലെ വിവിധവാർഡുകളിലായി 8 പാടശേഖര സമിതികളുണ്ട്. ഇവയിൽ ചിലതു മാത്രമാണ് യഥാകാലം തെരഞ്ഞെടുപ്പുകൾനടത്തിജനാധിപത്യപരമായി പ്രവർത്തിക്കുന്നത്. സമിതികളിൽ 3 ട്രില്ലറുകളും പഞ്ചായത്തിലെ വിവിധ സമിതികൾക്കായി നൽകിയ 42 റോക്കർ സ്പ്രേയറുകളുമുണ്ട്. ട്രാക്റ്ററുകളൊന്നും കൃഷിഭവൻ മുഖേന നൽകിയിട്ടില്ല. എന്നാൽ സ്വകാര്യമേഖലയിൽ 8 ട്രാക്ടറുകളുണ്ട്. മെതി, കൊയ്ത്, തെങ്ങുകയറ്റയന്ത്രം നടീൽയന്ത്രം മുതലായവയില്ല. 8 വാർഡുകളിലും കുരുമുളക് കർഷക സമിതികളുണ്ട്. ഇവയിൽ 3 എണ്ണത്തിൽ മാത്രമാണ് തെരഞ്ഞെടുപ്പു യഥാസമയം നടന്നത്. കൃഷിപ്പണികൾക്ക് കാലികളെവളരെ അപൂർവ്വമായി മാത്രമാണുപയോഗിക്കുന്നത്.

പഞ്ചായത്തിൽ ഒരു കേരകർഷക സമിതിയുമുണ്ട്. ഈ സമിതി രജിസ്റ്റർ ചെയ്തതിന് ശേഷം മെമ്പർഷിപ്പുകൾ ചേർത്തി വരുന്നു. അഡ്ഹോക്ക് കമ്മിറ്റിയാണ് നിലവിലുള്ളത്. പുതിയ അംഗത്വത്തിൻെറയടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടന്നിട്ടില്ല.

മണ്ണുപരിശോധനയ്ക്ക് നിലവിൽ മാനന്തവാടിയിൽ മണ്ണുസംരക്ഷണവകുപ്പിൻെറ ഒരു പരിശോധനാ കേന്ദ്രമുണ്ട്. നിലവിൽ പഞ്ചായത്തിലെ മലഞ്ചരിവുകളിൽ 1/5 ഭാഗത്തുമാത്രമാണ് ഫലപ്രദമായ മണ്ണുസംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അപൂർവ്വം കാപ്പിതോട്ടങ്ങളിൽ കോണ്ടൂർ പിറ്റുകൾ നിർമ്മിക്കാറുണ്ട്. തോട്ടരികുകളിലും വയലരികുകളിലും മണ്ണുസംരക്ഷണപ്രവർത്തനങ്ങളെന്ന നിലയിൽ സർക്കാരും സ്വകാര്യവ്യക്തികളും നിർമ്മിച്ച കയ്യാലക്കെട്ടുകളുണ്ട് തോട്ടരികുകളിലുണ്ടായിരുന്ന ഈറ്റക്കാടുകൾ ഉണങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്നു.

കൃഷിഭവനിൽ ഇപ്പോൾ ഓഫീസറില്ല. ഒരു കൃഷി അസിസ്റ്റൻറ് മാത്രമാണുള്ളത്. കൃഷിഭവൻ ചെന്നലോട്ട് ഒരു വാടകകെട്ടിയത്തിൽ ആണ് പ്രവർത്തിക്കുന്നത്. ചെറിയ 3 മുറികളാണുള്ളത് പുതിയ കെട്ടിടം നിർമ്മിക്കാൻ നാട്ടുകാർ സംഭാവന നൽകിയ 10 സെൻറുസ്ഥലം ഇവിടെയുണ്ട്. കുരുമുളക്, തൈ, തെങ്ങിൻതൈ, ജാതി, മുതലായ നടീൽ വസ്തുക്കൾ ഇവിടെനിന്ന് വിതരണം ചെയ്യാറുണ്ട്. കൃഷിസമിതികൾ മുഖാന്തിരമാണ് ഇവ വിതരണം ചെയ്യുന്നത്. 8 പാടശേഖരസമിതികൾ ഇതിനു കീഴിൽ പ്രവർത്തിക്കുന്നു. ഇവയിൽ 2 എണ്ണത്തിന് ടില്ലറുകൾ സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. നെൽകൃഷിക്കാർക്ക് ഏക്കറിന് 200 രൂ.പ്രകാരം സബ്സിഡി നൽകുന്നുണ്ട്.

1993-ൽ 555 ടൺ രാസവളങ്ങളും 1994ൽ 796 ടണ്ണും 995ൽ 1701 ടണ്ണും രാസവളങ്ങൾ ഈ പഞ്ചായത്തിൽ വിറ്റഴിഞ്ഞു. വിവിധ കീടനാശിനികളുടെ വിപണനം സംബന്ധിച്ച കണക്കുകൾഅന്യത്ര ചേർത്തിട്ടുണ്ട്. രാസവളങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ലഭിച്ചിട്ടില്ല. ജൈവവളങ്ങളുടെ കണക്കും ലഭ്യമല്ല.

കാർഷിക വായ്പാ മെഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തരിയോട് സർവ്വീസ് സഹകരണ ബാങ്കും സൗത്ത് മലബാർ ഗ്രാമീണബാങ്കുമാണ്.

ഇവയുടെ വായ്പാവിതരണം സംബന്ധിച്ച വിശദമായ കണക്കുകൾ സഹകരണ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

ഈ പഞ്ചായത്തിലെ കർഷകർക്ക് തെങ്ങിൻ തൈ 2357 എണ്ണം കമുകിൻതൈ, 66886 എണ്ണംകാപ്പിതൈ 57736 എണ്ണം ഗ്രാമ്പൂ 4296 എണ്ണം ജാതി 3942 എണ്ണം എന്നീ തോതിൽ വേണമെന്ന് പ്രാഥമിക സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വാർഡടിസ്ഥാനത്തിൽ വേണ്ടതിന്റെ കണക്കുകൾ അന്യത്ര ചേർത്തിരിക്കുന്നു. (പട്ടിക 7 കാണുക)

ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ സർക്കാർ മേഖലയിലോ സഹകരണമേഖലയിലോ നഴ്സറികളില്ല. കർഷകരുടെ ഉൽപ്പന്നങ്ങൾ വാങ്ങി വിറ്റഴിക്കാൻ വൈത്തിരിതാലൂക്ക് പട്ടികജാതി അഗ്രികൾച്ചർമാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ശാഖ ഡിപ്പോ മാത്രം പ്രവർത്തിക്കുന്നു. (സഹകരണ റിപ്പോർട്ടു കാണുക ഈ പഞ്ചായത്തിൽ ഈ മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ല.

കർഷകതൊഴിലാളികളുടെ കൂലിനിരക്ക് പുരുഷൻമാർക്ക് 75 രൂപയും സ്ത്രീകൾക്ക് 45 രൂപയുമാണ്. അർഹതയുള്ള പലർക്കും പെൻഷൻ ലഭിക്കുന്നില്ല (സാമൂഹ്യക്ഷേമറിപ്പോർട്ട് കാണുക).

കർഷകക്ലബ്ബുകൾ നിലവിലില്ല. കർഷക പ്രസിദ്ധീകരണങ്ങൾ വാങ്ങിവായിക്കുന്നവർ അപൂർവ്വമാണ്. കർഷക സെമിനാർ, ക്ലാസ്സുകൾ മുതലായവ നടക്കാറില്ല.

സ്ക [illegible]ളിൽ പച്ചക്കറിത്തോട്ടങ്ങൾ നിലവിലില്ല. പൂന്തോട്ടങ്ങൾ 3 സ്കൂളുകളിലുണ്ട്. ഒരു സ്കൂളിന് 24 സെൻറും സ്ഥലം മാത്രമാണുള്ളത്.

കമ്പോസ്റ്റ് നിർമ്മിക്കുന്ന വീടുകൾ അപൂർവ്വമാണ്. ജൈവവള സാധ്യതയെക്കുറിച്ച് മൃഗസംരക്ഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പല വീടുകളിലും ഉദ്യാനങ്ങളുണ്ടെങ്കിലും വ്യാപാരാടിസ്ഥാനത്തിൽ പൂക്കൾ ഉൽപ്പാദിപ്പിക്കുന്നില്ല. പൂക്കൾ വിൽക്കുന്ന കടകൾ ഈ പഞ്ചായത്തിലില്ല.

ഔഷധകൃഷി തോട്ടങ്ങൾ ഇല്ല. എന്നാൽ ഇവിടുത്തെ വനങ്ങളിലും പറമ്പുകളിലും ഒട്ടേറെ അപൂർവ്വമായ ഔഷധസസ്യങ്ങൾ വളരുന്നുണ്ട്. മൂന്ന് ആയുർവ്വേദ മരുന്നുകടകളും ഒരുഅങ്ങാടി മരുന്നു വിൽപ്പനശാലയുമുണ്ട്.

2/3 ഭാഗം കവുങ്ങിൻ തോട്ടങ്ങളിൽ മഹാളിക്കെതിരേ തോട്ടമുടമകളോ പാട്ടമെടുത്തവരോ മരുന്നടിക്കാറുണ്ട്. തെങ്ങിന് മരുന്നടിക്കുന്നത് അപൂർവ്വം ചില തോട്ടങ്ങളിൽ മാത്രമാണ്.

പച്ചക്കറി വ്യാപാരാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിൽക്കുന്നവർ അപൂർവ്വമാണ്. ഇവിടെയുള്ള 4 പച്ചക്കറികടകളിലേക്ക് പുറമേ നിന്നാണ് പച്ചക്കറികൾ കൊണ്ടുവരുന്നത്. ആഴ്ചയിൽ സുമാർ 1½ ടൺ വീതം പച്ചക്കറി ഇവിടെ ചെലവാകുന്നുണ്ട്.

തരിയോട് സർവ്വീസ് ബാങ്കിൽ മാത്രമാണ് ഉല്പന്നങ്ങളുടെ ഈടിന്മേൽ വായ്പ നൽകുന്നത്. (സഹകരണ റിപ്പോർട്ട് കാണുക. വിളകളുടെ ഉറപ്പിൻമേൽ ബാങ്ക് വായ്പ ലഭ്യമല്ല.

## *പ്രശ്നങ്ങൾ*

പഞ്ചായത്തിലെ മണ്ണിന്റെ ഘടനയെക്കുറിച്ചോ ജലസ്ത്രോതസുകളെക്കുറിച്ചോ കർഷകർക്ക് വേണ്ടത്ര ജ്ഞാനമില്ല. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കർഷകർ വയലുകളിൽ വാഴ, ഇഞ്ചി, കവുങ്ങ്, മുതലായ നാണ്യവിളകൾ കൃഷിചെയ്യാൻ ആരംഭിക്കുകയും നെൽകൃഷി ഉപേക്ഷിക്കുകയും ചെയ്തു. പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന വിത്തിനങ്ങൾ നാമാവശേഷമാവുകയും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. രോഗപ്രതിരോധ ശേഷികുറവായ ഈ നെല്ലിനങ്ങൾക്ക് വൻതോതിൽരോഗം ബാധിച്ചു. കാർഷിക മേഖലയിൽ യന്ത്രങ്ങളുപയോഗിക്കാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഇ[illegible]ടെ ഉണ്ടായിരുന്നില്ല. കർഷകത്തൊഴിലാളികൾ കാർഷികേതര മേഖലകളിലേക്ക് ചേക്കേറിയതുമൂലം തൊഴിലാളികളുടെ അഭാവമുണ്ടായി. കർഷകുടുംബങ്ങളിലെ യുവതലമുറ ഭൂരിഭാഗവും കാർഷികവൃത്തിയോട് താല്പര്യമില്ലാത്തവരും വെള്ളക്കോളർ ജോലിക്കുവേണ്ടി നെട്ടോട്ടമോടുന്നവരുമായി മാറി. അസംഘടിതരായ കർഷകർക്ക് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളുംപോലും നേടിയെടുക്കാൻ കഴിയാറില്ല. കർഷകതൊഴിലാളികളുടെ കൂലി വർദ്ധനവിനും വർദ്ധിച്ചുവരുന്ന കാർഷികച്ചെലവിനും അനുസൃതമായി കാർഷികോത്

പന്നങ്ങൾക്ക് വിലകിട്ടാറില്ല. കാർഷികോത്പന്നങ്ങളുടെ വിലയിൽ പെട്ടന്നുണ്ടാവുന്ന ഇടിച്ചിൽ പലപ്പോഴും കർഷകനെ വമ്പിച്ച നഷ്ടത്തിൽ എത്തിക്കുകയും ഇതുമൂലം സാമ്പത്തിക തകർച്ച നേരിടുകയും ചെയ്യേണ്ടി വരുന്നു കൂടാതെ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ കൃഷിനാശവും കർഷകരുടെ സാമ്പത്തിക തകർച്ചയ്ക്ക്ആക്കം കൂട്ടുന്നു.

വരൾച്ചമൂലം പല വർഷങ്ങളിലും കാപ്പി യഥാസമയം പൂക്കാതിരിക്കുകയും വിളവ് കുത്തനെ ഇടിയുകയും ചെയ്യാറുണ്ട്. കാപ്പിയുടെ കുത്തക സംഭരണവും വിൽപ്പനയും നടത്തിയിരുന്ന കോഫി ബോർഡ് കർഷകർക്ക് ഒരിക്കലും ന്യായവില നൽകിയിരുന്നില്ല. കാപ്പികർഷകർഷകരെചൂഷണം ചെയ്ത് കൊണ്ട് മാത്രം നിലനിന്നിരുന്ന കോഫി ബോർഡ് കാപ്പികൃഷിയുടെ അഭിവൃദ്ധിക്ക് വേണ്ടി കർഷകർക്ക് യാതൊരുവിധ സഹായവും ചെയ്തിരുന്നില്ല. ഇന്ത്യാഗവൺമെൻറാകട്ടെ കാപ്പിയുടെ മേൽ വൻതോതിൽ എക്സൈസ് നികുതി ചുമത്തുകയും ചെയ്തു. കാപ്പികൃഷി ലാഭകരമല്ലെന്ന് കണ്ട് കൃഷി നശിപ്പിച്ച് മറ്റു കൃഷികളിലേക്ക് തിരിയാൻ പല കർഷകരേയും ഇത് പ്രേരിപ്പിച്ചു. കോഫിബോർഡ് സമീപകാലത്ത് കുത്തക സംഭരണത്തിൽനിന്ന് പിൻമാറിയപ്പോൾ കാപ്പിയുട വില 125 രൂപ വരെ വർദ്ധിക്കുകയും ചെയ്തു. കാപ്പി കർഷകർക്ക് പെട്ടെന്നൊരു നവോന്മേഷം ഉളവായി. എന്നാൽ ഈ രംഗത്ത് കുത്തക കൈയ്യടക്കിയ വ്യാപാരികളുടെ ചൂഷണത്തിന് കർഷകർ വിധേയരാവുകയും കാപ്പിയുടെ വില50 രൂപയോളമായി കുറയുകയും ചെയ്തു. കാപ്പിശേഖരിക്കാൻ സർക്കാർ - സഹകരണ ഏജൻസികളൊന്നും നിലവിലില്ല.

തെങ്ങ് കൃഷിയ്ക്ക് വ്യാപകമായി ബാധിച്ചിട്ടുള്ള കുമ്പ് ചീയൽ ഈ രംഗത്ത് കർഷകർക്ക് ഭീഷണിയാണ്. തെങ്ങ് കർഷകർക്ക് മറ്റ് ജില്ലകൾ നൽകുന്ന ആനുകൂല്യങ്ങൾ ഇവിടെ ലഭിക്കാറില്ല. കേടു ബാധിച്ച തെങ്ങുകൾ നശിപ്പിച്ച് പുതിയ തൈകൾ വയ്ക്കാനുള്ള പദ്ധതി ഇവിടെ ബാധകമാക്കിയിട്ടില്ല. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ യഥാസമയം ആവശ്യത്തിന് ലഭിക്കാറില്ല.

കുരുമുളക് കൃഷി ദ്രുതവാട്ടം മൂലം വ്യാപകമായി നശിച്ചുകൊണ്ടിരിക്കുന്നു. ഇതുമൂലം ഈ പഞ്ചായത്തിൻെറ കുത്തകയായിരുന്ന എക്സ്ട്രാ ബോൾട്ട് കുരുമുളക് ഇനങ്ങളായ കരിങ്കോട്ട, തണ്ടിയോടൻ, വാലൻകോട്ട മുതലായവ നാശോൻമുഖമായി. കർഷകർ പരീക്ഷിച്ചുവന്ന പന്നിയൂർ മുതലായ പുതിയയിനങ്ങൾ വളരെ പെട്ടെന്നുതന്നെ രോഗബാധയ്ക്ക് കീഴടങ്ങി.

സമീപകാലത്ത് അടയ്ക്കയ്ക്കുണ്ടായ വില വർദ്ധനവ് ഒട്ടേറെ കർഷകരെ കവുങ്ങ് കൃഷിയിലേയ്ക്കാകർഷിച്ചു. തോട്ടങ്ങളിൽ ഇടവിളയായും വയലുകളിലും കവുങ്ങ് കൃഷി ആരംഭിച്ചു. എന്നാൽ ഈ കൃഷിയെ ബാധിച്ചിട്ടുള്ള 'മഹാളിരോഗം' വൻതോതിൽ വിളവ് കുറയ്ക്കുകയും കൃഷി ആദായകരമല്ലാതാക്കുകയും ചെയ്തു. അത്യുൽപ്പാദനശേഷിയുള്ളതൈകൾ ആവശ്യാനുസരണം കിട്ടാറില്ല.

റബ്ബറിന് പട്ടചീയൽ, പട്ടമരവിപ്പ് മുതലായ രോഗങ്ങൾ കണ്ടുവരുന്നു. കൂടാതെ വയനാട്ടിലെ കാലവർഷത്തോടനുബന്ധിച്ചുണ്ടാവുന്ന ശക്തമായ കാറ്റിൽപ്പെട്ട് റബ്ബർമരങ്ങൾ ഒടിഞ്ഞു വീഴാറുണ്ട്. ഇങ്ങനെയുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കാൻ സംവിധാനമില്ല. നല്ലയിനം തൈകൾ ആവശ്യത്തിന് ലഭിക്കാറില്ല. നാടൻ തൈകളിൽ ബഡ്ഡിംഗ് പോലെയുള്ള ആധുനിക സാങ്കേതിക രീതികളിൽ കർഷകർക്ക് വേണ്ടത്ര പരിജ്ഞാനമില്ല. രോഗപ്രതിരോധത്തെക്കുറിച്ചും പുത്തൻ സാങ്കേതിക വിദ്യകളെക്കുറിച്ചും കർഷകർക്ക് ബോധവൽക്കരണം നടത്താൻ സംവിധാനങ്ങളൊന്നുമില്ല. റബ്ബർ ന്യായവിലക്ക് വാങ്ങി വിൽപ്പന നടത്താനുള്ള ഏജൻസികളൊന്നും ഇവിടില്ല.

വാഴകൃഷിക്ക് നേരിടുന്ന ഏറ്റവും വലിയ ഭീഷണി കാലവർഷത്തോടനുബന്ധിച്ചുണ്ടാകുന്ന ശക്തമായ കാറ്റാണ്. ഓരോ വർഷവും കൃഷിയുടെ 50% വരെ കാറ്റുമൂലം നശിക്കുന്നു. നിലവിലുള്ള ഇൻഷൂറൻസ് പദ്ധതിയെക്കുറിച്ച് വേണ്ടത്ര പ്രചാരണമില്ലാത്തതിനാൽ കർഷകർപലരും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയിൽ പെടാത്തവർക്ക് സർക്കാർ നൽകി വരുന്ന നഷ്ടപരിഹാരം അപര്യാപ്തമാണ്. വാഴയ്ക്ക് തണ്ടുതുരപ്പൻ വണ്ടാക്രമണവും നിമാവിര, കുമ്പടപ്പ് ഇല മഞ്ഞളിപ്പ്, പൊട്ടുകുല മുത

ലായ രോഗങ്ങൾ സമീപകാലത്ത് വ്യാപക മായിട്ടുണ്ട്. ഇഞ്ചി, മഞ്ഞൾ മുതലായ കൃഷികൾക്കും മൂടുചീയൽ, മഹാളി എന്നീ രോഗങ്ങൾ ബാധിച്ച് വൻ തോതിൽ കൃഷിനാശം ഉണ്ടായി. വ്യാപകമായി ഇഞ്ചികൃഷി നടത്തിയിരുന്ന കർഷകർ മറ്റ് പല പ്രദേശങ്ങളിലേക്കും ഇഞ്ചികൃഷിക്കുവേണ്ടി ചേക്കേറിയപ്പോൾ ഇവിടെ കൃഷി നാമമാത്രമായി. ലോകപ്രശസ്തമായ വയനാടൻ മഞ്ഞൾ നാമാവശേഷമായി കൊണ്ടിരിക്കുകയാണ്.

പച്ചക്കറികൃഷിയെക്കുറിച്ച് വേണ്ടത്ര അവബോധമില്ലായ്മയും ഇതിന് വേണ്ടിവരുന്ന അദ്ധ്വാനവും കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നില്ല.

വിവിധ കൃഷികൾക്ക് വ്യാപകമായി ബാധിച്ചുകൊണ്ടിരിക്കുന്ന വിവിധ രോഗങ്ങൾക്ക് പ്രതിരോധ മരുന്നുകൾ പലതും നിർദ്ദേശിക്കപ്പെടാറുണ്ടെങ്കിലും അവയൊന്നും ഫലപ്രദമല്ലാത്തതിനാൽ കൃഷിനാശം തടയാൻ കഴിയുന്നില്ല. ഈരംഗത്ത് കാര്യമായ ഗവേഷണപരീക്ഷണങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല.

ജൈവവളങ്ങൾ വേണ്ടത്ര ഉപയോഗിക്കാതെ രാസവളങ്ങൾ അശാസ്ത്രീയമായി വൻതോതിൽ ഉപയോഗിക്കുന്നതുമൂലം മണ്ണിന്റെ ഘടനയിൽ ദോഷകരമായി മാറ്റങ്ങൾ സംജാതമാവുകയും മണ്ണിന്റെ ഉല്പാദനശേഷി ക്രമേണ കുറയുകയും ചെയ്തുവരുന്നു. കീടനാശിനികളുടെ കണ്ണടച്ചുള്ള പ്രയോഗം മൂലം ഒട്ടനവധി ചെറുജീവി വംശങ്ങൾക്ക് വൻതോതിൽ നാശം സംഭവിക്കുകയും ഇതിന്റെ ഫലമായി കൃഷികൾക്ക് നാശമുണ്ടാക്കുന്ന കീടങ്ങളുടെ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. മണ്ണിരതൊട്ടുള്ള ജീവികളുടെ നാശം മണ്ണിലെ ജൈവ പ്രക്രിയയ്ക്ക് തടസ്സം സൃഷ്ടിക്കുകയും മണ്ണിന്റെ ഫലപുഷ്ടി കുറയാൻ ഇടയാക്കുകയും ചെയ്തു.

മണ്ണൊലിപ്പ് തടയാൻ മണ്ണ് സംരക്ഷണ വിഭാഗം നടപ്പിലാക്കിയ പദ്ധതികളുടെ ഗുണം ന്യൂനപക്ഷം കർഷകർക്ക് മാത്രമേ ലഭ്യമായുള്ളൂ. കുന്നിൻ ചെരുവുകളിലും കാലികവിളകൾ കൂടെക്കൂടെ കൃഷിചെയ്യുന്ന ഭൂമികളിലും വൻതോതിലുള്ള മണ്ണൊലിപ്പ് മണ്ണിന്റെ ഫലപുഷ്ടി കാര്യമായി നഷ്ടപ്പെടുത്തിയിട്ടുണ്ട്. മണ്ണ് പരിശോധനാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ മണ്ണിന്റെ ഘടന അനുസരിച്ചുള്ള ശാസ്ത്രീയമായ വളപ്രയോഗവും മണ്ണ് സംരക്ഷണവും നടക്കുന്നില്ല.

കാർഷികമേഖലയിൽ വായ്പനല്കുന്ന ഷെഡ്യൂൾഡ് ബാങ്കുകളും സഹകരണബാങ്കുകളും കൃഷിക്കാരന്റെ ആവശ്യങ്ങൾക്കനുസരിച്ച് വായ്പ നൽകാൻ വിമുഖത കാട്ടുന്നു. ബാങ്കിംഗ്രംഗത്തെ കടുത്ത മത്സരം മൂലം വർദ്ധിച്ചുവരുന്ന പലിശനിരക്കുകൾ നിക്ഷേപങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുന്നുണ്ട് എങ്കിലും നിക്ഷേപ വർദ്ധനയ്ക്കനുസരിച്ച് കാർഷിക വായ്പകൾ നൽകുന്നില്ല. ഇതു മൂലം കർഷകർ ബ്ലെയ്ഡു പലിശയ്ക്ക് കടംവാങ്ങി കാർഷിക പ്രവൃത്തികൾ നടത്തേണ്ടി വരുന്നു.

കൃഷിഭവന്റെ സേവനമാകട്ടെ കർഷകരെ ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് നിർദ്ദേശങ്ങൾ നല്കി കാർഷിക മേഖലയെ സമ്പുഷ്ടമാക്കാൻ പര്യാപ്തമാവുന്നില്ല. സ്ഥിരമായി കൃഷി ഓഫീസർ ഉണ്ടാവാറില്ല. ആവശ്യത്തിന് ജീവനക്കാരുമില്ല. കൃഷി സമിതികൾ ജനാധിപത്യപരമായി പ്രവർത്തിക്കാറില്ല. ഈ സമിതികളുടെ പ്രവർത്തതനങ്ങളിൽ വേണ്ടത്ര ജനകീയ പങ്കാളിത്തമുണ്ടാകാത്തതിനാൽ പ്രവർത്തന നേതൃത്വം സ്ഥിരമായി ചിലരിൽ നിക്ഷിപ്തമാവുകയും സ്വജനപക്ഷപാതവും അഴിമതിയും നിത്യസംഭവമായി മാറുകയും ചെയ്യുന്നു. ഇതുമൂലം കൃഷിഭവൻ മുഖാന്തരം നല്കുന്ന ആനുകൂല്യങ്ങൾ ന്യായമായി വിതരണം ചെയ്യപ്പെടുന്നില്ല. കൃഷിഭവന് സ്ഥലം ഉണ്ടായിട്ടും കെട്ടിടമുണ്ടാക്കിയിട്ടില്ല. ഓഫീസ് സൗകര്യങ്ങൾ പരിമിതമാണ്. മണ്ണ് പരിശോധയ്ക്കുള്ള സൗകര്യമില്ല. കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ പക്ഷപാതരഹിതരായും അഴിമതിരഹിതരായും പ്രവർത്തിക്കാത്തതുമൂലം പലപ്പോഴും അനുകൂല്യങ്ങളുടെ വിതരണത്തിൽ പരാതികൾ ഉടലെടുക്കുന്നു. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന സാമഗ്രികളും നടീൽ വസ്തുക്കളും ഗുണനിലവാരം കുറഞ്ഞവയാണ്. കൃഷിവിജ്ഞാനം വർദ്ധിപ്പിക്കാനുള്ള സൗകര്യങ്ങളൊന്നും തന്നെ കൃഷിഭവനിൽഇല്ല. പാടശേഖര സമിതികൾ കൃഷിയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കൃഷി ഭവനിൽ നിന്ന് കർഷകരുടെ ഉപയോ

ഗത്തിന് ലഭിക്കാൻ സംവിധാനമില്ല. നല്ല തൈകളും നടീൽ വസ്തുക്കളും വിത്തുകളും ഉല്പാദിപ്പിക്കുന്ന നേഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ എന്നിവയൊന്നും ഈ പഞ്ചായത്തിലില്ല. ഇടവിളയായി സുഗന്ധദ്രവ്യ ചെടികളുടെ കൃഷി നടത്തുന്നതിന് കർഷകർ താല്പര്യമെടുക്കുന്നില്ല. പൂച്ചെടികളുടെയും, അലങ്കാരച്ചെടികളുടെയും കൃഷി ഇവിടുത്തെ കർഷകർക്ക് അന്യമാണ്.

കർഷകരുടെ അടിയന്തിര സാമ്പത്തിക ആവശ്യങ്ങൾക്ക് കാർഷിക വിളവുകളുടെ ഈടിന്മേൽ വായ്പ ലഭിക്കാനുള്ള സംവിധാനങ്ങളില്ല. ഇതുമൂലം വിളവ് പാകമാവുന്നതിന് മുൻപ് തന്നെ നാടൻ പണമിടപാടുകാർക്ക് കുഞ്ഞവിലയ്ക്ക് പാട്ടത്തിനു നൽകി നഷ്ടം നേരിടേണ്ടിവരുന്നു. കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിച്ചുവെക്കാനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പലപ്പോഴും ഉൽപന്നങ്ങൾ ഗുണനിലവാരം കുറഞ്ഞ് നഷ്ടത്തിൽ വിൽക്കേണ്ടിവരുന്നു. കാർഷികോല്പന്നങ്ങളുടെ ഈടിന്മേൽ വായ്പകൾ ലഭിക്കാനുള്ള സംവിധാനങ്ങളും കുറവായതുമൂലം ഉൽപ്പന്നങ്ങൾക്ക് വിലക്കുറവനുഭവപ്പെടുമ്പോൾ പോലും ന്യായവില കിട്ടാനുള്ള സാധ്യത പ്രതീക്ഷിച്ചു നിൽക്കാൻ കഴിയാതെ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടി അവ നഷ്ടത്തിൽ വിറ്റഴിക്കേണ്ടിവരുന്നു.

വയലുകളിൽ 'ഒരുപ്പു'കൃഷി മാത്രം ചെയ്യുന്നിടങ്ങളിൽ ഇടക്കാല വിളകൾ ചെയ്യുന്നതിന് കർഷകർ തയ്യാറാവുന്നില്ല.

കൃഷിക്ക് ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. നമ്മുടെ ജലസമ്പത്തിൻെറ ബഹുഭൂരിഭാഗവും ഉപയോഗപ്പെടുത്താൻ കഴിയാതെ പാഴായിപോവുകയാണ്. കാലാവസ്ഥയെ ആശ്രയിച്ചുമാത്രമാണ് കൃഷി നടക്കുന്നത്. വനഭൂമികളിൽ നിന്ന് ആനയും,പന്നിയും അടക്കമുള്ള വന്യമൃഗങ്ങൾ ഇടയ്ക്കിടെ കൃഷിയിടങ്ങൾ നശിപ്പിക്കുന്നു. എലിശല്യം, കീടശല്യം എന്നിവയ്ക്കെതിരെ ബോധപൂർവ്വവും വ്യാപകവുമായ പ്രതിരോധ നടപടികൾ നടക്കുന്നില്ല. വളർത്തുമൃഗങ്ങളുടെ ശല്യവും ചില പ്രദേശങ്ങളിൽ നേരിടാറുണ്ട്. കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങി വിറ്റഴിക്കാൻ ആവശ്യമായ വിപണന സംഘങ്ങൾഈ പഞ്ചായത്തിലില്ല. ജൈവ വളങ്ങളുടെ ഉപയോഗത്തെക്കുറിച്ച് വേണ്ടത്ര വിജ്ഞാനം കർഷകർക്കില്ല. കാർഷിക വൃത്തിയോടുള്ള യുവതലമുറയുടെ മനോഭാവം മാറ്റിയെടുക്കാൻ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

കർഷകത്തൊഴിലാളികൾക്ക് ഏകീകൃതമായ കൂലിയല്ല ഈ പഞ്ചായത്തിലുള്ളത്. ഇവർക്ക് പലതരം പ്രലോഭനങ്ങളും അമിതമായ കൂലിയും നൽകി ചില കർഷകർ തങ്ങളുടെ ജോലികൾ അടിയന്തിരമായി തീർക്കുവാൻ ശ്രമിക്കുന്നതിനാൽ ഈ രംഗത്ത് പ്രശ്നങ്ങൾ ഉടലെടുക്കുന്നു. കൃഷിക്കാർക്ക് തങ്ങളുടെ തൊഴിൽ ഒരു മാന്യമായ പ്രവൃത്തിയാണെന്ന് ബോധ്യം വരത്തുന്നതിന് നിലവിലുള്ള പ്രോത്സാഹന പരിപാടികൾ അപര്യാപ്തമാണ്. കർഷകരുടെ വിജ്ഞാനവും വിനോദവും ലക്ഷ്യമാക്കുന്ന പ്രസ്ഥാനങ്ങൾ ഒന്നുമിവിടില്ല. വളങ്ങളുടെയും കീടനാശിനികളുടേയും ക്രമാതീതമായ വിലവർധന കൃഷി ലാഭകരമല്ലാതാക്കുന്നു. അംഗീകൃതമല്ലാത്ത കമ്പനികളുടെ വളങ്ങളും കീടനാശിനികളും കൃഷികൾക്ക് ഗുണത്തേക്കാളേറെദോഷം ചെയ്യുന്നു. ഇവ നിയന്ത്രിക്കാനുള്ള സംവിധാനമില്ല. ജൈവവളം ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ ഇപ്പോൾ നിലവിൽ ഇല്ല. ഭൂവിനിയോഗനിയമങ്ങൾ കർശനമായി നടപ്പാക്കപ്പെടുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

മലഞ്ചെരവുകളിൽ മണ്ണൊലിപ്പ് തടയുന്നതിന്ന് മൺകയ്യാലകളും കല്ലുകയ്യാലകളും വ്യാപകമായി നിർമ്മിക്കാൻ കർഷകർക്ക് പ്രചോദനം നൽകണം. അതിനുവേണ്ടി മണ്ണുസംരക്ഷണ പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുകയും മണ്ണുസംരക്ഷണ യൂണിറ്റ് ഇവിടെ ആരംഭിക്കുകയും വേണം. കയ്യാലകൾ നിർമ്മിക്കുന്നതിന് മൺകയ്യാലയ്ക്ക് 50% ഉം കല്ലുകയ്യാലയ്ക്ക് 75% ഉം ചെലവ് സബ്സിഡിയായി ഗവൺമെൻറ് നല്കണം. കയ്യാലകളിൽ തീറ്റപ്പുൽകൃഷി, കൈതച്ചക്ക കൃഷി മുതലായവ പ്രോത്സാഹിപ്പിക്കണം. വാട്ടർഷെഡ് പദ്ധതിയിൽ ഈ പഞ്ചായത്തിനെ പെടുത്തി മണ്ണുസംരക്ഷണ പരിപാടികൾ പൂർണ്ണമായി നടപ്പാക്കാൻ സർക്കാർ നടപടിയെടുക്കണം. കൃഷിഭവനോടനു

ബന്ധിച്ച് ഒരു മണ്ണു പരിശോധനാലാബറട്ടറിയും ഒരു മൊബൈൽ യൂണിറ്റും ആരംഭിക്കണം. ഇതിനാവശ്യമായ ഉപകരണങ്ങളും വാഹനവും സർക്കാർ നൽകണം.

നെൽകൃഷിക്ക് ഏക്കറൊന്നിന് 2000 രൂപ എങ്കിലും സബ്സിഡിയായി നൽകാൻ ഗവൺമെൻറ് തീരുമാനമുണ്ടാകണം. എല്ലാപാടശേഖര സമിതികൾക്കും 100% സബ്സിഡിയോടുകൂടി പവ്വർടില്ലർ നൽകണം. സ്പ്രയറുകൾ ഇപ്പോൾ ഇല്ലാത്ത സമിതികൾക്ക് നൽകണം. മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവ കൃഷിഭവനിൽ നിന്ന് വാടകയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കർഷകരുടെ ഉൽപ്പന്നങ്ങൾ കൃഷിസ്ഥലങ്ങളിൽ നിന്ന് സ്റ്റോറിലേക്കും മാർക്കറ്റിലേക്കും മറ്റും കൊണ്ടുപോകാൻ കുറഞ്ഞ വാടകയ്ക്ക് ലഭ്യമാകും വിധം ഒരു ടാക്ടർ ട്രെയ്ലറോടുകൂടി കൃഷിഭവനിൽ ഉണ്ടാവണം. കൃഷിഭവൻ മുഖാന്തിരം സബ്സിഡി നിരക്കിൽ സഹകരണ ബാങ്കിനെകൊണ്ട് വിലയ്ക്കുവാങ്ങിപ്പിച്ച് അവരുടെ അധീനതയിൽ ഉപയോഗപ്പെടുത്തുകയുമാവാം. വയനാട്ടിലെ പഴയ വിത്തിനങ്ങൾ കണ്ടെത്തി അവയുടെ വിളവ് വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണ പരീക്ഷണങ്ങൾ വയനാട്ടിൽ തന്നെ ആരംഭിക്കണം.

കാപ്പികൃഷിക്ക് നനയ്ക്കുന്നതിനാവശ്യമായ സ്പ്രിംഗ്ലർ സെറ്റുകൾ ഏറ്റവും ചുരുങ്ങിയത് നാല് എണ്ണമെങ്കിലും കൃഷിഭവനിൽ നിന്ന് വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ കഴിയണം. ഇതിനായി ദേശസാത്കൃത ബാങ്കുകളുടെയോ സഹകരണ ബാങ്കുകളുടെയോ വായ്പസംഘടിപ്പിക്കണം. ഗ്രാമപഞ്ചായത്തിൻെറ ജാമ്യത്തിന്മേൽ ബാങ്കുകൾ വായ്പ നൽകാനുള്ള ചട്ടങ്ങൾ ഗവൺമെൻറ് രൂപീകരിക്കണം. എല്ലാവാർഡുകളിലും കാപ്പിക്കർഷക സമിതികൾ രൂപീകരിക്കാൻ ഗവൺമെൻറ് തീരുമാനമുണ്ടാകണം തെങ്ങ്, കുരുമുളക് കൃഷി സമിതികൾക്ക് കൃഷിഭവൻ മുഖാന്തിരം അംഗീകാരം നൽകി ആ കൃഷികൾക്ക് സമിതികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ കാപ്പികർഷക സമിതികൾ മുഖാന്തിരം കാപ്പികർഷകർക്കും നൽകണം. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന കൃഷിസമിതികൾക്ക് ഒരു വാർഡിൽ ഒരു സ്പ്രിംഗ്ലർ സെറ്റു പമ്പ് മോട്ടോർ എന്നിവ 75% സബ്സിഡിയോടുകൂടി കൃഷിഭവൻ മുഖാന്തിരം നൽകണം. ബാക്കിവരുന്ന 25% വില മേൽപ്പറഞ്ഞ സമിതികൾ അംഗങ്ങളിൽ നിന്ന് മൂലധനമായി സ്വരൂപിക്കണം സ്പ്രിംഗ്ലർ സെറ്റിൻെറ നടത്തിപ്പ് ചെലവ് സമിതി വഹിക്കണം.

കാപ്പിക്ക് വിലയിടിവുണ്ടാകുന്നത് തടയാൻ കോഫിബോർഡ് മാർക്കറ്റിൽ ഫലപ്രദമായി ഇടപെട്ട് കാപ്പി സംഭരിക്കാൻ തീരുമാനമുണ്ടാകണം. കാപ്പിക്ക് തറവിലയായി 100 രൂപ എങ്കിലും കേന്ദ്രഗവൺമെൻറ് നിശ്ചയിക്കണം. കുരുമുളകിൻെറ ദ്രുതവാട്ടം തടയാൻ അടിയന്തിരമായ നടപടികൾ ഉണ്ടാവണം. ഇതിനുള്ള പ്രതിരോധ നടപടികളെകുറിച്ച് ഇന്ത്യയിലെ വിദഗ്ധരായ കൃഷിശാസ്ത്രജ്ഞന്മാരുടെ സഹായത്തോടുകൂടി കാർഷിക സർവ്വകലാശാല പഠനഗവേഷണം നടത്തണം. തരിയോട് ആദ്യകാലങ്ങളിലുണ്ടായിരുന്ന കുരുമുളക് ചെടികൾ പുനരുജ്ജീവിപ്പിച്ച് വ്യാപകമായി കൃഷിചെയ്യാൻ കൃഷിഭവൻ മുഖേന നടപടികളുണ്ടാവണം. നിലവിലുള്ള രോഗ പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ച് ('ട്രൈക്കോഡർമ്മ ബാക്ടീരിയ' പ്രയോഗം തുടങ്ങിയവ) എല്ലാ കർഷകർക്കും ബോധവത്ക്കരണം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കുരുമുളക് ചെടികളുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ പഞ്ചായത്തിൽ വിവിധസ്ഥലങ്ങളിൽ ആരംഭിക്കണം.

തെങ്ങുകർഷകർക്ക് യഥാസമയം നല്ലയിനം തെങ്ങിൻ തൈകൾ ലഭ്യമാക്കാൻ കഴിയണം. കേടുവന്ന തെങ്ങുകൾ നശിപ്പിച്ച്പുതിയ തൈകൾ വയ്ക്കുന്നതിന് സംസ്ഥാനത്തിൻെറ മറ്റ് ഭാഗങ്ങളിൽ നൽകിവരുന്ന സഹായം ഈ പഞ്ചായത്തിനും നൽകണം. ഇടവിളയായി കാപ്പിതോട്ടത്തിലും മറ്റും കൃഷിചെയ്തിട്ടുള്ള 25-ൽ കൂടുതലുള്ള തെങ്ങുകളുള്ള പ്ലോട്ടുകളെ തെങ്ങിൻതോട്ടമായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകണം. തെക്കൻ ജില്ലകളിൽ നടപ്പിലാക്കിയ തെങ്ങുകൃഷിക്കുള്ള രാസവള സബ്സിഡി ഈ പഞ്ചായത്തിലും നടപ്പാക്കണം. തെങ്ങ് കൃഷിയ്ക്ക് ഇപ്പോൾ നൽകിവരുന്ന വ്യക്തിഗതത സബ്സിഡി തുക 2500 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിക്കണം.ഗ്രൂപ്പ് ഫമിങ്ങിന് ജലസേചനത്തിന് നൽകുന്ന സാമ്പത്തിക സഹായം മുഴുവൻ സൗജന്യമായി നൽകേണ്ടതാണ്.

റബ്ബർ കൃഷിക്കാർക്ക് തോട്ടത്തിൻെറ പരിധികണക്കിലെടുക്കാതെ റബ്ബർ ബോർഡിൽ നിന്നുള്ള സഹായങ്ങൾ നൽകേണ്ടതാണ്. റബ്ബർ മരങ്ങൾക്ക് കൂടുതൽ പോഷണം ലഭിക്കാൻ തക്കവിധം ഇടവിളയായി പയർവർഗ്ഗങ്ങളോ, പൈനാപ്പിൾ, ഇഞ്ചി, വാഴ മുതലായവയോ ഇടവിളയായി പ്രോത്സാഹിപ്പിക്കണം. റബ്ബർ കൃഷിയുടെ സംരക്ഷണത്തിനാവശ്യമായ കീടനാശിനികൾ തരിശ്, കുമ്മായം, രാസവളങ്ങൾ മുതലായവ കൃഷിഭവൻ മുഖാന്തിരം സബ്സിഡിയായി ലഭിക്കാൻ സംവിധാനമുണ്ടാക്കണം. വാഴക്കൃഷി പൂർണ്ണമായി ഇൻഷൂർ ചെയ്യാൻ പഞ്ചായത്ത് വാർഡ് വികസന സമിതികളും കൃഷിഭവനും സംയുക്തമായി പരിപാടി ആവിഷ്ക്കരിക്കണം. രോഗങ്ങൾ മൂലം നശിക്കുന്ന വാഴയ്ക്കും ഇൻഷൂറൻസ് തുക ലഭിക്കാൻ തീരുമാനമുണ്ടാകണം. വാഴകൃഷിക്ക് അനുയോജ്യമായ ജൈവവളങ്ങൾ രൂപപ്പെടുത്താൻ ആവശ്യമായ പരിജ്ഞാനം കർഷകർക്ക് നല്കണം.

കവുങ്ങ് കൃഷിക്ക് വ്യാപകമായി തീർന്നിട്ടുള്ള മഹാളി രോഗം തടയാൻ ഒരു പ്രദേശത്താകെ കൂട്ടായ മരുന്നുതളിനടത്താൻ ഏർപ്പാടുണ്ടാക്കണം. ഇതിനുവേണ്ടി വരുന്ന കുമിൾ നാശിനികൾ സൗജന്യമായി കൃഷിഭവൻ മുഖാന്തിരം നല്കുകയും സ്പ്രേയറുകൾ ലഭ്യമാക്കുകയും വേണം. ഇതിനുവേണ്ടിവരുന്ന ചിലവിൻെറ പകുതി സംഖ്യ സബ്സിഡിയായി ഗ്രാമപഞ്ചായത്ത് നൽകണം. കേടുവന്ന കവുങ്ങുകൾ വെട്ടിമാറ്റി പുനർകൃഷി ചെയ്യുന്നതിന് കവുങ്ങൊന്നിന്ന് 100രൂപ തോതിൽ കർഷകർക്ക് നല്കണം

പച്ചക്കറികൃഷി വ്യാപകമായി നടത്താൻ അത്യുല്പാദനശേഷിയുള്ള വിത്തുകൾ, വളം, എന്നിവ കൃഷിഭവൻ മുഖാന്തിരം 100 % സബ്സിഡിയായി നൽകുക. 25 സെൻറിനു മേൽ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ജലസേചന കിണർ കുഴിക്കാൻ വേണ്ടി വരുന്ന ചിലവ് പൂർണ്ണമായും കൃഷിഭവനും പഞ്ചായത്തും കൂടി നൽകുക. പച്ചക്കറി കൃഷിയ്ക്ക് ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാൻ സൗകര്യമുണ്ടാകണം. രോഗ പ്രതിരോധശേഷിയുള്ള ഇഞ്ചി വിത്തിന് രൂപം നൽകാൻ കാർഷിക ഗവേഷണ ശാലകൾ പരിപാടി തയ്യാറാക്കണം. രോഗങ്ങൾ മലും കൃഷി പൂർണ്ണമായും നശിക്കുന്ന കർഷകർക്ക് കൃഷി ചെലവിൻെറ 50% സഹായധനമായി നൽകാൻ സംവിധാനമുണ്ടാകണം.

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മഞ്ഞൾ, കച്ചോലം ഉതലായ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ കൃഷികൾക്ക് വേണ്ടി വരുന്ന വിത്ത്, വളം എന്നിവ സൗജന്യമായികൃഷി ഭവൻ മുഖാന്തിരം നൽകണം

ഔഷധ സസ്യങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് ആയുർവേദ ചികിത്സാരംഗത്തും ഔഷധ വിപണനരംഗത്തും മറ്റും പ്രവർത്തിക്കുന്നവരെയും ആദിവാസികളെയും ചേർത്ത് ഒരു സഹകരണ സംഘം രൂപീകരിക്കണം. ഈ സഹകരണ സംഘത്തിൻെറ നേതൃത്വത്തിൽ ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിന് പഞ്ചായത്തിൻെറകൈവശം കമ്പനിക്കുന്നിലുള്ള കാടുപിടിച്ച് കിടക്കുന്ന സ്ഥലം (സുമാർ 5 ഏക്കർ ) പാട്ടത്തിന് നൽകാവുന്നതാണ്. ഔഷധ കൃഷിക്ക് വേണ്ടിവരുന്ന ചിലവ് പഞ്ചായത്തിൻെറ ഗ്യാരണ്ടിയിൽബാങ്കിൽ നിന്ന് സൊസൈറ്റിക്ക് സംഘടിപ്പിക്കാം.

ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ച് പരിശീലനം നല്കി ഇതിന് ചുമതലപ്പെടുത്താവുന്നതാണ്. ഇവർക്ക് IRDP പദ്ധതി പ്രകാരംവായ്പ അനുവദിച്ച് കൊടുക്കണം.

സുഗന്ധദ്രവ്യ സസ്യങ്ങൾ കാപ്പിത്തോട്ടങ്ങളിലും മറ്റും ഇടവിളയായി കൃഷി ചെയ്യുന്നതിന് ജാതി,ഗ്രാമ്പു, സർവ്വ സുഗന്ധി, കറുവപ്പട്ട, ഏലം, മുതലായ ചെടികൾ സൗജന്യ നിരക്കിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കണം.

കൃഷിക്കാർക്ക് നല്ലയിനം വിത്തുകളും തൈകളും വിശ്വാസ്യമായും ന്യായ വിലയ്ക്കും ലഭ്യമാക്കാൻ ഇവയുടെ ഉൽപ്പാദനത്തിനും വിതരണത്തി

നുമായി പഞ്ചായത്തു തലത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഈ സംഘത്തിൽ പഞ്ചായത്തിലുള്ള കൃഷി സമിതികൾ, വാർഡ് വികസന സമിതികൾ എന്നിവയെ അംഗസംഘങ്ങളാക്കി ചേർത്ത് പ്രവർത്തിക്കാവുന്നതാണ്.

നേഴ്സറിയുടെ നടത്തിപ്പിന് കർലാട് ചിറയുടെ കരയിൽ പഞ്ചായത്തിൻെറ കൈവശമുള്ള ഭൂമിയിൽ നിന്ന് ഒരേക്കർ സ്ഥലം പാട്ടത്തിനു നല്കാവുന്നതാണ്. കൃഷിയ്ക്ക് വേണ്ടിവരുന്ന മൂലധനം മേൽപ്പറഞ്ഞ സമിതികളിൽ നിന്ന് 25% ഉം, 25% വായ്പകളായി ബാങ്കുകളിൽ നിന്നും 50% സർക്കാർ ഷെയറായും ലഭ്യമാക്കണം.

കാർഷികോത്പന്നങ്ങൾ വിപണനം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കാർഷികോത്പന്ന വിപണന സഹകരണ സംഘം രൂപീകരിക്കണം(വിശദമായ നിർദ്ദേശങ്ങൾ സഹകരണ റിപ്പോർട്ടിൽ ഉണ്ട്). വന്യമൃഗ ശല്യം തടയാൻ സർക്കാർ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള സേട്ടുക്കുന്നു മുതൽ കാപ്പിക്കളം വരെയുള്ള വൈദ്യുതി കമ്പി വേലിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കണം. വർദ്ധിച്ചുവരുന്ന എലിശല്യം തടയാൻ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഊർജ്ജിത എലി നശീകരണ പദ്ധതി നടപ്പാക്കണം. എലികളെ നശിപ്പിക്കുന്നതിന് പ്രതിഫലം നിശ്ചയിച്ച് നല്കാവുന്നതാണ്.

ജൈവവള കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ചാണകം, കുമ്മായം പച്ചില വളം, എല്ലുപൊടി, മത്സ്യവളം, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവയുടെ ഉപയോഗ ക്രമങ്ങളെ കുറിച്ചും അതുകൊണ്ടുള്ള ഗുണങ്ങളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കാൻ നടപടി സ്വീകരിക്കണം. വിദ്യാലയങ്ങളോടനുബന്ധിച്ച് പച്ചക്കറികൃഷി, ഉദ്യാന നിർമ്മാണം, ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ മുതലായവ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തണം. ഇക്കാര്യത്തിൽ അധ്യാപക രക്ഷാകർത്യ സമിതിയും പഞ്ചായത്തും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ആധുനിക കൃഷിരീതികളെകുറിച്ച് പരിശീലനം നൽകാൻ വയനാട്ടിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് സൈ്റ്റപ്പൻറ് നല്കാനും സംവിധാനമുണ്ടാക്കണം.

യഥാസമയം തെരഞ്ഞെടുപ്പുകൾ നടത്താത്ത കൃഷി സമിതികളുടെ നിലവിലുള്ള കാലാവധികഴിഞ്ഞ ഭരണ സമിതികൾ പിരിച്ച് വിട്ട് പഞ്ചായത്ത് ഭരണ സമിതി മുൻകൈയ്യെടുത്ത് തെരഞ്ഞെടുപ്പ് നടത്തണം.

കൃഷിഭവനിൽ സ്ഥിരമായി ഓഫീസറെ നിയമിക്കുകയും 2 വാർഡിന് ഒരു കൃഷി അസിസ്റ്റൻെറന്ന തോതിൽ കൃഷി അസിസ്റ്റൻറുമാരെയും നിയമിക്കണം. നിലവിലുള്ള സ്ഥലത്ത് കെട്ടിടം പണിയണം. കൃഷിഭവൻ ഉപദേശക സമിതികൾ യഥാ സമയം വിളിച്ചു ചേർക്കണം.

പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു കർഷക ക്ലബ് രൂപീകരിക്കണം. ഈ ക്ലബുകളുടെ നേതൃത്വത്തിൽ ചർച്ചായോഗങ്ങൾ, സെമിനാറുകൾ മുതലായവയുടെ നടത്തിപ്പും കാർഷികലൈബ്രറി രൂപീകരണവും നടത്തണം.പബ്ലിക് ഇൻഫർമേഷൻ വകുപ്പിൻെറയും, മൃഗസംരക്ഷണ വകുപ്പിൻെറയും, നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ നടത്തണം. ഈ ക്ലബുകളുടെ പ്രവർത്തനത്തെ സഹായിക്കാനും കർഷകർക്കു വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും രണ്ട് വാർഡിന് ഒരു കൃഷി അസിസ്റ്റൻറിനെ വീതം നിയമിക്കണം. അംഗീകാരമില്ലാത്ത നേഴ്സറികൾ, വളം-കീടനാശിനി നിർമ്മാണ കേന്ദ്രങ്ങൾ, അവയുടെ വിതരണക്കാർ എന്നിവർക്കെതിരെ കടുത്തശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമം സർക്കാർ നിർമ്മിക്കണം.

**പട്ടിക. 1**

| | ഭൂപരിധി | കൈവശക്കാരുടെ എണ്ണം |
|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 1826 |
| 2. | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 637 |
| 3. | രണ്ട് ഹെക്ടറിനു മുകളിൽ | 315 |
| 4 | നിലവിലുള്ള എസ്റ്റേയിറ്റ് ഇരുപത്തിയഞ്ച് ഹെക്ടറിനു മുകളിൽ | 7 |
| 5 | ആകെ എണ്ണം | 2783 |

## പട്ടിക.2

| ഭൂമി സംബന്ധിച്ച വിവരങ്ങൾ | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നിലം (വയൽ) | 373.00 |
| കര | 5331.00 |
| പുറംപോക്ക് | 127.96 |
| കൃഷിയോഗ്യതരിശ് | 167.13 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 143.36 |
| റിസർവ്വ് വനങ്ങൾ | 975.00 |
| ആകെ (71.75 ചതുരശ്ര കിലോമീറ്റർ) | 7117.45 |

## പട്ടിക .3.

| ഭൂപ്രകൃതി | ഭൂവിസ്തൃതി ഏക്കർ |
|---|---|
| 1 താഴ്വരകൾ | |
| 2 റിസർവിനോട് ചെരിഞ്ഞ പ്രദേശം | 0603.85 |
| 3 ഉയർന്ന പ്രദേശം | 1640.00 |
| 4 കുത്തനെയുള്ള ചരിവ് | 2600.00 |
| 5 മിതമായ ചെരിവുള്ള കുന്ന് | 1041.00 |
| 6 നദീതടം | - |
| 7 പുഴ | 50.00 |
| ആകെ കൃഷിയോഗ്യമായ ഭൂമി | 5934.85 |

ഏസ്റ്റയിറ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല

## പട്ടിക. 4
## (സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട്)

| നമ്പർ | ഭൂവിനിയോഗം | ഹെക്ടർ വിസ്തൃതി | ആകെ എണ്ണം |
|---|---|---|---|
| 1 | കാപ്പി | 635.0 | 301390 |
| 2 | കുരുമുളക് | 635.0 | 240000 |
| 3 | തെങ്ങ് | 200.0 | 31051 |
| 4 | കമുക് | 65.0 | 110000 |
| 5 | റബ്ബർ | 117.0 | 31176 |
| 6 | ഏലം | 10.0 | |
| 7 | ജാതി | 2.5 | |
| 8 | ഗ്രാമ്പു | 5 | |
| 9 | മഞ്ഞൾ | 3.0 | |
| 10 | ഇഞ്ചി | 130.0 | |
| 11 | മരച്ചീനി | 15.0 | |
| 12 | ചേമ്പ് | 6.0 | |
| 13 | ചേന | 15.0 | |
| 14 | പടുവാഴ | 10.0 | |
| 15 | നേന്ത്രവാഴ | 140.0 | |
| 16 | പച്ചക്കറി | 2.5 | |
| 17 | കുടംമ്പുളി | 5.0 | |
| 18. | നെല്ല് | 40.00 | |

## പട്ടിക .5 തരിയോട് പഞ്ചായത്ത്
## വിസ്തീർണ്ണം 71.17 സ്ക്വയർ.കി.മീറ്റർ
(1991 Census)

| ആൾ താമസമുള്ളത് | 1969 | പുരുഷൻ | സ്ത്രീകൾ |
|---|---|---|---|
| ആകെ വീട് | 1969 | | |
| ആകെ ജനസംഖ്യ | 10236 | 5200 | 5036 |
| ഷെഡ്യൂൾഡ് കാസ്റ്റ് | 210 | 95 | 115 |
| ഗിരിവർഗ്ഗം | 2288 | 1144 | 1144 |
| ജോലി ചെയ്യുന്നവർ | 3883 | 2876 | 1007 |
| കൃഷിക്കാർ | 1284 | 1153 | 131 |
| കർഷക തൊഴിലാളികൾ | 1792 | 1123 | 669 |
| മറ്റു മേഖലകളിൽ ജോലിചെയ്യുന്നവർ | 85 | 59 | 26 |
| വീട്ടുപണിയും മറ്റും ജോലിചെയ്യുവർ | 26 | - | - |
| കച്ചവടക്കാർ | 164 | 156 | ..8 |
| ബസ് മോട്ടോർ തൊഴിലാളി | 70 | 65 | 5 |
| ഭാഗികമായ തൊഴിൽ ചെയ്യുന്നവർ | 168 | 51 | 117 |
| ജോലിയില്ലാത്തവർക്കും പ്രായപൂർത്തിയാകാത്തവരും | 6185 | 2273 | 3912 |

അവലംബം- 1991 സെൻസസ് റിപ്പോർട്ട്

## പട്ടിക 6
## വളത്തിൻെറ ഉപയോഗം

| വർഷം | നൈട്രജൻ (N2) ടൺ | ഫോസ്ഫറേറ്റ് (P)ടൺ | പൊട്ടാഷ് (K)ടൺ | ആകെ Mts |
|---|---|---|---|---|
| 1993 | - | - | - | 555.167 |
| 1994 | - | - | - | 796.61 |
| 1995 | - | - | - | 1701.44 |

## പട്ടിക 6 A കീടനാശിനികൾ

| SL | Name of chemiclals | 1993-94 | 94-95 | 95-96 | Total |
|---|---|---|---|---|---|
| 1 | Phorate | Nil | Nil | 140 | 140 |
| 2 | B.H.C | Nil | " | 1185 | 118.5 |
| 3 | Emisan | Nil | " | 1000 | 1000 |
| 4 | Bavastain | " | " | 7950 | 7950.0 |
| 5 | Ekalux | " | " | 5500.0 | 5500 |
| 6 | Himsan | " | " | 500.00 | 500 |
| 7 | Rogar | " | " | 1700.00 | 1700. |
| 8 | Copper Sulphate | " | " | 308.00 | 308 |
| 9 | Calsain | " | " | 2600 | 2600 |
| 10 | Furdan | " | " | 250 | 250 |

## പട്ടിക 7
## പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആവശ്യമുള്ള നടീൽ വസ്തുക്കളുടെ വിവരം

| വാർഡ് | തെങ്ങിൻ തൈ | കവുങ്ങിൻ തൈ | കാപ്പി തൈ | ജാതി | ഗ്രാമ്പൂ |
|---|---|---|---|---|---|
| I | 3276 | 7198 | 5540 | 425 | 380 |
| II | 4343 | 13917 | 11836 | 544 | 595 |
| III | 452 | 435 | 2816 | 165 | 254 |
| IV | 2762 | 16430 | 13885 | 849 | 785 |
| V | 3022 | 10925 | 11318 | 842 | 963 |
| VI | 1898 | 7050 | 8330 | 320 | 415 |
| VII | 2338 | 8965 | 8087 | 372 | 402 |
| VIII | 4386 | 9016 | 4254 | 745 | 917 |
| ആകെ | 23579 | 66886 | 57736 | 3942 | 4296 |

# ജലസേചനം

1940 കളിൽ കുടിയേറ്റം ആരംഭിച്ചതോടെ നിലവിലുണ്ടായിരുന്ന വനങ്ങൾ കൃഷിഭൂമിയാക്കി മാറ്റപ്പെടുകയും താഴ്ന്ന നീർചാലുകളുള്ള പ്രദേശങ്ങൾ വയലുകളാക്കി മാറ്റുകയും ചെയ്തപ്പോൾ സുലഭമായി ലഭിച്ചിരുന്ന ജലശ്രോതസ്സുകൾ ഭൂമിയുടെ ഉപരിതലത്തിൽ നിന്നുംവളരെ താഴേക്ക് പോകാൻ ഇടയായി. സസ്യങ്ങളും വൻമരങ്ങളും തിങ്ങിനിറഞ്ഞ ഭൂപ്രദേശം മനുഷ്യരുടെ തത്വഭീക്ഷയില്ലായ്മ മൂലം, മണ്ണിൻെറ ഘടനയ്ക്കും അസന്തുലിതാവസ്ഥയ്ക്കും കാരണമായി. നാൽപ്പതു വർഷം മുൻപ് മണ്ണിൽ എവിടെ കൃഷി എടുത്താലും ലഭിച്ചിരുന്ന ശുദ്ധജലം ഇന്ന് ഓർമ്മയായി. അവശേഷിക്കുന്നു. ഓസോൺ പാളികളിലെ വിള്ളലോ, അന്തരീക്ഷ മലിനീകരണമോ വനനശീകരണമോ എന്തുമാകട്ടെ നഷ്ടപ്പെട്ടത് ഭൂമിയിലെ ജീവജാലങ്ങളുടെ നിലനൽപ്പിന് അടിസ്ഥാനമായ ദാഹജലമാണ്. മനുഷ്യൻെറ നിലനിൽപ്പിനാവശ്യമായ നെല്ല് മുതലായ ധാന്യ കൃഷികൾക്ക് വളരെയധികം ജലം ആവശ്യമുള്ളപ്പോൾ പഞ്ചായത്തിലെ ഫോറസ്റ്റുകളെല്ലാം വെട്ടി വെളിപ്പിച്ച് യൂക്കാലിപ്സ്,അക്കേഷ്യ മുതലായ വിദേശ മരങ്ങൾ വെച്ചുപിടിപ്പിച്ചതും, പഞ്ചായത്തിൽ ജലദാരിദ്ര്യം ഉണ്ടാക്കി.

കുറ്റ്യാടി ഓഗ്മെൻറേഷൻ പദ്ധതി 1979 ൽ പ്രവർത്തനം ആരംഭിച്ചു. അന്നത്തെ കണക്കനുസരിച്ച് 4800 ഹെക്ടർ സ്ഥലത്ത് ജനസേചനം നടത്തുമെന്ന് പറഞ്ഞിരുന്നു. അതിനുവേണ്ടി സർവ്വെ നടത്തുകയും ചെയ്തു. തരിയോട് പഞ്ചായത്തിൽ ബാണാസുരൻ എന്ന അസുരൻെറ വരവോടുകൂടി (കുറ്റ്യാടി ഓഗ്മെൻറേഷൻ പ്രൊജക്റ്റ്) പഞ്ചായത്തിൻെറ മൂന്ന് വാർഡുകൾ നഷ്ടപ്പെട്ടതും മറ്റു വാർഡുകൾക്ക് ഇതുമൂലമുണ്ടായ ഇക്കോളജിക്കൽ പ്രശ്നങ്ങളും പഞ്ചായത്തിൻെറ വരുമാനത്തിലുണ്ടായ വമ്പിച്ച നഷ്ടമല്ലാതെ മറ്റൊരു നേട്ടവുമുണ്ടായിട്ടില്ല. കുറ്റ്യാടി ഓഗ്മെൻറേഷൻ പദ്ധതികൊണ്ട് തരിയോടിനുണ്ടായ നഷ്ടം നികത്തേണ്ട ബാദ്ധ്യത **K.S.E Board** നും സർക്കാരിനുമുണ്ട്. ഇതിനായി താഴെപറയുന്ന പദ്ധതികൾക്ക് ഗവൺമെണ്ട് മുന്തിയ പരിഗണന കൊടുക്കേണ്ടതാണ്. പഞ്ചായത്തിലുള്ള 373 ഹെക്ടർ വയലുകൾ ഇരുപ്പൂകൃഷി ആക്കുന്നതിനുള്ള ജലസേചന സൗകര്യം പ്രഥമ പരിഗണന നൽകി പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്. അതിനുവേണ്ടി മഞ്ഞൂറ എർത്ത്ഡാമിൻെറ സമീപത്തുനിന്നും മെയിൻ കനാൽ ആരംഭിച്ച് ഇരുന്നൂറ് മീറ്റർ കിഴക്കോട്ടുമാറി ഡൈവർഷൻ കൊടുത്ത് പുലിക്കോട്ട് പാടശേഖരത്തിൽ ജലസസേനം ഏർപ്പെടുത്താം. പുലിക്കോട്ട് വയലിൽനിന്നും ആരംഭിക്കുന്ന മെയിൻ കനാൽ വെട്ടുകാട്ടിൽ യൂദാസിൻെറ വീടിൻെറ സമീപത്തുകൂടി 8-ാം മൈൽ കാലുംമന്ദംറോഡ് മുറിച്ചുവിട്ടാൽ 8-ാം വാർഡിലെ വിവിധ വയലുകൾ ഇരുപ്പൂകൃഷി ചെയ്യാവുന്നതാണ്.

മഞ്ഞൂറ എർത്ത് ഡാമിൻെറ സമീപത്തു നിന്ന് സുമാർ ഇരുന്നൂറ് മീറ്റർ കിഴക്കായി ഡൈവർഷൻകോടുത്ത് ചീങ്ങുന്നൂർ പാടശേഖരത്തിലേക്കും കനാൽ നിർമ്മിച്ച് ഇരുപ്പൂകൃഷി ചെയ്യാം. ചീങ്ങുന്നൂർ പാടശേഖരത്തിൽനിന്നും ആരംഭിക്കുന്ന കനാൽ മാത്തുവയൽപടി വഴി നാടുകാണി വയലിലേക്ക് വിട്ടാൽ മടത്തുവയൽ, കുനിയിന്മേൽ പാടശേഖരത്തിലും കേരോട്ടുകുന്ന് പാടശേഖരത്തിലും തേനമംഗത്ത് പാടശേഖരത്തിലും ഇരുപ്പൂകൃഷി ചെയ്യാൻ സാദ്ധ്യമാകുന്നതാണ്. നിലവിലുള്ള ചെകുത്താൻ തോട്ടിലേക്ക് വെള്ളം തിരിച്ചുവിട്ടാൽ കാപ്പുവയൽ പാടശേഖരം മുഴുവൻ ഇരുപ്പുകൃഷി ചെയ്യാൻ സാധിക്കും. ഇപ്പോൾ നിലവിലുള്ള കപ്പുവയൽ പാടശേഖരത്തിലെ കനാലിൽ നിന്ന് പുത്തൻ വീട്ടിൽ ഗോവിന്ദൻ നായരുടെ പടിക്കൽനിന്നും തലച്ചിറ ദേവസ്യയുടെ വീടിന് സമീപത്ത് കൂടി പാറക്കൽ പടിവഴി 8-ാം mileകാവുമ മന്ദംറോഡ് മുറിച്ച് കടത്തിയാൽ 103 Acre വരുന്ന കാലിക്കുനി പാടശേഖരം മുഴുവൻ ഇരപ്പൂ കൃഷിയെടുക്കാൻ കഴിയും.

തരയോട് പഞ്ചായത്തിനെ രണ്ടായി ഭാഗിച്ച് കൊണ്ട് വളഞ്ഞ് പുളഞ്ഞൊഴാകുന്ന ചെകുത്താൻ തോട്ടിൽ ഇന്ന് ആകെ നിലവിലുള്ളത് ഒരു VCBയും ഒരു തടയിണയുമാണ്. ചെകുത്താൻ തോട്ടിൽ 11 ാം മൈൽ സമീപം റോഡിൽ നിന്ന് സുമാർ 600 മി.മുകളിലായി റിസർവവൊയർ സൗകര്യമുള്ള സ്ഥലമുണ്ട്. ഇവിടെ ഒരു മിനി അണക്കെട്ട് നിർമ്മിച്ച് വെള്ളം തടഞ്ഞ് നിർത്തുന്ന പക്ഷം അവിടെ ഒരു മിനി ഹൈഡ്രൽ പ്രൊജക്ടും, ഒഴുവാകുന്ന ജലം 10 ാം മൈൽ സമീപം ഒരുതടയണ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താം. ഈ തോടിന് തന്നെ കുവയ്ക്കൽ പടി (10 ാം മൈൽ ) കരുവളം, H.S. കവുമന്ദം മുസ്ലീം പള്ളി എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തിയാൽ III, VII വാർഡ്കളിലെ മുഴുവൻ പാടശേഖരങ്ങളിലും ഇരുപ്പൂകൃഷി ചെയ്യാൻ സാധിക്കുന്നതാണ്.

കൂടാതെ നിലവിലുള്ള കുറ്റ്യാടി ഓഗ് മെൻറഷൻ സ്കീം ജലസംഭരണിയിൽ നിന്ന് സ്പ്രിങ്ങ്ളർ, മോട്ടാർ പമ്പ് മുതലായവ ഉപയോഗിക്കുവാൻ അനുവദിച്ചാൽ ഇന്നുള്ള കാപ്പി, കുരുമുളക്, മുതലായ കൃഷികളുടെ ഉൽപാദനം 4 മുതൽ 10 ഇരട്ടിവരെ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. നിലവിലുള്ള കറളാട് ചിറയുടെ സമീപപ്രദേശങ്ങൾ അക്വയർ ചെയ്തു ജലസംഭരണ ശേഷി വർദ്ധിപ്പിച്ച് ചീങ്ങന്നൂർ പാടശേഖരം, മടത്തുവയൻ പാടശേഖരം, കാപ്പുവയൽ പാടശേഖരം എന്നിവിടങ്ങളിലെ നെൽവയലുകൾ ഇരുപ്പൂ കൃഷിയാക്കാൻ സാധിക്കുന്നതാണ്. കൂടാതെ കറലാട് ചിറയിൽ നിന്ന് സ്പ്രിങ്ങ്ളർ, മോട്ടോർ പമ്പ് മുതലായവ ഉപയോഗിച്ച് തോട്ടവിളകൾ നനയ്ക്കാൻ അനുവദിച്ചാൽ ഈ പ്രദേശങ്ങളിലെ കാപ്പി, തെങ്ങ്, കുരുമുളക്, മുതലായ കൃഷികൾ 4 ഇരട്ടി വിളവ് ഉണ്ടാക്കാവുന്നതാണ്. എടത്തറ കടവ് പുഴക്ക് E.E.C.യുടെ സഹായത്തോടെ ചെക്ക് ഡാം കെട്ടിവെള്ളം പമ്പ് ചെയ്താൽ കാവും മന്ദം മുതൽ 8-ാംmile വരെയുള്ള വയലുകളിൽ ജലസേചനം വർദ്ധിക്കുനതാണ്. 11-ാം മൈൽ നിർദ്ദേശിച്ച മിനി ഹൈഡ്രൽ ഡാംൽ നിന്ന് വെറും പൈപ്പുകൾ മാത്രം ഉപയോഗിച്ച് 11ാം മൈൽ ഭാഗത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻസാധിക്കും

മൂന്നാം വാർഡിൽ പനംകുഴിതോടിൽ അറയ്ക്കപറമ്പിൽ അഗസ്തിപടി, മുണ്ടയ്ക്കത്തടത്തിൽ ദേവസിപടി എന്നിവടങ്ങളിൽ ബണ്ട് കെട്ടുക. മൂന്ന് തൊട്ടിപടി തോടിന് മന്നം കാപ്പ് കോളനി പടിയിൽ ബണ്ട് കെട്ടി മോട്ടാർ സൗകര്യം ഏർപ്പെടുത്തുക. വാർഡ് നാലിൽ പുതുക്കാട്ടിൽതോടിന് ബണ്ട് കെട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തുക. വാർഡ് നാലിൽ ഉൾപ്പെടുന്നതും പഞ്ചായത്ത് അതിർത്തി തോട്ടിൽ ബണ്ടുംകളും ചീർപ്പും ഏർപ്പെടുത്തുക.വാർഡ് അഞ്ചിൽ തൊട്ടിയിൽ പടി താഴയിടം തോട്ടിൽ മൂന്നു മീറ്റർ സംഭരണ ഹയർ നിർമ്മിക്കുക. കേരോട്ട് കുന്ന് പാടശേഖരത്തിലെ VCBയിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക. താഴയിടം പാടത്തിന് സമീപംചെക്ക് ഡാം കെട്ടി ലിഫ്റ്റി ഇറിഗേഷൻ നടപ്പാക്കുക. കാവും മന്ദം തോടിന് VCB നിർമ്മിക്കുക. മുത്തേടം പാടത്തിന് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക. H.S. പാടത്തിന് ലിഫ്റ്റ് ഇറിഗേഷൻ.നടപ്പാക്കുക. കോയിത്തൊടി പാടത്തിനും ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക. വാർഡ് ആറിൽ ഇടത്തറപുഴക്ക് കൈപ്പെട്ടിക്കടവിൽ തടയിണ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക. കണാഞ്ചേരി തോടിന് ബ്ണട് കെട്ടി കണാഞ്ചേരി പാറക്കണ്ടിപ്പിടി പാടശേഖരങ്ങളിൽ ജലസേചനം നടത്തുക. വാർഡ് ഏഴിൽ കാപ്പുവയൽ VCBയുടെ റിസർവേയറിൽ അടിഞ്ഞിട്ടുള്ള മണ്ണ് നീക്കം ചെയ്യുകയും ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുകയും ചെയ്യുക. എട്ടാം വാർഡിൽ പാറത്തോടിന് തടയിണ കെട്ടി വിവിധ സ്ഥലങ്ങളിൽ ജലസേചനം ലഭ്യമാക്കുക.



# മൃഗസംരക്ഷണം മത്സ്യബന്ധനം

വനവാസികളായിരുന്ന പ്രാചീന മനുഷ്യർ കുടുംബങ്ങളായി ജീവിതമാരംഭിക്കുകയും കൃഷിയും നായാട്ടും ജീവസന്ധാരണ മാർഗ്ഗങ്ങളായി സ്വീകരിക്കുകയും ചെയ്ത കാലം മുതൽ മൃഗങ്ങൾ, മനുഷ്യൻെറ സഹചാരികളും സഹായികളുമായി മാറി. നായാട്ട് പ്രധാന തൊഴിലായിരുന്ന ആദിമമനുഷ്യർക്ക് നായ്ക്കൾ സഹായത്തിന് ഉണ്ടായിരുന്നു. മാംസത്തിനു വേണ്ടി പിടിച്ച മൃഗങ്ങളെ പിൽക്കാലത്തെ ഉപയോഗത്തിനുവേണ്ടി വളർത്താൻ തുടങ്ങിയതോടെ അവ മനുഷ്യനുമായി ഇണങ്ങുകയും അവയെ മനുഷ്യർ പോറ്റു മൃഗങ്ങളാക്കുകയും ചെയ്തു. പക്ഷി മൃഗാദികളെ ഇണക്കി വളർത്താനാരംഭിച്ചതോടെ കൃഷിപ്പണികൾക്കും ഭാരം വലിക്കു (ചുമക്കു)ന്നതിനും മാംസത്തിനും, പാലിനും ,മുട്ടയ്ക്കും, നായാട്ടിനും വേണ്ടിയുള്ള അവയെക്കൊണ്ടുള്ള പ്രയോജനം മനുഷ്യൻ മനസ്സിലാക്കുകയും തങ്ങളുടെ സമ്പത്തിൻെറ പ്രധാനപ്പെട്ട ഒരു ഭാഗമായി പക്ഷി മൃഗാദികളെ കണക്കാക്കുകയും ചെയ്തു.

നമ്മുടെ ഇതിഹാസങ്ങളിലും ചരിത്രത്തിലും രാജാക്കന്മാരുടേയും, പ്രഭുക്കന്മാരുടെയും മറ്റും സാമ്പത്തിക ശേഷി കണക്കാക്കിയിരുന്നതും അവർക്കുണ്ടായിരുന്ന കന്നുകാലി സമ്പത്തിനെ കൂടി പരിഗണിച്ചായിരുന്നുവെന്ന് പരാമർശങ്ങളുണ്ട്. പശുവിനെ സർവ്വാഭീഷ്ടദായിനിയായ കാമധേനുവായി സങ്കൽപിക്കുകയും ഗോമാതാവ് എന്ന നിലയ്ക്ക് ആരാധിക്കുകയും ചെയ്യുന്ന സമൂഹങ്ങളുണ്ടായിരുന്നു. കാളയും പോത്തും കുതിരയും നായയും ആനയും മറ്റും വിവിധ ദേവന്മാരുടെ വാഹനങ്ങളായി സങ്കൽപിക്കപ്പെട്ടിരുന്നു.

ഇന്ത്യയിൽ സിന്ധുഗംഗാസമതലങ്ങളിൽ കുടിയേറിപ്പാർത്ത ആര്യന്മാരാണ് കൃഷിയും കന്നുകാലി വളർത്തലും ആരംഭിച്ചതെന്ന് കരുതുന്നു. വനങ്ങൾ തെളിച്ച് കൃഷികൾ ചെയ്യാനാരംഭിച്ചതോടെ കാർഷിക ജോലിക്കും വളത്തിനും വേണ്ടി വൻതോതിൽ കന്നുകാലികളെ വളർത്താൻ തുടങ്ങി. നദീതടങ്ങളും, പുൽമേടുകളുമെല്ലാം അവയ്ക്ക് നല്ല മേച്ചിൽ സ്ഥലങ്ങളുമായിരുന്നു.

18-ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ വയനാട്ടിലെ ആദ്യകാല കുടിയേറ്റക്കാരായ സവർണ്ണ സമുദായങ്ങളിൽ പെട്ട ജന്മിമാരും അവരുടെ സേവകരായി വന്ന കറിച്യരുമാണ് വയനാട്ടിൽകാലി വളർത്തൽ ആരംഭിച്ചത്. കൃഷിഭൂമികളിൽ പണിയെടുപ്പിക്കാനും പാലിനും വേണ്ടിയാണ്ഇവർ കന്നുകാലികളെ വളർത്തിയിരുന്നത്. ഓരോ തറവാട്ടിലും അനേകം കന്നുകാലികളെ

വളർത്തുകയും അവയെ മേയ്ക്കാനായി ജോലിക്കാരെ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പിൽക്കാലത്ത് കുടിയേറ്റക്കാർ ധാരാളമായി വന്നു ചേരുകയും വയൽ കൃഷി വ്യാപകമാവുകയും ചെയ്തതോടെ കന്നുകാലികൾ വയനാട്ടിലെ കുടിയേറ്റ ജനവിഭാഗങ്ങളുടെ പ്രധാന സമ്പത്തുകളിലൊന്നായി മാറി.

തരിയോടു പഞ്ചായത്തിൽ മേൽപ്പറഞ്ഞ കാലഘട്ടത്തിൽ തന്നെ കന്നുകാലികളെ വളർത്തിയിരുന്നു. കുടിയേറ്റക്കാരായി വന്ന ഭൂഉടമകളും കുറിച്യ സമദായത്തിൽപ്പെട്ട ആദിവാസികളുമാണ് കന്നുകാലികളെ വൻതോതിൽ വളർത്തിയിരുന്നത്. ഇവർക്കുണ്ടായിരുന്ന കൃഷിഭൂമികളിൽ പണിയെടുപ്പിക്കുന്നതിനും വളത്തിനും വേണ്ടിയാണ് കന്നുകാലികളെ വളർത്തിയിരുന്നത്. പിൽക്കാലത്തുവന്ന കുടിയേറ്റക്കാർ പശു, ആട്, കോഴി, താറാവ്, പന്നി,മുയൽ മുതലായവയെ തങ്ങളുടെ ഉപജീവന മാർഗ്ഗത്തിൻെറ ഭാഗമായി വളർത്തുകയും മുട്ട,മാംസം, പാൽ മുതലായവ വ്യാപാരാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും ചെയ്തു. തരിയോടു പഞ്ചായത്തിലെ പുൽമേടുകളും വനങ്ങളും കന്നുകാലികൾക്ക് നല്ല മേച്ചിൽ സ്ഥലങ്ങളായിരുന്നു. വയലിലെ നെൽകൃഷിയിൽനിന്ന് ലഭിച്ചിരുന്ന വൈക്കോലും കന്നുകാലികൾക്ക് തീറ്റയായി നൽകിയിരുന്നു. പുൽമേടുകളും വനങ്ങളും തെളിയിച്ച് തോട്ടവിളകൾ വ്യാപകമായി നടുകയും വയലിൽ നെൽകൃഷിക്കുപകരം വാഴയും ഇഞ്ചിയുമെല്ലാം കൃഷിചെയ്യാൻ തുടങ്ങുകയും വയൽ ഉഴുതു നന്നാക്കാൻ ടില്ലർ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തതോടെ കാർഷികവൃത്തിയുടെ ഭാഗമായുള്ള കന്നുകാലി വളർത്തൽ കുറയുകയും കുറിച്യ സമുദായത്തിൽ പെട്ട ആദിവാസികളുടെയും ചുരുക്കം ചില ആദ്യകാല ഭൂവുടമകളുടെയുംവീട്ടിൽ മാത്രമായി ഒതുങ്ങുകയും ചെയ്തു. കൃത്രിമ ബീജാധാന പരിപാടി നിലവിൽ വന്നതോടെവിത്തു കാളകളുടെ എണ്ണം വിരലിലെണ്ണാവുന്നതായി കുറഞ്ഞു. ഇപ്പോൾ തരിയോടു പഞ്ചായത്തിൽ ഉപജീവനോപാധിയായി പാലിനും മാംസത്തിനുംവേണ്ടിയാണ് മിക്കവാറും കൃഷിക്കാർ കാലികളെ വളർത്തുന്നത്. ബാണാസുര സാഗർ പദ്ധതിക്കുവേണ്ടിയുള്ള കുടി ഒഴിപ്പിക്കൽ മൂലം കർഷകർ വൻതോതിൽ ഒഴിഞ്ഞുപോയതിനാലും കന്നുകാലികളുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞുവന്നു.

## *ഉൽപ്പാദന മേഖല*

തരിയോട് പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളും ഭാഗികമായി മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു. നാടൻ കന്നുകാലികൾ മാത്രം ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ പിൽക്കാലത്ത് കൃത്രിമ ബീജാധാനത്തിലൂടെ സങ്കരവർഗ്ഗങ്ങളിൽപ്പെട്ട കന്നുകാലികളുമുണ്ടായി. 50% ത്തോളം സങ്കരവർഗ്ഗമാണ്. 1987 ലെ കണക്ക് പ്രകാരം 4782 കന്നുകാലികളാണ് ഉണ്ടായിരുന്നത്. 1969 കുടുംബങ്ങൾ ഉള്ളതിൽ മിക്കവാറും എല്ലാവരും തന്നെ കന്നുകാലി വളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിക്കുന്നു. 1993 - ൽ പഞ്ചായത്തിലെ കന്നുകാലികളുടെസംഖ്യ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| കാള (നാടൻ) | 12 |
| കോഴി | 3160 |
| കാള (സങ്കരം) | 6 |
| താറാവ് | 126 |
| പശു (നാടൻ) | 396 |
| പശു (സങ്കരം) | 380 |
| പോത്ത് | 40 |
| എരുമ | 20 |
| ആട് | 426 |
| ആകെ | 1280 |

ഉൽപ്പാദനമേഖലയിൽ എണ്ണത്തിൻെറ വർദ്ധനവിനൊപ്പം ഉൽപ്പാദനക്ഷമതയുടെ കാര്യത്തിലുംഊന്നൽ കൊടുക്കേണ്ടതുണ്ട്.

**മൃഗസംരക്ഷണ മേഖലയിൽ പ്രധാനമായും നേരിടുന്ന പ്രശ്നങ്ങൾ:**

1 മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും, ഉൽപ്പാദനക്ഷമതയുള്ള കറവമാടുകളുടെ ലഭ്യതക്കുറവും.

2. ഉൽപ്പാദന ചിലവിനു തക്കതായ വില ഉൽപ്പന്നങ്ങൾക്ക് കിട്ടാത്തതുമൂലമുള്ള സാമ്പത്തിക പ്രശ്നങ്ങൾ

3. ആരോഗ്യകരമല്ലാത്ത പരിതഃസ്ഥിതിയിലുള്ള കന്നുകാലി വളർത്തൽ

4. മൃഗസംരക്ഷണമേഖലയിലെ കർഷകരുടെ ശാസ്ത്രീയമായ അവബോധമില്ലായ്മ.

5 നടപ്പു പദ്ധതികളിൽ പലതും കർഷകർ അറിയാതെ പോവുകയോ, ഗുണം ലഭിക്കാതെ വരുന്നതോ ആയ അവസ്ഥ.

6. സേവന മേഖലയുടെ പ്രത്യേകിച്ച് ആശുപത്രികളുടെ ശോച്യാവസ്ഥയും തൃപ്തികരമല്ലാത്ത പ്രവർത്തനവും

7. കോഴി, പന്നി, ആട് , മുയൽ മുതലായവയുടെ ഉൽപ്പാദനശേഷിയുള്ള, കാലാവസ്ഥയ്ക്കനുയോജ്യമായ ജനുസ്സുകളുടെ ലഭ്യതക്കുറവ്.

8. ധനകാര്യസ്ഥാപനങ്ങളുടെ താൽപര്യക്കുറവ്.

9. വിജ്ഞാന വ്യാപനമേഖലയിലെ തകരാറുകൾ.

10. വിപണന രംഗത്തെ ബുദ്ധിമുട്ടുകൾ.

1. മൃഗസംരക്ഷണ - ക്ഷീരോൽപ്പാദന മേഖലയുടെ വികസനത്തിനും നിലനിൽപ്പിനും മേൽക്കാണിച്ച പ്രശ്നങ്ങളുടെ എത്രയും വേഗത്തിലുള്ള പരിഹാര നടപടിയെ ആസൂത്രണംചെയ്ത് നടപ്പിൽ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മൃഗസംരക്ഷണ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ഇവിടുത്തെ പരിസ്ഥിതിയ്ക്കനുയോജ്യമായ ഉൽപ്പാദനക്ഷമതയുള്ള ജനുസ്സുകളെ കണ്ടെത്തി - അഥവാ വികസിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. നല്ലയിനം ജനുസ്സിലുള്ള കന്നുകാലികളെ കർഷകർക്കു ലഭ്യമാക്കാൻ ജില്ലാടിസ്ഥാനത്തിൽ മൃഗസംരക്ഷണവകുപ്പ് ഒരു വിപണനകേന്ദ്രം ആരംഭിക്കുക. ആവശ്യക്കാർ പേർ രജിസ്റ്റർചെയ്യുന്ന മുറയ്ക്ക് അവർക്ക് കന്നുകാലികളെ ഓർഡർ അനുസരിച്ച് ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

2. ഇതിനായി വിവിധ ഏജൻസികൾ മുഖാന്തിരം സാമ്പത്തിക സഹായവും ലോണുകളും കൂടുതലായി ലഭ്യമാക്കുക. എല്ലാവാർഡുകളിലും IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ദാരിദ്രരേഖയ്ക്ക് താഴെയുള്ള 10 വനിതകളെ സംഘടിപ്പിച്ച് അവർക്ക് 50% സബ്സിഡിയോടുകൂടി IRDP വായ്പ ലഭ്യമാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ പശുക്കളെ വളർത്താൻ പരിപാടിയുണ്ടാക്കണം. തരിയോട് ക്ഷീര വ്യവസായ സഹകരണ സംഘം തെരഞ്ഞെടുക്കുന്ന കർഷകർക്ക് പശുക്കളെ വാങ്ങാനുള്ള വായ്പ തരിയോട് സർവ്വീസ് സഹകരണം ബാങ്ക് മുഖേന ലഭ്യമാക്കുക. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ പോറ്റാൻ കഴിയുന്നവരെ ക്ഷീരവ്യവസായ സഹകരണ സംഘം മുഖേന പേർ രജിസ്റ്റർ ചെയ്ത് അവർക്ക് ബാങ്ക് വായ്പ ലഭ്യമാക്കണം.

3. നിലവിൽ പുൽകൃഷി വ്യാപകമായി കാണപ്പെടുന്നില്ല. ആദായകരമായ പുൽകൃഷി നടപ്പാക്കുക വഴി തീറ്റച്ചിലവ് ഗണ്യമായി കുറയ്ക്കാനും പാലുൽപ്പാദനം കൂട്ടുവാനും കഴിയും. മൃഗസംരക്ഷണ വകുപ്പിലൂടെയും സൊസൈറ്റികൾ വഴിയും പുൽവിത്തുകളും വളവുംകുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയും കർഷകരെ ഇതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക വേലികളിലും ഇടക്കയ്യാലകളിലും പഞ്ചായത്ത് പുറമ്പോക്കുകളിലും പുൽകൃഷി നടപ്പിൽ വരുത്തിയാൽ ഏറെ പ്രയോജനകരമായിരിക്കും. നെൽകൃഷിയുള്ള പ്രദേശങ്ങളിൽ വൈക്കോലിൽ യൂറിയ ഒരു നിശ്ചിത അനുപാതത്തിൽ ചേർത്ത് സമ്പുഷ്ടപ്പെടുത്തി ഗുണമേന്മയുള്ള തീറ്റയായി മാറ്റാം. ഇതിനാവശ്യമായ സാങ്കേതിക അറിവ് കർഷകർക്ക് നല്കുക.

4. വൃത്തിഹീനമായ സാഹചര്യത്തിലാണ് മിക്ക കർഷകരും കന്നുകാലികളെ വളർത്തുന്നത്. ഇതുമൂലം കറവമാടുകൾക്ക് രോഗം ബാധിച്ച് ഉൽപ്പാദനക്ഷമത കുറഞ്ഞവയായി പരിണമിക്കുന്നു. വൃത്തിയുള്ള തൊഴുത്തും വളക്കുഴിയും നിർമ്മിക്കാൻ കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാ ക്കാൻ മൃഗസംരക്ഷണവകുപ്പ് പണം കണ്ടെത്തണം.

5. കാർഷിക മേഖലയിൽ നിലവിലുള്ള കൃഷിസമിതികൾ പോലെ മൃഗസംരക്ഷണ മേഖലയിലും സമിതികൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യാനും രജിസ്റ്റർ ചെയ്യപ്പെടുന്ന സമിതികൾ മുഖാന്തിരം കർഷകർക്ക് സഹായധനം ലഭ്യമാക്കാനും മൃഗസംരക്ഷണവകുപ്പ് പരിപാടിയുണ്ടാക്കണം.

6. മൃഗപരിപാലന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പരിപാലനം രോഗ പ്രതിരോധംഎന്നീ തുറകളിൽ ശാസ്ത്രീയമായ അവബോധം വളർത്തേണ്ടത് അത്യാവശ്യമാണ്. ഇതുവഴി ആരോഗ്യക്ഷമതയും ഉൽപ്പാദനശേഷിയുമുള്ള മൃഗസമ്പത്ത് നിലനിർത്തുവാനും ഈ മേഖലയുടെ പരമാവധി ആദായം ചൂഷണം ചെയ്യുവാനും കഴിയുന്നു. ഇതിനായി പഞ്ചായത്തുതലത്തിൽ ചർച്ചാക്ലാസുകളും സെമിനാറുകളും മൃഗസംരക്ഷണവകുപ്പിൻെറ ആമുഖ്യത്തിൽ നടത്തേണ്ടതാണ്.

7. മൃഗസംരക്ഷണ വകുപ്പിൻെറ നിലവിലുള്ള കന്നുകുട്ടി പരിപാലനപദ്ധതി നടപ്പിലാക്കുന്നതുവഴി പഞ്ചായത്തിലെ ഉയർന്ന് ജനിതകഗുണമുള്ള കന്നുകാലികളെ കണ്ടെത്തി പരിപാലിക്കുവാൻ കഴിയും. ഇതുവഴി നല്ലയിനം സങ്കര വർഗ്ഗപശുക്കളെ ലഭ്യമാകുന്നതോടൊപ്പം സബ്സിഡി നിലവിലുള്ളതിനാൽ ചിലവ് ഗണ്യമായി കുറയുകയുംചെയ്യും.

8. മൃഗസംരക്ഷണ ക്ഷീരോൽപാദനരംഗത്ത് ആരോഗ്യകരമായ മത്സരം കർഷകരുടെ ഇടയിൽ വളർത്തുന്നതിന് വാർഡ്-പഞ്ചായത്ത് തലത്തിൽ കന്നുകാലി പ്രദർശന മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നൽകുക.

9. സ്വയം തൊഴിൽ സംരംഭകരായ യുവതീയുവാക്കൾക്ക് സബ്സിഡിയോടുകൂടിയ വായ്പ നൽകി ഈ രംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നവിധത്തിലുള്ള പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിൽ വരുത്തണം. ഇതിനായി പഞ്ചായത്തിൽ തൊഴിൽ രഹിതരുടെപേർ രജിസ്റ്റർ ചെയ്ത്, പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്വയം തൊഴിൽ സംരംഭകർക്ക് IRDP പദ്ധതിയിൽ പെടുത്തി വായ്പ സഹകരണ ബാങ്കും ഗ്രാമീണ ബാങ്കും നൽകണം.

## കോഴി

9-ാം പദ്ധതിയിൽ വനിതാ സംരംഭകർക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി എല്ലാവാർഡുകളിലും IRDP പദ്ധതിയിൽപ്പെടുത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അടുക്കള മുറ്റത്തെ കോഴിവളർത്തൽ നടപ്പാക്കുകയും വേണം. രണ്ടുമാസം പ്രായമുള്ള 10 മുതൽ 15 വരെ കോഴികുഞ്ഞുങ്ങളെ ഓരോ വീട്ടമ്മമാർക്കും നൽകണം. ഇത് IRDP സഹകരണ യൂണിറ്റായി ആരംഭിക്കുകയും ചെയ്യാം. കൂടാതെ പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലത്ത് ഒരു 'എഗർ' നേഴ്സറി സ്ഥാപിച്ച് പ്രവർത്തിക്കുക. ഇതുവഴി സ്ഥിരമായി കോഴികുഞ്ഞുങ്ങളെ കൊടുക്കാനാവുകയും ചെയ്യും. സാധ്യതയുള്ള പ്രദേശങ്ങളിലെല്ലാം ഇതിന് IRDP സ്വയം തൊഴിൽ യൂണിറ്റായി വായ്പ നൽകിയാൽ ഒരു വാർഡിൽ ഒരു യൂണിറ്റു വീതം ആരംഭിക്കാൻ കഴിയും. വൻതോതിൽ കോഴി വളർത്തൽ താല്പര്യം കാണിക്കുന്നവർക്ക് സാധ്യമായ സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയുംവേണം.

മുയൽ വളർത്തൽ രംഗത്തും മേൽപറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്. മുയലിൻെറ തോൽ വളരെയേറെ വാണിജ്യ പ്രാധാന്യമുള്ള ഒരു വസ്തുവാണ്.

## ആട്

ഏറ്റവും വിലകൂടിയ മാംസത്തിൻെറ സ്രോതസെന്ന നിലയിൽ ആടുവളർത്തലിനു പ്രത്യേകഊന്നൽ നൽകേണ്ടതാണ്. 5 പെണ്ണാടുകളും ഒരു മുട്ടനാടും വീതം ഉൾക്കൊള്ളുന്ന യൂണിറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന IRDP ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾക്ക് സബ്സിഡിയോടുകൂടി വിതരണം ചെയ്യുക. ജമുനാപുരി, സിയാൻകോട് മുതലായ വർഗ്ഗത്തിൽപ്പെട്ട നല്ലയിനം ആടുകളെ താൽപര്യമുള്ള കർഷകർക്ക് വിതരണം ചെയ്യുക. 50 ആടുകൾ വീതമുള്ള IRDP യൂണിറ്റുകൾ, CWCRA യൂണിറ്റുകൾ എല്ലാ വാർഡിലും സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

## പന്നി

മാംസാവശ്യത്തിനായി ഗുണമേന്മയുള്ളതും പെട്ടെന്നു തടിവയ്ക്കുന്നതുമായ പന്നികളെ വളർത്താൻ കർഷകർക്ക് പ്രോത്സാഹനം കൊടുക്കാവുന്നതാണ്. കാർഷിക ഉപോൽപ്പന്നങ്ങളും, അറവുശാല ഹോട്ടൽ, മാർക്കറ്റ് എന്നിവിടങ്ങളിലെ അവ

ശിഷ്ടങ്ങളും ഇവയുടെ ഭക്ഷണത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. സ്വയം തൊഴിൽ സംരംഭകർക്ക് ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടിയിൽ കീഴിൽ ധനസഹായവും പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതയും ഉറപ്പാക്കുക.കൂടിനും മറ്റുമുള്ള വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തുക.

## *മത്സ്യം*

തരിയോട് പഞ്ചായത്തിൽ മത്സ്യകൃഷിക്കുള്ള സാധ്യത ധാരാളമുണ്ട്. ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ശുദ്ധജല മത്സ്യങ്ങൾ ഇവിടെ ലഭിക്കാറില്ല എന്നു തന്നെ പറയാം. പക്ഷേ പഞ്ചായത്തിൽ നിലവിലുള്ള ജലസേചന കുളങ്ങളിലും 'കറളാട് ചിറ' എന്ന പേരിൽ അറിയപ്പെടുന്ന ശുദ്ധ ജലതടാകത്തിലും വർദ്ധിച്ചതോതിൽ മത്സ്യകൃഷി തുടങ്ങാവുന്നതാണ്. ആദിവാസികലുടെ ഉന്നമനത്തിനായി കർലാട് ചിറയിൽ ഒരു മത്സ്യസഹകരണ സംഘം നടപ്പാക്കിയിരുന്നെങ്കിലും ഇപ്പോൾ അത് പ്രവർത്തന രഹിതമാണ്. ഇത് കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. [സഹകരണ റിപ്പോർട്ടിലും പട്ടിക വർഗ്ഗക്ഷേമ റിപ്പോർട്ടിലും പ്രതിപാദിച്ചതു കാണുക] പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പല പദ്ധതികളിലായി നിർമ്മിച്ചിട്ടുള്ള കുളങ്ങൾ മത്സ്യകൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്. അധിക കുളങ്ങളും കുറിച്യ സമുദായത്തിൽപ്പെട്ടവരുടെ പക്കലാണ്. ഇത്തരം കുളങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് T.S.P യിൽ പെടുത്തി മത്സ്യകുഞ്ഞുങ്ങളെയും അവയ്ക്കുള്ള തീറ്റ സാധനങ്ങളും ലഭ്യമാക്കേണ്ടതാണ്. കുറിച്യ സമുദായത്തിലെ അഭ്യസ്ത വിദ്യരായ ചെറുപ്പകാർക്ക് മത്സ്യകൃഷിക്ക് പരിശീലനം നൽകുകയും പരിശീലനകാലത്ത് സ്റ്റൈപൻഡ് കൊടുക്കുകയും ചെയ്യേണ്ടതാണ്. കർളാട് ചിറയ്ക്ക് സമീപം 'ഹാച്ചറി' സ്ഥാപിക്കുന്നതിന് നടപടിയുണ്ടാവണം.

ഈ പഞ്ചായത്തിലെ ആദിവാസികൾ വളർത്തുന്ന മത്സ്യങ്ങളുടെ വിപണത്തിന് പഞ്ചായത്ത് നിർമ്മിക്കുന്ന ഫിഷ് മാർക്കറ്റിന് വാടക വസൂലാക്കാതെ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

## *സേവന മേഖല*

തരിയോട് പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് ചെന്നലോട് കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്നു. വളരെ പരിതാപകരമായ അവസ്ഥയിലുള്ള വാടകകെട്ടിടത്തിലാണ് ഇത് പ്രവർത്തിയ്ക്കുന്നത്. ഒരു മൃഗാശുപത്രിയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ആശുപത്രിയ്ക്കു വേണ്ടി വാങ്ങിയ സ്ഥലത്ത് എം.എ.ബേബി എം.പി.യുടെ ഫണ്ടുപയോഗിച്ച് നിർമിച്ച കെട്ടിടവും ആശുപത്രിയ്ക്ക് വേണ്ട സൗകര്യങ്ങളില്ലാത്തതാണ്. ആയതിനാൽ അത്യാവശ സൗകര്യങ്ങളുള്ള ഒരാശുപത്രി കെട്ടിടം കൂടി മൃഗസംരക്ഷണ വകുപ്പ് നിർമിയ്ക്കേണ്ടതാണ്. കൺസൾട്ടിംഗ് റൂം, മരുന്ന് കൊടുക്കുന്ന മുറി, X- ray മുറി, ഓപ്പറേഷൻ തിയേറ്റർ, ലാബറട്ടറി, ടോയ്‌ലറ്റ്, ഇടത്തൊഴുത്ത് മുതലായ സൗകര്യങ്ങൾ ഈ ആശുപത്രിയ്ക്ക് ഉണ്ടായിരിയ്ക്കേണ്ടതാണ്. പുതിയതായി ഉണ്ടാക്കിയ. കെട്ടിടം സ്റ്റോർ, ഓഫീസ് എന്നിവയ്ക്ക് ഉപയോഗിയ്ക്കാവുന്നതാണ്. മൃഗാശുപത്രി വഴി കർഷകന് മെച്ചപ്പെട്ട സേവനവും മരുന്നുകളുടെ ലഭ്യതയും അത്യാവശ്യമായി ഉറപ്പുവരുത്തണം. ഇപ്പോൾ രാവിലെ മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ് പരിശോധന സമയം. 2 ഡോക്ടർമാർ നിലവിലുണ്ട്. ഇവർ രാവിലെയും ഉച്ചകഴിഞ്ഞും രണ്ട് ഷിഫ്റ്റായി പ്രവർത്തിച്ച് പകൽ സമയത്ത് ഡോക്ടറുടെസേവനം കർഷകർക്ക് ലഭ്യമാക്കുന്ന സാഹചര്യം സൃഷ്ടിയ്ക്കണം. അത്യാവശ്യ സാഹചര്യങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാകുന്നതിന് ആശുപത്രിയോടനുബന്ധിച്ച് ഡോക്ടറുടെ വസന്തിയും നിർമ്മിയ്ക്കുക,ആവശ്യമുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കുക, ആധുനിക ചികിത്സകൾക്കും പരിശോധനയ്ക്കും വേണ്ട സൗകര്യങ്ങൾ കൂട്ടുക, ലാബുകളുടെ പ്രവർത്തനത്തിനായുള്ള ഉപകരണങ്ങളും രാസവസ്തുക്കളും ലഭ്യമാക്കുക, രോഗങ്ങളെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും കർഷകരെ ബോധവല്ക്കരിയ്ക്കാൻ സെമിനാറുകളും ലഘുലേഖകളും സംഘടിപ്പിയ്ക്കുക, കാവുമന്ദത്തും, പത്താം മൈലിലും 8-ാം മൈലിലും ICDP സബ് സെൻററുകൾ തുടങ്ങുക, ഇവിടെ കാലികൾക്കും കോഴികൾക്കും മറ്റും പ്രതിരോധ കുത്തിവെയ്പിന് സംവിധാനമുണ്ടാക്കുക. നടപ്പു പദ്ധതി

കൾ ജനങ്ങളെ അറിയിയ്ക്കുന്നതിനും അവയുടെ ഗുണം കർഷകർക്ക് ലഭ്യമാക്കുന്നതിനും ക്ഷീരകർഷക സമിതികളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തണം. വാർഡുതല ക്യാമ്പുകൾ സംഘടിപ്പിച്ച് പരിശോധന, രോഗനിർണയം കുത്തിവയ്പുകൾ ഇവ നടപ്പാക്കുക, യഥാസമയങ്ങളിൽ സൗജന്യ പ്രതിരോധ കുത്തിവെയ്പുകളും പേവിഷബാധ നിയന്ത്രണത്തിനാവശ്യമായ വാക്സിനേഷനുകളും സംഘടിപ്പിയ്ക്കുക, ചെന്നലോട് ആശുപത്രിയോടനുബന്ധിച്ചുണ്ടായിരുന്ന മൊബൈൽ എയിഡ്‌യൂണിറ്റ് പ്രവർത്തനം പുനരാരംഭിയ്ക്കുകയും ആ യൂണിറ്റിനൊരു വാഹനം ഗവൺമെൻറ് നല്കുകയും ചെയ്യുക, അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുകയും വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക, വളർത്തു മൃഗങ്ങളെ പ്രത്യേകിച്ച് ഗുണമേന്മയുള്ള എല്ലാ കന്നുകാലികളെയും ഇൻഷുറൻസ് പരിധിയിൽകൊണ്ടു വരികയും വേണം.

## വിപണന മേഖല

ക്ഷീര സഹകരണസംഘം ഇന്നുള്ള പ്രവർത്തനം വിപുലീകരിയ്ക്കുകയും ഭരണസമിതിയിൽ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, വെറ്റിനറി സർജൻ എന്നിവരെ എക്സ് ഒഫിഷ്യോ മെമ്പർമാരാക്കി ഭരണസമിതി വിപുലീകരിയ്ക്കാൻ വേണ്ട നിബന്ധനാ ഭേദഗതി വരുത്തുകയും ചെയ്യണം. മത്സ്യം, മാംസം, മുട്ട എന്നിവ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിയ്ക്കുന്ന IRDP, CWCRA യൂണിറ്റുകളിൽ നിന്നും സ്വകാര്യ വ്യക്തികളിൽനിന്നും ആടുമാടുകളെ വാങ്ങി കശാപ്പു ചെയ്ത് ഇറച്ചി പഞ്ചായത്ത് നിർമ്മിയ്ക്കുന്ന മത്സ്യ മാർക്കറ്റിൽ വെച്ച് വില്പന നടത്താവുന്നതാണ്. സംഘത്തിന് മേൽപ്പറഞ്ഞ യൂണിറ്റുകൾ, സ്വയംതൊഴിൽ യൂണിറ്റുകൾ എന്നിവയിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും മുട്ട, മത്സ്യം, ഇറച്ചിക്കോഴ എന്നിവയും വാങ്ങി വില്പന നടത്താൻ കഴിയും. സഹകരണ മേഖലയിൽ പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിയ്ക്കുക. (ഇതിനുള്ള നിർദ്ദേശം സഹകരണം, വ്യവസായം എന്നീ റിപ്പോർട്ടുകളിലുണ്ട്.)

പഞ്ചായത്തിൽ ചെന്നലോട്, എച്ച്.എസ്.കവല, കാവും മന്ദം എന്നിവിടങ്ങളിൽ പാൽ ഉല്പന്ന നിർമ്മാണ വിതരണ യൂണിറ്റുകൾ ക്ഷീരവകുപ്പിൻെറ സഹായത്തോടെ ആരംഭിയ്ക്കുക. (സഹകരണം, വ്യവസായം എന്നിവ സംബന്ധിച്ച റിപ്പോർട്ടു കാണുക)

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അറവുശാലകൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധനക്കു വിധേയമാക്കണം. അറവുശാല ശുചീകരിക്കുകയും കാലാകാലങ്ങളിൽ വൃത്തിയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ഗുണനിലവാരമുള്ളതും രോഗബാധിതമല്ലാത്തതുമായ മാംസം മാത്രമേ അറവുശാലകൾ വഴി വില്പന നടത്തുന്നുള്ളു എന്നുറപ്പുവരുത്തുകയും വേണം. നിർഭാഗ്യവശാൽ ഈ പഞ്ചായത്തിൽ ഇപ്പോൾ ലൈസൻസ് എടുത്തിട്ടുള്ള ഒരു അറവുശാല പോലുമില്ല. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് ആവശ്യം വേണ്ട സൗകര്യവും വൃത്തിയും ഉറപ്പാക്കുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യണം. പഞ്ചായത്ത് മത്സ്യ മാംസ മാർക്കറ്റിനോടനുബന്ധിച്ച് ഒരു അറവുശാലയും നിർമ്മിക്കണം. ഇതുവഴി പഞ്ചായത്തിന് ഈ മേഖലയിൽ നിന്ന് ഇപ്പോൾ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന വരുമാനം തിരിച്ചെടുക്കാൻ കഴിയും.



# വ്യവസായം

നാടിന്റെ സാമ്പത്തികവളർച്ച ത്വരിതപ്പെടുത്തുന്നതിനും അതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, വ്യവസായമേഖലയുടെ വളർച്ച നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. കാർഷികരാജ്യമായ ഇന്ത്യയിൽ വ്യവസായങ്ങൾക്ക് പഞ്ചവത്സരപദ്ധതികളിൽ നൽകിയ ഊന്നലിന്റെ ഫലമായി നമ്മുടെ വ്യവസായമേഖല മറ്റേതൊരു മൂന്നാം ലോകരാജ്യത്തേയും വ്യവസായമേഖലയോട് കിടപിടിക്കാൻ കഴിയുന്നതായി മാറിയിട്ടുണ്ട്. കുടിൽ വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും, നാമമാത്രമായ വൻകിട വ്യവസായങ്ങളും മാത്രമുണ്ടായിരുന്ന സ്വതന്ത്ര ഇന്ത്യയിൽ ഇന്ന് പൊതു-സ്വകാര്യ മേഖലകളിലായി വൻകിട വ്യവസായങ്ങളുടെ ഒരു ശൃംഖല തന്നെയുണ്ട്. ചെറുകിട-കുടിൽ വ്യവസായങ്ങൾ പലതും നാശോൻമുഖമാകുകയോ, തകർച്ചയെ നേരിടുകയോ ചെയ്യുന്നു. വ്യവസായമേഖലയുടെ വളർച്ച സാമ്പത്തിക വളർച്ചയോടൊപ്പം ശാസ്ത്രസാങ്കേതിക വളർച്ചയിലേക്കും നയിച്ചിട്ടുണ്ട്. നമ്മുടെ വ്യവസായങ്ങൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും വിദഗ്ധരും, അവിദഗ്ധരുമായ തൊഴിൽ രഹിതരുടെ സംഖ്യ വർദ്ധിക്കുന്നതിനൊപ്പം തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും തൊഴിൽരഹിതരെയാകെ ഉൾകൊള്ളാനും ഇന്നും കൗമാരാവസ്ഥയിലുള്ള നമ്മുടെ വ്യവസായ മേഖലയ്ക്കു കഴിയുന്നില്ല.

ഇന്ത്യയിൽ വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേന്ദ്ര മുതൽമുടക്കിൽ അവഗണിക്കപ്പെടുന്നതും സ്വകാര്യസംരംഭകരുടെ കുറവും, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഈ ദു:സ്ഥിതിയ്ക്കു കാരണം. കേരളത്തിൽ വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് വയനാട്. തരിയോട്-ഈ ജില്ലയിലെ ജനസംഖ്യയിലും, വിഭവശേഷിയിലും ഏറ്റവും പിന്നോക്കം നിൽക്കുന്ന 2 പഞ്ചായത്തുകളിലൊന്നാണ്. ഈ പഞ്ചായത്തിന്റെ വളർച്ചയിൽ വ്യവസായമേഖല നാമമാത്രമായ ഒരു പങ്ക് മാത്രമാണ് വഹിക്കുന്നത്. 77.17 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിൽ 1969 കുടുംബങ്ങളാണ് അധിവസിക്കുന്നത്. 5200 പുരുഷൻമാരും 5036 സ്ത്രീകളുമടക്കം 10236





ആണ് ജനസംഖ്യ. ഇതിൽ പട്ടികവർഗ്ഗ ജനസംഖ്യ 2288ഉം പട്ടികജാതി ജനസംഖ്യ 210ഉം ആണ്. തൊഴിലെടുക്കാൻ കഴിയുന്നവർ ജനസംഖ്യയിൽ 60 ശതമാനത്തോളം പേരാണ് (സുമാർ 6000). ഇവരിൽ കർഷകരും, കർഷകതൊഴിലാളികളുമാണ് ബഹുഭൂരിപക്ഷവും തൊഴിൽരഹിതരും നാമാത്ര തൊഴിലുള്ളവരും ഇവരിൽ പകുതിയോളം പേരാണ്. ജനസംഖ്യയുടെ 20% (1200 പേർ) ഭാഗികമായി തൊഴിൽ ഉള്ളവരാണ്. ചെറുകിട വ്യവസായങ്ങളിലും കൈത്തൊഴിലുകളിലും ഏർപ്പെട്ടിട്ടുള്ളവർ 500ൽ പ്പരം പേരുണ്ട്. ഇവരിൽ പകുതിപേരും ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്നവരാണ്. (253 പേർ) കരിങ്കൽക്വോറി, സഹകരണ വസ്ത്രനിർമ്മാണയൂണിറ്റുകൾ, ഇഷ്ടികനിർമ്മാണം, കളിമൺപാത്ര നിർമ്മാണം, DWCRA യൂണിറ്റുകൾ, പരമ്പരാഗത-കൈത്തൊഴിലുകൾ തുടങ്ങി ചുരുക്കം ചില വ്യവസായ സംരംഭങ്ങളാണ് തരിയോടു പഞ്ചായത്തിലുള്ളത്.

ഈ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പൊതുമേഖലാ വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. നിലവിലുള്ള വ്യവസായസംരംഭങ്ങളെ സഹകരണമേഖലയെന്നും സ്വകാര്യമേഖലയെന്നും 2 ആയി തരംതിരിക്കാം.

### സഹകരണ വ്യവസായങ്ങൾ

1. വനിതാ വ്യവസായ സഹകരണസംഘം
2. തരിയോട് പഞ്ചായത്ത് വനിതാ സഹകരണ സംഘം
3. ക്ഷീരവ്യവസായ സഹകരണസംഘം
4. 11-ാം മൈൽ കരിങ്കൽക്വോറി
5. 11-ാം മൈൽ DWCRA ആടുവളർത്തൽ യൂണിറ്റ്
6. ക്ഷീരോൽപ്പന്ന യൂണിറ്റുകൾ (3 എണ്ണം)
7. പത്മാകറി പൗഡർ യൂണിറ്റ്

### സ്വകാര്യവ്യവസായങ്ങൾ

1. റൈസ് ആൻറ് ഫ്ലവർമില്ലുകൾ
2. മൺപാത്രവ്യവസായം
3. ഫൈബർ നിർമ്മാണം
4. പപ്പടനിർമ്മാണം
5. ഇഷ്ടിക നിർമ്മാണം
6. അടയ്ക്ക സംസ്കരണം
7. കുട്ട, മുറം, പരമ്പ് വ്യവസായം
8. ടൈലറിംഗ് യൂണിറ്റുകൾ
9 സോഡാ ഫാക്ടറി
10. ബേക്കറി വ്യവസായം

### *വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ*

1. വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മൂലധനം മുടക്കാൻ കഴിയുന്നവർ ഇല്ല.
2. വ്യവസായ സംരംഭങ്ങളെക്കുറിച്ച് അറിവില്ലായ്മ
3. ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്ന് വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹകരണം ലഭിക്കാത്തത്.
4. വൈദ്യുതി ലഭിക്കാനുള്ള വിഷമം
5. ഗതാഗത സൗകര്യങ്ങളുടെ കുറവ്
6. വിപണന സൗകര്യങ്ങളുടെ കുറവ്
7. സഹകരണ മേഖലയിലെ വ്യവസായങ്ങളിൽ മാനേജ്മെൻറിൻെറ കഴിവുകേടും താല്പര്യമില്ലായ്മയും
8. വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായയ വിദഗ്ദ്ധരുടേയും പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ദൗർല്ലഭ്യം.
9. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർല്ലഭ്യം.
10. ബാങ്കുകൾ ധനസഹായം നൽകാൻ വൈമുഖ്യം കാണിക്കുന്നത്

മേൽപ്പറഞ്ഞവയാണ് ഈ പഞ്ചായത്തിലെ വ്യവസായമെഖല നേരുടുന്ന പ്രധാന പ്രശ്നങ്ങൾ.

# നിലവിലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | വാർഡ് | ചെറുകിട വ്യവസായങ്ങളുടെ പേര് | എണ്ണം | പൊതുവായത്/ സ്വകാര്യം/സഹ കരണം/കുടിൽ | തൊഴിലാ ളികൾ | പുരുഷൻമാർ/ വനിതകൾ | ലാഭം/ നഷ്ടം | ഉൽപന്നങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | I | a കരിങ്കൽ ക്വാറി | 10 | സഹകരണം-1 സ്വകാര്യം 9 | 200 | | ലാഭം | കരിങ്കൽ ഉൽപ്പന്നങ്ങൾ |
| 2 | I | b ആടുവളർത്തൽ | 1 | സഹകരണം | 10 | വനിതകൾ | ലാഭം | പാൽ,തുകൽ,ഇറച്ചി, ജൈവവളം |
| 3 | I | c റൈസ്മിൽ | 2 | സ്വകാര്യം | 2 | പുരുഷൻ | ലാഭം | ധ്യാനങ്ങൾ കുത്തുകയും പൊടിക്കുകയും ചെയ്യുന്നു. |
| 4 | I | d പരമ്പരാഗത തൊഴിൽ | | കുടിൽ | 6 | പുരുഷൻ, വനിത | നഷ്ടം | കുട്ട, മുറം പനമ്പ് തുടങ്ങിയവ |
| 5 | I | e ക്ഷീരോൽപന്ന യൂണിറ്റ് | | സഹകരണം | 4 (ഭാഗികം) | വനിത | ലാഭം | പാൽ ഉൽപ്പന്നങ്ങൾ |
| 6 | II | a ക്ഷീരോൽപന്ന യുണിറ്റ് | 2 | സഹകരണം | 8 (ഭാഗികം) | വനിത | ലാഭം | പാൽ ഉൽപ്പന്നങ്ങൾ |
| 7 | II | b റൈസ്മിൽ | 2 | സ്വകാര്യം | 2 | പുരുഷൻ | ലാഭം | ധാന്യങ്ങൾക്കുത്തു കയും പൊടിക്കുകയും |
| 8 | II | c ഫൈബർ യൂണിറ്റ് | 1 | സ്വകാര്യം | 1 | പുരുഷൻ | ലാഭം | സ്റ്റൂൾ, കസേര, മറ്റു ഫൈബർ ഉൽപ്പന്നങ്ങൾ |
| 9 | II | d മത്സ്യവിപണനം | | | | | | |
| 10 | III | a ക്ഷീരോൽപന്ന യുണിറ്റ് | 1 | സഹകരണം | | വനിതകൾ | | |
| 11 | III | b റൈസ്മിൽ | 1 | സ്വകാര്യം | 1 | പുരുഷൻ | ലാഭം | ധ്യാനങ്ങൾ കുത്തുകയും പൊടിക്കുകയും ചെയ്യുന്നു. |
| 12 | IV | a വ്യവസായങ്ങൾ ഇല്ല. | | | | | | |
| 13 | V | a പത്മ കറി പൗഡർ യൂണിറ്റ് | 1 | സഹകരണം | 14 | വനിത | നഷ്ടം | കറിപൗഡർ നിർമ്മാണം, ധാന്യങ്ങളുടെ കുത്തലും പൊടിക്കലും |
| 15 | " | a ഫോട്ടോഫ്രെയിം | 1 | സ്വകാര്യം | 1 | പുരുഷൻ | ലാഭം | ഫോട്ടോ നിർമ്മാണം |
| 16 | " | d പപ്പടനിർമ്മാണം | 2 | കുടിൽ | 8 | പുരു/വനിത | നഷ്ടം | പപ്പട നിർമ്മാണം |
| 17 | " | d റൈസ്മിൽ | 4 | സ്വകാര്യം | 4 | പുരുഷൻ | ലാഭം | ധാന്യങ്ങൾ കുത്തുകയും പൊടിക്കുകയും ചെയ്യുന്നു. |
| 18. | " | d ഇഷ്ടിക നിർമ്മാണം | 3 | സ്വകാര്യം | 30 | പുരു/വനിത | ലാഭം | ഗൃഹനിർമ്മാണത്തിനാ വശ്യമായ ഇഷ്ടിക നിർമ്മാണം |
| 19. | VI | a ഇഷ്ടിക നിർമ്മാണം | 2 | സ്വകാര്യം | 20 | കൂട്ടായി | ലാഭം | ഗൃഹനിർമ്മാണത്തിനാ വശ്യമായ ഇഷ്ടിക നിർമ്മാണം |
| 20 | " | b പപ്പടനിർമ്മാണം | 1 | കുടിൽ | 4 | കൂട്ടായി | നഷ്ടം | പപ്പടനിർമ്മാണം |





| | | | | | | | | |
|---|---|---|---|---|---|---|---|---|
| 21 | " | c റൈസ്മിൽ | 2 | സ്വകാര്യം | 2 | പുരുഷൻ | ലാഭം | ധാന്യങ്ങൾ പൊടിക്കയും കുത്തുകയും ചെയ്യുന്നു. |
| 22 | " | സോഡാഫാക്ടറി | 1 | സ്വകാര്യം | (ഭാഗികം) | 1 പുരുഷൻ | ലാഭം | സോഡാനിർമ്മാണം |
| 23 | VII | a കളിമൺവ്യവസായം | | കുടിൽ | 20 | കൂട്ടായി | നഷ്ടം | മൺപാത്രങ്ങൾ, പൂച്ചട്ടികൾ, കരകൗശലവസ്തുക്കൾ |
| 24 | " | b വനിതാ സഹകരണസംഘം | 1 | സഹകരണം | 8 | വനിത | - | വസ്ത്രനിർമ്മാണം, കറിപൗഡർ,ഏലം തുടങ്ങിയവയുടെ പേക്കിംഗ്, തേനീച്ച |
| 25 | " | c പാൽ സൊസൈറ്റി | 1 | സഹകരണം | 43 | പുരുഷൻ /1 വനിത | | പാൽശേഖരണവും വിൽപ്പനയും |
| 26 | " | d പരമ്പരാഗതം | | കുടിൽ | 10 | കൂട്ടായി | നഷ്ടം | കുട്ട, മുറം, പരമ്പ്, മുതലായവ നിർമ്മാണം |
| 27 | " | e ഇഷ്ടിക നിർമ്മാണം | 7 | സ്വകാര്യം | 70 (ഭാഗികം) | കൂട്ടായി | ലാഭം | ഇഷ്ടിക നിർമ്മാണം |
| 28 | VIII | a പരമ്പരാഗതം | | കുടിൽ | 10 | കൂട്ടായി | നഷ്ടം | കുട്ട, മുറം., പരമ്പ് മുതലായവ നിർമ്മാണം |
| | | b റൈസ്മിൽ | 2 | സ്വകാര്യം | 2 | പുരുഷൻ | ലാഭം | ധാന്യങ്ങൾ കുത്തുകയും പൊടിക്കുകയും ചെയ്യുന്നു. |
| ആകെ | | | | | 500 | | | |

## *1.* 11-ാം മൈൽ കരിങ്കൽക്വാറി

പൊതുമരാമത്ത് വകുപ്പിനുവേണ്ടി സർക്കാർ, സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ നിന്ന് അക്വയർ ചെയ്ത ഈ കരിങ്കൽ ക്വാറിയിൽ ഇപ്പോൾ പാറപൊട്ടിച്ചു വിൽക്കുന്ന ജോലി നടക്കുന്നുണ്ട്. ബോർഡർ, സോളിംഗ്, 1.5 ജല്ലി, മുതലായ ഉൽപ്പന്നങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. ഈ തൊഴിലുകളിൽനേരിട്ട് ഏർപ്പെട്ടിരിക്കുന്നവർ 200-ൽപ്പരം പേർ വരും. പരോക്ഷമായി 300-ൽപ്പരം പേരും ഇതിൻെറ 1/3 ഭാഗം അമ്പലവയൽ മൈനിംഗ് സൊസൈറ്റിയുടെ ഒരു ബ്രാഞ്ചുമായും ബാക്കി ഭാഗം 9 സ്വകാര്യവ്യക്തികളുടെകീഴിലും നടത്തുന്നു. പാറ പൊട്ടിച്ചെടുക്കുന്നതിനോ, സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനോ ലൈസൻസില്ലാതെയാണ് പ്രവൃത്തി നടത്തുന്നത്. ഇതു ഒരു സഹകരണ വ്യവസായമാക്കി മാറ്റി സർക്കാരിൻെറ അനുമതിയോടെ നടത്തുന്നതായാൽ 250 പേർക്ക് സ്ഥിരമായി തൊഴിലും 350 പേർക്ക് അനുബന്ധതൊഴിലും ലഭ്യമാക്കാൻ കഴിയും. സർക്കാരിനും, പഞ്ചായത്തിനും ഇന്ന് ലഭിക്കാതെ പോകുന്ന ലക്ഷക്കണക്കിന് രൂപയുടെ വരുമാനം പിരിച്ചെടുക്കാൻ കഴിയും. (ഇതു സംബന്ധിച്ചു സഹകരണ മേഖലയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് കാണുക).

## *(2) വനിതാ-ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി*

V-ാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റാണിത്. വനിതകളുടെ ഒരു സഹകരണ വ്യവസായ യൂണിറ്റായി ജില്ലാ വ്യവസായ കേന്ദ്രത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും, വിപണനവുമാണ് ഈ യൂണിറ്റിൻെറ പ്രവർത്തനമേഖല.





ഇപ്പോൾ അംഗങ്ങളിൽ ന്യൂനപക്ഷത്തിനു മാത്രമാണ് ഇവിടെ തൊഴിൽ ലഭിക്കുന്നത്. ഈ വ്യവസായം ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നു. (ഈ വ്യവസായയൂണിറ്റ് സംബന്ധിച്ചു സഹകരമ മേഖല റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട് - കാണുക)

## 3.തരിയോട് പഞ്ചായത്ത്

## വനിതാ സഹകരണസംഘം

ഈ വർഷം റജിസ്റ്റർ ചെയ്യപ്പെട്ടവ ഒരു വനിതാ സഹകരണ വ്യവസായ യൂണിറ്റാണിത്. തയ്യൽ പരിശീലനം മാത്രമാണിവിടെ നടക്കുന്നത്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡർ നിർമ്മാണം തേനീച്ച വളർത്തൽ എന്നീ മേഖലകളിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ യൂണിറ്റിൽ 8 യുവതികൾതൊഴിൽ പരിശീലനം തേടുന്നുണ്ട്. 80 രൂപയാണ് പ്രതിമാസഫീസ്.

(ഈ യൂണിറ്റിനെ കുറിച്ചും സഹകരണമേഖല റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് കാണുക)എ.

## 4. ക്ഷീരവ്യവസായ സഹകരണസംഘം

അടുത്തകാലം വരെ നഷ്ടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സംഘം ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. തരിയോട് പഞ്ചായത്തിലെ ക്ഷീരകർഷകരിൽ ന്യൂനപക്ഷം മാത്രമാണ് ഈ സംഘത്തിൽ പാൽ നൽകുന്നത്. ഇതിൻെറ പ്രവർത്തനമേഖല വളർത്തിയെടുക്കുന്നതിനും പഞ്ചായത്തിൽ പാൽ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വിശദമായി സഹകരണമേഖലയെകുറിച്ചുള്ള റിപ്പോർട്ടിലും, മൃഗസംരക്ഷണത്തെകുറിച്ചുള്ള റിപ്പോർട്ടിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## 5. ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റുകൾ

ക്ഷീരവികസന വകുപ്പിൻെറ സഹായത്തോടെ പ്രവർത്തിക്കുന്ന 3 യൂണിറ്റുകളാണ്ഈ പഞ്ചായത്തിലുള്ളത്. ഇവയെ സംബന്ധിച്ചും സഹകരണമേഖലയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 6. പത്മാ കറിപൗഡർ

കല്പറ്റ വികസന ബ്ലോക്കിൽനിന്നും IRDP പ്രകാരം ലഭിച്ച ധനസഹായമുപയോഗിച്ചു 15 വനിതകൾ ചേർന്ന് നടത്തുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റാണിത്. കറി പൗഡർ നിർമ്മിച്ചു വിൽക്കുക, ധാന്യങ്ങൾപൊടിച്ചു വിൽക്കുക എന്നിവയാണ് പ്രവർത്തനങ്ങൾ. വ്യവസായ കേന്ദ്രത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിടുന്നു. (സഹകരണമേഖലയുടെ റിപ്പോർട്ട് കാണുക).

## 7. പരമ്പരാഗത വ്യവസായങ്ങളും

## കുടിൽ വ്യവസായങ്ങളും

**(1) മൺപാത്രനിർമ്മാണം:-** ആദി ആന്ധ്ര - ആദി ദ്രാവിഡ വിഭാഗത്തിൽപ്പെട്ട കുമ്പാര സമുദായക്കാരാണ് ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. 6,7എന്നീ വാർഡുകളിൽ താമസിക്കുന്ന 30 കുടുംബങ്ങളിൽ 10 കുടുംബങ്ങൾ മാത്രമാണ് ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. മൺപാത്രങ്ങൾ, പൂച്ചട്ടികൾ എന്നിവയാണ് ഇവർ നിർമ്മിക്കുന്നത്.

അലൂമിനിയം, പ്ലാസ്റ്റിക്, സ്റ്റീൽ പാത്രങ്ങളുടെ വൻതോതിലുള്ള പ്രചാരണം, മൺപാത്രം ഉപയോഗിക്കുന്നതിനുള്ള ജനങ്ങളുടെ വൈമുഖ്യം, കളിമണ്ണിൻെറ ലഭ്യതക്കുറവ്, വിറകിൻെറ ലഭ്യതക്കുറവ് വിപണന സൗകര്യമില്ലാത്തത്, പുതിയ ഡിസൈനുകളും ഗുണമേന്മയുള്ളതുമായ പാത്രങ്ങൾ നിർമ്മിക്കാനറിവില്ലാത്തത്, മൂലധനമില്ലായ്മ തുടങ്ങിയവയാണ് ഈ രംഗത്തെ പ്രശ്നങ്ങൾ.

മൺപാത്രനിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ആവശ്യമായ കളിമണ്ണ് ശേഖരിക്കുന്നതിന് 10 സെൻറ് സ്ഥലം പഞ്ചായത്ത് വിലയ്ക്കെടുത്ത് ഇവർക്ക് പാട്ടത്തിനു നൽകണം. പുതിയ ഡിസൈനുകളിൽ പാത്രം നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം ട്രൈസം പദ്ധതിയിൽപ്പെടുത്തി നൽകേണ്ടതാണ്. ഇവർക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾ യന്ത്രവൽകൃത ചക്രം വാങ്ങാനും പൊതു ചൂള നിർമ്മിക്കാനും വേണ്ട മൂലധനം IRDP വായ്പയായി അനുവദിക്കേണ്ടതാണ്.





മൺപാത്രങ്ങൾ ശേഖരിച്ച് വിപണനം നടത്താൻ ജില്ലാടിസ്ഥാനത്തിൽ ഒരു സഹകരണസംഘം ജില്ലാ പഞ്ചായത്ത് മുൻകൈയ്യെടുത്ത് രൂപീകരിക്കണം. ഇതിനുവേണ്ട പ്രവർത്തനമൂലധനം ബാങ്കുകളിൽ നിന്ന് വായ്പയായി ജില്ലാ പഞ്ചായത്തിൻെറ ജാമ്യത്തിൻമേൽ വാങ്ങാവുന്നതാണ്.

## പപ്പടനിർമ്മാണം

മൂന്നുകുടുംബങ്ങളിലായി 12 അംഗങ്ങൾ പപ്പട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നു. ഇവരുടെ പരമ്പരാഗത തൊഴിലാണിത്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധന, വിപണനസൗകര്യമില്ലായ്മ, മഴക്കാലത്ത് ഉൽപ്പാദനം നടത്താൻ കഴിയാത്തത് മുതലായവയാണ് ഈ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ.

ഇവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ റേഷൻ കടയിലൂടെ ന്യായവിലയ്ക്കു നൽകാൻ സംവിധാനമുണ്ടാക്കണം. ഖാദിഗ്രാമവ്യവസായ കേന്ദ്രത്തിൽ നിന്ന് ഇവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകണം. പഞ്ചായത്തിൻെറ ജാമ്യത്തിൻമേൽ വായ്പ നൽകാനാവശ്യമായ ചട്ടങ്ങൾ ഖാദിഗ്രാമ വ്യവസായ വായ്പാ ചട്ടങ്ങളിൽ ഉൾപ്പെടുത്തണം. പപ്പടത്തോടൊപ്പം, കേടുവരാത്ത പലഹാരങ്ങൾ, നിർമ്മിച്ചു വിൽക്കുന്നതിനും വായ്പയെടുക്കുന്ന മൂലധനം ഉപയോഗിക്കണം. പലഹാരങ്ങൾ വിൽക്കുന്നതിനും പപ്പടം വിൽക്കുന്നതിനും വേണ്ടി ഒരു തട്ടുകട (ഉന്തുവണ്ടിയിൽ പ്രവർത്തിക്കുന്ന കട) ആരംഭിക്കാവുന്നതാണ്. ഇതു വാങ്ങുന്നതിന് IRDP പദ്ധതിയിൽ സബ്സിഡിയോടു കൂടി ഈ തൊഴിലാളികൾക്ക് വായ്പ നൽകിയാൽ തട്ടുകട വാങ്ങി ഒരു സഹകരണ യൂണിറ്റായി ഇതു പ്രവർത്തിപ്പിക്കാവുന്നതാണ്.

## കുട്ട, മുറം, പായ, പരമ്പ് നിർമ്മാണം

തരിയോട് പഞ്ചായത്തിൽ ഈ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ ഒന്ന്, രണ്ട്, എട്ട് വാർഡുകളിലുണ്ട്. നമ്മുടെ പഞ്ചായത്തിലുള്ള വനങ്ങളിൽ നിന്ന് ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കാൻ വനം വകുപ്പ് ഈ കുടുംബങ്ങൾക്ക് ലൈസൻസ് നൽകണം. തോടുകളുടെ കരകളിൽ, ഈറ്റ, കൈത (തഴ) എന്നിവ വ്യാപകമായി നട്ടുപിടിപ്പിക്കാൻ മണ്ണു സംരക്ഷണ വകുപ്പ് ഒരു പദ്ധതി തയ്യാറാക്കുകയാണെങ്കിൽ വേണ്ടത്ര അസംസ്കൃതവസ്തുക്കൾ ഉല്പാദിപ്പിക്കാൻ കഴിയും. ഈ വ്യവസായം തരിയോട് പഞ്ചായത്തിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള പട്ടികവർഗ്ഗസഹകരണസംഘത്തിൻെറ ഒരു യൂണിറ്റായി പ്രവർത്തിപ്പിക്കാവുന്നതാണ്. (പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തെകുറിച്ചുള്ള റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്).

## ഇഷ്ടികനിർമ്മാണം

തരിയോട് പഞ്ചായത്തിൻെറ 5,6,7 എന്നീ വാർഡ് കളിലായി 12 ഇഷ്ടിക നിർമ്മാണയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 120 ഓളം തൊഴിലാളികൾ ഈ ഇഷ്ടിക കളങ്ങളിൽ ജോലിചെയ്യുന്നു. ഇഷ്ടിക നിർമ്മാണത്തിന് സ്വന്തം വയൽ ഉപയോഗിക്കുന്നവർ 2 പേർ മാത്രമാണ്. ബാക്കിയുള്ളവർ വയൽ പാട്ടത്തിനെടുത്താണ് ഈ വ്യവസായം നടത്തുന്നത്. വേനൽക്കാലത്ത് മാത്രമേ ഉൽപ്പാദനം നടത്താൻ കഴിയൂ. 1.5 കോടിയോളം ഇഷ്ടിക ഇവിടെ ഉൽപ്പാദിപ്പിച്ചു വിൽക്കുന്നു. സ്വകാര്യകെട്ടിട നിർമ്മാതാക്കളും കരാറുപണിക്കാരുമാണ് ഇഷ്ടിക വൻതോതിൽ വാങ്ങുന്നത്. 1000 ഇഷ്ടികക്ക് 900 മുതൽ 1200 രൂപ വരെയായിരുന്നു 1996ലെ വില നിലവാരം. ഇഷ്ടികകളുടെ മണ്ണ് കിളക്കൽ, കുഴയ്ക്കൽ എന്നിവ പുരുഷതൊഴിലാളികളും മണ്ണ് ചുമക്കൽ, ഇഷ്ടിക ചൂളയിലേക്ക് ചുമക്കൽ, ഇഷ്ടിക അടുക്കൽ, വാഹനത്തിൽ കയറ്റൽ എന്നിവ സ്ത്രീകളും പുരുഷൻമാരുമാണ് ചെയ്യുന്നത്. പുരുഷതൊഴിലാളികൾക്ക് 80 രൂപമുതൽ 100 രൂപ വരെയും സാധാരണജോലിക്കാർക്ക് ഇഷ്ടികമുറിക്കുന്നതിന് കരാർ കൂലിയുമാണ്. സ്ത്രീ തൊഴിലാളികൾക്ക് 50 രൂപ മുതൽ 60 രൂപ വരെയാണ് കൂലി. പ്രതിവർഷം ഒരു തൊഴിലാളിക്ക് 90 മുതൽ 100 ദിവസം വരെയാണ് ജോലി ലഭിക്കുന്നത്. ഇഷ്ടികയുടെ ഉപഭോഗം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനാൽ ഉൽപ്പന്നത്തിന് നല്ല മാർക്കറ്റുണ്ട്. എന്നാൽ ഗുണനിലവാരം കുറഞ്ഞുപോകുന്നതും, ഇഷ്ടികയുടെ വൻവിലകയറ്റവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വിറകിൻെറ വർദ്ധിച്ചുവരുന്ന വിലനിലവാരവും ദൗർല്ലഭ്യവും ഈ വ്യവസായത്തിന് ചെലവ് വർദ്ധിപ്പിക്കുന്നു.

ഈ വ്യവസായം സൃഷ്ടിക്കുന്ന പരിസ്ഥ





മലിനീകരണവും വയലുകൾ ഇഷ്ടികക്കളങ്ങളാക്കുന്നതുമൂലം നെൽകൃഷി കുറഞ്ഞു വരുന്നതും ഫലപുഷ്ടിയുള്ള മേൽമണ്ണ് നീക്കം ചെയ്യപ്പെടുന്നതിനാൽ വർഷങ്ങളോളം ഈ കളങ്ങൾ കൃഷി ചെയ്യാതെ ഒഴിച്ചിടേണ്ടിവരുന്നതും പരിഗണിക്കേണ്ട ഗൗരവമേറിയ പ്രശ്നങ്ങളാണ്. ഇവിടുത്തെ ഇഷ്ടിക നിർമ്മാതാക്കൾ ആരും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഭൂവിനിയോഗ നിയമം ലംഘിക്കപ്പെടുന്നതിൻെറ പേരിൽ റവന്യൂവകുപ്പ് ഇവർക്കെതിരെ നടപടിയെടുക്കാറില്ല.

ഈ രംഗത്തെ തൊഴിലാളികൾക്ക് തൊഴിൽ നിലനിർത്താനും, പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഇഷ്ടിക വൻതോതിൽ ആവശ്യമുള്ളതിനാലും ഈ വ്യവസായം പരിപോഷിപ്പിക്കേണ്ടതുണ്ട്.

ഇതിനായി ഇഷ്ടിക നിർമ്മാണരംഗത്തെ തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സൊസൈറ്റി രൂപീകരിക്കണം. ഈ സൊസൈറ്റിക്ക് ഖാദിബോർഡിൽ നിന്ന് വായ്പയായി മൂലധനം സ്വരൂപിക്കാൻ കഴിയും. 7-ാം വാർഡിൽ ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യമായതും ഇപ്പോൾ കളങ്ങളായിട്ടുള്ളതുമായ 2 ഏക്കർസ്ഥലം ബ്ലോക്ക് പഞ്ചായത്ത് അക്വയർ ചെയ്യണം. പ്രസ്തുത സ്ഥലം മേൽപ്പറഞ്ഞ സൊസൈറ്റിക്ക് പാട്ടത്തിന് നൽകാവുന്നതാണ്. പാട്ടത്തോടൊപ്പം പഞ്ചായത്ത് ലൈസൻസ് ഫീസും ഇതിലൂടെ പഞ്ചായത്തിന് ലഭിക്കും. സൊസൈറ്റി ആവശ്യമായ ലൈസൻസുകളും റവന്യൂ അനുമതിയും വാങ്ങണം. 6 ചൂളകൾ വീതം നിർമ്മിക്കുന്നതായാൽ 50000 ഇഷ്ടിക വീതം ഒരു തവണ 3 ലക്ഷം ഇഷ്ടികയും 4മാസം കൊണ്ട് 120 ലക്ഷം ഇഷ്ടികയും നിർമ്മിച്ചു വിൽക്കാൻ കഴിയും. ഇതുവഴി 120 തൊഴിലാളികൾക്ക് (ഒരു ചൂളയിൽ 20 വീതം) 100 ദിവസം മൊത്തം 12000തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും. വനം വകുപ്പിൻെറ അനുമതിയോടെയും മേൽനോട്ടത്തിലും ഉണങ്ങിവീണ മരങ്ങൾ ശേഖരിച്ച് വിലയ്ക്ക് വാങ്ങി ചൂളയ്ക്കാവശ്യമായ വിറകായി ഉപയോഗിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകണം. 1000 ഇഷ്ടികയ്ക്ക് 1000 രൂപയിൽ അധികരിക്കാത്ത വിലയ്ക്ക് വിൽക്കാൻ സൊസൈറ്റിക്കു കഴിയും. ഇതിലൂടെ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ഇഷ്ടിക ലഭ്യമാവുകയും ചെയ്യും. സ്ഥലം അക്വയർ ചെയ്യാൻ വേണ്ടിവരുന്ന സംഖ്യ ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ വാങ്ങാൻ പഞ്ചായത്ത് ചട്ടത്തിൽ ആവശ്യമായ ഭേദഗതി സർക്കാർ വരുത്തണം.

## സോഡനിർമ്മാണം

കാവുമന്ദത്ത് ബാങ്ക് വായ്പയെടുത്ത് സ്വകാര്യവ്യക്തി നടത്തുന്ന ഒരു യൂണിറ്റാണിത്. ഇപ്പോൾ 2 തൊഴിലാളികൾക്കു മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. വേനൽക്കാലത്തു മാത്രമേ ഇവിടെ ഉല്പാദനം നടക്കുകയുള്ളു. വാടകയ്ക്കെടുത്ത വാഹനത്തിൽ തരിയോടു പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വിൽപ്പന നടത്തുന്നു.

ഈ യൂണിറ്റിൽ സ്ക്വാഷ് ചേർത്ത് സോഡയുണ്ടാക്കി ലേബൽ ഒട്ടിച്ചുവിൽക്കാൻ ലൈസൻസ് എടുക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്താൽ 2 തൊഴിലാളികൾക്കുകൂടി ഫാക്ടറിയിലും 2 പേർക്കുകൂടി വിതരണ രംഗത്തുംതൊഴിൽ നൽകാൻ കഴിയും. വ്യവസായ കേന്ദ്രത്തിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റായി രജിസ്റ്റർ ചെയ്യണം. വ്യവസായ കേന്ദ്രത്തിൽ നിന്ന് ഒരു കാരിയർ ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള വായ്പ ലഭ്യമാക്കിയാൽ വിപണനം കാര്യക്ഷമമാക്കാൻ കഴിയും.

## വെൽഡിംഗ് ഇൻഡസ്ട്രി

പഞ്ചായത്തിൽ VI- ാം വാർഡിൽ കാവുംമന്ദത്തായി ഒരു സ്വകാര്യ വെൽഡിംഗ് ഇൻഡസ്ട്രി പ്രവർത്തിക്കുന്നുണ്ട്. 4 തൊഴിലാളികൾ പ്രവർത്തിക്കുന്ന ഈ യൂണിറ്റ് ലാഭകരമാണ്. കൂടുതൽ വായ്പാസൗകര്യം ഏർപ്പെടുത്താൻ വ്യവസായ കേന്ദ്രത്തിൽ ചെറുകിട വ്യവസായ യൂണിറ്റായി രജിസ്റ്റർ ചെയ്യണം. ഷെഡ്യൂൾഡ്ബാങ്കിൽ നിന്ന് വായ്പ നൽകണം. ആവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങിഗേറ്റ്, ഗ്രിൽസ് മുതലായവ നിർമ്മിച്ച് ആവശ്യക്കാർക്ക് വിൽക്കാൻ കഴിയും.





## റൈസ് ആൻറ് ഫ്ലവർമിൽ

പഞ്ചായത്തിൽ സ്വകാര്യ മെഖലയിൽ 13 മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അധികവും ലാഭകരമായി പ്രവർത്തിക്കുന്നു. താരതമ്യേന റൈസ്മില്ലുകൾ കുറവായതിനാലും ഇനി ഈ യൂണിറ്റ് തുടങ്ങിയാൽ വിജയിക്കുമെന്നുള്ളതിനാലും തരിയോട് 10-ാം മൈലിൽ ഇത് തുടങ്ങാവുന്നതാണ്.

## ഫോട്ടോഫ്രെയിം യൂണിറ്റ്

5-ാം വാർഡിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഈ യൂണിറ്റ് സ്വകാര്യവ്യക്തികുടിൽ വ്യവസായമായി നടത്തുന്നു. വിപണി കണ്ടെത്തി വികസിപ്പിക്കാവുന്ന ഒരു മേഖലയാണിത്.

## ഫൈബർ ഗ്ലാസ് യൂണിറ്റ്

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നു. പരീക്ഷണാഇസ്ഥാനത്തിൽ ചില ഉല്പന്നങ്ങളേ നിർമ്മിക്കുന്നുള്ളൂ. കൂടുതൽ വൈവിധ്യ സാധ്യതയുണ്ട്. ഡിഷ് ആൻറിന, ഡൈനിംഗ്ടേബിൾ തുടങ്ങി അനവധി ഉപകരണങ്ങൾ നിർമ്മിക്കാൻ സാധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ 15 ടൈലറിംഗ് യൂണിറ്റുകൾ ഉണ്ട്, എല്ലാം സ്വകാര്യവ്യക്തികൾ നടത്തുന്നവയാണ്. ഇവയിൽ 40 പേർക്ക് തൊഴിൽ ലഭിക്കുന്നു.

കാവുമന്ദം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 32 ടാക്സി ജീപ്പുകളും 10 ഓട്ടോറിക്ഷകളുമുണ്ട്. ലോറികളുടെ എണ്ണം മൂന്നും വാൻ, കാര്യർ ഓട്ടോറിക്ഷ ഒന്നുണ്ട്.കാര്യർ ജീപ്പിന് സാധ്യതയുണ്ട്.

## അടയ്ക്കസംസ്കരണ കേന്ദ്രം

149231 കവുങ്ങ് കൃഷിയുള്ള ഈ പഞ്ചായത്തിൽ രണ്ട് സ്വകാര്യ അടയ്ക്കാ സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. നാൽപ്പതോളം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ഭാഗികമായി തൊഴിൽ ചെയ്യുന്നു. പുറമെ അടയ്ക്ക പറിക്കലും ചുമക്കലും മറ്റുമായി 12 പേരും ഏറെ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു വ്യവസായമാണിത്.

## സർവ്വീസ് സെൻറർ

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ലാഭകരമായി മൂന്ന് സൈക്കിൾ സർവ്വീസ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. 3 തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന ഈ സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനത്തിന് സ്വയം തൊഴിൽ വായ്പ ആവശ്യമാണ്.

## സൗണ്ട് ആൻറ് ലൈറ്റ് യൂണിറ്റ്

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു ലൈറ്റ് ആൻറ് സൗണ്ട് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയും ആധുനിക ഉപകരണങ്ങളുടെ അഭാവവും ഈ സ്ഥാപനത്തിൻെറ വളർച്ചയെ ബാധിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും സ്ഥലപരിമിതിയും പരിഹരിക്കണം. സൗത്ത് മലബാർ ഗ്രാമീണബാങ്കിൽ നിന്ന് സ്വയം തൊഴിൽ വായ്പ ആനുവദിക്കുകയാണെങ്കിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ കഴിയും.

## ബാർബർഷോപ്പ്

ഈ പഞ്ചായത്തിൽ 8 ബാർബർഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൊട്ടാകെ 13 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇനിയും സാധ്യതയുണ്ട്.

## പൊതുവിതണമേഖല

ഈ പഞ്ചായത്തിൽ മൂന്ന് പൊതുവിതരമ കേന്ദ്രങ്ങളാണുള്ളത്. 6 തൊഴിലാളികൾ പ്രവർത്തിക്കുന്നു. ചെന്നലോട് ഒരു പൊതുവിതരണകേന്ദ്രം ആരംഭിക്കാവുന്നതാണ്. 2 പേർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നു.

വാണിജ്യസ്ഥാപനങ്ങൾ: ഈ പഞ്ചായത്തിലെ വാണിജ്യസ്ഥാപനങ്ങളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | ഇനം | എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | സ്റ്റേഷനറി | 24 | 24 |
| 2 | പലചരക്ക് | 25 | 35 |
| 3 | ഹോട്ടൽ | 17 | 50 |
| 4 | മലഞ്ചരക്ക് | 17 | 31 |
| 5 | ടെക്സ്റ്റയിൽ | 8 | 10 |
| 6 | വളം | 2 | 2 |
| 7 | മറ്റ്കടകൾ | 16 | 18 |





## ആട്‌വളർത്തൽ യൂനിറ്റ്

പഞ്ചായത്തിൽ 1-ാം വാർഡിൽ 11-ാം മൈൽ ഭാഗത്തായി രജിസ്റ്റർ ചെയ്ത് ഒരുആട് വളർത്തൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വനിതകളാണിത് നടത്തുന്നത്. ലാഭകരമായി നടത്തുന്ന ഈ യൂണിറ്റ് പ്രാരംഭ ദശയിലാണ് വിപുലീകരണ സാധ്യതയുണ്ട്.

## ബേക്കറി വ്യവസായം

ഈ പഞ്ചായത്തിൽ 3 ബേക്കറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിനാവശ്യമായ ബ്രെഡ്, ബിസ്ക്കറ്റ്, റസ്ക്ക് തുടങ്ങിയവ ഭൂരിഭാഗവും പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. നിലവിലുള്ളവ യന്ത്രവൽക്കരിച്ച് കൂടുതൽ വിജയകരമായി നടത്താൻ കഴിയും.

## ഹോട്ടൽ വ്യവസായം

തരിയോട് പഞ്ചായത്തതി ആകെ 17 ഹോട്ടലുകളുണ്ട്. ഇവയിലൊന്നുപോലും ഉയർന്ന നിലവാരം പുലർത്തുന്നതല്ല, ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹോട്ടലുകളൊന്നും ഇല്ല. ലാഭകരമായി പ്രവർത്തിക്കുന്ന ഇവയിൽ 50 തൊഴിലാളികളുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി നിലവാരമുള്ള ഹോട്ടലുകൾ ആരംഭിക്കാം.

തരിയോട് പഞ്ചായത്തിൽ താഴെപറയുന്ന വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

## I സഹകരണവ്യവസായങ്ങൾ

സഹകരണ കരിങ്കൽ ക്വാറി വ്യവസായം (ഈ റിപ്പോർട്ടിന്റെ 8-ാം ഭാഗത്ത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്)

## റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ്

തരിയോട് എച്ച്.എസ്. കേന്ദ്രമായി പ്രവർത്തിക്കുന്ന വനിതാ സഹകരണ സംഘത്തിൽ ഇപ്പോൾ ടൈലറിംഗ് പരിശീലനം മാത്രമാണ് നടക്കുന്നത്. ഇവിടെ റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മിക്കാനുള്ള നിർദ്ദേശം സഹകരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. പുതുതായി ഒരു ഗർമെൻറ്സ് യൂണിറ്റ് സഹകരണ മേഖലയിൽ ചെന്നലോട് കേന്ദ്രമാക്കി സ്ഥാപിക്കാവുന്നതാണ്.

## കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്

സഹകരണമേഖലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ-കോഴിത്തീറ്റ-നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. തരിയോട് പഞ്ചായത്തിൽ 4782 കന്നുകാലികളാണ്. 1981-ലെ സെൻസസ് പ്രകാരമുള്ളത് 1996ലെ കണക്കുപ്രകാരം 1280 കന്നുകാലികളുണ്ട്. വിവിധ കമ്പനികളുല്പാദിപ്പിക്കുന്ന കാലിത്തീറ്റ വൻവില കൊടുത്താണ് കർഷകർ വാങ്ങുന്നത്. കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വിഭവങ്ങൾ ഇവിടെ ലഭ്യമാണ്. ക്ഷീര കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു യൂണിറ്റ് ആരംഭിക്കാൻ ക്ഷീരവ്യവസായ സഹകരണസംഘം മുൻകൈയ്യെടുക്കണം. ഉൽപ്പാദനത്തിനു വേണ്ട ഉപകരണങ്ങൾ വാങ്ങാനും അസംസ്കൃത വസ്തുക്കൾവാങ്ങാനും വേണ്ട മൂലധനം സ്വരൂപിക്കാൻ സഹകരണ ബാങ്കിൽനിന്ന് വായ്പ ലഭ്യമാക്കണം. സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പ് നൽകണം.

## ബേക്കറി വ്യവസായം

ബ്രഡ്, ബിസ്ക്കറ്റ്, ചിപ്സ്, മിക്സ്ചർ, കേക്ക് തുടങ്ങിയ പലഹാരങ്ങൾ നിർമ്മിക്കാൻ പരിചയമുള്ള ബേക്കറി തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരടക്കം താല്പര്യമുള്ളവരെ സംഘടിപ്പിച്ച് ഒരു ബേക്കറി സഹകണാടിസ്ഥാനത്തിൽ തുടങ്ങണം. ഇതിനാവശ്യമായ മൂലധനം വ്യവസായ കേന്ദ്രം വഴി വായ്പയായി നൽകണം. വിൽപ്പന നടത്താൻ കമ്മീഷൻ വ്യവസ്ഥയിൽ സംഘം മെമ്പർമാരെ ഏല്പിക്കാവുന്നതാണ്. കൂടാതെ നമ്മുടെ നാട്ടിലെ കടകളിൽ കൂടിയും വിൽപ്പന നടത്താൻ കഴിയും. ഈ രംഗത്ത് 6 തൊഴിലാളികൾക്ക് നേരിട്ടും 4 പേർക്ക് കമ്മീഷൻ വ്യവസ്ഥയിലും തൊഴിൽ നൽകാൻ കഴിയും. ഇതിന്റെ മറ്റൊരു യൂണിറ്റായി പഴച്ചാറുകൾ സ്ക്വാഷ്, ഫ്രൂട്ട്ജൂസ് മുതലായവ നിർമ്മിക്കുന്ന വ്യവസായവും ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ പഴങ്ങൾ വയനാട്ടിൽ ധാരാളമായി ഉൽപ്പാദിക്കപ്പെടുന്നുണ്ട്.

## അടയ്ക്കസംസ്കരണ വ്യവസായം

ഈ പഞ്ചായത്തതി 149231 കവുങ്ങ്





കൃഷി ചെയ്തിട്ടുണ്ട്. ഇപ്പോൾ കർഷകരുടെ അടയ്ക്ക ശേഖരിച്ച് സംസ്കരിച്ചു വിപണനം നടത്തുന്നത് 2 സ്വകാര്യവ്യവസായികളാണ്. ഇവർ പാട്ടവ്യവസ്ഥയിൽ അടയ്ക്ക വിലയ്ക്കെടുത്ത് തങ്ങളുടെ ഷെഡിൽ കൊണ്ടുവന്ന് വൊളിച്ചു സംസ്കരിച്ചു വിൽക്കുന്നു. കർഷകർക്കു അടയ്ക്കയ്ക്കു ന്യായമായ വില ലഭ്യമാക്കാനും അടയ്ക്ക പറിക്കൽ, പൊളിക്കൽ, സംസ്കരണം എന്നീ വിഭഗങ്ങളിലായി 40 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കാനും കഴിയും. അടയ്ക്കാ കർഷകരെ സംഘടിപ്പിച്ച് സഹകരണമേഖലയിൽ ഒരു വ്യവസായ യൂണിറ്റായി അടയ്ക്കസംസ്കരണ വ്യവസായം നടത്താൻ കഴിയും. ഇതിനുവേണ്ട സംസ്ക്കരണശാലക്കുള്ള സ്ഥലം കാവുമന്ദത്തോ, പരിസരത്തോ വാടകയ്ക്ക് ലഭ്യമാക്കാൻ കഴിയും. അടയ്ക്ക വിലയ്ക്കുവാങ്ങുന്നതിനും മറ്റും വേണ്ടി വരുന്ന മൂലധനം കർഷകരിൽ നിന്ന് ഓഹരിയായി പിരിച്ചെടുക്കാൻ കഴിയും. മാർക്കറ്റിൽവലിയ മത്സരമില്ലാത്തതിനാൽ വിപണനം എളുപ്പമാണ്.

## കാർഷികോപകപണ നിർമ്മാണശാല

തരിയോട് പഞ്ചായത്ത് കാർഷികമേഖലയാണ് കർഷകർക്കും തൊഴിലാളികൾക്കും ആവശ്യമായ പണിയായുധങ്ങൾ ഇന്ന് കമ്പനികൾ ഉൽപ്പാദിപ്പിച്ച് മാർക്കറ്റിലെത്തിക്കുന്നു ഇവയാണ് നമ്മുടെ നാട്ടുകാരും വാങ്ങി ഉപയോഗിക്കുന്നത്.ഇരുമ്പു പണിയിൽ ട്രൈസം പദ്ധതിപ്രകാരം 5 തൊഴിലാളികളെ പണിയായുധ നിർമ്മാണത്തിൽ പരിശീലനം നൽകി IRDP പദ്ധതിപ്രകാരം സ്വയം തൊഴിൽ യൂണിറ്റായി സംഘടിപ്പിച്ച് ഈ വ്യവസായം ആരംഭിക്കാവുന്നതാണ്. പണിയായുധങ്ങൾ പ്രാദേശികാവശ്യങ്ങൾ അനുസരിച്ചുള്ള രൂപഭേദങ്ങളോടും ഗുണമേന്മയോടും കൂടി നിർമ്മിച്ചാൽ പഞ്ചായത്തിൽത്തന്നെ വിപണനം നടത്താൻ കഴിയും. IRDP വിപണനമേള സംഘടിപ്പിച്ച് ഇവയും മറ്റുസ്വയം തൊഴിൽ ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ കഴിയും.

## നീറ്റുകക്ക യൂണിറ്റ്

കൃഷികൾക്ക് ഇന്ന് ഏറെ ആവശ്യമുള്ള രാസവസ്തുവാണ് നീറ്റുകക്ക. വിവിധ കമ്പനികൾ നിർമ്മിച്ച് മാർക്കറ്റിൽ കൊണ്ടുവരുന്ന നീറ്റുകക്കയാണ് നമ്മുടെ നാട്ടിലെ കർഷകർ ഉപയോഗിച്ചുവരുന്നത്. 10-ാം മൈൽ ചെന്നലോട് എന്നിവിടങ്ങളിൽ 5വീതം തൊഴിൽരഹിതരെ സംഘടിപ്പിച്ച് IRDP പദ്ധതിപ്രകാരം സ്വയം തൊഴിലിൽ യൂണിറ്റായി ഈ വ്യവസായം തുടങ്ങാൻ കഴിയും. പ്രവർത്തനമൂലധനത്തിനാവശ്യമായ സംഖ്യ വായ്പയായി ഖാദിബോർഡിൽ നിന്നും അനുവദിക്കണം. അസംസ്കൃതവസ്തുവായ കക്ക കോഴിക്കോട് നിന്ന് കൊണ്ടുവന്ന്നാടൻ കരിയുപയോഗിച്ച് നീറ്റിയെടുത്ത് നീറ്റുകക്കയാക്കുകയും കുമ്മായമായും വിപണനം നടത്താൻ കഴിയും.

## ജൈവവള നിർമ്മാണശാല

ചപ്പുചവറുകൾ, ചാണകം, കാപ്പിത്തൊണ്ട് മുതലായവയുപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നതിന് കൃഷിവകുപ്പ് ഓരോ വാർഡിലും 5 പേർക്കു വീതം പരിശീലനം നൽകണം. അവരെ സ്വയം തൊഴിൽ യൂണിറ്റുകളായി സംഘടിപ്പിച്ച് IRDP പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ 8 വാർഡുകളിലും ജൈവവളനിർമ്മാണ യൂണിറ്റുകൾ രൂപീകരിക്കാൻ കഴിയും.

## ഫർണ്ണിച്ചർ നിർമ്മാണം

ട്രൈസം പദ്ധതിപ്രകാരം മരപ്പണിയിൽ 10 പേർക്ക് പരിശീലനം നൽകി അവരെ സംഘടിപ്പിച്ച് സ്വയം തൊഴിൽ യൂണിറ്റായി സംഘടിപ്പിക്കണം. ഖാദിവ്യവസായ വകുപ്പിൽ നിന്ന് വായ്പ സംഘടിപ്പിച്ച് തൊഴിലുപകരണങ്ങളും മരവും വാങ്ങാൻ കഴിയും. കടച്ചിലിനും ഡിസൈൻ നിർമ്മാണത്തിനും മറ്റുംവേണ്ട ഉപകരണങ്ങൾ വാങ്ങിക്കണം. അവയുപയോഗിക്കുന്നതിന് പരിശീലനം തൊഴിലാളികൾക്കു നൽകണം. പടിഞ്ഞാറത്തറിയലും കൽപ്പറ്റയിലുമുള്ള മരമില്ലുകളിൽ നിന്ന് മരഉരുപ്പടികൾ വാങ്ങി വ്യവസായത്തിന് ഉപയോഗിക്കാൻ കഴിയും. ഇവിടെ ഫർണ്ണിച്ചർ നിർമ്മാണവും വിപണനവും നടത്തുന്ന ഏജൻസികളൊന്നുമില്ലാത്തതിനാൽ വിപണനത്തിനു സാധ്യതയുണ്ട്.

## ടി.വി. അസംബ്ലിംഗ് യൂണിറ്റ്

5 അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ടി.വി. അസംബ്ലിംഗ് പരിശീലനം ട്രൈസം പദ്ധതിപ്രകാരം നൽകി അവരെ IRDP സ്വയം തൊഴിൽ യൂണിറ്റായി സംഘടിപ്പിച്ച് ഈ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ടി.വി.യ്ക്ക് വർദ്ധിച്ചുവരുന്ന ഡിമാൻറ് വിപണനം എളുപ്പമാകും.

## സ്വകാര്യവ്യവസായങ്ങൾ

### 1. ഈർച്ചമിൽ വ്യവസായം

തരിയോട് പ്രദേശത്ത് നിന്നും ധാരളം മരങ്ങൾ വ്യാപാരികൾ വാങ്ങി കോഴിക്കോട്ടും പടിഞ്ഞാറത്തറയിലും മറ്റും എത്തിച്ച് അവിടെയുള്ള

മില്ലുകളിൽ ഈർന്ന് ഉരുപ്പടികളാക്കുന്നു. ഇവിടെ ഭവനനിർമ്മാണത്തിനാവശ്യമായ മരവും പടിഞ്ഞാറത്തറയിലെ മില്ലിൽ കൊണ്ടുപോയവയാണ് ഈർന്ന് കൊണ്ടുവരുന്നത്. സ്വകാര്യമേഖലയിൽ കാവുമരുത്തോ ചെന്നലോടെ ഒരു ഈർച്ചമിൽ സ്ഥാപിച്ചാൽ മരവ്യവസായംഗത്ത് വളരെയേറെ തൊഴിൽ സാധ്യതയുണ്ടാക്കാൻ സാധിക്കും. ഇതിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങാൻ ദേശസാൽകൃത വാണിജ്യബാങ്ക് വായ്പയനുവദിച്ചാൽ സ്വകാര്യവ്യക്തികൾ നടത്താൻ തയ്യാറാകും. വനംവകുപ്പ് ആവശ്യമായ അനുമതി നൽകണം.

**2. ഹവായ്ചപ്പൽ (റബ്ബർ ചെരുപ്പ് നിർമ്മാണം)**

നമ്മുടെ നാട്ടിൽ ജനങ്ങൾ സാധാരണയായി ഉപയോഗിച്ചുവരുന്ന ഹവായ് ചപ്പലുകൾ നിർമ്മിച്ച് മാർക്കറ്റിലെത്തിക്കുന്നത് വൻകിട കമ്പനികളാണ്. വമ്പിച്ച പരസ്യങ്ങളിലൂടെ മാർക്കറ്റ് പിടിച്ചടക്കി അവർ അമിതവിലയ്ക്ക് ചെരുപ്പ് വിറ്റഴിക്കുന്നു. സ്വകാര്യവ്യവസായ സംരംഭമായി ഒരു ഹവായ്ചപ്പൽ നിർമ്മാണയൂണിറ്റ് ഇവിടെ ആരംഭിച്ചാൽ 10 പേർക്കെങ്കിലും തൊഴിൽ ലഭിക്കും കൂടാതെ ന്യായമായ വിലയ്ക്ക് ചപ്പലുകൾ മാർക്കറ്റിൽ വിറ്റഴിക്കാനും കഴിയും.

**3. കാവുമന്ദത്ത് സ്വകാര്യമേഖലയിൽ ഒരു സിനിമാശാല ആരംഭിക്കാൻ കഴിയും**

## *1. ഖാദിഗ്രാമവ്യവസായ യൂണിറ്റുകൾ*

ലറ്റർ, റക്സിൻ, ക്യാൻവാസ് എന്നിവയുപയോഗിച്ച് ഷൂ, ബാഗ്, കിറ്റ് മുതലായവ നിർമ്മിക്കുന്നതിന് 10-ാംമൈൽ ചെന്നലോട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. സ്വയം തൊഴിൽ നേടാൻ താല്പര്യമുള്ള സ്ത്രീകളുടെ വ്യവസായ യൂണിറ്റായി ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ വായ്പ ഖാദിബോർഡ് അനുവദിക്കണം. പരിശീലനവും നൽകണം.

2.സോപ്പ്, പശ, മെഴുകുതിരി, ഫയൽ ബോർഡ്, റൈറ്റിംഗ്പാഡ്, എന്നിവ നിർമ്മിക്കുന്ന ഒരു സ്വയം തൊഴിൽ വ്യവസായ യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയുന്നതിനുവേണ്ട വായ്പയും പരിശീലനവും ഖാദിബോർഡ് നൽകണം.

## *II സർക്കാർ തുടങ്ങേണ്ട വ്യവസായങ്ങൾ*

1. വയനാട്ടിൽ ഒരു ഇൻസ്റ്റൻറ് കാപ്പിപ്പൊടി നിർമ്മാണം വ്യവസായശാല ആരംഭിക്കണം. വ്യവസായ വകുപ് മുതൽ മുടക്കി ഫാക്ടറി ആരംഭിക്കണം. കാർഷികോല്പന്ന വിപണന സഹകരണ സംഘങ്ങൾ വഴി വ്യവസായത്തിനാവശ്യമായ കാപ്പിക്കുരു ശേഖരിക്കാൻ കഴിയും. ഫാക്ടറി സ്ഥാപിക്കാനാവശ്യമായ സ്ഥലം കാവുമന്ദത്തിൻെറ പരിസരത്ത് ജില്ലാ പഞ്ചായത്ത് വിലയ്ക്കെടുത്തു നൽകാൻ തയ്യാറാകണം. ഇവിടെ വൈദ്യുതി സൗകര്യം ലഭ്യമാണ്.

2. കുരുമുളക് സംസ്കരണശാല, ജില്ലാതലത്തിൽ ഇതിന് ഫാക്ടറി സർക്കാർ ആരംഭിക്കണം. വൻതോതിൽ വിദേശനാണ്യം നേടിതരുന്ന കുരുമുളക് വ്യാപാരത്തേയും ഇത് സഹായിക്കും. കർഷകർക്ക് കൂടിയവില ലഭ്യമാക്കാനും ഇത് സാഹായിക്കും.

3. വയനാട്ടിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സംസ്ഥാന ഗവൺമെൻറ് ആരംഭിക്കണം. പ്ലാസ്റ്റിക് പാത്രങ്ങൾ, ഫൈബറുല്പന്നങ്ങൾ, തുകൽ ഉല്പന്നങ്ങൾ, റബർ ചെരുപ്പുകൾ, കളിപ്പാട്ടങ്ങൾ, പാവകൾ, സ്പോർട്സ് സാധനങ്ങൾ മുതലായവ ഉൽപ്പാദിപ്പിക്കുന്നവിവിധ യൂണിറ്റുകൾ ഉണ്ടായിരിക്കണം. ഇതിലൂടെ 200 ഓളം തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. കൂടാതെ മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ വയനാട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ലാത്തതിനാൽ അവയ്ക്ക് വിപണി കണ്ടെത്തുവാൻ കഴിയും.

## *ടൂറിസം വ്യവസായം*

ബാണാസുരസാഗർ പദ്ധതിയുടെ 400ൽ പരം എക്കർ സ്ഥലത്തു വ്യാപിച്ചുകിടക്കുന്ന റിസർവോയറും ആ റിസർവോയറിനു മറുകരയിൽ കോട്ടപോലെ ഉയർന്നു നിൽക്കുന്ന മലനിരകളും റിസർവ്വോയറിനു നടുവിൽ ഉയർന്നു നിൽക്കുന്ന കുന്നിൻ തലപ്പുകളും മൂന്നുഭാഗത്തും ജലാശയമുള്ള കുന്നുകളും മനോഹരമായ കർലാട് ചിറയും ടൂറിസം വ്യവസായത്തിന് വയനാട്ടിലെ ഏറ്റവും അനുയോജ്യമായ പ്രദേശമാണ് തരിയോട് എന്നു തെളിയിക്കുന്നു. പ്രകൃതിരമണീയമായ ഈ പ്രദേശത്ത് ഇടയ്ക്കിടെ വന്നെത്തുന്ന പലതരം പക്ഷികളും സ്ഥിരമായി കാണപ്പെടുന്ന കൊക്കുകളും കടൽകാക്കളുമെല്ലാം ഏതൊരു പ്രകൃതി സ്നേഹിയേയും ആകർഷിക്കുന്ന കാഴ്ചകളാണ്.

ഈ പദ്ധതിപ്രദേശവും കർലാട് ചറയും ചേർത്ത് ഒരു നല്ല ടൂറിസ്റ്റുകേന്ദ്രമാക്കി മാറ്റിയെടുക്കാൻ കഴിയും.സിങ്കോണ 116 കുന്ന് ഉപദ്വീപായി റിസർവോയറിലോക്ക് തള്ളി നിൽക്കുന്ന ഒരുയർന്ന

മലയാണ്. ഇവിടെ നിന്നാൽ പദ്ധതിപ്രദേശമാകെ കാണാൻ കഴിയും. ഈകുന്നിൽ വസിക്കുന്ന 22 കുടുംബങ്ങളെ ഒഴിപ്പിച്ചുമാറ്റി ടൂറിസം ഡെവ.കോർപ്പറേഷൻ ഈ കുന്നിലെ 28 ഏക്കർ സ്ഥലം പൊന്നിൽ വിലയ്ക്കെടുക്കണം. ഇവിടെ ടൂറിസത്തിന്റെ ഓഫീസ്, മോട്ടലുകൾ, ഹോട്ടൽ മുതലായവസ്ഥാപിക്കാൻ കഴിയും. KSEB റീപ്ലോസ്മെന്റ് റോഡിൽ നിന്ന് സുമാർ 1.5 കി.മീറ്റർ ദൂരം റോഡ് ഈ കുന്നിൻ മുകളിലേയ്ക്കു നീർമ്മിച്ചാൽ കേരളത്തിന്റെ തെക്കുനിന്നും വടക്കുനിന്നും വരുന്നവർക്ക് ഈകുന്നിൽ എത്തിച്ചേരാനുള്ള റോഡുസൗകര്യമുണ്ടാകും. മേൽപ്പറഞ്ഞ സിങ്കോണ കുന്നിനോടു ചേർന്നുള്ള കാപ്പൻ കുന്ന് ഒരു ദ്വീപായി കിടക്കുന്നു വിശാലമായതും ഉയരം കൂടിയതുമായ കുന്നാണ്. ഇതിനു മുകളിൽ സുമാർ 50 ഏക്കറോളം സ്ഥലം റിസർവ്വോയറിൽ മുങ്ങിപ്പോകാത്തതായുണ്ട്. ഈ സ്ഥലം KSEB അക്വയർ ചെയ്തിട്ടുള്ളതുമാണ്. ഇതിനുമുകളിലും മോട്ടലുകളും ഹോട്ടലും മറ്റും പണിയാൻ നല്ല സൗകര്യമുണ്ട്. സിങ്കോണക്കുന്നിൽ നിന്ന് 250 മീറ്റർ ദൂരം റിസർവ്വോയറിലൂടെ സഞ്ചരിച്ചാൽ കാപ്പംകുന്നിലെത്താം. മേൽപ്പറഞ്ഞ കുന്നുകളിലെ സുഖവാസവും ഇവിടുത്തെ സുന്ദരദൃശ്യങ്ങളും കൂടാതെ ബോട്ടുയാത്രാസൗകര്യമേർപ്പെടുത്തിയാൽ കാട്ടാനകളേയും, ചെന്നായ്ക്കളേയും മാനുകളേയും മറ്റും തീരവനങ്ങളിൽ നേരിട്ടു കാണാൻ കഴിയും. ബാണാസുരസാഗർ അണക്കെട്ടിനോടനുബന്ധിച്ച് ഒരു നല്ല പൂന്തോട്ടം നിർമ്മിക്കാൻ പറ്റിയ സ്ഥലസൗകര്യമുണ്ട്. ഇവിടെ ജലധാരയന്ത്രങ്ങളും മറ്റും ഏർപ്പെടുത്തിയാൽ അണക്കെട്ടും ഉദ്യാനവും സഞ്ചാരികളെ ആകർഷിക്കും. ടൂറിസ്റ്റു കേന്ദ്രങ്ങളായ പൂക്കോട്ടുതടാകം, തിരുനെല്ലി, പക്ഷിപാതാളം, അമ്പലവയൽ പുരാവസ്തുമ്യൂസിയം എടയ്ക്കൽ ഗുഹ, കുറുവദ്വീപ് ആനവളർത്തുകേന്ദ്രം തുടങ്ങി വയനാട്ടിലെ വിവിധ സ്ഥലങ്ങളിൽ പര്യടനത്തിന് 2 ബസ്സുകളും റിസർവ്വോയറിലെ സഞ്ചാരത്തിന് ഒരു ബോട്ടും ഈ കേന്ദ്രത്തിൽ നിന്ന് സർവ്വീസ് നടത്താവുന്നതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങളുണ്ടായാൽ ഏറ്റവും ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും ആഹ്ലാദകരമായ ജീവിതം വയനാട്ടിൽ നയിക്കാൻ ടൂറിസ്റ്റുകൾ എത്തിച്ചേരും.

ഇതിലൂടെ അവികസിതമായ തരിയോടു പ്രദേശത്ത് വികസനസാധ്യതകളുണ്ടാകുന്നതോടൊപ്പം വിനോദസഞ്ചാരികളിൽ നിന്ന് കേരളസർക്കാരിനും ഈ ഗ്രാമപഞ്ചായത്തിനും വിവിധ വരുമാന മാർഗ്ഗങ്ങൾ ഉണ്ടാവുകയും ചെയ്യും. ടൂറിസ്റ്റ് ഗൈഡുകൾ, ബസ്, ബോട്ട് ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, മോട്ടലുകൾ തുടങ്ങിയവയിലെ തൊഴിലാളികൾ എന്നിങ്ങിനെ 50ഓളം പേർക്ക് നേരിട്ടും കച്ചവടം, ടാക്സി, ഓട്ടോ സർവ്വീസുകൾ തുടങ്ങിയ വിവിധമേഖലകളിൽഏതാനും പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതയുണ്ടാകുന്നതുമാണ്. തൊഴിൽനികുതി, ലക്ഷ്വറിടാക്സ്, കെട്ടിടനികുതി മുതലായ ഇനങ്ങളിൽ പഞ്ചായത്തിനും വിവിധയിനം നികുതികൾ സർക്കാരിനും ലഭിക്കും.

## III *പരമ്പരാഗതവ്യവസായങ്ങൾ: കുടിൽ വ്യവസായങ്ങൾ*

ഇവയെക്കുറിച്ച് ഈ റിപ്പോർട്ടിന്റെ ആദ്യ ഭാഗത്ത് പരാമർശിച്ചിട്ടുണ്ട്.

## *പൊതുവായ നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ ഒരു വ്യവസായ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് സെൻറർ ആരംഭിക്കുക.
2. എല്ലാ പഞ്ചായത്തുകളിലേയും വ്യവസായ സാധ്യതകളെക്കുറിച്ച് സർക്കാർ ഒരു സർവ്വേസംഘടിപ്പിക്കുക. ഇതിന് വ്യവസായ തൽപ്പരരായ ആളുകളെ വിപുലമായി വിളിച്ചുചേർത്ത് വിദഗ്ധൻമാർ പങ്കെടുത്തുകൊണ്ട് വ്യവസായ സാധ്യതകളെസംബന്ധിച്ച് ചർച്ചചെയ്ത് രേഖയുണ്ടാക്കുക.
3. തരിയോട് പഞ്ചായത്തിൽ ഒരു ITIസ്ഥാപിക്കുക.
4. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നികുതി ഒഴിവ് നൽകുക
5. വൈദ്യുതി കണക്ഷൻ പെട്ടെന്ന് നൽകാൻ നടപടി സ്വീകരിക്കുക.
6. സ്വയം തൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റൊഴിക്കുന്നതിന് IRDP മേള സംഘടിപ്പിക്കക. ഉൽപ്പന്നങ്ങൾ റിബേറ്റ് നൽകി വിൽക്കാൻ ആവശ്യമായ സബ്സിഡി സർക്കാർ നൽകുക.
7. മാധ്യമങ്ങളിൽ പരസ്യചാർജ്ജിന് സബ്സിഡി നൽകുക.
8. ബാണാസുരസാഗർ പദ്ധതിയും തൃക്കരിപ്പൂർ, കോഴിക്കോട് താപവൈദ്യുതി നിലയങ്ങളും അതിവേഗം പൂർത്തീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.






*"അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമല്ല; ആരംഭവും അല്ല. സ്ത്രീയേയും പുരുഷനേയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണത്. അക്ഷരജ്ഞാനം തനിച്ചെടുത്താൽ വിദ്യാഭ്യാസമേ അല്ല. അതുകൊണ്ട് എന്തെങ്കിലും ഉപയോഗപ്രദമായ കൈത്തൊഴിൽ പഠിപ്പിച്ചുകൊണ്ടായിരിക്കും ഞാനൊരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുക".*

**- ഗാന്ധിജി**

അടിസ്ഥാനസേവനമേഖലയാണ് വിദ്യാഭ്യാസരംഗം. ഇത് ഒരു സാമൂഹിക ഉത്തരവാദിത്വമായി കണ്ടുകൊണ്ട് ഈ മേഖലയിലെ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ വിദ്യാഭ്യാസ സൗകര്യത്തിൻെറ കാര്യത്തിലും സാക്ഷരതയിലും കേരളം ഭാരതത്തിൻെറ ഇതരദേശങ്ങളെക്കാൾ മുൻപിലായിരുന്നു. സാമൂഹിക പരിഷ്കർത്താക്കളും മിഷണറിമാരും സ്വകാര്യസംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി. ഐക്യകേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസത്തെ ഒരു സാമൂഹിക ബാധ്യതയായി സർക്കാർ ഏറ്റെടുത്തു. സംസ്ഥാന ബഡ്ജറ്റിൻെറ 31% തുകയും ഈ മേഖലയിലാണ് ചെലവഴിക്കപ്പെടുന്നത്. പക്ഷെ ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പതിനെട്ടാം സ്ഥാനത്താണ്,







ഗുണമേന്മയുടെ കാര്യത്തിൽ കേരളം സാമൂഹ്യ പങ്കാളിത്തം ഏറ്റവും കുറവുള്ള മേഖലയായി ഈ രംഗം അധഃപതിച്ചതാണ് ഇതിനു കാരണം.

വൈത്തിരി പഞ്ചായത്തിൻെറ ഭാഗമായിരുന്ന തരിയോട് പഞ്ചായത്ത് 1962ലാണ് രൂപം കൊണ്ടത്. ഈ പഞ്ചായത്തിൽ ആകെ 6 വിദ്യാലയങ്ങൾ ആണ് ഉള്ളത്. 1925ൽ കല്ലാട്ടുമ്മൽ തറവാട് വക സ്ഥലത്ത് ആരംഭിച്ച ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. 1950-ൽ കേരള ആദിജാതി സേവാസംഘംവക എ.എൽ.പി. സ്കൂൾ തരിയോട് 12-ാം മൈലിലും 1952ൽ കറുത്തേടത്ത് മത്തായി സാർ ആരംഭിച്ച സെൻറ്മേരീസ് എൽ.പി. സ്കൂൾ 8-ാം മൈലിലും പ്രവർത്തനമാരംഭിച്ചു. മലബാർ ഡിസ്ട്രിക്ട് ബോർഡിൻ കീഴിൽ ഈ ഹയർ എലിമെൻററി സ്കൂൾ 1946ൽ ഹൈസ്കൂളായി ഉയർത്തി. ചെന്നലോട് പ്രദേശത്ത് 1946-ൽ ആരംഭിച്ച എൽ.പി. സ്കൂളാണ് പിന്നീട് ഗവ..യു.പി. സ്കൂൾ ആയത്. ഈ കാലഘട്ടത്തിലെ സാമൂഹികസേവനരംഗത്ത് ശോഭിച്ചിരുന്ന പരേതനായ കല്ലാട്ടുമ്മൽ ദാമോദരൻമേനോൻ, ഓലപ്പുര പാപ്പച്ചൻ, എം.ജെ. വർഗ്ഗീസ്,. എം.ടി. ജോസഫ് എന്നിവരുടേയും ശ്രീ പഴയിടത്ത് രാഘവമേനോൻെറയും നേതൃത്വത്തിൽ തരിയോട് നിവാസികൾ കേരോട്ടുകുന്നിൽ 5 ഏക്ര സ്ഥലം വിലക്കെടുത്ത് ഗവൺമെൻറിനെ ഏൽപ്പിച്ചു. ഈ സ്ഥലത്താണ് 1971-ൽ PWD പുതിയ കെട്ടിടം നിർമ്മിച്ചത്. തരിയോട് 8-ാം മൈലിൽ തരിയോട് ഇടവക വികാരിയായിരുന്ന ഫാദർ ജേക്കബ് നരിക്കുഴിയുടെ ശ്രമഫലമായി നിർമ്മല ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. 1990-ൽ അന്നത്തെ MLA ആയ ശ്രീ.എം.പി.വീരേന്ദ്രകുമാറിൻെറ ശ്രമഫലമായി തരിയോട് ഗവൺമെൻറ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി ആയി ഉയർത്തി. ഇതോടെ വിദ്യാഭ്യാസ മേഖലയിൽ തരിയോട് ഒരടികൂടി മുന്നേറി.

പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 10,236 (91ലെ സെൻസസ്) ഇതിൽ ആദിവാസികൾ 2,288 പേർ സാക്ഷരത 83% ആദിവാസി സാക്ഷരത 43%.

പൊതുവിദ്യാഭ്യാസത്തിൻെറ നിലവാര സൂചികയായി എസ്.എസ്.എൽ.സി. വിജയശതമാനം കണക്കാക്കാമെങ്കിൽ സംസ്ഥാനവിദ്യാഭ്യാസ നിലവാരത്തെ അപേക്ഷിച്ച് ഈ പഞ്ചായത്ത് വളരെയേറെ മുന്നിലാണ്. രണ്ട് ഹൈസ്കൂളുകളിൽ

നിന്നായി 362 വിദ്യാർത്ഥികൾ പരീക്ഷയ്ക്കിരുന്നപ്പോൾ 57% വിദ്യാർത്ഥികൾ വിജയിച്ചു. 95-96-ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 224 ബിരുദമോ സാങ്കേതിക യോഗ്യതയോ നേടിയവരുണ്ട്. 1926 പേർ എസ്.എസ്.എൽ.സി. വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും തൊഴിൽരഹിതരാണ്.

### ചാർട്ട് No I വിദ്യാഭ്യാസ നിലവാരം

| ക്രമ നമ്പർ | വാർഡ് | SSLC | PDC | Degree & above |
|---|---|---|---|---|
| 1 | I | 178 | 84 | 32 |
| 2 | II | 81 | 60 | 16 |
| 3 | III | 195 | 78 | 41 |
| 4 | IV | 54 | 25 | 7 |
| 5 | V | 228 | 100 | 36 |
| 6 | VI | 205 | 82 | 28 |
| 7 | VII | 215 | 73 | 38 |
| 8 | VIII | 200 | 68 | 26 |
| | ആകെ | 1356 | 570 | 224 |

വിദ്യാഭ്യാസരംഗത്ത് സ്വാധീനം ചെലുത്തുന്ന മുഖ്യഘടകമാണല്ലോ വ്യക്തികളുടെ ഭൗതിക സാഹചര്യങ്ങൾ. ഈ പഞ്ചായത്തിൽ മൊത്തം 1991 വീടുകൾ ഉണ്ട്. ഇതിൽ 141 കോൺക്രീറ്റ് കെട്ടിടങ്ങളും 1287 ഓടുമേഞ്ഞ കെട്ടിടങ്ങളും 567 കുടിലുകളുമാണ്. 658 വീടുകൾ വൈദ്യുതീകരിച്ചവയാണ്. 184 വീടുകളിൽ ടി.വി. സെറ്റുകൾ ഉണ്ട്. 95% വീടുകളിൽ റേഡിയോ ഉണ്ട്.

### ചാർട്ട് 2 (വീടുകളുടെ ഭൗതിക വിവരങ്ങൾ )

| ക്രമ നമ്പർ | വാർഡ് | കോൺക്രീറ്റ് | ഓട് | കുടിൽ | ആകെ | വൈദ്യുതീകരിച്ചവ |
|---|---|---|---|---|---|---|
| 1 | I | 14 | 95 | 164 | 273 | 44 |
| 2 | II | 19 | 138 | 60 | 217 | 95 |
| 3 | III | 25 | 179 | 31 | 235 | 103 |
| 4 | IV | 12 | 177 | 82 | 271 | 93 |
| 5 | V | 25 | 197 | 44 | 266 | 70 |
| 6 | VI | 22 | 147 | 65 | 234 | 94 |
| 7 | VII | 12 | 186 | 52 | 250 | 109 |
| 8 | VIII | 12 | 168 | 65 | 245 | 50 |
| | ആകെ | 141 | 1287 | 563 | 1991 | 658 |

അവലംബം : സാമൂഹ്യ സാമ്പത്തിക സർവേ : 1996

മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, മംഗളം, ദീപിക, ജന്മഭൂമി, ചന്ദ്രിക, മാധ്യമം, കേരള കൗമുദി എന്നീ പത്രങ്ങൾ ഈ പഞ്ചായത്തിൽ പ്രചാരത്തി ലുണ്ട്. ഈ പഞ്ചായത്തിൽ 512 കുടുംബങ്ങൾ ഏതെങ്കിലും ഒരു പത്രത്തിന്റെ വരിക്കാരാണ്. മനോരമ, മംഗളം, ഗൃഹലക്ഷ്മി, നാന, ചിത്രഭൂമി, സിനിമ, രാഷ്ട്രദീപക, മാതൃഭൂമി, കലാകൗമുദി എന്നീ ആനുകാലികളും ബാലമംഗളം, ബാലരമ, പൂമ്പാറ്റ, യുറീക്ക, മുത്തശ്ശി, കളിക്കുടുക്ക, തത്തമ്മ എന്നീ ബാലമാസികകളും ഇവിടെ പ്രചാരത്തിലുണ്ട്. സാഹിത്യസാംസ്കാരിക പ്രസിദ്ധീകരണങ്ങളേക്കാൾ നിലവാരം കുറഞ്ഞ ആഴ്ചപ്പതിപ്പുകൾക്കാണ് പ്രചാരമേറെ.

### ചാർട്ട് 3 (പത്രത്തിന്റെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും വിവരണങ്ങൾ )

| ക്രമ നമ്പർ | പത്രത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 275 |
| 2 | മാതൃഭൂമി | 120 |
| 3 | മംഗളം | 26 |
| 4 | ദേശാഭിമാനി | 55 |
| 5 | ദീപിക | 25 |
| 6 | ജന്മഭൂമി | 22 |
| 7 | ഇന്ത്യൻ എക്സ്പ്രസ് | 11 |
| 8 | മാധ്യമം | 8 |
| 9 | ചന്ദ്രിക | 5 |

| ക്രമ നമ്പർ | ആനുകാലികങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 430 |
| 2 | മാതൃഭൂമി | 33 |
| 3 | രാഷ്ട്രദീപിക | 30 |
| 4 | സിനിമാവാരിക | 110 |
| 5 | ബാലരമ | 138 |
| 6 | ബാലഭൂമി | 55 |
| 7 | ചിത്രഭൂമി | 32 |
| 8 | കുട്ടികളുടെ ദീപിക | 30 |
| 9 | വനിത | 45 |
| 10 | ഗൃഹലക്ഷമി | 10 |
| 11 | സ്പോർട്സ് | 11 |
| 12 | തൊഴിൽ വാർത്ത | 27 |
| 13 | യൂറിക്ക | 50 |
| 14 | ശാസ്ത്ര കേരളം | 25 |
| 15 | കളിക്കുടുക്ക | 20 |

പഞ്ചായത്തിൽ 3 വായനശാലകൾ ഉണ്ട്. ഇവയിൽ ചെന്നലോട് സഹൃദയാ കർഷക വായന ശാലമാത്രമേ ശരാശരി നിലവാരം പുലർത്തുന്നുള്ളൂ. മറ്റു വായനശാലകളൊന്നും ശരാശരി നിലവാരത്തിൻെറ സമീപത്തന്നും എത്തുന്നില്ല. തരിയോട് പഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങൾ ഇല്ല. നാമമാത്രമായി പ്രവർത്തിക്കുന്ന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ ഉണ്ട്. സാക്ഷരതാരംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യസംഘടനകൾ ഒന്നും തന്നെയില്ല. സാക്ഷരതാപ്രവർത്തനത്തിനായി സർക്കാർ നിയമിച്ചിട്ടുള്ള സമിതികളൊന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ 20 മഹിളാ സമാജം പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് ഫലപ്രദമായി ഇവ പ്രവർത്തിക്കുന്നില്ല.

## പ്രീപ്രൈമറി വിദ്യാഭ്യാസമേഖല

ഈ പഞ്ചായത്തിൽ 14 അംഗൻവാടികളും 3 സ്വകാര്യനഴ്സറികളും ഒരു ട്രൈബൽ നഴ്സറിയുമുണ്ട്. ഇവയുടെ ഭൗതികസാഹചര്യം കുട്ടികളുടെ എണ്ണം എന്നിവയെ സംബന്ധിച്ച വിശദമായ ചാർട്ട് കൊടുത്തിട്ടുണ്ട്. (ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും)

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ഭൂമിശാസ്ത്രപരമായ പ്രത്യേക പരിതസ്ഥിതി എന്നിവയുടെ സമ്മർദ്ദം കൊണ്ട് ഇവ പ്രവർത്തിക്കുന്നതിനാവശ്യമായ കുട്ടികളുടെ എണ്ണം തികക്കാനാവാതെ പ്രയാസപ്പെടുന്നു. വിദ്യാഭ്യാസത്തിൻെറ അനിവാര്യതയെക്കുറിച്ചുള്ള അവബോധമില്ലായ്മ, സ്ഥിരവരുമാനത്തിൻെറ അഭാവം, ദാരിദ്ര്യജന്യരോഗങ്ങൾ, ആചാരവിശ്വാസങ്ങളിലുള്ള അന്ധമായ അഭിനിവേശം (തീണ്ടൽ, തൊടീൽ) എന്നിവ ആദിവാസികുട്ടികളെ അംഗൻവാടിയിൽനിന്ന് അകറ്റി നിർത്തുന്നു. കുട്ടികളുടെ കുറവ് അംഗൻവാടികളെ അലട്ടുമ്പോൾ തന്നെ അംഗൻവാടികളുടെ കുറവ് ഈ പഞ്ചായത്തിന് പ്രശ്നമാവുന്നു. കുട്ടികളുടെ എണ്ണത്തെ മാത്രം ആധാരമാക്കി അംഗൻവാടികളുടെ ലാഭനഷ്ടകണക്കെടുക്കുന്നത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം യുക്തിസഹമല്ല.

## പരിഹാരനിർദ്ദേശങ്ങൾ

ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാക്കുക, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക. ഉപയോഗ്യശൂന്യമായ കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും മാറ്റി പുതിയവ നൽകുക. പ്രീപ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുക. (അനുബന്ധം 1 കാണുക).

അംഗൻവാടി ജീവനക്കാരുടേയും ഉപഭോക്താക്കളുടേയും സഹകരണമുറപ്പാക്കാൻ വേണ്ടി ഒരു സ്ഥിരം സമിതി രൂപീകരിക്കുക. ഇത് സ്കൂൾ PTAയുടെ മാതൃകയിൽ രൂപീകരിക്കപ്പെടേണ്ടതാണ്. ഈ സമിതിക്ക് അംഗൻവാടികളുടെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും അവകാശമുണ്ടായിരിക്കും.

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് അനുയോജ്യമാം വിധത്തിൽ ഭക്ഷണനിലവാരമുയർത്തണം. സൗജന്യമെഡിക്കൽ പരിശോധന യഥാസമയം നടത്തുകയും സൗജന്യമായി മരുന്നുകൾ നൽകുകയും അവയുടെ ഗുണനിലവാരമുയർത്തുകയും വേണം.

അംഗൻവാടി ജീവനക്കാർക്ക് നഴ്സറി ടീച്ചർ ട്രെയിനിംഗ് നിർബ്ബന്ധമാക്കുക.

അംഗൻവാടി ജീവനക്കാരെ ഗ്രാമപഞ്ചായത്തിൻെറ അധീനതയിൽ കൊണ്ടുവരികയും സേവനവേതനവ്യവസ്ഥകൾ പുതുക്കി നിർണയിക്കുകയും വേണം. 9-ാം ധനകാര്യകമ്മീഷൻ നിർദ്ദേശിച്ച (SC/ST മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ഈ ഓണറേറിയം ജീവനക്കാർക്ക് ബാധകമാക്കണം.

അംഗൻവാടി ജീവനക്കാരും കുട്ടികളും





തമ്മിലുള്ള അനുപാതം വയനാടിനെ സംബന്ധിച്ച് പുതുക്കി നിർണ്ണയിക്കണം.

തരിയോട് പഞ്ചായത്തിൽ സ്ഥാപിക്കേണ്ടുന്ന അംഗൻവാടികളുടെ എണ്ണം, സ്ഥാപിക്കേണ്ടുന്ന സ്ഥലം എന്നിവയെ സംബന്ധിച്ച് ഗ്രാമസഭയിൽ ആവശ്യമുയർന്നു വന്നിട്ടുണ്ട്.

## തരിയോട് പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസമേഖല:-

ഈ ഗ്രാമപഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളും അഞ്ച് പ്രാഥമിക വിദ്യാലയങ്ങളും ഒരു ഹയർസെക്കണ്ടറി സ്കൂളും നിലവിലുണ്ട്. ഇവയിലെ ഭൗതിക സാഹചര്യങ്ങളെ സംബന്ധിക്കുന്ന ചാർട്ടുകൾ അനുബന്ധമായി ചേർക്കുന്നു.

### ചാർട്ട് (4)( സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ )

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മുറികളുടെ എണ്ണം | | | ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഓഫീസ് | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകളുടെ എണ്ണം | | | | | ഇനി ആവശ്യമുള്ള ഫർണിച്ചർ | | | | | സ്വന്തമായി സ്ഥലം | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | | | | | | | ബെഞ്ച് | ഡസ്ക് | മേശ | കസേര | ഷെൽഫ് | ബെഞ്ച് | ഡസ്ക് | മേശ | കസേര | ഷെൽഫ് | | |
| 1 | എസ്.എ.എൽ.പി. തരിയോട് | - | 5 | - | - 1 | 5 | 1 | 1 | ഉണ്ട് | ഇല്ല | 30 | - | 2 | 2 | 3 | 10 | 10 | 2 | 6 | 2 | 1ഏ 3സെ | ഇല്ല |
| 2 | സെൻറ് മേരീസ് യു.പി.സ്കൂൾ തരിയോട് | 24 | - | - | 5 | 3 | 2 | 2 | 1 | 1 | 150 | 60 | 8 | 8 | 3 | 10 | 55 | 5 | 15 | 2 | 3ഏക്ക | 2ഏക്ക |
| 3 | GLPSതരിയോട് | 4 | - | - | 4 | ഇല്ല | 2 | ഇല്ല | ഉണ്ട് | ഇല്ല | 36 | - | 2 | 2 | - | 20 | 15 | 5 | 5 | 2 | 23സെ | ഇല്ല |
| 4 | GUPSചെന്ദലോട് | 11 | - | 5 | 13 | 3 | 2 | 1 | ഉണ്ട് | ഇല്ല | 100 | 20 | 20 | 20 | 4 | 40 | 20 | 4 | 4 | 2 | 2ഏക്ക | ഇല്ല |
| 5 | നിർമ്മലാ ഹൈസ്കൂൾ തരിയോട് | 22 | - | - | 1 | 1 | 2 | 3 | ഉണ്ട് | ഉണ്ട് | 170 | 170 | 20 | 20 | 3 | 24 | 20 | 4 | 3 | 1 | 3ഏക്ക | 2ഏക്ക |
| 6 | ഗവ:ഹയർ സെക്കണ്ടറി സ്കൂൾ തരിയോട് | 20 | - | - | 4 | 2 | 2 | 3 | ഉണ്ട് | ഉണ്ട് | 100 | 100 | 20 | 22 | 6 | 20 | 20 | 15 | 30 | 1 | 5ഏ 16സെ | 1ഏ 1½സെ |
| 7 | ആകെ | 81 | 5 | 5 | 27 | 10 | 11 | 10 | | | 586 | | | | | 124 | 140 | 35 | 63 | 10 | | |

## ഭൗതിക സാഹചര്യങ്ങൾ:-

1. ജി.എൽ.പി.എസ്. തരിയോട് : ഒന്ന് മുതൽ നാലുവരെയുള്ള ക്ലാസുകളിലായി 287 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. ഡിവിഷനുകളുടെ എണ്ണം 7 നിലവിലുള്ള കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ഡി.പി.ഇ.പി. ഒരു പ്രത്യേകക്ലാസ് മുറി പണികഴിപ്പിച്ചിട്ടുണ്ട്. 3 ഡിവിഷനുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടസൗകര്യമിപ്പോൾ കുറവാണ്. ബഹുമാനപ്പെട്ട എം.പി. ശ്രീ.എം.എ.ബേബിയുടെ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ പുതിയൊരു കെട്ടിടം പണിയുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇവിടെ ഫർണ്ണിച്ചറുകൾ ആവശ്യത്തിനില്ല. ദൃശ്യ ശ്രവണ പഠനോപകരണങ്ങൾ ഒന്നുംതന്നെയില്ല. ആകെ 22 സെൻറ് സ്ഥലമാണ് സ്കൂളിനുള്ളത് കളിസ്ഥലമില്ല.

2. സെൻറ് മേരീസ് യു.പി.സ്കൂൾ, തരിയോട് : 21 ഡിവിഷനുകളിലായി 815 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്വകാര്യസ്ഥാപനത്തിന് കെട്ടിടസൗകര്യം അപര്യാപ്തമാണ്. ജീർണ്ണിച്ച കെട്ടിടം അടിയന്തരമായി പുതുക്കി പണിയുക തന്നെ വേണം. രണ്ടേക്കർ ഭൂമി കളിസ്ഥലത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിലും ഗ്രൗണ്ടു നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ലാബ് ഉപകരണങ്ങളോ ലബോറട്ടറിയോ ഇല്ല. ഇടുങ്ങിയ സ്റ്റാഫ്റൂമിൽ ഫർണ്ണിച്ചറില്ല. സ്റ്റാഫ് റൂമിനോട് അനുബന്ധിച്ച് ലാട്രിനുമില്ല. ഓഡിയോ ഉപകരണങ്ങൾ ഒന്നും തന്നെയില്ല.

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. വൈദ്യുതികണക്ഷൻ ലഭിച്ചിട്ടുണ്ട്.

3. എസ്.എ.എൽ.പി. സ്കൂൾ, തരിയോട്: മഞ്ഞൂറ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഈ സ്വകാര്യ വിദ്യാലയത്തിൽ അഞ്ചു ഡിവിഷനുകളിലായി 146 കുട്ടികൾ ആണുള്ളത്. സ്ഥിരം കെട്ടിടത്തിലാണ് പ്രവർത്തനം. ഗ്രൗണ്ട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലമുണ്ടെങ്കിലും ഇതുവരെ പൂർണ്ണമായും നിർമ്മിച്ചിട്ടില്ല. നവംബർ 1-ന് പുനരർപ്പണദിനത്തിൻെറ ഭാഗമായി രണ്ടാംവാർഡ് ഗ്രാമസഭയുടെ തീരുമാനപ്രകാരം നാട്ടുകാർ ശ്രമദാനം നടത്തി ഗ്രൗണ്ട് ഭാഗികമായി നിർമ്മിച്ചിട്ടുണ്ട്. മൂത്രപ്പുര പരിമിത സൗകര്യമുള്ളതാണ്. ദൃശ്യശ്രവ്യ പഠനോപകരണങ്ങൾ ഇല്ല. ഫർണ്ണിച്ചറും ആവശ്യത്തിനില്ല. കിണറും പമ്പുസെറ്റും ടാങ്കും അടക്കമുള്ള ശുദ്ധ ജലവിതരണ സൗകര്യം ഉണ്ട്. പമ്പ്സെറ്റിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

4. ജി.യു.പി. സ്കൂൾ ചെന്നലോട്: 682 കുട്ടികൾ 16 ഡിവിഷനുകളിലായി പഠിക്കുന്നു. 3 ക്ലാസ് മുറികളുടെ അഭാവം ഇപ്പോൾത്തന്നെ ഉണ്ട്. 3 മൂത്രപ്പുരകളെങ്കിലും ഉണ്ടെങ്കിലെ ആവശ്യത്തിന് ഉതകൂ. സ്റ്റാഫ്റൂം ഇല്ല. ഫർണ്ണിച്ചർ അപര്യാപ്തമാണ്. ദൃശ്യശ്രവ്യ പഠനോപകരണങ്ങളോ ലൈബ്രറിയോ ലബോറട്ടറിയോ ഇല്ല. മുൻ **M.P.** ശ്രീ കെ. മുരളീധരൻെറ **M.P.**ഫണ്ടിൽനിന്നും അനുവദിച്ച 3 ലക്ഷം രൂപമുടക്കി 3 മുറികളുടെ പണി ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. **D.P.E.P**യുടെ ഒരു ക്ലാസ് മുറിയും ഇതിനിടെ പൂർത്തിയായി. വൈദ്യുതി ലഭിച്ചിട്ടില്ല.

5. ജി.എച്ച്.എസ്.എസ്. തരിയോട്: ഏഴ് ഡിവിഷനുകളിലായി 240 കുട്ടികൾ പ്രൈമറി വിഭാഗത്തിലും 13 ഡിവിഷനുകളിലായി 474 വിദ്യാർത്ഥികൾ ഹൈസ്കൂൾ വിഭാഗത്തിലും 2 ഡിവിഷനുകളിലായി 132 വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി വിഭാഗത്തിലും പഠിക്കുന്നു. കെട്ടിടസൗകര്യം അപര്യാപ്തമാണ്. ദൃശ്യശ്രവ്യോപകരണങ്ങൾ ഏതാനും ചിലതുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് ഉപയുക്തമല്ല. കളിസ്ഥലം ഉണ്ട് +2 വിനോടനുബന്ധിച്ച് കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നുണ്ട്. പ്ലസ് ടു വിഭാഗത്തിൽ അടിയന്തിരമായും 5 ക്ലാസ്സ് മുറികളുടെ നിർമ്മാണം നടത്തേണ്ടതുണ്ട്. പ്ലസ് ടു വിഭാഗത്തിൻെറ ലാബ് നന്നായി പ്രവർത്തിക്കുന്നുണ്ട്.

6. നിർമ്മലാ ഹൈസ്കൂൾ തരിയോട്: 18 ഡിവിഷനുകളിലായി 899 വിദ്യാർത്ഥികൾ പഠിയ്ക്കുന്നു. ലാബ് - ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ്. കളിസ്ഥലം നിർമ്മിച്ചിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. സ്റ്റാഫ് റൂമിന് ആവശ്യത്തിന് ഫർണ്ണിച്ചറില്ല. കമ്പ്യൂട്ടർ പഠനസൗകര്യമുണ്ട്.

സർക്കാർ വിദ്യാലയങ്ങളിൽ യഥാസമയം അദ്ധ്യാപകനിയമനം നടക്കാറില്ല. പാഠപുസ്തകങ്ങൾ രണ്ടാം ടേമിൻെറ അവസാനത്തിൽ പോലും ലഭിക്കാറില്ല.

## *പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ*

1. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത:- പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളുടേയും ഇനി ഏർപ്പെടുത്തേണ്ടവയേയും സംബന്ധിച്ച് വിശദമായ ചാർട്ട് കൊടുത്തിട്ടുണ്ട്.

2. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ:- ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 26% സാമ്പത്തികമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന ആദിവാസി വിഭാഗങ്ങളാണ്. മറ്റ് സമുദായങ്ങളിൽപ്പെട്ട ചെറുകിട നാമമാത്ര കൃഷിക്കാരും കൂലിപ്പണിക്കാരും ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്നവരും 46% വരും. ഇവരെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ വിദ്യാഭ്യാസം താങ്ങാനാവാത്ത ഭാരം തന്നെയാണ്. കുട്ടികൾക്ക് വേണ്ട പഠനോപകരണങ്ങളും പുസ്തകങ്ങളും സംഘടിപ്പിക്കാനോ വേണ്ട പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനോ ഇവർക്ക് കഴിയാറില്ല.

3. രക്ഷിതാക്കളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ:- അക്ഷരജ്ഞാനം നാമമാത്രമായു

## ചാർട്ട് (5) സ്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങൾ വർഷം 1995-96

| ക്രമനമ്പർ | സ്കൂളിൻെറ പേര് | ലൈബ്രറി | ലാബറട്ടറി | മാപ്പ്,ചാർട്ട്, ഗ്ലോബ് | ബ്ലാക് ബോർഡ് | | 95–97ലെ അദ്ധ്യയന ദിവസങ്ങൾ | മാതൃസംഗമം | പി.ടി.എ |
|---|---|---|---|---|---|---|---|---|---|
| | | | | | നിലവിലുള്ളത് | ആവശ്യമുള്ളത് | | | |
| 1 | SALP, തരിയോട് | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 5 | 4 | 192½ | സജീവം | ഇല്ല |
| 2 | ST മേരീസ് UP School, തരിയോട് | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | 21 | 6 | 194 | സജീവം | പ്രവർത്തിക്കുന്നു |
| 3 | GLPSതരിയോട് | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 6 | 2 | 193 | സജീവം | പ്രവർത്തിക്കുന്നു |
| 4 | GUPSചെന്ദലോട് | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 16 | - | 196 | സജീവം | പ്രവർത്തിക്കുന്നു |
| 5 | നിർമ്മലാ ഹൈസ്കൂൾ തരിയോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 18 | - | 193 | സജീവം | പ്രവർത്തിക്കുന്നു |
| 6 | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തരിയോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 15 | - | 190 | ഭാഗികം | പ്രവർത്തിക്കുന്നു |

ണ്ടെന്നല്ലാതെ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെപ്പറ്റി വേണ്ടത്ര അവബോധമുള്ളവരല്ല ഇവിടത്തെ രക്ഷിതാക്കളിൽ ഭൂരിഭാഗവും ആദിവാസി വിഭാഗങ്ങളാകട്ടെ ഇക്കാര്യത്തിൽ തികച്ചും ഉദാസീനരുമാണ്.

**പഠനത്തെസംബന്ധിച്ച തെറ്റായ കാഴ്ചപ്പാട്:** പൊതു പരീക്ഷയിലെ മാർക്കിനെ മാത്രം അടിസ്ഥാനമാക്കി വിലയിരുന്നുത്തുന്ന സമ്പ്രദായം നിലവിലുള്ളതിനാൽ കുട്ടികളിൽ അനാരോഗ്യകരമായ മത്സരം വളർത്തുന്നതിൽ രക്ഷിതാക്കളും പങ്കാളികളാകുന്നു. കുട്ടികളുടെ വായനാശീലം, പ്രവർത്തനങ്ങളിലൂടെ നേരിട്ടറിയാനുള്ള അഭിവാഞ്ച എന്നിവയ്ക്ക് രക്ഷിതാക്കൾ തന്നെ തടയിടുന്നു. മാത്രമല്ല സർക്കാർ, എയിഡഡ് വിദ്യാലയങ്ങളേക്കാൾ മികച്ചതാണ് അൺഎയിഡഡ് എന്ന സങ്കല്പവും ഈ പ്രവണതയുടെ സൂചകമാണ്. ഈ പഞ്ചായത്തിൽനിന്ന് 33 കുട്ടികൾ 15 കി.മീ. അകലെയുള്ള കല്പറ്റയിലെ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ പഠിക്കുന്നുണ്ട്. നഴ്സറി വിദ്യാഭ്യാസത്തിൻെറ പേരിൽ കുഞ്ഞുങ്ങളെ എൽ.കെ.ജി, യു.കെ.ജി. ക്ലാസുകളിൽ ചേർത്ത് താങ്ങാനാവാതെ ചുമട് എടുപ്പിക്കുന്നത് ആശാസ്യമായ പ്രവണതയല്ല.

അധ്യാപകരുടെ അർപ്പണ ബോധമില്ലായ്മയും ശാസ്ത്രീയബോധനരീതികൾ ഉപയോഗിക്കാനുള്ള വൈമുഖ്യവും അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായവും പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രദർശിപ്പിക്കുന്ന വിമുഖതയും ഈ പഞ്ചായത്തിലും ദൃശ്യമാണ്.

പ്രൈമറി വിദ്യാലയങ്ങളിൽ വച്ച് വേണ്ടത്ര ശ്രദ്ധലഭിക്കാതെ പോകുന്നതാണ് കുട്ടികളുടെ നിലവാരത്തകർച്ചക്ക് പ്രധാനകാരണം. പ്രാഥമിക തലത്തിൽനിന്ന് അക്ഷരജ്ഞാനമോ, സഖ്യാബോധമോ നേടാതെ ഹൈസ്കൂളിൽ എത്തുന്നവർ വിരളമല്ല. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അനുപാതത്തിലെ വർദ്ധനവും സ്കൂൾ പ്രായമെത്തുന്നതിനുമുമ്പ് (6 വയസ്സ്) കുട്ടികളെ സ്കൂളിൽ ചേർക്കുന്നതും നിലവിലുള്ള പ്രമോഷൻ രീതിയിലെ അപാകതയുമാണ് ഈ ദുർഗതിക്ക് കാരണം. എട്ടാം ക്ലാസ്സിലെത്തുന്ന 20% കുട്ടികൾ അക്ഷരങ്ങൾ അറിയാത്തവരാണ്. 45% ശരാശരിക്ക് താഴെയാണ്. 25% ശരാശരിക്കാരും 10% പേർ ശരാശരിക്ക് മുകളിലുമാണ്.



വിദ്യാർത്ഥികളുടെ ഉദാസീനത:- വിദ്യാഭ്യാസ ത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് വേണ്ടത്ര ധാരണയില്ല. ഇത് ഉത്തരവാദിത്വരാഹിത്യ ത്തിലേക്ക് നയിക്കുന്നുണ്ട്. ഭാവി ജീവിതത്തെക്കുറിച്ച് ഉന്നതമായ പ്രതീക്ഷകളന്നും ഇവർ വെച്ചു പുലർത്തുന്നുമില്ല.

പാഠപുസ്തകങ്ങൾ യഥാസമയത്ത് കിട്ടാതെ വരുന്നത്

സെക്കൻറ് ടേമിൻെറ അവസാനത്തിൽ പോലും പാഠപുസ്കങ്ങൾ സ്കൂളുകളിൽ എത്താറില്ല. പുസ്തകത്തെ മാത്രം ആശ്രയിച്ചുള്ള വിദ്യാഭ്യാസ രീതി തുടരുന്നതിനാൽ ഇതു പഠനനിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

അശാസ്ത്രീയമായ ബോധനരീതി:- ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിനുപകരം പുസ്തകകേന്ദ്രീകൃത രീതിയാണ് നിലവിലുള്ളത്. അധ്യാപകൻെറ പ്രസംഗം കേട്ടിരിക്കാനുള്ള പാവകളായി മാറുന്നു വിദ്യാർത്ഥികൾ.

പരീക്ഷാസമ്പ്രദായത്തിൻെറ അശാസ്ത്രീയത: -ഓർമ്മശക്തിയെ മാത്രം കേന്ദ്രീകൃതമാക്കിയ പരീക്ഷാ സമ്പ്രദായം പഠനത്തോട് മടുപ്പ് ഉളവാക്കുന്നു. പഠനം പ്രവർത്തനമാണെന്ന തത്വം മൊത്തത്തിൽ വിസ്മരിക്കപ്പെട്ടിരിക്കുകയാണ്.

വിദ്യാഭ്യാസത്തെ സംബന്ധിച്ച ശാസ്ത്രീയ മായ കാഴ്ചപ്പാട്:-

റാങ്ക് നിർണ്ണയ രീതിയിലെ അപാകത കൂടുതൽ മാർക്കു വാങ്ങുന്നവനെ മിടുക്കനായി കാണുന്ന പ്രവണത എന്നിവ സാമാന്യനിലവാരം മാത്രമുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോട് മടുപ്പ് ജനിപ്പിക്കുന്നു.

വായനാശീലത്തിൻെറ കുറവ്:- ഹൈസ്കൂൾ വിദ്യാർത്ഥികളുടെ വായനാ ശീലത്തിൻെറ നിരക്ക് ഏവരേയും ലജ്ജിപ്പിക്കുക തന്നെ ചെയ്യും. പാഠപുസ്തകങ്ങൾ ഒഴികെ ഒന്നും തന്നെ, എന്തിന്, ദിനപത്രങ്ങൾ പോലും വായിക്കുന്ന ശീലം ഒരു മഹാ ഭൂരിപക്ഷത്തിനില്ല.

ലബോറട്ടറി, ദൃശ്യശ്രവ്യപഠനോപകരണങ്ങൾ എന്നിവയുടെ അപര്യാപ്തതയും വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

ദാരിദ്ര്യവും ദാരിദ്ര്യജന്യരോഗങ്ങളുമാണ് കുട്ടികളെ വിദ്യാലയങ്ങളിൽനിന്ന് അകറ്റുന്ന മറ്റുഘടകങ്ങൾ ചില പ്രത്യേക വിഭാഗങ്ങൾ പിൻതുടരുന്ന അനാചാരങ്ങൾ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വിഘാതമാവുന്നതായും കാണുന്നു. പെൺകുട്ടികൾ പ്രായമെത്തുന്നതിനു മുമ്പ് വിവാഹിതരാവുന്നതും മറ്റൊരു കാരണമാണ്.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും തുടർച്ചയായി ഒന്നിലധികം വർഷം പഠിക്കേണ്ടി വരുന്നതും (ഒരേ ക്ലാസ്സിൽ) അടിയന്തര ശ്രദ്ധയിൽ പെടേണ്ടതാണ്. ആദിവാസി വിദ്യാർത്ഥികൾക്ക് ഇടയിലാണ് ഈ പ്രവണത ഏറ്റവും രൂക്ഷമായി കാണുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റുവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥി കളും കൊഴിഞ്ഞുപോക്കിന് വിധേയരാവുന്നുണ്ട്.

സാമൂഹ്യ പങ്കാളിത്തത്തിൻെറ അപര്യാപ്തത.

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിദ്യാലയ പ്രവർത്ത നങ്ങളിൽ സജീവമായ പങ്കാളിത്തം അവയ്ക്ക് ഉണ്ടാകാറില്ല. സ്പോർട്സ്, യുവജനോത്സവം - വാർഷികാഘോഷം, ദേശീയോത്സവങ്ങൾ- സകൂൾ ക്ലബ്ബുകൾ, സ്കൗട്ടിംഗ്, എൻ.സി.സി. എന്നിവയിലും സർവ്വോപരി പരീക്ഷ നടത്തിപ്പിലും പി.ടി.എ ശ്രദ്ധപതിപ്പിക്കാറില്ല.

## *പരിഹാരനിർദ്ദേശങ്ങൾ*

### 1. ഭൗതിക സാഹചര്യങ്ങൾ

**ജി.എൽ.പി.എസ്.തരിയോട്:** പഴയകെട്ടിടം പൊളിച്ച് സൗകര്യപ്രദമായ രീതിയിൽ പുതുക്കിപ്പണിയണം. സമീപത്തുള്ള സ്വാകാര്യഭൂമി ഏറ്റെടുത്ത് കളിസ്ഥലം നിർമ്മിക്കണം. സ്കൂളിനാവശ്യമായ ഫർണിച്ചറുകളും ദൃശ്യ ശ്രവ്യപഠനോപകരണങ്ങളും അടിയന്തിരമായി നൽകണം. പി.ടി.എ, ഡി.പി. ഇ.വി. മറ്റ് ഗവൺമെൻറ് ഏജൻസികൾ എന്നിവയുടെ സഹായത്തോടെ ഭൗതി സാഹചര്യങ്ങൾ

വിപുലമാക്കണം.

**സെൻറ് മേരീസ് യു.പി. എസ്. തരിയോട്:** കെട്ടിടം, ഗ്രൗണ്ട്, യൂറിനൽ സൗകര്യം, കുടിവെള്ളം എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഗുരുതരമായ കുടിവെള്ള പ്രശ്നം പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി അടിയന്തിരമായി പരിഹരിക്കണം. ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ നൽകണം.

**എസ്.എ.എൽ.പി. എസ്. :** പുനരർപ്പണ ദിനത്തിൽ ശ്രമദാനമായി ഭാഗികമായി നിർമ്മിച്ച ഗ്രൗണ്ട് പൂർത്തിയാക്കണം. ഓഡിയോ വിഷ്വൽ പഠനോപകരണങ്ങൾ നല്കണം.

**ജി.യു.പി.എസ്.:** ചെന്നലോട് മൊത്തം 3 ക്ലാസ്സ്മുറികളും സ്റ്റാഫ്റൂം സൗകര്യമുള്ള കെട്ടിടം ആവശ്യമുണ്ട്. 3 മൂത്രപ്പുരകളും കോമ്പൗണ്ട് വാൾ-ഉം നിർമ്മിക്കണം. ലൈബ്രറി ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**ജി.എച്ച്.എസ്.എസ്. തരിയോട്:** ആവശ്യമായ ക്ലാസ്സ് മുറികൾ നിർമ്മിക്കണം. സ്റ്റാഫ് റൂമിൽ യൂറിനൽ സൗകര്യം ഉണ്ടാക്കണം. ഫർണ്ണിച്ചറുകൾ എന്നിവ അത്യാവശ്യമാണ്. നിലവിലുള്ള കെട്ടിടത്തിൻെറ ചോർച്ച പരിഹരിക്കണം. ഉപകരണങ്ങളും, രാസവസ്തുക്കളും ഉപയോഗപ്രദമല്ല. ദൃശ്യശ്രവ്യ കാവ്യ ഉപകരണങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല പ്ലസ് ടു - വിന് കെട്ടിട സൗകര്യം അപര്യാപ്ത മായതിനാൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കണം. ഇപ്പോഴത്തെ സ്റ്റേജ് പുതുക്കിപ്പണിയുകയും ഒരു ഓഡിറ്റോറിയം നിർമ്മിക്കുകയും ചെയ്യുക.

**നിർമ്മലാ ഹൈസ്കൂൾ തരിയോട്:** ലാബ്, ലൈബ്രറി, യൂറിൻ - സൗകര്യങ്ങൾ ഉടനടി പരിഷ്കരിക്കണം. കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തം തന്നെ സ്വീകരിക്കണം. ഓഡിയോ വിഷ്വൽ തുടങ്ങിയ പഠനോപകരണങ്ങൾ ലഭ്യമാക്കണം. കായിക രംഗത്ത് സംസ്ഥാന തലത്തിൽ റെക്കാർഡ് സ്ഥാപിച്ച അനിൽ കുമാറും സംസ്ഥാനതലത്തിൽ വിജയം വരിച്ച ഷേർലി, ജിൻസി, ഷിംജിത, അഗസ്റ്റിൻ എന്നിവരും ഈ സ്കൂളിനെയാണ് പ്രതിനിധീകരിച്ചത്. പക്ഷേ കായികാധ്യാപകൻെറ അത്മാർത്ഥതയല്ലാതെ മറ്റൊരു പിൻതുണയും ഈ പ്രതിഭകൾക്കം ലഭിച്ചിട്ടില്ല. 50 മീറ്റർ തികച്ച് ഓടാൻ പോലും ഇവിടെ ഗ്രൗണ്ടില്ല. ഗ്രൗണ്ടിനു വേണ്ടി ഇപ്പോൾ നീക്കി വച്ചിട്ടുള്ള സ്ഥലത്ത് നിർമ്മാണം അസാദ്ധ്യമാണ്. ജനകീയ പിൻതുണയും സർക്കാറിൻെറ ഉദാര സമീപനവും ഇക്കാര്യത്തിൽ ആവശ്യമുണ്ട്.

സർക്കാർ വിദ്യാലയങ്ങളിൽ യഥാസമയത്ത് അദ്ധ്യാപകരെ നിയമിക്കണം. പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കണം.

(ചാർട്ട് നമ്പർ (15) കാണുക)

വയനാട്ടിൽ പ്രത്യേകിച്ച് തരിയോട് വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നവ രധികവും സംസ്ഥാനത്തിൻെറ തെക്ക് ഭാഗങ്ങളിൽ നിന്ന് ഉള്ളവരാണ്. ഇവരിൽ പലരും ഒരിടത്താവളമെന്ന നിലയിലാണ് ഈ പ്രദേശത്ത് ജോലിചെയ്യുന്നത്. പ്രഥമാവസരത്തിൽ തന്നെ ജന്മനാട്ടിലേക്ക് ട്രാൻസ്ഫർ വാങ്ങുന്നതിന് ഇവർ പരിശ്രമിക്കുന്നു. തദ്ദേശവാസികൾക്ക് ഇക്കാരണ ത്താൽ തന്നെ നിയമനത്തിൽ പ്രഥമ പരിഗണന നൽകണം. കൂടാതെ പുറത്ത് നിന്ന് എത്തുന്ന അദ്ധ്യാപകർക്കും മറ്റും ക്വാർട്ടേർഴ്സ് സൗകര്യം ഏർപ്പെടുത്തണം.

പ്രൈമറിതലത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകർ കഴിവും അർപ്പണബോധവും തികഞ്ഞവരായിരിക്കണം. എല്ലാ വിഷയങ്ങളിലും കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ചവരായിരിക്കണം ഇവർ. എന്നാൽ മറ്റ് പല കാരണങ്ങളാൽ ഒരു വിഷയത്തിൽ മാത്രം ട്രെയിനിംങ്ങ്ലഭിച്ച ഗ്രാജ്വേറ്റ് അധ്യാപകരെ പ്രൈമറികളിൽ നിയമിക്കുന്നുണ്ട്. പരിശീലനം ലഭിക്കാത്ത വിഷയത്തിലും ഇവർ ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നു. ഈ അവസ്ഥ ഒഴിവാക്കണം.

ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷയും സാഹിത്യവും ഐഛിക വിഷയമായി ബിരുദം നേടിയവരെ തന്നെ നിയമിക്കണം. ബി. എഡ്. ട്രെയിനിങ്ങ് രണ്ട് വർഷമാക്കി ദീർഘിപ്പിക്കണം.

പ്രാഥമിക വിദ്യാലയത്തിൽ എല്ലാ മേഖലയിലും ബോധന മാധ്യമം മലയളമാക്കണം. ഇൻസർവ്വീസ് കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും എല്ലാ വിഭാഗം അധ്യാപകർക്കും ലഭ്യമാക്കുകും വേണം. ഇന്ന് നിലവിലുള്ള ഇൻസർവ്വീസ് കോഴ്സ്സുകൾ വെറും പ്രഹസനമാണ്. ഈ രംഗത്ത് അഴിമതിയും ധൂർത്തും ഉള്ളതായി സംശയിക്കേണ്ടിയിരിക്കുന്നു. സ്പെഷ്യലിസ്റ്റ് അധ്യാപകരെ അർഹിക്കുന്ന പരിഗണന നൽകി പ്രോത്സാഹിപ്പിക്കുകയും കർമ്മോത്സുകരാക്കുകയും വേണം. പ്രവൃത്തി പരിചയം പി.ഇ.ടി, ഡ്രോയിംഗ്, നീഡിൽവർക്ക്, മ്യൂസിക് പിരിയഡുകൾ ശരിയായി വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകതന്നെ വേണം. ഇവയുടെ പ്രവർത്തനും വിലയിരുത്തുന്നതിനു വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. വിദ്യാർത്ഥികൾക്ക്, അധ്യാപകരിൽ നിന്നും സൗഹാർദ്ദപരമായ സമീപനം ലഭിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിലെന്നതിലുപരി ഒരു സേവനമേഖലയാണ് വിദ്യാഭ്യാസ രംഗം എന്ന് അധ്യാപകർ വിസ്മരിക്കാൻ പാടില്ല. സിലബസ് എടുത്ത് തീർക്കുവാനുള്ള വ്യഗ്രതയിൽ അവധി ദിവസങ്ങളും ക്ലാസ്സുകൾക്കിടയിലുള്ള ഇടവേളകളും സ്പെഷ്യൽ ക്ലാസ്സുകൾക്കായി വിനിയോഗിക്കുന്നത് ആശാസ്യമല്ല. പഠനത്തോട് മടുപ്പ് ഉളവാക്കാൻ മാത്രമേ ഇത് ഉപകരിക്കൂ. ഈ സമയങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കേണ്ടത്. സിലബസിൻെറ പരപ്പ് കുറച്ച്, ആഴം വർദ്ധിപ്പിച്ച് അധ്യാപകൻെറയും വിദ്യാർത്ഥിയുടേയും ജോലിഭാരം ലഘൂകരിക്കണം.

ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് 9-ാം ധനകാര്യ കമ്മീഷൻെറ ശുപാർഷയനുസരിച്ചുള്ള ഓണറേറിയം ഏർപ്പെടുത്തണം. അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ യഥാകാലം പരിഷ്കരിക്കണം. മനേജ്മെൻറ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ ട്രൻസ്ഫർ നീതിയുക്തമായ മാനദണ്ഡത്തെ അടിസ്ഥാനമാക്കി ആയിരിക്കണം. ജൂലൈ ഒന്നിന് ശേഷം അധ്യാപകരില്ലാത്ത സ്ഥിതി ഒരു വിദ്യാലയത്തിനും ഉണ്ടാകാൻ പാടില്ല. സ്വകാര്യ മാനേജ്മെൻറിൻെറ കീഴിലുള്ള വിദ്യാലയങ്ങളിലെ നിയമനാധികാരം സർക്കാർ ഏറ്റെടുക്കണം.

രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തൊഴിൽ മേഖല വിപുലവും ശക്തവുമാക്കണം. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആദിവാസി മേഖലയിൽ പ്രത്യേകിച്ചും. 5നും 15നും ഇടയിലുള്ള എല്ലാകുട്ടികളും സ്കൂളുകളിൽ എത്തുതന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ ഇവരുടെ ഹാജർ നില തൃപ്തികരമാക്കാൻ നടപടികൾ സ്വീകരിക്കണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് വസ്ത്രം, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കണം. എസ്.സി.എസ്.റ്റി. കുട്ടികൾക്ക് പഠനയാത്ര, അലവൻസ് അനുവദിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടി ഉപകരിക്കുന്ന വിധത്തിൽ ദാരിദ്രരേഖക്കു താഴെയുള്ളവർക്കും SC/ST വിദ്യാർത്ഥികൾക്കും സൗജന്യ പഠനയാത്രാ പരിപാടികൾ സംവിധാനം ചെയ്യപ്പെടണം.

തുടർ സാക്ഷരതാ പരിപാടികൾ ഇന്ന് നിലച്ചിരിക്കയാണ്. ഇത് ശക്തമാക്കേണ്ടത് തന്നെയാണ്. അക്ഷരങ്ങൾ കൈമോശം വന്നവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ഉത്തരവാദിത്തം നാം ഏറ്റെടുത്തേ മതിയാവൂ. ഈ രംഗത്തെ അഴിമതിയും ധൂർത്തും ഉത്തരവാദിത്ത രാഹിത്യവും സമ്പൂർണ്ണമായി അവസാനിക്കണം.

പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ബോധവല്ക്കരണശ്രമം ആവശ്യമാണ്. പ്രായപൂർത്തിയെത്തുന്നതിന് മുമ്പ് പെൺകുട്ടികളെ വിവാഹം കഴിച്ച് അയയ്ക്കുന്ന രക്ഷിതാക്കൾക്കെതിരെ കർശനമായ നടപടികൾ തന്നെ സ്വീകരിക്കണം വിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശം മൗലിക അവകാശങ്ങളുടെ പട്ടികയിലാണ് ഇപ്പോൾ ഉൾപ്പെടുന്നത്.

ജനകീയ പങ്കാളിത്തം വിദ്യാഭ്യാസ മേഖലയുടെ ഉയർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പി.ടി.എ.ശക്തവും ശരിയായദിശാ ബോധമുള്ളതുമായിരിക്കണ. വിദ്യലയങ്ങളിലെ പഠന പ്രവർത്തനങ്ങളിലെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും (യുവജനോത്സവം, സ്പോർട്സ് ദേശീയാഘോഷങ്ങൾ സ്കൂൾ ക്ലബുകൾ, സൗകട്ടിംഗ്, എൻ.സ.സി. റെഡ്ക്രോസ്)പി.ടി.എ.യും സമൂഹവും സജീവമായി ഇടപെടണം. സ്വാകര്യ വിദ്യാലയങ്ങളിൽ പി.ടി.എയ്ക്ക് കൂടുതൽ സ്വാതന്ത്യം അനുവദിക്കണം. സ്കൂൾ കോംപ്ലക്സുകൾ ഇതിന് കൂടുതൽ അവസരങ്ങൾ നല്കുന്നു. (അനുബന്ധം 2 കാണുക )

## *പൊതുനിർദ്ദേശങ്ങൾ*

1. സ്കൂൾ കോംപ്ലക്സ് നടപ്പാക്കുക.
2. എൻ.സി.സി. സ്കൗട്ട്, ജെ.ആർ.സി.എന്നിവ എല്ലാ സ്കൂളുകളിലും ആരംഭിക്കണം.
3. സാക്ഷരതാ പ്രവർത്തനത്തിന് സന്നദ്ധ സേന രൂപീകരിക്കണം.
4. എല്ലാവാർഡുകളിലും പബ്ലിക് ലൈബ്രറി ആരംഭിക്കുക. ഇവയോടനുബന്ധിച്ച് മൊബൈൽ യൂണിറ്റുകളും വേണം
5. വിദ്യാഭ്യാസം സ്വയം പര്യാപ്തമാക്കണം (അനുബന്ധം 3 കാണുക )
6. കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി കായിക വിദ്യാഭ്യാസ-പ്രൈമറി തലത്തിൽ ആരംഭിക്കണം.എല്ലാ വിദ്യാലയങ്ങളിലും പി.ഇ.ടി മരെ നിയമിക്കണം. കായിക പ്രതിഭകളെ ചെറുപ്പത്തിലെ കണ്ടെത്തുന്ന തിനായി പഞ്ചായത്ത് തലത്തൽ ജൂനിയർ അത്‌ലറ്റിക് മീറ്റുകൾ സംഘടിപ്പിക്കണം ജി.എച്ച്.എസ്. എസ്.ൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കണം. അമ്പെയ്ത്ത് മത്സരത്തിൽ സംസ്ഥാന നിലവാരം പുലർത്തുന്ന അനവധി പ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. ഇവർക്ക് പ്രോത്സാഹനവും പരിശീലനങ്ങളും നല്കാൻ പ്രത്യേക സംവിധാനങ്ങൾ വേണം
7. എല്ലാ വിദ്യാലയങ്ങളിലും വാർഷികാഘോഷവും ദേശീയോത്സവങ്ങളും (സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം ഗാന്ധിജയന്തി ) നിർബന്ധമായി കൊണ്ടാടണം.
8. അധ്യാപക ദിനം പഞ്ചായത്ത് തലത്തിൽ ഉത്സവ ഛായയിൽകൊണ്ടാടണം. പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല അധ്യാപകന് അവാർഡ് ഏർപ്പെടുത്തണം. നിലവിലുള്ള അധ്യാപക അവാർഡ് നിശ്ചയിക്കുന്നതിനുള്ള സംവിധാനം കുറ്റമറ്റതാക്കണം. കഴിവും അർപ്പണ ബോധവുമുള്ളവർക്കാണ് അവാർഡ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തണം.
9. ടെലിവിഷൻ പരിപാടികളുടെ നിലവാരം ഉയർത്തണം ഉപഭോഗ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ നിരോധിച്ച് വിദ്യാഭ്യാസ പരിപാടികൾക്ക് മുൻതൂക്കം നൽകണം.
10. ജില്ലാ മേളകളിൽ പഞ്ചായത്തിൽ നിന്നുമുള്ള കുട്ടികളുടെ പങ്കാളിത്തം കുവാണ്. ഇതിൻെറ കാരണങ്ങളെ കുറിച്ച് സ്കൂൾ അധികൃതർ ശരിയായി വിലയിരുത്തൽ നടത്തണം.
11. കലാകായിക മേളകളിൽ സമൂഹത്തിൻെറ പിൻനിരയിലുള്ള കുട്ടികളുടെ പങ്കാളിത്തം തുലോം കുറവാണ്. കാരണങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കണം.
12. കലാപ്രതിഭകൾക്ക് പരിശീലനം നൽകുന്നതിനായി പഞ്ചായത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പരിശീലനത്തിനുമാവശ്യമായ സാമ്പത്തിക സഹായം ല്കണം.
13. പഞ്ചായത്തിൽ നിന്നും. എൽ.എസ്.എസ്, യു. എസ്. എസ്.പരീക്ഷകളിൽ വിജയിക്കുന്ന കുട്ടികൾ വളരെ കുറവാണ്. കാരണം വിലയിരുത്തി പരിഹാര മാർഗ്ഗം തേടണം. ഇക്കാര്യത്തിൽ ദരിദ്ര വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം.
14. ഹൈസ്കൂൾ തലത്തിൽ കരിയർ ഗൈഡൻസ് സെൻറർ ആരംഭിക്കണം. പഞ്ചായത്ത് തലത്തിൽ അഭ്യസ്തവിദ്യർക്ക് വിവിധ തൊഴിൽ മേഖലകളെ കുറിച്ച് അറിവ് നേടുന്നതിനായി





വിദഗ്ധരെ ഉൾപ്പെടുത്തി കരിയർ സെമിനാർ സംഘടിപ്പിക്കണം. മത്സര പരീക്ഷകൾക്കുള്ള കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കണം. വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിനാവശ്യമായ കോഴ്സുകളെ കുറിച്ച് ഗൈഡൻസ് നൽകണം.

15 നിലവിലുള്ള ക്ളബ്ബുകൾക്കാവശ്യമായ സ്പോർട്ട്സ് ഗയിംസ് ഉപകരണങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തിൽ ജിംനേഷ്യം, ആയോധനകല, പാഠശാല, എന്നിവ ആരംഭിക്കണം. സ്പോർട്ട്സ് ഗയിംസ് വേളകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.

16. പൗരസ്ത്യസംസ്കാരത്തിന് വേണ്ടത്ര പ്രാധാന്യം നൽകി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

17. ഗ്രാമപ്രദേശങ്ങളിലെ പ്രതിഭാശാലികളായ കുട്ടികൾക്ക്വേണ്ടി കേന്ദ്ര ഗവൺമെൻറ് ആവിഷ്കരിച്ച നവോദയാ വിദ്യാലയം വയനാട്ടിൽ ആരംഭിച്ചിട്ടില്ല. മറ്റു ജില്ലകളിലുള്ള നവോദയാ വിദ്യാലയങ്ങളിലേക്ക് അപേക്ഷിക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് അവകാശമില്ല. വയനാട്ടിൽ നവോദയാ വിദ്യാലയം ഈ വർഷം തന്നെ ആരംഭിക്കണം. അല്ലെങ്കിൽ വടകരയിലുള്ള വിദ്യാലയത്തിൽ 100% സീറ്റുകൾ വർദ്ധിപ്പിച്ച് അത് വയനാട്ടിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യേണ്ടതാണ്.

18. വയനാട് ജില്ലയിൽ താഴെ പറയുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്.

1) എൻജിനിയറിങ്ങ് കോളേജ്
2) വെറ്റിനറി കോളേജ്
3) ഗവ.ഉടമയിൽ ഒരു സയൻസ് കോളേജ്
4) ആയുർവേദകോളേജ്

## ഉന്നതവിദ്യാഭ്യാസമേഖല പ്രശ്നങ്ങളും പരിഹാരങ്ങളും

ഉന്നത വിദ്യാഭ്യാസമേഖലയിൽ തരിയോട് പഞ്ചായത്ത് വളരെ പിന്നോക്കം നിൽക്കുന്നു. ജി.എച്ച്.എസ്.എസ്‌ലെ പ്ളസ് ടു സംവിധാനവും ഒരു പാരലൽ കോളേജും മാത്രമാണ് ഈ രംഗത്തുള്ളത്. +2 കോഴ്സിലേക്ക് പഞ്ചായത്തിലെ 13% വിദ്യാർത്തികൾക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. 225 കുട്ടികൾ എസ്.എസ്.എൽ.സി വിജയിച്ച, കഴിഞ്ഞ വർഷത്തെ കണക്കാണിത്.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും പഞ്ചായത്തിന് പുറത്തുള്ള ഉന്നതവിദ്യാഭാസസ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ സാമ്പത്തിക പരാധീനതമൂലം കഴിയാതെ വരുന്നു. +2 കോഴ്സിനു സീറ്റ് ഇരട്ടിയാക്കുക, ശാസ്ത്രേതര ഗ്രൂപ്പുകൾ കൂടി ആരംഭിക്കുക, നിർമ്മലാ ഹൈസ്കൂളിൽ പ്ളസ് ടു കോഴ്സ് തുടങ്ങക, വി.എച്ച്.എസ്.സി ആരംഭിക്കുക, പ്രൈമറി ഹെൽത്ത് സെൻററിനോടനുബന്ധിച്ച്, നഴ്സിംഗ് കോഴ്സ്, എം.എൽ.ടി കോഴ്സ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് എന്നിവ ആരംഭിക്കുക മേൽപറഞ്ഞവയിലെല്ലാം പ്രാദേശിക വിദ്യാർഥികൾക്ക് സംവരണം ഏർപ്പെടുത്തുക. ഡിഗ്രി കോഴ്സുകളുള്ള ഗവൺമെൻറ് കോളേജ്, പോളിടെക്നിക്ക്, ഐ.ടി.ഐ എന്നിവയും ആരംഭിക്കണം. കോഴിക്കോട്,കണ്ണൂർ യൂണിവേഴ്സിറ്റികളുടെ സെൻററുകൾ വയനാട്ടിൽ ആരംഭിക്കണം.

## ആദിവാസിമേഖലയിലെ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹാരനിർദ്ദേശങ്ങൾ

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ആദിവാസികൾ തരിയോട് പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യയുടെ 25% വരും. കുറിച്യർ,പണിയർ,കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിലുള്ള ആദിവാസികളും, പെറുമണ്ണാൻ ,മലയർ,കാടർ,പുലയർ,ചെറുമർ എന്നിങ്ങനെ മറ്റ് പിന്നോക്കവിഭാഗങ്ങളിലുള്ളവരുമാണ് പഞ്ചായത്തിലെ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. കൂടാതെ വിദ്യാഭ്യാസപരമായി എറ്റവും പിന്നോക്കം നിൽക്കുന്ന മറ്റൊരു വിഭാഗമാണ് കുമ്പാരർ.

പൊതു വിദ്യാഭ്യാസത്തിൻെറ പാതയിൽ നിന്ന് ഏറെ ദൂരം മാറിനിൽക്കുന്നവരാണ് ഇവർ. സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഇവരെ

എത്തിക്കുന്നതിനാവശ്യമായ നടപടികളിൽ ഏറ്റവും പ്രധാനം ഇവർക്ക് വിദ്യാഭ്യാസത്തിൻെറ വെളിച്ച മെത്തിക്കുക എന്നതാണ്. ഏറെ വൈവിധ്യമുള്ള ആചാരനുഷ്ഠാനങ്ങളും സാംസ്കാരിക പാശ്ചാത്ത ലവുമുള്ള ഇവരുടെ സഃസ്കാരികത്തനിമ നഷ്ടപ്പെടാതെതന്നെ ഇവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ട് വരേണ്ടതുണ്ട്.

സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ആദിവാസികളുടേയും, മറ്റ് പിന്നോക്ക വിഭാഗ ങ്ങളുടേയും നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തുക. ഉയർന്ന ജീവിതനിലവാരം വിദ്യാഭ്യാസത്തിലൂടെ നേടാൻ കഴിയുമെന്ന് അവരെ പൂർണ്ണമായി ബോധ്യപ്പെടുത്തണം. സാമൂഹ്യസംഘടനകൾ, ട്രൈബൽ ഡിപ്പാർ ട്ട്മെൻറ് എന്നിവരുടെ സഹകരണത്തോടെ വേണം ഈ ശ്രമങ്ങൾ ആരംഭിക്കേണ്ടത്. ആദിവാസി അമ്മമാർക്ക് വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കാൻ ഇതുകൊണ്ട് കഴിയണം.
2. വിദ്യാലയങ്ങളിൽ ആദിവാസിക്കുട്ടികളോടുള്ള എല്ലാവിധ അവഗണനയും അവസാനിപ്പിക്കണം. കലാകായിക മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തണം.
3. ആദിവാസി വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ പഠനോപകരണങ്ങൾ സൗജന്യമായി യഥാസമയത്ത് വിതരണം ചെയ്യണം.
4. ആദിവാസി വിദ്യാഭ്യാസ പ്രശ്നങ്ങളെ വിലയിരു ത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പ്രത്യേക വിദ്യാഭ്യാസ കൗൺസിലുകൾ, വാർഡ്, പഞ്ചായത്ത്, ബ്ളോക്ക്, ജില്ലാതലങ്ങളിൽ ആവിഷ്കരിക്കണം. രക്ഷാകർത്താക്കൾ സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ ആരോഗ്യ പ്രവർത്തകർ, ട്രൈബൽ വകുപ്പ് പ്രതിനിധികൾ എന്നിവർ ചേർന്നു പ്രശ്നങ്ങൾ അപഗ്രഥിച്ച് വിലയിരുത്തേണ്ടതാണ്.
5. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കു തടയുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക. പരിശീലനം നേടിയ ട്രൈബൽ വളണ്ടിയർമാരെ നിയമിക്കുകയും ഇവയുടെ പ്രവർത്തനം കൃത്യമായി വിലയിരു ത്തുകയും വേണം. [ഈ സംവിധാനം ഇപ്പോൾ നിലവിലുണ്ടെങ്കിലും പ്രവർത്തനം ഒട്ടും തൃപ്തികരമല്ല.] ആദിവാസികുട്ടികളെ സ്ഥിര മായി സ്ക്കൂളിൽ എത്തിക്കുന്നതിനുള്ള ചുമതല ഈ വളണ്ടിയർമാരിൽ നിക്ഷിപ്തമായിരിക്കണം.
6. ദാരിദ്ര്യമാണ് ആദിവാസിക്കുട്ടികളെ വിദ്യാലയ ങ്ങളിൽ നിന്ന് അകറ്റുന്ന പ്രധാന പ്രശ്നം. ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്. (പ്രാഥമിക വിദ്യാലയങ്ങളിൽ ഉച്ച ഭക്ഷണം ആവശ്യായ കുട്ടികൾക്കെല്ലാം തന്നെ നല്കണം) റഷിഡൻഷ്യൽ വിദ്യാലയം ആരംഭിക്കുന്നത് കൊണ്ട് മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. നില വിലുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കു കയും ആൺകുട്ടികൾക്ക് ഹോസ്റ്റൽ ആരംഭിക്കു കയും വേണം. വാർഡൻമാരുടെ നിയമനത്തിൽ പ്രത്യേത ശ്രദ്ധ പുലർത്തേണ്ടതുണ്ട്.
7. ആദിവാസിക്കുട്ടികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തണം.
8. ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് 9-ാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്ത ഓണറ്റേറിയം അനുവധി ക്കണം.

8- ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടുള്ള ആദിവാസി ക്ക് സർക്കാർ ജോലി ഉറപ്പുവരുത്തണം.

9. കാർഷിക മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട ആദിവാസികൾക്ക് വ്യവസായ പരിശീലനം നൽകി സ്വയം തൊഴിൽ പദ്ധതികൾ നടപ്പാ ക്കണം. വ്യവസായ സാധ്യതകളെപ്പറ്റി പ്രസ്തുത വകുപ്പിൻെറ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
10. ആദിവാസിക്കുട്ടികളെ ജോലി ചെയ്യിക്കുന്ന തിനായി (കാർഷിക മേഖലയിലും വീട്ടുജോലിയിലും )വിദൂര സ്ഥലങ്ങളിലേക്ക് കൊണ്ട് പോകുന്നതു തടയണം.





11. ആദിവാസി രക്ഷാകർത്താക്കൾക്കിടയിൽ കണ്ടുവരുന്ന മദ്യപാന ശീലവും പുകവലിയും തീരെ ചെറിയ കുട്ടികളിലേക്ക് പോലും വ്യാപിക്കുന്നുണ്ട്. ഇതിനെതിരെ ജാഗ്രത പുലർത്തണം.
12. ആദിവാസി മേഖലയിലെ അഭ്യസ്ഥ വിദ്യരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കരിയർ ഗൈഡൻസ് നൽകണം.
13. ഉപരി വിദ്യാഭ്യാസത്തിനാവശ്യമായ ഗൈഡൻസ് സെൻററുകൾ ആരംഭിക്കണം.

# അനുബന്ധം 2.
# സ്ക്കൂൾ കോംപ്ലക്സ്

വിദ്യാലയപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം അനിവാര്യമാണ്. ലീഡിംഗ് ഹൈസ്ക്കൂളിൻെറ നേതൃത്ത്വത്തിൽ പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ളതാണ് കോംപ്ലക്സിൻെറ ഘടന. അദ്ധ്യാപന നിലവാരം പഠനനിലവാരം, പാഠ്യേതരപ്രവർത്തനങ്ങൾ പരീക്ഷ, എന്നീ മേഖലകളിലെല്ലാം കോംപ്ലക്സിന് അനവധി പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും. ഭൗതിക സാഹചര്യങ്ങൾ വിദ്യാലയങ്ങൾ തമ്മിൽ കൈമാറൽ, ഉയർന്ന യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം എല്ലാവിദ്യാലയങ്ങൾക്ക് പ്രയോജനപ്പെടുത്തൽ, സർവ്വോപരി ഫലപ്രദമായ ജനകീയ ഇടപ്പെടൽ സാധ്യമാക്കൽ എന്നിങ്ങനെ കോംപ്ലക്സിൻെറ സാധ്യതകൾ അനവധിയാണ്. കല്ല്യാശ്ശേരി-ശിവപുരം മാതൃകയിൽ ഈ പഞ്ചായത്തിലും സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സ്ക്കുളുകളുടെ സ്വയം പര്യാപ്തത ഈ റിപ്പോർട്ടിൻെറ മുഖ്യലക്ഷ്യമാകയാൽ അതിനാവശ്യമായ പ്രവർത്തനങ്ങൾ കൂടി കോംപ്ലക്സിൽ ഉൾപ്പെടുത്തണം.

*__പ്രവർത്തനത്തിനു ആവശ്യമായ സമിതികൾ.__*

1. സ്ക്കൂൾ തല വിദ്യാഭ്യാസ സമിതി.
2. വാർഡ് തല വിദ്യാഭ്യാസ സമിതി.
3. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി
4. പഞ്ചായത്ത് തല അക്കാഡമിക് കൗൺസിൽ
5. ആദിവാസി വിദ്യാഭ്യാസ സമിതി.
6. കായിക-കലാ വിദ്യാഭ്യാസ സമിതി.
7. സ്ക്കൂൾ സ്വയം പര്യാപ്തതാസമിതി.
8. സബ്ജക്റ്റ് എക്സ്പർട്ട് ബോർഡ്.

# അനുബന്ധം 3.
# സ്വയം പര്യാപ്ത-വിദ്യാഭ്യാസ മേഖല

പഞ്ചായത്ത് തലത്തിലെ ആസൂത്രിതവും ഉദ്ദേശ്യാധിഷ്ഠിതവുമായ പദ്ധതിയിലൂടെ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളെ സ്വയം പര്യാപ്തമാക്കാൻ സാധിക്കും. ബാഹ്യമായ ഏതെങ്കിലും ഏജൻസിയുടെ ധനസഹായം കൊണ്ടോ, കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കിയോ അല്ലസ്വയം പര്യാപ്തത കൈവരിക്കേണ്ടത്. വിദ്യാഭ്യാസത്തോടൊപ്പം തന്നെ തൊഴിൽ പരിശീലനം നേടുകയും ചെറിയ തോതിൽ ഉല്പാദന പ്രക്രിയയിലേർപ്പെടുകയുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ടെക്കിനിക്കൽ ഹൈസ്ക്കൂളിലേത് പോലെയുള്ള പാഠ്യ പദ്ധതിയല്ല ഈ പദ്ധതിക്കാവശ്യം.

വിദ്യാഭ്യാസത്തോടെപ്പം തന്നെ കൈത്തൊഴിൽ പരിശീലനം നടത്തണം. 10 മണി മുതൽ 4 മണി വരെയാണ് ഇപ്പോൾ അദ്ധ്യയന സമയം. ഈ സമയക്രമത്തിൽ മാറ്റം വരുത്തണം. 9.30 മുതൽ 3pm വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാധാരണ രീതിയിൽ പ്രവർത്തിക്കുന്നു. 3 മുതൽ

4.30വരെ തൊഴിൽ പരിശീലനവും ഉല്പാദനവും. എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

നോട്ട് ബുക്ക്, ബാഗ്, കുട, ചോക്ക് പനമ്പ്, കുട്ടനെയ്ത്ത്, ഉദ്യാനകൃഷി, ഔഷധകൃഷി, നഴ്സറി, എന്നിങ്ങനെ അനവധി പദ്ധതികൾ ഇതിൻെറ പരിധിയിൽ വരും. ഈ പഞ്ചായത്തിലെ എല്ലാ കുട്ടികളും ദിവസം 1 മണിക്കൂർ വീതം പ്രവർത്തിച്ചാൽ 461 പ്രവർത്തന ദിനങ്ങൾ ഒരു

ദിവസം ലഭിക്കും. (പഞ്ചായത്തിൽ 3690 വിദ്യാർത്ഥികളാണ് ഉള്ളത്.) ഇവർ നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ നിന്ന് ഏറ്റവും ചുരുങ്ങിയത് 15 ലക്ഷം രൂപയെങ്കിലും അറ്റാദായം ലഭിക്കും. സാമ്പത്തിക പിന്നോക്കാവസ്ഥയുടെ ദുരിത ഫലങ്ങളനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വന്തം പ്രവർത്തനത്തിലൂടെ 30 രൂപയെങ്കിലും ഒരു ദിവസം ആദായമുണ്ടാക്കാൻ കഴിയും. [ഒരു വർഷം 168265 പ്രവൃത്തി ദിവസങ്ങൾ] മെഷിനറി, ടൂൾകിറ്റുകൾ, അസംസ്കൃതപദാർത്ഥങ്ങൾ എന്നിവയ്ക്കാവശ്യമായ സാമ്പത്തിക അടിത്തറ സംഘടിപ്പിക്കാൻ പ്രത്യേകപദ്ധതികൾതന്നെ ആവശ്യമാണ്. സ്കൂൾ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ചോ, പി.ടി.എ. ബാങ്കുകൾ എന്നീ ഏജൻസികൾ മുഖാന്തിരമോ സാമ്പത്തിക സഹായം ലഭ്യമാക്കണം. ഓരോ പഞ്ചായത്തിലേയും ഭൗതിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ നിശ്ചയി ക്കേണ്ടത്. ഒരു സ്കൂളിൽ ചുരുങ്ങിയത് 5 യൂനിറ്റുകൾ എങ്കിലും പ്രവർത്തിക്കണം.

അധ്യാപകർക്ക് പരിശീലനം നേടുകയാണ് ഒന്നാംഘട്ടം. രണ്ടാംഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിദ്യാലയങ്ങൾ വഴിതന്നെ വിറ്റഴിക്കാം. കൂടുതൽ ഉല്പന്നങ്ങളുണ്ടെങ്കിൽ പൊതു വിപണിയിലും വിപണനത്തിന് ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിച്ചാൽ വിജയം സുനിശ്ചിതമാണ്.

തരിയോട് പഞ്ചായത്തിൽനിന്നും ബാഗ്, കുട, നോട്ട്ബുക്ക് എന്നീ ഇനങ്ങളിൽ മാത്രം പഞ്ചായത്തിന് പുറത്തേക്ക് ഒഴുകുന്ന പണത്തിന്റെ ഒരു ഏകദേശകണക്ക് താഴെ കൊടുക്കുന്നു. കുട ഒന്നിന് 100 രൂ, ബാഗ് ഒന്നിന് 80 രൂ നോട്ട് ബുക്ക് ഒന്നിന് 10 രൂ പ്രകാരം 12 എണ്ണം എന്നിവയ്ക്ക് ആകെ ചെലവ് 1107000. ഇതിലും എത്രയോ അധികമാണ് യഥാർത്ഥ ചെലവ്. ഈ ഭീമമായ സംഖ്യ പഞ്ചായത്തിൽത്തന്നെ ചെലവഴിക്കപ്പെടാനും സഹായകമാകാനും സർവ്വോപരി ഉപജിവനത്തിന് ആവശ്യമായ തൊഴിൽ നേടാൻ വിദ്യാർത്ഥിയെ പ്രാപ്തനാകുന്നതിനും തൊഴിലിന്റെ മാഹാത്മ്യം വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുത്തുന്നതിനും ഈ പദ്ധതി സഹായിക്കും.

### ചാർട്ട് 11

ഒരു വർഷം തരിയോട് ഗ്രാമപഞ്ചായത്തിന് ആവശ്യമായ കുട, ബാഗ്,നോട്ട്ബുക്ക് ഏകദേശ കണക്ക്

| ഇനം | എണ്ണം | നിരക്ക് | ആകെവില |
|---|---|---|---|
| കുട | 3690 | 100 | 3,69,000 |
| ബാഗ് | 3690 | 80 | 2,95,200 |
| നോട്ടുബുക്ക് 200 പേജ് | 3690X12 =44280 | 10 | 4,42,800 |
| | | | ആകെ 11,07,000 |

### ചാർട്ട് നമ്പർ 1 ( പ്രൈമറി വിഭാഗം)

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | ക്ലാസ്സ് | ഡിവിഷനുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ | അനദ്ധ്യാപകർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ | ആകെ | | |
| 1 | II | സെന്റ് മേരീസ് യു.പി.സ്കൂൾ തരിയോട് | കോർപ്പറേറ്റ് മാനേജ്മെന്റ് മാനന്തവാടി | I to VII | 21 | 404 | 411 | 815 | 28 | 1 |
| 2 | II | എസ്.എ.എൽ.പി.എസ്.തരിയോട് | കേരള ആദിം ജാതി സേവാ സംഘം കല്പറ്റ | I to IV | 5 | 75 | 71 | 146 | 5 | 0 |
| 3 | IV | ഗവ:യു.പി.സ്കൂൾ ചെന്ദലോട് | ഗവൺമെന്റ് | I to VII | 16 | 355 | 327 | 682 | 20 | 1 |
| 4 | V | ഗവ:ഹയർ സെക്കണ്ടറി സ്കൂൾ തരിയോട് | ഗവൺമെന്റ് | V to VII | 7 | 137 | 118 | 225 | 10 | - |
| 5 | VII | ഗവ.എൽ.പി. സ്കൂൾ തരിയോട് | ഗവൺമെന്റ് | I to IV | 7 | 144 | 143 | 287 | 8 | - |
| | | | ആകെ | | 56 | 1115 | 1070 | 2185 | 71 | 2 |

## ചാർട്ട് നമ്പർ 2 ( ഹൈസ്കൂൾ വിഭാഗം)

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | ക്ലാസ്സ് | ഡിവിഷനുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ | അനദ്ധ്യാപകർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ | ആകെ | | |
| 1 | V | ഹയർ സെക്കണ്ടറി സ്കൂൾ തരിയോട് | ഗവൺമെൻറ് | VIII to X | 13 | 243 | 231 | 474 | 18 | 4 |
| 2 | VIII | നിർമ്മലാ ഹൈസ്കൂൾ തരിയോട് | സെൻറ്മേരീസ് ഫൊറാന ചർച്ച് | VIII toX | 18 | 462 | 437 | 899 | 30 | 5 |
| | | | | ആകെ | 31 | 705 | 668 | 1373 | 48 | 9 |

## ചാർട്ട് നമ്പർ 3 ( ഹയർ സെക്കൻററി വിഭാഗം)

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | ക്ലാസ്സ് | ഡിവിഷനുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ | അനദ്ധ്യാപകർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ | ആകെ | | |
| 1 | V | ഗവ:ഹയർ സെക്കണ്ടറി സ്കൂൾ തരിയോട് | ഗവൺമെൻറ് | XI to XII | 2 | 58 | 74 | 132 | 8- | |

**തരിയോട് പഞ്ചായത്തിൽ ആരംഭിക്കാവുന്ന പദ്ധതികൾ**

നോട്ട്ബുക്ക്, കുട, ബാഗ്, ചോക്ക് നിർമ്മാണം പനമ്പ്, കുട്ട, മെഴുകുതിരി, സോപ്പ് നിർമ്മാണം പേപ്പർ പൾപ്പ് കൗതുകവസ്തുക്കൾ, പഠനോപകരണങ്ങൾ ഇലക്ട്രോണിക്സ് റേഡിയോ, വാച്ച്, ഹാൻഡ് പേപ്പർ, കവർ, ഫയൽ, ചിരട്ടകൊണ്ടുള്ള കൗതുകവസ്തുക്കൾ, ചെരിപ്പ്, പാവ, കളിപ്പാട്ടം, ചൂരൽ, ഔഷധത്തോട്ടം, പൂന്തോട്ടം, നഴ്സറി (ഈ ലിസ്റ്റ് അപൂർണ്ണമാണ്.) തുടങ്ങിയ വിദ്യാഭ്യാസ അനുബന്ധ പദ്ധതികൾ ഇവിടെ നടപ്പിലാക്കാവുന്നതാണ്.









# കുടിവെള്ളം പൊതുജനാരോഗ്യം

## ആരോഗ്യം

കേരളത്തിൻെറ പ്രത്യേകമായ രാഷ്ട്രീയ-സാംസ്കാരിക-സാമ്പത്തിക വളർച്ചക്കൊപ്പം ആരോഗ്യ സംരക്ഷണരംഗത്തും അന്യത്രയില്ലാത്ത വിധം നമുക്കുമുന്നേറ്റമുണ്ടായി. രോഗപ്രതിരോധ രംഗത്തും, ചികിത്സാരംഗത്തുമെല്ലാം നാമുണ്ടാക്കിയ നേട്ടങ്ങൾ ഇന്ത്യക്കാകെ മാതൃകയായി. ബ്രിട്ടീഷ് ആധിപത്യത്തിന് മുൻപ് ഇന്ത്യയിലെ ഔദ്യോഗിക ചികിത്സാസമ്പ്രദായം ആയുർവ്വേദമായിരുന്നു. അലോപ്പൊതിയുടെ രംഗപ്രവേശനത്തോടെ ആയുർവ്വേദം അവഗണിക്കപ്പെട്ടു. രാജഭരണകാലഘട്ടം തൊട്ട് സമീപകാലം വരെ ആരോഗ്യസേവന പ്രവർത്തനങ്ങൾ തങ്ങളുടെ ചുമതലയായി ഭരണകൂടം ഏറ്റെടുക്കുകയും ആരോഗ്യസേവനമേഖല നാട്ടിലെ ഗ്രാമാന്തരങ്ങളിൽവരെ വ്യാപകമാക്കുകയും ചെയ്തു. അലോപ്പൊതിയോടൊപ്പം തന്നെ വളർന്നില്ലെങ്കിലും ആയുർവ്വേദവും കേരളത്തിലെ നാട്ടിൻപുറങ്ങളിൽ സാധാരണക്കാരുടെ ചികിത്സാരീതിയെന്ന നിലയിൽ നിലനിന്നു.

എന്നാൽ സമീപകാലത്ത് ആരോഗ്യസേവനരംഗത്തുള്ള ചുമതലകൾ നിറവേറ്റുന്നതിൽനിന്ന് സർക്കാർ പിന്നോക്കം പോകുകയും നമ്മുടെ മെഡിക്കൽ കോളേജുകളിലും, സർക്കാർ ആശുപത്രികളിലുമെല്ലാം രോഗികൾക്ക് പ്രതീക്ഷക്കൊത്തവിധം ചികിത്സലഭ്യമല്ലാതെ വരുകയും ചെയ്തു. തത്ഫലമായി നാട്ടിലെങ്ങും സ്വകാര്യ ആസ്പത്രികളുടെ എണ്ണം പെരുകി വരുന്നു. ഇവയിൽ പലതും നടത്തുന്ന ലാഭക്കൊതി മൂത്ത മത്സരം മൂലം കേരളത്തിലെ ആരോഗ്യസേവന രംഗം വമ്പിച്ച ഒരു ചൂഷണമേഖലയാക്കി മാറ്റാൻ സ്വകാര്യ മൂലധന നിക്ഷേപകർക്കു കഴിഞ്ഞു. നാട്ടിൻപുറങ്ങളിൽപോലും വളർന്നു വന്നിട്ടുള്ള സ്വകാര്യക്ലിനിക്കുകളും, ആശുപത്രികളും ഇന്ന് സർക്കാർ ആശുപത്രികളെ വെല്ലുവിളിച്ചുകൊണ്ടു ഈ രംഗത്ത് ആധിപത്യം നേടിയിരിക്കുന്നു. മെഡിക്കൽ - പാരാമെഡിക്കൽ വിദ്യാഭ്യാസരംഗം പോലും ഇന്ന് സ്വകാര്യമൂലധന നിക്ഷേപകരുടെ വ്യാപാരമേഖലയായി മാറിയിരിക്കുന്നു.

വയനാട്ടിൽ ആദിവാസികൾ പ്രകൃതിയോട് ഇണങ്ങി ജീവിച്ചവരും പൊതുവെ ആരോഗ്യദൃഢഗാത്രരുമായിരുന്നു. പച്ചമരുന്നുകളെകുറിച്ചും, ഒറ്റമൂലികളെകുറിച്ചുമെല്ലാം പരിമിതമായി അറിവുണ്ടായിരുന്ന അവർ രോഗചികിത്സക്ക്അവ ഉപയോഗിച്ചിരുന്നു. കുടിയേറി വന്ന സവർണ്ണ സമുദായങ്ങളിൽ പെട്ട കുടുംബങ്ങളും നാടൻ ചികിത്സാരീതികളെകു

റിച്ച് പ്രാഥമികമായ അറിവുള്ളവരായിരുന്നു. തരിയോട്ടെ ആദ്യകാല ചികിത്സകർ ഈ വിഭാഗങ്ങളിൽ നിന്ന് വളർന്ന്വന്ന നാട്ടു വൈദ്യൻമാരായിരുന്നു. ഇവിടെ സ്വർണ്ണ വനത്തിൽ എസ്റ്റേറ്റുകൾ തുറക്കുന്നതിനും വേണ്ടിയെത്തിയ ബ്രിട്ടീഷുകാരാണ് അലോപ്പൊതി ചികിത്സാസമ്പ്രദായം ഇവിടെയെത്തിച്ചത്. വൈത്തിരിയിൽ അക്കാലത്തുണ്ടായിരുന്ന സായിപ്പിൻെറ ക്ലിനിക്കായിരുന്നു ആദ്യകാലത്തെ ആശ്രയം, മലമ്പനിയും, വസൂരിയും ആദിവാസികളെയും കുടിയേറ്റക്കാരെയും കൂട്ടത്തോടെ കൊന്നൊടുക്കിയിരുന്നു. വസൂരി ബാധിച്ചവരെ ഇട്ടെറിഞ്ഞ് മറ്റുള്ളവർ ഓടിപ്പോയിരുന്നു. രോഗം വന്നാൽ പ്രതിരോധശേഷിയുള്ളവർ മാത്രമെ അവശേഷിച്ചിരുന്നുള്ളൂ. മലമ്പനിയെ ഭയന്ന് കുടിയേറ്റക്കാരിൽ പലരും നാട്ടിലേക്കുതന്നെ മടങ്ങിപ്പോയിരുന്നു. മലമ്പനി വാഹകരാണെന്ന് ഭയന്ന് കുടിയേറ്റക്കാരോട് അയിത്തം കല്പിച്ചിരുന്നു.

വൈത്തിരിയിൽ സ്ഥാപിച്ച ഗവൺമെൻറ് ആശുപത്രിയാണ് വയനാട്ടിലെ ആദ്യത്തെ ചികിത്സാകേന്ദ്രം. മലമ്പനി വ്യാപകമായപ്പോൾ ഈ രോഗത്തിന് പ്രതിവിധിയായി ഉപയോഗിച്ചിരുന്ന 'ക്വിനിൻ' എന്ന മരുന്ന് 'സിങ്കോണ' എന്ന സ്ഥലത്ത് കൃഷിചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ ചികിത്സകിട്ടാതെ വന്ന കർഷകർ ചികിത്സാകേന്ദ്രത്തിന്ന് വേണ്ടി മുറവിളികൂട്ടുകയും ഇതിൻെറഫലമായി വയനാട് ജില്ലയിലെ ആദ്യത്തെ പ്രാഥമികാരോഗ്യകേന്ദ്രം ജില്ലയിലെ പ്രഗത്ഭന്മാരുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുകയുണ്ടായി. അതിനുവേണ്ടി മുൻ പഞ്ചായത്ത് പ്രസിഡണ്ട് പരേതനായ ശ്രീ എം.റ്റി. ജോസഫിൻെറ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സ്മരണീയമാണ്.

1964ൽ തരിയോടു പഞ്ചായത്തിൽ കാവുംമന്ദത്ത് സൗജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്ര പ്രവർത്തനം തുടങ്ങി. നാട്ടുകാർ വിലക്കുവാങ്ങി സർക്കാരിൽ എല്പിച്ച ചെന്നലോടുള്ള സ്ഥലത്ത് 1967 മെയ് മാസത്തിൽ അന്നത്തെആരോഗ്യ വകുപ്പു മന്ത്രി ശ്രീ.ബി. വെല്ലിംഗ്ടൺ തറക്കല്ലിട്ടു. 1970-ൽ പ്രാഥമികാരോഗ്യകേന്ദ്രം പുതിയകെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ലോകബേങ്കിൻെറ സഹായത്തോടെ ഇന്ത്യാ പോപ്പുലേഷൻ പ്രൊജക്ട് 80 ലക്ഷം രൂപാചെലവിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തതോടെ ഈ PHC 1989-ൽ കമ്യൂണിറ്റി ഹെൽത്ത് സെൻററിൻററായി മാറി. ഇതിനു വേണ്ടി പ്രവർത്തിച്ച സംഘടനകളെയും വ്യക്തികളെയും ജനങ്ങൾക്ക് മറക്കാൻ കഴിയുന്നതല്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ നേരിട്ട കാലതാമസം മൂലം 1995ലാണ് ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാനാരംഭിച്ചത്.

30 ബഡുകളും 4 ഓപ്പറേഷൻ തിയ്യേറ്ററുകളും കുട്ടികൾക്കായുള്ള 10 ബെഡുകളും, എക്സ്റേ മുറികളും ഇവിടെയുണ്ട്. തരിയോടു പഞ്ചായത്തിൽ 1995-96ൽ ജനനനിരക്ക് 15.16ഉം മരണനിരക്ക് 3.14ഉം എന്നാണ് കണക്ക്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ശിശുമരണ നിരക്കും ഇവിടെ താരതമ്യേന കുറവാണ്. 1996-ൽ 155 പ്രസവം ഈ പഞ്ചായത്തിൽ നടന്നതിൽ 144 എണ്ണവും പഞ്ചായത്തിനു പുറത്ത് വെച്ചാണ് നടന്നത് എന്ന് കാണാം. 14 എണ്ണം മാത്രമാണ്ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ട ജനനം.

നാല് മെഡിക്കൽ ഓഫീസർമാരും 5 സ്റ്റാഫ് നഴ്സും ഉൾപ്പെടെ, ആവശ്യത്തിനുള്ള മുഴുവൻ ജീവനക്കാരെയും (കണക്കുകൾ പട്ടിക 2 കാണുക) സർക്കാർ നിയമിച്ചിട്ടുണ്ടെങ്കിലും കേവലം ഒരു ഡോക്ടറുടെയും പരിമിതമായ ജീവനക്കാരുടെയും സേവനം മാത്രമാണ് ഇപ്പോൾ ലഭിച്ചു വരുന്നത്. അതുകൊണ്ടുതന്നെ രോഗം വന്നവർ ചികിത്സ ലഭിക്കാനായി 16 കി.മീ. അകലെയുള്ള കല്പറ്റയിലോ, 25 കി.മീ. അകലെയുള്ള മാനന്തവാടിയിലോ എത്തേണ്ട ഗതികേടിലാണ്. ഈ പഞ്ചായത്തിൽ നിന്നും ദിവസേന 100നും 150നും ഇടക്ക് രോഗികൾ ചികിത്സതേടി ദൂരസ്ഥലങ്ങളിലേക്ക് പോകുന്നു. അടിയന്തരചികിത്സ ലഭിക്കേണ്ട രോഗികളെയും കൊണ്ടു ദൂരെയുള്ള ആശുപത്രികളിൽ എത്തുമ്പോഴേക്കും രോഗം ഗുരുതാരാവസ്ഥയിലെത്തുകയോ മരണം സംഭവിക്കുകയോ ചെയ്തിരിക്കും. ഇത്രയും സൗകര്യമുള്ള ആശുപത്രി ഉണ്ടായിട്ടും ആതുരചികിത്സാരംഗത്ത് നാം ഇന്നും സ്വകാര്യ ആശുപത്രികളെ പ്രധാനമായി ആശ്രയിക്കേണ്ടിവരുന്ന സ്ഥിതി ദൗർഭാഗ്യകരമാണ്. രോഗങ്ങളും രോഗചികിത്സക്കെത്തിയവരും (പട്ടിക 3,4,5,6) സർക്കാർ

കണക്കനുസരിച്ച് 4 ഡോക്ടർമാരുടെ തസ്തികകൾ നികത്തിയിട്ടുണ്ടെങ്കിലും എല്ലാവരുടെയും സേവനം ഇവിടെ ലഭ്യമല്ല. രണ്ടുപേർ സ്ഥിരമായി അവധിയിലും, ഒരാൾ വല്ലപ്പോഴും വന്ന പോകുന്നയാളുമാണ്. ഗർഭിണികൾക്കും കുട്ടികൾക്കുമാണ് ഇവിടെ നിന്നും പ്രധാനമായും ചികിത്സലഭിക്കേണ്ടതാണ് എന്നാൽ നിയമിക്കപ്പെട്ടിട്ടുള്ള ഗൈനക്കോളജിസ്റ്റുകളുടെ സേവനം പ്രയോജനകരമായി ലഭിക്കുന്നില്ല.

ശിശുരോഗവിദഗ്ധൻമാരുടെ തസ്തികകൾ നികത്താതെ ഇവിടെ നിയമിച്ചിരിക്കുന്നത് ഒരു റേഡിയോളജിസ്റ്റിനേയാണ് റേഡിയോളജിസ്റ്റുണ്ടെങ്കിലും എക്സ്റേ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ ഈ വിഭാഗം പ്രവർത്തനമില്ല. ഓപ്പറേഷൻ തിയ്യേറ്റർ പ്രവർത്തിക്കാനാവശ്യമായ മുറികളുണ്ടെങ്കിലും ആവശ്യമായ സജ്ജീകരമങ്ങളോ, സർജ്ജന്മാരോ ഇല്ല ഉള്ള ഉപകരണങ്ങൾ തന്നെ വേണ്ടത്ര ശ്രദ്ധിക്കാത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നു. ഭൗതികസാഹചര്യങ്ങളുണ്ടെങ്കിലും എക്സ്റേയൂണിറ്റ് ഇ.സി.ജി. സ്കാനിംഗ് എന്നിവയ്ക്ക് വേണ്ട യന്ത്രങ്ങൾ സ്ഥാപിച്ചിട്ടില്ല. ആശുപത്രിയുടെ സുഗമമായയ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവ ലഭിക്കുന്നില്ല. ഉള്ളവ ഉപയോഗിക്കുന്നുമില്ല. ജില്ലാ മെഡിക്കൽസ്റ്റോർ ഇവിടെ പ്രവർത്തിക്കുന്നു ണ്ടെങ്കിലും ആവശ്യത്തിന് മരുന്നുകൾ മിക്കവാറും ലഭിക്കാറില്ല. രേഖകളിൽ ജീവനക്കാരുണ്ടെങ്കിലും കോർട്ടേഴ്സിൽ താമസമില്ല. പുതിയ ബെഡുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും പഴകിയതും കേടുവന്ന ബെഡുകളും മാത്രമെ കാണാൻ കഴിയുകയുള്ളു. കട്ടിലുകൾ അറ്റകുറ്റപണികൾ നടത്തിയിട്ടില്ല.

ആസ്പത്രിക്കാവശ്യമായ പൂന്തോട്ട സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ശുദ്ധജലവിതരണം കുറ്റമറ്റതായിട്ടില്ല. രക്തബാങ്കിന്റെ സേവനം ഇവിയെ ലഭ്യമല്ല. വെള്ളം, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ല. ആസ്പത്രിയിലെ വെള്ളക്ഷാമം പരിഹരിക്കുവാൻ പമ്പ് ഓപ്പറേറ്റർമാർ ഇല്ല. ആശുപത്രിയിലേക്കുള്ള റോഡ് ടാറിംഗ് കുറ്റമറ്റതാക്കിയിട്ടില്ല. നിർധനരായ രോഗികൾക്ക് പ്രത്യേകിച്ച് ആദിവാസികൾക്ക് ഭക്ഷണസൗകര്യം ലഭ്യമല്ല. മുട്ട,പാൽ, മുതലായ പോഷകാഹാരങ്ങൾ ആസ്പത്രിയിൽ വിതരണം ചെയ്യുന്നില്ല. രോഗികളെ അഡ്മിറ്റ് ചെയ്യാത്തതിനാലും, ഭക്ഷണം ആശുപത്രിയിലോ പുറത്തോ ലഭിക്കാത്തതിനാലും രോഗികളെ കിടത്തി ചികിത്സിക്കുന്ന വിഭാഗം ഇവിടെ പ്രവർത്തിക്കുന്നില്ല. രോഗികൾക്ക് ഭക്ഷണത്തിനാവശ്യമായ വകുപ്പ്തല സാമ്പത്തിക സംവിധാനമില്ല.ഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കള സൗകര്യവുമില്ല. അതിനുള്ള ഇന്ധനങ്ങൾ ലഭിക്കാറില്ല.മാനസിക രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭിക്കാനുള്ള സംവിധാനമില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ ചികിത്സാചെലവു ഭാരിച്ചതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ കോഴിക്കോട് മാനസികരോഗാസ്പത്രിയിലെ ഒരു ഡോക്ടർ മാസത്തിൽ ഒരിക്കൽ മാത്രമാണ് എത്തുന്നത്. ആദിവാസികൾക്കിടയിൽ ത്വക്കം രോഗം മൂലം മരണം സംഭവിക്കുന്നതായും ഇവിടെ റിപ്പോർട്ടും ചെയ്തിട്ടുണ്ട്. എന്നാൽ ഇവർക്കാവശ്യമായ വിദഗ്ധ സേവനം ലഭിക്കുന്നില്ല. ഗൈനക്കോളജിസ്റ്റ്, ദന്തരോഗവിദഗ്ധൻ, പീഡിയാട്രിഷൻ, ഓഫ്ത്താൽ മോളജിസ്റ്റ്, ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നിവയുടെ സ്പെഷലിസ്റ്റ് ഡോക്ടർമാർ ഇല്ല. ഓപ്പറേഷൻ തിയ്യേറ്ററിൽ വേണ്ടത്ര ശുചിത്വമില്ല. ആസ്പത്രി വൃത്തിയാക്കാൻ വേണ്ട സംവിധാനങ്ങളുടെ അപര്യാപ്തതയുണ്ട്. ആസ്പത്രികെട്ടിടത്തിന്ന് ആവശ്യമായ അറ്റകുറ്റപണികൾ നടന്നിട്ടില്ല. പഴയവാഹനങ്ങൾ നന്നാക്കിയിട്ടില്ല. ആവശ്യത്തിന് വാഹനമില്ല. ഉള്ളവ പ്രയോജനപ്പെടുന്നില്ല. ആശുപത്രിപരിസരം കാടുമൂടികിടക്കുന്നു. സ്ഥലത്തിന് ചുറ്റുമതിലില്ല. ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെൻററുണ്ടെങ്കിലും ഇപ്പോൾ ട്രെയിനിംഗ് നടക്കുന്നില്ല. ആശുപത്രിക്ക് ഒരു ആമ്പുലൻസില്ല. പരമ്പരാഗത ചികിത്സ നടത്തുന്ന ആദിവാസി വൈദ്യൻമാർക്ക് പഞ്ചായത്ത് സഹായം ലഭിക്കുന്നില്ല. പഞ്ചായത്തിൽ കാപ്പവയലിൽ നടത്തുന്ന ആദിവാസി ആയുർവ്വേദ ഡിസ്പെൻസറിയിൽ ഡോക്ടർമാർ ഇല്ല. നേഴ്സിംഗ് അസിസ്റ്റൻറ് കമ്പോണ്ടർ കം നേഴ്സ് എന്നിവരുടെ സേവനം ആദിവാസി വിഭാഗങ്ങൾക്ക് ലഭ്യമല്ല. സ്വന്തമായി കെട്ടിടമില്ല. ആവശ്യത്തിനു മരുന്നുകളും

ലഭിക്കുന്നില്ല. ചികിത്സക്ക് ആവശ്യമായ സംവിധാനങ്ങൾ ഒന്നുമില്ല. ഔഷധസസ്യങ്ങളുടെ വളർത്തു കേന്ദ്രം ആരംഭിച്ചിട്ടില്ല. ആയുർവ്വേദ വിധിപ്രകാരം മരുന്നുകൾ പാകപ്പെടുത്താനുള്ള സംവിധാനമില്ല. ഡോക്ടർക്ക് താമസിക്കുവാനുള്ള കോർട്ടേഴ്സ് നിർമ്മിച്ചിട്ടില്ല. കിടിത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല. ആധുനിക ക്ലിനിക്കൽ ലബോറട്ടറി സംവിധാനങ്ങൾ ഇല്ല. ആശുപത്രിക്ക് സമീപം പ്രാഥമിക ആവശ്യത്തിന് കക്കൂസ്, കുളിമുറി, ശുദ്ധജലം ഇവയൊന്നും ലഭ്യമല്ല. വംശനാശം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ സംരക്ഷിക്കാൻ സംവിധാനമില്ല. അത്യാവശ്യഘട്ടങ്ങളിൽ ഡോക്ടർമാർക്കും, രോഗികൾക്കും ഉപയോഗിക്കാൻ ആമ്പുലൻസ് വാഹനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ട്. പൊതുവായ ആയുർവേദാശുപത്രി സ്ഥാപിച്ചിട്ടില്ല. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. ഹോമിയോ ഡിസ്പെൻസറിയോ, ആസ്പത്രിയോ സർക്കാർ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പാരമ്പര്യ ആയുർവൈദ്യൻമാരായ ആദിവാസി വൈദ്യൻമാർക്ക് സംരക്ഷണവും ലഭിക്കുന്നില്ല.

മദ്യത്തിനും മയക്കുമരുന്നിനും പുകവലിക്കുമെതിരെയുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നില്ല. ഇവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം ഫലപ്രദമല്ല. വൃദ്ധജനങ്ങൾക്കും മാനസിക പീഢനം അനുഭവിക്കുന്നവർക്കുമായി വൃദ്ധസദനമില്ല. ഇവരുടെ ചുമതല ഏറ്റെടുക്കുവാൻ പഞ്ചായത്തിന് സംവിധാനമില്ല. പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് പൊതുകക്കൂസുകൾ നിർമ്മിച്ചിട്ടില്ല എല്ലാ ആദിവാസി കോളനികളിലും ശുദ്ധജലം ലഭ്യമാക്കിയിട്ടില്ല. ആദിവാസികൾക്ക് ഭക്ഷണം, പാർപ്പിടം എന്നിവയിൽ ശുചിത്വക്കുറവുണ്ട്. സസ്യങ്ങൾക്ക് ഉപയോഗിക്കുന്ന കീടനാശിനികളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മമൂലം സുരക്ഷിതത്വസംവിധനാങ്ങൾ പാലിക്കപ്പെടുന്നില്ല. പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ വില്ക്കുന്ന ഹോട്ടൽ നടത്തിപ്പുകാർക്ക് എതിരെ നടപടികൾ സ്വീകരിക്കാത്ത ഹെൽത്ത് ഇൻസ്പെക്ടർമാർ സമൂഹത്തോടുള്ള കടപ്പാടും അവരുടെ ജോലികളിൽ ഗുരുതരമായ വീഴ്ചയും വരുത്തുന്നുണ്ട്. അമോണിയ മുതലായ മാരകമായ രാസവസ്തുക്കൾ മത്സ്യങ്ങളിൽ ചേർത്ത് വില്ക്കുന്നതിന് എതിരായും, മാരകരോഗങ്ങളാൽ ചത്തതും കേടുവന്നതുമായ മാംസം വിൽക്കുന്നവർക്കുമെതിരായും മൃഗസംരക്ഷണ വകുപ്പും ബന്ധപ്പെട്ടവരും നടപടികൾ സ്വീകരിക്കാതിരിക്കുന്നതു മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്. പോഷകമൂല്യമുള്ള ആഹാരങ്ങൾ വാങ്ങികഴിക്കാൻ പാവപ്പെട്ടവർക്ക് കഴിയുന്നില്ല. പൊതുഭക്ഷ്യവിതരണരംഗത്ത് ഭക്ഷ്യയോഗ്യമല്ലാത്തതും കേടുവന്നതുമായ ധാന്യങ്ങൾ വിൽക്കുന്നുണ്ട്. ഉദ്യോഗസ്ഥൻമാരുടെയും ബന്ധപ്പെട്ടവരുടെയും അശ്രദ്ധമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. എയ്ഡ്സ്, മലേറിയ ക്ഷയം എന്നീ രോഗങ്ങൾക്ക് എതിരെ ആരോഗ്യവകുപ്പ് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. കൂടാതെ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നതും, ശുദ്ധജലപൈപ്പുകൾ പൊട്ടി അതിൽ മാലിന്യങ്ങൾ കലരുന്നതും, പൊതുസ്ഥലങ്ങളിൽ മൃഗങ്ങൾ പക്ഷികൾ പാമ്പ് മുതലായ ജീവികൾ ചത്തു ചീഞ്ഞു നാറുന്നതും, അഴുക്കുചാൽ ഓടകൾ എന്നിവയിൽ വെള്ളം കെട്ടികിടന്ന് ദുർഗന്ധം വമിക്കുന്നതും, കൊതുകുകൾ വർദ്ധിക്കുന്നതും, പേവിഷബാധ ബാധിച്ച് അലഞ്ഞുനടക്കുന്ന ജന്തുക്കളെ യഥാസമയം നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തത്, ആരോഗ്യത്തിന് ഹാനികരമായ മോട്ടോർ വാഹന പുകശല്ല്യം നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കാത്തത്, തുടങ്ങിയ പ്രശ്നങ്ങളുമുണ്ട്.

## *പരിഹാര നിർദ്ദേശങ്ങൾ*

☆ ഇപ്പോൾ ദീർഘകാല അവധിയിൽ പോയിട്ടുള്ള ഡോക്ടർമാർക്ക് പകരമായി ജില്ലാ ഭരണാധികാരികൾ നേരിട്ട് നിയമനങ്ങൾ നടത്തുകയും കൃത്യമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടറെ നിർബ്ബന്ധമായി അവധി നൽകി പകരം ആളെ നിയമിക്കുകയും ചെയ്യണം. ഒഴിവുള്ള ഗൈനക്കോളജി, ശിശുചികിത്സ ഇവയിലേക്കും അസ്ഥിചികിത്സ, ജനറൽ മെഡിസിൻ, സർജറി, എന്നീ തസ്തികകളിലും അതാതിന്റെ വിദഗ്ധൻമാരെ മാത്രം നിയമിക്കുക. സ്ഥിരമായി ആളെ നിയ

മിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതുവരെ താൽക്കാലികക്കാരെ നിയമിക്കാനും എത്രയും വേഗം P.S.C മുഖേന നിയമിക്കാനും സർക്കാർ നടപടി ഉണ്ടാവണം.

☆ നിലവിലുള്ള ഓപ്പറേഷൻ തിയ്യേറ്ററുകൾക്ക് ആവശ്യമായ സാമഗ്രികൾ ബ്ലോക്ക് പഞ്ചായത്തും ആരോഗ്യവകുപ്പും ചേർന്ന് വാങ്ങി ആശുപത്രിക്ക് നൽകണം. എക്സ്റേ യൂണിറ്റ് ആരംഭിക്കുവാൻ വേണ്ട നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുക.

☆ ഇ.സി.ജി. യന്ത്രം സ്ഥാപിച്ചുകിട്ടാൻ റോട്ടറിക്ലബ്ബ്, Y.M.C.A തുടങ്ങിയ ഏതെങ്കിലും സന്നദ്ധസംഘടനകളുടെ സഹായം ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ശ്രമിക്കണം. അങ്ങനെ ലഭിച്ചില്ലെങ്കിൽ സംസ്ഥാന ഗവർമ്മെൻറ്ഫണ്ട് നൽകണം. ആശുപത്രിക്ക് ആവശ്യമായ മരുന്നകളും മറ്റു സാമഗ്രികളും യഥാസമയം ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധിക്കണം.

☆ ബെഡുകളും കട്ടിലുകളും ഉപയോഗശൂന്യമായതു മാറ്റാനും കേടായവ റിപ്പയർ ചെയ്യാനും ആവശ്യമായ തുണികൾ നൽകാനും ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിൻെറ സഹായത്തോടെ ശ്രമിക്കണം.

☆ ജീവനക്കാർക്കുള്ള ക്വോർട്ടേഴ്സുകളിൽ വെള്ളവും വൈദ്യുതിയും മുടങ്ങാതിരിക്കാൻ സംവിധാനമുണ്ടാക്കണം.

☆ ആശുപത്രിയിൽ ശുദ്ധജലദൗർല്ലഭ്യം നേരിടാതിരിക്കാൻ ഒരു സ്ഥിരം പമ്പ് ഓപ്പറേറ്ററെ നിയമിക്കുക.

☆ ആശുപത്രിയിലേക്ക് ഉള്ള റോഡ് JRY പദ്ധതിയിൽപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ടാർ ചെയ്ത് കൊടുക്കണം.

☆ ഭക്ഷണം പാകം ചെയ്യാൻ അടുക്കളയ്ക്കായി ഒരു പ്രത്യേകം കെട്ടിടം നിർമ്മിച്ച് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.ഇവിടെ വേണ്ടിവരുന്ന പാത്രങ്ങൾ ആശുപത്രി വികസന സമിതി പൊതുജനസഹായത്തോടെ വാങ്ങി കൊടുക്കണം. ഒരു കുക്കിനേയും ഒരു സഹായിയേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കണം. ഭക്ഷണസാധനങ്ങളും പോഷകാഹാരങ്ങളുംവാങ്ങാൻ വേണ്ടഫണ്ട് ആരോഗ്യവകുപ്പും ബ്ലോക്ക് പഞ്ചായത്തും അനുവദിക്കണം.

☆ ശുചീകരണ ജോലിക്ക് ആവശ്യമായ ജോലിക്കാരെ (5 പേർ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖേനതെരഞ്ഞെടുത്ത് നിയമിക്കണം.

☆ ആശുപത്രി പരിസരത്ത് കാടു വൃത്തിയാക്കി ഗാർഡനിംഗ് നടത്താൻ പഞ്ചായത്ത് വികസന സമിതി സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കണം.

☆ ആശുപത്രിക്ക് സർക്കാർ ഒരാമ്പുലൻസ് വാങ്ങണം.

☆ പഴയവാഹനങ്ങൾ റിപ്പയർ ചെയ്യാൻ ആരോഗ്യവകുപ്പ് D.M.O ബ്ലോക്കു പഞ്ചായത്തും നടപടി സ്വീകരിക്കണം.

☆ കോമ്പണ്ട് വോൾ ബ്ലോക്കു പഞ്ചായത്തിൻെറയോ ജില്ലാ പഞ്ചായത്തിൻെറയോ JRY പദ്ധതിയിലോ E.A.S പദ്ധതിയിലോപെടുത്തി നിർമ്മിക്കണം. കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും നടത്തണം.

☆ ഒഴിഞ്ഞുകിടക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ ട്രെയനിംഗ് സെൻററിൽ വയനാട്ടിൽ സർക്കാർ അനുവദിച്ചിട്ടുള്ള നഴ്സിംഗ്സ്കൂൾ ആരംഭിക്കണം.

☆ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഹൃദ്രോഗ ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

☆ ജില്ലാ ആശുപത്രിയിൽ മനോരോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു കെട്ടിടം നിർമ്മിക്കുകയും സ്ഥിരമായ സൈക്യാട്രിസ്റ്റിനേയും സ്റ്റാഫിനേയും നിയമിക്കാൻ ജില്ലാ പഞ്ചായത്തും സംസ്ഥാന സർക്കാരും നടപടികൾ സ്വീകരിക്കുകയും വേണം.

☆ ജില്ലാ ആശുപത്രിയിൽ സ്കാനിംഗ് നടത്താനുള്ള യന്ത്രങ്ങൾ വാങ്ങി സ്ഥാപിക്കണം. ഇതിനുള്ള ഫണ്ട് സംസ്ഥാന ഗവർമ്മെണ്ട് അനുവദിക്കണം.

☆ ചെന്നലോട് ആശുപത്രിയിൽ വൈദ്യുതി നിലച്ചാൽ ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനും പമ്പുസെറ്റ് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ഒരു ജനറേറ്റർ (25 W) വാങ്ങി സ്ഥാപിക്കുകയും ഇതിനുള്ള ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് അനുവദിക്കുകയും വേണം.

☆ സ്കൂളുകളിലെ ആരോഗ്യപരിശോധനയ്ക്കും

തുടർ ചികിത്സയ്ക്കും നേതൃത്വം നൽകാൻ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒരു ശിശു രോഗ വിദഗ്ധനെ പ്രത്യേകമായി നിയമിക്കണം.

☆ എല്ലാ വാർഡുകളിലും പഞ്ചായത്ത് വികസന സമിതി മുൻകൈ എടുത്ത് ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കുകയും ആരോഗ്യസെമിനാറുകളും ചികിത്സാക്യാമ്പുകളും രക്തനിർണ്ണയ ക്യാമ്പുകളും നടത്തുകയും ചെയ്യണം. ഇതിനായി സന്നദ്ധസംഘടനകളുടെ സഹായം ഉപയോഗപ്പെടുത്തണം.

☆ ആശുപത്രി ഉപദേശക സമിതി ഓരോ മാസവും യോഗം ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ രൂപീകരിച്ച് പ്രവൃത്തിക്കണം.

☆ ആദിവാസി കോളനികളിൽ മാസത്തിൽ ഒരു തവണ എങ്കിലും വിദഗ്ധ ഡോക്ടർമാരുടെ ഒരു സംഘം സന്ദർശിച്ച് രോഗപ്രതിരോധനടനപടികൾ സ്വീകരിക്കുകയും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും വേണം. ഇതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒരു വിദഗ്ധ ഗ്രൂപ്പിനെ നിശ്ചയിക്കണം. അവർക്ക് ജോലി സമയത്തിന് ശേഷം ഈ പ്രവർത്തിചെയ്യാൻ നിർദ്ദേശം നൽകുകയും T.E.O അവരെ അനുഗമിക്കുകയും വേണം. ഈ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് മാന്യമായ അലവൻസ് I.T.D.P നൽകണം.

☆ ട്രൈബൽ വകുപ്പിൻെറ കീഴിലുള്ള ആയുർവേദ ഡിസ്പെൻസറിയിൽ ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനെയും നേഴ്സിംഗ് അസിസ്റ്റൻറിനേയും നിയമിക്കണം. മരുന്ന് വാങ്ങാൻ ആവശ്യമായ ഫണ്ട് I.T.D.Pയിൽ നിന്ന് അനുവദിക്കണം.

☆ കഷായങ്ങളും മറ്റും പാകപ്പെടുത്തുന്നതിന് ഒരു മുറി വാടകയ്ക്ക് എടുക്കുകയും അതിൽ പുകയില്ലാത്ത അടുപ്പു സ്ഥാപിക്കുകയും ചെയ്യണം.

☆ ഒരു ആയുർവ്വേദ ആശുപത്രി പൊതുവിഭാഗത്തിൽ ഇവിടെ നിർമ്മിക്കേണ്ടതാണ്. ആശുപത്രി പ്രവർത്തനം ആരംഭിക്കാൻ കാവുംമന്ദത്ത് വാകട കെട്ടിടം ഉപയോഗിക്കാൻ കഴിയും രോഗികളെ കിടത്തി ചികിത്സിക്കാൻ 10 ബെഡുകളുടെ സൗകര്യംഇവിടെ ഏർപ്പെടുത്തണം. അസ്ഥി രോഗ ചികിത്സക്കുള്ള സൗകര്യങ്ങളും ഒരു വിദഗ്ധ ഡോക്ടറും ഇവിടെ ഉണ്ടാവണം.

☆ പഞ്ചായത്തിൻെറ വക കമ്പനികുന്നിലെ കാടുപിടിച്ചുകിടക്കുന്ന സ്ഥലം ഔഷധസസ്യകൃഷിക്ക് നൽകാവുന്നതാണ്.ഇവിടെ സാമൂഹ്യവനവൽക്കരണ പദ്ധതിയിൽപ്പെടുത്തി വനം വകുപ്പുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

☆ പാരമ്പര്യ വൈദ്യൻമാർക്ക് അവരുടെ ഫാർമസി സൗകര്യം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് കോ-ഗാരൻറി നൽകി സഹകരണബാങ്കിൽ നിന്ന് വായ്പ ലഭ്യമാക്കണം.

☆ ആദിവാസി വൈദ്യൻമാർക്ക് അവരുടെ ചികിത്സാസേവനങ്ങൾ മറ്റുള്ള ആദിവാസികൾക്ക് സൗജന്യമായി നൽകുന്നതിന് പ്രതിഫലമായി ഒരു രോഗിക്ക് 10 രൂപാ തോതിൽ I.T.D.P ഫണ്ടിൽ നിന്ന് നൽകേണ്ടതാണ്. ഇപ്പോൾ വാടകകെട്ടിടത്തതി പ്രവർത്തിക്കുന്ന ട്രൈബൽ ആയുർവ്വേദ ഡിസ്പെൻസറി തരിയോട് കുണ്ടിലങ്ങാടിയിൽ പഞ്ചായത്ത് വകയായുള്ള സ്ഥലത്ത് സ്ഥിരം കെട്ടിടം നിർമ്മിച്ച് അതിലേക്ക് മാറ്റുകയും 10 ബെഡ്ഡുള്ള ഒരാശുപത്രിയാക്കി ഉയർത്തുകയും വേണം.ഈ പഞ്ചായത്തിൽ ഹോമിയോ ചികിത്സാ സൗകര്യങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ തരിയോട് 10-ാം മൈലിൽ ഒരുഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.

☆ മെഡിക്കൽ കോളജിലെ വിദഗ്ധ ഡോക്ടർമാർ മാസത്തിലൊരിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ക്യാമ്പ് ചെയ്തും രോഗികളെ പരിശോധിക്കണം.

☆ ആശുപത്രികളോടനുബന്ധിച്ച് കക്കൂസ്, കുളിമുറി എന്നിവ നിർമ്മിച്ചു പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്പെടുത്താനുള്ള സൗകര്യം ഏർപ്പെടുത്തണം. രോഗികൾക്കും ഡോക്ടർമാർക്കും ഉപയോഗിക്കാവുന്ന ആംബുലൻസു വാഹനങ്ങൾ സേവനത്തിനായി ലഭ്യമാക്കണം.

☆ മദ്യത്തിനും, മയക്കുമരുന്നിനും, പുക വലിക്കുമെതിരെ ബോധവൽക്കരണ ക്ലാസുകളും, നിയമ നടപടികളും ഊർജ്ജിതപ്പെടുത്തണം. ഇതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾ വാർഡ് തലം വരെ പ്രവർത്തിക്കണം.

☆ വൃദ്ധജനങ്ങൾക്കായി വൃദ്ധസദൻ നിർമ്മിക്കുകയും അവരെ അവിടെ പുനരധിവസിപ്പിക്കു

കയും ചെയ്യണം. എല്ലാ ആദിവാസികോളനിക ളിലും കക്കൂസ് നിർമ്മിക്കണം. വീടുകളിൽ നിർമ്മിക്കാൻ കഴിയാത്തവർക്ക് കോളനികളിൽ പൊതുവായി ഒരു കക്കൂസ് നിർമ്മിക്കാൻ സൗകര്യം ചെയ്തു കൊടുക്കണം.

☆ പഴകിയ ഭക്ഷണസാധനങ്ങൾ വില്ക്കുന്ന ഹോട്ടലുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കർശനമായി നിർദ്ദേശം നല്കണം.

☆ പച്ച മത്സ്യം വില്ക്കാൻ കൊണ്ടുവരുന്ന കച്ചവടക്കാർ മാരകമായ വിഷവസ്തുക്കൾ ചേർത്ത് വില്പന നടത്തുന്നത് നിയമനടപിടകൾ മുഖേന തടയുകയും അത്തരക്കാരെ കണ്ടുപിടിച്ചും ശിക്ഷിക്കാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ കൊണ്ടുവരികയും വേണം.

☆ രോഗം ബാധിച്ച ഉരുക്കളെ അറവുശാലകളിൽ കൊണ്ടു വന്ന് അറുത്ത് വില്പന നടത്തുന്നത് കർശനമായി തടയുകയും, ഗുണനിലവാരമുള്ളവ മാത്രമെ വില്ക്കാൻ പാടുള്ളുവെന്ന് കർശനനിയമം കൊണ്ടു വരികയും ഉറപ്പാക്കുകയും വേണം.

☆ പൊതു ഭക്ഷ്യ വസ്തുക്കളുടെ വിതരണരംഗത്ത് വേണ്ടത്ര ശ്രദ്ധപതിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങളും ഈ കാര്യത്തിൽ ഒന്നിച്ചു പ്രവർത്തിക്കുകയും വേണം. അതുമൂലം സമൂഹത്തോടു പ്രതിബദ്ധത നിലനിർത്താൻ കഴിയണം.

☆ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. റോഡിലും മറ്റു പൊതുസ്ഥലങ്ങളിലും ജന്തുക്കൾ ചത്തുചീഞ്ഞു നാറുന്നതിന് യഥാസമയങ്ങളിൽ അവ നീക്കം ചെയ്യുന്നതിനും നശിപ്പിച്ചുകളയുന്നതിനും സംവിധാനം ഏർപ്പെടുത്തണം.

☆ അഴുക്കുചാലുകളിൽ വെള്ളം കെട്ടിനിന്ന് കൊതുക് ശല്യം കൂടുന്നത് തടയാൻ നടപടികൾ സ്വീകരിക്കണം. പേ വിഷബാധയേറ്റ മൃഗങ്ങളെ നശിപ്പിക്കുന്നതിന് സൗകര്യമേർപ്പെടുത്തണം. ആരോഗ്യത്തിന് ഹാനികരമായ മോട്ടോർ വാഹന പുകശല്യം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കണം.

## പട്ടിക No.1 സ്ഥായിയായയ രോഗമുള്ളവർ

| വാർഡ് | രക്തസമ്മർദ്ദ മുള്ളവർ | പ്രമേഹ രോഗികൾ | ക്യാൻസർ രോഗികൾ | ക്ഷയരോഗികൾ | ഹൃദ്രോഗ മുള്ളവർ | കുഷ്ഠ രോഗികൾ |
|---|---|---|---|---|---|---|
| 1 | 2 | - | - | - | - | - |
| 2 | 26 | 11 | - | 2 | 3 | - |
| 3 | 18 | 15 | 1 | 1 | 1 | - |
| 4 | 4 | - | - | - | - | - |
| 5 | 35 | 21 | - | - | 9 | - |
| 6 | 22 | 5 | 1 | 1 | 1 | - |
| 7 | 7 | 6 | - | 2 | - | - |
| 8 | 12 | 4 | 2 | 3 | 4 | - |
| **Total** | 126 | 62 | 4 | 9 | 18 | - |

(അവലംബം - സാമൂഹ്യസാമ്പത്തിക സർവ്വേ)

(പട്ടിക 2)

## തരിയോടു ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ

| | | |
|---|---|---|
| 1. | ഗവ. പ്രൈമറി ഹെൽത്ത് സെൻറർ ചെന്നലോട് | 1 (ഒന്ന്) |
| 2. | ഗവ. ആയുർവ്വേദ ഡിസ്പെൻസറി (ആദിവാസി മാത്രം) | 1 (ഒന്ന്) |
| 3. | സെ.ആൻറണീസ് ഹോമിയോ ഡിസ്പെൻസറി (പ്രൈവറ്റ്) | 1 (ഒന്ന്) |
| 4. | രത്ന ആയൂർവേദഫാർമസി (പ്രൈവറ്റ്) | 1 (ഒന്ന്) |
| 5. | കോയമ്പത്തൂർ ആയുർവ്വേദ ഫാർമസി (പ്രൈവറ്റ്) | 1 (ഒന്ന്) |
| 6. | നാഗാർജ്ജുന ആയുർവ്വേദഫാർമസി (പ്രൈവറ്റ്) | 1 (ഒന്ന്) |
| 7. | സ്നേഹാക്ലിനിക്ക് (ഹോമിയോ - പ്രൈവറ്റ്) | 1 (ഒന്ന്) |
| 8. | ലൂയിസ്മൗണ്ട് ഹോസ്പിറ്റൽ (പ്രൈവറ്റ്) | 1 (ഒന്ന്) |
| | ആകെ | 8 എണ്ണം |

## കമ്യൂണിറ്റി ഹെൽത്ത് സെൻററിലെ ജീവനക്കാരുടെ കണക്കുകൾ താഴെ ചേർക്കുന്നു.

| നമ്പർ | അനുവദിച്ചിട്ടുള്ള തസ്തികകൾ | എണ്ണം | ഒഴിവ് |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 4 | ഇല്ല |
| 2 | ഹെഡ് ക്ലാർക്ക് | 1 | " |
| 3 | ഹെൽത്ത് സൂപ്പർവൈസർ | 1 | " |
| 4 | ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 | " |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ | 2 | " |
| 6 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 2 | " |
| 7. | സ്റ്റാഫ് നഴ്സ് | 5 | " |
| 8. | ഫാർമസിസ്റ്റ് | 1 | " |
| 9 | ഓഫ്താമിൽ കം അസിസ്റ്റൻറ് | 1 | " |
| 10 | ലാബ് ടെക്നീഷ്യൻ | 1 | " |
| 11 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr.II | 7 | " |
| 12. | നേഴ്സിങ്ങ് അസിസ്റ്റൻറ് | 3 | " |
| 13. | ഹോസ്പിറ്റൽ അറ്റൻറർ Gr.II | 2 | " |
| 14. | ഡ്രൈവർ | 1 | " |
| 15. | എൽ.ഡി./യു.ഡി. ക്ലാർക്ക് | 3 | " |
| 16. | പ്യൂൺ | 1 | " |
| 17. | ജെ.പി.എച്ച് (N Gr.II) | 12 | " |
| 18. | ജെ.എച്ച്.ഐ. Gr.I | 1 | 1 |
| 19. | പി.ടി. സ്വീപ്പർ | 1 | ഇല്ല |
| | ആകെ | 50 | 1 |

അവലംബം:- മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്

## പട്ടിക - 4

### ചെന്നലോട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ചികിത്സക്ക് എത്തിയ രോഗികളുടെ വിവരങ്ങൾ

| വർഷം | ജലമാലിന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 1493 | 2714 | 1 | 7753 |
| 1994-95 | 1569 | 4572 | - | 6339 |
| 1995-96 | 821 | 4869 | 3 | 9347 |

## പട്ടിക 5

### രോഗങ്ങളെ സംബന്ധിച്ച പ്രതിവർഷ എണ്ണം

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്ക് രോഗങ്ങൾ | വാത രോഗങ്ങൾ | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| 1993-94 | - | 11961 | 618 | 188 | 4208 | - | 6747 | 11961 |
| 1994-95 | 50 | 12480 | 524 | 173 | 6141 | - | 5692 | 12530 |
| 1995-96 | 160 | 15040 | 850 | 203 | 5693 | - | 8394 | 15140 |
| ആകെ | 150 | 39481 | 1992 | 564 | 16042 | - | 21033 | 39631 |

അവലംബം:- മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്

## പട്ടിക.6

### അംഗവൈകല്ല്യമുള്ളവർ

അവലംബം സാമൂഹിക സാമ്പത്തിക സർവ്വേ

| വാർഡ് | ചലന വൈകല്യം | അന്ധർ | ബധിരർ | മൂകർ | ബധിരമൂകർ | മന്ദബുദ്ധികൾ |
|---|---|---|---|---|---|---|
| 1 | 5 | 2 | - | - | 3 | - |
| 2 | 2 | 6 | 4 | 1 | 4 | 2 |
| 3 | 3 | 1 | 5 | 2 | 1 | 1 |
| 4 | 6 | - | 2 | - | - | 1 |
| 5 | 3 | 5 | 3 | - | - | 1 |
| 6 | 7 | - | 3 | - | - | 1 |
| 7 | 6 | - | 3 | 1 | 9 | 2 |
| 8 | 7 | 2 | 5 | - | 1 | 3 |
| ആകെ | 39 | 16 | 25 | 4 | 18 | 11 |

## പരിസര ശുചീകരണം

ഭംഗിയായി വസ്ത്രധാരണം ചെയ്യുന്നതിൽ നാം മുൻപന്തിയിലാണെങ്കിലും വീട്ടിൽ ഒരു കമ്പോസ്റ്റ്കുഴി നിർമ്മിക്കാനോ,വീട്ടിലെ ഭക്ഷണസാധനങ്ങളുടെ അവശിഷ്ഠങ്ങൾ, ഉപയോഗശൂന്യമായ ജലം തുടങ്ങിയവ ഒരു പ്രത്യേകസ്ഥലത്ത് സ്ഥാപിക്കുന്നതിനും നാം ശ്രദ്ധിക്കാറില്ല. വീടിൻെറ സമീപമുള്ള കക്കൂസ് ടാങ്കുകൾ ഒരു കൊതുക് വളർത്തു കേന്ദ്രമായി മാറുന്നത് നാം അറിയാറില്ല. സ്വന്തം വീടും പരിസരവും വൃത്തിയാക്കുന്നത് ഒരു ദിനചര്യയായി മാറ്റുന്നത് രോഗങ്ങളെഅകറ്റി നിറുത്തുവാൻ സഹായിക്കും.നമ്മുടെ പഞ്ചായത്തിൽ അന്തരീക്ഷമലിനീകരണമുണ്ടാക്കുന്ന വ്യവസായശാലകളോ മറ്റു സംരംഭങ്ങളോ ഒന്നും തന്നെയില്ല.

നമ്മുടെ അങ്ങാടികളിലെ ഹോട്ടലുകളുടേയും മത്സ്യമാസ വില്പന ശാലകളുടേയും പരിസരവും സ്ഥലവും ശുചീകരിക്കുന്നുണ്ടോയെന്ന് ആരോഗ്യ വകുപ്പ് അധികൃതർ ശ്രദ്ധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ ചെറിയ അങ്ങാടികളായ കാവും മന്ദം, ചെന്നലോട്, 8-ാം മൈൽ, കാപ്പുവയൽ, 10-ാ മൈൽ, മഞ്ഞൂറ, പടിക്കംവയൽ കാവും മന്ദം HS ജംഗ്ഷൻ എന്നിവിടങ്ങളിൽ അഴുക്കുകുഴികളും, ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള കുഴികളോ സ്ഥാപിച്ചിട്ടില്ല. അങ്ങാടികൾ വൃത്തിയാക്കുന്നതിന് സ്ഥിരം സ്വീപ്പർമാരെ നിയമിച്ചിട്ടില്ല. എല്ലാ ഓടകളും വൃത്തിയായി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൊതുക് നിർമ്മാർജ്ജനപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

കാവുംമന്ദം, കാപ്പുവയൽ, 8-ാം മൈൽ 10-ാംമൈൽ, HS ജംഗ്ഷൻ, സിനിമാടാക്കീസ് പരിസരം എന്നിവിടങ്ങളിൽ പൊതുകക്കൂസും, മൂത്രപ്പുരയും ഇവ വൃത്തിയാക്കാനുള്ള ജലവിതരണവും ഉറപ്പുവരിത്തിയിട്ടില്ല. പഞ്ചായത്തിലെ പകുതിയിലേറെ വീടുകൾക്ക് കക്കൂസ് സൗകര്യമില്ല. കോളനികളിൽ സ്ഥലപരിമിതിമൂലം പൊതു സേഫ്റ്റികക്കൂസുകൾ നിർമ്മിച്ചിട്ടില്ല.

## പരിഹാരനിർദ്ദേശങ്ങൾ

- വീടുകളിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചാൽ അവ ഉപയോഗപ്പെടുത്തുന്നത് മൂലം പരിസര മലിനീകരണം ഒഴിവാക്കാൻ കഴിയും. കൊതുകുശല്യത്തിൽ നിന്നും മോചനവും ലഭിക്കും. നമ്മുടെ അങ്ങാടികളിലും മത്സ്യമാംസ വില്പന കേന്ദ്രങ്ങളും വളരെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആരോഗ്യ പരിപാലനത്തിനും പരിസര ശുചിത്വത്തിനും ഇത് പരമപ്രധാനമായ ഒരു നടപടിയായിരിക്കും.
- നമ്മുടെ പഞ്ചായത്തിൽ 1969 വീടുകൾ ഉള്ളതിൽ 865 വീടുകൾക്ക് മാത്രമെ കക്കൂസുകൾ ഉള്ളു 1104 വീടുകൾ താല്ക്കാലിക കുഴികൾ, തുറസ്സായസ്ഥലം എന്നിവയാണുപയോഗപ്പെടുത്തുന്നത്. ഇതിൽ നിന്നു തന്നെ കക്കൂസുകളുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമാണെന്ന് വ്യക്തമാവുന്നു.
- കാവുംമന്ദം, HS ജംഗ്ഷൻ, 8-ാം മൈൽ, ചെന്നലോട്, 10-ാം മൈൽ എന്നിവിടങ്ങളിൽ പൊതു കക്കൂസും മൂത്രപ്പുരയും കുളിമുറിയും നിർമ്മിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ ഉപാധിരഹിതഫണ്ട് 50% കക്കൂസ് നിർമ്മാണത്തിനുപയോഗിക്കാം. ആദിവാസിമേഖലകളിൽ TSP ഫണ്ട് CRSP പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തി ആവശ്യമായ കക്കൂസുകൾ നിർമ്മിക്കണം.
- പഞ്ചായത്ത് വികസന സമിതി റജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ കേന്ദ്രമാനവശേഷി മന്ത്രാലയത്തിൻെറയും മറ്റു സംഘടനകളുടെയും ഫണ്ടുപയോഗിച്ച് കക്കൂസ് മുതലായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തണം.
- ബ്ലോക്ക് ജില്ലാ പഞ്ചായത്തിൻെറ ഉപാധിരഹിത ഫണ്ടിൻെറ 10% പഞ്ചായത്തുകളിലെ കക്കൂസ് നിർമ്മാണത്തിന് മാറ്റിവെക്കണം. ആദിവാസി വിഭാഗത്തിന് പഞ്ചായത്തിൽ പൊതുശ്മശനാം നിർമ്മിക്കണം. ഇതിനുള്ള ഫണ്ട് TSP സ്കീമിൽ നിന്നും കണ്ടെത്തുക. പഞ്ചായത്തിലെ കുളങ്ങളിലും കിണറുകളിലും അംഗൻവാടി വർക്കേഴ്സിൻെറ സഹകരണത്തോടെ മാസത്തിലൊരിക്കൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് വെള്ളം ശുദ്ധീകരിക്കണം. ഇതിനാവശ്യമായ ഫണ്ടും പഞ്ചായത്ത് നല്കണം.

# കുടിവെള്ളം

തരിയോട് ഗ്രാമപഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് വേനൽക്കാലത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെട്ടുവരുന്നു സമതല പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടാറില്ല. ബാണാസുര സാഗർപദ്ധതി പ്രദേശത്തെ സമതലപ്രദേശങ്ങൾ പദ്ധതിയുടെ റിസർവോയറിനുവേണ്ടി അക്വയർ ചെയ്ത് ഒഴിപ്പിച്ചപ്പോൾ കുന്നിൻ മുകളിൽ അവശേഷിച്ച ജനങ്ങൾക്ക് ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട് 11-ാം മൈൽ പ്രദേശത്തെയും മഞ്ഞൂറയിലെയും പാറക്കെട്ടുകൾ നിറഞ്ഞ കുന്നിൻ ചെരുവുകളിലും കുടിവെള്ളക്ഷാമം ഉണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതിമാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പദ്ധതികൊണ്ട് ചെന്നലോട്-കാവുമന്ദം, കാവുമന്ദം-8-ാം മൈൽ, കാവുമന്ദം-താന്നിക്കാമൂല, കാവുമന്ദം-10-ാംമൈൽ,എന്നീ പ്രദേശങ്ങളിലേയ്ക്ക് ജലവിതരണത്തിനുള്ള പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ പ്രയോജനം ഈ പഞ്ചായത്തിലെ മൂന്നിലൊരു ഭാഗം പ്രദേശങ്ങൾക്കു മാത്രമാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.ബാക്കിയുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ശുദ്ധജലത്തിന് വേണ്ടി കിണറുകളെ ആശ്രയിക്കുന്നു. KWAയുടെ കാവുമന്ദം ശുദ്ധജല പദ്ധതിയിൽ എടത്തറക്കടവിലെ പമ്പുഹൗസും ചെന്നലോട്ടെ വാട്ടർ ടാങ്കും മുൻപറഞ്ഞ സ്ഥലങ്ങളിലേക്കുള്ള പൈപ്പുലൈനുകളുമാണുള്ളത്. വിവിധ ഭാഗങ്ങളിലായി 31 ടാപ്പുകളുമുണ്ട്. ഇവയിൽ മിക്കഎണ്ണവും പ്രവർത്തനരഹിതവുമാണ്. വാട്ടർ അതോറിറ്റിയുടെ കണക്കുകളിൽ 67 ടാപ്പുകളുണ്ട്. പലസ്ഥലങ്ങളിലും പൈപ്പുലൈനുകൾ പൊട്ടി ജലവിതണം കൂടെകൂടെ തടസ്സപ്പെടുന്നു. ഇവ യഥാസമയം നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകിരക്കാറുമില്ല.അതുകൊണ്ട് തന്നെ ഈ ജലവിതരണപദ്ധതികൊണ്ട് ലക്ഷ്യമിട്ടിരുന്നതിൻെറ പകുതിയോളം ആളുകൾക്ക് മാത്രമെ ഇതിൻെറ പ്രയോജനം ലഭിക്കുന്നുള്ളു. പമ്പ് ഓപ്പറേറ്റർ പലപ്പോഴും കൃത്യമായി ജോലിചെയ്യാറില്ല.പുഴയിൽ വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളമുണ്ടാകാറില്ല. 31 ടാപ്പുകൾ മാത്രം പ്രവർത്തിക്കുമ്പോൾ 67 ടാപ്പുകൾക്ക് ടാപ്പ്ഒന്നിന് 875 രൂപ തോതിൽ വാട്ടർ അതോറിറ്റി വാടക ഈടാക്കുന്നുണ്ട്. പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വാട്ടർ ടാപ്പുകൾ സ്ഥാപിക്കുവാനോ കേടുപാടുകൾ നന്നാക്കാനോ വാട്ടർ അതോറിറ്റി യഥാസമയം നടപടികൾ സ്വീകരിക്കാറില്ല. ടാങ്കിൽ ആവശ്യത്തിന് വെള്ളം ഉണ്ടാകാറില്ല. ഉയർന്ന പലസ്ഥലത്തും ഇതുമൂലം വെള്ളം കിട്ടാറില്ല.

കഴിഞ്ഞ കാലത്ത് വാട്ടർ അതോറിറ്റി മേൽപ്പറഞ്ഞവിധം 4 ലക്ഷത്തിൽപ്പരം രൂപ പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെടുകയും ഇതിലേയ്ക്ക് ഒരു ലക്ഷത്തിൽപ്പരം രൂപ പഞ്ചായത്തിന് കിട്ടേണ്ട ഗ്രാൻറിൽനിന്ന് ഈടാക്കുകയും ചെയ്തു.

പല വർഷങ്ങളിലായി ഈ പഞ്ചായത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരവും പഞ്ചായത്തിൻെറ JRY, അൺടൈഡ്, വികസന ബ്ലോക്കിൻെറ മില്ല്യൺവെൽ തുടങ്ങി വിവിധ പദ്ധതി പ്രകാരവും വിവിധ വാർഡുകളിലായി കിണറുകളും കേണികളും കുഴിച്ചിരുന്നു. അവയിൽ പലതും പൊട്ടിപ്പൊളിഞ്ഞ് വീണ് ഉപയോഗശൂന്യമാകുകയോ വെള്ളം വറ്റി വരണ്ടുപോകുകയോ ചെയ്തിട്ടുണ്ട്. കുഴൽക്കിണറുകൾ നിർമ്മിച്ചവയൊന്നും തന്നെ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

1989-ൽ നിർമ്മാണമാരംഭിച്ച തരിയോടുപടിഞ്ഞാറത്തറ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ആക്സിലറേറ്റഡ് റൂറൽ വാട്ടർസപ്ലൈ സ്കീം (ARWSS) 1993-ൽ കമ്മീഷൻ ചെയ്യുമെന്നതായിരുന്നു പ്രതീക്ഷ. 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരുന്നത്. 80 ലക്ഷം രൂപയോളം ചെലവായിക്കഴിഞ്ഞു. ഇതിൻെറ പ്രയോജനം തരിയോട് പഞ്ചായത്തിലെ മഞ്ഞൂറ, കളരിക്കോട് കുന്ന്, കാപ്പുവയൽ, എച്ച്.എസ്. കവല, കാവുമന്ദം, താന്നിക്കാമൂല, കോട്ടക്കുന്ന്, ചെന്നലയോട്, മത്തുവയൽ അങ്കൺവാടി, 8-ാം മൈൽ, കാലിക്കുനി, പാറത്തോട് എന്നീ ഗ്രാമപ്രദേശങ്ങളിൽ വരെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ടാങ്ക്, പൈപ്പ്ലൈൻ, പമ്പ് ഹൗസ് മുതലായവയെല്ലാം പണി തീർന്നെങ്കിലും 2000 മീറ്റർ ജി.ഐ.പൈപ്പിൻെറ കുറ

വുമൂലവും പൂഴിത്തോട് റോഡ് നിർമ്മാണം നടക്കുന്ന പ്രദേശത്ത് പൈപ്പ്ലൈൻ നിർമ്മിക്കാനുള്ള തടസ്സം മൂലവുമാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം നേരിടുന്നത്. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ചിട്ടില്ല. ഈ പദ്ധതി പൂർത്തിയായാൽ തരിയോട് പഞ്ചായത്തിലെ 50% പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കഴിയും.

ARWSS പൂർത്തിയാകുന്നതോടെ കാവുമന്ദം പദ്ധതി നിർത്തലാക്കാനാണ് KWA ഉദ്ദേശിക്കുന്നതെന്നറിയുന്നു.

പഞ്ചായത്തിൽ ഇനിയും ശുദ്ധജലം ലഭ്യമാക്കേണ്ട പ്രദേശങ്ങൾ ഒട്ടനവധിയുണ്ട്. പല പട്ടികവർഗ്ഗസങ്കേതങ്ങളിലും ഇപ്പോൾ കിണറുകളോ ടാപ്പുകളോ ഇല്ല. ബാണാസുരസാഗർ പദ്ധതിമൂലം കുടിവെള്ളത്തിൻെറ സൗകര്യങ്ങൾ നഷ്ടപ്പെട്ട ഇനങ്ങൾ നിരവധിയുണ്ട് പഞ്ചായത്തിൽ. നടപ്പാക്കാൻ കഴിയുന്ന ശുദ്ധജലവിതരണ പദ്ധതികളെക്കുറിച്ച് ഗൗരവമായ പഠനം നടന്നിട്ടില്ല.

ARWSS- ൻെറ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി അതു കമ്മീഷൻ ചെയ്യണം. ഫണ്ട് അലോട്ട്മെൻറുണ്ടായിട്ടും പൈപ്പുവാങ്ങാതിരിക്കുന്നതു മൂലമാണ് കാലതാമസ്സം നേരിടുന്നത് പൈപ്പ് വാങ്ങാൻ അടിയന്തര നടപടി സ്വീകരിക്കണം. പൈപ്പുലൈൻ നീട്ടാൻ കഴിയുന്ന സ്ഥലങ്ങളിലേക്ക് അത് നീട്ടുന്നതിനുള്ള എസ്റ്റിമേറ്റുണ്ടാക്കി അതിനുള്ള പ്രവർത്തനം, പദ്ധതി പ്രവർത്തനമാരംഭിക്കുന്നതോടെ പൂർത്തിയാക്കണം. പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ വാട്ടർടാപ്പുകൾ സ്ഥാപിക്കണം. പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ ജലവിതരണ ചുമതല പടിഞ്ഞാറത്തറ, തരിയോട് എന്നീ പഞ്ചായത്തുകളെ ഏല്പിക്കണം. ആവശ്യമായ ജീവനക്കാരെ പഞ്ചായത്ത് നിയമിച്ച് പദ്ധതിയുടെ നിർമ്മാണച്ചെലവും പലിശയും വാർഷിക ഗഡുക്കളായി KWAയ്ക്ക് പഞ്ചായത്തുകളിൽ നിന്ന് ഈടാക്കാം. യഥാസമയം കേടുപാടുകൾ തീർക്കാനും, ജലവിതരണത്തിലെ പോരായ്മകൾ പരിശോധിച്ച് പരിഹരിക്കാനും പഞ്ചായത്തിൽ സംവിധാധമുണ്ടാക്കണം. ഇതിന് വേണ്ടിവന്നാൽ ഗവൺമെൻറ് നിയമഭേദഗതി കൊണ്ടുവരണം. പഞ്ചായത്തിലെ വിവിധകോളനികളിലേക്ക് പൈപ്പുലൈൻ നീട്ടുന്നതിൻെറ ചെലവ് T.S.P യിൽ നിന്ന് വഹിക്കണം. മറ്റുസ്ഥലങ്ങളിലേക്കുള്ള ചെലവ് വാട്ടർ അതോറിറ്റി തന്നെ നിർവ്വഹിക്കണം. സ്വകാര്യവ്യക്തികൾക്ക് വാട്ടർ കണക്ഷൻ നൽകാനും പഞ്ചായത്തിന് അധികാരം നൽകണം. വാട്ടർ കണക്ഷന് ഉപഭോഗതോത് അനുസരിച്ച് സ്ലാബ് നിർണ്ണയിച്ച് ചാർജ്ജ് ഈടാക്കണം.

വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. (പട്ടിക 1 കാണുക)

ഓരോ വാർഡിലും കഴിക്കേണ്ട കിണറുകളുടെ വിശദവിവരം പട്ടിക 2 കാണുക.

ഈ കിണറുകൾ J.R.Y വരൾച്ചാ ദുരിതാശ്വാസം ഉപാധിരഹിതഫണ്ട്, ലക്ഷം കിണർ പദ്ധതി എന്നിവയിലുൾപ്പെടുത്തി ചെയ്യണം.

ഓരോ വാർഡിലും നടപ്പാക്കേണ്ട മിനി വാട്ടർ സപ്ലൈ സ്കീമുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ (പട്ടിക 3 കാണുക)

പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള മിനി വാട്ടർ സപ്ലൈസ്കീമുകളുടെ പ്രവൃത്തി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ എറ്റെടുത്തു നടത്തണം.

കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗിക്കാൻ കഴിയുന്ന മേൽപ്പറഞ്ഞ പദ്ധതികളിൽ ചിലത് കൃഷിഭവൻെറ പങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയും. ഇതിന് വേണ്ട പ്ലാൻ കൃഷി വകുപ്പുമായി കൂടിയാലോചിച്ച് ഉണ്ടാക്കണം. ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് പദ്ധതികളുടെ നടത്തിപ്പ് അവരെ ഏല്പിക്കണം.

കാവുമന്ദം പദ്ധതി KWA നിർത്തലാക്കുന്നതോടെ പഞ്ചായത്തിനെ ഏൽപ്പിച്ചു കൊടുത്താൽ ഇതിൻെറ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ARWSS ൻെറ പൈപ്പുലൈൻ എത്തിയിട്ടില്ലാത്ത ചില പ്രദേശങ്ങളിൽ ജലവിതരണം നടത്താൻ കഴിയും. പദ്ധതിയുടെ നിലവിലുള്ള സൗകര്യങ്ങൾക്ക് മൊത്തമായി വില നിശ്ചയിച്ച് പഞ്ചായത്തിൽ നിന്ന് തവണകളായി KWAക്ക് ഈടാക്കാം.

ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്ന കിണറുകൾ ചിലത് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കി മാറ്റാവുന്നതാണ്.

(പട്ടിക 4 കാണുക)

## പട്ടിക ഒന്ന്

## തരിയോട് പടിഞ്ഞാറത്തറ **ARWSS** - ൽ നിന്ന് പുതുതായി പൈപ്പുലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ-

| | | ദൂരം കി.മി |
|---|---|---|
| 1) | 10 - ാം മൈൽ തറപ്പത്ത് പടി മുതൽ 11 -ാം മൈൽ ഉതിരം ചേരി കുറിച്യ കോളനി | 2.000 |
| 2) | 11 -ാം മൈൽ മാളിയേക്കൽ പടി മുതൽ തെക്കെത്തൊടി പടി വരെ | 1.000 |
| 3) | ഓണിചോല താഴെ - മേലെ കോളനി | 0.500 |
| 4) | S.A.L.P. സ്കൂൾ - പടിയാരം കുന്ന് - മൂട്ടാല കോളനി | 0.700 |
| 5) | റിപ്ലൈയ്സ്മെൻറ് റോഡ് - വെള്ളാനപ്പടി - മൂന്നാംമുക്ക് | 2.800 |
| 6) | മഞ്ഞൂറ - അതിരത്തിൽ - ഓലപ്പുര - 10 -ാം മൈൽ | 1.200 |
| 7) | കർലാട് ചിറ - കാപ്പുവയൽ V.C.B. | 1.500 |
| 8) | കാപ്പുവയൽ - കരിവളം | 0.500 |
| 9) | കാപ്പുവയൽ - പാമ്പുംകുനി കുറിച്യകോളനി | 1.000 |
| 10) | കാപ്പം കുന്ന് - ഇരുമുട്ടൂർ കുറിച്യ കോളനി | 0.500 |
| 11) | കർലാട് ഓമനൻ പടി - കളരിക്കോട് | 0.500 |
| 12) | കാപ്പുവയൽ - മന്തുവയൽ - പോരാൽ | 2.000 |
| 13) | കണാഞ്ചേരി - കുനിയിൽപടി - മുത്തോലിക്കൽ പടി | 2.000 |
| 14) | ചെന്നലോട് U.P. സ്കൂൾ ചെന്നലോട് | 2.000 |
| 15) | ചെന്നലോട്- പുതുക്കാട്ടിൽ പടി - കല്ലങ്കാരി | 1.500 |
| 16) | പുതുക്കാട്ടിൽ പടി - വൈപ്പടി | 1.000 |
| 17) | കോട്ടക്കുന്ന്- താഴെയിടം കോളനി | 1.000 |
| 18) | കോട്ടക്കുന്ന് കവല - H.S. പുഴ | 0.500 |
| 19) | താന്നിക്കാമൂല - വേങ്ങപ്പള്ളി ബോർഡർ | 1.000 |
| 20) | കാവുമന്ദം മുസ്ലീം പള്ളി - കവുങ്ങുംകണ്ടി കോളനി | 1.000 |
| 21) | കണ്ടിലങ്ങാടി - പീക്കോട് കുന്ന് | 1.000 |
| 22) | കാപ്പുവയൽ ട്രൈബൽ ഹോസ്റ്റൽ- കമ്പനിക്കുന്ന് | 0.800 |
| 23) | പാറയ്ക്കൽ പടി - പാമ്പുംകുനി | 0.700 |
| 24) | 8 -ാം മൈൽ - ചെക്കണ്ണിക്കുന്ന് കോളനി | 0.200 |
| 25) | ഇടിയംവയൽ - - മഞ്ഞപ്പള്ളി - കാലിക്കുനി | 0.800 |
| 26) | കാലിക്കുനി അങ്കൺവാടി - മേലെ പാലുവയൽ - താഴെ പാലുവയൽ | 1.000 |
| 27) | ചെറുകരപടി - മടയങ്കുന്നേൽ - ചെമ്പകക്കണ്ടി - ചെക്കണ്ണിപടി - പാറത്തോട് | 1.000 |
| 28) | എടക്കണ്ടൻ പടി തയ്യിൽ പടി - അച്ചൂർമൊയ്തു | 0.500 |
| 29) | 10.5 കരിയൻ പടി | 0.200 |

## പട്ടിക.2

**കുഴിക്കേണ്ട കിണറുകളുടെ നിജപ്പെടുത്തിയ സ്ഥലങ്ങൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| 1. | സിങ്കോണകുന്ന് |
| 2. | പന്തക്കണ്ടി കുന്ന് |
| 3. | 11-ാം മൈൽ പ്രദേശം |
| 4. | സി.എസ്.ഐ. കുന്ന് |
| 5. | തെങ്ങടപ്പടി |
| 6. | അതിരത്തിൽ കോളണി |
| 7. | പള്ളിക്കത്തൊട്ടിപ്പടി |
| 8. | മുന്നാഴിപ്പടി |
| 9. | പുരക്കൽപ്പടി |
| 10. | വെട്ടുകാട്ടിൽപ്പട്ടി |
| 11. | പിണമറ്റത്തിൽപ്പടി |
| 12. | പാറക്കുടി ബാബുപടി |
| 13. | കൊച്ചുകുളത്തിൽപ്പടി |
| 14. | പുതുക്കാട്ടിൽ - കല്ലംങ്കരി റോഡിൻെറവശത്ത് |
| 15. | പുതുക്കാട്ടിൽപടി-വെപ്പടി റോഡിൻെറ വശത്ത് |
| 16. | മത്തിരിക്കൽ |
| 17. | കോട്ടക്കുന്ന് താഴെടം കുന്ന് കോളനി |
| 18. | കേരോട്ട് കുന്ന് |
| 19. | പുലികുന്ന് ഭാഗം |
| 20. | പാറക്കണ്ടിപ്പടി കോളനി |
| 21. | കോരൻ കോട്ട്കുന്ന് |
| 22. | നീലമംഗലം കുന്ന് |
| 23. | കറുവത്ത് പറമ്പിൽപടി |
| 24. | പൊയിലിൽ കോളനി |
| 25. | കുനിമേൽ ലക്ഷ്മിപ്പടി |
| 26. | കല്ലാട്ടുകുഞ്ഞിച്ചക്കൻപടി |
| 27. | 8-ാം മൈൽ പാട്ടത്തേകുഴി പടി |
| 28. | പള്ളിക്കതൊട്ടി പ്രദേശം |
| 29. | പാണ്ടികശാല കോളനി |
| 31. | ഉതിരഞ്ചേരി നായ്ക്കകോളനി |
| 32. | കാരയ്ക്കാട്ട് മാമൻപടി |
| 33. | പള്ളിക്കാതൊട്ടി ദേവസ്യപടി |
| 34. | പാട്ടശ്ശേരി പടി |

## പട്ടിക - 3

### താഴെ പറയുന്ന സ്ഥലങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീമുകൾ ആരംഭിക്കണം.

| | |
|---|---|
| 1. | മഞ്ഞൂറപള്ളിക്കു സമീപം ടാങ്ക് നിർമ്മിച്ചു വെള്ളം പമ്പു ചെയ്യൽ |
| 2. | സ്റ്റേഡിയം കുന്ന് |
| 3. | പീക്കോട് കുന്ന് ലക്ഷംവീട് കോളനിക്ക് മുകളിൽ ടാങ്ക് നിർമ്മിച്ച് വയലിൽ നിന്ന് വെള്ളം പമ്പു ചെയ്യുക. |
| 4. | പത്തുവയത്തിൽ പോക്കറിന്റെ സ്ഥലത്തു കിണർ നിർമ്മിച്ച് ശാന്തിനഗർ കോളനിയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |
| 5. | മൈലാടുംകുന്ന് അംഗൻവാടിക്കു സമീപം കിണർ കുഴിച്ച് കുന്നിൻ മുകളിൽ ടാങ്ക് സ്ഥാപിച്ച് ജല വിതരണം നടത്തുക. |
| 6. | കോട്ടക്കുന്നിൽ കിണർ കുഴിച്ച് ഹൈസ്കൂൾ കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |
| 7. | പീക്കോട് കുന്നിൽതാഴ ഭാഗത്ത് കിണർ കുഴിച്ച് പീക്കോട് കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |
| 8. | പാമ്പുംകുനി സതി ശ്രീധരന്റെ പറമ്പിൽ കിണർകുഴിച്ച് കുന്നിൻമുകളിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുക. |
| 9. | 8-ാം മൈലിൽ റിസർവ് വനത്തിൽ നിന്ന് പൈപ്പുവഴി വെള്ളം ശേഖരിച്ച് പാട്ടത്തേക്കുഴി ജോസഫിന്റെ കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| 10. | തുറുവേലിക്കുന്നിൽ ജോയിയുടെ സ്ഥലത്ത് കുളം കുഴിച്ച് കുന്നിൻ മുകളിൽ ടാങ്ക് സ്ഥാപിച്ച് ജല വിചരണം നടത്തുക. |
| 11. | തേക്കിലക്കാട്ടിൽ പാപ്പച്ചന്റെ സ്ഥലത്ത് ക്വാറിയുടെ മുകൾഭാഗത്തായിടാങ്കും കുറ്റ്യാംവയൽ കേളുവിന്റെ സ്ഥലത്ത് കിണറും നിർമ്മിച്ച് ജലവിതരണം നടത്തുക. |
| 12. | എടയാടിയിൽ വർക്കിയുടെ സ്ഥലത്തുള്ള കുളം വികസിപ്പിച്ച് ചുറ്റും കോൺക്രീറ്റ് ചെയ്താൽ ഇതിൽനിന്ന് പൈപ്പുലൈൻ സ്ഥാപിച്ച് താഴേപ്രദേശങ്ങളിൽ ജലവിതരണം നടത്തുക. |
| 13. | പടിയാരം കുന്നിൽ ടാങ്കും ടക്കാലപടിയിൽ കിണറും നിർമ്മിച്ച് ജലവിതരണം ജലവിതരണം നടത്തുക. |
| | മുകളിൽ പറഞ്ഞ 1 മുതൽ 11 വരെയും 13ഉം പദ്ധതികൾക്ക് മോട്ടോർസ്ഥാപിച്ച് ജലവിതരണം നടത്തണം. |






## ഗതാഗതം

തരിയോട് പഞ്ചായത്തിൽ റോഡുഗതാഗത സൗകര്യം മാത്രമാണുള്ളത്. റയിൽ, ജലഗതാഗതം മുതലായവ തീരെയില്ല. ഇവിടെനിന്ന് ഏറ്റവുമടുത്ത റെയിൽവേസ്റ്റേഷൻ 80 കി.മീ അകലെയുള്ള കോഴിക്കോട് റയിൽവേസ്റ്റേഷനാണ്; ഏറ്റവുമടുത്ത വിമാനത്താവളം 110 കി.മീ അകലെയുള്ള കരിപ്പൂരും. നാഷണൽ ഹൈവേയും ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നില്ല.

### പൊതുമരാമത്തുവകുപ്പിൻെറ റോഡുകൾ

### 1. വൈത്തിരി - കുതിരപ്പാണ്ടി റോഡ്

വൈത്തിരിയെ മാനന്തവാടിയുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് വളരെ പുരാതനമായ ഒരു റോഡാണ്. 1972 ൽ ഇത് P.W.D ഏറ്റെടുത്ത് ഒരു ചെയിൻ റോഡായി അംഗീകരിച്ചു. ടാർചെയ്തു നന്നാക്കുകയും സ്ഥിരമായ പാലങ്ങൾ നിർമ്മിക്കുകയും ചെയ്തു. 1973 ൽ കോഴിക്കോട് നിന്ന് തരിയോട്ടേയ്ക്ക് പൊതുനടവഴി ഒരു KSRTC ബസ് സർവ്വീസ് ആരംഭിച്ചു. പുതുശ്ശേരിക്കടവിൽ നിന്ന് കല്പറ്റ വഴി വെണ്ണയോട്ടേയ്ക്ക് ഒരു പ്രൈവറ്റ് ബസ് സർവ്വീസുമുണ്ടായിരുന്നു. പിൽക്കാലത്ത് കോഴിക്കോട്നിന്ന് മാനന്തവാടിക്ക് ഏതാനും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും മാനന്തവാടി - കാവുമന്ദം(വഴി) തരിയോട്, മാനന്തവാടി - തരിയോട്,വൈത്തിരി - മാനന്തവാടി( വഴി) തരിയോട് പൊഴുതന എന്നീ KSRTC ഓർഡിനറി സർവ്വീസുകളും ഉണ്ടായിരുന്നു. 1989 - ഓടെ തരിയോട് ടൗണും ഈ റോഡിൻെറ 10ാം മൈൽ മുതൽ 13ാംമൈൽ വരെയുള്ള ഭാഗവും KSEB; ബാണാസുരസാഗർ പദ്ധതിയുടെ ജലാശയത്തിനുവേണ്ടി അക്വയർ ചെയ്തതോടെ ഈ റോഡിലുണ്ടായിരുന്ന ബസ് ഗതാഗതം ഓരോന്നായി നിലയ്ക്കുകയും, 1991 - ഓടുകൂടി പൂർണ്ണമായി നിർത്തലാക്കുകയും ചെയ്തു. 1991 - ഓടുകൂടി 10ാം മൈലിൽനിന്ന് 13ാംമൈലിലേക്ക് ദമാദ്ധ നിർമ്മിച്ച റീപ്ളേസ്മെൻറ് റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കി. 1995 ലും 96 ലും എതാനും നാൾ ഒരു പ്രൈവറ്റ് ബസ് കല്പറ്റയിൽനിന്ന് ഇതുവഴി മാനന്തവാടിക്കു സർവ്വീസ് നടത്തിയിരുന്നെങ്കിലും പിന്നീട് അതു നിർത്തലാക്കി. 1996 ഒക്ടോബർ മുതൽ മാനന്തവാടിയിൽ നിന്നും ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് കോഴിക്കോട്ടേക്ക് സർവ്വീസ് നടത്തുന്നുണ്ട്. ഈ റോഡിൻെറ പാറത്തോടുമുതൽ 8-ാംമൈൽ വരെ





യുള്ള ഭാഗം വീതികുറഞ്ഞതും ടാർ പൊളിഞ്ഞ് കുണ്ടും കുഴികളും നിറഞ്ഞതായി മാറിയിരിക്കുന്നു.

പാറത്തോടു മുതൽ 10-ാം മൈൽ വരെ റോഡിൻെറ പടിഞ്ഞാറു സൈഡിലുള്ള യൂക്കാലിപ്റ്റസ് മരങ്ങൾ റോഡ് യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയാണ്. ഇവ പലപ്പോഴും കാറ്റിൽപ്പെട്ട് റോഡിലേക്ക് വീഴാറുണ്ട്.

റീപ്ലേസ്മെൻറ് റോഡും ടാർപൊളിഞ്ഞ് മിക്കവാറും സ്ഥലങ്ങളിൽ കുഴികൾ രൂപപ്പെട്ടിരിക്കുന്നു. അഴുക്കുചാലുകൾ മണ്ണുവീണ് തൂർന്നുപോയിരിക്കുന്നു. കലുങ്കിൻെറ ഇരുഭാഗത്തുള്ള ടാർപൊളിഞ്ഞു കുഴിയായി രൂപപ്പെട്ടതോടെ വാഹനഗതാഗതം കൂടുതൽ വിഷമകരമായി.

## 2. കല്പറ്റ-പടിഞ്ഞാറത്തറ റോഡ് :

കല്പറ്റയെ മാനന്തവാടിയുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് കല്പറ്റയിൽ നിന്ന് കാവുമ്മന്ദം വഴി പടിഞ്ഞാറത്തറയിലെത്തി കുതിരപ്പാണ്ടി റോഡിൽ സന്ധിക്കുന്നു. എടത്തറക്കടവിൽ പാലം നിർമ്മിച്ചതിനുശേഷമാണ് ഈ റോഡ് വാഹനഗതാഗത യോഗ്യമായത്. ഇപ്പോൾ കൽപ്പറ്റയിൽ നിന്ന് ഇതുവഴി മാനന്തവാടിയിലേക്ക് 15 ഓളം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കല്പറ്റ വഴി കോഴിക്കോട്ടേയ്ക്കു പോകുന്ന ഒരു ബസ്സും (കാവുമ്മന്ദത്തു നിന്നും) പടിഞ്ഞാറത്തറയിൽ നിന്ന് കോഴിക്കോട്ടേയ്ക്കുള്ള ഒരു ബസ്സും ഇതുവഴി സർവ്വീസ് നടത്തുന്നുണ്ട്. കല്പറ്റയിൽ നിന്ന് വൈത്തിരി 10-ാം മൈൽ വഴി ഒരു **KSRTC** ബസ്സും കല്പറ്റയിൽ നിന്ന് പിണങ്ങോട്ടുകാവുമ്മന്ദം വഴി ഒരു ബസ്സും ഈ വഴിയിൽ കൂടി സർക്കുലർ സർവ്വീസ് നടത്തുന്നുണ്ട്. എടത്തറ പുഴ മുതൽ കാവുമ്മന്ദം വരെ റോഡിന് അരികുചാൽ ഇല്ല.പുഴ മുതൽ പടിഞ്ഞാറത്തറ വരെ റോഡ് പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴികളുമായിരിക്കുന്നു. കാവുമ്മന്ദം മുതൽ H.S. വരെയുള്ള വയൽ പ്രദേശത്ത് റോഡിലെ വൻകുഴികൾ വാഹനയാത്ര ദുർഘട പൂർണ്ണമാക്കിയിരിക്കുന്നു.

## 3. 10-ാം മൈൽ -HS കവല റോഡ്

വൈത്തിരി കുതിരപ്പാണ്ടി റോഡിനെയും കല്പറ്റ-പടിഞ്ഞാറത്തറ റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ റോഡിൻെറ നീളം 3 കി.മി. മാത്രമാണ്. ടാർ ചെയ്തിട്ടുണ്ട്. റോഡിൻെറ അരികുചാൽ നിർമ്മാണം 10ാം മൈൽ മുതൽ മഞ്ഞൂറ കവലവരെ നടത്തിയിട്ടില്ല. പല സ്ഥലത്തും കുഴികൾ രൂപപ്പെട്ടിരിക്കുന്നു. ഈ റോഡിലൂടെയാണ് മുകളിൽ സൂചിപ്പിച്ച സർക്കുലർ സർവ്വീസുകൾ കടുന്നു പോകുന്നത്.

മേൽപ്പറഞ്ഞ 3 റോഡുകളും അടിയന്തിരമായി പൊതുമരാമത്ത് വകുപ്പ് റിപ്പയർ ചെയ്യണം. അരികുചാൽ നിർമ്മിക്കുകയും വേണം. മണ്ണുമൂടികിടക്കുന്ന കോൺക്രീറ്റു ചെയ്ത ചാലുകൾ മഴക്കാലത്തിനു മുൻപ് വൃത്തിയാക്കാനും പുതിയ ചാലുകൾ നിർമ്മിക്കാനും പൊതുമരാമത്ത്വകുപ്പ് യഥാസമയം നടപടികൾ സ്വീകരിക്കണം.

പാറത്തോട്ടു മുതൽ 10-ാം മൈൽ വരെയുള്ള ഭാഗം വീതികൂട്ടി റീടാർ ചെയ്യണം. 8-ാം മൈൽമുതൽ 10-ാം മൈൽ വരെ സൈഡ് കെട്ടണം. 10-ാം മൈൽ മുതൽ 13-ാം മൈൽ വരെയുള്ളറീപ്ലേസ്മെൻറ് റോഡ് ഇലക്ട്രിസിറ്റി ബോർഡ് റിപ്പയർ ചെയ്ത് റീടാർ ചെയ്യണം. എത്രയുംവേഗം ഈ റോഡു പൊതു മരാമത്തു വകുപ്പിനെ ഏൽപ്പിച്ചു കൊടുക്കാനുള്ള നടപടി പൂർത്തിയാക്കണം. പടിഞ്ഞാറത്തറ മുതൽ H.S വരെ കല്പറ്റ പടിഞ്ഞാറത്തറ റോഡ് വീതി കൂട്ടി റീടാർ ചെയ്യണം. **H.S.** കാവുമ്മന്ദം വരെയുള്ള ഭാഗം മഴക്കാലത്ത് വൻകുഴികൾ രൂപപ്പെടുന്നതിനാൽഈ ഭാഗത്ത് റോഡിൻെറ സുരക്ഷിതത്വം ഉറപ്പാക്കാൻ പറ്റിയവിധം പുനർ നിർമ്മാണം നടത്തണം. കാവുമ്മന്ദം മുതൽ പുഴവരെ ടാറിംഗിൻെറ വീതി കൂട്ടണം.

### പഞ്ചായത്തു റോഡുകൾ

തരിയോട് പഞ്ചായത്തിലെ ഏകദേശം 52 കി.മീ. ദൂരം വരുന്ന മൺറോഡുകളും മെറ്റൽ റോഡുകളും ബാണാസുരസാഗർ പദ്ധതിയുടെ റിസർവ്വോയറിനു വേണ്ടി **KSEB** അക്വയർ ചെയ്യുകയുണ്ടായി. എന്നാൽ ഈ റോഡുകൾക്ക് തരിശു ഭൂമിയുടെ വില മാത്രം കണക്കാക്കിആപണം കോടതിയിൽ നിക്ഷേപിക്കുകയാണ് ഇലക്ട്രസിറ്റി ബോർഡു ചെയ്തത്. പഞ്ചായത്തിൻെറ 58% റോഡുകളാണ് ഇതുമൂലം നഷ്ടമായത്. ഇപ്പോൾ പഞ്ചായത്തിൻെറ റോഡു രജിസ്റ്റർ പ്രകാരം 32 റോഡുകളാണുള്ളത്. ഇവയുടെ





ആകെ നീളം 38.810 കി.മീറ്ററാണ് (വിദേശ വിവരങ്ങൾക്ക് ചാർട്ട് കാണുക )

### 1. തരിയോട് 3-ാം മുക്ക് പുളിയം തൊട്ടിപടി റോഡ് :-

തരിയോട് ടൗണിൽ നിന്ന് സിങ്കോണ 116കുന്നിൽ കൂടി പുളിയം തൊട്ടിപടിക്കൽ വച്ച് തരിയോട്-മഞ്ഞൂറ റോഡിൽ ചേരുന്നു. മൺറോഡാണിത്. തരിയോട് മഞ്ഞൂററോഡ് പൂർണ്ണമായും മേൽപ്പറഞ്ഞ റോഡ് ഭാഗികമായും റിസർവ്വോയറിനുവേണ്ടി അക്വയർ ചെയ്തു പോയതാണ്. അതിനാൽ ഇപ്പോൾ റോഡ് സൗകര്യം116 കുന്നിൽ നിന്ന് പുളിയം തൊട്ടിപ്പടി വരെയാണുള്ളത്. മഴക്കാലത്ത് റോഡിൻെറ രണ്ടഗ്രഭാഗങ്ങളും റിസർവ്വോയറിലെ ജലപ്പരപ്പിനടിയിലാകുന്നതോടെ 116 കുന്നിലുള്ള 28 കുടുംബങ്ങളുടെ ഗതാഗത സൗകര്യങ്ങൾ നിലയ്ക്കുക പതിവാണ്. റീപ്ലേസ്മെൻറ് റോഡിൽ വെള്ളാനപ്പടിയിൽ നിന്ന് ഈ കുന്നിലേക്ക് റോഡു നിർമ്മിച്ചാൽ മാത്രമേ ഇതിനു പരിഹാരമാകൂ.ഈ റോഡിൻെറ സൈഡു കാട് വെട്ടി അരികുചാൽ നന്നാക്കുകയും കുഴികൾ നികത്തുകയും ചെയ്യണം.

### 2. തെക്കേതൊട്ടിപ്പടി-11-ാം മൈൽ റോഡ്

- റീപ്ലേസ്മെൻറ് റോഡിൽ തെക്കേ തൊട്ടിപ്പടിക്കൽനിന്ന് വൈത്തിരി കുതിരപ്പാണ്ടി റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന ഒരു മൺറോഡാണിത്. 1990ൽ അൺടൈഡ് പദ്ധതിയിൽപ്പെടുത്തി 200 മീറ്റർ സൈഡ് കെട്ടലും മണ്ണുനിറയ്ക്കലും നടത്തി. 1996നവം : 1 ന് പുനർപ്പണ ദിനത്തോടനുബന്ധിച്ച് 4 ദിവസം തുടർച്ചയായി നാട്ടുകാർ ഈറോഡിൽ ശ്രമദാനമായി മൺപണി നടത്തുകയുണ്ടായി . വൈത്തിരി കുതിരപ്പാണ്ടി റോഡിൽ11-ാം മൈൽ പ്രദേശത്ത് റോഡ് ജലാശയത്തിൽ മുങ്ങിപ്പോകുന്നതിനാൽ (കരിങ്കൽ ക്വാറിയെ സംബന്ധിച്ച് വ്യവസായ റിപ്പോർട്ട് നോക്കുക ) കരിങ്കൽ ക്വാറി പ്രദേശവുമായി ബന്ധപ്പെടാനുള്ള ഏകമാർഗ്ഗമാണ് ഈ റോഡ്. ഈ റോഡിൽ 11-ാം മൈൽ ഭാഗത്തുള്ള വൻകയറ്റം കുറെകൂടി നിരപ്പാക്കുകയും റോഡിൻേറ വീതി 1 മീറ്ററെങ്കിലും കൂട്ടുകയും ചെയ്യണം. വീതി വർദ്ധിപ്പിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വാർഡു വികസന സമിതി ശ്രമിക്കണം. ഈ റോഡ് അൺടൈഡ് ഫണ്ടുപയോഗിച്ച് അടിയന്തിരമായി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

### 3. തെക്കേതൊട്ടിപ്പടി-മഞ്ഞൂറ റോഡ് :-

തരിയോട്-മഞ്ഞൂറ മൺറോഡിൽ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്തു പോയതിനുശേഷം അവശേഷിക്കുന്ന ഭാഗമാണ് തെക്കേതൊട്ടി റീപ്ലേസ്മെൻറ് റോഡുമുതൽ മഞ്ഞൂറ പള്ളി വരെയുള്ളത്. ഈ റോഡിൻെറ താഴെ ഭാഗം ക്രമേണ കയ്യേറിപ്പോകുകയാണ്. വാഹനഗതാഗതത്തിനും പറ്റാത്തവിധം കുണ്ടും കുഴികളുമാണ്. അരികുചാൽ ഇല്ല.

ഇതിൻെറ സർവ്വേ നടത്തി റോഡിൻെറ താഴെ ഭാഗം സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. E.A.S. പദ്ധതിയിൽപ്പെടുത്തി ഇതിൻെറ പാർശ്വ സംരക്ഷണം ഉറപ്പു വരുത്തണം

### 4.മഞ്ഞൂറ-റിപ്ലെയ്സ് മെൻറ് ലിങ്ക് റോഡ് -

റിപ്ലെയ്സ്മെൻറ് റോഡിൽ നിന്ന് മഞ്ഞൂറാ ചർച്ചിൻെറ സമീപത്തു വച്ച് മഞ്ഞൂറ-പടിഞ്ഞാറത്തറ റോഡുമായി ലിങ്കു ചെയ്യുന്ന ഈ റോഡിന് 745മീറ്റർ നീളമാണുള്ളത്. റോഡിൻെറ ടാർ പ്രവൃത്തി ചെയ്തു കഴിഞ്ഞതാണ്. ഈ റോഡിൻെറസൈഡ് കാടുവെട്ടുകയും അരുകുചാൽ വൃത്തിയാക്കുകയും വേണം. റിപ്ലെയ്സ് മെൻററോഡിൽ നിന്നും സുമാർ 50 മീറ്റർ ഭാഗം പാർശ്വ സംരംക്ഷണവും ആവശ്യമാണ്. EASപദ്ധതിയിൽപ്പെടുത്തി ചെയ്യണം.

### 5. കർലാട്-ചിറ-മഞ്ഞൂറ റോഡ് :-

കർലാട് ചിറയിൽ നിന്ന് മഞ്ഞൂറ പള്ളിക്കവലയിലേക്കുള്ള ഈ റോഡ് ടാർ പ്രവൃത്തി ചെയ്തു കഴിഞ്ഞതാണ്. എന്നാൽ പലഭാഗത്തും റോഡ് ടാർ പൊളിഞ്ഞ് കുഴികൾ ഉണ്ടായിട്ടുണ്ട്. ഈ റോഡ് പാച്ചു വർക്ക് നടത്തുകയും അരികുചാൽ നന്നാക്കുകയും ചെയ്യണം.

### 6. കർലാട് ചിറ-അമ്പലപ്പൊയിൽ വി.സി.ബി. റോഡ് :-

കർലോട് മഞ്ഞൂറ റോഡുമായി കാപ്പുവയലിനെ ലിങ്കു ചെയ്യുന്ന റോഡാണ്. ഈ റോഡിൻെറ ടാർ പ്രവൃത്തി പൂർത്തികരിച്ചതാണ്. എന്നാൽ കുണ്ടും





കുഴികളുമായി വാഹന ഗതാഗത യോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ഇത് അടിയന്തിരമായി പാച്ചുവർക്ക് നടത്തണം. ഈ റോഡിൽ ഒരു കലിങ്ക് നിർമ്മിക്കേണ്ട തുണ്ട്.

### 7. കളരിക്കോട് കുന്ന്-കർല്ലാട് റോഡ് :

കർല്ലാട് ചിറ റോഡിൽ നിന്ന് കളിരിക്കോട് കുന്ന് ആദിവാസി കോളനി വഴി മേൽപ്പറഞ്ഞ റോഡി ലേക്കു തന്നെ എത്തിച്ചേരുന്ന ഒരു റോഡാണിത്. കള രിക്കോട് കുന്ന് കോളനിവരെ ഇത് ടാർ ചെയ്തതാണ്. കളരിക്കോട് കോളനിയിൽ നിന്ന് 500 മീറ്ററോളം ഭാഗം ടാർ ചെയ്യാനുണ്ട്.കടും കുത്തനെയുള്ള ഒരു കയറ്റമാ ണിത്. റോഡിൻെറ അരിക്കുകൾ കയ്യേറിപ്പോയിട്ടുണ്ട്. ഈ ഭാഗം കല്ലുപതിച്ച് വീതിക്കൂട്ടി വാഹനഗതാഗത യോഗ്യമാക്കണം. അരികുചാൽ നിർമ്മിക്കുകയും വേണം.

### 8. മിനിസ്റ്റേഡിയം റോഡ് :

കാവുമന്ദം പത്താം മൈൽ റോഡിൽ നിന്നും പഞ്ചായത്തുവക മിനിസ്റ്റേഡിയത്തിലേക്ക് നിർമ്മിച്ചിട്ടുള്ള മൺറോഡാണിത്. ഇവിടെയുള്ള OEC കോളനിയിൽ പെട്ടവരുടെ യാത്രാമാർഗ്ഗമാണിത്. ഈ റോഡ് സ്റ്റേഡിയത്തിൻെറ അതിർത്തിവരെ അരികു ചാൽ നിർമ്മിക്കുകയും ടാർ ചെയ്യുകയും വേണം

### 9. കാപ്പുവയൽ കരിവിളം റോഡ് :

കാപ്പുവയൽ ക്ഷേത്ര പരിസരത്തുനിന്ന് കരിവിളം പടി വഴി തോടുവരെയെത്തുന്ന റോഡാ ണിത്. മഴക്കാലത്ത് ഇരുവശങ്ങളിലുമുള്ള തോട്ടങ്ങ ളിൽ നിന്ന് ഒലിച്ചിറങ്ങുന്ന ചെളിയും വെള്ളവും യാത്രാ ബുദ്ധിമുട്ടുളവാക്കുന്നു. ഈ റോഡിന് അരി കുചാൽ നിർമ്മിക്കുകയും സോളിങ്ങ് നടത്തുകയും വേണം.

### 10. കാപ്പുവയൽ പേരാൽ റോഡ് :

-കാവുമ്മന്ദം 10-ാം മൈൽ റോഡിൽ പഞ്ചായത്തോഫീസിന് സമീപമുള്ള കാപ്പുവയൽ കവലയിൽ നിന്ന് പടിഞ്ഞാറത്തറ പഞ്ചായത്തിലെ പേരാൽ റോഡിലേയ്ക്ക് എത്തിചേരുന്ന റോഡാ ണിത്. മഠത്തുവയൽ കുറിച്യ കോളനിയ്ക്ക് സമീ പത്തുകൂടി കടന്നുപോകുന്നു. ഈ റോഡ് ടാർ ചെയ് തിട്ടുള്ളതാണ്. ഇതിൻെറ അരികു കാടുകൾ വെട്ടിചാൽ നന്നാക്കണം. പേരാൽ റോഡിനോട് സന്ധിക്കുന്ന സുമാർ 250 മീറ്റർ സ്ഥലം മെറ്റൽ ഇട്ട താണെങ്കിലും ടാർ ചെയ്തിട്ടില്ല. ഈ ഭാഗം ടാർ പ്രവൃത്തി പൂർത്തികരിക്കണം.

### 11. ചെന്നലോട് മഠത്തുവയൽ റോഡ് -

ചെന്നലോട് അങ്ങാടിയെ കാപ്പുവയൽ പെരാൽ റോഡുമായി ബന്ധിപ്പിക്കുന്ന മൺറോഡാ ണിത്. (700 മീറ്റർ നീളം ) ഈ റോഡിന് വീതികൂട്ടാ നാവശ്യമായ സ്ഥലം വാർഡ് വികസന സമിതി കൈവശക്കാരുമായി ബന്ധപ്പെട്ട് വാങ്ങണം. റോഡിൻെറ അരികുചാൽ അടിയന്തിരമായി നിർമ്മിക്കണം. റോഡിൻ വീതികൂട്ടി ടാർചെയ്യുന്ന പ്രവൃത്തി EAS പദ്ധതിയിൽ പെടുത്തി ചെയ്യണം.

### 12. ചെന്നലോട് യു.പി.സ്കൂൾ-കൂവയ്ക്കൽപ്പടി വഴി ചെന്നലോട് റോഡ് :

ഈ മൺറോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

### 13. കണാഞ്ചേരി, ലക്ഷം വീട് മുത്തോലിക്കൽ പടി ലിങ്ക് റോഡ്

1.395 കിലോമീറ്റർ ദൂരംവരുന്ന ഈ മൺ റോഡ് കണാഞ്ചേരി ലക്ഷം വീട് കോളനിയിൽ കൂടി കുനിയിൽ കുറിച്യ കോളനിയുടെ പടിയ്ക്കൽ കൂടി ചെന്നലോട് മഠത്തുവയൽ റോഡിൽ ചെന്നു ചേരുന്നു. മഠത്തുവയൽ, കുനിയിന്മേൽ, കണാഞ്ചേരി പണിയക്കോളനി എന്നീ മൂന്ന് ആദി വാസി കോളനികൾക്കു പകരാപ്രദമായ റോഡാ ണിത്. ഈ റോഡ് വീതികൂട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

### 14. ചെന്നലോട് പൊന്നുകുന്ന് റോഡ്-:

870 മീറ്റർ നീളമുള്ള ഈ റോഡ് അൺ ടൈഡ് പദ്ധതിപ്രകാരം മൺപണിയും സൈഡ് കെട്ടലും 300 മീറ്റർ ദൂരം വരെ ചെയ്തിട്ടുണ്ട്. ബാക്കി വരുന്നഭാഗം മൺപണിയും സൈഡ് കെട്ടലും നടത്ത ണം.





**15. പുതുക്കാട്ടിൽ പടി-വൈപ്പടി-റോഡ് -**

ചെന്നലോട് കല്ലങ്കാരി റോഡിൽ നിന്ന് വൈപ്പടിയിലുള്ള ആദിവാസി കോളനിയിലേക്കുള്ള റോഡാണിത്. കോട്ടത്തറ പഞ്ചായത്ത് അതിർത്തിയിൽ എത്തുന്നു. ഈ റോഡിൽ ഒരു കൽവെർട്ട് പണിയണം. മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

**16. ചെന്നലോട് കല്ലങ്കാരി റോഡ്-**

ചെന്നലോട്-എച്ച്.എസ്-കല്ലങ്കാരി റോഡുമായി ബന്ധിപ്പിക്കുന്ന റോഡാണിത്. റോഡുമുഴുവൻ ഭാഗവും സോളിങ്ങ് നടത്തിയതാണ്. 950 മീറ്റർ ഭാഗംടാറിങ്ങ് പ്രവൃത്തി പൂർത്തികരിച്ചതാണ്. ബാക്കി ഭാഗം ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കണം.

**17. കണാഞ്ചേരി കല്ലങ്കാരി റോഡ്-**

തരിയോട് എച്ച്.എസ് കവലയിലുള്ള കണാഞ്ചേരി കോളനി പടിയ്ക്കൽ നിന്ന് കല്ലങ്കാരി വഴി ചെന്നലോട് വാളാൽ റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന ഈ റോഡ്2 പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു. കല്ലങ്കാരി വരെ ടാർ ചെയ്തിട്ടുണ്ട്. ഈ റോഡ് ടാർപൊളിഞ്ഞ് കുഴികളായി തീർന്നിട്ടുണ്ട്. ഹയർ സെക്കൻഡറി സ്കൂൾ വരെയുള്ള ഭാഗം 96-ൽ പാച്ച്‌വർക്ക് ചെയ്തതാണ്. ബാക്കി ഭാഗം പാച്ച് വർക്കും റോഡുമുഴുവനായി ടാറിങ്ങും നടത്തണം.

**18. കോട്ടക്കുന്ന് മാടക്കുന്ന് റോഡ് :**

കല്ലങ്കാരി റോഡിൽ കോട്ടുക്കുന്നിൽ നിന്ന് താഴെയിടം പണിയകോളനി വഴി മാടക്കുന്നിലെത്തുന്ന റോഡാണിത്. ഈ റോഡിൻെറ 600 മീറ്റർ ഭാഗം JRY പദ്ധതി പ്രകാരം 2 വർഷം മുൻപ് നിർമ്മിക്കാൻ കൺവീനറെ ഏൽപ്പിക്കുകയുണ്ടായി. സോളിങ്ങ് കളക്ഷൻ നടത്തിയിട്ടുണ്ട്. പണികൾ പൂർത്തീകരിക്കാത്തതിനാൽ ബാക്കിയുള്ള ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല. നിലവിലുള്ള ഫണ്ടുപയോഗിച്ച് നിശ്ചിത പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. താഴെയിടം കോളനി വരെയുള്ള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

**19. കാവുമന്ദം-കാലിക്കുനി പാറത്തോട് റോഡ്;**

കാവുമന്ദത്തു നിന്ന് കാലിക്കുനി വഴിവൈത്തിരി കുതിരപ്പാണ്ടി റോഡിൽ പാറത്തോട് എന്ന സ്ഥലത്തേക്കും കാലിക്കുനിയിൽ നിന്ന്ഇടിയം വയലിലേക്കും ബന്ധിപ്പിക്കുന്ന റോഡാണിത്. രണ്ടു പഞ്ചായത്തുകളെയും രണ്ട് PWD റോഡുകളെയും ബന്ധിപ്പിക്കുന്ന റോഡെന്ന നിലയിൽ 2.750 കിലോ മീറ്റർ ദൂരം വരുന്ന ഈ റോഡ് അടിയന്തിരപ്രാധാന്യം നല്കി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടാറിങ്ങ് പ്രവൃത്തി പൂർത്തികരിക്കേണ്ടതാണ്.

**20. കാവുമന്ദം 8-ാം മൈൽ റോഡ് -**

കാവുമന്ദം അങ്ങാടിയെ വൈത്തിരി കുതിരപ്പാണ്ടിറോഡിൽ 8-ാം മൈലുമായി ബന്ധിപ്പിക്കുന്ന റോഡാണിത്. ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡിൽ പാറക്കണ്ടി പടിയ്ക്കൽ മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് ഗതാഗത തടസ്സം ഉണ്ടാവുന്നുണ്ട്. ഇതിന് പ്രതിവിധി ഉണ്ടാക്കേണ്ടതാണ്. റോഡിൻെറ അരികുചാൽ നിർമ്മിക്കേണ്ടതാണ്. 110 മീറ്റർ റീടാറിംഗ് ബാക്കിയുണ്ട്. രണ്ട് കൽവർട്ടുകൾ നിർമ്മിക്കണം.

**21. പാറയ്ക്കൽ പാമ്പുംകുനിറോഡ് :-**

ഈ റോഡ് കാവുമന്ദം 8-ാം മൈൽ റോഡിൽ പാറയ്ക്കൽ (A.S. കവല) പടിയിൽ നിന്ന് പാമ്പും കുനി വഴി 8-ാം മൈൽ കാപ്പുവയൽ റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന റോഡാണിത് ഇത് വീതി കൂട്ടി സോളിംഗ് നടത്തണം.

**22. പാറയ്ക്കൽ മാക്കുനി റോഡ് -**

ഇത് TSP യിൽ പെടുത്തി മണ്ണു സംരക്ഷണ പ്രവൃത്തിയ്ക്ക് ടെൻഡർ ആയിട്ടുണ്ട്. പണി വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കണം.

**23. എട്ടാം മൈൽ കാലിക്കുനി റോഡ് :**

എട്ടാം മൈൽ കാവുമന്ദം റോഡിൽ 8-ാം മൈൽ ചർച്ചിൻെറ പടിയ്ക്കൽ നിന്ന് ചെക്കണ്ണിക്കുന്ന് കട്ടുനായ്ക്ക കോളനി വഴി കാവുമന്ദം പാറത്തോട് റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന റോഡാണിത്. ഇതിൻെറ 100 മീറ്റർ ഭാഗം സൈഡ് കെട്ടലും മൺ പണിയും ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം അടിയന്തിരമായി വീതിക്കൂട്ടി മെറ്റലിംഗ് നടത്തണം.





## 24 . ചെക്കണ്ണിക്കുന്ന് കുണ്ടിലങ്ങാടി റോഡ്;

8-ാം മൈൽ കാവുമന്ദം റോഡിൽ കുണ്ടിലങ്ങാടിയിൽനിന്ന് പീക്കോട് കുന്ന് ലക്ഷം വീടിൻെറ പടിയ്ക്കൽ കൂടി ചെക്കണ്ണിക്കുന്ന് കാട്ടുനായ്ക്ക കോളനിയിലേയെക്കത്തുന്ന റോഡാണിത്. (ദൂരം 1.338 കി. മീ. ( രണ്ടു കോളനികളെ ബന്ധിപ്പിക്കുന്ന റോഡെന്ന നിലയിൽ ഈ റോഡ് മൺപണിതീർത്ത് ടാർ ചെയ്യണം.

## 25. കുമ്മായമൂല ഇടക്കണ്ടൻ പടി പാറത്തോട് റോഡ്:-

932 മീറ്റർ നീളമുള്ള ഈ റോഡ് കുമ്മായ മൂല കുറിച്യ കോളനിയിൽ നിന്ന് കാവുമന്ദം പാറത്തോട് റോഡിലേയ്ക്ക് ബന്ധപ്പെടുന്ന റോഡാണിത്. മൺപണി തീർത്ത് TSP യിൽ പെടുത്തി ടാറിങ്ങ് നടത്തണം

### പട്ടിക-1

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ള റോഡുകൾ | നീളം കി.മി. | വീതി മീ | ടാർ | മെറ്റൽ | മണ്ണ് |
|---|---|---|---|---|---|---|---|
| I | 1 | തരിയോട് മൂന്നാം മുക്ക് പുളിയംതൊട്ടിപടി റോഡ് | 0.540 | 4 | | | ✓ |
| | 2 | തെക്കെതൊട്ടിപടി 11-ാം മൈൽ റോഡ് | 1.0005 | | | | ✓ |
| | 3 | തെക്കെതൊട്ടിപ്പടി മഞ്ഞൂറാ റോഡ് | 0.7574 | | | | ✓ |
| | 4 | മഞ്ഞൂറ റിപ്ലെയ്സ്മെൻറ് ലിങ്ക് റോഡ് | 0.7458 | | | | ✓ |
| II | 1 | കർളാട് ചിറമഞ്ഞൂറ റോഡ് | 1.350 | | Tar | | |
| | 2 | കർളാട് ചിറ VCBഅമ്പലപ്പൊയിൽ റോഡ് 1.500 | 8 | | | | |
| | 3 | കർളാട് കളരിക്കോട്കുന്ന് റോഡ് | 1.650 | 8 | | | |
| | 4 | മിനി സ്റ്റേഡിയം റോഡ് | 0.50 | | | | |
| | 5 | കാപ്പുവയൽ കരിവിളം | .75 | | | | ✓ |
| III | 1 | പേരാൽ മഞ്ഞൂറ റോഡ് | 1.300 | | | | ✓ |
| | 2 | കാപ്പുവയൽ പേരാൽ റോഡ് | 2.250 | 8 | Tar | | |
| | 3 | മാത്തുവയൽചെന്നലോട് റോഡ് | 0.700 | | | | ✓ |
| | 4 | ചെന്നലോട് UPസ്ക്കൂൾ റോഡ് | 1.200 | | Tar | | |
| | 5 | ചെന്നലോട്, UPസ്ക്കൂൾ കൂവക്കൽപടി വഴിചെന്നലോട് | 1.489 | | | | ✓ |
| | 6 | കണാഞ്ചേരി ലക്ഷം വീട് മുത്തോലിയ്ക്കൽപടി ലിങ്ക് റോഡ് | 1.395 | | | | ✓ |
| | 7 | കളരിക്കോട്ടുകുന്ന് മഞ്ഞൂറ റോഡ് | 0.250 | | | | ✓ |
| IV | 1 | ചെന്നലോട്ട് പൊന്നുകുന്ന് റോഡ് | 0.870- | - | - | - | ✓ |
| | 2 | പുതുക്കാട്ടിൽ പടിവൈപ്പടി റോഡ് | 0.932- | - | - | - | ✓ |
| | 3 | കല്ലങ്കാരിചെന്നലോട് റോഡ് | 1.620 | | 8 750മീ | 1.120 | |
| V | 1 | കണാഞ്ചേരി കല്ലങ്കാരി റോഡ് | 2.230 | 8 | Tar | - | |
| | 2 | കോട്ടക്കുന്ന് മാടക്കുന്ന് റോഡ് | 1.230 | 8 | - | -- | ✓ |
| | 3 | കാവും മന്ദം ഹൈസ്കൂൾ കിഴക്കുഭാഗം റോഡ് | 0.900 | 8- | | 0.210 | 690 |
| VI | 1 | കാവും മന്ദം കാലികുനിപാറത്തോട് റോഡ് 6ഉം 8ഉം വാർഡിലൂടെ | 2.750 | 8 | - | - | ✓ -- |
| | 2 | കാവും മന്ദം 8-ാം മൈൽ റോഡ് | 2.380 | 8 | Tar | --- | ✓ |
| VII | 1 | തരിയോട് GLPSchool കളത്തിൽ പടിറോഡ് | 0.700 | - | - | - | |
| | 2 | കല്ലാട്ടുമ്മൽ പടി കമ്പനികുന്ന് ട്രൈബൽ ഹോസ്റ്റൽ റോഡ് | 0.500 | | Tar- | - | |
| | 3 | പാറക്കൽപാമ്പും കുനി റോഡ് | 1.950 | 4 | - | -- | ✓ |
| | 4 | കാപ്പുവയൽ പാമ്പുകുനി 8-ാം മൈൽ റോഡ് | 1.817 | | 250 മീ | | ✓ |
| | 5 | പാറക്കൽ മാക്കുനി റോഡ് | 0.600 | | | | ✓ |
| VIII | | എട്ടാം മൈൽകാലികുനിറോഡ് | 1.750 | - | -- | | ✓ |
| | 2 | ചെക്കണ്ണിക്കുന്ന് കുണ്ടിലങ്ങാടി റോഡ് | 1.338 | - | -- | | ✓ |
| | 3 | കുമ്മായമൂല ഇടക്കണ്ടൻ പടിപാറത്തോട് റോഡ് | 0.932 | - | - | -- | ✓ |





പഞ്ചായത്തിലെ എല്ലാവാർഡുകളിലും നിന്ന് പുതുതായി പൊതുജനപങ്കാളിത്തത്തോടെ നിർമ്മിച്ചതും പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കേണ്ടതുമായ റോഡുകളുടെ പേർ വിവരം.

പട്ടിക 2

| വാർഡ് | നമ്പർ | പുതുതായി നിർമ്മിക്കുന്നതിന് ഉള്ള റോഡുകൾ | നീളം കി.മീ. |
|---|---|---|---|
| I | 1 | വെള്ളാനപ്പടി 116കുന്ന് റോഡ് | 2.500 |
| | 2 | 13-ാം മൈൽ സിങ്കോണ റോഡ് | 2.000 |
| | 3 | പടിഞ്ഞാറത്തറ പൂഴിത്തോട് റീപ്ലെയ്സ്മെൻറ് റോഡുമായി ബന്ധിപ്പിക്കൽ | 4 |
| | 4 | മഞ്ഞൂറാ എർത്ത് ഡാം - മാങ്കോട്ടിൽ കുറിച്ച്യകോളനി | 3കി. |
| II | 1 | പടിയ്ക്കംവയൽ കരിവളംകുന്ന് റോഡ് | 0.500 |
| | 2 | പാമ്പുകുനി- സ്റ്റേഡിയം - 10-ാം മൈൽറോഡ് | 0.750 |
| | 3 | മഞ്ഞൂറ-അതിരത്തിൽപടി പത്താം മൈൽ റോഡിലേക്ക് ബന്ധിപ്പിക്കൽ. | 1.500 |
| III | 1 | ശാന്തിനഗർ കോളനി പ്ലാച്ചേരിപടികുനിയിമ്മൽ പടിറോഡ് | 1.000 |
| | 2 | കാപ്പുവയൽ കേളുവൈദ്യർ പടികുനിയിമ്മൽ പടിറോഡ് | 0.500 |
| | 3 | ചോമ്പാലപ്പടി കർലാട് റോഡ് | 1.000 |
| | 4 | കളരിക്കോട് കുന്ന് - മഠത്തുവയൽ റോഡ് | 1.000 |
| IV | 1 | കൂവക്കൽപടി ചെന്നലോട് പോസ്റ്റാഫീസ്റോഡ് | |
| | 2 | മൈലാടുംകുന്ന് പുതുക്കാട്ടിൽ പടി റോഡ് | |
| | 3 | പുതുക്കാട്ടിൽ പടി വൈപ്പടി റോഡ് | |
| V | 1 | കാവുംമന്ദം ഐക്കരപ്പടി റോഡ് | 1.500 |
| | 2 | കല്ലങ്കാരി മാത്തിരിമുതൽപടി കോളനി റോഡ് | 0.750 |
| VI | 1 | കുണ്ടിലങ്ങാടി പീക്കോട്കുന്ന് ലക്ഷംവീട്കോളനി റോഡ് | 1.338 |
| | 2 | കാവുമന്ദം PWD റോഡിൽനിന്നും പള്ളിപടിവഴി കുണ്ടിലങ്ങാടിയിലേക്ക് റോഡ് | 2.00 |
| VII | 1 | പാറക്കൽ മാക്കുനിറോഡ് ട്രൈബൽ ഹോസ്റ്റൽ റോഡുമായി ബന്ധിപ്പിക്കൽ | |
| | 2 | G.L.P. School മാക്കുനിറോഡ് കുളത്തിൽപടി റോഡുമായി ബന്ധിപ്പിക്കൽ. | |
| VIII | 1 | കാലിക്കുനി മേലെപ്പാലുവയൽ റോഡ് | |
| | 2 | താഴെപ്പാലുവയൽ എടത്തറ അമ്പലം റോഡ് | 1.00 |
| | 3 | മടയകുന്നേൽപടി ചെമ്പോക്കണ്ടി ഞാവില്ലൂർകുന്ന് ലക്ഷം വീട് റോഡ് | 1.500 |
| | 4 | ചെക്കണ്ണിക്കുന്ന് നായ്ക്ക കോളനി റോഡ് | 0.200 |

ഒന്നും രണ്ടും പട്ടികയിൽ വിവരിച്ചിട്ടുള്ള റോഡുകൾ പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ തരിയോട് പഞ്ചായത്തിലെ ഗതാഗതത്തിന്ന് 99% പരിഹാരമാകുന്നതാണ്.

താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥിരം പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.

1. കാവുംമന്ദം - ഹയർ സെക്കൻഡറി സ്ക്കൂൾ റോഡിൽ പാലം.
2. കാവുമന്ദം പാറത്തോട് റോഡിൽ കാലിക്കുനിപ്പാലം
3. കണാഞ്ചേരി ലക്ഷം വീട് കോളനി മുത്തോലിക്കൽ പടി റോഡിൽ ലക്ഷം വീടിന് സമീപമുള്ള നടപ്പാലം മാറ്റി പാലം നിർമ്മിക്കണം.





താഴെപ്പറയുന്ന മരപ്പാലങ്ങൾ മാറ്റി കോൺക്രീറ്റ് നടപ്പാലങ്ങൾ നിർമ്മിക്കണം.

1. തറപ്പിൽ പടി
2. പാറത്തോട് ഇടക്കണ്ടൻ പടി
3. ചെറുമലപ്പടി
4. പത്മനാഭൻ നായർപടി
5. ഓലപ്പുരപ്പടി
6. നെല്ലിക്കുന്നേൽ പടി
7. പടവെട്ടി (കളരിക്കണ്ടി) പടി
8. കളരിക്കോട് കുന്ന് പടി
9. പാറത്തോട് ചെറിയപാലം
10. കടുന്നാൻ തൊട്ടിപ്പടി

*സംസ്ഥാന ഗവൺമെൻറ് ചെയ്യേണ്ടവ:*

1. പുഴിത്തോട് നിന്ന് പടിഞ്ഞാറത്തറയിലേയ്ക്ക് നിർമ്മിക്കുന്ന സ്റ്റേറ്റ് ഹൈവെ പടിഞ്ഞാറത്തറയിൽനിന്ന് കാവുമന്ദം പിണങ്ങോട് വഴി കൽപ്പറ്റയ്ക്ക് നീട്ടണം. കൽപ്പറ്റയിൽ നിന്ന് പടിഞ്ഞാറത്തറയിലേയ്ക്ക് നിലവിലുള്ള **PWD** റോഡ് വീതികൂട്ടി ഇതിനായി ഉപയോഗിക്കാവുന്നതാണ്. മനന്തവാടി, വെള്ളമുണ്ട, പടിഞ്ഞാറത്തറ, തുടങ്ങിയ പ്രദേശങ്ങളെ കൽപ്പറ്റയുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു റോഡാണ് കൽപ്പറ്റ പടിഞ്ഞാറത്തറ റോഡ്. ഇരുപതോളം ബസുകളും 100 കണക്കിന് മറ്റുവാഹനങ്ങളും സർവ്വീസ് നടത്തുന്ന ഈറോഡ് ഗതാഗത ബാഹുല്യം മൂലം ബുദ്ധിമുട്ടുകയാണ്. ആയതിനാൽ ഈ റോഡ് വികസിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

2. വൈത്തിരി, പൊഴുതന, 10-ാം മൈൽ പടിഞ്ഞാറത്തറ ഡാം റോഡ് സ്റ്റേറ്റ്ഹൈവെ ആക്കുക. കോഴിക്കോട് നിന്ന് ബാണാസുരസാഗർ പദ്ധതി പ്രദേശത്തേയ്ക്ക് എത്തിച്ചേരാനുള്ള ഏറ്റവും ദൂരം കുറഞ്ഞ റൂട്ടാണ് ഇത്.

## പൊതുവായ നിർദ്ദേശങ്ങൾ

1. പൊതുമരാമത്ത് വകുപ്പ് റോഡുകളുടേയും പഞ്ചായത്ത് റോഡുകളുടേയും അരികിൽ കെട്ടിടങ്ങളും മതിലുകളും നിർമ്മിക്കുന്നതു സംബന്ധിച്ച നിയമം കർശനമായി നടപ്പാക്കുക.
2. റോഡരികുകളിൽ കല്ല്, മരം തുടങ്ങിയവ വളരെക്കാലം കൂട്ടിയിട്ട് ഗതാഗത പ്രശ്നങ്ങളുണ്ടാക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം.
3. റോഡിൻെറ അരികുചാലുകൾ മഴക്കാലത്തിന് മുൻപുതന്നെ നന്നാക്കുന്നതിനും അരിക് കാടുവെട്ടുന്നതിനും നിർബന്ധമായും നടപടികൾ സ്വീകരിക്കുക.

*നടപ്പാതകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ*

1. പാമ്പും കുനി - ചക്കാലപ്പടി സ്റ്റേഡിയം
2. പടിക്കം വയൽ - കരുവളം
3. ചെന്നുലോട് വായനശാല - അറയ്ക്കൽ കൊല്ലി പടി
4. **H.S** കല്ലങ്കാരി റോഡിൽ നിന്ന് കേരോട് കുന്ന് പാടശേഖരത്തേക്ക്
5. കോട്ടക്കുന്ന് കോളനിയിൽ നിന്ന് കാവും താഴെ പാടശേഖരത്തേക്ക്
6. പുതുക്കാട്ടു പടിയിൽ നിന്ന് കല്ലങ്കാരിക്ക്
7. അമ്പലക്കുന്ന് - കോട്ടക്കുന്ന് താഴെയിടം വയൽ.
8. കാവും മന്ദം - കോയിത്തൊടി റോഡ്
9. മത്തം കുനി - കാവും മന്ദം കാലിക്കുനി റോഡ് (കവുങ്ങും കണ്ടി കോളനി)
10. കാവും മന്ദം - പുരയ്ക്കൽ റോഡ് വഴി ഓനച്ചൻ പടി
11. കാവും മന്ദം കാലിക്കുനി റോഡിൽ നിന്ന് ചെമ്മന്തട്ടപ്പടി വഴി ഓനച്ചൻ പടി.
12. ട്രൈബൽ ഹോസ്റ്റൽ - കമ്പനിക്കുന്ന് കോളനി.
13. ജി.എൽ.പി.സ്ക്കൂൾ തുറുവേലിക്കുന്ന് പടി വഴി.
14. ചെക്കണ്ണിക്കുന്ന് - കുണ്ടിലങ്ങാടി വഴി പുത്തൻ മുറ്റം
15. ചെക്കണ്ണിക്കുന്ന് - എടക്കണ്ടൻ പടി.
16. തെക്കുമ്പുറം പടി - പള്ളിക്കാത്തൊട്ടിപ്പടി.
17. കുനിയമ്മൻ പടി നടപ്പാത - 3-ാം വാർഡ്
18. 13-ാം മൈൽ കാഞ്ഞിരത്തിങ്കൽ - കുര്യാച്ചൻ പടി.
19. കോരംകോട് കുന്നിൽ തയ്യിൽപടി വഴി.





നമ്മുടെ പഞ്ചായത്തിൽ കാവുമന്ദം ചെന്നലോട് എന്നീ പ്രദേശങ്ങൾ വഴി കൽപ്പറ്റ പടിഞ്ഞാറത്തറ റൂട്ടിലോടുന്ന ഇരുപതോളം സ്വകാര്യ ബസുകളുടേയും മറ്റ് യാത്രാവാഹനങ്ങളുടെയും പ്രയോജനം മേൽപ്പറഞ്ഞ പ്രദേശത്തുകാർക്ക് ലഭ്യമാണ്. എന്നാൽ തരിയോടു വഴിയുണ്ടായിരുന്ന KSRTC ബസ് സർവ്വീസുകൾ നിലച്ചതോടെ പാറത്തോട് 8-ാം മൈൽ 10-ാം മൈൽ മഞ്ഞൂറബൈബിൾ ലാൻഡ് പ്രദേശം, കാപ്പുവയൽ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാദുരിതം നേരിടാൻ തുടങ്ങി. ഇപ്പോൾ തരിയോട് വൈത്തിരി വഴി മാനന്തവാടിയിൽ നിന്ന് കോഴിക്കോട്ടേയ്ക്ക് പോകുന്ന ഒരു KSRTC ഫാസ്റ്റ് പാസഞ്ചറും കൽപ്പറ്റയിൽ നിന്ന് 10-ാംമൈൽ വഴി രണ്ടു ഭാഗത്തേക്കുമായി പോകുന്ന രണ്ട് സർക്കുലർ ബസ് (KSRTC) സർവ്വീസുകളും പൊഴുതനയിൽ നിന്ന് തരിയോട് വഴി കൽപ്പറ്റയിലേക്ക് പോകുന്ന ഒരു സ്വകാര്യബസും മാത്രമാണ് മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാദുരിതം അൽപ്പം കുറയ്ക്കുന്നത്. മേൽപ്പറഞ്ഞ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന ടാക്സി ജീപ്പുകൾ ഓട്ടോറിക്ഷകൾ എന്നിവ അമിത ചാർജ്ജ് ഈടാക്കുന്നുണ്ട്.

ഇപ്പോൾ കോഴിക്കോട് നിന്ന് മാനന്തവാടിയിലേക്ക് സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ ബസ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ആക്കി മാറ്റുക.

കോഴിക്കോട് നിന്ന് മാനന്തവാടിയിലേക്ക് തരിയോടുവഴി ഒരു ബസും കൂടി അനുവദിക്കുകയും മേൽപ്പറഞ്ഞ ആദ്യത്തെ ബസ് കോഴിക്കോട് നിന്ന് പുറപ്പെടുന്ന സമയത്ത് ഒരെണ്ണം മാനന്തവാടിയിൽ നിന്ന് പുറപ്പെടുന്നവിധം ഷെഡ്യൂൾ നിജപ്പെടുത്തുക.

കൽപ്പറ്റയിൽനിന്ന് 10-ാം മൈൽ പടിഞ്ഞാറത്തറ വഴി മാനന്തവാടിയിലേക്കും അവിടെ നിന്ന് അതേ സമയത്ത് പുറപ്പെടുന്ന ഒരു ബസ് കൽപ്പറ്റയിലേക്കും ഷട്ടിൽ സർവ്വീസ് നടത്തുക.

കൽപ്പറ്റയിൽ നിന്ന് കാവുമന്ദം-കുണ്ടിലങ്ങാടി-8-ാം മൈൽ പൊഴുതന വഴി കൽപ്പറ്റയ്ക്ക് ഒരുമിനി സർക്കുലർ ബസ്സർവ്വീസ് ഏർപ്പെടുത്തുക.

കാവുമന്ദത്തുനിന്ന് പ്രധാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് ഓട്ടോകൾക്കും ടാക്സികൾക്കും ഫെയർ സ്റ്റേജ് നിർണ്ണയിക്കുക.

വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

പെർമിറ്റില്ലാതെ ടാക്സിയായി പ്രവർത്തിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.

KSRTC പാസ്സ് എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ബസ് സർവ്വീസ് മുടക്കിയാൽ സർവ്വീസ് മുടങ്ങുന്ന ദിവസങ്ങളിലെ ചാർജ്ജ് പിന്നീട് പാസ്സ് വാങ്ങുമ്പോൾ വരവ് വെച്ചുകൊടുക്കുക.

## ഊർജ്ജം

ഏറ്റവും കൂടുതൽ ഊർജ്ജപ്രതിസന്ധി നേരിടുന്ന ഒരു കാലഘട്ടത്തെയാണല്ലോ നാം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പുരോഗതിക്ക് ആവശ്യമായ ഊർജ്ജസമ്പത്ത് അവയുടെ ഉറവിടവും കണ്ടെത്തി അവയെ വികസിപ്പിച്ച് നിലനിൽപിനാവശ്യമായ രൂപഭാവങ്ങൾ നൽകി നമ്മുടെ ദൈനംദിന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഊർജ്ജത്തിന്റെ ലഭ്യതയിലും വിതരണത്തിലും പ്രത്യേകിച്ച് വൈദ്യുതോർജ്ജത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. (പട്ടിക ഒന്ന് കാണുക)

പഴകിയതും കേടുവന്നതുമായ പോസ്റ്റുകളും കമ്പികളുമാണ് ഇന്ന് വൈദ്യുതി വിതരണത്തിന് ഉപയോഗിക്കുന്നത്. രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടില്ല. നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. തെരുവുവിളക്കുകൾ ആവശ്യത്തിന് കത്തുന്നില്ല. കാപ്പുവയൽ V.C.B മുതൽ 13ാം മൈൽ വരെയും, കാപ്പുവയൽ കറലാട് റോഡിൽ മഞ്ഞുറ വരെയും, 8ാം മൈലിൽനിന്നും 11ാം മൈൽ വരെയും കാപ്പുവയൽ പേരാൽ റോഡിലും തെരുവുവിളക്കുകൾ അനുവദിച്ചിട്ടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വാഹനങ്ങൾക്കും മനുഷ്യനും ഭീഷണിയായി തൂങ്ങിനിൽക്കുന്ന വൈദ്യുത കമ്പികൾ കാണാം, വൈദ്യുതി കമ്പികൾ പോകുന്നിടത്തെ മരക്കൊമ്പുകൾ വെട്ടി നീക്കിയിട്ടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ല.





| വാർഡ് | നമ്പർ | പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതിയുടെ നിജസ്ഥിതി | | | | | | ട്രാൻസ്ഫോർമർ വേണ്ട സ്ഥലം. |
|---|---|---|---|---|---|---|---|---|
| | | ആകെ വീടുകൾ | വൈദ്യുതി ഉള്ളവ | വൈദ്യുതി ഇല്ലാത്തവ | ട്രാൻസ് ഫോർമർ എണ്ണം | തെരുവ് വിളക്ക് ബൾബ് | വ്യാവസായി കാടിസ്ഥാനത്തിൽ | |
| I | 1 | 260 | 44 | 216 | | പഞ്ചായത്തിൽ തെരുവു വിളക്ക് ബൾബ് - 70 ട്യൂബ് - 7 സോഡിയം - 7 | വ്യാവസായികാടിസ്ഥാനത്തിൽ 14 കണക്ഷൻ | 1എണ്ണം |
| II | 2 | 235 | 95 | 140 | 1 | | | 1 എണ്ണം |
| III | 3 | 264 | 103 | 161 | 1 | | | |
| IV | 4 | 271 | 93 | 178 | | | | |
| V | 5 | 250 | 70 | 180 | | | | |
| VI | 6 | | 3 | | | | | |
| VII | 7 | 250 | 109 | 141 | | | | 1 എണ്ണം |
| VIII | 8 | 268 | 50 | 218 | | | | 1 എണ്ണം |

പഴയതും ദ്രവിച്ചതുമായ പോസ്റ്റുകൾ അടിയന്തിരമായി മാറ്റി പുതിയ പോസ്റ്റുകൾ സ്ഥാപിക്കണം. പഴകിയ കമ്പികൾ മാറ്റി പുതിയ കമ്പികൾ ഇടണം. അയഞ്ഞുതൂങ്ങിക്കിടക്കുന്ന കമ്പികൾ മുറുക്കി കെട്ടണം. വൈദ്യുത കമ്പികളിൽ മുട്ടി നിൽക്കുന്ന മരക്കമ്പുകൾ മുറിച്ചുമാറ്റണം. തോട്ടങ്ങളിൽ കൂടി കടന്നു പോകുന്ന വൈദ്യുത ലൈനുകൾ പ്ലാസ്റ്റിക് പൈപ്പുകൾ ഉപയോഗിച്ച് ഇൻസുലേറ്റ് ചെയ്യണം.

കാവുംമന്ദം അങ്ങാടിയിലെ ഫ്യൂസ് കാരിയറുകൾ പൊട്ടിവീഴാറായത് മാറ്റി പകരം നല്ല ഫ്യൂസ് കരിയറുകൾ സ്ഥാപിക്കുകയും അതിന് കമ്പി വേലികൾ നിർമ്മിക്കുകയും ചെയ്യണം. H.S പാലത്തിനടുത്തുള്ള ട്രാൻസ്ഫോർമർ, കാപ്പുവയൽ ട്രാൻസ്ഫോർമർ, ചെന്ദലോട് ട്രാൻസ്ഫോർമർ, മഞ്ഞൂറ ട്രാൻസ്ഫോർമർ എന്നിവയുടെ ഫ്യൂസ് കാരിയറുകളും അടിയന്തിരമായി മാറ്റി പുതിയവ സ്ഥാപിക്കണം.

തരിയോട് 8-ാം മൈൽ, തരിയോട് 11-ാം മൈൽ ചെന്ദലോട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

ഇപ്പോൾ വൈത്തിരി വൈദ്യുത ഓഫീസിൽ പോയി പണമടയ്ക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ തരിയോട് പഞ്ചായത്ത് നിവാസികൾക്ക് വൈദ്യുത ചാർജ്ജ് അടയ്ക്കാൻ കാവുമന്ദത്ത് സബ് എൻജിനീയർ ഓഫീസ് ആരംഭിച്ച് അവിടെ ബിൽ കളക്ഷൻ സൗകര്യമുണ്ടാക്കണം.

## *പൊതുവായ നിർദ്ദേശങ്ങൾ*

1. മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ടി നിർമ്മാണമാരംഭിച്ച കുറ്റ്യാടി ഓഗ്മെൻേറഷൻ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുക.
2 തൃക്കരിപ്പൂർ, കോഴിക്കോട് താപവൈദ്യുത നിലയങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.
3 കേന്ദ്ര പൂളിൽ നിന്ന് കേരളത്തിനാവശ്യമായ വൈദ്യുതി നേടിയെടുക്കാൻ വേണ്ട സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുക.
4. വൈദ്യുത ഉപഭോഗം കുറയ്ക്കാൻ സഹായിക്കുന്ന ഇലക്ട്രോണിക് ചോക്കുകളും സി.എഫ്.എൽ ബൾബുകളും അനെർട്ട് വഴിക്കോ നേരിട്ടോ 50% സബ്സിഡിയോടുകൂടി വിതരണം ചെയ്യുക.

വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സം ഉപഭോക്താക്കൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. വൈദ്യുതി തടസ്സം അതാത് സമയം പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുകയും യഥാസമയം ഇത് പരിഹരിക്കാൻ ശ്രമിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

പഞ്ചായത്തിൽ ബഹുഭൂരിഭാഗം കുടും





ബങ്ങളിലും ഭക്ഷണം പാകം ചെയ്യാനും മറ്റുമുള്ള പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന കുടുംബങ്ങളും ഗ്യാസ് സ്റ്റൗ ഉപയോഗിക്കുന്ന കുടുംബങ്ങളും, അപൂർവ്വമായേ ഉള്ളൂ. വിറകിൻെറ ലഭ്യത കുറഞ്ഞുവരികയാണ്. വനനശീകരണവും തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചു വിൽക്കുന്നതും പുതുതായി വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാത്തതുമാണിതിനു കാരണം. സാമൂഹ്യ വനവത്കരണം പലപ്പോഴും വൻകിട വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ വന പ്രദേശങ്ങൾ യൂക്കാലിപ്റ്റസ്, മുള, മുതലായവയ്ക്കു വേണ്ടി നശിപ്പിക്കപ്പെട്ടു.

ഇന്ത്യാഗവൺമെൻറിൻെറ ഉടമസ്ഥതയിലുള്ള പാചക വാതക വിതരണ കേന്ദ്രം കൽപ്പറ്റയിൽ മാത്രമാണുള്ളത്. തരിയോട് പഞ്ചായത്തിലുള്ളവർക്ക് ഇവിടെ നിന്ന് പെർമിറ്റ് ലഭിക്കുന്നില്ല. ഇപ്പോൾ ഇവിടുത്തെ ഗ്യാസ് ഉപഭോക്താക്കൾ അമിത വില ഈടാക്കുന്ന സ്വകാര്യ ഗ്യാസ് ഏജൻസികളിൽ നിന്ന് വാങ്ങിയാണ് ഗ്യാസ് ഉപയോഗിക്കുന്നത്. ഗോബർ ഗ്യാസ്, ബയോഗ്യാസ് പ്ലാൻറുകൾ ഈ പഞ്ചായത്തിൽ ഇല്ല.

വിറകിൻെറ ഉപഭോഗം കുറയ്ക്കാനും ഉപയോഗം കാര്യക്ഷമമാക്കാനും സഹായിക്കുന്ന പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിലെ വിറകുപയോഗിക്കുന്ന കുടുംബങ്ങളിൽ സ്ഥാപിക്കണം. ഇതിനു വേണ്ട ഒരു പദ്ധതി പഞ്ചായത്ത് തയ്യാറാക്കണം. അടുപ്പുകൾ സ്ഥാപിക്കാൻ വേണ്ട ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ അനെർട്ട് നൽകുകയും ഇത് സ്ഥാപിക്കാൻ വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുകയും വേണം. അടുപ്പുകൾ സ്ഥാപിക്കാൻ വേണ്ട തൊഴിലാളികളായി തൊഴിൽ രഹിതരായ യുവാക്കളെ/യുവതികളെ സ്റ്റൈപ്പൻറ് നല്കി പരിശീലിപ്പിക്കാൻ പഞ്ചായത്ത് നടപടിയെടുക്കണം. ശാസ്ത്ര സാഹിത്യപരിഷത്ത് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹായവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

ബയോഗ്യാസ്, ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ വിദഗ്ദ്ധമായ സാങ്കേതിക ഉപദേശവും വായ്പയും ഖാദിഗ്രാമ വ്യവസായ ബോർഡിൽ നിന്ന് ഗ്യാസ് കണക്ഷൻ അനുവദിക്കുകയും കാവുമന്ദത്ത് ഒരു ഡിപ്പോ ആരംഭിക്കുകയും ചെയ്യുക.

ഗുണം കുറഞ്ഞ മണ്ണെണ്ണ വിളക്കുകളും സ്റ്റൗവും ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന ഊർജ്ജനഷ്ടം തടയാൽ ഉയർന്ന സാങ്കേതിക മേന്മയുള്ള വിളക്കുകളും സ്റ്റൗവുകളും അനെർട്ട് മുഖാന്തിരം ആവശ്യക്കാർക്ക് ലഭ്യമാക്കണം. മണ്ണെണ്ണ പെർമിറ്റ് എല്ലാ കുടുംബങ്ങൾക്കും ആവശ്യാനുസരണം നൽകാനും പോതുവിതരണ ശൃംഖലയിലൂടെ ആവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യുകയും വേണം.

അനെർട്ടിൻെറ ഒരു യൂണിറ്റ് കാവുമന്ദത്ത് സ്ഥാപിക്കണം.

## മാർക്കറ്റ്

തരിയോട് ഗ്രാമപഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വ്യാവസായിക ഉല്പന്നങ്ങൾ വിപണം നടത്തുന്നതിന് ആസൂത്രിതമായ സംവിധാനങ്ങളൊന്നും നിലവിലില്ല. മണ്ണിൽ രാപ്പകൽ വിയർപ്പൊഴുക്കി ഉണ്ടാക്കിയ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കേണ്ടത് കർഷകൻെറ അവകാശവും അടിയന്തിര ആവശ്യവുമാണ്. എന്നാൽ ഇതിനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ ഇവിടെയുണ്ടായില്ല എന്നത് യാഥാർത്ഥ്യമാണ്.

കാപ്പി, കുരുമുളക്, ഇഞ്ചി, നേന്ത്രക്കായ, അടയ്ക്ക എന്നിവയാണ് ഇപ്പോഴത്തെ ഇവിടുത്തെ പ്രധാനവിളകൾ. കപ്പയും പച്ചക്കറികളും നാളികേരവും, റബ്ബറുമെല്ലാം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും അവയുടെ ഉത്പാദനം വർദ്ധിച്ചു വരുന്നുതേയുള്ളൂ. ശരിയായ മാർക്കറ്റിങ്ങ് സൗകര്യമില്ലായ്മ ഇവയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു.

ഓരോ കാർഷികോല്പന്നതിനും പ്രത്യേകം 'സീസൺ' ഉള്ളതിനാൽ, വിപണനം വ്യാപാരികളുടെ ഔദാര്യത്തിന് വിടുന്ന രീതിയാണ് ഇന്നുള്ളത്. കാപ്പി, വ്യാപകമായി മാർക്കറ്റിലെത്തുമ്പോൾ വിലയിടുക, കാറ്റൂതാൻ തുടങ്ങിയാൽ വാഴക്കുലയ്ക്ക് ന്യായമായ വില ലഭ്യമാകാതിരിക്കുക എന്നിവ നിത്യസംഭവങ്ങളായിമാറിയിരിക്കുന്നു. ഇക്കാര്യങ്ങളിൽ നമ്മുടെ





പഞ്ചായത്തിലെ സ്ഥിതിമറ്റു പഞ്ചായത്തുകളുമായി തട്ടിച്ചാൽ മെച്ചമാണെന്ന് കാണാവുന്നതാണ്.

കാവുമന്ദത്ത് പ്രവർത്തിക്കുന്ന താലൂക്ക് പട്ടിക ജാതി അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി മാത്രമാണ് സഹകരണരംഗത്ത് പ്രവർത്തിക്കുന്ന ഏക വ്യാപാരസ്ഥാപനം. റബ്ബർ കുരുമുളക്എന്നീ ഉല്പന്നങ്ങൾ മാത്രമാണ് ഈ സ്ഥാപനത്തിൽ വാങ്ങുന്നത്. വേണ്ടത്ര മൂലധനത്തിൻെറ അപര്യാപ്തത, പഞ്ചാത്താകെയുള്ള വ്യാപാര ശൃംഖലയുടെ അഭാവം തുടങ്ങിയ ഒട്ടേറെ കാരണങ്ങൾകൊണ്ട് ഈ സൊസൈറ്റിക്ക് കാര്യമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

എല്ലാ പ്രധാനകാർഷികോല്പന്നങ്ങളും വില്പന നടത്തുന്നതിന്നാവശ്യമായ അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് രൂപം നൽകേണ്ടതുണ്ട്. ന്യായമായ വില്ക്ക് ഗുണമേൻമയേറിയ സാധനങ്ങൾ വാങ്ങുന്നതിന്നും കൺസ്യൂമർ സൊസൈറ്റികൾ ആരംഭിക്കേണ്ടതാവശ്യമാണ്.

പച്ചക്കറി ഇവിടെ വ്യാപകമായി കൃഷി നടത്താത്തതിൻെറ മുഖ്യകാരണം സ്ഥിരമായ മാർക്കറ്റിംഗ് സൗകര്യമില്ലാത്തതിനാലാണ്. അതുകൊണ്ട് ആഴ്ചചന്ത ഇവിടുത്തെ അടിയന്തിരമായ ഒരാവശ്യമാണ്.

കാവുമന്ദത്ത് ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി പഞ്ചായത്ത് വിലയ്ക്കെടുത്ത സ്ഥലത്ത് ആഴ്ചചന്ത തുടങ്ങുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്താവുന്നതാണ്. അർദ്ധ താല്ക്കാലിക ഷെഡ്ഡുകൾ ഈ ആവശ്യത്തിന്നായി ഇവിടെ നിർമ്മിക്കേണ്ടതാണ്. ഇതിന് വേണ്ടി വരുന്നചെലവ് സർക്കാരിൽ നിന്നും ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികൾ കൈക്കൊള്ളണം.

മത്സ്യമാർക്കറ്റിംഗിന് വേണ്ടി പഞ്ചായത്ത് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൻെറ പണി ത്വരിതപ്പെടുത്തേണ്ടതാണ്. കെട്ടിടപ്പണി പൂർത്തിയായാൽ മത്സ്യവും മാംസവും വില്ക്കുന്നതിന്നായി അത് ലേലം ചെയ്തു കൊടുക്കാവുന്നതാണ്. അതോടുകൂടി അംഗീകാരമില്ലാതെ മറ്റു സ്ഥലങ്ങളിൽ നടത്തുന്ന മത്സ്യ മാംസ വ്യാപാരം നിയമമനുസരിച്ച് തടയേണ്ടതാണ്.

കാവുമന്ദത്തോ സമീപ പ്രദേശത്തോ കാലിചന്ത ആരംഭിക്കാനുള്ള സാധ്യതയെ പറ്റി ചിന്തിക്കേണ്ടതാണ്. ഇപ്പോൾ മാനന്തവാടിയിലും മീനങ്ങാടിയിലും മാത്രമാണ് കാലിചന്തകൾ ഉള്ളത്.

കർഷകർ ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനും വാങ്ങുന്നതിനും ദീർഘദൂരം സഞ്ചരിക്കേണ്ട അവസ്ഥ ഉണ്ടാകരുത്. അതിനാൽ ചെന്നലോട്, 10-ാം മൈൽ, 8-ാം മൈൽ എന്നീ പ്രദേശങ്ങളിലും കൺസ്യൂമർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ ശാഖ തുറക്കാവുന്നതാണ്. സൊസൈറ്റികൾക്കുവേണ്ട ആസ്തി അവയുടെ അംഗങ്ങളുടെ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കാവുന്നതാണ്.




തരിയോട് ഗ്രാമ പഞ്ചായത്ത്
റോഡുകൾ സംബന്ധിച്ച മേപ്പ്








സ്വന്തമായ ഒരു 'കിടപ്പാടം' ഇന്നും സാധാരണക്കാരന്റെ മിതമായ സ്വപ്നമാണ്. പക്ഷെ സ്ഥലപരിമിതിയും തീപിടിച്ച ഭൂവിലയും നിർമ്മാണ സാധനസാമഗ്രികളുടെ കുതിച്ചുയരുന്നവില നിലവാരവും നിർമ്മാണതൊഴിലാളികളുടെ അഭാവവും കൂലി വർദ്ധനവുമെല്ലാം ആ സ്വപ്നംസാക്ഷാത്ക്കരിക്കുന്നതിനുള്ള വിലങ്ങുതടികളായി മാറിയിരിക്കുന്നു [ചാർട്ട് No.1] സർക്കാരും സന്നദ്ധസംഘടനകളും വിവിധ രംഗത്തു പ്രവർത്തിയ്ക്കുന്ന ധനകാര്യസ്ഥാപനങ്ങളും മുന്നോട്ടു വന്നാൽ മാത്രമേ സാധാരണക്കാരന് സ്വന്തമായ കിടപ്പാടംഎന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയൂ.

ഈ ഗ്രാമപഞ്ചായത്തിൽ 1969 വീടുകളുള്ളതിൽ 562 ഉം കുടിലുകളാണ്. (ചാർട്ട് No.3) പഞ്ചായത്തിലെ ആദിവാസി വീടുകളുടെ എണ്ണം 539 ആണ്. ഇവരിൽ 276 പേർക്ക് മാത്രമേ സ്വന്തമായി വീടുള്ളൂ. അതായത് 49% ആദിവാസികളും കുടിലിൽ കഴിയുന്നവരാണ്. ഇവരിൽ144 ആദിവാസികൾക്ക് വീട് വെക്കാൻ പരിമിതമായ ഭൂമിയുള്ളവരാണ്. 119 വീടുകളിൽ താമസിക്കുന്നവർ അവരുടെ ബന്ധുക്കളുടെ ദയാദാക്ഷിണ്യത്തിൽ കഴിയുന്ന ഭൂരഹിതരുമാണ്.276 പേർക്ക് വീടുണ്ടെന്ന് പറയാമെങ്കിലും അവയിൽ മിക്കതും [വിശദ പട്ടിക പട്ടികജാതി പട്ടിവർഗ്ഗം എന്ന അദ്ധ്യയത്തിൽ കൊടുത്തിട്ടുണ്ട്.] താമസിക്കാൻ പറ്റാത്തവിധം നനഞ്ഞൊലിക്കുന്നവയോ പുതുക്കിപ്പണിയേണ്ട ഘട്ടമെത്തിനില്ക്കുന്നവയോ ആണ്. ഇത് ഈ ഗ്രാപഞ്ചായത്തിന്റെ ദയനീയദൃശ്യങ്ങളിൽ ഒന്നാണ്. കുടിലുകളിൽ താമസിക്കുന്നവർ ഭൂരിപക്ഷവും പരമ ദരിദ്രരുമാണ്. സ്വന്തമായി ഒരു വീടുണ്ടാക്കാൻ പറ്റാത്തവിഭാഗത്തിൽ പെട്ടവരാണവർ. ഇവർ സമൂഹ മനഃസാക്ഷിയ്ക്ക് മുൻമ്പിൽ ചോദ്യ ചിഹ്നമാണ്. ഭൂരഹിതരായ ആദിവാസി വിഭാഗത്തിൽ പെട്ടവർക്ക് ചെന്നലോട് ശാന്തിനഗർ കോളനിയിൽ 35 വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ട്.





അവയുടെ നിർമ്മാണം ഒച്ചിൻെറ വേഗത്തിലാണ് നടക്കുന്നത്.വീട് നിർമ്മാണത്തിനാവശ്യമായ വെള്ളം ലഭിയ്ക്കാനില്ലെന്നാണ് പ്രശ്നം. ആദിവാസി കുടുംബക്കാർ ഇവിടെ താമസം തുടങ്ങുമ്പോൾ അവർക്കു നേരിടാനുള്ള ഗുരുതരമായ പ്രശ്നവും ഇതുതന്നെയാവും.

ഭൂരഹിതരെയും സാധാരണക്കാരായ വീടില്ലാത്തവരെയും ഉദ്ദേശിച്ചുകൊണ്ട് 2ാം വാർഡിലെ കറലാടു പ്രദേശത്ത് ഹൗസിങ്ങ് ബോർഡ് 40 വീടുകളുടെ നിർമ്മാണ് ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞിട്ടില്ല. ദീർഘകാലാടിസ്ഥാനത്തിലുള്ളവായ്പാ സൗകര്യം ലഭ്യമാക്കി വീട് അനുവദിയ്ക്കുന്ന പദ്ധതിയിൽ ഇതുൾപ്പെടുത്താനാണുദ്ദേശ്യമെന്ന് അറിയുന്നു. JRY,IAY, ITDP മില്യൺവെൽ സ്ക്കീം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടിയും കഴിഞ്ഞകാലങ്ങളിൽ ജനറൽ വിഭാഗത്തിലും പണി ചെയ്തുകൊണ്ടിരിക്കുന്ന 60 വീടുകളുണ്ട്. ഇവയുടെ ഗുണഭോക്താക്കളെ വീടുവരു പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇവരിൽ പലരും രണ്ടു വർഷമായിട്ടും തറപ്പണിയിലൊതുക്കി പണിനിർത്തിയവരാണ്. മറ്റു ചിലരാകട്ടെ ഭിത്തിപ്പണിയിൽ നിർമ്മാണം അവസാനിച്ചവരുമാണ്.കൂടാതെ വീട് പണിയ്ക്കുവേണ്ടി നോമിനികളെ തെരഞ്ഞെടുത്ത് അഡ്വാൻസ് കൊടുക്കുകയും യാതൊരു പണിയും ചെയ്യിയ്ക്കാതിരിയ്ക്കുന്നതും ആയ സംഭവങ്ങളും മുൻകാലഘട്ടങ്ങളിലുണ്ടായിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം 56 വീടുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ മാസം മദ്ധ്യത്തോടെയാണ് ഗുണഭോകംതാക്കളെ തെരഞ്ഞെടുത്തത്. അവയുടെ നിർമ്മാണം ഉടനെ ആരംഭിയ്ക്കുമെന്ന് കരുതുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളായി കെട്ടിട നിർമ്മാണരംഗത്ത് വമ്പിച്ച മാറ്റമാണ് വന്നുകൊണ്ടിരിയ്ക്കുന്നത്. പുതിയതായി നിർമ്മിയ്ക്കപ്പെടുന്ന വീടുകൾ അധികവും കോൺക്രീറ്റ് നിർമ്മിതമാണ്. നിർമ്മിയ്ക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങളിൽ 50% ഉം ഓടിട്ട കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്തശേഷം നിർമ്മിയ്ക്കപ്പെടുന്നവയാണ്. ബാക്കിയുള്ളവയിൽ 25% ഉം പുതിയതായി നിർമ്മിയ്ക്കപ്പെടുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും ബാക്കിയുള്ളവ ഇടത്തരം വിഭാഗക്കാർ നിർമ്മിയ്ക്കുന്ന ഓടിട്ട വീടുകളുമാണ്. ചുരുക്കത്തിൽ പുതിയ കെട്ടിടങ്ങളുയരുമ്പോൾ ദരിദ്രവിഭാഗത്തിലുള്ള വീടില്ലാത്തവരുടെ എണ്ണം ഒട്ടും തന്നെ കുറയുന്നില്ലെന്ന് കാണാം.

ഇന്ന് പാവപ്പെട്ടവരായ ഭവനരഹിതർക്ക് വീടുണ്ടാക്കി കൊടുക്കാൻ സർക്കാർ പല പദ്ധതികൾക്കും രൂപം കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് നേരിട്ടു JRYൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നവ; ബ്ലോക്ക് പഞ്ചായത്ത് ഫണ്ടനുവദിക്കുകയും ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന JRY, IAY പദ്ധതികൾ, ITDP ഫണ്ടനുവദിച്ച് ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ITDP പദ്ധതി, DRDA വഴി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതി, റവന്യൂ വകുപ്പ് ഫണ്ട് അനുവദിച്ച് ഗ്രാമപഞ്ചായത്ത് സബ്സിഡി നല്കുന്ന കൈരളി പദ്ധതി എന്നിവയാണിവയിൽ മുഖ്യമായത്.

വൈത്തിരി താലൂക്ക് കാർഷിക വികസന ബാങ്ക്, ഹൗസിങ്ങ് സൊസൈറ്റി, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവ ഭവന നിർമ്മാണത്തിന് ദീർഘകാലാടിസ്ഥാനത്തിൽ വീട് വെയ്ക്കാൻ വായ്പ നല്കുന്ന സ്ഥാപനങ്ങളാണ്.

## *ഈ രംഗത്തെ പ്രശ്നങ്ങൾ*

1. ഭവന നിർമ്മാണരംഗത്ത് ഇന്ന് ധാരാളം പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്. മുഖ്യപ്രശ്നം സ്ഥല ദൗർലഭ്യം തന്നെ. മുൻകാലങ്ങളിൽ ഭവനരഹിതർക്കായി വിലയ്ക്കുവാങ്ങി പഞ്ചായത്തിനെ ഏല്പിച്ച സ്ഥലങ്ങളിൽ അധികഭാഗവും വിതരണം ചെയ്തിട്ടില്ല. അതിനുള്ള മുഖ്യ കാരണംഅവ താമസയോഗ്യമല്ല എന്നുള്ളതാണ്. സ്ഥലത്തേയ്ക്ക് പ്രവേശിയ്ക്കുന്നതിനാവശ്യാമായപൊതു വഴിയോ ശുദ്ധജല ലഭ്യതയോ മറ്റു പ്രാഥമിക സൗകര്യങ്ങളോ കണക്കിലെടുക്കാതെയാണ് അത്തരം സ്ഥലങ്ങൾ വാങ്ങിയിരിക്കുന്നത്. ആദിവാസി വിഭാഗങ്ങളിൽ മാത്രം 119 പേർ ഇന്ന് ഭൂരഹിത ഭവനരഹിതരാണ്. മറ്റുള്ളവരുടെ സംഖ്യയും ഇത്രതന്നെ വരും.
2. വ്യത്യസ്ത സാമൂഹ്യ ആചാരാനുഷ്ഠാനങ്ങൾ വെച്ച് പുലർത്തുന്ന ആദിവാസികളാണ് കുറിച്യർ,





പണിയർ എന്നീ വിഭാഗങ്ങളിലുള്ളവർ. ഇവർ ഇട ചേർന്നു ജീവിയ്ക്കാൻ ഇഷ്ടപ്പെടുന്നില്ല.

3. ഭൂരഹിതരെ പുനഃരധിവസിപ്പിയ്ക്കാൻ സൗകര്യ പ്രദവും താമസയോഗ്യവുമായ സ്ഥലം കണ്ടെത്തുക എളുപ്പമല്ല. സർക്കാർ വിലയ്ക്കെടുക്കുമ്പോൾ ഭൂമിയ്ക്ക് മാർക്കറ്റിലുള്ളതിനേക്കാൾ കൂടുതൽ വില കിട്ടണമെന്ന് ശഠിയ്ക്കുന്നവരുണ്ട്.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് ഭവനരഹിതരെ അലട്ടുന്ന മറ്റൊരു പ്രശ്നമാണ്.

5 ഓരോ വർഷവും വർദ്ധിച്ചു വരുന്ന കൂലിനിരക്ക് : മറ്റേതൊരു മേഖലയേക്കാൾ കെട്ടിടനിർമ്മാണ രംഗത്താണ് ഇത്.

6. കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്നവരുടെ സേവനം എളുപ്പത്തിൽ ലഭ്യമല്ല. തൊഴിലാളികളുടെ എണ്ണക്കുറവാണ് കാരണം.

7 JRY, IAY തുടങ്ങിയ പദ്ധതികളിൽ വീടനിർമ്മാണത്തിന് അനുവദിയ്ക്കുന്ന തുക 15800/- ൽനിന്ന് 22000/- ആയി ഉയർത്തിയിട്ടുണ്ടെങ്കിലും ഈ തുകയും തീരെ അപര്യാപ്തമാണ്

8. ദുർബല വിഭാഗത്തിൽ പെട്ടവരിൽ വളരെ കുറച്ചുപേർക്കേ ഓരോ വർഷവും വീട്വെയ്ക്കാൻ ധനസഹായം ലഭിയ്ക്കുന്നുള്ളു.

10. വയലുകളും ചതുപ്പുകളും നികത്തി വീടുണ്ടാക്കുന്നത് ഈ ഗ്രാമത്തിൽ ഇപ്പോൾ നിത്യസംഭവങ്ങളായിരിയ്ക്കുന്നു. ഇതു മൂലം നെൽകൃഷി ചുരുങ്ങുന്നു. ഇത് അധികവും HS -10ാം മൈൽ റോഡിൻെറ ഒരു വശത്താണ്. പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇത് കാരണമാകുന്നുണ്ട്.

11. കോൺക്രീറ്റ് വീടുകളാണ് പുതിയതായി നിർമ്മിയ്ക്കപ്പെടുന്നതിൽ അധികവും. ഇത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മരത്തിൻെറ ദൗർല്ലഭ്യം ഒരു കാരണമാണെങ്കിലും നഗരകെട്ടിടങ്ങളെ അനുകരിയ്ക്കാനുള്ള ത്വരയും ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾക്ക് കാരണമാണ്.

12. ഹൗസിങ്ങ് ബോർഡ് തുടങ്ങിയ ഭവനനിർമ്മാമ സഹായ സ്ഥാപനങ്ങളിൽ നിന്ന്വായ്പ കിട്ടാൻ അനുഭവപ്പെടുന്ന കാലതാമസം ഗുരുതരമായ ഒരു പ്രശ്നമാണ്. ഈ സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശനിരക്ക് വളരെ ഉയർന്നതുമാണ്.

13. പ്രകൃതിക്ഷോഭത്തെ തുടർന്ന് ദരിദ്രവിഭാഗത്തിൽ പെട്ടവരുടെ വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടാകുമ്പോൾ അവർക്ക് പുതിയ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിലുണ്ടാകുന്ന അക്ഷന്തവ്യമായ കാലതാമസം ഈ രംഗത്തെ പ്രധാനപ്രശ്നങ്ങളിൽ ഒന്നാണ് ഇത്തരം സന്ദർഭങ്ങളിൽ കൊടുക്കുന്ന നഷ്ടപരിഹാരത്തുക തീരെ അപര്യാപ്തമാണ്.

14. കെട്ടിടനിർമ്മാണരംഗത്ത് പ്രവർത്തിയ്ക്കുന്ന ഹൗസിങ്ങ്സൊസൈറ്റികൾ ഈ ഗ്രാമപഞ്ചായത്തിലില്ല. നിർമ്മിതി കേന്ദ്രത്തിന് ഓരോ പഞ്ചായത്തിലും വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇക്കാര്യത്തിൽ പഞ്ചായത്ത് നടപടികൾ ഒന്നും കൈക്കൊണ്ടില്ല.

15. കാലവർഷക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ 7-ാം വാർഡിലെ ലക്ഷംവീടു കോളനിയിൽ താമസിയ്ക്കുന്നവർ വീട് ഒഴിച്ച് പോകേണ്ടതായി വരുന്നു. ഈ പ്രദേശത്തിനടുത്ത് താമസിയ്ക്കുന്ന കുശവകോളനിയിലുള്ളവർക്കും ഈ ഗതികേട് എല്ലാവർഷവും അനുഭവപ്പെടുന്നുണ്ട്.

16. ഹൗസിങ്ങ്ബോർഡ് ഭവനരഹിതർക്കും ഇടത്തരക്കാർക്കും വേണ്ടി വീടുകൾ നിർമ്മിക്കുമ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നില്ല. വീട് നിർമ്മാണത്തിന് ശേഷമാണ് ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഇത് വീട് നിർമ്മാണത്തിൽ അഴിമതിയ്ക്കിടവരുത്തുന്നു.

17. IAY,JRY മുതലായ പദ്ധതികൾ പ്രകാരമുള്ള വീടുകൾ നിർമ്മിക്കാൻ കോൺട്രാക്റ്റർമാരെ ഏല്പിക്കുന്നതുംകോൺട്രാക്ടറ്റർ അഡ്വാൻസ് തുക വാങ്ങി ഭവനനിർമ്മാണം നടത്താതിരിയ്ക്കുന്നതും ഭാഗികമായി നിർമ്മാണം നടത്തി പ്രവർത്തി അവസാനിപ്പിക്കുന്നതും ഭവന നിർമ്മാണരംഗത്ത് പ്രതിസന്ധിസൃഷ്ടിച്ചിട്ടുണ്ട്.





## പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1) ഭൂരഹിതരായ 119 ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് 6 ഏക്ര സ്ഥലം വാങ്ങുന്നതിനാവശ്യമായ നടപടികൾ ITDP സ്വീകരിക്കണം. ഇതിന്നായി TSP ഫണ്ടിൽ ആവശ്യമായ തുക വകയിരുത്തണം. ഭൂരഹിതരായ മറ്റു വിഭാഗത്തിൽപെട്ടവർക്ക് പഞ്ചായത്തധീനതയിലുള്ള രണ്ടേക്രസ്ഥലം ഉടനെ വിതരണം നടത്താൻ നടപടി സ്വീകരിക്കണം.പോരാതെ വരുന്ന നാലേക്രസ്ഥലം ജില്ലാ പഞ്ചായത്ത് വിലയ്ക്കു വാങ്ങി പഞ്ചായത്തിനെ ഏല്പിക്കണം. ഇങ്ങനെ സ്ഥലം വിലയ്ക്കു വാങ്ങുമ്പോൾ പൊതുവഴി, വെള്ളത്തിൻെറ ലഭ്യത, വൈദ്യുതി എന്നിവയും സ്കൂളിൻെറയും ആസ്പത്രിയുടെയും സാമിപ്യവും ഉറപ്പു വരുത്തണം.

2) പണിയ കുറിച്യ വിഭാഗത്തിൽപെട്ട ഭൂരഹിതർക്ക് ഭൂമിവിലയ്ക്കു വാങ്ങുമ്പോൾആ വിഭാഗത്തിൽപെട്ടവരുടെ അഭിപ്രായം ആരായേണ്ടതാണ്.

3) ഭൂമി വിലയ്ക്കു വാങ്ങുമ്പോൾ ബന്ധപ്പെട്ട അധികാരികൾ ഭൂമി ആവശ്യ.മാണെന്നുകാണിച്ച് പത്രത്തിൽ പരസ്യം കൊടുക്കുകയും വീട് നിർമ്മാണത്തിന് ഏറ്റവും സൗകര്യമായ സ്ഥലം തെരഞ്ഞെടുക്കുകയും ചെയ്യുക.

4) കെട്ടിട നിർമ്മാണത്തിന്നായി പഞ്ചായത്തിൽ ഒരു കൺസ്ട്രക്ഷൻ സൊസൈറ്റിക്ക്രൂപം കൊടുക്കുക. നിർമ്മാണ സാമഗ്രികൾ സൊസൈറ്റി മൊത്തമായി വാങ്ങി ആവശ്യക്കാർക്ക് വില്ക്കുക.

5) ആശാരി, മേസ്തിരി തുടങ്ങിയവരുടെ ജോലിയിൽ പരിശീലനം കൊടുക്കുന്ന ഒരു ITI ഈ പഞ്ചായത്തിൽ ആരംഭിക്കുക. ഇതിന്നാവശ്യമായ തുക ബജറ്റിൽ ജില്ലാ പഞ്ചായത്ത് വകയിരുത്തുക. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മാസം 500 രൂപസ്റ്റൈപ്പൻറ് അനുവദിക്കുക. ST,SC വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് അതാത് ഡിപ്പാർട്ടുമെൻറുകളും ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്തും സ്റ്റൈപ്പൻഡ് വിതരണം ചെയ്യുക.

6) JRY, IAY വീടുകൾക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് വീടു നിർമ്മാണം ഫലപ്രദമായി നടത്താനാവില്ല. അതിനാൽ വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുക 40,000/- രൂപയായി ഉയർത്തുക.

7) പൊതു വിഭാഗത്തിൽ ഇന്നനുവദിക്കുന്ന വീടുകൾ ആവശ്യവുമായി പൊരുത്തപ്പെടുന്നതല്ല. ആയതിനാൽ ഈ വിഭാഗത്തിൽപെട്ടവർക്ക് ഓരോ വർഷവും കൂടുതൽ വീട് അനുവദിക്കണം.

8) ദുർബലവിഭാഗത്തിൽപെട്ടവർക്ക് ഓരോ വർഷവും കൂടുതൽ വീട് അനുവദിക്കുക.

9) വയൽ നികത്തി വെക്കുന്നതിനെതിരെ ബോധവൽക്കരണം ആവശ്യമാണ് പാവപ്പെട്ടവർക്കും സ്ഥിരവരുമാനക്കാർക്കും വീടു നിർമ്മിക്കാനാവശ്യമായ സ്ഥലം വാങ്ങാൻ വായ്പ ലഭ്യമാക്കുക.

10) ചുരുങ്ങിയ വിലയ്ക്ക് മരം ലഭ്യമാക്കാൻ നടപടി ആവശ്യമാണ്. അനധികൃതമായി മുറിച്ചമരം ഫോറസ്റ്റ് അധികാരികൾ പിടിച്ചെടുത്തിട്ടുള്ളത് വില്ക്കാൻ സംവിധാനം വേണം. ഇവ ഇപ്പോൾ നശിച്ചു പോകുകയാണ് ചെയ്യുന്നത്. റോഡിൽ മഴക്കാലത്ത് കാറ്റിൽ പതിക്കുന്ന മരങ്ങളും ലേലത്തിൽ കൊടുക്കാൻ നടപടി ക്രമം ലഘൂകരിക്കണം. തോടരികിലും പഞ്ചായത്ത് സ്ഥലങ്ങളിലും പുറമ്പോക്കിലും പ്ലാവ്, തേക്ക്, ആഞ്ഞിലി വിഭാഗത്തിൽപ്പെട്ട മരങ്ങൾ വെച്ചു പിടിപ്പിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം.

11) ഇന്ന് ഭവനനിർമ്മാണത്തിന് വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട് ലഘൂകരിക്കാനുള്ള നടപടികൾ ഉണ്ടാവണം. 'കൈരളി വീട്' ലഭിക്കുക ഇപ്പോൾ വളരെ വിഷമകരമാണ്.

12) പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്കും വീടിന് കേടുപാട് പറ്റുന്നവർക്കും നഷ്ടം വകവച്ചുകിട്ടാൻ ത്വരിതഗതിയിലുള്ള നടപടിയും ആവശ്യമായ ഫണ്ടും ലഭ്യമാക്കണം. ഇതിന്നായിഒരു കൺസോർഷ്യം രൂപീകരിക്കാവുന്നതാണ്. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 1 ലക്ഷം, 50,0000/-, 10,000/-

രൂപ വീതം ഇതിലേക്ക് സംഭാവനയായി നല്കാവുന്നതാണ്. ജില്ലയിലെ കോപ്പറേറ്റീവ് ബാങ്കുകൾ മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയ്ക്കും സംഭാവന നല്കാൻ വ്യവസ്ഥ ഉണ്ടാകണം. ജില്ലാ ബ്ലോക്ക് പഞ്ചായത്തു പ്രസിഡൻറുമാരും പഞ്ചായത്ത് പ്രസിഡൻറുമാരുടെ സംഘടനയുടെ പ്രസിഡൻറും സിക്രട്ടറിയും സൊസൈറ്റീസ് അസോസിയേഷൻ പ്രസിഡൻേറാ സെക്രട്ടറിയോ എന്നിവരും A.D.C ജനറൽ മെമ്പർ സിക്രട്ടറിയുമായിരിക്കണം. TSP, SCP ഫണ്ടിൽ നിന്ന് ഒരു വിഹിതവും ഇതിലേക്ക് നിശ്ചയിക്കാം.

13) പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം ആരംഭിക്കുക. ചെലവു ചുരുങ്ങിയവീടു നിർമ്മാണത്തിൻെറ ചുമതല നിർമ്മിതിയെ ഏല്പിക്കുക.

14) 7-ാം വാർഡിൽ ഉണ്ടാകാറുള്ള കാലവർഷക്കെടുതിക്ക് പ്രതിവിധിയായി കണാഞ്ചേരിപുഴയുടെ ലക്ഷം വീട് കോളനി മുതൽ കണാഞ്ചേരി പാലം വരെ ഇരുഭാഗത്തും കല്ല്കെട്ടി സംരക്ഷിക്കേണ്ടതാണ്. ഇപ്രകാരം കല്ലുകെട്ടുമ്പോൾ വീതികുറഞ്ഞഭാഗം വീതി കൂട്ടേണ്ടതുമാണ്. ഇതിന്നാവശ്യമായ പണം തൊഴിൽ ഉറപ്പാക്കാൻ പദ്ധതി (E.A.S) യിലെ മണ്ണു സംരക്ഷണ പദ്ധതിയിൽ കണ്ടെത്താനാവും.

15) ഏതു പദ്ധതിയിലും നിർമ്മിക്കുന്ന വീടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് നല്കണം. ഇതിന്ന് വിഘാതമായ ചട്ടങ്ങൾ ഭേദഗതിചെയ്യണം. ലാഭം നോക്കി വീടുപണി ഏറ്റെടുക്കുന്ന കോൺട്രാക്ട് സമ്പ്രദായം അവസാനിപ്പിക്കണം. വീട് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ തന്നെ വീണുപോകുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കണം. ഇത്തരം കോൺട്രാക്ടർമാരെ പ്രോസിക്യൂട്ട് ചെയ്യണം.

## സാമൂഹ്യക്ഷേമം

അവഗണനയനുഭവിക്കുന്ന ജനവിഭാഗങ്ങളെ സാമൂഹ്യജീവി തത്തിൻെറ മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്തുന്നതിനുവേണ്ടിയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്ത്രീകൾ,കുട്ടികൾ,വൃദ്ധജനങ്ങൾ മറ്റ് നിരാലംബരായ വ്യക്തികൾ എന്നിവർക്കാവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഇവർക്കു നേരെയുള്ള എല്ലാവിധ അവഗണനകളും പീഢനങ്ങളും ഇല്ലായ്മ ചെയ്യുകയുമാണ്ഈദൃശ പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം.

സമൂഹജീവിതത്തിൽ പുരുഷനുതുല്യമായ പങ്കുവഹിക്കുകയും എന്നാൽ എല്ലാ മേഖലകളിലും രണ്ടാം തരം പൗരത്വംമാത്രം ലഭിക്കുകയും ചെയ്യുന്ന വിഭാഗമാണ് സ്ത്രീകൾ. അതുപോലെ തന്നെ ഏറ്റവുമധികം പരിഗണനയർഹിക്കുകയും, എന്നാൽ സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഏറെ അവഗണിക്കപ്പെടുകയും ചെയ്യുന്നവരാണ് കുട്ടികൾ. ഇതുപോലെ ജീവിതത്തിൻെറ വസന്തകാലം മുഴുവൻ സമൂഹത്തിനുവേണ്ടി ചിലവഴിച്ച് വാർദ്ധക്യത്തിൽ ആരോരുമില്ലാതെ പട്ടിണിയും രോഗവും സഹിച്ച് മരണം പ്രതീക്ഷിച്ചിരിക്കുന്ന വൃദ്ധരും, വിധിയുടെ ക്രൂരതകൊണ്ട്, അംഗവൈകല്യം വന്ന് ജീവിതം തന്നെ നരകയാതനയായി അനുഭവിക്കുന്നവരും, സമൂഹത്തിൻെറ ഉന്നതിയിലുള്ളവുടെ നിരന്തരചൂഷണത്തിന് വിധേയരായി ജീവിതം കൈമോശം വന്ന ആദിവാസികളും കർഷകതൊഴിലാളികളും ഈ മേഖലയുടെ സത്വര ശ്രദ്ധ അർഹിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളാണ് അംഗനവാടികൾ. തരിയോട് പഞ്ചായത്തിൽ ആകെ 14 അംഗൻവാടികളാണുള്ളത്. വിപുലമായ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടിവരുന്ന അംഗൻവാടികളുടെ ഇന്നത്തെനില ശോചനീയമാണ്.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഒന്നാമത്തെ പ്രശ്നം. പഞ്ചായത്തിലെ 14 അംഗൻവാടികളിൽ ഏഴെണ്ണത്തിൽമാത്രമേ സ്വന്തമായ കെട്ടിടമുള്ളു. മറ്റുള്ളവ ഇടുങ്ങിയ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായ കെട്ടിടമുള്ളവ തന്നെ സ്ഥലപരിമിതി കൊണ്ട് വീർപ്പുമുട്ടുന്നു. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളോ മറ്റ് പഠനോപകരണങ്ങളോ ഇവയിൽ ഭൂരിപക്ഷത്തിനു





മില്ല. നിലവിലുള്ള ഭൗതീക സാഹചര്യങ്ങളെ സംബന്ധിക്കുന്ന പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

വിപുലമായ പ്രവർത്തനമേഖലയാണ് അംഗൻവാടികൾക്കുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുട്ടികളുടെ പ്രീ പ്രൈമറി വിദ്യാഭ്യാസം എന്നിങ്ങനെ.ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ ഇന്നിവയ്ക്ക് ലഭിക്കുന്നില്ല. കാലാകാലങ്ങളിൽ സർക്കാരനുവദിക്കുന്ന ഫണ്ട് അംഗൻവാടികളുടെ ദൈനംദിന പ്രവർത്തനത്തിനു പോലും തികയുന്നില്ല. അംഗൻവാടി വർക്കർമാർക്ക് വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ല. പ്രത്യേകിച്ചും നേഴ്സറി പ്രായത്തിലുള്ള കുട്ടികളോട് ഇടപഴകേണ്ട ഇവർക്ക് ശിശുപരിചരണത്തിൽ പരിശീലനം അടിയന്തിരാവശ്യമാണ്. അതുപോലെ തന്നെ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ മികച്ചതാകണമെങ്കിൽ പരിശീലനം കൂടിയേ തീരു.

ആദിവാസി മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അംഗൻവാടികളുടെ സേവനം ഈ വിഭാഗത്തിന് വേണ്ടത്ര ലഭിക്കുന്നില്ല. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും കൃത്യമായി വിലയിരുത്തുന്നതിനും ജനകീടായിസ്ഥാനത്തിൽ പദ്ധതികളില്ലാത്തതാണിതിന് മുഖ്യകാരണം.

തരിയോട് പഞ്ചായത്തിൽ ആകെ 20 മഹിളാ സമാജങ്ങളാണുള്ളത്. വിപുലമായ പ്രവർത്തനമേഖലകൾ മുൻകൂട്ടിക്കണ്ട് രൂപീകരിക്കപ്പെട്ടവയാണെങ്കിലും ഫലത്തിൽ ഇവയുടെ പ്രവർത്തനം നാമമാത്രണാണ്. അൽപ്പം ചില മഹിളാസമാജങ്ങൾതൊഴിൽ സ്ഥാപനങ്ങളും മറ്റും ഏറ്റെടുത്തു നടത്തുന്നുണ്ടെങ്കിലും സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനോ ഫലപ്രദമായ സാംസ്കാരിക സംഭാവനകൾ നൽകുന്നതിനോ ഇവയ്ക്ക് കഴിയുന്നില്ല.

സമൂഹത്തിൻെറ ഉയർന്ന മേഖലകളിൽ നിന്നുള്ള സ്ത്രീകളെ ഈ രംഗത്തേയ്ക്കാകർഷിക്കാൻ കഴിയുന്നില്ലെന്നതും വ്യക്തമായ ഒരു പോരായ്മയാണ്. നേതൃത്വബോധവും ശേഷിയുമുള്ള വനിതകൾ ഈ രംഗത്ത് എത്തിച്ചേരേണ്ടത് അത്യാവശ്യമാണ്.

## പൊതുനിർദ്ദേശങ്ങൾ

1. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് ഉടനെ തന്നെ അവ നിർമ്മിച്ച് നൽകേണ്ടതാണ്. കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കണം.
2. അംഗൻവാടി ജീവനക്കാർക്ക് ആരോഗ്യ-വിദ്യാഭ്യാസ (പ്രീപ്രൈമറി) രംഗങ്ങളിൽ വേണ്ടത്ര പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തണം.
3. അംഗൻവാടികളുടെ പരിധിയിൽപ്പെട്ട കുടുംബങ്ങൾക്ക് വിദഗ്ദ്ധമായ ചികിത്സ ലഭ്യമാക്കുന്നതിനും മറ്റും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
4. മാസത്തിലൊരിക്കൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വൈദ്യ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.
5. അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുക. വിതരണത്തിലെ അപാകത പരിഹരിക്കുക.
6. അർഹരായ മുഴുവൻ പേർക്കും പോഷകാഹാരം ലഭ്യമാകുന്നു എന്നുറപ്പുവരുത്തണം.
7. അംഗൻവാടികൾക്ക് അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുക.
8. അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കുക. ഇവയ്ക്ക് അംഗൻവാടികൾ പരിശോധിക്കുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അധികാരമുണ്ടായിരിക്കണം.
9. അംഗൻവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുക. സംസ്ഥാന നിലവാരത്തിൽ ഇവ പരിഷ്ക്കരിക്കുന്നതോടൊപ്പം ജീവനക്കാരെ ഗ്രാമപഞ്ചായത്തിൻെറ അധികാര പരിധിക്കുള്ളിൽ ഉൾപ്പെടുത്തുക.

## മറ്റ് സാമൂഹ്യക്ഷേമ പദ്ധതികൾ

IRDP,DWCRA,CRSP,TRYCEM എന്നീ സാമൂഹ്യക്ഷേമ ഏജൻസികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. IRDPയുടെ സർവ്വേപ്രകാരം ഈ





പഞ്ചായത്തിൽ 1467 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 251 കുടുംബങ്ങൾ ആദിവാസി കുടുംബങ്ങളാണ്. (പട്ടിക നമ്പ്ര് - 5 കാണുക)

ഈ പദ്ധതിപ്രകാരം 2,59,274 രൂ (IRDP നേരിട്ട് ബ്ലോക്ക് മുഖാന്തിരം നൽകിയ ലോൺ) ലോണായും 30,8367 രൂ സബ്സിഡിയായും നൽകിയിട്ടുണ്ട്

IRDP ദാരിദ്ര്യരേഖ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കേണ്ടതാണ്. (പട്ടിക 8,9,10 കാണുക)

DWCRA യുടെ സഹായത്തോടെ തരിയോട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് "വ്യവസായ"ത്തിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്

## പെൻഷനുകളെ സംബന്ധിച്ച്

### *1. വിധവാ പെൻഷൻ*

ഈ പഞ്ചായത്തിൽ 337 വിധവകൾ ഉണ്ട്. ഇവരിൽ പെൻഷന് അർഹതയുള്ള 203 പേരിൽ 17 പേർക്ക് ലഭിക്കുന്നുണ്ട്. (പട്ടിക നമ്പ്ര്.6)

### *2. വികലാംഗ പെൻഷൻ*

ഈ പഞ്ചായത്തിൽ 16 അന്ധരും, 21 ബധിരരും, 9 മൂകരും, 7 ബധിരമൂകരും, 7 ചലനവൈകല്യമുള്ളവരും 50 മറ്റുവിധത്തിലുള്ള വികലാംഗരുമുണ്ട്. ഇവരിൽ 9 പേർക്കേ പെൻഷൻ ലഭിക്കുന്നുള്ളൂ. ( പട്ടിക നമ്പ്ര് 4)

### *3. കർഷകതൊഴിലാളി പെൻഷൻ*

ഈ പഞ്ചായത്തിലെ 127 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അർഹരായവരുടെഎണ്ണം ഇതിലെത്രയോ കൂടുതലാണ്.

### *4. തൊഴിലില്ലായ്മാ വേതനം*

76 പേർക്ക് തൊഴിൽ രഹിത വേതനം ലഭിക്കുന്നുണ്ട് അർഹരായ ഭൂരിപക്ഷം പേർക്കും വേതനം ലഭിക്കുന്നില്ല.

### *5. വാർദ്ധക്യകാല പെൻഷൻ*

നിരവധി പേർ യഥാർത്ഥത്തിൽ ഈ പെൻഷന് അർഹരാണെങ്കിലും 10 പേർക്കുമാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ.

96 ഫെബ്രുവരി 23-ാം തിയ്യതി തരിയോട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു സുദിനമായിരുന്നു. പാവപ്പെട്ട രോഗികളേയും ദുരിതമനുഭവിക്കുന്നവരെയും സഹായിക്കാൻ ഗ്രാമപഞ്ചായത്തിന്റേ ആഭിമുഖ്യത്തിൽ ഗ്രാമീണ സഹായനിധി അന്നാണാരംഭിച്ചത്. പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നുമായി 42, 862 രൂ സമാഹരിക്കാൻ സാധിച്ചു. ഈ നിക്ഷേപമുപയോഗിച്ച് നാളിതുവരെ 25 പേർക്ക് സഹായമനുവദിച്ചു (10,840 രൂ)

### *6. ദേശീയ സമ്പാദ്യപദ്ധതി*

ഈ പഞ്ചായത്തിലെ 1969 കുടുംബങ്ങളിൽ 1935 കുടുംബങ്ങളും സഞ്ചിതാ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാണ് സമ്പൂർണ്ണ 'ബചത് പഞ്ചായത്ത്' ആയി ഈ ഗ്രാമപഞ്ചായത്തിനെ ഉടനെ പ്രഖ്യാപിക്കുന്നതാണ്.

### *ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി*

ഈ ഗ്രാമപഞ്ചായത്തിലെ 10നും 70നും ഇടയ്ക്ക് പ്രായമുള്ള 6890 പേരെ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ നിന്നും 3.61 രൂ നിരക്കിലാണ് പ്രീമിയം പിരിച്ചെടുത്തിട്ടുള്ളത്. ആദിവാസികളെ ഗ്രൂപ്പ് ഇൻഷൂറൻസിൽ ഫുഡ്സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### *1. പൊതുനിർദ്ദേശങ്ങൾ*

IRDP, DWCRA എന്നിവയുടെ പ്രവർത്തനമേഖലകൾ വിപുലീകരിക്കണം. IRDP സർവ്വേയിൽ ഇപ്പോൾ ഉൾപ്പെട്ടിട്ടില്ലാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതോടൊപ്പം അർഹരായ എല്ലാവർക്കും സേവനം ലഭ്യമാണെന്നുറപ്പു വരുത്തണം. 3912 തൊഴിൽരഹിതരായ വനിതകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരെ വിവിധമേഖലകളിലായി സംഘടിപ്പിച്ച് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ DWCRAയുടെ പ്രവർത്തനംകൊണ്ട് കഴിയണം.





2. ട്രൈസം പരിശീലനം ലഭിച്ച എല്ലാ ആദിവാസി യുവതീയുവാക്കൾക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്തണം. ഇതിനായി പഞ്ചായത്തിൽ വ്യവസായ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്.

3. CRSP യുടെ പ്രവർത്തനം ആദിവാസി മേഖലയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. 1211 കക്കൂസുകൾ എല്ലാ വിഭാഗങ്ങൾക്കുമായി ഈ പഞ്ചായത്തിൽ ഇപ്പോൾ തന്നെ ആവശ്യമുണ്ട്. പഞ്ചായത്ത് വികസനസമിതികളും/വാർഡ് വികസന സമിതികളും മുൻകൈ എടുത്ത് വിവിധ പെൻഷൻ സ്കീമുകൾ അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വികലാംഗനിർണ്ണയത്തിൽ 'ശാസ്ത്രീയമായ കാഴ്ചപ്പാടിനോടൊപ്പം തന്നെ സാധാരണ നിലവാരത്തിൽ ജീവിക്കാൻ കഴിയുന്നുണ്ടോ എന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്. (വളർച്ചാ വൈകല്യങ്ങളും) കാൻസർ, ക്ഷയം തുടങ്ങിയ മാരകരോഗങ്ങൾക്ക് വിധേയരായ നിർധനർക്ക് ചികിൽസയ്ക്കാവശ്യമായ തുക ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാവണം. മാത്രമല്ല ക്യാൻസർ രോഗികൾക്ക് വേണ്ടിവരുന്ന വമ്പിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ചികിത്സക്ക് പര്യാപ്തമായ സഹായധനം ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കണം.

വിവിധ തൊഴിലാളി വിഭാഗങ്ങൾക്കുള്ള ക്ഷേമനിധികൾ കാലോചിതമായി പരിഷ്ക്കരിക്കണം. അർഹതയുള്ള എല്ലാവരും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെന്ന് പഞ്ചായത്ത് വികസന/സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## ചാർട്ട്-1

## ഭവനനിർമ്മാണ സാമഗ്രികളുടെ വിലയിൽ വന്ന ഉയർച്ച

| വർഷം | മണൽ/ട്രാക്ടർ | കമ്പി/ക്വിൻറൽ | സിമൻെറ്/ക്വിൻറൽ | ഇഷ്ടിക/1000 | കൂലി വിദഗ്ധർ |
|---|---|---|---|---|---|
| 199 | 150% | 800 | 150 | 400 | 65 |
| 1992 | 175 | 1000 | 160 | 600 | 80 |
| 1993 | 200 | 1200 | 180 | 900 | 90 |
| 1994 | 250 | 1400 | 210 | 1000 | 100 |
| 1995 | 275 | 1600 | 360 | 1100 | 125 |
| 1996 | 300 | 1750 | 400 | 1250 | 150 |

## പട്ടിക നമ്പ്ര്: 2

## തരിയോട് ഗ്രാമപഞ്ചായത്ത് അംഗൻവാടികളുടെ സ്ഥിതിവിവരകണക്കുകൾ

| Sl. No. | Ward No | അംഗൻ വാടി No | സ്ഥലത്തിൻെറ പേര് | കുട്ടികൾ | | | ST | | | SC | | | കെട്ടിടം | സ്ഥലം | കളിപ്പാട്ടങ്ങളുംമറ്റുപകരണങ്ങളും | ഇനി ആവശ്യമുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | T | B | G | T | B | G | T | | | | |
| 1 | I | 150 | 11-ാം മൈൽ, തരിയോട് | 12 | 13 | 25 | 4 | 8 | 12 | 1 | 1 | 2 | താല്ക്കാലികം | 3 സെ. | NIL | ആവശ്യമുണ്ട് |
| 2 | II | 18 | 10-ാംമൈൽ, പാമ്പുംകുനി | 8 | 12 | 20 | 1 | 3 | 4 | 5 | 6 | 11 | സ്ഥിരം | 4 സെ | NIL | Do |
| 3 | II | 106 | 8-ാംമൈൽ, തരിയോട് | 25 | 27 | 52 | 3 | 4 | 7 | 7 | 5 | 12 | സ്ഥിരം | 5 സെ. | NIL | Do |
| 4 | III | 108 | മഞ്ഞൂറ | 12 | 10 | 22 | 43 | 7 | - | - | - | | സ്ഥിരം | 5സെ. | NIL | Do |
| 5 | III | 107 | ചെന്നലോട്ട് | 35 | 35 | 70 | 11 | 14 | 25 | - | - | - | താല്ക്ക. | 5സെ. | NIL | Do |
| 6 | III | 22 | കളരിക്കോട്കുന്ന് | 24 | 26 | 50 | 11 | 14 | 25 | 2 | 1 | 3 | സ്ഥിരം | 5സെ | NIL | Do |
| 7 | IV | 111 | മൈലാടുംകുന്ന് | 22 | 15 | 37 | 1 | 1 | 2 | - | - | - | സ്ഥിരം | 5സെ. | NIL | Do |





| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8 | IV | 17 | ചെന്നലോട് Ist | 13 | 12 | 25 | 2 | 1 | 3 | - | - | - | | | NIL | Do |
| 9 | V | 16 | കോട്ടക്കുന്ന് | 20 | 14 | 34 | 7 | 5 | 12 | - | - | - | സ്ഥിരം | 5 സെ. | NIL | Do |
| 10 | V | 110 | കാവുംമന്ദം | 23 | 19 | 42 | 11 | 11 | 22 | - | - | - | സ്ഥിരം | 5 സെ | NIL | Do |
| 12 | VIII | 20 | ചെക്കണ്ണിക്കുന്ന് | 20 | 21 | 4 | 15 | 4 | 9 | - | - | - | സ്ഥിരം | 5സെ | NIL | Do |
| 13 | VIII | 21 | കാലിക്കുനി | 38 | 28 | 66 | 7 | 7 | 14 | 5 | 1 | 6 | സ്ഥിരം | 2 സെ | Yes | Do |
| 14 | VIII | 129 | കാലിക്കുനി | 49 | 38 | 87 | 7 | 10 | 17 | 5 | 10 | 15 | സ്ഥിരം | 5 സെ | Yes | Do |
| | | | Total | 358 | 314 | 672 | 83 | 93 | 176 | 25 | 24 | 49 | - | 0.54 cents | | |

## പട്ടിക നമ്പ്ര് 3

## തരിയോട് ഗ്രാമപഞ്ചായത്ത് - ഭവനനിർമ്മാണവും ക്ഷേമപ്രവർത്തനവും

| Sl. No | ആകെ വീടുകൾ ഇനം തിരിച്ച് | വാർഡ് I | വാർഡ് III | വാർഡ് IV | വാർഡ് V | വാർഡ് VI | വാർഡ് VII | വാർഡ് VII | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 1 | കോൺക്രീറ്റ് | 14 | 19 | 25 | 12 | 25 | 27 | 121 | 2 | 146 |
| 2 | ഓടിട്ടത് | 95 | 138 | 179 | 177 | 170 | 150 | 187 | 165 | 1261 |
| 3 | കുടിലുകൾ (Huts) | 164 | 46 | 31 | 82 | 44 | 68 | 52 | 68 | 555 |
| 4 | (Huts) | 280 | 203 | 235 | 271 | 239 | 245 | 251 | 245 | 1969 |

**Note:-** ഇതിൽ ഷെഡ്ഡുകൾ വളരെ മോശപ്പെട്ടതാണ്.

VI-ാം വാർഡിലുള്ള 245-ൽ 12 കുടുംബങ്ങൾ ഭവനരഹിതരാണ്.

## പട്ടിക നമ്പ്ര് 4 ഭവനനിർമ്മാണവും ക്ഷേമപ്രവർത്തനവും

## തരിയോട് ഗ്രാമപഞ്ചായത്ത് - നിലവിലുള്ള വീടുകളുടെ സ്ഥിതി വിവരം

| വാർഡ് | വീടുകളുടെ എണ്ണം | കക്കൂസ് | | വൈദ്യുതി | | ജനസംഖ്യ | | | ഗർഭിണികൾ | അംഗ വൈകല്യം സംഭരിച്ചവർ | | | | | | മന്ദബുദ്ധി | | സ്ഥായിയായരോഗ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഉള്ളവ | ഇല്ലാത്തവ | Electricity | Non-Electricity | ആൺ | പെൺ | ആകെ | | അന്ധർ | ബധിരർ | മൂകർ | ബധിമൂകർ | ചലന വൈകല്യമുള്ളവർ | വികലാംഗർ | 0.5 വരെ | 5-10വരെ | രക്തസമ്മർദ്ദം | പ്രമേഹം | ക്യാൻസർ | ക്ഷയം | ഹൃദ്രോഗം |
| 1 | 273 | 54 | 219 | 44 | 229 | 716 | 707 | 1423 | 8 | 2 | - | | 1 | 2 | 5 | . | 2 | 8 | 2 | 1- | 2 | . |
| 2 | 217 | 88 | 129 | 95 | 122 | 612 | 594 | 1206 | 18 | 6 | 4 | 4 | 1 | . | 6 | . | . | 26 | 11- | . | 2 | 3 |
| 3 | 23/5 | 91 | 144 | 103 | 132 | 688 | 629 | 1317 | . | . | -1 | 2 | 1 | . | 6 | 2 | 7 | 18 | 15 | - | . | . |
| 4 | 271 | 85 | 186 | -93 | 178 | 704 | 687 | 1391 | 17 | . | 2- | | . | 1 | 4 | . | 1 | 5 | 4 | - | . | 1 |
| 5 | 266 | 126 | 113 | 70 | 169 | 606 | 632 | 1238 | 9 | 5 | 3 | 1 | 3 | 1 | 7 | . | . | 35 | 21 | - | . | . |
| 6 | 234 | 102 | 141 | 94 | 151 | 594 | 599 | 1193 | 8 | . | 3 | . | . | . | 7 | 1 | . | 22 | 5 | 1 | 1 | 1 |
| 7 | 250 | 109 | 142 | 110 | 141 | 644 | 607 | 1251 | 8 | 1 | 3 | 1 | . | 3 | 8 | 4 | 2 | 7 | 6 | 1- | 3 | 2 |
| 8 | 245 | 108 | 137 | 50 | 195 | 635 | 665 | 1300 | 19 | 2 | 5 | 1 | 1 | . | 7 | . | . | 12 | 7 | 2 | 2 | 3 |
| Total 8 | 1991 | 763 | 1211 | 659 | 1317 | 5199 | 5126 | 10325 | 87 | 16 | 21 | 9 | 7 | 7 | 50 | 7 | 12 | 133 | 71 | 5 | 10 | 10 |

അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വേ: 1996





## പട്ടിക നമ്പ്ര് 5 അവലംബം V.E.O യുടെ റിപ്പോർട്ട്

## തരിയോടുഗ്രാമപഞ്ചായത്ത്: ഭവനനിർമ്മാണവും ക്ഷേമപ്രവർത്തനവും

## IRDPയിൽ നിന്നും ധനസഹായം ലഭിച്ചവരുടെ എണ്ണവും, ഇതിൽ ധനസഹായം ലഭിച്ച സ്ത്രീകളുടെ എണ്ണവും

| Sl.No | വർഷം | സമുദായം | | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | വർഷം | IRDP ധനസഹായം ലഭിച്ചസംഖ്യ | |
|---|---|---|---|---|---|---|---|---|---|
| | | SC | ST | | | | | സബ്സിഡി Rs. Ps. | ലോൺ Rs. Ps |
| 1 | 1992-93 | 2 | 9 | 7 | 18 | 10 | 92-93 | 62234.00 | 84776.00 |
| 2 | 1993-94 | 2 | 11 | 10 | 23 | 13 | 93-94 | 70649.00 | 67924.00 |
| 3 | 1994-95 | NIL | 10 | 15 | 25 | 15 | 94-95 | 144100.00 | 52358.00 |
| 4 | 1995-96 | NIL | 2 | 8 | 10 | 10 | 95-96 | 31384.00 | 54216.00 |
| | Total | 4 | 32 | 40 | 76 | 48 | | 308367.00 | 259274.00 |

## പട്ടിക നമ്പ്ര് - 6

## കർഷകതൊഴിലാളി പെൻഷൻ, മറ്റു പെൻഷനുകൾ

| Sl.No | തരിയോട് ഗ്രാമപഞ്ചായത്ത് | എണ്ണം | തുക | ആകെ | റിമാർക്സ് |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ - തരിയോട് വില്ലേജ് | 51 | @70.00 | 3570 | |
| 2 | കാവുംമന്ദം വില്ലേജ്. | 76 | @70.00 | 5320 | |
| 3 | തൊഴിലില്ലായ്മാവേതനം Employment- എക്സ്ചേഞ്ച് | 76 | @70.00 | 5320 | |
| 4 | വാർദ്ധക്യകാല പെൻഷൻ | 11 | @75.00 | 825 | |
| 5 | വിധവാ പെൻഷൻ | 17 | | | |

## പട്ടിക നമ്പ്ര് - 7

## തരിയോട് ഗ്രാമപഞ്ചായത്തിൽനിന്നും അനുവദിച്ച വീടുകൾ

## പദ്ധതിയുടെ പേർ - ഭവനനിർമ്മാണവും ക്ഷേമപ്രവർത്തനവും

| വർഷം | JRY | MWS | Natural Calamity | IAY | | ITDP | Total | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ST | General | | | |
| 1991-92 | 19 | 16 | .. | 3 | .. | 10 | | |
| 1992-93 | 8 | 13 | .. | 2 | .. | .. | | |
| 1993-94 | 9 | 12 | .. | 8 | 35 | | | |
| 1994-95 | 13 | .. | 11 | .. | .. | 5 | | |
| 1995-96 | 5 | .. | .. | .. | .. | 30 | | |
| 1996-97 | 11 | .. | .. | 23 | 16 | .. | | |





## പട്ടിക നമ്പ്ര് - 8

## വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള കുടുംബങ്ങൾ

| Sl.No | പരിധി | എണ്ണം | ആകെ* |
|---|---|---|---|
| 1 | 4000 കവരെ | 574 | 574 |
| 2 | 4001 മുതൽ 6000 കവരെ | 402 | 402 |
| 3 | 6001 മുതൽ 8500 ക വരെ | 135 | 135 |
| 4 | 8501 മുതൽ 11000 ക വരെ | 105 | 105 |
| | **Total** | 1216 | 1216+251=1467 |

* 251 ST കുടുംബങ്ങൾ സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ല

## പട്ടികനമ്പ്ര് - 9

## ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ

| സർവ്വേയിൽ ഉൾപ്പെടാത്തവർ (മുൻപുള്ളത്) | SC | ST | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| ദാരിദ്ര്യരേഖക്ക് താഴെ ST.251 | 28 | 288 | 900 | 1216+251=1467 |

## പട്ടിക നമ്പ്ര് - 10

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ തൊഴിൽ ആസ്പദമാക്കി

| ചെറുകിട കർഷകർ | ഭാഗികമായി തൊഴിലുള്ള കർഷകതൊഴിലാളികൾ | കർഷക തൊഴിലാളികൾ | കർഷകേതര തൊഴിലാളികൾ | ഗ്രാമീണകൈതൊഴിലിലേർപ്പെട്ടവർ |
|---|---|---|---|---|
| 86 | 380 | 656 | 68 | 26 |
| 86 | 380 | 656 | 68 | 26 |
| ആകെ | 1216+251=1467 | | | |

* ഇതിൽ 251 ST കുടുംബങ്ങൾ സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ല.









# സംസ്കാരം

മനുഷ്യവംശത്തിന്റെ ബുദ്ധിപരവും ഭൗതികവുമായ നേട്ടങ്ങളുടെ ആകെത്തുകയാണ് സംസ്കാരമെന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. സാഹിത്യം, കല, ആചാരങ്ങൾ തുടങ്ങിയവ സംസ്കാരത്തിന്റെ ഉപവിഭാഗങ്ങളാണെന്ന് പറയാം. ഈ നിർവചനം അംഗീകരിച്ചാൽ വയനാടിന്റെ സാംസ്കാരികചരിത്രത്തിൽ തരിയോടിന് അദ്വിതീയസ്ഥാനമാണുള്ളതെന്ന്കാണാം. പുരാതനക്ഷേത്രങ്ങളുടേയും, കെട്ടിടങ്ങളുടേയും മറ്റും അവശിഷ്ടങ്ങൾ, ഗുഹകൾ, ക്ഷേത്രങ്ങൾ ഇവ പുനർനിർമ്മാണം നടത്തിയപ്പോൾ കണ്ടുകിട്ടിയ ആഭരണങ്ങളുടേയും, ശിലാശിൽപങ്ങളുടേയും അവശിഷ്ടങ്ങൾ ഇവയെല്ലാംതന്നെ ഈ സാംസ്കാരിക പൈതൃകത്തിന്റെ തെളിവുകളാണ്. ചരിത്രപഠന കുതുകികൾക്ക് ഇവയെല്ലാം തന്നെ അക്ഷയ നിധികളാണ്.

തരിയോട് താമസിച്ചിരുന്ന ആദ്യകാല ജനവിഭാഗം പ്രാകൃത ഗിരി വർഗ്ഗക്കാരായിരുന്നു. 'കാട്ടുനായ്ക്കർ' എന്നറിയപ്പെടുന്ന ഈ വിഭാഗം 'നിഗ്രിറ്റോ' വർഗ്ഗത്തിൽപെട്ടവരാണ്. ഇവരുടെ അംഗസംഖ്യ ഇന്ന് തരിയോട് പ്രദേശത്തിന്റെ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ്. മറ്റൊരുകൂട്ടർ പണിയരാണ്. മേൽ പറഞ്ഞവർഗ്ഗത്തിൽപെട്ടവരാണ് ഈ വിഭാഗവും എന്ന് വിശ്വസിക്കപ്പെടുന്നു. കാട്ടുനായ്ക്കരെപോലെ കാടിനോട്അത്ര പ്രതിപത്തി ഇവർക്കില്ലെന്ന്കാണാം.

പഴശ്ശിരാജാവിന്റെ കാലത്ത് വയനാട്ടിലെത്തി എന്നു കരുതപ്പെടുന്ന 'കുറിച്യർ' ഈ മണ്ണിന്റെമക്കൾ തന്നെ. ഭൂസ്വത്ത് ആർജ്ജിക്കുന്നതിലും, അവിടെ കൃഷിചെയ്യുന്നതിലും മൃഗപരിപാലനത്തിലും, കുറിച്യർക്ക് നേരത്തെ സൂചിപ്പിച്ച രണ്ടു വർഗ്ഗങ്ങളെ അപേക്ഷിച്ച് അതീവശ്രദ്ധയും, താത്പര്യവും ഉണ്ടായിരുന്നതായിക്കാണാം. കാട് കൊണ്ട് ഉപജീവനം കഴിച്ച കാട്ടുനായ്ക്കരിൽ നിന്നും മറ്റുള്ളവർക്കുവേണ്ടി അടിമകളെപോലെ വേല ചെയ്യാൻ തയ്യാറായിരുന്ന പണിയരിൽനിന്നും വിഭിന്നമായി ആചാരനുഷ്ഠാനങ്ങളിൽപോലും വ്യത്യസ്തതവച്ചുപുലർത്തിയവരായിരുന്നു കുറിച്യർ.

പ്രകൃതിശക്തികളും, ഉഗ്രമൂർത്തികളുമാണ് ആദിവാസികളുടെ ആരാധനാമൂർത്തികൾ. കാട്ടുനായ്ക്കർക്ക് ആരാധനാലയങ്ങളുണ്ടായിരുന്നില്ല. സമീപകാലത്ത് ഇവർ ആരാധനാലയങ്ങളിൽ പോകാൻ തുടങ്ങിയിട്ടുണ്ട്. പണിയർക്ക് സ്വന്തമായി കാവുകളുണ്ടായിരുന്നു. കുറിച്യരാകട്ടെ ക്ഷേത്രങ്ങളിൽ തന്നെയാണ് ആരാധന നടത്തിയിരുന്നത്. പണിയവിഭാഗത്തിൽപെട്ടവരും ഹൈന്ദവക്ഷേത്രങ്ങളിൽ ഇപ്പോൾ ആരാധന നടത്തുന്നുണ്ട്. പലവിധ അന്ധവിശ്വാസങ്ങൾ ഇക്കൂട്ടർ വെച്ചു പുലർത്തുന്നുണ്ട്. രോഗകാരണം ദൈവകോപമാണെന്ന അടിയുറച്ച വിശ്വാസത്തിന് ഇന്നും ചിലർക്കിടയിലെങ്കിലും വേരോട്ടമുണ്ട്. 'ദൈവം കാണൽ' പണിയരുടെയും, കുറിച്യരുടെയും ഇടയിലുള്ള ഒരു ആചാരമായിരുന്നു. ഇപ്പോൾ ഏറെക്കുറെ മാറ്റങ്ങൾ പ്രത്യക്ഷമാണെങ്കിലും, കുറിച്യരുടെ ഇടയിലും മറ്റും 'അയിത്ത സമ്പ്രദായം' നിലവിലിരുന്നത് അത്ര പ്രകടമല്ലെങ്കിലും ഇന്നുംചെറിയ തോതിൽ നിലനിൽക്കുന്നു.



ഹിന്ദു കൃസ്ത്യൻ മത വിഭാഗങ്ങൾ എണ്ണത്തിൽ ഏതാണ്ട് തുല്ല്യത പുലർത്തുന്ന പഞ്ചായത്താണ് തരിയോട്. 20 ശതമാനം മുസ്ലിം മതവിഭാഗത്തിൽ പെട്ടവരാണ്. ഇതിൽ ഹിന്ദു മുസ്ലിം മതവിഭാഗത്തിൽ പെട്ടവർ ഇരുപതാം നൂറ്റാണ്ടിനു മുമ്പ് തരിയോട് എത്തിയവരും, കൃസ്ത്യൻ മതക്കാർ 1939 ന് ശേഷം ഈ പ്രദേശത്ത് കുടിയേറി പാർത്തവരുമാണ്.

ഹിന്ദുമത വിഭാഗത്തിൽ പെട്ടവരുടെ ആദ്യകാല ആരാധനാലയം കുമ്പളവയൽ മഹാവിഷ്ണുക്ഷേത്രവും ഇപ്പോൾ ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുത്തുള്ള പഴൂർ വിഷ്ണു ക്ഷേത്രവുമായിരുന്നു. എടത്തറ ശിവക്ഷേത്രവും പഴക്കമുള്ള ഒരു ആരാധനാലയമാണ്. കൃസ്ത്യാനികളുടെ ആദ്യത്തെ ആരാധനാലയം ഇപ്പോൾ നെല്ലിക്കാട്ടിൽ തോമസ് താമസിക്കുന്ന സ്ഥലത്തായിരുന്നു. പിന്നീടാണ് 8ാം മൈലിലേക്ക് മാറ്റിപണി കഴിപ്പിച്ചത്. പഴയ ഹിന്ദു തറവാടുകളോടനുബന്ധിച്ച് കാവുകളും ഉണ്ടായിരുന്നു.

ഇപ്പോൾ എല്ലാ വിഭാഗങ്ങളിൽ പെട്ടവരുടെ ആരാധനാലയങ്ങളിലും വാർഷിക ആഘോഷങ്ങൾ നടക്കാറുണ്ട്. എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഹൈന്ദവരുടെയും, ക്രൈസ്തവരുടെയും ആരാധനാലയങ്ങളുടെ വാർഷിക ആഘോഷങ്ങളോടൊപ്പം ആകർഷകമായ കലാപരി



പാടികളും നടത്തുന്നു. ഇതോടനുബന്ധിച്ച് നടത്തുന്ന ഘോഷയാത്രകൾ പലപ്പോഴും ശക്തിപ്രകടനങ്ങളുടെ തലത്തിലേക്ക് എത്താറുണ്ട്. ഇത്ക്രമേണ സമുദായ മൈത്രിയെ വിപരീതമായി ബാധിക്കുമോ എന്ന് സംശയിക്കുന്നവരും ഉണ്ട്.എന്നാൽ തരിയോട് പഞ്ചായത്തിൽ ഇത്തരത്തിലുള്ള ആഘോഷങ്ങളോ, ഘോഷയാത്രകളോ സമുദായമൈത്രിക്ക് ഒട്ടും കളങ്കം ചാർത്തിയിട്ടില്ല.

തരിയോട്ടെ ആദ്യകാല വിദ്യാലയം ഇന്നത്തെ ഗവ: എൽ.പി. സ്കൂളാണ്. 1925 ൽ ആണ് ഇതാരംഭിച്ചത്. ആദ്യം ഗവ: ഹയർ എലിമെൻററി സ്കൂളായും പടിപടിയായി ഹൈസ്കൂളും,ഹയർ സെക്കൻററി സ്കൂളുമായും ഈ സരസ്വതീ ക്ഷേത്രം ഉയർന്നു. കാലക്രമത്തിൽ ഇന്നത്തെഗവ : യു.പി സ്കൂൾ ചെന്നലോട്, എസ്.എ.എൽ.പി സ്കൂൾ തരിയോട് സെൻറ് മെരീസ് യു.പി.സ്കൂൾ തരിയോട് എന്നീ സ്ഥാപനങ്ങളും ഈ ഗ്രാമത്തിൽ സ്ഥാപിതമായി. രണ്ട് നഴ്സറി സ്കൂളുകളും ഒരു പാരലൽ കോളേജും ഈ പഞ്ചായത്തിലുണ്ട്.

1952ൽ കല്ലുവീട്ടിൽ ശങ്കരക്കുറുപ്പ്, എന്നാളുടെ നേതൃത്വത്തിൽ കാവുംമന്ദത്ത് ആരംഭിച്ച വായനശാലയായിരുന്നു ഈ രംഗത്തെ ആദ്യസ്ഥാപനം. 1965ൽ പഞ്ചായത്ത് ഏറ്റെടുത്തതോടെ ഇതിൻെറ പ്രവർത്തനം മന്ദീഭവിച്ചു. പരേതനായ മുത്തോലിക്കൽ സെപാസ്റ്റ്യൻ എന്നാളുടെ ശ്രമഫലമായി 1956ൽ ആരംഭിച്ച ചെന്നലോട് 'സഹൃദയാകർഷക' വായനശാലയാണ് സാംസ്കാരിക മണ്ഡലത്തിൽ ഇന്നും എടുത്ത്പറയത്തക്ക ഏക സ്ഥാപനം. ഇന്ന് തരിയോട്പത്താം മൈലിലും കാവുംമന്ദത്തും ഓരോ ഗ്രന്ഥാലയങ്ങൾ ഉണ്ടെങ്കിലും അവിടെയുള്ള പുസ്തകങ്ങളുടെയും, വായനക്കാരുടെയും എണ്ണം തുലോം പരിമിതമാണ്.

ഇവിടുത്തെ തനതായ നാടൻ കലാരൂപങ്ങൾ എന്നു വിളിക്കാവുന്നത് പണിയ സമുദായത്തിൻെറ ഇടയിൽ പ്രചാരമുള്ള നൃത്തവും, നൃത്തത്തോടനുബന്ധിച്ചുള്ള തുടികൊട്ടലുമാണ്. തുടിയുടെയും, കുഴലൂത്തിൻെറയും താളക്രമത്തിനനുസരിച്ച് സ്ത്രീകൾ നൃത്തം ചെയ്യുന്നു. തുടികൊട്ട് മുറുകുന്നതിനനുസരിച്ച് നൃത്തത്തിൻെറ വേഗതയും വർദ്ധിക്കുന്നു. മഴക്കാലം കഴിയുന്നതോടെ വിളവെ

ടുപ്പ് അവസാനിക്കുന്നത് വരെ എല്ലാ പണിയ കോളനികളിലുംആഹ്ലാദ നൃത്തവും ആർപ്പുവിളികളും സാധാരണയാണ്. ഇത് പരമ്പരാഗതമായ ഒരു അനുഷ്ഠാനമായി അവർ സൂക്ഷിക്കുന്നു. കാലത്തിൻെറ ഗതിക്രമത്തിൽ അന്യം നിന്ന് പോകുമോഎന്ന് ശങ്കിച്ചിരുന്ന ഈ നൃത്തവും ആർപ്പുവിളികളും ഇന്ന് നിലനിൽക്കുന്നു എന്നതാണ് അത്ഭുതം. ഈ നൃത്തത്തിനും, അംഗ ചലനങ്ങൾക്കും അനുസരണമായി രൂപപെടുത്തേണ്ട മെയ്‌വഴക്കം പരിശീലനമോ,പറഞ്ഞു കൊടുക്കലോ, ഇല്ലാതെ തന്നെ ഇവർ അനുശീലിച്ച് വരുന്നു. മുട്ടു വരെ മുണ്ടുടുത്ത്, മുലക്കച്ച കെട്ടി, അരയിൽ ചുവന്ന തുണി കൊണ്ട് കെട്ടി ലളിതമായ താളാത്മകമായ ഈ പരമ്പരാഗത നൃത്തത്തിന് അവർ ഒരുങ്ങുന്നു. പ്രയാസങ്ങളും, ദു:ഖങ്ങളും ഈ പാട്ടിൻെറയും., ആട്ടത്തിൻെറയും ലഹരിയിൽ അവർ മറന്നു പോകുന്നു. സിനിമയുടെ സ്വാധീനവും, സാമാന്യ വിദ്യാഭ്യാസം ലഭിച്ചതിൻെറ ഫലമായി കൈവന്ന ഇത്തരം കലാരീതികളോടുള്ള വിമുഖതയും ഇത്തരം കലാരൂപങ്ങളുടെ ചൈതന്യത്തിന് മങ്ങലേല്പിക്കുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുതിയ തലമുറയിൽ ഉണ്ടായ കുറച്ച്കൂടി ആധുനികമായ വസ്ത്രധാരണ രീതിയും ഇത്തരം കലാരൂപങ്ങളുടെ അവതരണത്തിന് പ്രതികൂലമായി തീർന്നോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

വയലിൽ ഞാറു നടുമ്പോഴും മറ്റും കേൾക്കാറുണ്ടായിരുന്ന അത്യാകർഷകമായ പാട്ടുകൾ അപൂർവ്വമായി കൊണ്ടിരിക്കുകയാണ്.കൂട്ടമായി ഞാറുനടുമ്പോൾ പുരുഷൻമാർ കരയിൽ നിന്ന് തുടികൊട്ടുകയും , കുഴലുവിളിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇതിനെ അവർ 'കമ്പളം'എന്നാണ് പറഞ്ഞ് പോന്നത്.

ഞാറ്റടി വെക്കുന്നത് സ്ത്രീകൾ കൊട്ടിൻെറ താളത്തിനനുസരിച്ചായിരുന്നു. കമ്പള ത്തോടു കൂടിയഞാറു നടീലിന് സ്ത്രീകൾ ഏറെ ഉത്സാഹം കാണിക്കുക പതിവാണ്. ഇത്തരം കമ്പളങ്ങൾ ഇന്ന്വളരെ അപൂർവ്വമായി തീർന്ന് കൊണ്ടിരിക്കുന്നു. ഇതെല്ലാം അസ്തമിക്കാതെ കാത്ത് സൂക്ഷിക്കേണ്ടത് നമ്മുടെ സാംസ്കാരിക പൈതൃകത്തോട് നാം പുലർത്തുന്ന ആദരവിൻെറ ഭാഗം മാത്രമാണ്. ശേഖരിച്ച് സൂക്ഷിക്കുകയും, പുതിയ തലമുറക്ക് പകർന്ന് നല്കുകയും ചെയ്തില്ലെങ്കിൽ ഇത്തരം കലാരൂപങ്ങളെയോർത്ത് നാം ഖേദിക്കേണ്ടി വരും.നമുക്ക് കൈവന്നവീഡിയോ ഓഡിയോ സൗകര്യങ്ങൾ ഇതിനായ് ഉപയോഗപ്പെടുത്താവുന്നതാണ്.

1945നും 55നും ഇടയ്ക്ക് തരിയോട് കേന്ദ്ര





തരിയോട് സ്ഥാപിതമായ ആദ്യത്തെ മുസ്ലീം ദേവാലയം ചെന്നലോട് ഉള്ളതാണ്. 150 വർഷത്തിലേറെ പഴക്കം ഈ പള്ളിക്ക് ഉണ്ടെന്ന് കണക്കാക്കുന്നു. പിന്നീടാണ് കാവുമന്ദത്തുള്ള മുസ്ലീം പള്ളി പണികഴിപ്പിക്കപ്പെട്ടത്.

മായി ' വിജയാനടന കലാസമിതി ' എന്ന പേരിൽ നാടകത്തിന് മാത്രമായി ഒരു സ്ഥാപന് നിലനിന്നിരുന്നു. വർഷത്തിൽ ഒരിക്കലോ , രണ്ട് വർഷം കൂടുമ്പോഴോ ഒരു നാടകം പഠിച്ച് അവതരിപ്പിക്കുകയോ , പുറത്ത് നിന്നുള്ളവർക്ക് ഇത്തരം നാടകങ്ങൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുകയോ ചെയ്യുക എന്നത് മാത്രമായിരുന്നുവിജയാ നടന കലാസമിതിയുടെ പ്രവർത്തനം . 1955ന് ശേഷമുള്ള ഒരു ദശാബ്ദം ഈ രംഗത്ത്തികഞ്ഞ മുരടിപ്പിൻെറ കാലഘട്ടമായിരുന്നു. അല്പായുസ്സുകളായ ഒട്ടനവധി കലാസമിതികൾ ഇവിടെയുണ്ടായിട്ടുണ്ട്. വയനാട് ജില്ലയുടെ തന്നെ സംസ്കാരത്തിൻെറ കളി തൊട്ടിലായ ഈകൊച്ചു ഗ്രാമത്തിൽ തൊണ്ണൂറുകളുടെ ഈ ഉത്തരാർദ്ധത്തിലും സർഗ്ഗാത്മഗത ഉണർത്തുകയും, ഉയർത്തുകയും ചെയ്യാനുതകുന്ന പ്രവർത്തനക്ഷമമായ ഒരു ആർട്സ് ക്ലബ്ബ്ഇല്ല എന്ന ദു:ഖസത്യം അവശേഷിക്കുന്നു.

വിജയ നടന കലാ സമിതിയുടെ തന്നെ പ്രചോദനത്തോടെ 1951ൽ തരിയോട് എട്ടാം മൈലിൽഒരു ബാൻറ് സെറ്റ് പരിശീലന കേന്ദ്രം പ്രവർത്തിച്ചിരുന്നു. പരേതനായ പാലക്കലോടി അബ്രഹാമായിരുന്നു ഇതിൻെറ പ്രയോക്താവ്. മിക്ക വാദ്യോപകരണങ്ങളിലും സാമാന്യമായഅറിവ് ഇവിടെ നിന്ന് കൊടുത്തിരുന്നു. ആദ്യത്തെ ബാച്ച് ഏതാണ്ട് പരിശീലനം പൂർത്തിയാക്കിയതോടെ അതിനും തിരശ്ശീല വീണു. ചെന്നലോട് ,കല്ലങ്കാരി ,ഹൈസ്കൂൾ കവല,പത്താം മൈൽ കാവുംമന്ദം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ പ്രതീക്ഷയ്ക്ക്വക നല്കുന്നതാണ്.

തരിയോട് പന്ത്രണ്ടാം മൈലിൽ വോളിബോൾ പരിശീലനത്തിന് വേണ്ടി സാമാന്യം നല്ല രീതിയിൽ പ്രവർത്തിച്ച ഒരു സ്പോർട്സ് ക്ലബ് ഉണ്ടായിരുന്നു. കുറ്റ്യാടി ജലസേചന പദ്ധതിയ്ക്ക് വേണ്ടി സ്ഥലം എടുത്തതുമൂലം ഉണ്ടായ 'കുടിയൊഴിക്കൽ' ആരംഭിച്ചപ്പോൾഇതും നാടുനീങ്ങി. ഈ മേഖലയിൽ ചെന്നലോട് കഴിഞ്ഞ 10 വർഷമായി തുടർച്ചയായി മലയിൽ ജോസഫ് ട്രോഫിയ്ക്കും, മറ്റക്കാട്ട് ജോസഫ് ട്രോഫിയ്ക്കും വേണ്ടി നടത്തുന്ന അഖില കേരള വോളിബാൾ മത്സരമാണ് എടുത്തു പറയാവുന്ന സ്പോർട് രംഗത്തെ പ്രവർത്തനങ്ങൾ രണ്ട് മൂന്ന് സ്പോർട്സ് ക്ലബ്ബുകൾ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ 'നെയിം ബോർഡുക'ളിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് ഒട്ടും ആശ്വാസത്തിന് വകനല്കുന്നില്ല. സ്പോർട് രംഗത്തെ മുന്നേറ്റത്തിൻെറ ആവശ്യകത മുൻനിർത്തി ഇവയെ പ്രവർത്തനക്ഷമമാക്കേണ്ടത് ജനകീയാവശ്യമാണ്.

സംസ്ഥാന നിലവാരത്തിൽ സ്വർണ്ണം നേടിയ അത്‌ലറ്റുകളുടെ ഗ്രാമമാണിത്. സംസ്ഥാന മീറ്റിൽ 100, 200 മീറ്ററുകളിൽ കഴിഞ്ഞ വർഷം സ്വർണ്ണം നേടിയ തരിയോട് നിർമലാ ഹൈസ്കൂളിലെ ഷിംജിതാ അഗസ്റ്റ്യനെ ഇത്തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. ഇതേ സ്ക്കൂളിൽ നിന്ന് തന്നെ പല കായികതാരങ്ങളും സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുകയും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. തരിയോട് ഗവ : ഹൈസ്കൂളിലെ ചില കുട്ടികളും സ്പോർട്സ്രംഗത്ത് നേട്ടങ്ങൾ കൊയ്ത് ശ്രദ്ധേയരായി.

ആർച്ചറിയിൽ തരിയോട് ഗ്രാമപഞ്ചായത്തിന് അഭിമാനിക്കാൻ വകയുണ്ട്. കുറിച്യ സമുദായത്തിൽപെട്ട വനിതകളാണ് ഈ രംഗത്ത് മുന്നിൽ. കുനീമ്മൽ കുറിച്യ കോളനി കേന്ദ്രമായുള്ള ആർച്ചറി ടീമിന് സംസ്ഥാന ബഹുമതികൾ ഒന്നിലധികം തവണ ലഭിച്ചിട്ടുണ്ട്.ഏഴാം വാർഡ് മെമ്പർ ലക്ഷ്മീ രാധാകൃഷ്ണൻ ഈ ആർച്ചറി ടീമിലെ ഒരു പ്രമുഖാംഗമാണ് എന്നത് ഗ്രാമപഞ്ചായത്തിൻെറ അഭിമാനമാണ്.

അമ്പലമൊട്ടൻ കുന്നിലെ പട്ടികജാതിയിൽപെട്ട മലയസമുദായം ചെണ്ട കൊട്ടുകലയിൽ വിദഗ്ധരാണ്. ഉത്സവാഘോഷങ്ങളിലും മറ്റും ഇവരുടെ സേവനം ഒരുമുതൽക്കൂട്ടാണ്.

## *പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും*

ഒരു പ്രദേശത്തിൻെറ സാസംകാരിക നിലവാരം മാറ്റുരയ്ക്കപ്പെടുന്നത് പ്രധാനമായും ആ പ്രദേശത്തെ ആളുകളുടെ വായനാശീലം, കർമ്മോത്സുകത, ചിന്താശേഷി എന്നിവയെ ആശ്രയിച്ചാണ്. ഈ പഞ്ചായത്തിലെ 30% വീട്ടിലും ഓരോദിനപത്രം വരുത്തുന്നുണ്ട്. 50%വീട്ടിലും വാരികകൾ ഉൾപ്പെടെ

യുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നുണ്ട്. ഇത് ഉയർന്ന സാംസ്കാരിക ചിന്ത യുടെ പ്രതിഫലനമാണ്. ഇവയെ സംബന്ധിച്ച കണക്കുകൾ വിദ്യാഭ്യാസ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്.

## റേഡിയോ-ടെലിവിഷൻ

മിക്ക വീടുകളിലും റേഡിയോ ഉണ്ട്. 184 വീടുകളിൽ ടെലിവിഷൻ സെറ്റുകളുമുണ്ട്. ടെലിവി ഷന്റെ സ്വാധീനവും, പ്രചാരവും വർദ്ധിച്ചു വരുന്നുണ്ട്. ഇതുകൊണ്ടു തന്നെ കേട്ട് ആസ്വദിക്കുക എന്നു റേഡിയോ ധർമ്മത്തിന് ശ്രോതാക്കൾ കുറഞ്ഞു വരുന്നതായി ചില സർവ്വേകൾ സൂചിപ്പിക്കുന്നു.

## മഹിളാ സമാജങ്ങൾ

ഈ ഗ്രാമപഞ്ചായത്തിൽ ഇരുപത് മഹിളാ സമാജങ്ങൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയൊക്കെ കുറെക്കൂടി ഉണർന്നു പ്രവർത്തിക്കുകയാണെങ്കിൽ വനിതകൾക്ക് കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കാനും കൂടുതൽ പേരെ സാംസ്കാരിക മുന്നേറ്റത്തിലേക്ക് കൈപിടി ച്ചുയർത്താനും സാധിച്ചേക്കും.

## യൂത്ത് ഫെസ്റ്റിവൽ, ബാലകലോത്സവങ്ങൾ

മനഃസംസ്ക്കരണത്തിലൂടെ ഇളം മനസ്സു കൾക്ക് തെളിമയും സർഗ്ഗാത്മക മുന്നേറ്റവും കൈവ രിക്കാനുതകുന്ന കലാമത്സരങ്ങളും സാഹിത്യോത് സവങ്ങളും അർഹിക്കുന്ന പ്രാധാന്യത്തോടെ എല്ലാ വിദ്യാലയങ്ങളിലും സംഘടിപ്പിക്കുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഉപജില്ലാ ജില്ലാതലങ്ങ ളിൽ കൂടുതൽ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹി പ്പിക്കാൻ ഈ രംഗത്ത് മാർഗ്ഗ നിർദ്ദേശങ്ങളും മറ്റും കൊടുക്കാൻ കഴിവുള്ളവർമുന്നോട്ട് വരണം.

## സിനിമാശാല

ഈ പഞ്ചായത്തിൽ ഒരു സിനിമാശാല പ്രവർത്തിക്കുന്നു. കൂടുതൽ ആളുകളെ ആകർ ഷിക്കുന്നഈ കേന്ദ്രത്തിൽ സാധാരണക്കാരന്റെ കഥപറയുന്ന സിനിമകൾക്കാണ് ഏറെ പ്രിയം അല്പംഅടിയും ഇടിയും പാട്ടുമൊക്കെയുള്ള ചിത്രങ്ങളാണ് കൂടുതൽ പേരും കാണാൻ ആഗ്ര ഹിക്കുന്നത്. അവാർഡ് സിനിമകൾക്കും, ആർട്ട് ചിത്രങ്ങൾക്കും ജനപ്രീതി പൊതുവെ കുറവാണ്.

## പ്രശ്നങ്ങൾ

1. ആദിവാസി കലാരൂപങ്ങൾ അപ്രത്യക്ഷമായിവ രുന്നു.
2. നാടൻപാട്ടുകളും, നാട്ടറിവുകളും ഇല്ലാതാ യിക്കൊണ്ടിരിക്കുന്നു
3. മിക്കവിദ്യാലയങ്ങളിലും കലാവിഷയങ്ങൾ-സം ഗീതം, നൃത്തം, ചിത്രരചന,പ്രവൃത്തിപരിചയം എന്നിവ-പഠിപ്പിക്കുന്നില്ല.
4. വായനശാലകൾ ഗ്രാമീണരുടെ തുറന്ന സർവ്വക ലാശാലകളാണ്. പത്രമാദ്ധ്യമങ്ങൾ, വിജ്ഞാന തൃഷ്ണയെ തൃപ്തിപ്പെടുത്തുന്ന മറ്റ് ഉപാധികൾ എന്നിവ ഇത്തരം കേന്ദ്രങ്ങളിൽ ഉണ്ടാവേണ്ട തുണ്ട്. എന്നാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് വക പത്രമാദ്ധ്യമങ്ങൾ ലഭിക്കുന്നത് ഒരു വായനശാലയിൽ മാത്രമാണ്. കെട്ടിട സൗക ര്യങ്ങളുടെ കാര്യത്തിലും അല്പമെങ്കിലും മെച്ച പ്പെട്ടത് ആതേ വായനശാല മാത്രം. വായനശാ ലകളുടെ സുഗമമായ പ്രവർത്തനത്തിന് നാം ഉണരേണ്ടിയിരിക്കുന്നു.
5. നൃത്തം, സംഗീതം, നാടകം എന്നിവ പരിശീലി പ്പിക്കുന്ന കേന്ദ്രങ്ങൾ ഇവിടെയില്ല. വിവിധ സംഗീതോപകരണങ്ങൾ പരിശീലിപ്പിക്കുന്നതി നായി ഒരു സ്ഥാപനവും. പരിശീലനകനും അടങ്ങുന്ന ഒരു സംവിധാനം ഇവിടെയില്ല.
6. കായിക പരിശീലനം ഫലപ്രദമായി നിർവ്വഹിക്ക പ്പെടുന്നതിന് കളിസ്ഥലമോ, സ്റ്റേഡിയമോഈ പഞ്ചായത്തിൽ ഇല്ല.
7. ആർച്ചറിയുടെ ഈറ്റില്ലമായ ഈ സ്ഥലത്ത് ശാസ്ത്രീയമായ രീതിയിൽ അമ്പെയ്ത്തിന്റെ അനന്ത സാദ്ധ്യതകൾ അറിയുകയും, അറിയിക്കു കയും ചെയ്യുന്ന ഒരു പരിശീലനക്കളരി സർക്കാർ സഹായത്തോടെ ഇനിയും ആരംഭിച്ചിട്ടില്ല.
8. ചെണ്ടകൊട്ടൽ ഒരു ഉത്സവകാല തൊഴിൽ മാത്ര മായി മാറിപ്പോയിരിക്കുന്ന ഈ കാലഘട്ടത്തിൽ ചെണ്ടകൊട്ടിന്റെ അടിസ്ഥാന കാര്യങ്ങൾ പരി ശീലിപ്പിക്കുന്നതിന് യുവാക്കളെ ആകർഷിക്കാൻ

സംവിധാനങ്ങൾ ഇല്ല.

9. ടെലിവിഷനിൽ വരുന്ന മിക്കപരിപാടികളും നിലവാരം കുറഞ്ഞതും പുതിയ തലമുറയുടെ കർമ്മപരതയെ മുരടിപ്പിക്കുന്നതുമാണ്. പരസ്യങ്ങൾ കാണികളെ ഉപഭോഗ സംസ്കാരത്തിൻെറ അടിമകളാക്കിത്തീർക്കുന്നു.

10. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം ഇവ നല്കുന്നില്ല. സാമ്പത്തിക കാര്യങ്ങളിലാണ് അധിക മഹിളാ സമാജങ്ങളുടെയും ശ്രദ്ധ.

11. സ്വർഗ്ഗധനരായ മുഴുവൻ കുട്ടികൾക്കും തങ്ങളുടെ കലാ പ്രകടനങ്ങൾ അവതരിപ്പിക്കാനോ, ക്രമാനുഗതമായി നിർദ്ദേശങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും കഴിവുകൾ വളർത്തിയെടുക്കാനോ വിദ്യാലയ വേദികൾ പ്രയോജനപ്പെടുന്നില്ല. മത്സരത്തിൻെറ മേഖലകളിൽ ഒറ്റപ്പെടുകയും, അവഗണിക്കപ്പെടുകയും ചെയ്യുന്നതിൻെറ കാരണങ്ങൾ പലതാണ്. സാമ്പത്തിക ഭദ്രതയുള്ളവർക്ക് മാത്രം പങ്കെടുക്കാവുന്ന മത്സര വേദികളായി വിദ്യാർത്ഥികളുടെ കലോത്സവങ്ങൾ മാറിക്കൊണ്ടിരിക്കയാണ്. സ്കൂൾ സാഹിത്യ സമാജങ്ങൾ സജീവമാക്കുവാനും, കൈയെഴുത്തുമാസികകൾ പ്രസിദ്ധീകരിക്കുവാനും, സംഗീതം, ചിത്രകല, അഭിനയം, ഉൾപ്പെടെയുള്ള സർഗ്ഗാത്മക മേഖലകളിൽ കൂടുതൽ കഴിവുകൾ മാറ്റുരയ്ക്കപ്പെടാനുള്ള അവസരങ്ങൾ ഇന്ന് വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നില്ല.

12. അശ്ലീല രംഗങ്ങളുള്ള സിനിമകൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നിരോധിക്കാൻ സംവിധാനങ്ങളില്ല. അധമചിന്തകളെ ഉണർത്തി അക്രമത്തിലേക്കു നയിക്കാൻ ഉതകുന്ന രീതിയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങൾ മിക്കസ്റ്റേഷനറിക്കടകളിലും തൂക്കിയിട്ടിരിക്കുന്നു. ഇവയുടെ വില്പന കർശനമായി തടയാൻ സംവിധാനങ്ങളില്ല.

13. മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ഉപയോഗം ഫലപ്രദമായി തടയാൻ നടപടികൾ അപര്യാപ്തമായി തീർന്നിരിക്കുന്നു. ഉത്തരവാദപ്പെട്ടവരുടെ അലംഭാവം കാര്യങ്ങൾ ഗുരുതരമാക്കിതീർത്തിരിക്കുന്നു.

14. നാമൊന്നാണെന്ന ചിന്ത ഊട്ടി ഉറപ്പിക്കാൻ പര്യാപ്തമായ വിദ്യാഭ്യാസം ലഭിക്കുന്നില്ല.

15. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം, മനുഷ്യനും മനുഷ്യനുംതമ്മിലുള്ള ആത്മബന്ധം, പുരാതന സംസ്കൃതിയെക്കുറിച്ചും മറ്റുമുള്ള അറിവ്, 'നാനാത്വത്തിൽ ഏകത്വം'എന്ന കാഴ്ചപ്പാട് ഇതിനെയെല്ലാം പരിപോഷിപ്പിക്കുന്ന സവിശേഷമായ അവബോധം ഇതെല്ലാം പരിരക്ഷിക്കുന്നതിനാവശ്യമായ സാമൂഹ്യചുറ്റുപാട് സൃഷ്ടിക്കൽ, ഈ കടമകൾ 'അവനവനിസത്തിൻെറ' അതിപ്രസരത്തിൽ ആരും ഏറ്റെടുക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ആദിവാസികലാരൂപങ്ങൾ സംരക്ഷിക്കാൻ നടപടിയുണ്ടാവണം. പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട അവരുടെ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിൻെറ ഭാഗമായി അവ സംഗ്രഹിക്കാനും, ഓഡിയോ, വീഡിയോ കാസറ്റുകൾ ഉപയോഗപ്പെടുത്തി ഇവ പ്രയോഗത്തിൽ വരുത്തണം.

2. കലാരംഗത്തും, കായികരംഗത്തും മികച്ച പരിശീലനം കൊടുക്കാൻ യോഗ്യതയുള്ളവരെ വിദ്യാലയങ്ങളിൽ നിയമിച്ച് കുട്ടികളെ ആ രംഗത്ത് പ്രാപ്തരാക്കാവുന്നതാണ്. സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാൻ വിദ്യാലയങ്ങൾ ക്ലബ്ബ് ചെയ്ത് അദ്ധ്യാപകരെ നിയമിക്കണം.

3 താഴെ പറയുന്ന സ്ഥലങ്ങളിൽ പഞ്ചായത്തു വായനശാല സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കണം. ഇതിന് വേണ്ടിവരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കണം.

1. പത്താം മൈൽ
2. കാവും മന്ദം
3. എട്ടാം മൈൽ

വായനശാലകൾക്ക് വേണ്ട ദിനപത്രങ്ങൾ പഞ്ചായത്ത് നല്കണം. ഫർണിച്ചറിനുവേണ്ട ചെലവ്ബ്ലോക്ക് പഞ്ചായത്തോ ജില്ലാ പഞ്ചായത്തോ വഹിക്കണം. ഗ്രന്ഥ ശാലകൾക്കാവശ്യ

മായ പുസ്തകങ്ങൾ വാങ്ങാൻ ഗ്രന്ഥശാലകൾ സംഭരിക്കുന്ന അത്രയും തുക പഞ്ചായത്ത് ഗ്രന്ഥശാലകൾക്ക് കൊടുക്കണം. വായനശാല കൃത്യമായി തുറക്കാനും ഞായറാഴ്ച ദിവസങ്ങളിൽ പൂർണ്ണമായി തുറക്കാനും നടപടി ഉണ്ടാവണം. ലൈബ്രേറിയന് പഞ്ചായത്ത് അലവൻസ് കൊടുക്കണം.

4 നൃത്തം, സംഗീതം, ചിത്രകല വാദ്യോപകരണങ്ങൾ എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ള ഓരോ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് ആരംഭിക്കണം. ഇവയ്ക്കായി പാർട്ട് ടൈം അദ്ധ്യാപകരെ അതത് പ്രദേശങ്ങളിൽ കണ്ടെത്തി നിയമിക്കണം. ഇവർക്ക് ഓണറേറിയം പഞ്ചായത്ത് നല്കണം. ഇതിന് നിശ്ചിതമായ ഒരു ഗ്രാൻറ് ജില്ലാ പഞ്ചായത്തോ, സംസ്ഥാന സർക്കാരോ പഞ്ചായത്തിന് നല്കണം.

5. പഞ്ചായത്തിന് സ്വന്തമായ 16 എം.എം.പ്രൊജക്റ്റർ, ഓ.എച്ച്.പി. ഇവ ഉണ്ടായിരിക്കണം. ഇവ ബോധവൽക്കരണ ക്ലാസ്സുകൾക്ക് സഹായകമാണ്. ഫിലിം ക്ലബ്ബുകൾ വാർഡ് തോറും ഏർപ്പെടുത്തണം.

6. സർക്കാർ സ്ക്കൂളുകൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സർക്കാർ കണ്ടെത്തണം. ഗ്രൗണ്ട് നിർമ്മിക്കാ ൻ പഞ്ചായത്ത് ബഹുജന പങ്കാളിത്ത ത്തോടെ തയ്യാറാകണം. പഞ്ചായത്തിന്റെ താഴെ പറയുന്ന സ്ഥലങ്ങളിൽ മിനി സ്റ്റേഡിയവും സ്റ്റേഡിയങ്ങളും നിർമ്മിക്കണം. സ്ഥലം വാങ്ങാൻ പഞ്ചായത്തിന് സംസ്ഥാന സർക്കാർ ഗ്രാൻറ് നല്കണം.

1. ചെന്നലോട്: 1 ഏക്കർ സ്ഥലം
2 പത്താം മൈൽ : ഉള്ള സ്റ്റേഡിയം നിരപ്പാക്കി സൈഡ് കെട്ടി സംരക്ഷിക്കണം
3 കാവും മന്ദം : 200 മീറ്റർ ട്രാക്ക് ഇടാൻ പറ്റിയതും ഫൂട്ട്ബോൾ, വോളിബോൾ എന്നിവ കളിക്കാൻ പറ്റിയ സ്ഥലസൗകര്യമുള്ളതും.

7. ആർച്ചറിക്ക് വേണ്ട നവീനോപകരണങ്ങൾ ടി.എസ്.പി.ഫണ്ടിൽ നിന്ന് വാങ്ങിക്കൊടുക്കണം. വർഷത്തിൽ ഒരു മാസം സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നല്കണം.

8. താഴെപറയുന്ന ക്ലബ്ബുകൾക്ക് ആവശ്യമായ സ്ഥലവും സൗകര്യങ്ങളും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ലഭ്യമാക്കണം.

1. പത്താം മൈലിൽ പ്രവർത്തിക്കുന്ന ക്ലബ്ബ്.
2. എ. എസ്. ജങ്ക്ഷനിൽ പ്രവർത്തിക്കുന്ന ക്ലബ്ബ്.
3. കല്ലങ്കാരി ക്ലബ്ബ്.
4. ചെന്നലോട് ക്ലബ്ബ്.
5. കാവുംമന്ദം.
6. എട്ടാം മൈൽ

9. ചെണ്ടകൊട്ടൽ പരിശീലിപ്പിക്കുന്നതിനായി ഒരു കേന്ദ്രം അമ്പലമൊട്ടൻ കുന്നിൽ ആരംഭിക്കണം. SCPയിൽ നിന്നും ഇതിനാവശ്യമായ പണം കണ്ടെത്തണം. അദ്ധ്യാപർക്ക് ഓണറേറിയം ലഭിക്കാൻ സംവിധാനമുണ്ടാക്കണം.

10. ഭാഷാ പത്രങ്ങൾക്ക് ന്യൂസ് പ്രിൻറിന് സബ്സിഡി അനുവദിക്കുകയും, രണ്ടു രൂപയിൽ കൂടുതൽ ഒരു പത്രത്തിന് വില ഈടാക്കാതിരിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുകയുംവേണം.

11. ദൂരദർശൻ പരിപാടികൾ ഭാരതസംസ്ക്കാര പാരമ്പര്യങ്ങൾക്ക് അനുസൃതമായിരിക്കണം. പരസ്യവിധേയമാകുന്ന ഉല്പന്നങ്ങൾക്കും സാധനങ്ങൾക്കും ഇന്ത്യൻ സ്റ്റാഡേർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരം ഉണ്ടായിരിക്കണം.

12 മഹിളാ സമാജങ്ങൾ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്ക്കുന്നതോടൊപ്പം സാക്ഷരതാ യജ്ഞം കൂടി ഏറ്റെടുക്കണം.

13. സ്ക്കൂളുകളിൽ വാർഷികാഘോഷം നിർബ്ബന്ധമാക്കണം. ബാലകലോത്സവങ്ങൾ മുഴുവൻ കുട്ടികളുടെയും കലാപരമായ പ്രകടനങ്ങളുടെ വേദിയാക്കണം. ലോവർ പ്രൈമറി വിഭാഗത്തിലെ ദരിദ്ര, പിന്നോക്ക വിഭാഗം കുട്ടികൾക്ക് ധനസഹായം ഗ്രാമപഞ്ചായത്തും അപ്പർ പ്രൈമറി, ഹൈസ്ക്കുൾ വിഭാഗങ്ങളിൽ ജില്ലാ പഞ്ചായത്തും നല്കണം. സ്ക്കുൾ സാഹിത്യസമാജം ജൂൺമാസത്തിൽ തന്നെ ആരംഭിക്കണം.

കൈയെഴുത്ത് മാസികകൾ വിദഗ്ധമായി വില യിരുത്തി സമ്മാനങ്ങൾ ഏർപ്പെടുത്തണം. സ്ക്കൂൾ പാർലമെൻറ് തെരെഞ്ഞെടുത്ത പ്രതി നിധികൾക്ക് ആരോഗ്യം വിദ്യാഭ്യാസം അച്ചടക്കം സാഹിത്യസമാജം , ലൈബ്രറി, കല, കായികം തുടങ്ങിയ വകുപ്പുകളായി തിരിച്ച് വിദ്യാർത്ഥി കളെ ഏല്പിക്കാവുന്നതാണ്. ഇത് വിദ്യാല യത്തിൻെറ അച്ചടക്കം മെച്ചപ്പെടുത്താൻ സഹാ യിക്കം. കലാരംഗത്തും കായികരംഗത്തും ശാസ്ത്രരംഗത്തും സംസ്ഥാന തലങ്ങളിൽ എത്തുന്ന കുട്ടികളെ പരിശീലിപ്പിച്ച അദ്ധ്യാപ കർക്ക് റിവാർഡ് നല്കണം.

14. നിലവാരം മോശമായ സിനിമകൾ പ്രദർശി പ്പിക്കാൻ അനുവദിക്കരുത് ഇത്തരം വ്യവസ്ഥ കൾ ലംഘിക്കുന്ന മാനേജർമാർക്കെതിരെ നിയ മനടപടികൾ സ്വീകരിക്കണം.

15. പഞ്ചായത്തിൽ ഇപ്പോഴുള്ള കാവ്യംമന്ദത്തെ കമ്മ്യൂണിറ്റിഹാൾ ലൈബ്രറി ആക്കി മാറ്റുകയും 500 പേർക്ക് ഇരിക്കാവുന്ന പുതിയ ഒരു ഓഡിറ്റോറിയം പണിയുകയും ചെയ്യുക. ഇതി നാവശ്യമായ ഗ്രാൻറ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്.

16. നീല പടങ്ങൾ, മഞ്ഞ പുസ്തകങ്ങൾ എന്നിവ വില്ക്കുന്ന കടകൾ പൂട്ടി സീൽ ചെയ്യുക. ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്താൻ വ്യാപകമായ ശ്രമം നടത്തുക.

17. ആരാധനാരീതികൾ വൈവിധ്യം നിറഞ്ഞ തെങ്കിലും പരമമായ ഈശ്വരാരാധനയുടെ ഫലം പരസ്പര സ്നേഹം, വിശ്വസം ദയ, സഹ വർത്തിത്വം എന്നിവയിൽ ബന്ധിതമാണ്. ഈ മഹത്തായപാഠംമതസൗഹാർദ്ദമെന്ന നമ്മുടെ പ്രഖ്യാപിത നയത്തെ ത്വരിതപ്പെടുത്തുന്നു.

18. ചിരത്രാവശിഷ്ടങ്ങൾ സൂക്ഷിക്കുന്നതിന് പുരാ വസ്തു വകുപ്പ് ജില്ലാതല മ്യൂസിയങ്ങൾക്ക് രൂപം കൊടുക്കുക.





# വനിതാക്ഷേമം

തരിയോട് പഞ്ചായത്തിലെ ജനസംഖ്യ 1991 സെൻസസ് അനുസരിച്ച് 10236 ആണ്.ഇതിൽ സ്ത്രീകൾ 5036 . സ്ത്രീയും പുരുക്ഷനും തമ്മിൽ അനുപാതത്തിൽ നിസ്സാരമായഏറ്റ കുറച്ചിലെ ഉള്ളൂ.(ചാർട്ട് നമ്പർ VI) സാക്ഷരതാ ശതമാനം 83 ആണ്. ഇതിൽ സ്ത്രീകളുടെ സാക്ഷരതാ ശതമാനം 75%. (S.S.L.C)-യ്ക്ക് മുകളിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം 275 ബിരുദ ധാരികളുടെയും സാങ്കേതിക യോഗ്യത ഉള്ളവരുടെയും എണ്ണം 114 .ഇതേ യോഗ്യതയുള്ള പുരുഷൻമാരുടെ എണ്ണത്തെക്കാൾ കുറവാണിത് . സാമൂഹികവും സാനമ്പത്തികവുമായ കാരണത്താൽസ്ത്രീ വിദ്യാഭ്യാസം തടസ്സപെടുന്നുണ്ട്. ഈ കാരണങ്ങൾ വിശദമായി പരിശോധിക്കേണ്ടതാണ്. (ചാർട്ട് നമ്പർ I)

## *സാമൂഹ്യകാരണങ്ങൾ*

1. സ്ത്രീയെ വിദ്യാഭ്യാസം ചെയ്യിക്കുന്നത് നിഷ്ഫലമാണെന്ന് സമൂഹത്തിൻെറ ധാരണ.
2. കാലാകാലങ്ങളായി സ്ത്രീയുടെ മേൽ സമൂഹം ഏർപെടുത്തിയ നിയന്ത്രണങ്ങൾ .
3. പ്രായപൂർത്തിയാകുന്നതിന് മുമ്പ് പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നത്(വിവാഹമാണ് സ്ത്രീ ജന്മത്തിൻെറ പൂർണ്ണതാ എന്ന മിഥ്യാധാരണ സമൂഹത്തിലുടനീളം നിലനില്ക്കന്നു.)
4. സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കാൻ പെൺകുട്ടികളുടെ വിദ്യാഭ്യാസം മുടക്കിയും ആൺകുട്ടികളുടെ വീദ്യാഭ്യാസം തുടരുന്നത്.

ആൺകുട്ടികൾക്ക് ലഭിക്കുന്ന പല പരിഗണനകളും സ്കൂളിലോ വീട്ടിലോ പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. അവൾ പെണ്ണല്ലെ അവൾക്കിതുമതി എന്ന ധാരണയാണ് ഒരു വിഭാഗം രക്ഷാകർത്താക്കൾക്കുള്ളത്.

ആചാരനുഷ്ഠാനങ്ങളുടെ ഭാഗമായി ചില ആദിവാസി വിഭാഗങ്ങൾ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഇടയ്ക്ക് വെച്ച് നിർത്തുന്നു. സ്ത്രീകളുടെ സാക്ഷരതാ ശതമാനം കുറയുന്നതും വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ കുറിച്ച്വേണ്ടത്ര അവബോധമില്ലത്തതും മറ്റൊരു കാരണമാണ്.

പുരുക്ഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ ആരോഗ്യ നിലവാരം കുറവാണ്. പോഷകാഹാരത്തിൻെറ ലഭ്യത കുറവും ആവശ്യത്തിന് ആഹാരമില്ലായ്മയും പുരുഷന്മാരെക്കാൾസ്ത്രീകളെയാണ് ബാധിക്കുന്നത്. P.H.Cയിലെ കണക്കനുസരിച്ച് രോഗികളിൽ കൂടുതൽ സ്ത്രീകളാണ്. ദാരിദ്ര്യജന്യ രോഗങ്ങൾ വിളർച്ചാ, ഗർഭാശയ രോഗങ്ങൾ എന്നിവയാണ്

സ്ത്രീകളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. രോഗാതുരത പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണ് കൂടുതൽ.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. ഇതിനർത്ഥം സ്ത്രീകൾക്ക് തൊഴിൽ ഇല്ലെന്നല്ല മറിച്ച് സൂക്ഷ്മപരിശോധനയിൽ സ്ത്രീകളാണ് കൂടുതൽ സമയം ജോലി ചെയ്യുന്നത് എന്ന് കാണാം. വിറക്, വെള്ളം എന്നിവ വിദൂരമേഖലകളിൽ നിന്ന് കൊണ്ട് വരുന്നതുൾപെടെവീട്ടിൽ വൃദ്ധരുടെയും കുട്ടികളുടെയും പരിപാലനം , അടുക്കള ജോലി , വളർത്തു മൃഗങ്ങളുടെ പരിപാലനം എന്നിങ്ങനെ അനവധി ഉത്തരവാദിത്തങ്ങൾ ഈ പഞ്ചായത്തിലെ സ്ത്രീകൾക്കുണ്ട് . എന്നാൽ ഭാരിച്ച ഈ ജോലികൾ ചെയ്യുന്നുണ്ടെങ്കിലും ഇവയെ തൊഴിലിന്റെ പട്ടികയിൽ സമൂഹം ഉൾപെടുത്തിയതായിട്ട് കാണുന്നില്ല. വിദ്യാഭ്യാസസമ്പന്നരും ഉദ്യോഗസ്ഥകളുമായ വനിതകൾക്കിടയിലും മേൽ പറഞ്ഞ തൊഴിൽ നിർബന്ധപൂർവ്വം ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട് തൊഴിലിനോടൊപ്പം ഭാരിച്ച ഗൃഹജോലികൾകൂടി ചെയ്യേണ്ടതായിവരുന്നതിൽ അഭ്യസ്ഥവിദ്യർ എന്നോ ഉദ്യോഗസ്ഥരെന്നോ കാർഷിക തൊഴിലാളികൾ എന്നോ വ്യത്യാസമില്ല.എന്നർത്ഥം. ഇത് ഇവരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അനാരോഗ്യമായ പശ്ചാത്തലത്തിലാണ്വലിയ വിഭാഗം സ്ത്രീകൾക്കും ജോലിചെയ്യേണ്ടിവരുന്നത്. ഗുരുതരമായ സിലിക്കോസിസ് ബാധിക്കാൻ ഇടവരുത്തുന്ന കരിങ്കൽ ക്വാറി യിലെ ജോലി ,റോഡ് കെട്ടിടനിർമ്മാണജോലി എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണംവളരെ കൂടുതലാണ്. മാത്രമല്ല ഈ പഞ്ചായത്തിലെ 90% വീടുകളിലും പുകയില്ലാത്ത അടുപ്പുകളില്ല 50 % വീടുകളിലും ഇടുങ്ങിയ വായുസഞ്ചാരമില്ലാത്ത മുറികളിലാണ് അടുക്കള പ്രവർത്തിക്കുന്നത്.സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർക്കണ് രോഗങ്ങളിൽ വിദഗ്ദ ചികിത്സ ലഭ്യമാകുന്നത് എന്നത്മറ്റൊരു വൈരുദ്ധ്യമാണ്.

ഈ പഞ്ചായത്തിൽ ചെറികിട വ്യവസായ മേഖലയിൽ 463 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട് (ചാർട്ട് നമ്പർ : 4) സർക്കാർ മേഖലയിലും മറ്റും പഞ്ചായത്ത് പരിധിയിൽഉദ്യോഗം ലഭിച്ചിട്ടുള്ളവരുടെ എണ്ണം 67 മാത്രമാണ്

ഇവരിൽ ഭൂരിഭാഗവും അധ്യാപന വൃത്തിയിൽ ഏർപെട്ടവരാണ് ( ചാർട്ട് നമ്പർ : 3) മേൽ കൊടുത്ത കണക്കുകളിൽ നിന്നും സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽസാധ്യത ഉള്ളത് കാർഷിക മേഖലയിൽ ആണെന്ന് കാണാം . തൊഴിലില്ലാത്ത സ്ത്രീകൾ 3912 ആണ് . ആദിവാസി സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിലില്ലാത്തവരാണ്.നാലഞ്ച്വർഷം മുമ്പ് വരെ കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം കഴിച്ചിരുന്ന സ്ത്രീകളായിരുന്നു അധിക ഭാഗവും . ആകെയുള്ള നെൽ വയലിന്റെ 50% മാത്രമാണ് നെൽകൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ.ബാക്കിയുള്ള സ്ഥലത്ത് വാഴയാണ് പ്രധാനകൃഷി . വാഴ കൃഷിയിലാകട്ടെ സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഒട്ടുമില്ല. ആദിവാസി മേഖലയിലെ തൊഴിലില്ലായ്മയുടെ പ്രധാന കാരണവും ഇതാണ്. വയലുകൾ നികത്തപെടുന്നതും മറ്റൊരു കാരണമാണ്.

ഒരു ചെറിയ വിഭാഗം സ്ത്രീകൾ അടയ്ക്ക സംസ്കരണ കേന്ദ്രങ്ങളിൽ തൊഴിലെടുക്കുന്നുണ്ട്. ഇവർക്ക് സീസണിൽ മാത്രമേതൊഴിൽ ലഭിക്കുന്നുള്ളു. ഈ കേന്ദ്രങ്ങളുടെ ചുറ്റുപാടുകൾ ആരോഗ്യകരമല്ല. രണ്ട് വനിതാവ്യവസായ സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് 18 സ്ത്രീകൾ ജോലി ചെയ്യുന്നു. പാലുൽപന്ന നിർമ്മാണ യൂണിറ്റമായി ബന്ധപ്പെട്ട് 16 സ്ത്രീകളും തൊഴിലെടുക്കുന്നുണ്ട്. ഫോറസ്റ്റിൽ നിന്ന് വിറക് ശേഖരിച്ച് വിറ്റ് ഉപജീവനം നേടുന്ന 100ൽഅധികം സ്ത്രീകൾ ഉണ്ട്. ഈ മേഖലകളിലെല്ലാം തൊഴിലെടുക്കുന്നവർക്ക് വിവിധ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നു.

1. ഒരേ സമയം ഉപജീവനമാർഗം തേടലും വീട്ടുജോലിയും ചെയ്യേണ്ടിവരുന്നു.
2. ആരോഗ്യത്തിന് ഹാനികരമായ തൊഴിലുകൾ ചെയ്യേണ്ടിവരുന്നു. ഉദാ:- ക്വാറിജോലി
3. സ്ത്രീകൾക്ക് മാത്രമായി കണ്ടുവരുന്ന രോഗങ്ങൾക്ക് ഇവൾ എളുപ്പത്തിൽ വശംവദരാകുന്നു.

പുരുഷൻമാരുടെ മദ്യപാനം മൂലം സ്ത്രീകൾക്ക് വളരെയേറേ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. കുടുംബാന്തരീക്ഷത്തെ തകർക്കുന്ന ഈ വിപത്തിനെതിരെ പ്രതികരണം വളരെ കുറവാണ്. ചാരായനിരോധനം ഫലപ്രദമായി നടപ്പി

ലാക്കാൻ കഴിഞ്ഞിട്ടില്ല. കാവുംമന്ദം, പത്താം മൈൽ, മഞ്ഞൂറ പ്രദേശങ്ങളിൽ വ്യാജമദ്യം സുലഭമാണ്. വ്യാജമദ്യം ആദിവാസിമേഖലയെ ഏറ്റവും അധികം ബാധിക്കുന്ന ഒന്നത്രെ. ഒരു വിഭാഗം പുരുഷൻമാർ ജോലി ചെയ്ത്നേടുന്ന വരുമാനം പൂർണ്ണമായും 'ആനമയക്കി' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കള്ളിന്വേണ്ടി ചിലവഴിക്കുന്നു. ക്ളോറൽ ഹൈഡ്രേറ്റ് കലർത്തിയ വ്യാജ ചാരായവും കള്ളും കുടിക്കാൻ ഇടവരുന്നവർക്ക് ഗുരുതരമായ വിഷാദ രോഗം ഉൾപ്പെടെ അനവധി രോഗങ്ങൾ ബാധിക്കാൻ ഇടയുണ്ട്. കുടുംബാന്തരീക്ഷം പൂർണ്ണമായും തകർക്കുന്ന ഈ സാമൂഹ്യ വിപത്തിനെതിരെ അധികാരികൾ കാണിക്കുന്ന അലംഭാവം നിന്ദ്യവും ക്രൂരവുമാണ്.

ഈ പഞ്ചായത്തിൽ സ്ത്രീകൾ കുടുംബനാഥകളായി വർത്തക്കുന്ന 337 കുടുംബങ്ങൾ ഉണ്ട്. ഇവരാകട്ടെ ഭൂരിഭാഗവും വിധവകളുമാണ്. പുരുഷൻമാരുടെ തുല്യം കഴിവും മേധാശക്തിയും ഉത്തരവാദിത്തബോധവും ഈ കുടുംബനാഥകൾ പ്രദർശിപ്പിക്കാറുണ്ട്. ആവശ്യമായ സാഹചര്യങ്ങളിൽ ശക്തമായ നിലയിൽ സ്ത്രീകൾക്ക് പ്രതികരിക്കാൻ കഴിയുമെന്നതിൻെറ ഉദാഹരണമാണിത്.

337 വിധവകളിൽ 17 പേർക്ക് മാത്രമെ പെൻഷൻ ലഭിക്കുന്നുള്ളു. ലഭിക്കുന്ന തുകയാകട്ടെ തീർത്തും അപര്യാപ്തവുമാണ്. ആദിവാസി മേഖലയിലെ വൃദ്ധകളായ വിധവകളുടേയും മറ്റും ജീവിതം നരകതുല്യമാണ്.

ഈ പഞ്ചായത്തിൽ 20 മഹിളാസമാജങ്ങളുണ്ട്. 320 പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നവരുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നിർഭാഗ്യവശാൽ സാംസ്കാരികമേഖലയിൽ ഇവരുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ.

## *സാംസ്കാരികമേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം*

സാമ്പത്തികവും സാമൂഹികവുമായ അനേകം പ്രശ്നങ്ങൾ ഇവ നേരിടുന്നുണ്ട്. നേതൃത്വബോധവും കഴിവും ആത്മാർത്ഥതയുമുള്ള പ്രവർത്തകരുടെ കുറവ്, ദിശാബോധമില്ലായ്മ കൂടുതൽ വിദ്യാസമ്പന്നരെ മുൻനിരയിൽ എത്തിക്കാൻ കഴിയാതെ വരിക, സാമ്പത്തികമായും സാംസ്കാരികമായും മുൻനിരയിൽ നിൽക്കുന്ന വനിതകൾക്ക് ഇത്തരം പ്രസ്ഥാനങ്ങളോടുള്ള അവഗണന, സാമ്പത്തിക സ്വാശ്രയത്വമില്ലായ്മ.

രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുന്ന വനിതകളുടെ എണ്ണം വിരളമാണ്. ഇവരിൽ നേതൃത്വനിരയിലേക്ക് ഉയർന്നിട്ടുള്ളവർ ആരും തന്നെയില്ല. സംവരണാനുകൂല്യംകൊണ്ട് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമ പഞ്ചായത്തിലും വനികതൾക്ക് പ്രാതിനിധ്യം ലഭിച്ചത്. തരിയോട് ഗ്രാമ പഞ്ചായത്തിൽ മൂന്ന് വനിതാ മെമ്പർമാരും ബ്ലോക്ക് പഞ്ചായത്തിൽ തരിയോട് നിവാസിയായ ഒരു വനിതാ മെമ്പറുമാണുള്ളത്

സാംസ്കാരിക സംഘടനയായ ശാസ്ത്രസാഹിത്യപരിഷത്തിൽ ചുരുക്കം ചില വനിതകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്. വനിതകൾ പൊതുരംഗത്ത് എത്താതിരിക്കുന്നതിന് കാരണങ്ങൾ നിരവധിയാണ്.. വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ ഉയർന്ന കുടുംബങ്ങളിൽ നിന്ന് പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ രണ്ടോ മൂന്നോമാത്രം. പൊതു പ്രവർത്തനത്തെ സമൂഹം മാന്യതയായി അംഗീകരിച്ചിട്ടില്ല എന്നതു തന്നെയാണ് പ്രധാന കാരണം. ഉദ്യോഗസ്ഥരായ വനിതകളിൽ ആരും തന്നെ പോതുരംഗങ്ങളിൽ പ്രവർത്തിക്കുന്നില്ല. സമയത്തിൻെറ അഭാവമാണ് മുഖ്യപ്രശ്നം ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിന്ന് വിദ്യാഭ്യാസമുള്ള വിരലിലെണ്ണാവുന്ന വനിതകൾ മാത്രമെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നുള്ളു.

സ്ത്രീധന സമ്പ്രദായം നിലവിലുണ്ടങ്കിലും ഇതിൻെറ പേരിലുള്ള പീഢനങ്ങൾ രേഖപ്പടുത്തപെട്ടിട്ടില്ല. സ്ത്രീപീഢനത്തിൻെറകഥയും ഇതു തന്നെ. ഒരു പക്ഷേ അപമാന ഭീതിയോ മറ്റെന്തെങ്കിലും കാരണമോ കൊണ്ടോ പുറത്തു പറയാത്തതാകാം. വനിതാ കമ്മീഷൻെറ പ്രവർത്തനത്തെ പറ്റി അധികം സ്ത്രീകളും ബോധവതികളല്ല..

ഈ പഞ്ചായത്തിൽ 75 ഗർഭിണികളും 89 മുലയൂട്ടന്ന അമ്മമാരും ഉണ്ട്(ചാർട്ട് No:V) വിളർച്ച,

രക്തക്കുറവ് കൈകാലുകളിലെ നീർവീക്കം എന്നിവയാണ് ഇവർക്കുള്ള സാധാരണ രോഗങ്ങൾ.. വളരെ ചുരുങ്ങിയ തോതിൽ അയഡിൻകുറവു മൂലമുള്ള ഗേയിറ്റർ രോഗവും കാണപെടുന്നു. മുലപ്പാലിൻെറ കുറവ് ധാരാളം അമ്മമാരെ അലട്ടുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിലും ധാരാളം പേർ ബേബി ഫുഡ് ഉപയോഗിക്കുന്നു. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണ്. വിറ്റാമിനുകളുടെയും ധാതുക്കളുടെയും കുറവ് പരിഹരിക്കുന്നതിനുള്ള നിലവാരമുള്ള ഭക്ഷണം, മെഡിക്കൽ ചെക്കപ്പ് എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കണം. കൃത്യമായി പോഷാകാഹാരവിതരണം ഇപ്പോൾ നടക്കുന്നുണ്ടെന്ന് പറഞ്ഞുകൂടാ.

വിദ്ഗ്ദരായ ഡോക്ടർമാരുടെ സേവനം മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഓരോ അംഗൺവാടിയുടേയും പരിധിയിലുള്ള അമ്മമാർക്ക് ലഭ്യമാക്കണം. പോളിയോ, B.C.G, D.P.T തുടങ്ങിയ രോഗപ്രതിരോധ വാക്സിനുകളെപറ്റി ബോധവൽക്കരണം വേണം. വിദഗ്ദരായ ഡോക്ടർമാരുടെ സേവനം ഈ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ദൂരെയുള്ളസ്വകാര്യ ആശുപത്രികളെയാണ് ഇവിടെയുള്ളവർ ആശ്രയിക്കുന്നത്. ആദിവാസികൾ തിങ്ങി പാർക്കുന്ന മേഖലകളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ആവശ്യമായ ചികത്സ ലഭിക്കുന്നില്ല. പലപ്പോഴും മാനന്തവാടിയിയെയൊ കല്പറ്റയിലെയൊ ഗവൺമെൻെറ ആശുപത്രിയെ ആണ് ഇവർക്ക് ആശ്രയിക്കേണ്ടി വരുന്നത്.

## *വനിതാ വ്യവസായ യൂണിറ്റുകൾ*

W 205/96 നമ്പറായി ഏഴാം വാർഡിൽ വനിതാ സഹകരണ സംഘം പ്രവത്തിക്കുന്നു. അഞ്ചാം വാർഡിൽ ഒരു വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റിയും ഒരു കറി പൗഡർ യൂണിറ്റും ഉണ്ട്. ഇവയിലെല്ലാം കൂടി 42 സ്ത്രീകൾ ജോലി ചെയ്യുന്നു.

വൈദഗ്ധ്യക്കുറവ്, ഉത്പന്നങ്ങളുടെ വിപണനം സ്ഥലസൗകര്യക്കുറവ് എന്നിവയാണ് ഈ സ്ഥപാനങ്ങൾ നേരിടുന്നപ്രധാന പ്രശ്നങ്ങൾ.

വിദഗ്ധ പരിശീലനം, വീടുകളിൽ ഉത്പന്നം നേരിട്ടു വിൽക്കുന്നതിനുള്ള സൗകര്യം,പ്രവർത്തനമേഖലവിപുലീകരിക്കൽ, സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ തുങ്ങിയ നടപടികളിലൂടെ ഇവരുടെ പ്രവർത്തനം മെച്ചപെടുത്താം.

ഇവയെ സാബന്ധിച്ച കൂടുതൽ വുവരങ്ങൾ വ്യവസായ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഒരു പ്രധാന കുടിൽ വ്യവസായമാണ് കളിമൺ പാത്രനിർമ്മാണം. ഈ രംഗത്തെ 250ഓളം തൊഴിലാളികളിൽ 155 പേർ സ്ത്രീതൊഴിലാളികളാണ്. കളിമണ്ണിൻെറ ലഭ്യതക്കുറവ്, മൺപാത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള ജനങ്ങളുടെ വൈമുഖ്യം, വിപണന സൗകര്യങ്ങൾ ഇല്ലായ്മ, ഇന്ധനക്ഷാമം, പാത്രങ്ങളുടെ ഗുണനിലവാരത്തിൽ നിഷ്കർഷയില്ലായ്മ എന്നിവ ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഗുണമേന്മയുള്ള കളിമണ്ണ് കൊണ്ടുവരാനുള്ള സാമ്പത്തികസഹായം, പാത്രങ്ങൾ രൂപപെടുത്തുന്നതിനും ഉണക്കുന്നതിനും ആധുനികയന്ത്രങ്ങളുടെ ഉപയോഗം ഉല്പന്നങ്ങളെവൈവിധ്യവത്കരിക്കുക(പൂച്ചട്ടി, കരകൗശലം, പ്രതിമകൾ) മെച്ചപെട്ട പ്രതിഫലം ലഭിക്കുവാൻ സൗകര്യമുള്ള വിപണന കേന്ദ്രങ്ങൾ വ്യവസായം വിപുലപെടുത്തുന്നതിനുള്ള സാമ്പത്തികസഹായം എന്നിവ ഈ വ്യവസായത്തെ ലാഭകരമാക്കുവാൻ അത്യവശ്യമാണ്. പാത്രങ്ങൾ ചുട്ടെടുക്കുന്നതിന് ആധുനിക രീതിയിലുള്ള ചൂള നിർമ്മിക്കണം.

പപ്പടനിർമ്മാണം ഈപഞ്ചായത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു കുടിൽ വ്യവസായമാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിലുണ്ടാകുന്ന അസന്തുലിതമായ ഏറ്റക്കുറച്ചിൽ, പരസ്യമാധ്യമങ്ങളിലൂടെ കുത്തകകമ്പനികളുടെവിപണി പിടിച്ചെടുക്കൽ, വൻ കമ്പനികളോടു മത്സരിക്കാനുള്ള സാമ്പത്തിക ശേഷിക്കുറവ് എന്നിവ ഈ മേഖല നേരിടുന്നതിനുള്ള പ്രധാന പ്രശ്നങ്ങളാണ്.

വിലക്കുറവുള്ളപ്പോൾ കൂടുതൽ അസംസ്കൃത പാദാർത്ഥങ്ങൾ സംഭരിക്കാനുള്ള സാമ്പത്തിക ശേഷി അതിനുള്ള സാമ്പത്തിക സഹായം, വിപണന സൗകര്യങ്ങളുടെ മെച്ചപെടുത്തൽ, നിർമ്മാണ വിദ്യയുടെ ആധുനികവൽക്കരണം എന്നിവഈ വ്യവസായത്തെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനുള്ള മാർഗ്ഗങ്ങളാണ്.

തകർച്ചയിലേക്കു നീങ്ങുന്ന മറ്റൊരു കുടിൽ വ്യവസായ മേഖലയാണ് പരമ്പരാഗത കുട്ട, പരമ്പ്, മുറം എന്നിങ്ങനെയുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം. ഈ മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. ഈ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിന് അവരുടെ ഉൽപന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി ശേഖരിക്കയും വിപണനം നടത്തുകയും ചെയ്യേണ്ടതാണ്. ഇവർക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് വഴി അസംസ്കൃത വസ്തുക്കൾ കുറഞ്ഞവിലക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിൽ 5 ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 60 ഓളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കഠിനമായ കായികാദ്ധ്വാനം അവശ്യമായ തൊഴിൽ മേഖലയാണിത്.. അവർക്ക് മെച്ചപെട്ട കൂലി ലഭിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരക്ക് ആവശ്യമായ വൈദ്യ പരിശോധന മാസത്തിൽ ഒരിക്കൽ ലഭ്യമാക്കണം.

പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് സാങ്കേതിക നവീകരണം അനിവാര്യമാണ്. ഈരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. ചില പ്രത്യേക മേഖലകളിൽ മാത്രമെ പുരുഷന്മാർ പ്രവർത്തിക്കുന്നുള്ളൂ. ഉദാഹരണമായി കളിമൺ പാത്ര നിർമ്മാണ രംഗത്ത് മണ്ണ് ചവിട്ടിക്കുഴക്കാൻ പൂർവ്വരൂപമുണ്ടാക്കാൻ എന്നിവമാത്രം പുരുഷൻമാർ ചെയ്യുന്നു. എന്നാൽ ഉത്പന്നങ്ങളുടെ വിപണനമുൾ പെടെ മറ്റെല്ലാജോലികളും സ്ത്രീകളാണ് ചെയ്യുന്നത്. അതുകൊണ്ട്തന്നെ ഈ മേഖലയിൽ സ്ത്രീകളുടെ പ്രാധാന്യം എടുത്ത്പറയേണ്ടതാണ്. ഇതിനനുസരിച്ചുള്ള പരിഗണന സ്ത്രീകൾക്ക് ലഭിക്കുന്നില്ല. മാത്രമല്ല ഉത്പാദന പ്രക്രിയയിലൂടെ ലഭിക്കുന്ന ധനം വിനിയോഗിക്കുന്നത് പുരുഷൻമാരാണ്.

പരമ്പരാഗത തൊഴിൽ മേഖലയിൽ ഉത്പാദിപ്പിക്കപെടുന്ന വസ്തുക്കൾക്ക് വിപണി കണ്ടെത്തുക എന്നത് ശ്രമസാധ്യമായ കാര്യമാണ്. ഉത്പന്നങ്ങളുടെ വൈവിധ്യ വത്കരണത്തിലും, ഗുണനിലവാരത്തിലും ഉത്പന്നപ്രക്രിയയുടെ യന്ത്രവത്കരണത്തിലും ശ്രദ്ധിച്ചാൽ ഈ മേഖല ലാഭമാക്കാം . ഈ മേഖലയിൽ സ്ത്രീകൾക്കർഹമായ പരിഗണന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഉത്പന്ന യൂണിറ്റിൻെറ ഉടമാവകാശ്ശം സ്ത്രീകൾക്ക് ലഭ്യമാക്കുകയാണെങ്കിൽ വായ്പാസൗകര്യവും മറ്റും പ്രയോജനപ്പെടുത്തി ഈ യൂണിറ്റുകൾ കൂടുൽ ലാഭമാക്കാൻ കഴിയും വ്യവസായ നവീകരണം ഉത്പന്ന വൈവിധ്യവത്കരണം എന്നിവയെക്കുറിച്ച് വ്യവസായ റിപ്പോർട്ടിൽ കൂടുതലായി പ്രതിപാദിച്ചിട്ടുണ്ട്.

പച്ചക്കറി, ഉദ്യാന ഔഷധകൃഷി മേഖലകളിൽ സ്ത്രീകൾക്ക് വളരെയേറെ തൊഴിൽസാധ്യതകളുണ്ട്. എന്നാൽ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം വിപണന സൗകര്യക്കുറവാണ്. അതുകൊണ്ട് ഇവയുടെ വിപണനത്തിന് സഹകരണസംഘങ്ങൾ ആരംഭിക്കണം ഇവയുടെ നേതൃത്വം സ്ത്രീകൾക്ക് തന്നെ ആയിരിക്കണം കൂടുതൽ ക്ഷമയും കാര്യക്ഷമതയും ഈ മേഖലകളിൽ സ്ത്രീകൾക്കാണുള്ളത്. കൂടുതൽ ധനാഗമമാർഗ്ഗങ്ങൾ സ്വന്തമായുണ്ടാകുമ്പോൾ സ്ത്രീകളുടെ സ്വാതന്ത്ര്യബോധവും സാശ്രയത്വവും വർദ്ധിക്കുന്നു.

വിദ്യാഭ്യാസവും കാര്യക്ഷമതയും ഉത്തരവാദിത്തബോധവുമുള്ള സ്ത്രീകളുടെ പങ്കാളിത്തത്തോടെ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ചാൽ തീർച്ചയായും വിജയിക്കും. വസ്ത്രനിർമ്മാണം, പഴസംസ്കരണം, കറിപൊടി നിർമ്മാണം, തുകൽ ഉല്പന്നങ്ങളുടെ നിർമ്മാണം ഉദ്യാന, ഔഷധ, പച്ചക്കറികൃഷി, പാൽ പത്പന്നങ്ങളുടെ നിർമ്മാണം, തേനീച്ചവളർത്തൽ, ബേക്കറി, ഫാസ്റ്റ്ഫുഡ് നിർമ്മാണം, കളിമൺ പാത്രനിർമ്മാണം, കുട്ട, പരബ്, പായ നിർമ്മാണം, കളിമൺപാത്ര നിർമ്മാണം, കുട നിർമ്മാണം റബർചെരുപ്പ് നിർമ്മാണം, മെഴുകുതിരി, ചന്ദനതിരി, ചോക്ക്,ടാൽക്കം പൗഡർ, എംബ്രോയഡറി, പാവ, കളിപ്പാട്ടം, കെയിൻ വർക്ക്, ഫോട്ടോ ഫ്രെയിമിംഗ് വർക്ക് എന്നിവ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യേണ്ടതാണ്.

ആദിവാസി മേഖലയിലുള്ള സ്ത്രീകൾ ഇന്നു രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിച്ച്കൊണ്ട് ഇരിക്കുകയാണ് ഈ വിഭാഗത്തിലുള്ള സ്ത്രീകൾക്ക്

തൊഴിൽ ലഭ്യതയ്ക്കായി പ്രത്യേക പരിപാടികളും പരിശീലന പദ്ധതികളും ആവിഷ്കരിക്കണം. കല്പറ്റ യിൽ പ്രവർത്തിക്കുന്ന അമൃതിന്റെ മാതൃകയിൽ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പരിശീലന സ്ഥാ പനങ്ങൾ ആരംഭിക്കേണ്ടതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കഴിവതും സംഘടനാപാടവവും ഉള്ള വനി തകളെ പങ്കാളികളാക്കി സഹകരണസംഘങ്ങൾ ആരംഭിക്കണം. മാത്രമല്ല വ്യവസായ കോംപ്ലക്സുകൾ ആരംഭിച്ച് വൈവിധ്യമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കാ വുന്നതും വിപണനം നടത്താവുന്നതുമാണ്.

വനിതകളുടെ സാക്ഷരത ഉയർത്തുക:- വിദ്യാസമ്പന്നരായ വനിതകളുടെ സേവനം ഈ മേഖ ലയിൽ ഉപയോഗിക്കേണ്ടതാണ്. പെൺകുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസം നൽകുക കരിയർ ഗൈഡൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുക രാഷ് ട്രീയ സാംസ്കാരികരംഗങ്ങളിൽ സ്ത്രീകൾക്ക് അർഹ മായ പ്രാതിനിധ്യം നൽകുക, പ്രാദേശിക സ്വയംഭര ണസ്ഥാപനങ്ങൾ തുടങ്ങി പാർലമെന്റ് വരെയുള്ള വിവിധസ്ഥലങ്ങളിൽ സ്ത്രീകൾക്ക് വർദ്ധിച്ച പ്രാതി നിധ്യം ഉറപ്പാക്കുക തുടങ്ങിയ നടപടികളിലൂടെ സ്ത്രീ കളെ സമൂഹത്തിന്റെ നേതൃനിരയിലേക്ക് ഉയർത്തി കൊണ്ടുവരാൻ സാധിക്കും.

സ്ത്രീധന സമ്പ്രദായം ശൈശവവിവാഹം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കൽ (ആ ചാരങ്ങളുടെ ഭാഗമായി) തുടങ്ങി പല അനാചാ രങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇവയ്ക്കെതിരെ തീവ്രമായ ബോധവൽക്കരണം മാത്രം പോര; കർശനമായ നിയമനടപടികളും സ്വീക രിക്കേണ്ടതുണ്ട്. അംഗൺവാടിക്ഷേമനടപടികൾ ഉറ പ്പുവരുത്തുവാൻ കഴിയും. അംഗൺവാടികളെ കേന്ദ്രീ കരിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

ദരിദ്രകുടുംബങ്ങളുടെയും പിന്നോക്കവിഭാ ഗങ്ങളിലെ സ്ത്രീകളുടെയും ഉന്നമനത്തിനായി അയൽകുടുംബങ്ങൾക്ക് പലതും ചെയ്യാൻ കഴിയും പരസ്പരചർച്ചകളിലൂടെ പ്രശ്നങ്ങളുടെ സുഗമമായ പരിഹാരം സാധ്യമാകും. സാമൂഹിക സാമ്പത്തിക ആരോഗ്യരംഗങ്ങളിൽ ഇന്നു സ്ത്രീകൾ അനുഭ വിക്കുന്ന ഭൂരിപക്ഷം പ്രശ്നങ്ങൾക്കും അയൽകൂട്ടങ്ങ ളിലൂടെ പരിഹാരംകാണാൻ സാധിക്കും. ഉദാഹര ണത്തിന് ഒരു അയൽകൂട്ടത്തിലെ ഒരു വനിത നേരി ടുന്ന സ്ത്രീധനപീഢനം അയൽകൂട്ടത്തിന്റെ ശ്രദ്ധ യിൽപെടുത്താൻ സാധിക്കും. തദ്വാരാ ഈ പ്രശ്നം സമൂഹത്തിന്റെ ശ്രദ്ധയിൽപെടുത്താനും അതിലൂടെ പരിഹാരം കാണാനും സാധിക്കും.

പ്രൈമറിഘട്ടംമുതൽ സ്ത്രീപുരുഷ സമത്വ ബോധം വളർത്തിയെടുക്കാനുതകുന്ന വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. പാഠ്യപദ്ധതി യിൽ സ്ത്രീകളുടെ സാമൂഹ്യപദവിയെപറ്റിയും പ്രാധാന്യത്തെപറ്റിയും കുട്ടികളെ ദൃശ്യശ്രവ്യമാധ്യ മങ്ങളിൽ സ്ത്രീകൾക്ക് അപമാനമുണ്ടാക്കുന്ന തരത്തിലുള്ള ചിത്രീകരണങ്ങൾക്കെതിരെ സ്ത്രീകൾ തന്നെ പ്രതികരിക്കേണ്ട ഘട്ടം അതിക്രമിച്ചിരിക്കുന്നു. കലാകായിക രംഗങ്ങളിൽ മികവു കാണിക്കുന്ന വനി തകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകണം.

സ്ത്രീകൾക്കിടയിൽ ഇപ്പോൾ പ്രചാരത്തി ലുള്ളത് നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളാണ്. സ്ത്രീകൾക്കു വേണ്ടിയുള്ളവ എന്ന് അവകാശപ്പെ ടുന്ന പല പ്രസിദ്ധീകരണങ്ങളും കുത്തകകമ്പനിക ളുടെ ഉത്പന്നങ്ങളുടെ പ്രചരണോപാധികളാണ്. ഫാഷൻ ഷോ, സൗന്ദര്യമത്സരങ്ങൾ എന്നിവ തൊലി വെളുപ്പിന്റെ സംസ്കാരം സാധാര ണക്കാർക്കിടയിൽ കൂടി പ്രചരിപ്പിച്ചത് സൗന്ദര്യ വർദ്ധക വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള പ്രചര ണോപാധികളായി ഇവതരംതാഴുന്നു. സ്ത്രീകളുടെ അടിസ്ഥാനപ്രശ്നങ്ങളേപറ്റി വിചിന്തനം ചെയ്യു കയും സാംസ്കാരിക മണ്ഡലത്തിൽ അവരുടെ സ്ഥാനം ഉയർത്തുകയും ചെയ്യുന്ന മികച്ച പ്രസിദ്ധീ കരണങ്ങൾ കൂടുതലായി പ്രചരിപ്പിക്കേണ്ടതുണ്ട്. മികച്ച പുസ്തകങ്ങളും ലഭ്യമാക്കണം. ഇതിനു വേണ്ടി വാർഡുകൾ തോറും ലൈബ്രറികൾ സ്ഥാ പിക്കുകയോമൊബൈൽ ലൈബ്രറികൾ പ്രോത്സാ ഹിപ്പിക്കുകയോ ആവാം.

## പൊതുനിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്തം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീക

രിക്കുക. തൊഴിൽ മേഖലകൾ വിപുലീകരിക്കുക. വ്യവസായ പരിശീലനം നല്കുക.

2. ആദിവാസി മേഖലകളിലെ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക. നെൽകൃഷി പ്രോത്സാഹിപ്പിക്കുകയാണ് ഇതിനുള്ള ഏറ്റം നല്ല നടപടി.

3. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യസംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകുക. ഗർഭകാലത്ത് പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക.

4. പഞ്ചായത്തിലുള്ള ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഗൈനക്കോളജിസ്റ്റിൻെറസേവനം ഉറപ്പു വരുത്തുക.

5. എല്ലാ വീടുകളിലും നൂറുമീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കുക.

6. എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുക.

7. അംഗൺവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി അമ്മമാർക്കുവേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

8. വനിതകൾക്ക് സാംസ്കാരിക മുന്നേറ്റത്തിന് സഹായകമായവിധം വായനശാലകൾ സ്ഥാപിക്കുക.

9. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക.

10. ഓരോ വീട്ടിലും അടുക്കള ത്തോട്ടങ്ങൾ ഔഷധത്തോട്ടങ്ങൾ പൂന്തോട്ടങ്ങൾ എന്നിവ ആരംഭിക്കുന്നതിനും വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകുക.

11. വനിതകൾക്ക് നേതൃപരിശീലന ക്ലാസ്സുകൾ നൽകുക.

12. വിദ്യാഭ്യാസരംഗത്ത് പെൺകുട്ടുകളുടെ വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം നൽകുക. S.S.L.Cപാസാകാത്ത നിർദ്ധനരായ പെൺകുട്ടികൾക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

14. S.S.L.Cപാസായവർക്ക് ഉപരിപഠനത്തിനും തൊഴിൽ പരിശീലനത്തിനും വേണ്ടുന്ന സഹചര്യം ഒരുക്കുക.

15. വനിതകൾക്ക് ഒത്തുക്കൂടാൻ ഉള്ള സൗകര്യം കണക്കിലെടുത്ത് പരമാവധി മഹിളാ സമാജങ്ങൾ രൂപീകരിക്കുക .

16. വനിതകൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു കൗൺസിലിംഗ് സെൻറർ സ്ഥാപിക്കുക.

17. മാസത്തലൊരിക്കലെങ്കിലും കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുൾ സംഘടിപ്പിക്കുക. വിജ്ഞാനപ്രദമായ വീഡിയോ, സിനിമാ പ്രദർശനങ്ങൾ നടത്തുക.

18. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും , ഡോക്ടർ ,ഒപ്ലാൽ മോളജിസ്റ്റ്,ഹെൽത്ത് ഇൻസ്പെക്ടർ P.H നേഴ്സ് എന്നിവരുടെ ഫീൽഡ് വർക്ക് തൃപ്തികരമായി നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

19. ഗർഭസ്ഥ ശിശുവിൻെറ ലിംഗനിർണ്ണയം നടത്തി പെൺകുഞ്ഞുങ്ങളെ നശിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

20. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപെടുത്തുക. നിർദ്ദിഷ സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.
   a 1-ാം വാർഡിൽ 11-ാം മൈൽ ക്യാറിക്ക് സമീപം .
   b. 2-ാം വാർഡിൽ തരിയോട് 10-ാം മൈൽ മഞ്ഞൂറ ജംഗ്ഷൻ .
   c. കാവുമന്ദം H.S ജംഗ്ഷൻ .
   d. P.H.Cസ്റ്റോപ്പ്.
   e. 8-ാം മൈൽ ജംഗ്ഷൻ.
   f. കാപ്പുവയൽ അമ്പലത്തിന് സമീപം.
   g. കാവുമന്ദം അങ്ങാടി.

21. കുടുംബപ്രശ്നങ്ങൾ മൂലം നിരാലംബരായ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി ഷോർട്ട് സ്റ്റേഹോമുകൾ ആരംഭിക്കുക. ഇവരുടെ പുനരധിവാസത്തിനായി തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

22 മിക്കച്ച അംഗനവാടി പ്രവർത്തകർക്ക് പാരിതോഷികങ്ങൾ നൽകി ആദരിക്കുക.

23. എല്ലാ സമിതികളിലും സ്ത്രീകൾക്ക് 30% പ്രാതിനിധ്യം നൽക്കുക.

24. സംപൂർണ മദ്യനിരോധന പ്രവർത്തനങ്ങൾ ഊർജ്ജിതപെടുത്തുക.

25. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പോലിസ് സ്റ്റേഷനുകളിൽ വനിത പോലീസുകരെ നിയമിക്കുക.

26. പത്താം മൈൽ ക്യാറിക്ക് സമീപവും കാവുമന്ദം ചെന്നലോട് എന്നിവിടങ്ങളിലും ഒരോ ക്രെഷ് സ്ഥാപിക്കുക.

## സ്ത്രീ-പുരുഷ അനുപാതം (1991 സൻസസ്)

(ചാർട്ട് നമ്പർ II)

| വാർഡ് | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ ജോലിക്കാർ | | ആകെ പുരുഷൻമാർ | ആകെ സ്ത്രീകൾ | ആകെ ജനസംഖ്യ |
|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | | | |
| I | 3 | 4 | 55 | 5 | 71 | 32 | 98 | 78 | 176 |
| II | - | - | - | - | - | - | - | - | - |
| III | 8 | 8 | 169 | 169 | 434 | 111 | 769 | 739 | 1508 |
| IV | 5 | 7 | 302 | 301 | 582 | 197 | 1025 | 1027 | 2052 |
| V | 8 | 7 | 98 | 109 | 490 | 95 | 901 | 874 | 1775 |
| VI | 22 | 15 | 124 | 122 | 419 | 139 | 756 | 661 | 1417 |
| VII | 29 | 43 | 182 | 202 | 483 | 282 | 876 | 876 | 1752 |
| VIII | 20 | 31 | 264 | 236 | 397 | 151 | 775 | 781 | 1556 |
| ആകെ | 95 | 115 | 1144 | 1144 | 2876 | 1007 | 5200 | 5036 | 10236 |

## 1991 സെൻസസ്

## തൊഴിൽ നിലവാര സൂചിക

## ചാർട്ട് നമ്പർ 2

| വാർഡ് | കർഷകർ | | കർഷക തൊഴിലാളികൾ | | കാലി വളർത്തൽ | | ഖനനം, കാറി | | കുടിൽ വ്യവസായം | | ഇതര വ്യവസായങ്ങൾ | | നിർമ്മാണ തൊഴിലാളികൾ | | വ്യാപാരവുംവാണിജ്യവും | | ഗതാഗതം, വാർത്താവിനിമയം | | മറ്റു തൊഴിലാളികൾ | | നാമമാത്ര തൊഴിലാളികൾ | | തൊഴിൽ ഉള്ളവർ ആകെ | | തൊഴിൽ രഹിതർ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| I | 16 | 6 | 8 | 4 | 37 | 20 | 3 | 1 | - | - | - | - | 2 | - | 3 | - | 1 | 1 | 1 | - | - | - | 71 | 32 | 27 | 46 | 98 | 78 |
| II | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| III | 143 | 9 | 236 | 79 | 1 | - | 18 | 9 | - | - | - | - | 2 | - | 2 | - | 9 | 3 | 23 | 11 | 9 | 19 | 434 | 111 | 326 | 609 | 769 | 739 |
| IV | 284 | 32 | 214 | 145 | 3 | - | - | - | - | - | 9 | - | - | - | 22 | 1 | 5 | - | 46 | 19 | 7 | 3 | 582 | 197 | 436 | 827 | 1025 | 1027 |
| V | 282 | 19 | 132 | 44 | 3 | 2 | 3 | - | - | - | 11 | 2 | 4 | - | 19 | 1 | 8 | - | 28 | 27 | 3 | 1 | 490 | 95 | 408 | 778 | 901 | 874 |
| VI | 129 | 13 | 149 | 94 | 5 | - | 3 | - | 8 | 1 | 17 | 3 | 8 | - | 52 | 5 | 14 | - | 34 | 23 | 13 | 36 | 419 | 139 | 324 | 486 | 756 | 661 |
| VII | 180 | 30 | 206 | 199 | 5 | 2 | 8 | 3 | 9 | 5 | 12 | - | 4 | - | 18 | 1 | 11 | - | 30 | 34 | 10 | 37 | 483 | 282 | 383 | 557 | 876 | 876 |
| VIII | 119 | 14 | 179 | 104 | 5 | 2 | - | - | - | - | 3 | - | 2 | - | 40 | - | 17 | 1 | 33 | 30 | 9 | 21 | 397 | 151 | 369 | 609 | 775 | 781 |
| ആകെ | 1153 | 131 | 1123 | 669 | 59 | 26 | 35 | 13 | 17 | 6 | 51 | 5 | 22 | . | 156 | 8 | 65 | 5 | 195 | 144 | 51 | 117 | 2876 | 1007 | 2273 | 3912 | 5200 | 5036 |



വനിതാക്ഷേമം• വനിതാക്ഷേമം•
വനിതാക്ഷേമം• വനിതാക്ഷേമം
വനിതാക്ഷേമം• വനിതാക്ഷേമം
വനിതാക്ഷേമം• വനിതാക്ഷേമം

## ചാർട്ട് നമ്പർ 3 ഉദ്യോഗസ്ഥരുടെ ഇന വിവര പട്ടിക

| ഉദ്യോഗം | തിരയോട് പഞ്ചായത്തിൽ അധിവസിക്കുന്നവർ | പഞ്ചായത്തിന് പുറത്തുനിന്നു ഉള്ളവർ | ആകെ. |
|---|---|---|---|
| അദ്ധ്യാപകർ | 62 | 12 | 74 |
| നഴ്സറി ടീച്ചേഴ്സ് | 1 | 12 | |
| നഴ്സുമാർ | 12 | 11 | 13 |
| ഹെൽത്ത് വർക്കേഴ്സ് | 3 | 33 | |
| ക്ലർക്ക്മാർ | 2 | 2 | 2 |
| ഗസറ്റഡ് ഓഫീസേഴ്സ് | 4 | 44 | |
| മറ്റുള്ളവ | സൂപ്രണ്ട് 2<br>Dr 2 | 22<br>2 | 2 |
| ആകെ | 102 | 35 | 102 |

## പഞ്ചായത്ത് തൊഴിൽ നികുതി അസ്സസ്സ്മെൻറ് രജിസ്റ്റർ പഞ്ചായത്ത്.

## ചാർട്ട് നമ്പർ 4

## വനിതാ വ്യവസായ തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| നമ്പർ | വാർഡ് | വ്യവസായം | എണ്ണം | ഉടമസ്ഥ സ്വഭാവം | ഉൽപ്പന്നം | ലാഭമോ നഷ്ടമോ | വനിതാ തൊഴിലാളികൾ |
|---|---|---|---|---|---|---|---|
| 1 | I | ആടുവളർത്തൽ | 1 | സഹകരണം | പാൽ, തുകൽ, മാംസം, ജൈവവളം | ലാഭം | 10 |
| 2 | I | പരമ്പരാഗത കുടിൽ വ്യവസായം | | കുടിൽ വ്യവസായം | കുട്ട, മുറം പനമ്പ് | നഷ്ടം | 40 |
| 3 | I | ക്ഷീരോല്പാദന യൂണിറ്റ് | 1 | സഹകരണം | പാൽഉല്പന്നങ്ങൾ | ലാഭം | 4 |
| 4 | II | ക്ഷീരോല്പന്നയൂണിറ്റ് | 2 | സഹകരണം | പാൽഉല്പന്നങ്ങൾ | ലാഭം | 8 |
| 5 | III | ക്ഷീരോല്പന്നയൂണിറ്റ് | 1 | സഹകരണം | പാൽഉല്പന്നങ്ങൾ | ലാഭം | 4 |
| 6 | V | കറിപൗഡർ | 1 | സഹകരണം | ധാന്യംപൊടിക്കൽ കാപ്പി, കറിപൊടികൾ | നഷ്ടം | 12 |
| 7 | V | വനിതാവ്യവസായ സംഘം | 1 | സഹകരണം | വസ്ത്രനിർമ്മാണം | ലാഭം | 10 |
| 8 | V | പപ്പടനിർമ്മാണം | 2 | കുടിൽ വ്യവസായം | പപ്പടം | നഷ്ടം | 6 |
| 9 | V | ഇഷ്ടിക | 3 | സ്വകാര്യ വ്യവസായം | ഇഷ്ടിക | ലാഭം | 22 |
| 10 | VI | ഇഷ്ടിക | 2 | സ്വകാര്യവ്യവസായം | ഇഷ്ടിക | ലാഭം | 15 |
| 11 | VI | പപ്പടനിർമ്മാണം | 1 | കുടിൽ വ്യവസായം | പപ്പടം | നഷ്ടം | 3 |
| 12 | VI | കളിമൺ വ്യവസായം | - | കുടിൽവ്യവസായം | പാത്രം,പൂച്ചട്ടി, കരകൗശല വസ്തുക്കൾ | നഷ്ടം | 90 |
| 13 | VII | കളിമൺവ്യവസായം | - | കുടിൽ വ്യവസായം | പാത്രം, പൂച്ചട്ടി, കരകൗശല വസ്തുക്കൾ | നഷ്ടം | 65 |
| 14 | VII | വനിതാസഹകരണസംഘം | 1 | സഹകരണം | വസ്ത്രനിർമ്മാണം, കറിപൗഡർ , ഏലം, തേൻ വിവണനം | പുതുതായി തുടങ്ങിയത് | 8 |



വനിതാക്ഷേമം. വനിതാക്ഷേമം.
വനിതാക്ഷേമം. വനിതാക്ഷേമം
വനിതാക്ഷേമം. വനിതാക്ഷേമം
വനിതാക്ഷേമം. വനിതാക്ഷേമം

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | VII | പാൽ സൊസൈറ്റി | 1 | സഹകരണം | പാൽശേഖരണം,.വില്പന | ലാഭം | 1 |
| 16 | VII | പരമ്പരാഗത കുടിൽ വ്യവസായം | - | കുടിൽ വ്യവസായം | കുട്ട, മുറം, പനമ്പ് | നഷ്ടം | 60 |
| 17 | VIII | പരമ്പരാഗത കുടിൽ വ്യവസായം | - | കുടിൽ വ്യവസായം | കുട്ട, മുറം, പനമ്പ് | നഷ്ടം | 55 |
| 18 | VII | ഇഷ്ടിക നിർമ്മാണം | 7 | സ്വകാര്യവ്യവസായം | ഇഷ്ടിക | ലാഭം | 50 |
| | | | | | ആകെ | | 463 |

സാമ്പത്തിക സാമൂഹ്യ സർവ്വേ

## ചാർട്ട് നമ്പർ ഒന്ന് - വനിതാ വിദ്യാഭ്യാസ നിലവാരം

| ക്രമ നമ്പർ | വാർഡ് നമ്പർ | SSLC | PDC | Degree and above |
|---|---|---|---|---|
| 1 | I | 88 | 41 | 17 |
| 2 | II | 35 | 18 | 8 |
| 3 | III | 92 | 38 | 20 |
| 4 | IV | 21 | 7 | 2 |
| 5 | V | 120 | 45 | 17 |
| 6 | VI | 102 | 40 | 18 |
| 7 | VII | 115 | 36 | 18 |
| 8 | VIII | 89 | 32 | 14 |
| | ആകെ | 662 | 257 | 114 |

അവലംബം സാമ്പത്തിക സാമൂഹ്യ സർവ്വേ

## ചാർട്ട് നമ്പർ അഞ്ച് ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും എണ്ണം

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗർഭിണികൾ | മുലയൂട്ടുന്നഅമ്മമാർ |
|---|---|---|---|
| 1 | I | 6 | 9 |
| 2 | II | 4 | 5 |
| 3 | III | 6 | 16 |
| 4 | IV | 15 | 15 |
| 5 | V | 6 | 13 |
| 6 | VI | 8 | 6 |
| 7 | VII | 15 | 15 |
| 8 | VIII | 15 | 10 |
| | ആകെ | 75 | 89 |

അവലംബം അംഗൺവാടി റിപ്പോർട്ട്




**ആമുഖം :-** ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സഹകരണമേഖല ഇന്ന് ഇന്ത്യാ രാജ്യത്തിലാകെ പടർന്ന് പന്തലിച്ച ഒരു മഹാ പ്രസ്ഥാനമായി വളർന്നു കഴിഞ്ഞിട്ടുണ്ട്. കാർഷിക-വ്യാവസായിക-ഉൽപ്പാദന-വിപണന-വിതരണ മേഖലകളിലെല്ലാംഇന്ന് സഹകരണ പ്രസ്ഥാനം ഒരു നിർണ്ണായക ശക്തിയായി വളർന്നിട്ടുണ്ട്. സാമ്പത്തികോൽപ്പാദനം സഹകരണാടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുകയും ന്യായമായ വിധം വിതരണം നടത്തുകയും ചെയ്യാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയും. എന്നാൽ പല മേഖലകളിലും ഇന്ന് സഹകരണ പ്രസ്ഥാനത്തിന് അതിൻേറതായ പങ്ക് നിർവ്വഹിക്കുവാൻ കഴിയുന്നില്ല. സഹകരണാടിസ്ഥാനത്തിലുള്ള നെൽകൃഷിയിലൂടെ കാർഷികോൽപ്പന്നങ്ങൾ മാർക്കറ്റിംഗ് സംഘങ്ങൾ വഴി വിറ്റഴിച്ചു കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാനും സഹകരണ പ്രസ്ഥാനത്തിന് കഴിയും. വ്യവസായിക രംഗത്ത് കുത്തകകളുടെയും വിദേശ മൂലധനത്തിൻേറയും ആധിപത്യം വളർന്ന് വരുമ്പോൾ ചെറുകിട ഇടത്തരം മേഖലയെ നിലനിർത്താനും, വളർത്താനും സഹകരണ പ്രസ്ഥാനം സഹായകമാകും. ഇന്ത്യയിലെ ഉപഭോക്താക്കളെ ഞെരുക്കുന്ന വിലക്കയറ്റത്തിൽ നിന്ന് അല്പമെങ്കിലും ആശ്വാസം നൽകുംവിധം വിലക്കയറ്റം നിയന്ത്രിച്ചു നിർത്താൻ ഉപഭോക്ത മേഖലയിൽ ഇടപെടാനും സഹകരണ പ്രസ്ഥാനത്തിന് കഴിയും. സമൂഹത്തിൻെറ അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേണ്ട പദ്ധതികൾ നടപ്പാക്കാനും അതിലൂടെ സാമ്പത്തികോൽപ്പാദനം വൻതോതിൽ ഉയർത്താനും സഹകരണ മേഖലയ്ക്കു കഴിയും. ഇതിനെല്ലാം കഴിയും വിധം സഹകരണ മേഖലയെ ശക്തിപ്പെടുത്താനും ആവശ്യമായ നിയമ നിർമ്മാണം നടത്താനും ഗവൺമെൻറും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഒത്തൊരുമിച്ചു നീങ്ങണം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സഹകരണ മേഖലയുടെ വളർച്ച അസംതുലിതവും അസംഘടിതവുമാണ്. സാമ്പത്തിക പുരോഗതിയിൽ മുന്നോക്കം നിൽക്കുന്ന പല സംസ്ഥാനങ്ങളിലും കാർഷിക-വ്യാവസായിക-വിപണന മേഖലകളിലെ കുത്തകകൾ സഹകരണമേഖലയെ തങ്ങളുടെ ചൊൽപ്പടിയിൽ നിർത്തി തങ്ങളുടെ നേട്ടങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നു.

കേരളത്തിലാകട്ടെ കാർഷിക-വ്യാവസായിക-വിപണന-വിതരണ മേഖലകളിൽ ഇടത്തരം ചെറുകിട വിഭാഗങ്ങളുടെ ആശ്രയമായി സഹകരണ മേഖല പ്രവർത്തിക്കുന്നു. കാർഷിക മേഖലയിൽ നൽകുന്ന സാമ്പത്തിക പിൻ ബലം മൂലം കർഷകർക്ക് കഴുത്തറപ്പൻ പലിശക്കാരുടെ പിടിയിൽ നിന്ന്





വൻതോതിൽ മോചനം ലഭിച്ചു. വ്യവസായരംഗത്ത് പൊതു-സ്വകാര്യമേഖലാ സംരംഭങ്ങളോട് കിടപിടിക്കാവുന്ന വ്യവസായ ശൃംഖല കെട്ടിപ്പടുക്കാനും സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണ രംഗത്തും ഇടപെടാൻ കഴിയുന്ന ശക്തിയായി സഹകരണ മേഖല വളർന്നു. പൊതു-സ്വകാര്യ മേഖലാ ബാങ്ക് കളോട് മത്സരിക്കാൻ കഴിയും വിധം ശക്തമായ സഹകരണ ബാങ്കിംഗ് മേഖലയും നമുക്കുണ്ട്. പൊതുമേഖലാ ബാങ്കുകൾ തങ്ങളുടെ നിക്ഷേപത്തിന്റെ 40% മാത്രം ഈ സംസ്ഥാനത്ത് വായ്പയായി നൽകുമ്പോൾ സഹകരണ ബാങ്കുകൾ 100% നിക്ഷേപവും ഇവിടെത്തന്നെ വിതരണം ചെയ്യുന്നു. സംസ്ഥാന സഹകരണ ബാങ്ക്, 14 സഹകരണബാങ്കുകൾ, 36 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, സംസ്ഥാന ഭൂവികസന ബാങ്ക്, ആയിരത്തോളം സഹകരണ ബാങ്കുകൾ ആയിരക്കണക്കിന് സഹകരണ സംഘങ്ങൾ എന്നിങ്ങനെ വളരെ വ്യാപകമായ ഒരുശൃംഖല കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിനുണ്ട്.

കാർഷിക മേഖലയായ വയനാട് ജില്ലയിൽ 1 ജില്ലാ സഹകരണ ബാങ്കും, 2 ഭൂവികസന ബാങ്കുകളും, 405 ഓളം സഹകരണ സംഘങ്ങളും, 28 പ്രാഥമിക സഹകരണ ബാങ്കുകളുമായിവ്യാപിച്ചു കിടക്കുന്ന സഹകരണ പ്രസ്ഥാനം നമ്മുടെ കാർഷിക-വിപണന വിതരണ മേഖലകളിലും, ക്ഷീര വ്യവസായ രംഗത്തും നല്ലൊരു സ്വീധീനശക്തിയായി വളർന്നിട്ടുണ്ട്. വ്യവസായ മേഖലയിൽ സഹകരണ മേഖലയുടെ പങ്ക് നാമമാത്രമാണ്.

തരിയോട് പഞ്ചായത്തിൽ കാർഷിക മേഖലയിൽ കർഷകർക്ക് പിൻബലം നൽകാൻ തരിയോട് സർവ്വീസ് സഹകരണ ബാങ്കിന് കുറച്ചൊക്കെ കഴിയുന്നുണ്ട്. വ്യാവസായിക മേഖലയിൽവനിത വ്യവസായ സംഘവും D.W.C.R.A. യൂണിറ്റും വനിതാ സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊക്കെ ഈ രംഗത്ത് ഗണനീയ ശക്തികളല്ല. ഇതിൽ രണ്ടു വ്യവസായ സംഘങ്ങൾ തകർച്ചയെ നേരിടുന്നു. പട്ടികജാതി സൊസൈറ്റിയും നാമമാത്ര പ്രവർത്തനമേയുള്ളൂ. ക്ഷീര വ്യവസായ സഹകരണ സംഘമാവട്ടെ നമ്മുടെ പഞ്ചായത്തിലെ പാലുൽപ്പാദകരിൽ ഒരു ന്യൂനപക്ഷത്തിന്റെ പങ്കാളിത്തത്തോടെ മാത്രം പ്രവർത്തിക്കുന്നതും പലവിധ പ്രതിസന്ധികൾ നേരിടുന്നതുമാണ്. വിപണന വിതരണ മേഖലകളിലും, ഉല്പാദന മേഖലകളിലും ഈ പഞ്ചായത്തിൽ സംഘങ്ങളില്ല. കല്പറ്റ ആസ്ഥാനമുള്ള പട്ടികജാതി കാർഷിക വിപണന സംഘവും അമ്പലവയൽ ആസ്ഥാനമായുള്ള മരാമത്ത് സൊസൈറ്റിയും ഈ പഞ്ചായത്തിൽ അവയുടെ ഓരോ ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും ആ മേഖലകളിൽ നിർണ്ണായകമായ പ്രവർത്തനം നടത്താൻ ശക്തമല്ല. ഖാദി ഗ്രാമ വ്യവവസായ യൂണിറ്റുകളും,ക്ഷീരോൽപ്പന്ന യൂണിറ്റുകളും ഉണ്ടെങ്കിലും അവ പ്രവർത്തിക്കുന്നത് നാമമാത്രമായിട്ടാണ്. സഹകരണ വ്യവസായ സാദ്ധ്യതകൾ നമ്മൾ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന്തന്നെ പറയാം.

## ചരിത്രം

19ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സാമ്പത്തിക തകർച്ചയെ നേരിട്ടുകൊണ്ടിരിക്കെ ജൂതന്മാരുടെ ആധിപത്യത്തിലായിരുന്നു ധന മാർക്കറ്റിന്റെ ചൂഷണത്തിൽ നിന്ന് പാവപ്പെട്ട കർഷകരേയും നിർമ്മാണ തൊഴിലാളികളെയും മോചിപ്പിക്കുന്നതിനുവേണ്ടി H.F.W.റായ്ഫീസൺ, H.F.-ഷൂൾഡ് എന്നിവർ മുൻകൈയ്യെടുത്തു. സഹകരണ ക്രഡിറ്റ് അസോസിയേഷനുകൾ രൂപീകരിച്ചു. ബ്രിട്ടനിലാകട്ടെ 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ കോ-ഓപ്പറേറ്റീവ് സ്റ്റോർ പ്രസ്ഥാനം ശൈശവ ദിശയിലായിരുന്നു. ഇന്ത്യാ ഗവൺമെൻറിന്റെ 1904-ലെ കോ-ഓപ്പറേറ്റീവ്ക്രഡിറ്റ് സൊസൈറ്റീസ് ആക്ട് ഓഫ്യാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ആരംഭിച്ചത്. 1912-ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് ഓഫ് ഇന്ത്യ നിലവിൽ വന്നു. കേരളത്തിലാകട്ടെ 1969-ൽ കേരള-കോ-ഓപ്പറേറ്റീവ് ആക്റ്റ് രൂപം കൊണ്ടു.

തരിയോട് പഞ്ചായത്തിൽ 1932 മുതൽ പ്രവർത്തിച്ചു വരുന്ന ഐക്യനാണയ സംഘം രൂപീകരിച്ചു. ശ്രീ. രാവുണ്ണികുറപ്പ്, ശ്രീ. പാറക്കണ്ടി മൊയ്തീൻ, പുത്തുർ സൂപ്പി, പുത്തൂർ അവുള, പി.ഇ.ഭാസ്ക്കരയ്യർ, എന്നീ 5 പേരെ പഞ്ചായത്ത് അംഗങ്ങളായും, ഭരണ സമിതി ശ്രീ.രാവുണ്ണികുറുപ്പിനെ പ്രസി

ഡണ്ടായും തെരഞ്ഞെടുത്തു. പി.ഭാസ്കരയ്യരായിരുന്നു സിക്രട്ടറി.23 അംഗങ്ങൾക്ക് 44 ഷെയർ ആണുണ്ടായിരുന്നത്. 10 രൂപ വിലയുള്ള 400 ഷെയറും 4000 രൂപഓഹരി മൂലധനവും ആണ് ആദ്യഘട്ടത്തിൽ നിശ്ചയിച്ചിരുന്നത്. ഓഹരി എടുക്കുമ്പോൾ ഷെയർഉടമ 2 രൂപ അടയ്ക്കുകയും ബാക്കി 8 രൂപ 8 വാർഷിക ഗഡുക്കളായി അടയ്ക്കുകയും ചെയ്യാൻ നിബന്ധനയുണ്ടായിരുന്നു.

F. 967-ാം നമ്പറായി കോഴിക്കോട് സഹകരണ ഡെപ്യൂട്ടി റജിസ്ട്രാർ 1912-ലെ ഇന്ത്യാ ഗവൺമെൻറ് സഹ ആക്റ്റ് II സെക്ഷൻ 9 പ്രകാരം പരിധിയില്ലാത്ത ബാദ്ധ്യതയോടു കൂടിയ ഒരു സഹകരണ വായ്പ സംഘമായി 1932-ഫെബ്രുവരിയിൽ (3 ാം തിയ്യതി ) ഇതു രജിസ്റ്റർ ചെയ്തു. സ്ഥിര നിക്ഷേപം മാത്രമായിരുന്നു. അനുവദിച്ച നിക്ഷേപ പദ്ധതി. വിത്ത്, വളം, കൃഷിയുപകരണങ്ങൾ, നാൽക്കാലികൾ, അവയ്ക്കുള്ള തീറ്റ എന്നിവ വാങ്ങാനും, കട്ടവണ്ടിയുണ്ടാക്കാനോ, വിലക്കു വാങ്ങാനോ, കിസം പാട്ടവും, കൊടുക്കാനോ, ഭൂമിവാങ്ങാനോ, നന്നക്കാനോ, വീടോ,തൊഴുത്തോ ഉണ്ടാക്കാനോ, കടം വീട്ടാനോ, സാധനങ്ങളുംമറ്റും വാങ്ങാനോ (അടിയന്തിരാവശ്യങ്ങൾക്ക് 25 രൂപ ) അനുവദിക്കാൻ ബൈലോ. ഒരു ഓഹരിയ്ക്ക് 25 ക പ്രകാരമായിരുന്നു വായ്പ. ഒരു മെമ്പർക്കെടുക്കാമായിരുന്ന പരമാവധി വായ്പയും 25 രൂപയായിരുന്നു. ജാമ്യ വ്യവസ്ഥയിൽ 50രൂപ മാത്രമാണ് വായ്പ നൽകിയത്.ഒരു ഓഹരിയുടമയ്ക്ക് 50 ക വായ്പാ സംഖ്യക്കു മാത്രമെ ജാമ്യം നിൽക്കാൻ വ്യവസ്ഥയുള്ളൂ.സ്വത്തു പണയത്തിന്മേൽ സ്വത്തിന്റെ വിലയുടെ 50% വരെ വായ്പ നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. ഉല്പന്നങ്ങളുടെ ഉറപ്പിന്മേൽ അവയുടെ വിലയുടെ 75% വരെ പരിധിയില്ലാതെ വായ്പ നൽകാമായിരുന്നു. ഉറുപ്പികയ്ക്ക് മാസം 1 1/5 പൈ പ്രകാരമായിരുന്നു പലിശ. ഇടപാടുകാർ സംബന്ധിച്ച തർക്കങ്ങൾ രജിസ്ട്രാറുടെ തീർപ്പിന് വിടുകയും അതിന് മേൽ രജിസ്ട്രാർക്ക് തീരുമാനമെടുക്കുകയും ചെയ്യാമായിരുന്നു. അതല്ലെങ്കിൽ രജിസ്ട്രാർ നിർദ്ദേശിക്കുന്ന ഒരു മദ്ധ്യസ്ഥനും കക്ഷികൾ നിർദ്ദേശിക്കുന്ന രണ്ടു മദ്ധ്യസ്ഥന്മാരും പ്രശ്നം സംബന്ധിച്ചു തീരുമാനമെടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ഈ തീരുമാനം അന്തിമമായിരിക്കും. തീരുമാന പ്രകാരം വസൂലാക്കേണ്ട സംഖ്യ റവന്യൂ റക്കവറി നടപടി പ്രകാരം ഈടാക്കിത്തരുവാൻ കലക്ടറോട് ആവശ്യപ്പെടാമായിരുന്നു. കലക്ടർ ഈ ആവശ്യം നടപ്പാക്കേണ്ടതുമാണ്. മദ്ധ്യസ്ഥ തീരുമാനം ഒരു കോടിതി വിധിയെന്നപോലെ നടപ്പാക്കി കിട്ടാൻസിവിൽ കോടതിയിൽ അന്യായം സമർപ്പിക്കാവുന്നതും കോടതി ഈ തീരുമാനം നടപ്പാക്കാൻ ബാദ്ധ്യസ്ഥവുമായിരുന്നു.

1964-ലാണ് ഐക്യ നാണയ സംഘം തരിയോട് സർവ്വീസ് സഹകരണ ബാങ്കായി മാറിയത്. സംഘം ഓഫീസ് കെട്ടിടത്തിൽ 10.5.64 ന് ബാങ്ക് ഓഫീസിൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമാൻ. M.T.ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വെച്ച് മലബാർ ജില്ലാ കോ-ഓപ്പറേറ്റീവ് സെട്രൽ ബാങ്ക് പ്രസിഡണ്ട് ശ്രീമാൻ.കെ. രാമൻ കുട്ടി നായർ ബാങ്കിന്റെ ഉൽഘാടനം നിർവ്വഹിച്ചു. സംഘം ജനറൽ ബോഡി യോഗത്തിൽ വെച്ചു ഡയറക്ടർമാരെ അംഗങ്ങൾ നിർദ്ദേശിക്കുകയും അങ്ങനെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. ആദ്യ പ്രസിഡണ്ട് ശ്രീ.കെ ദാമോദരമേനോനും , സെക്രട്ടറി.ഈ .സെബാസ്റ്റ്യനും ആയിരുന്നു. ബാങ്കിന്റെ ഓഹരി മൂലധനവും, കരുതൽ മൂലധനവും കൂടി 27800 രൂപയായിരുന്നു. അതിന്റെ പത്തിരട്ടിവരെ വായ്പ വാങ്ങാനുള്ള അധികാരമായിരുന്നു ബാങ്കിനുണ്ടായിരുന്നത്. അതുവരെ സംഘത്തിന്റെ മാനേജരായി ജോലി നോക്കിയിരുന്ന ബാങ്ക് ഇൻസ്പെക്ടർ ഒ. കുട്ടികൃഷ്ണൻ നായർ സെൻട്രൽ ബാങ്ക് കല്പന പ്രകാരം ചാർജ് പുതിയ ഭരണ സമിതിക്ക് നല്കി. സ്ഥിരം സെക്രട്ടറി ഇല്ലാതിരുന്നതിനാൽ ഓരു ക്ലാർക്കിനെ നിയമിക്കുകയുണ്ടായി. ഇദ്ദേഹമാണ് പണമിടപാടുകൾ നടത്തിയിരുന്നത്. ആൾ ജാമ്യത്തിൽ 500രൂപയും വസ്തു ജാമ്യത്തിൽ 5000 രൂപവെരയായിരുന്നു പരമാവധി വായ്പ. 1964-ൽബാങ്കിൽ സേവിംഗ് അക്കൗണ്ടു ആരംഭിച്ചത്. ഈ കാലഘട്ടത്തിൽ തരിയോട് നോർത്തിൽ ബാങ്ക്ഒരു റേഷൻ ഷോപ്പ് നടത്തിയിരുന്നു. 22.10.64 ലാണ് ഒരു സ്ഥിരം സെക്രട്ടറിയെ നിയമിച്ചത്. പിൽക്കാലങ്ങളിൽ വന്ന പ്രസിഡണ്ടുമാർ ജോജ് വെള്ളാനാൽ,സി.എ.മാധവൻ നായർ, വർക്കി കൂവയ്ക്കൽ, ടി.സി. ദേവസ്യാ,എംജെ.വർഗ്ഗീസ് എന്നി





വരാണ് . 1992-വരെ ബാങ്ക് ഒരു വാടകകെട്ടിത്തിലാണ് പ്രവർത്തിച്ചിരുന്നത്. 18.6.92 മുതൽ ബാങ്ക് ഇന്നു പ്രവർത്തിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് മാറി.

ഇതോടുകൂടി ബാങ്കിൽ പുതിയൊരു മുഖച്ഛായ വരികയും ജനങ്ങളെ കൂടുതലായി ഇതിന്റെ പ്രവർത്തനത്തിലേക്ക് ആകർഷിക്കുവാൻ കഴിയുകയും ചെയ്തു. മുൻകാലങ്ങളിൽ ബാങ്കിന്കനത്ത നഷ്ടം വരുത്തി കൊണ്ട് നൽകിയിരുന്ന ബിനാമി ലോണുകളും, കിട്ടാക്കടങ്ങളും കേന്ദ്രഗവൺമെൻറിന്റെ കടാശ്വാസ പദ്ധതിയിൽപെടുത്തി 1989-ൽ എഴുതിത്തള്ളിയതോടെ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി തകർച്ചയിൽ നിന്ന് അല്പം രക്ഷപ്പെട്ടു. ബാങ്കിന് പലപ്പോഴായിജപ്തി ചെയ്തു ലേലത്തിൽ ലഭിച്ചതും വിലക്കു വാങ്ങിയിതുമായി 9 ഏക്ര 36 സെൻറ് സ്ഥലത്തിൽ നിന്ന് 5 ഏക്ര 76 സെൻറ് സ്ഥലം മുൻപ് പലപ്പോഴായി ഭരണ സമിതികൾ വില്പന നടത്തിയിരുന്നു. ഇവയ്ക്കു ന്യായമായ വില വാങ്ങിയെടുക്കാൻ കഴിയാതിരുന്നതു മൂലം ബാങ്കിന്വൻ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടങ്ങൾ നികത്തി തരിയോട് സർവ്വീസ് സഹകരണ ബാങ്ക് പുരോഗതിയുടെ പാതയിലാണ്.

## തരിയോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | പേര് | ഇനം | രജിസ്ട്രേഷൻ |
|---|---|---|---|
| 1. | തരിയോട് സർവ്വീസ് സഹകരണ ബാങ്ക് | ക്രെഡിറ്റ് സംഘം | സഹകരണവകുപ്പ് |
| 2. | തരിയോട് ക്ഷീരവ്യവസായ സഹകരണ സംഘം | നോൺ ക്രെഡിറ്റ് | ക്ഷീര വികസനവകുപ്പ് |
| 3. | തരിയോട് വനിതാ വ്യവാസയ സഹകരണ സംഘം | " | വ്യവസായവകുപ്പ് |
| 4. | തരിയോട് വനിതാ സർവ്വീസ് സഹകരണ സംഘം | " | സഹകരണ വകുപ്പ് |
| 5. | പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘം തരിയോട് | " | ഫിഷറീസ്വകുപ്പ് |
| 6. | പട്ടികജാതി പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റി | " | സഹകരണം |
| 7. | പട്ടികജാതി സർവ്വീസ് സഹകരണ സംഘം | " | സഹകരണം |
| | **പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് തല സൊസൈറ്റികളുടെ ബ്രാഞ്ചുകൾ** | | |
| 1 | വൈത്തിരി താലൂക്ക് മൈനിംഗ് ആൻറ് മരാമത്ത് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി H.Oഅമ്പലവയൽ ബ്രാഞ്ച് 11-ാം മൈൽ | നോൺ ക്രെഡിറ്റ് | സഹകരണ വകുപ്പ് |
| 2 | വൈത്തിരിതാലൂക്ക് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി H.O. കൽപ്പറ്റ.ബ്രാഞ്ച് കാവുംമന്ദം | നോൺ ക്രെഡിറ്റ് | സഹകരണ വകുപ്പ് |
| | **മറ്റു സഹകരണ യൂണിറ്റുകൾ** | | |
| 1. | DWCRAപത്മാകറിപൗഡർ യൂണിറ്റ് കാവും മന്ദം | " | ചാരിറ്റബിൾ സൊസൈറ്റീസ് റജി.ആക്റ്റ് |
| 2. | DWCRAആടുവളർത്തൽ യൂണിറ്റ് തരിയോട് 11-ാം മൈൽ | " | " |
| 3. | റൂറൽ ഡവലപ്മെൻറ് സൊസൈറ്റി ലതർ വർക്സ് | " | ഖാദി ആൻറ്വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് |
| 4 | മിൽക്ക് പ്രോഡക്റ്റ്സ് യൂണിറ്റ് 8-ാം മൈൽ | " | ക്ഷീര വികസനവകുപ്പ് |
| 5. | മിൽക്ക് പ്രോഡക്റ്റ്സ് യൂണിറ്റ് 10-ാം മൈൽ | " | " |
| 6. | മിൽക്ക് പ്രോഡക്റ്റ്സ് യൂണിറ്റ് 11-ാം മൈൽ | " | വ്യവസായ കേന്ദ്രത്തിൽ അഫിലിയേഷൻ |





തരിയോട് സർവ്വീസ് സഹകരണ ബാങ്കിൽ 1996 ൽ അംഗങ്ങൾ 3317 ആണ്. ഇതിൽ സ്ഥലം വിട്ടു പോയവരും, മരിച്ചവരും ഒഴിച്ചാൽ 3100-ഓളം വരും യഥാർത്ഥ അംഗസംഖ്യ. ഒരുഷയറിന്റെ വില 10 രൂപയാണ്.4ലക്ഷം രൂപയുടെ ഷയർ പിരിച്ചെടുക്കാനാണ് ഇപ്പോൾ നിബന്ധനയുള്ളത്. അംഗീകൃത ഓഹരി മൂലധനം 12,25000 രൂപയാണ്. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 80,70905 രൂപയാണ്. സംഘത്തിന് പരമാവധി വായ്പ വാങ്ങാവുന്ന സംഖ്യ 16010660 രൂപയാണ്. ക്ലാസ്സിലാണ് ഈ ബാങ്കിന്റെ സ്ഥാനം.ഒരംഗത്തിന് ജാമ്യ വ്യവസ്ഥയിൽ 10000 രൂപ വരെയും സ്വത്തു ജാമ്യത്തിന്മേൽ 25000 രൂപവരെയും വായ്പയായി വാങ്ങാവുന്നതാണ്.

### *1996-ൽ നൽകിയ വായ്പകൾ*

| | |
|---|---|
| 1. ഹ്രസ്വകാല കാർഷിക വായ്പ- | 3466437രൂ |
| 2. ദീർഘകാല " - | 83812 " |
| 3. ഹ്രസ്വകാല കാർഷികേതര കടം - | 426769 |
| 4. മദ്ധ്യാകല കാർഷികേതര കടം - | 18000 |
| 5 സ്വർണ്ണ പണയ കടം - | 3125573 |
| 6. I.R.D.P.വായ്പ - | 25020 |
| ആകെ = | 7,94,5511 രൂ |

### ജില്ലാ ബാങ്കിൽ നിന്നും ലഭിച്ച കടം :

| | |
|---|---|
| 1. ഹ്രസ്വകാല കാർഷിക കടം - | 2915938 രൂ |
| 2. മദ്ധ്യാകല " - | 26220 രൂ |
| 3. ദീർഘകാല " - | 14220 രൂ |
| 4 സ്വർണ്ണ പണയകടം - | 2500000 രൂ |
| ആകെ | 54,56,378 രൂ |

### വായ്പ കുടിശ്ശിക പിരിഞ്ഞു കിട്ടാനുള്ളത്

| | |
|---|---|
| 1. ഹ്രസ്വകാല കാർഷിക കടം - | 1289500 രൂ |
| 2. മദ്ധ്യകാല " | 18000 രൂ |
| 3. ഹ്രസ്വകാല കാർഷികേതര കടം - | 160650 രൂ |
| 4. സ്വർണ്ണ പണയ കടം - | 142680 രൂ |
| ആകെ | 16,10,830 രൂ |

### സംഘത്തിൽ നിലവിലുള്ള നിക്ഷേപങ്ങൾ

| | |
|---|---|
| സ്ഥിരം നിക്ഷേപം - | 4500000 രൂ |
| സേവിംഗ് ബാങ്കും,<br>കറൻറ് അക്കൗണ്ടും - | 1200000 |
| ആകെ - | 5700000 രൂ |

### ചെലവുകൾ

| | |
|---|---|
| നടത്തിപ്പ് ചെലവ് - | 180000 രൂ |
| മറ്റു ചെലവ് - | 25000 |
| ആകെ - | 205000 |

**തരിയോട് സർവ്വീസ് സഹകരണ ബാങ്കിലെ മെമ്പർ ഷിപ്പിന്റെ വർദ്ധനവ് പഞ്ചായത്തിലെ വോട്ടർമാരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുന്ന ഗ്രാഫ്.**








### തരിയോട് സർവ്വീസ് സഹകരണ ബാങ്കിലെ ലോൺ വിതരണത്തിൻെറ പുരോഗതി കാണിക്കുന്ന ഗ്രാഫ്




### തരിയോട് സർവ്വീസ് സഹകരണ ബാങ്കിലെ വായ്പക്കാരുടെ വർദ്ധന കാണിക്കുന്ന ഗ്രാഫ്








## തരിയോട് സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപങ്ങളുടെ വളർച്ചയും വായ്പയും തമ്മിലുള്ള അനുപാതം കാണിക്കുന്ന ചാർട്ട്

ലക്ഷംരൂപ കണക്കിൽ




ബാങ്കിന് സ്വന്തമായി കാവും മന്ദത്ത് 5സെൻറ് സ്ഥലവും ഒരു ഇരുനില കെട്ടിടവുമുണ്ട്. കെട്ടിടത്തിൻെറ താഴത്തെ നില ടെലഫോൺ എക്സേഞ്ചിന് വാടകയ്ക്കു നൽകിയിരിക്കുന്നു. ഇതിലൂടെ പ്രതിമാസം 1500 രൂപ ബാങ്കിന് വാടകയിനത്തിൽ ലഭിക്കുന്നു. റോഡിൻെറ ലവലിലുള്ള നിലയിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. വളം സൂക്ഷിക്കുന്നതിന് ഇതിൽ ഒരു മുറി ഉപയോഗിക്കുന്ന. വളം വില്പനയ്ക്ക് ടൗണിൽ വാടകയ്ക്ക് ഒരു മുറിയുണ്ട്. മഞ്ഞുറയിൽബാങ്കിന് 3 ഏക്ര 60 സെൻറ് തോട്ടം കൈവശമുണ്ട്. 1989 വരെ പ്രസ്തുത സ്ഥലത്തെ ആദായങ്ങളെടുക്കൽ ബാങ്ക് ശ്രദ്ധിച്ചിരുന്നില്ല. കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിരുന്ന സ്ഥലം ഒഴിപ്പിച്ചെടുക്കാനും, ആദായമെടുക്കാനും 89 മുതലാണ് നടപടികൾ ആരംഭിച്ചത്. 1994-ൽ ജനകീയ പങ്കാളിത്തതോടെ ഭരണ സമിതി സ്ഥലത്തിൻെറ അതിരുകൾ തെളിക്കുകയും ആദായങ്ങൾ എടുക്കുകയും ചെയ്തു തുടങ്ങി. ഇതു സംബന്ധിച്ചുള്ള കേസുകൾ നിലവിലുണ്ട്. കേസുകൾ തീർപ്പാക്കി ഈ സ്ഥലം ലേലം ചെയ്തു വിറ്റാൽ ബാങ്കിൻേറ പൊതു മുതൽ വർദ്ധിപ്പിക്കാൻ കഴിയും.

ബാങ്കിംഗ് കൂടാതെ ഒരു വളം, കീടനാശിനി വില്പനശാലയും ബാങ്ക് നടത്തുന്നുണ്ട്. കമ്മീഷൻ വ്യവസ്ഥയിൽ ഒരു സ്വകാര്യ വ്യക്തിക്ക് വളം വിൽപ്പനയുടെ ചുമതല ഏല്പിച്ചു കൊടുത്തിരിക്കുകയാണ്. മുൻകാലങ്ങളിൽ ബാങ്ക് സമയത്ത് മാത്രം വില്പന നടന്നിരുന്ന വളവും കീടനാശിനിയും കടത്തിൻെറ ഒരു ഭാഗമെന്ന നിലയിൽ വായ്പക്കാർ വാങ്ങുന്നതു മാത്രമായിരുന്നു ആകെയുള്ള വ്യാപാരം. ഇപ്പോൾ സ്വകാര്യ ഏജൻസികളോട് മത്സരിക്കാൻ തക്കവിധം വളം വിൽപ്പനശാല വികസിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ സമയത്ത് വളങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ഇന്നും നിലനിൽക്കുന്നു.

### *പ്രശ്നങ്ങൾ*

1. 7000-ത്തിൽപരം വോട്ടർമാരുള്ള ഈ പഞ്ചായത്തിൽ 3317 പേർ മാത്രമാണ് ബാങ്കിലെ മെമ്പർമാർ. അർഹരായവരിൽ പകുതി മാത്രമാണ് ഇത്. ബാക്കിയുള്ളവരെകൂടി മെമ്പർമാരാക്കേണ്ടതുണ്ട്.
2. 1200-ഓളം വരുന്ന കർഷക കുടുംബങ്ങളിൽ കാർഷിക വായ്പയെടുത്തവർ 334 പേർ മാത്രമാണ്.
3. നിലവിലുള്ള നിക്ഷേപ പദ്ധതികളെ കുറിച്ചു വേണ്ടത്ര പ്രചരണം നൽകാത്തതും, പദ്ധതികളിൽ നിക്ഷേപകരെ ചേർത്താൻ വേണ്ടത്ര ശ്രമം നടക്കാത്തതും, പുതിയ നിക്ഷേപ പദ്ധതികൾ ആരംഭിക്കാൻ താല്പര്യമെടുക്കാത്തതും, നിക്ഷേപ സാദ്ധ്യത പൂർണ്ണമായി ഉപയോഗിക്കാൻ തടസ്സമായി നില്ക്കുന്നു.





4. നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കർമ്മ പരിപാടികൾ ആവിഷ്കരിക്കാത്തതും.

5. വായ്പകൾ ലഭിക്കാൻ എളുപ്പമുള്ള നടപടിക്രമങ്ങളും, വൈവിദ്ധ്യമുള്ള വായ്പാ പദ്ധതികളും, ജനങ്ങളെ ഷെഡ്യൂൾഡ് ബാങ്കുകളോട് കൂടുതൽ ആഭിമുഖ്യമുള്ളവരാക്കി മാറ്റുന്നു.

6. സഹകരണ ബാങ്കുകളിൽ വായ്പ നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ ഫലമായി വരുന്നകാല താമസം ജനങ്ങളെ ഷെഡ്യൂൾഡ് ബാങ്ക്കളോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റുന്നു.

7. ഷെഡ്യൂൾഡ് ബാങ്കുകളിലെ പരിചയ സമ്പന്നരായ ഫീൽഡ് ആഫീസർമാർ വിവിധ വായ്പ സ്കീമുകളെ കുറിച്ചു കർഷകരെ പഠിപ്പിച്ച് വായ്പയെടുക്കാൻ പ്രേരിപ്പിക്കുന്നു.

8. സഹകരണ ബാങ്കിൽ കാർഷകികേതര വായ്പയുടെ പലിശ വർദ്ധനവ്.

9. ജീവനക്കാരുടെ പരിശീലന കുറവ്

10. ജീവനക്കാരുടെ പങ്കാളിത്ത കുറവ്

11. ചീഫ് എക്സിക്യൂട്ടിവിൻെറ കാര്യക്ഷമതയില്ലായ്മയും, കൂടെ കൂടെ ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നതും.

12. ബാങ്കുകൾ തമ്മിൽ വർദ്ധിച്ചു വരുന്ന മത്സരം.

13. പുത്തൻ സാമ്പത്തികനയത്തിൻെറ ഫലമായി ലാഭമുണ്ടാക്കുകയെന്ന ഏകലക്ഷ്യത്തിലേക്കുള്ള നയവ്യതിയാനം, സഹകരണ തത്വങ്ങൾ കൈവിട്ടു പ്രവർത്തിക്കാൻ സഹകരണ ബാങ്കുകളെ നിർബ്ന്ധിക്കുന്നു.

14. മേൽപ്പറഞ്ഞ നയത്തിൻെറ ഭാഗമായി നബാർഡും, അപ്പെക്സ് ബാങ്കുകളും സ്വീകരിക്കുന്ന നയങ്ങൾ, കാർഷിക വായ്പയ്ക്ക് ആവശ്യമായ സംഖ്യ പ്രാഥമിക സംഘങ്ങൾക്ക് നൽകാതെ ഉയർന്ന പലിശ നിരക്കുള്ള കാർഷികേതര വായ്പ നൽകാൻ ഉത്സാഹം കാട്ടുന്നു.

15. സഹകരണ രംഗത്ത് ഗവൺമെൻറ് സ്വീകരിക്കുന്ന നയങ്ങൾ.

## പരിഹാര നിർദ്ദേശങ്ങൾ

1. അർഹരായ മുഴുവൻ ആളുകളുടെയും ബാങ്കിൽ മെമ്പർമാരാക്കാൻ ഒരു ക്യാമ്പയിൽ നടത്തേണ്ടതാണ്. ഇതിനായി ഗ്രാമ സഭ ചേർന്ന് അതിൽ ബാങ്ക് ഭരണ സമിതയംഗങ്ങൾ കൂടി പങ്കെടുത്തുകൊണ്ട് ഇക്കാര്യം സംബന്ധിച്ചു വിശദീകരിക്കുകയും വികസന സമിതിയുടെ ക്ലസ്റ്റർ കമ്മറ്റികൾ മുഖേനെ ബാങ്ക് മെമ്പർഷിപ്പ് സംബന്ധിച്ചു ഒരു കണക്കെടുപ്പു നടത്തുകയും ചെയ്യുക. മെമ്പർമാരല്ലാത്തവരെ അപേക്ഷകർ പൂരിപ്പിച്ചു നൽകി ബാങ്കിൽ ഷെയർ അടയ്ക്കാൻ ക്ലസ്റ്റർ കമ്മറ്റികൾ ജനങ്ങളെ പ്രേരിപ്പിക്കുക.

2. കാർഷിക വായ്പ മുഴുവൻ കർഷകർക്കും ലഭ്യമാക്കാൻ കഴിയണമെങ്കിൽ ഒരു വർഷം 16കോടി രൂപ ജില്ലാ ബാങ്കിൽ നിന്ന് ഈ ബാങ്കിന് ലഭിക്കേണ്ടി വരും. ഇതിനു വേണ്ടി സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ബാങ്കും, ആവശ്യമായ ഫണ്ട് വാർഡിൽ നിന്ന് സ്വരൂപിച്ച് ബാങ്കിന് നൽകേണ്ടതാണ്.ഇത്തരത്തിലൊരു നയം മാറ്റത്തിന് വേണ്ടി സംസ്ഥാന ഗവൺമെൻറും, സഹകരണ പ്രസ്ഥാനവും കൂട്ടായി ശ്രമിക്കേണ്ടതാണ്. കാർഷിക വായ്പകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, കർഷകർക്ക് കേഷ് ക്രഡിറ്റ് സമ്പ്രദായം ഏർപ്പെടുത്തുക.വസ്തു പണയത്തിന് മേൽ കടം അനുവദിക്കുന്നതിന് ബോ ണ്ട് റജിസ്റ്റർ ചെയ്യാൻ വേണ്ടിവരുന്നഭാരിച്ച ചെലവും ഇതിനുവേണ്ടി വരുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സഹകരണ ബാങ്കുകളെയും ഗഹാൻ റജിസ്റ്റർ ചെയ്യാൻ അനുവദിക്കുക. ഇപ്പോൾ നിലവിലുള്ള സ്കെയിൽ-ഓഫ് ഫിനാൻസ് ശാസ്ത്രീയമായി പുനർ നിർണ്ണയിക്കുകയും നിലവിലുള്ള കൃഷി ചെലവുകൾ ക്കനുസരിച്ച് പുതുക്കുകയും ചെയ്യുക. വായ്പാ പരിധി 25000 രൂപ എന്നത് 50000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുക. തോട്ടങ്ങളിൽ ഇടവിളകൾ നടത്താനും പച്ചക്കറികൃഷിക്കും മണ്ണ് സംരക്ഷണത്തിനും, ജല സേചന സൗകര്യം ഏർപ്പെടുത്താനും വായ്പ പദ്ധതികൾ ഏർപ്പെടുത്തണം. പലിശ സബ്സിഡി കടം തിരിച്ചടയ്ക്കുമ്പോൾ





തന്നെ അർഹരായവർക്ക് വരവു വെച്ചു കൊടുക്കാൻ ഗവൺമെൻറ് തീരുമാനമുണ്ടാക്കുക. വായ്പയെടുക്കുമ്പോൾ രാസവളം വാങ്ങണമെന്നുള്ള നിർബ്ബന്ധം ഒഴിവാക്കി B പോർഷനിൽ പകുതി ജൈവവളം വാങ്ങുന്നത്തിനു വേണ്ടി പണമായി കർഷകന് നൽകുക. കടം തിരിച്ചടവ് പ്രോത്സാഹിപ്പിക്കൽ പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു ഫാർമേഴ്സ് റിലിഫ് ഫോറം റെജിസ്റ്റർ ചെയ്യുക. ഇതിനായി 200 രൂപ വീതം ഷെയർ പിരിച്ചു 500 ആളുകളെ മെമ്പർമാരാക്കി സൊസൈറ്റി രജിസ്റ്റർ ചെയ്യണം.

3. നിക്ഷേപ പദ്ധതികളെ കുറിച്ചു ബോധവൽക്കരണം നടത്താൻ വാർഡടിസ്ഥാനത്തിൽ സഹകാരികളുടെ യോഗങ്ങൾ വിളിച്ചു ചേർക്കുക. നിക്ഷേപ സമാഹരണത്തിനുള്ള കലക്ഷൻ ഏജൻറ്മാരെ ആവശ്യത്തിന് ബാങ്ക് നിയമിക്കുക. ഇവരിൽ വനിതകൾക്ക് പ്രാമുഖ്യം നൽകുക. ഓരോ വീട്ടിലും ഏതെങ്കിലുമൊരു നിക്ഷേപ പദ്ധതി നടപ്പാക്കിയെന്ന് വികസന സമിതികൾ ഉറപ്പാക്കുക. ഗൃഹ സമ്പാദ്യ പദ്ധതി പ്രോൽസാഹിപ്പിക്കാൻ ഒരു വീട്ടിൽ നിക്ഷേപപെട്ടിയെങ്കിലും ബാങ്ക് സൗജന്യ നിരക്കിൽ നൽകണം. നിക്ഷേപകർക്ക് അപകട ഇൻഷ്യറൻസ് ഏർപ്പെടുത്തുക, സമ്മാന പദ്ധതികൾ ആവിഷ്കരിക്കുക.

4. IRDPവായ്പകൾ സഹകരണ ബാങ്കുകൾ മുൻകൈയെടുത്തു നൽകണം. ഇതിനാവശ്യമായ ഫണ്ട് അപ്പെക്സ് ബാങ്കുകൾ നല്കണം. സ്വയം തൊഴിലിനും ചെറുകിട-കുടിൽ-വ്യവസായങ്ങൾക്കും, വനിതാ വ്യവസായങ്ങൾക്കും വായ്പാ പദ്ധതിയുണ്ടാക്കുക. മൃഗ സംരക്ഷണ മേഖലയ്ക്ക് കൂടുതൽ വായ്പ നൽകാനും, ക്ഷീര സഹകരണ സംഘവുമായി ബന്ധപ്പെട്ടു തിരിച്ചടവ് ഉറപ്പു വരുത്തുകയും ചെയ്യുക.

സഹകരണ ബാങ്ക് നഷ്ടത്തിലാവുന്നത് തടയാൻ സംസ്ഥാന ബാങ്കും ജില്ലാ ബാങ്കും അവരുടെ പലിശ മാർജിൻ കുറച്ചു പ്രീ പ്രൈമറി ബാങ്കിൻെറ മാർജിൻ വർദ്ധിപ്പിക്കുക.

സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ കൊടുക്കുക, സ്വന്തം ഫണ്ടിൽ നിന്ന് പ്രൈമറിബാങ്ക് കാർഷിക വായ്പ നൽകുമ്പോൾ ബാങ്കിനു വരുന്ന നഷ്ടം ഗവൺമെൻറ് സബ്സീഡിയായി നൽകുക. കടം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾക്ക് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

ഉൽപ്പന്നപണയത്തിന്മേൽ ഉൽപ്പന്നത്തിൻെറ മാർക്കറ്റു വിലയുടെ 75% വില പരമാവധി 50000 രൂപയെങ്കിലും വായ്പയായി നൽകണം. ഇതിനായി ബാങ്കിൻെറ ഗോഡൗൺ സൗകര്യം വർദ്ധിപ്പിക്കുകയും ജില്ലാ ബാങ്കിൽ നിന്ന് ആവശ്യമായ ഫണ്ട് വായ്പയായി വാങ്ങുകയും ചെയ്യണം.

ബാങ്കിൻെറ ചീഫ് എക്സിക്യൂട്ടീവുകൾക്ക് മാനേജ്മെൻറ് ട്രയിനിംഗ് 5 വർഷത്തിലൊരിക്കൽ കൊടുക്കുക. ജീവനക്കാർക്ക് ബാങ്കിംഗ് പ്രവർത്തനത്തെക്കുറിച്ചുള്ള പരിശീലനം നൽകുന്നതിന് സഹകരണ യൂണിയൻ പരിപാടി ആവിഷ്കരിക്കുക.

ബാങ്കിൻെറ വാർഷിക ജനറൽ ബോഡി വിപുലമായി വിളിച്ചു ചേർക്കുകയും ബാങ്കിൻെറ പുരോഗതിക്കാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

ജനറൽ ബോഡി യോഗം ഈ മേഖലയിലെ ഒരു ആഘോഷ പരിപാടിയായി മാറ്റത്തക്കവിധം സെമിനാറുകളും, കലാപരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

പലിശ നിരക്കുകളിൽ കൂടെക്കൂടെ മാറ്റം വരുത്തുന്നത് നിക്ഷേപവും വായ്പാവിതരണവും തമ്മിലുള്ള അനുപാതം കുറഞ്ഞുവരുവാൻ ഇടയാകുന്നു. അതിനാൽ പലിശ നിരക്ക് ഇടയ്ക്കിടെ മാറ്റം വരുത്താതിരിക്കുക (1 വർഷത്തേക്കെങ്കിലും ഒരു നിരക്ക് നിലനിർത്തുക )

സഹകരണ മേഖലയ്ക്കു കൂടുതൽ ജനകീയ സ്വഭാവം കൊണ്ടു വരുന്നതിന് സഹകരണ നിയമങ്ങൾ സമഗ്രമായി പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാവുക. ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരിക.





### നിലവിലുള്ള ഭരണ സമിതിയെ സംബന്ധിച്ചുള്ള വിവരണങ്ങൾ ;

ഭരണ സമിതിയിൽ 7 അംഗങ്ങളാണുള്ളത്. ഇതിൽ ഒന്ന് പട്ടികജാതി-പട്ടിക വർഗ്ഗത്തിന്നും, ഒന്ന് വനിതയ്ക്കുമായി സംവരണം ചെയ്തിരിക്കുന്നു. നിലവിലുള്ള ഭരണ സമിതിയംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ശ്രീ. കെ.ജി. പുരുഷോത്തമൻ മാസ്ററർ (പ്രസിഡണ്ട്)
2. ശ്രീ. എൻ.കെ. വർഗ്ഗീസ് (വൈ : പ്രസിഡണ്ട്)
3. ശ്രീ. ജോസ്.ജെ.മലയിൽ ഡയറക്ടർ
4. ശ്രീ. ഡേവിഡ് അറയ്ക്ക പറമ്പിൽ "
5. ശ്രീ. അബ്ദു റഹിമാൻ പാറക്കണ്ടി "
6. ശ്രീ. അണ്ണൻ കുനിയിമ്മേൽ "
7. ശ്രീമതി. സെലിന കരുന്നങ്കര "

ഇപ്പോൾ സംഘത്തിൽ നിലവിലുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായം പരിഷ്കരിച്ച് താഴെ പറയുന്ന ഭേദഗതികൾ വരുത്തുന്നത് കൂടുതൽ ജനപങ്കാളിത്തവും കാര്യക്ഷമതയും ഉറപ്പു വരുത്തും.

1. ബാങ്കിൻെറ പ്രവർത്തന മേഖലയെ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലൊ, ബാങ്ക് മെമ്പർഷിപ്പിൻെറ അടിസ്ഥാനത്തിലൊ വാർഡുകളാക്കി തിരിച്ചു. വാർഡിൽ നിന്ന് ഒരു ഡയറക്ടറെ വീതം തെരഞ്ഞെടുക്കുക. സംവരണ സീറ്റുകളിലേക്ക് പ്രത്യേക വാർഡുകൾ നീക്കി വെയ്ക്കുക.
2. വാർഡിലെ ഡയറക്ടറുടെ ശുപാർശ പ്രകാരം മാത്രം മെമ്പർഷിപ്പും, വായ്പകളും വിതരണം ചെയ്യുക.
3. വായ്പ തിരിച്ചടവു ഉറപ്പു വരുത്താൻ ബന്ധപ്പെട്ട വാർഡിലെ ഡയറക്ടർക്ക് ചുമതലയുണ്ടായിരിക്കണം.

### തരിയോട് പഞ്ചായത്ത് വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1983-ലാണ് തരിയോട് പഞ്ചായത്ത് വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിതമാണ്. 27 പേരാണ് ഈ സംഘത്തിൽ അന്നു മെമ്പർമാരായി ഉണ്ടായിരുന്നത്. ഓഹരിവില അന്ന് 100 രൂപയായിരുന്നു. ഓഹരി മൂലധനം 2700 കയായിരുന്നു. സർക്കാർ ഓഹരിയായി 18000 ക ലഭിച്ചു. 7 തയ്യൽമിഷ്യനും 14 തയ്യൽക്കാരുമാണ് ആദ്യഘട്ടത്തിലുണ്ടായിരുന്നത്. അഴ്ചയിൽ 2 ദിവസം ഉൽപ്പന്നങ്ങളുടെ നിർമ്മാണവും, പിന്നീടുള്ള ദിവസങ്ങളിൽ വിപണനമേഖല കണ്ടെത്തലും , വിറ്റഴിക്കലുമായിരുന്നു പ്രവർത്തന രീതി. തുണികൾ കട്ട് ചെയ്യുന്നതിന്ഒരു കട്ടറും, വിപണന മേഖല കണ്ടെത്തുന്നതിന് 2 വില്പന ഏജൻറ് മാരും ഉണ്ടായിരുന്നു. ദിവസക്കൂലിയായിരുന്നു തൊഴിലാളികൾക്ക് നിലവിലുണ്ടായിരുന്നത്. ഉല്പന്നങ്ങളുടെ ടാക്സ് ഇനത്തിൽ കുടിശ്ശിക വന്ന 20000 രൂപ അടയ്ക്കേണ്ടി വന്നത്. സാമ്പത്തിക ബുദ്ധുമുട്ടുണ്ടാക്കി. 1986 വരെ ജീവനക്കാർക്കടക്കം ബോണസ്സ് കൊടുത്തിട്ടുണ്ട്.

ഇപ്പോൾ സംഘത്തിൽ 62 മെമ്പർമാരാണ് നിലവിലുള്ളത്. സംഘത്തിൽ ജോലി ചെയ്യുന്നവർക്കുമാത്രമെ അംഗത്വം നൽകുന്നുള്ളൂ. ഓഹരി വില 1000 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോഴത്തെ ഓഹരി മൂലധനം 10000 രൂപയാണ്. സർക്കാർ ഓഹരി 66000 രൂപയും 1 എംബ്രോഡയിമിഷ്യനും 7 തയ്യൽ മിഷ്യനും ഇപ്പോഴുണ്ട്. ടൈലർമാർ 10 പേരും, ഒരു കട്ടറുംഉണ്ട്. ശമ്പള വ്യവസ്ഥയിൽ ഒരു സെക്രട്ടറിയുണ്ട്. സെക്രട്ടറിക്ക് 500 രൂപയാണ് വേതനം. കരാറാടിസ്ഥാനത്തിലാണ് ടൈലർമാരും, കട്ടറും ജോലി ചെയ്യുന്നത്. മുഴുവൻ ദിവസവുംജോലി ചെയ്യുന്ന ഒരു ടൈലർക്ക് ശരാശരി 30 രൂപയാണ് കിട്ടുന്നത്. സ്വന്തമായി സ്ഥലവും,കെട്ടിവും ഈ സംഘത്തിന് ഇപ്പോഴില്ല. ഓഫീസ് ഉപകരണങ്ങൾ ഉണ്ട്. ഇപ്പോൾ 7 അംഗങ്ങളുള്ള ഭരണസമിതി നിലവിലുണ്ട്. ശ്രീമത. മേരി ജോർജ്ജ് ആണ് പ്രസിഡണ്ട്. പട്ടികജാതി-വർഗ്ഗ സംവരണംഇല്ല. ടൈലർമാരായ വനിതകളുടെ തൊഴിൽ ഉറപ്പുവരുത്തി അവർക്ക് സാമ്പത്തിക ഉത്തമനം കൈവരുത്തുക എന്നതാണ് ഈ സ്ഥാപനത്തിൻെറ ലക്ഷ്യം. എന്നാൽ വമ്പിച്ച നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘം ലക്ഷ്യ പ്രാപ്തിക്ക് അപര്യാപ്തമാണ്.





## പ്രശ്നങ്ങൾ

1. സംഘത്തിനു സ്വന്തമായി കെട്ടിടമില്ലാത്തത്.
2. വിദഗ്ധരായ തൊഴിലാളി ഇല്ലാത്തത്.
3. പുത്തൻ സാങ്കേതിക വളർച്ചയ്ക്കനുസരിച്ചുള്ള ഉപകരണ മില്ലായ്മ.
4. വൻകിട റെഡിമെയ്ഡ് നിർമ്മാണശാലകൾ കുറഞ്ഞ വിലയ്ക്ക് മേന്മയുള്ള ആകർഷകമായ ഉല്പന്നങ്ങൾ വിപണയിൽ മത്സരിച്ചിറക്കുന്നതു മൂലം, സൊസൈറ്റിയുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തത്.
5. തൊഴിലാളികൾക്ക് പുത്തൻ തൊഴിൽ വിജ്ഞാനം ലഭിക്കാത്തത്.
6. മൂലധന ദൗർല്ലഭ്യം
7. ഭരണ സമിതിയുടെ കാര്യക്ഷമത കുറവും, താല്പര്യകുറവും
8. ഓഹരി വില വർദ്ധനവ് മൂലം അർഹരായവരെ മെമ്പർമാരാക്കൻ സാധിക്കുന്നില്ല.
9. സംഘത്തിന് രൂപം നൽകിയവരുടെ താല്പര്യ കുറവ്
10. ബഹുജനപങ്കാളിത്തമില്ലായ്മ

## പരിഹാര നിർദ്ദേശങ്ങൾ

1. സംഘത്തിനു സ്വന്തമായി കെട്ടിടമില്ലാത്തത് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ വേണ്ട ധനസഹായം സർക്കാർ ഗ്രാൻറായി നൽകണം. കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകണം.
2. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ വ്യവസായ വകുപ്പ് വായ്പ നൽകണം. ഇതു പലിശരഹിത വായ്പയായിട്ടോ കുറഞ്ഞ പലിശയ്ക്കുള്ള വായ്പയായിട്ടോ നൽകണം.
3. സംഘത്തിന് വിദ്ഗധനായ ഒരു കട്ടറെയും, എംബ്രോഡറിവർക്ക് ചെയ്യാൻ കഴിയുന്നയാളെയും നിയമിക്കാൻ കഴിയണം.
4. നിലവിലുള്ള തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകണം. ഇതിനുവേണ്ടി അതിൽ വിദഗ്ധരായ പരിശീലകരെ നിയമിച്ചു തൊഴിലാളികളിൽ നിന്ന് ഫീസ് ഈടാക്കി പരിശീലനം നൽകാവുന്നതാണ്.
5. മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെ പുതിയ ഡിസൈനും മേന്മയുള്ള ഉല്പനങ്ങൾ നിർമ്മിക്കാൻ സംഘത്തിന് കഴിയണം.
6. 2തരം ഷെയറുകൾ ഈ സംഘത്തിൽ ഏർപ്പെടുത്താവുന്നതാണ്. ജോലി ചെയ്യുന്ന തൊഴിലാളികളെ A ക്ലാസ് മെമ്പർമാരായും ജോലി ചെയ്യാത്തവരെ C ക്ലാസ് മെമ്പർമാരായും ചേർക്കാവുന്നതാണ്. A ക്ലാസ് ഷെയറിന് 500 രൂപയിൽ കവിയാത്ത വിലയും, C ക്ലാസ്സിന് 100 രൂപയുമായി നിശ്ചയിക്കണം. ഈ മേഖലയിൽ തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവരെ മുഴുവൻ C ക്ലാസ് മെമ്പർമാരായി ചേർക്കാവുന്നതാണ്. തൊഴിൽ സാദ്ധ്യതയുടെ വർദ്ധനവനുസരിച്ച് C ക്ലാസുകാരെ തൊഴിൽ നൽകി A ക്ലാസുകാരാക്കി മാറ്റാം. ഇതിലൂടെ സംഘത്തിൻെറ ഓഹരി മൂലധനം പതിന്മടങ്ങ് വർദ്ധിപ്പിക്കാനും കൂടുതൽ ജന പങ്കാളിത്തം വർദ്ധിപ്പിക്കാനും കഴിയും.
7. വനിതാ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ മൊത്തമായി വാങ്ങി അവയ്ക്ക് വിലക്കിഴിവ് നൽകിക്കൊണ്ട് വില്പന നടത്താൻ സംസ്ഥാനതലത്തിലോ ജില്ലാതലത്തിലോ ഒരു അപ്പെക്സ്സൊസൈറ്റി സ്ഥാപിക്കുകയും വിലക്കിഴിവ് നൽകുന്നതിനുവേണ്ടി വരുന്ന സംഖ്യ സർക്കാർ ഗ്രാൻറായി നൽകുകയും ചെയ്യുക.
8. സംഘത്തിനോട് താല്പര്യമുള്ളവരേയും, കഴിവുള്ളവരെയും ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കുകയും, ഇവരെ സഹായിക്കുവാൻ പ്രാപ്തനായ ഒരുദോഗസ്ഥനെ എക്സ്ഓഫിഷ്യോ അംഗമായി ഡിപ്പാർട്ടുമെൻറ് കോപ്റ്റ് ചെയ്യുക. സംഘം പ്രവർത്തന പരിധിയിൽനിന്ന് വിട്ടു പോകുന്ന ഭരണ സമിതിയംഗങ്ങളെ ഒഴിവാക്കി പകരമാളെ കോപ്റ്റ് ചെയ്യുന്നതിനുള്ള അധികാരം ഭരണ സമിതിയ്ക്കു നൽകേണ്ടതാണ്. ഭരണ സമിതി അംഗങ്ങൾക്ക് പ്രായോഗിക പരിശീലനം വ്യവസായ വകുപ്പ് മുൻകൈയെടുത്തു നൽകേണ്ടതാണ്.

സംഘത്തിൻെറ ഉല്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കുന്നതിന് ഉല്പന്നങ്ങളുടെ പ്രദർശനവും, മത്സരവും, സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്ത് വികസന സമിതിയും, ഭരണ സമിതിയുമായി





യോജിച്ച് സംഘം പ്രവർത്തനത്തിന് ജനകീയ പിന്തുണ ആർജിക്കാൻ ഭരണസമിതി മുൻകൈയെടുക്കണം. സംഘത്തിന്റെ വാർഷിക ജനറൽ ബോഡി യഥാസമയം നടത്തുകയും, തദവസരത്തിൽ മേൽപ്പറഞ്ഞ പ്രവർത്തന പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യാവുന്നതാണ്.

### തരിയോട് പഞ്ചായത്ത് വനിതാ സഹകരണ സംഘം No. W. 205

1996 മാർച്ച് മാസത്തിലാണ് ഈ സംഘം റജിസ്റ്റർ ചെയ്യപ്പെടുന്നത്. ഇപ്പോൾ സംഘത്തിൽ 31 മെമ്പർമാരാണുള്ളത്. ഓഹരി വില 25 രൂപയാണ്. നിലവിലുള്ള ഓഹരി മൂലധനം 2000രൂപയും നിജപ്പെടുത്തിയ ഓഹരി മൂലധനം 10000 രൂപയുമാണ്. സഹകരണ നിയമപ്രകാരമാണ് ഇതിന്റെ രജിസ്ട്രേഷൻ. കറിപൗഡർ നിർമ്മാണം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, തേനീച്ച വളർത്തൽ, തയ്യൽ പരിശീലനം മുതലായവയാണ് പ്രവർത്തന മേഖലകൾ. ഇപ്പോൾ ടൈലറിംഗ്യൂണിറ്റ് മാത്രം പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിലാണ് സംഘം പ്രവർത്തിക്കുന്നത് (കാപ്പുവയൽ ) 10 കുട്ടികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. 80 രൂപയാണ് പ്രതിമാസ ഫീസ് . സംഘത്തിൽ സ്ഥിരം സെക്രട്ടറിയില്ല.ഓണററി സെക്രട്ടറി പ്രവർത്തിക്കുന്നു. സംഘത്തിൽ സ്വന്തമായി ആസ്തിയൊന്നുമില്ല. 4 തയ്യൽ മിഷ്യൻ വാടകയ്ക്കെടുത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

### *പ്രശ്നങ്ങൾ :-*

1. സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല.
2. സംഘത്തിന്റെ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ ഉപകരണങ്ങളില്ല.
3. പ്രവർത്തന മേഖലകൾ പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടില്ല.
4. സംഘത്തിനു ആവശ്യമായ മൂലധനമില്ല.
5. സെക്രട്ടറിയില്ല.
6. സംഘം പ്രവർത്തനത്തെകുറിച്ചു വേണ്ടത്ര പ്രചരണം നടന്നിട്ടില്ല.
7. പരിശീലനം ലഭിച്ച ഇൻസെറ്റക്ട്രർ, കട്ടർ, ഡിസൈനർ എന്നിവരുടെ കുറവ്.

### *പരിഹാര നിർദ്ദേശങ്ങൾ :*

1. സംഘത്തിന്റെ കെട്ടിടം പണിയ്ക്കാവശ്യമായ സ്ഥലം കാപ്പുവയൽ പ്രദേശത്ത് പഞ്ചായത്ത് കണ്ടെത്തി നൽകുക. കെട്ടിടം പണിയ്ക്കാവശ്യമായ ഫണ്ട് വായ്പയായി സഹകരണ ബാങ്കിൽനിന്നും സംഘടിപ്പിക്കാൻ സംഘത്തിന് കഴിയും.
2. സംഘം വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം തേടേണ്ടതും ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം വ്യവസായ വകുപ്പ് നൽകേണ്ടതുമാണ്.
3. ഖാദി ഗ്രാമ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടു തേനീച്ച വളർത്തുന്നതിനാവശ്യമായ ഉപകരണങ്ങളും പരിശീലനവും നേടാവുന്നതാണ്. ഈ പ്രദേശത്ത് നിലവിലില്ലാത്ത ഒരു വ്യവസായ മെന്ന നിലയിൽ ഇതിന് മുൻതൂക്കം നൽകേണ്ടതാണ്.
4. പരിശീലനത്തിനുള്ള ഫീസ് നിരക്ക് 80 രൂപയെന്നുള്ളത് പ്രതിമാസം 30 രൂപ എന്ന തോതിൽ കുറക്കുകയും, പരിശീലനം ലഭിക്കാൻ താല്പര്യമുള്ള കൂടുതൽ ആളുകളെ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.
5. സംഘത്തിലേക്ക് ഒരു സെക്രട്ടറിയെ നിയമിക്കാൻ ആവശ്യമായ ഗ്രാൻറ് സർക്കാർ നൽകേണ്ടതാണ്.
6. നിലവിലുള്ള ഷെയർ വർദ്ധിപ്പിക്കാനും ഇതിലൂടെ മൂലധനം വർദ്ധിപ്പിക്കാനും സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ചു വ്യാപകമായ പ്രചരണം നൽകാൻ വേണ്ട കർമ്മ പരിപാടികൾ ആവിഷ്കരിക്കുക. ഇതിന് പഞ്ചായത്ത് ഭരണ സമിതിയുടേയും, വികസന സമിതിയുടേയുംസഹായം തേടാവുന്നതാണ്.
7. കട്ടിംഗ്, ഡിസൈൻ നിർമ്മാണം എന്നിവയിൽ പരിശീലനം നേടാൻ താല്പര്യമുള്ള പഠിതാക്കളെ (AMRID) ബന്ധപ്പെട്ടു പരിശീലനത്തിനയക്കുക.
8. കൽപ്പറ്റ വികസന ബ്ലോക്കുമായി ബന്ധപ്പെട്ട് വനിതാ സംരംഭമെന്ന നിലയിലുള്ള ധനസഹായംനേടാൻ കഴിയും.





## തരിയോട് പട്ടികജാതി സർവ്വീസ് സഹകരണ സംഘം

1986-ലാണ് തരിയോട് പട്ടികജാതി സഹകരണ സംഘം എന്ന പേരിൽ ഈ സ്ഥാപനം രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചത്. പട്ടികജ്ജാതിക്കാരുടെ സർവ്വതോൻമുഖമായ ഉന്നമനമാണ് ഇതിൻെറ ഉദ്ദേശ്യം തുടക്കത്തിൽ ഇതിൽ 100 ൽ താഴെ മെമ്പർമാരെ ഉണ്ടായിരുന്നുള്ളൂ. എന്നാൽഇപ്പോൾ 208 മെമ്പർമാരുണ്ട്. ഒരു ഷെയറിൻെറ വില 10 രൂപയാണ്. ഇപ്പോൾ ഇതിൻെറ ഓഹരി മൂലധനം 2080 രൂപയും ഗവൺമെൻറിൻെറ ഓഹരി 2 ലക്ഷം രൂപയാണ്. ഇതിന് സ്വന്തമായി 28സെൻറ് സ്ഥലവും കെട്ടിവും ഉണ്ട്. ഇതിലെ ജീവനക്കാരായി ഒരു സെക്രട്ടറി മാത്രമെ ആദ്യം ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഇതിന് ഒരു സ്ഥിരം സെക്രട്ടറിയും ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്ട്രക്ടറും ഉണ്ട്. ഇവരുടെ മാസ ശമ്പളം സെക്രട്ടിറിക്ക് 750 രൂപയും ഇൻസ്ട്രക്ടർക്ക് 450 രൂപയാണ്. ഫർണിച്ചർ എന്ന് പറയുവാൻ ഈ സംഘത്തിൽ ഒന്നും തന്നെയില്ല. ഇപ്പോൾ ഈസംഘം സ്ഥാപനമായി നടത്തി വരുന്നതാണ് ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതിൻെറ പ്രവർത്തനങ്ങൾക്കാവശ്യമായ ഫർണിച്ചറുണ്ട്. ഇവിടെ ആറ് ടൈപ്പ്റൈറ്റിംഗ് മെഷീൻ ഉണ്ടെങ്കിലും 4 എണ്ണം മാത്രമേ പ്രവൃത്തിക്കുന്നതായിട്ടുള്ളൂ. ഇവിടെ ഇപ്പോൾ ഏകദേശം 15-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. ഒരു കുട്ടിയുടെ പക്കൽ നിന്ന് മാസ ഫീസായി വാങ്ങുന്നത് 25 യ- രൂപയാണ്. ഭരണ സമിതി നിലവിലുണ്ട്. കാലാകാലം ഇതിൻെറ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്.ഇതിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ ഗവൺമെൻറിൽ നിന്ന് ഗ്രാൻറ് കിട്ടിയിരുന്നു. ഇതുപയോഗിച്ച് കെട്ടിടം പണിതീർന്നിട്ടുണ്ട്.ഗവൺമെൻറിൽ നിന്ന് കിട്ടിയ ധനസഹായംലോണായി മെമ്പർമാർക്ക് നൽകി. ഇത് പ്രധാനമായി കൃഷിയ്ക്കും പശുവിനെ മേടിക്കുന്നതിനുമാണ്. ഇതിൽ ഒരു ലക്ഷത്തോളം രൂപ പിരിഞ്ഞു കിട്ടാനുമുണ്ട്. പിരിഞ്ഞു കിട്ടിയസംഖ്യ ഈ സംഘത്തിൻേറ ദൈനംദിന പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു തീർന്നു. ഇപ്പോൾ ഈസംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ദൈനംദിന പ്രവർത്തനത്തിനു പോലും ഫണ്ടില്ലാത്ത സ്ഥിയിലാണ്.

### *കാരണങ്ങൾ ;-*

- ★ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ കഴിവില്ലായ്മയും താത്പര്യമില്ലായ്മയും
- ★ പുതിയ പ്രവർത്തന മേഖലകൾ ആരംഭിക്കാൻ ശ്രമിക്കാത്തത്.
- ★ രാഷ്ട്രീയ താൽപര്യത്തിന് മുൻതൂക്കം നൽകുന്നത്.
- ★ മെമ്പർമാരുടെ ദിശാ ബോധമില്ലായ്മ.
- ★ ജീവനക്കാർക്ക് വേണ്ടത്ര പരിജ്ഞാനമില്ലാത്തത്.
- ★ അർഹതയില്ലാത്തവരെ മെമ്പർമാരാക്കിയത്.
- ★ അർഹതയുള്ളവരെ മെമ്പർഷിപ്പിൽ നിന്ന് ഒഴിവാക്കി നിർത്തിയത്.
- ★ ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തത്.

### *പരിഹാര മാർഗ്ഗങ്ങൾ*

1. പട്ടികജാതി വകുപ്പിൻെറയും പഞ്ചായത്ത് വികസന സമിതിയുടെയും മുൻകൈയ്യോടെ അർഹരായവരെ മുഴുവൻ കണ്ടെത്തി സംഘത്തിൽ അംഗങ്ങളാക്കണം.
2. പട്ടികജാതിക്കാരല്ലാത്തവർ മെമ്പർമാരായിട്ടുള്ളവരെ മെമ്പർഷിപ്പിൽ നിന്ന് ഒഴിവാക്കുക.
3. സ്വയം തൊഴിൽ കണ്ടെത്താൻ താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് ഒരു കുട അസംബ്ലിഗ് യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ സർക്കാർ ഗ്രാൻറ് നൽകണം. ഏതെങ്കിലും കുടനിർമ്മാണ കമ്പനിയുമായി കരാറുണ്ടാക്കി സാമഗ്രികൾ വാങ്ങി അസംബിൾ ചെയ്ത് നിശ്ചിത റേറ്റ് പ്രകാരം കമ്പനിക്ക് കുട നൽകാവുനതാണ്.
4. നിലവിലുള്ള ടൈപ്പ് റൈറ്റിംഗ് യന്ത്രങ്ങൾ റിപ്പയർ ചെയ്യുകയും 4 എണ്ണം കൂടി വാങ്ങുകയും ചെയ്യുക.
5. സ്ഥിരമായി പ്രവർത്തിക്കുന്ന ഇൻസ്ട്രക്ടറെ നിയമിക്കുക.
6. സെക്രട്ടറിക്ക് റിഫ്രഷർ ട്രെയിനിംഗ് നൽകണം. ഇതിനായി പട്ടികജാതി സംഘങ്ങളിൽ പ്രവർത്തിക്കുന്ന സെക്രട്ടറിമാർക്ക് ജില്ലാതലത്തിൽ ട്രെയ





നിംഗ് കോഴ്സ് സഹകരണ വകുപ്പും പട്ടികജാതി വകുപ്പും സംയുക്തമായി സംഘടിപ്പിക്കുക. (ട്രൈസം ട്രയിനിംഗ്)

7. കന്നുകാലി വളർത്തലിന് പടിഞ്ഞാറത്തറ, തരിയോട് ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട് അർഹരായവരെ തെരഞ്ഞെടുത്ത് അവർക്ക് 50 % സബ്സിഡിയോടു കൂടി സങ്കരയിനം പശുക്കളെ നൽകുക.വായ്പ സഹകരണ ബാങ്കുമുഖേന നൽകാനും തിരിച്ചടവ് മിൽക്ക് സൊസൈറ്റികൾ മുഖേന വരാനും നിബന്ധനവയ്ക്കുക. സബ്സിഡി സംഖ്യ പട്ടിക ജാതി ഡിപ്പാർട്ടുമെൻറ് ബാങ്ക് മുഖേന വായ്പക്കാർക്ക് നൽകുക.

8. മെമ്പർമാർക്ക് ബോധവൽക്കരണ സെമിനാർ പട്ടിക ജാതി വികസന വകുപ്പും സഹകരണവകുപ്പും സംയുക്തമായി നടത്തുക.

9. കാർഷിക വായ്പകൾ അർഹരായവർക്കു മുഴുവൻ ജില്ലാ ബാങ്കിൽ നിന്ന് വാങ്ങി വിതരണം ചെയ്യുക.

10. തിരിച്ചടവു വരാത്ത വായ്പകൾ ഭരണസമിതി മുൻകൈ എടുത്ത് പിരിച്ചെടുക്കുവാൻ പ്രവർത്തിക്കുക. ഇതിന് സഹകരണ-പട്ടിക ജാതി വകുപ്പുകളിലെ ഉദ്യോഗസ്ഥർ സഹായിക്കുക.

11. പട്ടികജാതി വികസന കോർപ്പറേഷൻ ഫണ്ടുകൾ ഉപയോഗിച്ച് തൊഴിൽ പരിശീലനം സ്വയം തൊഴിൽ കണ്ടെത്തൽ, തൊഴിലുപകരണങ്ങൾ വാങ്ങാൻ വായ്പ - ധനസഹായം ഇവ സൊസൈറ്റിയിലൂടെ സാധ്യമാക്കുക.

## വൈത്തിരി താലൂക്ക് പട്ടികജാതി പട്ടിക വർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റി.

1980-ലാണ് ഇതിൻെറ പ്രവർത്തനം തുടങ്ങിയത്. ഇതിൽ മെമ്പർമാരായി 41 പേരുണ്ട്. ഗവൺമെൻറ് ഷെയർ ഒരു ലക്ഷം രൂപയാണ്. എന്നാൽ അത് ഇതുവരെ ലഭിച്ചിട്ടില്ല. ഇപ്പോൾ ഇതിൻെറ പ്രവർത്തനം നടക്കുന്നില്ല. ആദ്യകാല പ്രസിഡൻറ് മുത്തോറൻ ആയിരുന്നു. ഇപ്പോൾ അഡ്മിനിസ്ട്രേഷൻ ഭരണമാണ്. ഒരു സെക്രട്ടറിയുണ്ട്. സെക്രട്ടറിക്ക് മാസശമ്പളം 500/- രൂപയാണ്. ഇത് സർക്കാർ നൽകുന്നു. ഇതിൻെറ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഇത് ഒരു പ്രവർത്തനരഹിതമായ സംഘമാണ്. മേൽപറഞ്ഞ വിഭാഗങ്ങൾക്ക് മാത്രമായുള്ള ഒരു സംഘമായി നിലനിർത്തിക്കൊണ്ട് ഇത് പുനരുജ്ജീവിപ്പിക്കാൻ സാദ്ധ്യമല്ല. അതിനാൽ ഇത് ലികിഡേറ്റ് ചെയ്ത് ജനറലായി ഈ രംഗത്ത് ഒരു സൊസൈറ്റി രൂപീകരിക്കുന്നതാണ് ഗുണകരമാവുക.

## പട്ടിക വർഗ്ഗ ഫിഷറീസ് സഹകരണ സംഘം

1989-ൽ ആണ് പട്ടിക വർഗ്ഗ ഫിഷറീസ് സഹകരണ സംഘം ആരംഭിച്ചത്. ഇതിൽ 40 പേരാണ് മെമ്പർമാരായി ഉള്ളത്. ഒരു ഷെയറിൻെറ വില 10 രൂപയാണ്. മൊത്തം ഓഹരി മൂലധനം 400/- രൂപയാണ്. ഗവൺമെൻറ് ഓഹരി 90,000/- രൂപയാണ്. ഇതിന് ശേഷം ഓഹരിയായി 150000/- രൂപ കൂടി ഗവൺമെൻറ് നൽകിയിട്ടുണ്ട്. മത്സ്യ കുഞ്ഞുങ്ങളെ കൊണ്ടു വന്നു വളർത്തി മീൻപിടിച്ചു വിൽക്കുകയാണ് ഈ സഹകരണ സംഘത്തിതൻെറ പ്രവർത്തന ലക്ഷ്യം. ഇതിൽ ജീവനക്കാർ ആരും തന്നെയില്ല. മീൻപിടിക്കാനുള്ള ബോട്ട്, ഫ്രിഡ്ജ്, വല എന്നിവയും ഓഫീസ് ആവശ്യത്തിന് കസേര, മേശ തുടങ്ങിയ ഫർണിച്ചറുകളും സർക്കാർ നൽകിയിട്ടുണ്ട്. ഇത് സർക്കാർ നൽകിയ ധനസഹായത്തിന് പുറമേയാണ്.

മത്സ്യകുഞ്ഞുങ്ങളെ കൊണ്ടുവന്ന് കറളാട് തടാകത്തിൽ ഇട്ട് വളർത്തി മീൻപിടിച്ചു വിൽക്കുക എന്നതാണ് ഇതിൻെറ പ്രവർത്തനം. ഇതിനായി വലയും ബോട്ടും ഉണ്ട്. ഇപ്പോൾ ഇതിൽ ഒരു ഓണററി സെക്രട്ടറി മാത്രമേയുള്ളൂ. ഒരു വർഷമായി ഇതിൻെറ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഇതിന് ഭരണസമിതയുണ്ട്. K.വേലായുധൻ ആണ് പ്രസിഡൻറ്. സ്വന്തമായുള്ള ഓഫീസ്കെട്ടിടം നശിച്ചുപോയി. ഇപ്പോൾ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് കഴിഞ്ഞ കുറെ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു വർഷമായി പ്രവർത്തനം തീരെയില്ല.

### *പ്രശ്നങ്ങൾ*

1 ഭരണ സമിതിയുടെ കാര്യക്ഷമതയില്ലായ്മ.

2. സംഘത്തിൻെറ മാനേജ്മെൻറ് സംബന്ധിച്ച പരിജ്ഞാനമുള്ള സെക്രട്ടറിയില്ല.
3. മത്സ്യം വളർത്തലിനെക്കുറിച്ച് അംഗങ്ങൾക്കും നടത്തിപ്പുകാർക്കും പരിശീലനമില്ലാത്തത്.
4 വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ താല്പര്യമില്ലായ്മയും അഴിമതിയും.
5. സംഘംഭരണാധികാരികളുടെയും അംഗങ്ങളുടേയും താല്പര്യക്കുറവ്.
6. മത്സ്യം സംരക്ഷിക്കുന്നതിന് വേണ്ട സംവിധാനമില്ലാത്തത്.
7. മാർക്കറ്റ് ഇല്ലാത്തത്.

## *പരിഹാരമാർഗ്ഗങ്ങൾ*

1. ഈ സംഘം ലികിഡേറ്റ് ചെയ്യുകയും പുതിയൊരു സംഘം താല്പര്യമുള്ള മുഴുവൻ ഗിരിജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് രജിസ്റ്റർ ചെയ്യുകയും വേണം.
2. ഇതിൻെറ ഭരണ സമിതിയിൽ പട്ടിക വർഗ്ഗക്കാരായ 4 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ കൂടാതെ ഫിഷറീസ്, പട്ടിക വർഗ്ഗ വകുപ്പ്, എന്നിവ നിർദ്ദേശിക്കുന്ന 2 അനുദ്യോഗസ്ഥാംഗങ്ങളും ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പറും പട്ടിക വർഗ്ഗ/ജാതി സംവരണത്തിൽ ജയിച്ച മെമ്പറും പഞ്ചായത്ത് പ്രസിഡണ്ടും വോട്ടവകാശമുള്ള അംഗങ്ങളാകണം (മൊത്തം ഏഴുപേർ ഡയറക്ടർമാരും 2 പേർ അനുദ്യോഗസ്ഥാംഗങ്ങളും).
3. സ്ഥിരമായി ഒരു സെക്രട്ടറിയെ സഹകരണ വകുപ്പിൽ നിന്നും നിയമിക്കണം. ഇയാൾക്ക് നിശ്ചിത ശമ്പളം നൽകാനും വ്യവസ്ഥയുണ്ടാകണം.
4. മത്സ്യവളർത്തലിൽ അംഗങ്ങൾക്ക് പരിശീലനം നൽകാൻ ഫിഷറീസ് വകുപ്പ് സംവിധാനമുണ്ടാക്കണം.
5. വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ കൂടെക്കൂടെയുള്ള പരിശോധനയും മേൽനോട്ടവും വേണം.
6. വളർത്തുന്ന മത്സ്യങ്ങളെ അംഗങ്ങളല്ലാത്തവൻ പിടിച്ചുകൊണ്ടു പോകാതിരിക്കാൻ 2 കാവൽക്കാരെ ഏർപ്പെടുത്തണം.
7. സംഘത്തിൻെറ നശിച്ചുപോയ ഓഫീസ് പുനർനിർമ്മിക്കാൻ പട്ടിക വർഗ്ഗക്ഷേമ വകുപ്പ് ഗ്രാൻറ് നൽകുക.
8. അന്യാധീനപ്പെട്ട ഉപകരണങ്ങൾ ഇപ്പോൾ കയ്വശം വച്ചവരിൽ നിന്ന് കണ്ടെടുക്കാൻ ഭരണ സമിതിക്കാരുടെ സഹായത്തോടെ നടപടി സ്വീകരിക്കുക.
9 ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം കൊണ്ടുപോയിവിൽക്കാൻ 4 വാകം ബോക്സ്, ഒരു ഓട്ടോറിക്ഷ എന്നിവ വാങ്ങാൻവായ്പ ഫിഷറീസ് വകുപ്പ് നൽകുക.
10. വിൽപ്പനക്കാരായി 2 കമ്മീഷൻ ഏജൻറുമാരേയോ 2 ജീവനക്കാരേയോ നിയമിക്കുക.
11. കറലാട് ചിറയുടെ തീരസംരക്ഷണത്തിന് ഭിത്തി കെട്ടുക. ഇതിന് സാധ്യതയില്ലെങ്കിൽ അതിർത്തിയിൽ പ്രവേശന ദ്വാരങ്ങളോടു കൂടിയ കമ്പി വേലി നിർമ്മിക്കുക.

## തരിയോട് ക്ഷീരവ്യവസായ സഹകരണ സംഘം

1974 -ൽ തരിയോട് നോർത്തിൽ ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിതമായി. അന്ന്194 മെമ്പർഷിപ് ഉണ്ടായിരുന്നു. പ്രവേശന ഫീസ് 50 രൂപയായിരുന്നു. ഷെയർ സംഖ്യ 10രൂപ 50 പൈസ. മുൻകാലങ്ങളിൽ സർക്കാർ ഗ്രാൻറ് 10000 രൂപ അനുവദിച്ചു. 1976 ൽ ആണ്ഓഡിറ്റ് നടത്തിയത്. പിന്നെ ഇതുവരെ ഓഡിറ്റ് നടന്നിട്ടില്ല. ഭരണസമിതി നിലവിലുണ്ടായിരുന്നു. ഭരണസമിതിയിൽ സർക്കാർ നോമിനി ഉണ്ടായിരുന്നു. ബാണാസുരസാഗർ പദ്ധതി മൂലം കുടിഒഴിപ്പിക്കൽ വന്നപ്പോൾ സംഘം തരിയോട് നോർത്തിൽനിന്ന് കാപ്പുവയൽ റേഷൻ കടയുടെ സമീപത്തുള്ള വാടകമുറിയിലേക്കു മാറ്റി. പിന്നീട് ഇപ്പോൾ പ്രവൃത്തിക്കുന്ന വാടക മുറിയിലേക്കുമാറ്റി. തരിയോട് നോർത്തിൽ സംഘത്തിനുണ്ടായിരുന്ന 15 സെൻറ്സ്ഥലം അക്വയർ ചെയ്തുപോയപ്പോൾ കിട്ടിയ സംഖ്യ 75000 കയോളം നഷ്ടത്തിൻെറ പേരിൽഎടുത്തു ചിലവഴിച്ചു പോയിട്ടുണ്ട്. ഇപ്പോൾ ഓഡിറ്റ് നടക്കാത്തതിൽ ഗവൺമെൻറ് ഗ്രൻറ് അനുവദിക്കാറില്ല. ഭരണ സമിതി നിലവിലുണ്ട്. സ്ഥിരം സെക്രട്ടറിയില്ല. ദിവസക്കൂലിക്ക് അന്ന് സെക്രട്ടറി ജോലി ചെയ്യുന്നത്2 (രണ്ട്) സെയിൽസ്മാനും ഒരു സെയിൽസ് - കംടെസ്റ്ററും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.





ശരാശരി 300 ലിറ്റർ പാൽ സൊസൈറ്റിയിൽ വരുന്നുണ്ട്. 170 ലിറ്റർ മൽമക്കും 130 ലിറ്റർ ലോക്കൽ സെയിൽ ആയി നടക്കുന്നു. ഇപ്പോൾ സ്ഥാപനംവാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഇപ്പോൾ ഈ സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

## *പ്രശ്നങ്ങൾ*

1. സംഘത്തിന് സ്വന്തമായി സ്ഥവും കെട്ടിടവുമില്ല.
2. സ്ഥിരം സെക്രട്ടറിയില്ല.
3. വർഷങ്ങളായി ഓഡിറ്റ് നടക്കാത്തതിനാൽ ഗ്രാൻറ് ലഭിക്കുന്നില്ല.
4. പഞ്ചായത്തിലെ പാലുൽപ്പാദകരിൽ ന്യൂനപക്ഷം മാത്രമാണ് പാൽനൽകുന്നത്.
5. മിൽമയിൽനിന്ന് പാലിന് ന്യായമായ വിലലഭ്യമാകാത്തത്.
6. മുൻകാലത്തെ ക്രമക്കേടുകളുടെ ഫലമായി ജനവിശ്വാസം നഷ്ടപ്പെട്ടത്.
7. നല്ലയിനം പശുക്കളെ ആവശ്യത്തിനുലഭ്യമാല്ലാത്തത്, തൊഴുത്തുകളില്ലാത്തത്.
8. വായ്പാ സൗകര്യങ്ങളുടെ കുറവ്.
9. ഭരണസമിതിയുടെ കൂട്ടായ പ്രവർത്തനക്കുറവ്.
10. അംഗങ്ങളുടെ താല്പര്യകുറവ്.
11. തീറ്റപ്പുൽ കൃഷി വേണ്ടത്ര നടക്കാത്തത്.
12. കാലിത്തീറ്റയുടെ വിലക്കയറ്റം.

## *പരിഹാരനിർദേശങ്ങൾ.*

1. തരിയോട് പഞ്ചായത്തിലെ മുഴുവൻ പാൽഉൽപ്പാദകരേയും സംഘത്തിൽ അംഗങ്ങളാക്കൻ കഴിയണം. ഇതിനായി പഞ്ചായത്ത് ഭരണ സമിതിയുടെ സഹായത്തോടെ വാർഡടിസ്ഥാനത്തിൽ ഉൽപ്പാദകരുടെ യോഗം വിളിച്ചുചേർത്ത് പ്രചരണം നടത്തുക.
2. പഞ്ചായത്തിൽ ചെന്നലോട്, കാവുമ്മന്ദം, 10-ാം മൈൽ 8-ാം മൈൽ എന്നിവടങ്ങളിൽ സ്ഥിരമായി കലക്ഷൻ ഡിപ്പോ തുറക്കണം.
3. സംഘത്തിൽ ട്രെയ്നിംഗ് ലഭിച്ച ഒരു സെക്രട്ടറിയെ നിയമിക്കണം.
4. സംഘത്തിൻെറ ഭരണസമിതി അംഗങ്ങൾക്കും സ്റ്റാഫിനും പരിശീലനം നൽകാൻ ജില്ലാതലത്തിൽ ക്ഷീരവകുപ്പ് പരിപാടിയുണ്ടാക്കണം.
5. ജില്ലാ സഹകരണബാങ്കിൽ നിന്ന് ദീർഘകാല വായ്പയെടുത്ത് സ്ഥലവും കെട്ടിടവുമുണ്ടാക്കണം.
6. പാൽ ഉല്പാദകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഫാറ്റ് നോക്കി ഗുണ നിലവാരം നിർണ്ണയിക്കുന്ന രീതി ഒഴിവാക്കി കലർപ്പുണ്ടോ എന്നുമാത്രം പരിശോധിക്കുക.
7. കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ മിൽമ സൊസൈറ്റിക്ക് ഇന്നു നൽകുന്ന വില വർദ്ധിപ്പിക്കുകയും അവരുടെ മാർജിൻ കുറയ്ക്കുകയും ചെയ്യുക.
8. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാത്ത പക്ഷം സൊസൈറ്റികൾ ജില്ലാതലത്തിൽ സംഘടിച്ച് ഒരു ബദൽ സംവിധാനമുണ്ടാക്കാനും മിൽമയെ പാൽ സംഭരണത്തിൽ നിന്ന് ഒഴിവാക്കാനും ഗവൺമെൻറ് മുൻകയ്യെടുക്കുക.
9. തീറ്റപ്പുൽ കൃഷിക്ക് പഞ്ചായത്തിൻെറ പുറംപോക്കുകൾ ലീസിലെടുത്ത് കർഷകർക്ക് നല്ലയിനം വിത്തുകൾ നൽകി കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുക.
10. സൊസൈറ്റിയുടെ ഒരു യൂണിറ്റായി കാലിത്തീറ്റ നിർമ്മിച്ച് ന്യായവിലക്ക് വിതരണം ചെയ്യുക.
11. കർഷകർക്ക് ആവശ്യാനുസരണം ഡയറി വായ്പ നൽകാൻ സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും തയ്യാറാകണം. സൊസൈറ്റി സ്പോൺസർ ചെയ്യുന്നവർക്ക് കാലികളെ നൽകുകയും തിരിച്ചടവ് സൊസൈറ്റിയിൽ കൂടി ഉറപ്പാക്കുകയും ചെയ്യാം.
12. ശാസ്ത്രീയമായി തൊഴുത്തു നിർമ്മിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് നൽകാൻ സംവിധാനമുണ്ടാക്കുകയും ഇതിനായി സബ്സിഡിയോടുകൂടികൃഷി വകുപ്പിൽ നിന്ന് വായ്പ നൽകുകയും ചെയ്യുക.
13. നല്ലയിനം പശുക്കളെ കർഷകർക്കു ലഭ്യമാക്കാൻ മൃഗസംരക്ഷണ വകുപ്പ് ജില്ലാതലത്തിൽ ഒരു സംവിധാനം രൂപപ്പെടുത്തണം ഇതിനായി കർഷകർ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അവർക്ക് ആവശ്യമുള്ള ഗുണനിലവാരത്തോടുകൂടിയ പശുക്കളെ ഫാമുകളിൽ നിന്ന് എത്തിച്ചു





കൊടുക്കാൻ ഈ കേന്ദ്രത്തിനുകഴിയണം. ഇതിനുവേണ്ടി വരുന്ന ചെലവിൽ പകുതി കൃഷിക്കാരിൽ നിന്നും പകുതി മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കണം

14. IRDP വായ്പയ്ക്ക് അർഹരായ ആളുകളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് എല്ലാവാർഡിലും 10 അംഗ ഗ്രൂപ്പുകൾ രൂപീകരിക്കണം. ഇവർക്ക് പശുക്കളെ നൽകാനും തീറ്റപ്പുൽകൃഷി നടത്താനും സൊസൈറ്റിയുമായി ബന്ധപ്പെട്ട് കാലിത്തീറ്റ ലഭ്യമാക്കാനും കഴിഞ്ഞാൽ പാൽ ഉൽപ്പാദനം വർദ്ധിപ്പാക്കാനും സൊസൈറ്റിക്ക് സംഭരണം വർദ്ധിപ്പിക്കാനും കഴിയും.
15. പാൽ അധികമായിവരുമ്പോൾ ദുരുപയോഗപ്പെട്ടു പോകാതിരിക്കാൻ ഓരോ വാർഡിലും 3പാൽ ഉൽപന്ന യൂണിറ്റുകൾ വീതമെങ്കിലും ആരംഭിക്കാൻ സൊസൈറ്റി മുൻക്കയ്യെടുത്ത് വനിതകളെ സംഘടിപ്പിച്ച് ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.
16. പാരമ്പര്യ സൊസൈറ്റികൾ സംഘടിപ്പിച്ച് ഒരു അസോസ്യേഷനുണ്ടാക്കി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കരാൻ കൂട്ടായി യത്നിക്കുക.

## പത്മാകറി പൗഡർ യൂണിറ്റ്

കല്പറ്റ വികസന ബ്ലോക്കിൽ നിന്നും IRDP പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഒരു വനിതാ വ്യവസായ യൂണിറ്റാണ് ഇത്. 27-5-89 ൽ ആരംഭിച്ചു. യൂണിറ്റിൽ 15 അംഗങ്ങളാണുള്ളത് ജില്ലാ വ്യവസായ കേന്ദ്രമായി ബന്ധപ്പെട്ടാണ് ഇതു പ്രവർത്തിക്കുന്നത്. സ്ത്രീകൾക്ക് സ്വയം തൊഴിൽചെയ്ത് തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനും ഇതിലൂടെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമവുമാണ് ഈ യൂണിറ്റു കൊണ്ടുദ്ദേശിക്കുന്നത്. ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട്പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സൊസൈറ്റിയാണിത്.

കറിപ്പൊടികളും, കാപ്പിപ്പൊടികളും മറ്റും ഉദ്പാദിപ്പിച്ച് പാക്ക് ചെയ്ത വില്ക്കലാണ് ഇതിന്റെ പ്രവർത്തനം. ഇതിനായി ലൈസൻസ് എടുത്തിട്ടുണ്ട്. പൊടിക്കുന്നതിനുള്ള മൂന്ന് (3) മില്ലുകളും, സാധനങ്ങൾ തൂക്കുന്നതിനുള്ള ത്രാസ്സും ഇവിടെയുണ്ട്. കാവുമന്ദത്ത് പരേതയായ ശ്രീമതി പത്മാവതി കുറുപ്പ് സംഭാവന നല്കിയ സ്ഥലത്ത് നിർമ്മിച്ചു. പ്രിയദർശിനി മഹിളാസമാജം വക കെട്ടിടത്തിലാണ് ഈ സംഘം പ്രവർത്തിക്കുന്നത്. വളരെക്കാലമായി ശ്രീമതി. മീനാക്ഷിയമ്മയാണ് ഇതിന്റെ കൺവീനറായി പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിൽ നിന്നു് 135000 ക വായ്പയും, 15000രൂപ റിവോൾവിംഗ് ഫണ്ടും ലഭിച്ചിട്ടുണ്ട്. എന്നാൽ വർഷങ്ങളായി നഷ്ടത്തിൽ കലാശിക്കുന്നഈ സംഘം വായ്പ കുടിശ്ശിക തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തിയുടെ വക്കിലെത്തി നിൽക്കുകയാണ്. 8 അംഗങ്ങൾ മാത്രമാണ് ഇപ്പോൾ ജോലിചെയ്യുന്നത്. സാധനങ്ങൾ പൊടിക്കാൻ കൊണ്ടുവന്നാൽ അതു പൊടിച്ചുകൊടുക്കുന്നതിന്റെ കൂലി മാത്രമാണ് ഇപ്പോഴുള്ള വരുമാനമാർഗ്ഗം. ഇതിന്റെയൊരു വിഹിതം കടമടയ്ക്കാൻ നീക്കിവെച്ചതിനുശേഷംബാക്കി സംഖ്യ ഇവർ വീതിച്ചെടുക്കുന്നു. ഒരാൾക്ക് 10 രൂപയിൽ താഴെ മാത്രമെ ദിവസവരുമാനം ലഭിക്കുന്നുള്ളൂ. വിവിധ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന കറിപൗഡറുകളും, ധാന്യപൊടികളും വമ്പിച്ച പരസ്യങ്ങളോളുട കൂടി മാർക്കറ്റിൽ സുലഭമായി വരുന്നതിതനാൽ അവയുമായി മത്സരിക്കാൻഈ സ്ഥാപനത്തിന് കഴിയുകയില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പൊടികൾ വിറ്റഴിക്കാൻ ആവശ്യമായ യാതൊരു സംവിധാനവുമില്ല. അംഗങ്ങൾ തമ്മിൽ സഹകരണമില്ലാത്തതും, നേതൃത്വത്തിലുള്ളവരുടെ താൽപര്യമില്ലായ്മയും ഈ യൂണിറ്റിന്റെ വളർച്ചക്ക് തടസ്സമാണ്. ആവശ്യമായ മൂലധനം കണ്ടെത്താനും ഇവർക്ക് കഴിയുന്നില്ല. അതുകൊണ്ട്തന്നെ ഈ യൂണിറ്റിന്റെ പ്രവർത്തനം തുടർന്ന് പോവാൻ വിഷമമാണ്. ഈ യൂണിറ്റ് ലികിഡേറ്റ് ചെയ്യുകയും ഇപ്പോൾ നിലവിലുള്ള അംഗങ്ങളിൽ താല്പര്യമുള്ളവരെയും ലികിഡേറ്റ് ചെയ്യുമ്പോൾ വരുന്ന ബാധ്യതയേറ്റെടുക്കാൻ തയ്യാറുള്ള പുതിയ അംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ട് ഒരു പുതിയ യൂണിറ്റ് രജിസ്റ്റർ ചെയ്യുക. ഇതിനായി ബ്ലോക്ക്തല ഉദ്യോഗസ്ഥൻമാർ പങ്കെടുത്ത് നിലവിലുള്ള അംഗങ്ങളുടെയും, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും സഹകരിക്കാൻ താല്പര്യമുള്ളയാളുകളുടെയും,യോഗം വിളിച്ച് ചേർക്കുക. പുതിയൊരുയൂണിറ്റിനുള്ള ആളുകളെ കണ്ടെത്തി





കഴിഞ്ഞാൽ ആസ്തി ബാദ്ധ്യതകൾ അവരെ ഏൽപ്പിച്ച്കൊണ്ട് പുതിയൊരു യൂണിറ്റായി രജിസ്റ്റർ ചെയ്യുക. ബാദ്ധ്യത വരുന്നസംഖ്യ ദീർഘകാല വായ്പയാക്കി മാറ്റി എടുക്കുകയും പലിശ്ശ ഒഴിവാക്കികൊടുക്കുകയും ചെയ്യുക. ഗ്രാമ പഞ്ചായത്തിൻെറ ഉറപ്പൻമേൽ ഇവർക്ക് പ്രവർത്തനമൂലധനം വ്യവസായ കേന്ദ്രത്തിൽനിന്നും അനുവദിക്കണം. ഇതിൻെറ പ്രവർത്തനം പരിശോധിക്കാനും, ഉപദേശ്ശങ്ങൾ നൽകാനും, പഞ്ചായത്ത്വാർഡ് മെമ്പർമാരും, വില്ലേജ് എക്സ്ററൻഷൻ ഓഫീസറും, വ്യവസായ കേന്ദ്രത്തിൽ നിന്ന്നിർദ്ദേശിക്കുന്ന ഒരുദ്യോഗസ്ഥനുമടങ്ങുന്ന കമ്മറ്റിയെ നിയോഗിക്കേണ്ടതാണ്.

## ആടുവളർത്തൽ യൂണിറ്റ് 11ാം മൈൽ

ഇതൊരു DWCRA യൂണിറ്റാണ്. കല്പറ്റ വികസന ബ്ലോക്കിൽനിന്ന് IRDPപദ്ധതിപ്രകാരം സബ്സിഡിയോട് കൂടിയ വായ്പയായി അനുവദിച്ച സംഖ്യമുടക്കി 10 സ്ത്രീകൾ ചേർന്ന് രൂപീകരിച്ച ആടുവളർത്തൽ യൂണിറ്റാണിത്. ഇതിലൊരംഗത്തിൻെറ സ്ഥലത്ത് ഒരു കൂട് നിർമ്മിച്ച് വായ്പാസംഖ്യ ഉപയോഗിച്ച് വാങ്ങിയ ആടുകളെ വളർത്തുന്നു. ആടുകളെ മേയ്ക്കുന്നജോലി അംഗങ്ങൾ ഓരോ ദിവസ്സമായി മാറിമാറിചെയ്യുന്നു. യൂണിറ്റിനാവശ്യമായ വായ്പ നൽകിയത് തരിയോട് സർവ്വീസ് സഹകരണബാങ്കിൽ നിന്നാണ്. ആടിൻ പാലും, മാംസവും വിറ്റഴിക്കാനുള്ള സൗകര്യമില്ല. ആടുകൾക്ക്രോഗം വന്നാൽ ചികിൽസിക്കാൻ ആവശ്യമായ മൃഗാശുപത്രി 6. കി. മീറ്റർ ദൂരെയാണ്. ബാണാസുര പദ്ധതി പ്രദേശത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്ത തരിശ്ശുഭൂമിയും, വനഭൂമികയും അടുത്തുള്ളതിനാൽ ആടുകളെ മേയ്ക്കാനും തീറ്റകൊടുക്കാനും വലിയ വിഷമമില്ല.

മൃഗാശുപത്രീയിലെ മൊബൈൽ എയ്ഡ് യൂണിറ്റ് പുനസ്ഥാപിച്ച് വാഹനസൗകര്യം ഏർപ്പെടുത്തിയാൽ ഇത്തരം യൂണിറ്റുകൾ ഇടക്കിടെ നേരിൽ പോയി പരിശോധിച്ച് ചികിൽസനൽകാൻ കഴിയും. കൂടാതെ യൂണിറ്റിലെ പ്രവർത്തകർക്ക് രോഗങ്ങളെകുറിച്ചും പ്രഥമശുശ്രൂഷകളെകുറിച്ചും വിദ്യാഭ്യാസം നൽകണം. ഇതിനാവശ്യമായ മരുന്നുകളും നൽകണം.

## വൈത്തിരി താലൂക്ക് മൈനിംഗ് ആൻറ് മരാമത്ത് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി അമ്പലവയൽ ബ്രാഞ്ച് 11-ാംമൈൽ.

തരിയോട് 11-ാം മൈൽക്വോറി കേന്ദ്രമാക്കി മേൽപ്പറഞ്ഞ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നു. 1979ൽ തരിയോട് 11-ാം മൈലിലുള്ള കരിങ്കൽ ക്വാറി PWD അക്വയർ ചെയ്തതോടുകൂടി നിലവിലുണ്ടായിരുന്ന കരാറുകാർജോലി നിർത്തിപ്പോവുകയും 200 ഓളം തൊഴിലാളികൾ തൊഴിൽ രഹിതരായിത്തീരുകയും ചെയ്തു. ഈ വിഭാഗം തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കുന്നതിനുവേണ്ടി പ്രാദേശിക തൊഴിലാളി പ്രവർത്തകർ ഒരു സൊസൈറ്റി രൂപീകരിക്കാൻ ആലോചിച്ചെങ്കിലും നിലവിണ്ടായിരുന്ന നിയമമനുസരിച്ച് താലൂക്ക് തലത്തിൽ ഒരു സൊസൈറ്റി പ്രവർത്തിക്കുന്നതിനാൽമറ്റൊരു സംഘം അതേ ഉദ്ദേശ്യത്തോടുകൂടി രജിസ്റ്റർ ചെയ്യാൻ കഴിയാതെ വന്നു. ഇതിനെത്തുടർന്ന് 135 തൊഴിലാളികൾ അമ്പലവയലിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയിൽ അംഗത്വമെടുത്തു. അമ്പലവയൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ ക്വോറിയിൽ ജോലി ആരംഭിക്കുകയും നിയമപരമായി സൊസൈറ്റിക്ക് ക്വാറി വാടകക്ക് ലഭിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ക്വാറി അക്വിസിഷനുമായി ബന്ധപ്പെട്ട നിയമ തടസ്സങ്ങൾ മൂലം ഇതുനടപ്പായില്ല. സൊസൈറ്റി അംഗങ്ങളായുള്ള തൊഴിലാളികളോടൊപ്പം മറ്റു തൊഴിലാളികൾക്കും തൊഴിൽ ലഭിക്കാൻ ഈ സംരംഭത്തിലൂടെ സാധിച്ചു. 1996 ൽ 200 ൽ പരം തൊഴിലാളികൾ ഈ ക്വോറിയിൽ പണിയെടുക്കുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ സൊസൈറ്റിജോലി ചെയ്യിക്കുന്ന ക്വോറിയുടെ മൂന്നിലൊന്നോളം വരുന്ന ഭാഗത്ത് ജോലിചെയ്യുന്നത് 50ൽ താഴെ തൊഴിലാളികളാണ്. ഈ പ്രവൃത്തി സൊസൈറ്റി നടത്തുന്നത് സബ്കോൺടാക്റ്റു നൽകിയാണ്. സബ്കോൺട്രാക്ടർമാരടക്കം തൊഴിൽചെയ്യുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലി, ബോണസ് ചികിത്സച്ചെലവ് മുതലായ ആനുകൂല്യങ്ങൾ സൊസൈറ്റിനൽകി വരുന്നു. ബ്രാഞ്ചിൻെറ പ്രവർത്തനത്തിന് 1200 രൂപ ശമ്പളത്തിൽ ഒരു സൂപ്പർ വൈസറും 650 രൂപ ശമ്പ

ളത്തിൽഒരു ക്ലാർക്കുമുണ്ട് ക്വോറി നടത്തിപ്പിനു വേണ്ട ലൈസൻസുകൾ സൊസൈറ്റിക്കില്ല. ഒരു വർഷത്തിൽ അരക്കോടിയോളം രൂപയുടെ ഉൽപ്പാദനം നടക്കുന്ന ക്വാറിയിൽ പ്രവർത്തിക്കുന്ന 2/3 ഭാഗത്തിലധികം തൊഴിലാളികളും സൊസൈറ്റിയുമായി ബന്ധമില്ലാത്തതിനാൽ അവർക്ക് കൂലിയല്ലാതെ മറ്റാനു കൂല്യങ്ങളൊന്നുമില്ല. ചുറ്റുപാടുമുള്ള കൈവശക്കാരുടെ കൃഷികൾക്കും വീടിനും, നാശനഷ്ടങ്ങളുണ്ടാകുന്നതിനാലും തൊഴിൽ തർക്കങ്ങൾ മൂലവും ക്വോറി പ്രവർത്തനം ഇടയ്ക്കിടെ മുടങ്ങിപ്പോകാറുണ്ട്.

സൊസൈറ്റി ബ്രാഞ്ച് ഓഫീസ് 11-ാം മൈലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇവിടെ ആവശ്യത്തിന് ഫർണ്ണിച്ചറും അലമാരയുമുണ്ട്. ഈ സൊസൈറ്റി മുഴുവൻ തൊഴിലാളികൾക്കും പ്രയോജനകരമാക്കി മാറ്റാൻ കഴിയണം.

ഇതിനായി തരിയോടു പഞ്ചായത്തിൽ മൈനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന കരിങ്കൽ, ഇഷ്ടിക, തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു പുതിയ സൊസൈറ്റി രജിസ്റ്റർ ചെയ്യണം. ഈ സൊസൈറ്റിക്ക് മേൽപ്പറഞ്ഞ കരിങ്കൽ ക്വോറി വാടകക്ക് സർക്കാർ വിട്ടു കൊടുക്കണം. ഇതിലൂടെ സർക്കാരിന് ഇപ്പോൾ നഷ്ടമായിക്കൊണ്ടിരിക്കുന്ന വരുമാനം ലഭിക്കുമെന്ന് ഉറപ്പാക്കാൻ കഴിയും. പ്രായോഗികമായ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാവുന്നതാണ്.

1. കരിങ്കൽ ക്വോറി തൊഴിലാളികളെ മുഴുവൻ അംഗങ്ങളാക്കി ഒരു സൊസൈറ്റി രൂപീകരിക്കാൻ അവിടെ പ്രവർത്തിക്കുന്നട്രേഡ് യൂണിയനുകൾ മുൻകയ്യെടുക്കുക.
2. ഈ കരിങ്കൽ ക്വോറി നിയമപ്രകാരം സൊസൈറ്റിക്ക് പി.ഡബ്ലിയു. ഡി. വിട്ടു കൊടുക്കുകയും അവിടെ ഉല്പാദിപ്പിക്കുന്നഒരു ലോറി ലോഡ് കല്ലിന് 20 രൂപ പ്രകാരം വില ഈടാക്കുകയും ചെയ്യുക. അല്ലെങ്കിൽ ഇന്നുള്ള ശരാശരി ഉൽപ്പാദനത്തിൻെറ കണക്കുശേഖരിച്ച് ഒരു വർഷത്തേക്ക് നിശ്ചിത സംഖ്യ ഈടാക്കിക്കൊണ്ടു നൽകുക.
3. ക്വോറി നടത്തുന്നതിനാവശ്യമായ ലൈസൻസുകൾ സംഘം സമ്പാദിക്കേണ്ടതാണ്.
4. വെടിമരുന്നും മറ്റും ശേഖരിക്കുന്നതിന് ഒരു സ്ട്രോംഗ്റും സൊസൈറ്റി നിർമ്മിക്കണം.
5. സമീപവാസികളുടെ വീടിനും കാർഷിക വിളകൾക്കും നഷ്ടം സംഭവിക്കാതിരിക്കാൻ 200 മീറ്റർ ചുറ്റളവിൽ വരുന്ന കുടുംബങ്ങളുടെ ഭൂമി കൂടി PWDഅക്വയർ ചെയ്യണം. ക്വാറിയുടെ പരിസരത്തുള്ള 9 കുടുംബങ്ങളുടെ 9 ഏക്കറോളം ഭൂമി ഇതിനായി അക്വയർ ചെയ്യണം. തരിശുഭൂമിയായതിനാൽ 5 ലക്ഷത്തിൽ പരം രൂപ നഷ്ടപരിഹാരമായി കൈവശക്കാർക്ക് നൽകേണ്ടി വരും.
6. സൊസൈറ്റിക്ക് ഒരു സ്റ്റോർ കെട്ടിടം നിർമ്മിക്കാൻ ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ സംഘടിപ്പിക്കാൻ കഴിയും.

മേൽപ്പറഞ്ഞ പ്രായോഗിക പരിപാടികൾ നടപ്പാക്കാൻ കഴിഞ്ഞാൽ 250 തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കാനും5 പേർക്ക് ജീവനക്കാരായി ജോലി ലഭിക്കാനും സാദ്ധ്യതയുണ്ട്. കൂടാതെ തരിയോട് ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിലും തൊഴിൽ നികുതിയിനത്തിലുമായി 300,00 രൂപയെങ്കിലും പ്രതിവർഷം വരുമാനം ഉണ്ടാക്കാൻ കഴിയും. സർക്കാരിനാകട്ടെ പ്രതിവർഷം 3,00,00,0 രൂപ വരുവാനമുണ്ടാകും. 250 തൊഴിലാളികൾക്ക് പ്രതിവർഷം ഓരോ തൊഴിലാളിക്കും 300 തൊഴിൽ ദിനങ്ങളെന്ന തോതിൽ 75000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും.കരിങ്കൽ പൊട്ടിക്കുന്ന ഒരു തൊഴിലാളിക്ക് പ്രതിദിനം 150 രൂപ തോതിൽ 45000 രൂപയും.സ്ത്രീ തൊഴിലാളിക്ക് പ്രതിദിനം45 രൂപ തോതിൽ 13500 രൂപയും വാർഷികവരുമാനമുണ്ടാക്കാൻ കഴിയും. വമ്പിച്ചൊരു സഹകരണ വ്യവസായമായി ഈ ക്വോറിയെ മാറ്റിയെടുക്കാൻ കഴിയും.

## കല്പറ്റ താലൂക്ക് മൈനിംഗ് സൊസൈറ്റി.

1979 ൽ 11-ാം മൈൽ കരിങ്കൽ ക്വാറിയുടെ ഒരു ഭാഗത്തുകേന്ദ്രീകരിച്ചു ജോലിചെയ്തിരുന്ന ഏതാനും തൊഴിലാളികളെയും കരിങ്കൽ ലോഡിംഗ് തൊഴിലാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് അമ്പലവയൽ സൊസൈററിയുടെ ബ്രാഞ്ചിനു സമാന്തരമായി വ്യവസായ സഹസംഘമായി രജിറ്റർ ചെയ്യപ്പെട്ടു. എന്നാൽ കോടതി വിലക്കുമൂലം ഈ സൊസൈറ്റിക്ക് പ്രവർത്തിക്കാൻ കഴിഞ്ഞില്ല.





ഇപ്പോൾ സൊസൈറ്റിയുടെ മേൽ നിയമതടസ്സങ്ങ ളെന്നും നിലനിൽക്കുന്നില്ലെങ്കിലും പ്രവർത്തനര ഹിതമാണ്. മേൽപ്പറഞ്ഞസൊസൈറ്റിയുടെ ഷെയർ വില 500 രൂപയായിരുന്നു. 30 അംഗങ്ങളാണ് സൊസൈററിയിലുണ്ടായിരുന്നത്.

എന്നാൽ പ്രവർത്തന രഹിതമായി കിടക്കുന്ന മേൽപ്പറഞ്ഞ സംഘം പുനരുജ്ജീവി പ്പിക്കാൻ കഴിയാത്തവിധമായത്തിനാൽ അത് ലിക്വി ഡേററ് ചെയ്യാൻ നടപടി സ്വീകരിക്കാവുന്നതാണ്.ഈ സൊസൈറ്റിയിലെ അംഗങ്ങളേയും ഉൾപ്പെടുത്തി ഒരു പുതിയ സൊസൈററിരൂപികരിക്കാനുള്ളനിർദ്ദേശം ഇതിനു മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

## സ്കൂൾ സഹകരണ സംഘങ്ങൾ.

സെൻറ് മേരിസ് യു. പി സ്കൂൾ, തരിയോട് ഹയർസെക്കൻറിസ്കൂൾ എന്നിവങ്ങളിൽ ഓരോസ്കൂൾ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലാകെ വിദ്യാലയങ്ങളിൽ സഹകരണസം ഘങ്ങൾ രൂപീകരിച്ച് പാഠപുസ്തകങ്ങളും നോട്ടു ബുക്കുകളും മററു പഠനോപകരണങ്ങളും സ്കൂൾ സൊസൈററികളിലൂടെ വിദ്യാർത്ഥികൾക്ക് ന്യായവി ലയക്ക് ലഭ്യമാക്കുക എന്ന സർക്കാർ തീരുമാ നത്തിൻെറ ഭാഗമായാണ് ഈ സൊസൈറ്റിക്കൾ രൂപീ കരിച്ചത്.സ്ക്കൂൾ സംഘത്തിൽ മെമ്പർഷിപ്പ് അധ്യാ പകർക്കും വിദ്യാർത്ഥികൾക്കും മാത്രമാണ്. അധ്യാ പകർ 5 രൂപ പ്രകാരവും വിദ്യാർത്ഥികൾ 1 രൂപ പ്രകാരവും ഷെയർ വിലനൽകേണ്ടതുണ്ട്.

മേൽപ്പറഞ്ഞ 2 സ്ക്കൂൾ സഹകരണ സംഘങ്ങളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നണ്ട്. എന്നാൽ പ്രവർത്തന മേഖലകൾ വിപുലീകരിച്ച് അവയിലെ അംഗങ്ങൾക്ക് വരുമാനമുണ്ടാക്കാനുത കുന്നവിധം വളർച്ച നേടാൻ കഴിഞ്ഞിട്ടില്ല.

ഈ ഉദ്ദേശ്യ. നേടിയെടുക്കാൻ കഴിയണ മെങ്കിൽ സ്കൂളുകളിൽ നോട്ടുബുക്ക് നിർമ്മാണം, ബൈൻഡിംഗ്, പാവ, കളിപ്പാട്ട നിർമ്മാണം മുതലായ വിവിധ കൈത്തൊഴിലുകൾനിർബന്ധിത വിഷയ മാക്കുകയും ഇവയ്ക്കു വേണ്ടി വരുന്ന അസംസ്കൃത വസ്തുക്കൾ സൊസൈറ്റികളിലൂടെ നൽകുകയും ഉൽ പ്പന്നങ്ങൾ ഇവയിലൂടെ വിൽപ്പന നടത്തുകയും വേണം. വിദ്യാർത്ഥികൾക്ക്തൊഴിൽ പിരശീലനം ലഭിക്കുന്നതോടൊപ്പം അവർക്കു വരുമാന മുണ്ടാക്കാനും സ്വാശ്രയബോധം വളർത്താനും കഴി യും. മാത്രമല്ല സ്കൂൾ സൊസൈറ്റികൾ അഭിവൃദ്ധി പ്പെടുകയും ചെയ്യും. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഫണ്ടുണ്ടാക്കാൻ സർക്കാർ ഗാരണ്ടി യിൽ സഹകരണബാങ്കിൽ നിന്ന് വായ്പ വാങ്ങാ വുന്നതാണ്.

## തരിയോടു പഞ്ചായത്ത് റൂറൽ ഡവലപ്പ് മെൻറ് സൊസൈറ്റി.

ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ വായ്പയുപയോഗിച്ച് 10 അംഗങ്ങൾ ചേർന്ന് ലതർ വർക്ക് യൂണിറ്റ് കാവുംമ്മന്ദത്ത് ആരം ഭിച്ചു. എന്നാൽ ഇതിലെ അംഗങ്ങൾ തമ്മിലുണ്ടായ ചില തർക്കങ്ങൾ മൂലവും കാര്യക്ഷമതയില്ലായ്മമൂ ലവും ഈ യൂണിറ്റ് പ്രവർത്തന രഹിതമായിത്തീർന്നി രിക്കുകയാണ്.

## വൈത്തിരി താലൂക്ക് പട്ടിക ജാതി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി ബ്രാഞ്ച് കാവുംമന്ദം.

കല്പറ്റ കേന്ദ്രമായി പ്രവർത്തിക്കുന്ന മേൽ പ്പറഞ്ഞ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് കാവുംമ്മന്ദത്ത് പ്രവർത്തിച്ചു വരുന്നു. റബ്ബർ, കുരു മുളക് എന്നിവ കർഷകരിൽ നിന്ന് ശേഖരിച്ച് വിറ്റ ഴിക്കുന്ന പ്രവർത്തനമാണ് ഈ സംഘം നടത്തുന്നത്. ധാരാളം മലഞ്ചരക്കു വ്യാപാരികൾ മത്സരബുദ്ധി യോടെ പ്രവർത്തിക്കുന്നതിനാൽ ഈ സംഘത്തിൻെറ വ്യാപാരം വളർച്ച നേടുന്നില്ല.

താഴെപ്പറയുന്ന സഹകരണ സംഘങ്ങൾ ഈ പഞ്ചാത്തിൽ പുതിയതായി രൂപീകരിക്കണം.

**1. മൈനിംഗ് ആൻറ് മരാമത്ത് വർക്കേഴ്സ് കോ-ഓ പ്പറേറ്റീവ് സൊസൈറ്റി.** (ഇത് രൂപീകരിക്കാനുള്ള നിർദ്ദേ ശങ്ങൾ മുൻപ് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.)

**2. തരിയോട് പഞ്ചായത്ത് പട്ടികവർഗ്ഗ സഹകരണ സംഘം:** പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങ ളിൽ നിന്ന് തൽപ്പരരായ വരെ കണ്ടുപിടിച്ച് ഒരു വിവി ധോദ്ദേശ്യ സഹകരണ സംഘമായി ഇതു രജിസ്റ്റർ ചെയ്യണം. മഞ്ഞൂറ(കർളാട്) ഫിഷറീസ് സംഘ ത്തിൻെറ പ്രവർത്തനം ഇതുമായി സംയോജിപ്പിക്കാം. 8-ാം വാർഡിലെ കാട്ടുനായ്ക്കകോളനിയിലും 11-ാം മൈലിലെ കാട്ടുനായ്ക്കകോളനിയിലും കുട്ട,മുറം,





പരമ്പ് മുതലായവ നെയ്യാൻ കഴിയുന്നവരുണ്ട്. ഈ പ്രവർത്തനവും സൊസൈറ്റിക്ക് ഏറ്റെടുക്കാൻ കഴിയും. വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന ഏജൻസികൾക്കുനൽകുന്നജോലിയും സോപ്പു നിർമ്മാണം, തേനീച്ച വളർത്തൽ, പായ്നിർമ്മാണം മുതലായവയും അവരെ പരിശീലിപ്പിച്ച് നടത്താൻ കഴിയും.

**3. കാർഷികകോൽപ്പന്ന വിപണന സംഘം:** കാർഷിക മേഖലയായ തരിയോടു പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന വാഴക്കുല, കാപ്പി, കുരുമുളക്, ഇഞ്ചി മുതലായവ ഇന്ന് ശേഖരിച്ച് വിൽപ്പന നടത്തുന്നത് കാവുംമ്മന്ദത്തും ചെന്നലോട്ടുമുള്ള സ്വകാര്യ കച്ചവടക്കാരാണ്. കർഷകർക്ക് ന്യായമായ വില കിട്ടാത്തതും വിലയഥാസമയം ലഭിക്കാത്തതും സംബന്ധിച്ച തർക്കങ്ങൾ നിത്യസംഭവമാണ്. കർഷകരെ ഇവയിൽ നിന്നും സംരക്ഷിക്കാൻ കർഷകസംഘടനാ പ്രവർത്തകർ മുൻകയ്യെടുത്ത് സംഘം രൂപീകരിക്കേണ്ടതാണ്. പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പയായി സംഘടിപ്പിക്കണം. കാവുംമ്മന്ദത്തും ചെന്നലോടും 10-ാം മൈലിലും സംഭരണ ഡിപ്പോകളുണ്ടാവണം.

**4. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി:** നിലവിലുള്ള പട്ടിക ജാതി പട്ടിവർഗ്ഗസൊസൈറ്റി ഈ മേഖലയിൽ പ്രവർത്തിക്കാത്തതിനാൽ ജനറൽ കാറ്റഗറിയിൽ ഒരു സംഘം രൂപീകരിക്കാൻ നിർമ്മാണ തൊഴിൽ (ആർട്ടിസാൻസ്) സംഘടനാ പ്രവർത്തകർ മുൻകയ്യെടുത്ത് നിർമ്മാണ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് സൊസൈറ്റി രൂപീകരിക്കണം. ത്രിതലപഞ്ചായത്തുകൾ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളും വിവിധ സർക്കാർ ഏജൻസികളും സ്വകാര്യ വ്യക്തികളും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്തുനടത്താൻ കഴിയും. സംഘം പ്രവർത്തനത്തിനാവശ്യമായ മൂലധനം പകുതി ഓഹരിയിനത്തിൽ അംഗങ്ങളിൽനിന്ന് ശേഖരിക്കണം. ബാക്കി സംഖ്യ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയായി സംഘടിപ്പിക്കാൻ കഴിയും.

**ഉപഭോക്തൃ സഹകരണസംഘം:** പഞ്ചായത്ത് തലത്തിൽ ഉപഭോക്താക്കളെ സംഘടിപ്പിച്ചു കൊണ്ട് ഒരു സംഘം രജിസ്റ്റർ ചെയ്യണം. കേരളാ മാർക്കറ്റിംഗ് ഫെഡറേഷനുമായി ബന്ധപ്പെട്ട് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കു വാങ്ങി ഉപഭോക്താക്കൾക്കു നൽകാൻ കഴിയും. ഈ സംഘത്തിന് സാധനങ്ങൾ ന്യായവിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് നൽകാൻ സർക്കാർ തീരുമാനമുണ്ടാകണം. വ്യാപാരത്തിനാവശ്യമായ മൂലധനം സഹകരണ ബാങ്കിൽ നിന്ന് വായ്പയായി ലഭ്യമാക്കണം.

**DWCRA യൂണിറ്റുകൾ:**

IRDP ലിസ്റ്റിൽപ്പെട്ട ഏറ്റവും ദരിദ്രരായ 10 കുടുംബങ്ങളെ (വനിതകളെ) വീതം ഉൾപ്പെടുത്തി ഒരു വാർഡിൽ 1 ആടുവളർത്തയൂണിറ്റും ഒരു പശുവളർത്തൽ യൂണിറ്റും വീതം എല്ലാവാർഡിലും ആരംഭിക്കണം. ഇതിനുള്ള ഗുണഭോക്താക്കളെ വാർഡുവികസനസമിതികളുമായി ചർച്ചചെയ്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തെരഞ്ഞെടുക്കണം. യൂണിറ്റുകൾ ആരംഭിക്കാനുള്ള വായ്പ സബ്സിഡിയോടുകൂടി DRDA നൽകണം. പഞ്ചായത്ത് തലത്തിൽ വാഴക്കാ നേന്ത്രക്കായ ചിപ്പ്സ് നിർമ്മാണ യൂണിറ്റും ആരംഭിക്കാം

**മിൽക്ക് പ്രോഡക്റ്റ്സ് യൂണിറ്റുകൾ:**

സ്വയം തൊഴിൽ കണ്ടെത്താൻ താല്പര്യമുള്ള വനിതകളെ യൂണിറ്റുകളായി സംഘടിപ്പിച്ച് ചെന്നലോട്, കാപ്പുവയൽ, തരിയോട് HS കാവുംമ്മന്ദം എന്നീ സ്ഥലങ്ങളിൽ വിൽപ്പനയൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇതിന് ക്ഷീരവികസനവകുപ്പ് ഗ്രാൻറ് നൽകണം.

**ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ്:**

ഖാദി ബോർഡിൻെറ വായ്പയുപയോഗിച്ച് ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റുകളും, വർക്ക്ഷോപ്പ്/ഇൻഡസ്ട്രിയൽ മുതലായവ ആരംഭിക്കാൻ സാധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഒരു ബേക്കറി ആരംഭിക്കാനും സാധ്യതയുണ്ട്. ഒരു അടയ്ക്കാ സംസ്ക്കരണ സംഘം ഈരംഗത്തെ കർഷകരെ സംഘടിപ്പിച്ചു രൂപീകരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു ഗൈഡൻസ്സെൽ രൂപീകരിക്കണം. സഹകരണ ബാങ്ക് പ്രസിഡണ്ട്, സെക്രട്ടറി മറ്റ് പ്രവർത്തനക്ഷമമായ സൊസൈറ്റികളുടെ പ്രസിഡണ്ടുമാർ സഹകരണ ബാങ്ക് ഇൻസ്പക്ടർ എന്നിവരെ അംഗങ്ങളാക്കാം. കൺവീനറായി പഞ്ചായത്ത് പ്രസിഡണ്ട് പ്രവർത്തിക്കണം.








നമ്മുടെ സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട സമുദായങ്ങളാണ് പട്ടികജാതിപട്ടികവർഗ്ഗ വിഭാഗക്കാർ. ഇവർ ഹിന്ദുമതത്തിൽപെട്ടവരായി കണക്കാക്കപ്പെടുന്നു. അയിത്തം കൽപ്പിച്ച് അകറ്റി നിർത്തപ്പെട്ടിരുന്ന ഇവർ മനുഷ്യരാണെന്ന് അംഗീകരിക്കുവാൻ പോലും മുൻകാലങ്ങളിൽ സവർണ്ണർ തയ്യാറായിരുന്നില്ല. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട് അടിമകളായി ജീവിക്കേണ്ടിവന്ന ഈ വിഭാഗങ്ങൾ സവർണ്ണരിൽ നിന്ന് നിശ്ചിത അകലം പാലിക്കുവാൻ വിധിക്കപ്പെട്ടിരുന്നു. ഇവർക്ക് മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിന്നും പ്രത്യേക പരിരക്ഷയും, ആനുകൂല്യങ്ങളും നൽകുന്നതിനും നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ഇവരെ ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം ഷെഡ്യൂളിൽ പെടുത്തി പട്ടികജാതി പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചു. ഹിന്ദുമതത്തിലോ സിക്കുമതത്തിലോ ഉൾപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾ മതം മാറിയാൽ അവർക്ക് ഭരണഘടനാദത്തമായ ഈ അവകാശങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെടും.

1976 ലെ പട്ടികജാതി പട്ടികവർഗ്ഗ ഭേദഗതി ഉത്തരവ് അനുസരിച്ച് കേരളത്തിൽ പട്ടിക ജാതിയിൽപെട്ട 68 സമുദായങ്ങളും പട്ടികവർഗ്ഗത്തിൽപെട്ട 40 സമുദായങ്ങളും മറ്റു പിന്നോക്കസമുദായങ്ങളിൽ 70 വിഭാഗങ്ങളുമാണ് ഉള്ളത്.

# പട്ടികജാതിക്കാർ

വയനാട് ജില്ലയിൽ പ്രധാനമായും പുലയർ, ചെറുമർ, പെരുമണ്ണാൻ, മലയൻ, വണ്ണാൻ, വേലൻ എന്നീ സമുദായക്കാരാണ് ഉള്ളത്. തരിയോട്ട് പഞ്ചായത്തിൽ മേൽപറഞ്ഞ വിഭാഗങ്ങളിൽ ചില സമുദായങ്ങൾ കൂട്ടമായും, മറ്റു ചില സമുദായങ്ങൾ അപൂർവ്വമായും ഉണ്ട്. മലയൻ, പെരുമണ്ണാൻ, മണ്ണാൻ, പുലയൻ ചെറുമർ എന്നീവരാണ് ഈ പഞ്ചായത്തിലുള്ള പട്ടികജാതിക്കാർ (ചാർട്ട് ഒന്ന് കാണുക.)

ആദ്യകാലകുടിയേറ്റക്കാരുടെ ആശ്രിതരായും പണിക്കാരായും വയനാട്ടിലെത്തിയവരാണ് പട്ടികജാതി വിഭാഗക്കാർ. പെരുമണ്ണാന്മാർ ആദ്യകാലത്ത് അലക്ക് കുലത്തൊഴിലായി സ്വീകരിച്ചിരുന്നു. ആയുർവ്വേദ വൈദ്യവും ഇവരിൽ ചിലർക്ക് അറിയാമായിരുന്നു. മലയന്മാർ ചെണ്ട വാദ്യവിദഗ്ധരായിരുന്നു. ക്ഷേത്രങ്ങളിലും മറ്റും തിറകെട്ടിയാടലും ഇവരുടെ കുലതൊഴിലായിരുന്നു. ജന്മനാകലാവാസനയുള്ളവരാണിവർ. പറയർ, പുലയർ തുടങ്ങിയ വിഭാഗങ്ങൾ തൊഴിലാളികളായി വന്നു ചേർന്നവരും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ടു താമസിക്കുന്നവരുമാണ്.





തരിയോട് പഞ്ചായത്തിൽ ആകെ 49 പട്ടികജാതി കുടുംബങ്ങളാണുള്ളത്. പുരുഷന്മാർ 95,സ്ത്രീകൾ 115 ഉം ആണ് ഇവരുടെ ജനസംഖ്യ. പ്രധാനപ്പെട്ട പട്ടികജാതി സങ്കേതങ്ങൾ, ഞാവല്ലൂർ കുന്ന്, അമ്പലമൊട്ടം കുന്ന് എന്നിവയാണ്. പാറതോട്, തരിയോട് നോർത്ത് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങൾ ഉണ്ട്. ഞാവല്ലൂർ കുന്ന് (8-ാം വാർഡ്) മാത്രമാണ് അംഗീകൃത കോളനി. ഇവിടെ പെരുമണ്ണാൻ സമുദായത്തിൽപെട്ട കുടുംബങ്ങളാണ് ഉള്ളത്. അമ്പലമൊട്ടംകുന്നിൽ മലയസമുദായത്തിൽപ്പെട്ട കുടുംബങ്ങളും താമസിക്കുന്നു.

ഞാവല്ലൂർകുന്ന് സങ്കേതത്തിൽ പ്രഥമിക സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും കോളനിയിലേക്ക് റോഡ് സൗകര്യമില്ല. ഇവിടുത്തെ കുടുംബങ്ങൾക്ക് അല്പസ്വല്പം ഭൂമി സ്വന്തമായുണ്ട്. അമ്പലമൊട്ടംകുന്ന് കോളനിയിലുള്ള ഏഴ് കുടുംബങ്ങളിൽ ഒരു കുടുംബത്തിന് സ്വന്തമായി വീടില്ല. ഈ കോളനിയിൽ ശുദ്ധജലം ലഭ്യമല്ല, വൈദ്യുതിയും ലഭിച്ചിട്ടില്ല. ഒറ്റപ്പെട്ടു താമസിക്കുന്ന മറ്റു കുടുംബങ്ങളിൽ 19 കുടുംബങ്ങൾക്ക് സ്വന്തമായി വീടോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല.

പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിന്നായി ഈ പഞ്ചായത്തിൽ തരിയോട് പഞ്ചായത്ത്പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പഞ്ചായത്തിലെ പകുതിയോളം പേർ മാത്രമെ അംഗങ്ങളായിട്ടുള്ളു. സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് കാവുമന്ദത്ത് പ്രവർത്തിക്കുന്നു. ഇപ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനം നാമമാത്രമാണ്. സൊസൈറ്റിക്ക് വേണ്ടത്ര മൂലധനം ഇല്ലാത്തതും പുതിയതായ പ്രവർത്തനം ആസൂത്രണം ചെയ്യുവാൻ കഴിയാത്തതും, നൽകിയ കടങ്ങൾ പിരിഞ്ഞുകിട്ടാത്തതുംമൂലം ഇപ്പോൾ ഇതിൻെറ നിലനില്പുതന്നെ പ്രതിസന്ധിയിലാണ്. സംഘത്തിന് സ്വന്തമായി കെട്ടിടമുണ്ട്.

പട്ടികജാതി ക്ഷേമ വകുപ്പിൻെറ പ്രവർത്തനം കൽപ്പറ്റയിലുള്ള താലൂക്ക് പട്ടികജാതി വികസനഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്നു. വിവിധ പദ്ധതികളിലായി ലക്ഷക്കണക്കിന് രൂപ ഈ ഓഫീസ് മുഖാന്തരം ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ കോളനിയില്ലാത്തതിനാൽ അവയുടെ ഗുണങ്ങൾ ഇവിടെ ലഭ്യമല്ല. ഈ വിഭാഗങ്ങൾക്ക് തങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് അറിവില്ലാത്തതും, അവയെകുറിച്ച് അറിവ് നൽകുവാൻ വേണ്ടത്ര ഏജൻസികളില്ലാത്തതും ഇവരുടെ വികസനത്തിന്ന് തടസ്സമായി നിൽക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തരം ലഭ്യമാക്കാവുന്ന സഹായ പദ്ധതികളും സ്വയംതൊഴിൽ പദ്ധതികളും ഇവർക്ക് അന്യമാണ്. അമ്പലമൊട്ടംകുന്ന് കോളനി റോഡ് 600 മീറ്റർ **JRY**ൽ ഉൾപ്പെടുത്തി മെറ്റലിങ്ങിന് എസ്റ്റേമേറ്റ് തയ്യാറാക്കി കൺവീനറെ ഏല്പിച്ചിട്ടുണ്ട്. ഈ വർഷത്തെ **JRY, IAY** പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്ത് '8' വീടുകൾ അനുവദിച്ചിട്ടുണ്ട്. **Scp** വീടുകളൊന്നുംതന്നെ അനുവദിച്ചിട്ടില്ല.

1. ഞാവല്ലൂർകുന്ന് കോളനിയിലേക്ക് **SCP**യിൽ പെടുത്തി കാവുമന്ദം - കാലികുനിറോഡിൽ മടകുന്നേൽ പടിയിൽനിന്ന് ചെമ്പകകണ്ടി കുറിച്യ കോളനിവഴി ഒരു കി.മീറ്റർ ദൂരത്തിൽ റോഡ് നിർമ്മിക്കണം.

2. അമ്പലമൊട്ടംകുന്ന് കോളനിയിൽ **Sep**യിൽ പെടുത്തി ഒരു വീട് നിർമ്മിച്ചു നൽകണം. ഒറ്റപ്പെട്ടു താമസിക്കുന്ന 11 കുടുംബങ്ങൾക്ക് മേൽപദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നൽകണം.

3. നിലിവുള്ള പട്ടിക ജാതി സഹകരണസംഘത്തിൽ മുഴുവൻ പട്ടികജാതിക്കാരേയും അംഗങ്ങളാക്കണം. ഇതിന്നായി സംഘം ഭരണസമിതിയും, സഹകരണപട്ടികജാതി വകുപ്പുകളും പഞ്ചായത്തുമായി സഹകരിച്ച് പദ്ധതി രൂപീകരിക്കണം. സംഘത്തിൽ കുട നിർമ്മാണം, പായ,കുട്ട,പരമ്പ് തുടങ്ങിയ നിർമ്മിക്കുന്ന യൂനിറ്റ് എന്നിവ ആരംഭിക്കാം. സംഘത്തിൻെറ പ്രവർത്തനത്തിന് സർക്കാർ 2 ലക്ഷം രൂപ ഷയർ നൽകുകയും, ജില്ലാസഹകരണസംഘത്തിൽനിന്ന് വായ്പയെടുത്ത് മേൽപറഞ്ഞ വ്യവസായങ്ങൾക്ക് മൂലധനം സ്വരൂപിക്കുകയും വേണം.





4. IRDP പദ്ധതി പ്രകാരവും പട്ടികജാതി പട്ടിക വർഗ്ഗവികസന കോർപ്പറേഷൻ മുഖാന്തരവും ആവശ്യമായ 40 കുടുംബങ്ങൾക്കും സ്വയം തൊഴിൽ കണ്ടെത്തുവാൻ വായ്പ നൽകണം.

5. കോളനികൾക്ക് മാത്രമെ Scp യിൽ ധനസ ഹായം നൽകൂ എന്ന നിബന്ധന ഒഴിവാക്കി ഒറ്റ പ്പെട്ടു താമസിക്കുന്ന കുടുംബങ്ങൾക്കും ധന സഹായം ലഭ്യമാക്കണം.

6. അബലമൊട്ടംകുന്ന് കോളനിയിലേക്ക് മൺ പണി മാത്രം പൂർത്തിയാക്കിയ റോഡ് മെറ്റൽചെയ്ത് ഗതാഗതയോഗ്യമാക്കണം. ഒരു കിലോ മീറ്ററാണ് ദൂരം.

7. അബലമൊട്ടംകുന്ന് കോളനിയിലേക്ക് കുടി വെള്ളമെത്തിക്കുവാൻ ബാലവാടിയുടെ അടുത്തുനിന്നും പൈപ്പ്ലൈൻ നീട്ടി മൂന്ന് ടാപ്പുകൾ സ്ഥാപിക്കണം. സ്വന്തമായി 10 സെൻറിൽതാഴെ മാത്രം ഭൂമിയുള്ള 12 കുടും ബങ്ങൾക്ക് പട്ടിക ജാതി പട്ടികവികസന കോർ പ്പറേഷൻ 50,000ക വീതം വായ്പ നൽകി യാൽ ഇവർക്ക് 50 സെൻറ് വീതം ഭൂമി വാങ്ങി കാലിവളർത്തുവാനും, കൃഷിചെയ്യുവാനും കഴിയും.

8. ക്ഷേത്രകലകൾക്ക് പ്രോൽസാഹനം നൽകു വാൻ ചെണ്ടവാദ്യത്തിലേർപ്പെട്ടിട്ടുള്ള കലാ കാരന്മാർക്ക് പരിശീലനത്തിന് മാസം 100 രൂപ വീതം ഗ്രാൻറ് നൽകണം.

# പട്ടിക വർഗ്ഗ വിഭാഗം

കേരളത്തിൽ 40 തോളം ആദിവാസിവിഭാ ഗങ്ങളുണ്ട്. ആദിവാസികൾ ഒരു പൊതു ഭാഷ സംസാ രിക്കുന്നവരോ പൊതുവായി ഒരു പൂർവ്വികത്വം അവ കാശപ്പെടാവുന്നവരോ ഒരുപ്രത്യേക ഭൂവിഭാഗത്തിൽ മാത്രം ഒതുങ്ങി ജീവിക്കുന്നവരോ അല്ല. നവീന ശാസ്ത്ര സാങ്കേതിക ജ്ഞാനം ഇല്ലാത്തവരും പൊതുവെ വനത്തിൽ താമസിച്ചിരുന്നവരെന്നും ഇവരെ നിർവ്വ ചിക്കാം.

ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 330, 332 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആദി വാസി വിഭാഗങ്ങളെ മാത്രമെ പട്ടികവർഗക്കാരായി അംഗീകരിക്കുന്നുള്ളൂ. 1976 ലെ പട്ടിക ജാതി പട്ടികവർഗ പരിഷ്കരണ ഉത്തരവ് പ്രകാരം കേര ളത്തിൽ 35 ആദിവാസി വിഭാഗങ്ങളെ മാത്രമെ പട്ടിക വർഗ്ഗക്കാരായി അംഗീകരിച്ചിട്ടുള്ളു. കേരളത്തിലെ പട്ടിക വർഗ്ഗക്കാരുടെ ജനസംഖ്യ 1991 ലെ കാനേ ഷുമാരി കണക്ക് അനുസരിച്ച് 3, 20, 967 ആകുന്നു. ഇത് ആകെ ജനസംഖ്യയുടെ 1.5%ആണ്.

പട്ടികവർഗ്ഗക്കാരിൽ ഏകദേശം 98% പേരും മലയോര വനാതിർത്തി പ്രദേശങ്ങളിലും ഗ്രാമങ്ങളിലും മാത്രം ഒതുങ്ങി ജീവിക്കുന്നു. ഉപജീ വനമാർഗമായി കാർഷികമേഖലയെ ആശ്രയിക്കുന്ന വരാണ് ഇവരിൽ അധികപേരും. 1991 ലെ സെൻ സസ് പ്രകാരം 55% ൽ അധികംപേർ കർഷകതൊ ഴിലാളികളും 16% അധികം പേർ കർഷകരും ആണ്. ചെറു ന്യൂനപക്ഷം വനവിഭവങ്ങൾ ശേഖരിച്ചും വിറ്റും വനം വകുപ്പ് തൊഴിലാളികളായും ഉപജീവനം കഴിക്കുന്നു. ആദിമകാലഘട്ടം മുതൽ പ്രകൃതിയു മായി ലയിച്ചുചേർന്ന് ജീവിച്ചിരുന്ന ഇവർ തങ്ങളുടെ സംസ്കാരവും ആചാരവും ഇന്നും പരിപാവനമായി പരിരക്ഷിച്ചുപോരുന്നു. സങ്കേതത്തിന്ന് അനുയോജ്യ മാംവിധം കൃഷികൾ ചെയ്തും പക്ഷിമൃഗാദികളെ വേട്ടയാടിയും ഇവർ ജീവിച്ചുപോന്നു. പ്രകൃതിതന്നെ കനിഞ്ഞു നൽകിയ സസ്യ സമ്പത്തിൽ നിന്നും ഉരുത്തിരിഞ്ഞ പാരമ്പര്യ വൈദ്യശാസ്ത്ര ചികിത്സാ രീതികൾ അന്യം നിന്നുപോകാതെ കാത്തു സൂക്ഷിക്കുന്നതിൽഇവർ അതീവ തൽപ്പരരാണ്.

വനസംരക്ഷണ നിയമം നടപ്പിൽവ വന്ന തിലൂടെ അവരുടെ ജീവിത ശൈലിക്ക് ഭംഗം നേരി ടുകയും എന്തിന്നും ഏതിനും എതിർപ്പുകൾ നേരി ടേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. വേട്ടയാ ടിയും കൃഷിചെയ്തും ജീവിച്ചുവന്ന ഇവരുടെ ഭൂമി കൾ മറ്റുള്ളവരുടെ വൻതോതിലുള്ള കുടിയേറ്റം മൂലം അന്യാധീനപ്പെട്ടുപോയി. തൻമൂലം സാമ്പത്തിക അടിത്തറയും സാമൂഹിക ജീവി തത്തിലെ സ്വാതന്ത്ര്യവും തകർന്നു. ഇവരെ കടുത്ത





ചൂഷണത്തിന്നും അടിമവേലക്കും നിർബന്ധിത രാക്കി. ഇവർ സമൂഹത്തിൻെറ അടിത്തട്ടിലേക്ക് ചവട്ടി താഴ്ത്തപ്പെട്ടു.

കേരളത്തിൽ ഏറ്റവും അധികം ആദിവാസികൾ തിങ്ങിപാർക്കുന്ന ജില്ലയാണ് വയനാട്. കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ജനസംഖ്യയുടെ എണ്ണത്തിൽ കൂടുതലായുള്ള പണിയ വിഭാഗത്തിൽ പെട്ടവർ ഏറ്റവും കൂടുതൽ താമസിക്കുന്നത് ഈ ജില്ലയിലാണ്. വയനാട്ടിലെ പട്ടികവർഗ്ഗജനസംഖ്യം 1, 14, 969 ആണ്. ഇത് വയനാട്ടിലെ ജനസംഖ്യയുടെ 17.11 ശതമാനമാണ്.

## *വയനാട്ടിലെ ആദിവാസികൾ*

1. പണിയർ
2. മുള്ളുവ കുറുമർ
3. ഊരാളി കുറുമൻ
4. കുറിച്ച്യർ
5. അടിയാൻ
6. കാട്ടുനായ്ക്കർ
7. വയനാടൻ കാടർ
8. കുണ്ടുവടിയൻ
9. തച്ചനാടൻ മൂപ്പൻ
10. പതിയർ
11. കള്ളനാടി.

ഇതിൽ തച്ചനാടൻ മൂപ്പൻ, വയനാടൻ കാടർ, കുണ്ടു വടിയർ, കള്ളനാടി, പതിയർ എന്നീ വിഭാഗക്കാരെ ഇതുവരെ പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചിട്ടില്ല. ഊരാളി കുറുമ വിഭാഗത്തിൽപ്പെട്ടവരെ മുള്ളുവ കുറുമ വിഭാഗത്തിൽപ്പെടുത്തിയാണ് സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നത്.

തരിയോട് പഞ്ചായത്തിൽ പണിയർ, കുറുച്ച്യർ, കാട്ടുനായ്ക്കർ, വയനാട് കാടർ എന്നീ വിഭാഗക്കാരാണ് താമസിക്കുന്നത്. (പട്ടിക നോക്കുക - 1)

**പണിയർ:** ഇവർ പൊതുവെ ദരിദ്രരായ കർഷകതൊഴിലാളി വിഭാഗമാണ്. പണ്ട് ഓരോ പ്രദേശത്തേയും ജന്മിമാരുടെ കീഴിൽ അടിമ ജോലിക്കാരായി ജോലി ചെയ്തു വന്നിരുന്നു. പുരുഷതൊഴിലാളിക്ക് 2 സേർ നെല്ലും സ്ത്രീ തൊഴിലാളിക്ക് ഒരു സേർ നെല്ലും കൂലിയായി ലഭിച്ചിരുന്നു. കുന്നിൽചെരുവിൽ ചെറിയ കുടിലുകൾ നിർമ്മിച്ച് കൂട്ടമായി ഇവർ താമസിച്ചിരുന്നു. മുട്ടോളമെത്തുന്ന മുണ്ടായിരുന്നു ഇവരുടെ വേഷം. മുടി നീട്ടി വളർത്തിയിരുന്നു. പൊതുവെ മറ്റു ജനവിഭാഗങ്ങളിൽനിന്നും അകന്ന് നില്ക്കാൻ ഇവർ ശ്രദ്ധിച്ചിരുന്നു. തരിയോട് പഞ്ചായത്തിൽ 23 പണിയ സങ്കേതങ്ങളിലായി 290 പണിയ കുടുംബങ്ങൾ അധിവസിക്കുന്നു. ഇവരുടെ അംഗസംഖ്യ 911 ആണ്.

**കുറിച്ച്യർ:**-കോട്ടയം കേരളവർമ്മ പഴശ്ശി രാജാവിൻെറ വയനാട്ടിലെ ആധിപത്യസ്ഥാപനത്തോടൊപ്പംഇവിടെ 18-ാം നൂറ്റാണ്ടിൽ കുടുയേറിയവാണ് കുറിച്ച്യർ. ഇവർ പഴശ്ശിരാജാവിൻെറ വിശ്വസ്തയോദ്ധാക്കൾ ആയിരുന്നു. അമ്പും വില്ലും ഏന്തി കുടുമവെച്ച മുടിയുമായി പുനംകൃഷി ചെയ്തും വേട്ടയാടിയും ജീവിച്ചിരുന്ന ഇവർ പാരമ്പര്യമായി കൃഷിക്കാരാണ്. വയലുകളിലെ കൃഷിക്കാവശ്യമായ കാലിസമ്പത്തും ഇവർക്കുണ്ട്. പല കുടുംബങ്ങളും ഭൂസ്വത്തുക്കളുടെ ഉടമകളായിരുന്നു. ഇവർ കരിനായന്മാർ എന്ന പേരിലും അറിയപ്പെടുന്നു. കൂട്ടംകൂട്ടമായി താമസിച്ചിരുന്ന ഇവരുടെ സങ്കേതങ്ങളെ 'മിറ്റം' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഒരു പിട്ടൻെറ (മൂപ്പൻ) ശാസനക്ക് വഴങ്ങി ഇവർ ജീവിതം നയിച്ചിരുന്നു. ഇവർ നായാട്ടിൽ തൽപ്പരരും മാംസഭുക്കുകളുമായിരുന്നു. മറ്റു സമുദായക്കാരുമായി അയിത്തം പുലർത്തിയിരുന്നു. ഇവർ പല തരത്തിലുമുള്ള അന്ധവിശ്വാസവും വെച്ച് പുലർത്തിയിരുന്നു. സമുദായ ആചാരം ലംഘിക്കുന്ന ആളെ ഭ്രഷ്ട് കല്പിക്കുന്ന രീതി ഇവരുടെ ഇടയിൽ നിലനിന്നിരുന്നു. ഇവർ മരുമക്കത്തായം ആചരിച്ചുവരുന്നു. അമ്പ് കുറിക്കു കൊള്ളിക്കുന്നവർ ആയതുകൊണ്ട് കുറിച്ച്യർ എന്ന് പേരുണ്ടായതായി അനുമാനിക്കുന്നു. ഇത് കൂടാതെ മറ്റു പല നിഗമനങ്ങളും പറയപ്പെടുന്നുണ്ട് (ചരിത്രം നോക്കുക) ഈ പഞ്ചായത്തിൽ 34 സങ്കേതങ്ങളിലായി189 കുറിച്ച്യ കുടുംബങ്ങൾ താമസിക്കുന്നു.





**കാട്ടുനായിക്കർ:-** സർക്കാർ ഈ വിഭാഗത്തെ പ്രാക്തനഗോത്ര വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവരുടേത് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഗോത്രമാണ്. കൃഷി രീതികളുമായി ബന്ധപ്പെടാതെ വനാന്തരങ്ങളിൽ താമസിച്ച് വനവിഭവങ്ങൾ ശേഖരിച്ചും കിഴങ്ങുകളും, കായ്കനികളും, തേനും, കെണിവെച്ച് പിടിച്ച ചെറുജന്തുക്കളേയും ഭക്ഷിച്ചു ജീവിച്ചിരുന്ന ഇവർ മറ്റു ആദിവാസി വിഭാഗങ്ങളിൽനിന്നും വളരെ പിന്നോക്കനിലയിലാണ്. കാട്ടിലെ 'അള' (ഗുഹ) കളിൽ താമസിച്ച് പ്രകൃതിയുമായി ഇണങ്ങിചേർന്ന് ഇവർ ജീവിക്കുന്നു. സമതല വാസികളുമായി ബന്ധം സ്ഥാപിക്കുന്നതിൽ ഇവർ വിമുഖരാണ്. തരിയോട് പഞ്ചായത്തിൽ 5 സങ്കേതങ്ങളിലായി 46 കുടുംബങ്ങൾ താമസിച്ചുവരുന്നു.

**വയനാടൻ കാടർ:**ഇവരെ ഒ.ബി.സി.വിഭാഗത്തിലാണ് സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നുത്. പട്ടികവർഗ്ഗവിഭാഗമായി മുമ്പ് അംഗീകരിച്ചിരുന്ന ഇവരെ അടുത്തകാലത്ത് ഒഴിവാക്കി. വർഷങ്ങൾക്ക് മുമ്പ് കുറ്റ്യാടി ഭാഗത്തുനിന്നും കുടിയേറി വന്നവരെന്ന് അനുമാനിക്കപ്പെടുന്നു. ഇവർ കൃഷിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നു. ഇവർ 50 ൽ താഴെ കുടുംബങ്ങൾ മാത്രമേയുള്ളു. ഇവരിലധികവും ഭവനരഹിതരും ഭൂരഹിതരു ആണ്. അപൂർവ്വം ചിലർ മാത്രം സർക്കാർ ജോലിക്കാരായുണ്ട്.

പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹ്യ ഉന്നമനം ലക്ഷ്യം വെച്ച് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 1975 ൽ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമം മുൻനിർത്തി ഒരു വകുപ്പുതന്നെ സർക്കാർ രൂപീകരിക്കുകയുണ്ടായി. വയനാട് ജില്ലയിൽ ഒരു ഐ.റ്റി.ഡി.പീ. പ്രോജക്ടും രണ്ട് ട്രൈബൽ ഡവലപ്പ്മെൻറ് ഓഫീസുകളും 16 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. തരിയോട് പഞ്ചായത്തിലെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്ന് തരിയോട് ആസ്ഥാനമായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പ്രവർത്തിക്കുന്നു. ഈ ഓഫീസുമായി ബന്ധപ്പെട്ട് ആദിവാസികളുടെ ഇടയിൽ ക്ഷേമ പ്രവർത്തനങ്ങളെകുറിച്ച് അറിവ് നൽകുന്നതിന്ന് നാല് പട്ടിക വർഗ്ഗ യുവാക്കൾട്രൈബൽ വളണ്ടിയർമാരായി ജോലി നോക്കുന്നു. ഇതിന്നുപുറമെ മറ്റു ഡിപ്പാർട്ടുമെൻറുകളുടെ ബഡ്ജറ്റ് വിഹിതത്തിൽ 10% പട്ടിവർഗ ക്ഷേമത്തിന്നായി വെച്ചിട്ടുണ്ട്.

## *നിലവിലുള്ള പദ്ധതികളുടെ അവലോകനം:*

പട്ടികവർഗ്ഗ ക്ഷേമത്തിന്നായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഭവന നിർമ്മാണം. ഈ പദ്ധതിക്ക് അനുവദിക്കുന്ന തുക നിലവിൽ 18000 രൂപയാണ്. ഇത് തീരെ അപര്യാപ്തമാണ്. ആയതുകൊണ്ട് പല വീടുകളും ഗുണഭോക്താകൾ, കരാറുകാർ എന്നീവർ ഏറ്റെടുത്ത് പണി തീരാതെ കിടക്കുന്നു. ഓരോ വർഷവും ഭവനനിർമ്മാണ ഗ്രാൻറും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പുരകെട്ടി മേച്ചിൽ ധനസഹായം നറുക്കിട്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി ഒഴിവാക്കി അർഹരായ എല്ലാ അപേക്ഷകർക്കും നൽകുന്നതിന്ന് നടപടി ഉണ്ടാകേണ്ടതാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഓരോ വർഷവും പുതുക്കി നിശ്ചയിക്കേണ്ടതും അവ താഴെക്കിടയിലുള്ള ഓഫീസുകൾ മുഖേന നൽകുന്നതിന്ന് നടപടിയുണ്ടാകേണ്ടതുമാണ്. നിലവിൽ ആദിവാസി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിന്നുമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പട്ടികവർഗ്ഗ നേതാക്കളെ ഉൾപ്പെടുത്തി ഉപദേശസമിതികൾ പ്രവർത്തിച്ചുവരുന്നത് നിർത്തലാക്കിയിട്ടുണ്ട്. ആയത് പുനഃസംഘടിപ്പിക്കുകയും മാസത്തിൽ ഒരിക്കൽ അവലോകനം നടത്തുകയും ചെയ്യുക.

ആദിവാസികളുടെ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കിവെക്കുന്ന തുക വർദ്ധിപ്പിക്കുക, പകർച്ചവ്യാധികൾ മുതലായവ തടയുന്നതിന്ന് പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തുക. പട്ടികവർഗയുവാക്കൾക്ക് എഴുത്തു പരീക്ഷക്ക് പോകുന്നതിനുള്ള യാത്രബത്ത, വിവാഹധനസഹായം, മിശ്രവിവാഹ ധനസഹായം, മഹിളാസമാജങ്ങൾക്കുള്ള ധനസഹായം, എന്നിവ നാമമാത്രമായി നൽകുന്നത് ഒഴിവാക്കി എല്ലാ അപേക്ഷകർക്കും നൽകുന്നതിന്ന് നടപടി സ്വീകരിക്കുക.





## സാമൂഹ്യക്ഷേമപദ്ധതികൾ

ഈ പഞ്ചായത്തിൽ അർഹതയുള്ള പട്ടിക വർഗ്ഗക്കാരിൽ പകുതി പേർക്കുമാത്രമെ കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നുള്ളു. 60 വയസുകഴിഞ്ഞ എല്ലാ കാർഷികതൊഴിലാളികൾക്കും അർഹതപ്പെട്ട പെൻഷൻ നൽക്കേണ്ടതാണ്. നിലവിലുള്ള 70 രൂപയിൽനിന്ന് പെൻഷൻ 100 രൂപയായി വർദ്ധിപ്പിക്കണം.

പട്ടിക വർഗക്കാർക്ക് നൽകുന്ന അഗതി, വിധവ പെൻഷനുകൾ, ക്ഷയരോഗം, കുഷ്ടരോഗ പെൻഷനുകൾ എന്നിവ പഞ്ചായത്തുതലത്തിൽ നൽകി പട്ടിക വർഗവികസന വകുപ്പിൻെറപ്രത്യേക കേന്ദ്ര സഹായഫണ്ടിൽനിന്നും തുക കണ്ടെത്തേണ്ടതാണ്. മൂന്നുമാസത്തിൽ ഒരിക്കൽ ഈതുക നൽകേണ്ടതാണ്. ആദിവാസി വികലാംഗർക്ക് പെൻഷൻ പദ്ധതി കേന്ദ്ര സഹായ ഫണ്ടിൽനിന്നും പഞ്ചായത്ത് മുഖേന നടപ്പിലാക്കണം. ഈ ക്ഷേമ പദ്ധതി നടപ്പിലാക്കുമ്പോൾ വരുമാന പരിധി നോക്കാതെ ആദിവാസികളെ മുഴുവൻ ഉൾപ്പെടുത്തുന്നതിന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

## ആരോഗ്യം

പ്രകൃതിയുമായി ഇണങ്ങിചേർന്ന് പ്രകൃതി വിഭവങ്ങൾ ഭക്ഷിച്ച് പോഷക സമൃദ്ധമായ ഭക്ഷണങ്ങൾ സ്വീകരിച്ചിരുന്ന ഇവർ ആരോഗ്യത്തിൽ മുൻപന്തിയിൽ ആയിരുന്നു. ആധുനിക കാലത്ത് കണ്ടുവരുന്ന രോഗങ്ങൾ ഒന്നും തന്നെ ഇവരെ ബാധിച്ചിരുന്നില്ല. നാഗരിക ജീവികതവുമായി ബന്ധപ്പെട്ടു തുടങ്ങിയതോടുകൂടി. പരിഷ്കൃതരെന്ന് പറയപ്പെടുന്ന മറ്റു ജനവിഭാഗങ്ങളോട്ഒത്തുള്ള സഹവാസവും ഭക്ഷണരീതിയിൽ കാര്യമായ വ്യതിയാനം വുത്തുവാൻ ഇവരെ പ്രേരിപ്പിച്ചു. ആദിവാസികൾ അധികപേരും ഹോട്ടലുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നവരായി മാറിയിരിക്കുന്നു. ഈ കാരണത്താൽ മാരക രോഗങ്ങൾ പലതും ഇവരെ വേട്ടയാടാൻ തുടങ്ങി. സിക്കിൾസെൽ അനീമിയ, ക്ഷയം, മലേറിയ, കുഷ്ഠം മുതലയാരോഗങ്ങൾക്ക് ഇവർ അടിമപ്പെട്ടതുടങ്ങി. ആധുനിക ചികിത്സാരീതികൾഫലപ്രദമായി ഇവരുടെ ഇടയിൽ സ്വാധീനം ചെലുത്തിയിട്ടില്ല. ആരോഗ്യരംഗത്തെ ഇന്നത്തെ ഗുരുതരാവസ്ഥ തരണം ചെയ്യുന്നതിന്ന് ആദിവാസി യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകളിലൂടെമാത്രമെ കഴിയുകയുള്ളൂ. പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻറർ മുഖേന രണ്ടുമാസത്തിൽ ഒരിക്കൽ എല്ലാ ആദിവാസി സങ്കേതങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമരുന്നുകൾ നൽകേണ്ടതാണ്. എസ്. എസ്.എൽ.സി. വരെ പഠിച്ച ആദിവാസിയുവതീയുവാക്കളെ ഹെൽത്ത് വളണ്ടിയർമാരായി നിയമിച്ച് ഹെൽത്ത് ഇൻസ്പെക്ടറുടെകീഴിൽ കോളനികളിൽ പ്രവർത്തിക്കുന്നതിന്ന് നിയോഗിക്കേണ്ടതാണ്. പട്ടിക വർഗ്ഗക്കാരായസ്ക്കൂൾ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ വെച്ച് മെഡിക്കൽ ക്യാമ്പും, ആരോഗ്യവിദ്യാഭ്യാസക്യാമ്പും സംഘടിപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഓരോ ക്യാമ്പിന്നും 1000 രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്. ഓരോ കോളനിയിലും നിലവിലുള്ള കിണറുകൾ ശുചീകരിക്കുന്നതിന്നും പ്രൈമറി ഹെൽത്ത് സെൻറർമുഖേന കോളനി നിവാസികളുടെ സഹകരണത്തോടെ നടപടി സ്വീകരിക്കേണ്ടതാണ്.

തരിയോട് കാപ്പുവയൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പൻസറി 10 കിടക്കകൾഉള്ള ആശുപത്രിയായി ഉയർത്തുകയും പഞ്ചായത്ത് അനുവദിച്ചുകൊടുത്ത സ്ഥലത്ത് പുതിയകെട്ടിടം പണിത് വൈദ്യുതി, വെള്ളം, ഫോൺ എന്നീ സൗകര്യങ്ങളോടെ പ്രവർത്തിപ്പിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർമാരെ നിയമിക്കേണ്ടതും ഇവർക്ക് താമസിക്കുവാൻ ആവശ്യമായ ക്വാർട്ടേഴ്സ് പണിയേണ്ടതുമാണ്. ഇതിന്നുള്ള മുഴുവൻ തുകയും ഗിരിവർഗ ഉപപദ്ധതിയിൽനിന്നും കണ്ടെത്താവുന്നതാണ്. ഈ ആസ്പത്രീ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റുവിഭാഗങ്ങളിലെ രോഗികളേയും ചികിത്സിക്കാവുന്നതാണ്.

## കുടിവെള്ളം

തരിയോട് പഞ്ചായത്തിൽ ആകെയുള്ള 61 പട്ടികവർഗ്ഗസങ്കേതങ്ങളിൽ 35 എണ്ണം മാത്രമാണ്





കുടിവെള്ള സൗകര്യങ്ങളുള്ളവ. 26 എണ്ണത്തിൽ കുടി വെള്ളത്തിന്ന് കിണർ കുഴിക്കേണ്ടതാണ്. ഇതിൽ പത്ത് കിണറുകൾ പട്ടിക വർഗ്ഗ വികസന വകുപ്പു മുഖേയും 5 എണ്ണം ദശലക്ഷം കിണർ പദ്ധതിയിലും, ആറെണ്ണം **DRDA** മുഖേനയും കുഴിക്കാവുന്നതാണ്. ഇതിന്ന് 26 ലക്ഷം രൂപ കണ്ടെത്തേണ്ടതാണ് (പട്ടിക അന്യത്ര)

തരിയോട് 11-ാം മൈൽ റിസർവ്വ് വനത്തിനോട് ചേർന്ന് 11-ാം മൈലിൽ കാരിയാടൻ കുന്നിൽഒരു ശുദ്ധ ജലവിതരണ പദ്ധതി ആരംഭിച്ചാൽ ആ പ്രദേശത്തിന്ന് ചുറ്റുമുള്ള ആദിവാസി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഇതിന്നുള്ള തുക കേരള വാട്ടർ അതോറിറ്റിയുടെ ഗിരിവർഗ ഉപപദ്ധതി ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്. ഉദ്ദേശം 25 ലക്ഷംരൂപ ഇതിന്നായി നീക്കി വെക്കാവുന്നതാണ്.

## *വിദ്യാഭ്യാസം*

തരിയോട് പഞ്ചായത്തിലെ ആദിവാസി സാക്ഷരതാ നിരക്ക് 22% മാണ്, പണിയർ, കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ടവർ തങ്ങളുടെ കുട്ടികളെ വിദ്യാലയത്തിൽ അയക്കുന്ന കാര്യത്തിൽ വളരെ പിന്നോക്കമാണ്. ദരിദ്രരായ ഇവർ തങ്ങളുടെ കുടുംബത്തിലെ ഓരോ അംഗത്തേയും കുടുംബത്തിൻെറ വരുമാനത്തിലെ മനുഷ്യശക്തിയായി കാണുന്നത് കാരണം കുട്ടികളെ വിദ്യാലയത്തിൽ അയക്കുവാൻ മടിക്കുന്നു. ആയതിനാൽ ഓരോ കുടുംബത്തിൻെറയും സാമ്പത്തിക നിലവാരം ഉയർത്തുന്നതോടൊപ്പം മാത്രമെ വിദ്യാഭ്യാസ നിലവാരവും ഉയർത്തുവാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രധാനമായും പ്രീപ്രൈമറി, സ്ക്കൂൾ, കോളേജ് എന്നീ തലങ്ങളിലായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. നേഴ്സറി, അങ്കണവാടി മുതലായവയിൽ പഠിക്കുന്നു പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക്, വസ്ത്രം, പഠന ഉപകരണങ്ങൾ,എന്നിവ സൗജന്യമായി നൽകിവരുന്നത് വർദ്ധിപ്പിക്കുകയും നിലവിൽ ട്രൈബൽ സ്ക്കൂളുകളിൽമാത്രം നൽകിവുരുന്ന വസ്ത്രവിതരണം, എല്ലാ പ്രൈമറി സ്ക്കൂളുകളിലും നടപ്പിലാക്കുക, നിലവിലുള്ള ലംപ്സം ഗ്രാൻറ് നിരക്ക് വർദ്ധിപ്പിക്കുക. തുക പട്ടിക വർഗ്ഗവികസനവകുപ്പ് കണ്ടെത്തേണ്ടതാണ്. 5 വയസ് പൂർത്തിയായ എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികളേയും വിദ്യാലയത്തിൽ ചേർക്കുന്നതിന്ന് സാമൂഹ്യസന്നദ്ധ സംഘടനകളുടെ സഹകരണം തേടുകയും കൂടുതൽ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ ചേർക്കുന്ന ആദിവാസി പട്ടിക വർഗ്ഗ യുവാവിന്ന് പാരിതോഷികം നൽകുക, അതത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു പട്ടിക വർഗ്ഗ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക. 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ട്യൂഷൻപദ്ധതി നടപ്പിലാക്കുക. ഏറ്റവും കൂടുതൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിന്നും **SSLC** പരീക്ഷയിൽ ഒന്നാം ക്ലാസിൽ പാസാകുന്ന വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾക്ക് ഫർണിച്ചർ ഗ്രാൻറ്, അവാർഡ് എന്നിവ ഏർപ്പെടുത്തുക എന്നിവ നടപ്പിൽ വരുത്തേണ്ടതാണ്.

## *പ്രശ്നമായി മാറിയ ട്രൈബൽ ഹോസ്റ്റൽ*

രണ്ടുവർഷം മുമ്പ് 18 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് ആദിവാസി പെൺകുട്ടികൾക്ക് വേണ്ടി പണിപൂർത്തിയാക്കിയ ഹോസ്റ്റൽ ഇതുവരെ തുറന്നു കൊടുത്തിട്ടില്ല. ഇക്കാര്യം പല പ്രാവശ്യം പഞ്ചായത്ത് ഉന്നതതലങ്ങളിൽ വരെ ശ്രദ്ധയിൽ പെടുത്തിയതുമാണ്. ഹോസ്റ്റലിലേക്കുള്ള റോഡ് പൂർത്തിയാകാത്തതും വെള്ളവും വൈദ്യുതിയും എത്തിക്കാത്തതുമാണ് ഹോസ്റ്റൽ തുറന്ന് പ്രവർത്തിക്കാത്തതിന് കാരണം. ഉടനെ തന്നെ ഹോസ്റ്റലിലേക്കുള്ള റോഡിന്നുള്ള സ്ഥലം അക്വയർ ചെയ്യുക, തൊട്ടടുത്തുവരെ എത്തിയിട്ടുള്ള വൈദ്യുതി ഹോസ്റ്റലിൽ എത്തിക്കുന്നതിന്ന് നടപടി സ്വീകരിക്കുക, തൊട്ടടുത്ത വയലിനോട് ചേർന്ന് ഭാഗത്ത് സ്ഥലമെടുത്ത് കുളം കുഴിക്കുക എന്നിവയാണ് പ്രശ്നങ്ങൾക്കുള്ള പ്രതിവിധി. റോഡില്ലാത്ത സ്ഥലത്ത് സ്ഥലമെടുത്ത് കെട്ടിടം പണിയുന്നത് യുക്തി നിരക്കുന്നതല്ല.

ഈ പ്രശ്നങ്ങൾ പരിഹരിച്ച് നിലവിലുള്ള ട്രൈബൽ ഹോസ്റ്റൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും അന്തേവാസികളുടെ അംഗസംഖ്യ 40 ൽനിന്ന് 60 ആയി ഉയർത്തുകയുംവേണം. ആൺ





കുട്ടികൾക്കായി ഈ പഞ്ചായത്തിൽ ഒരു ഹോസ്റ്റൽ കൂടി സ്ഥാപിക്കണം. ഈ ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന്ന് പഞ്ചായത്ത് സ്ഥലം കണ്ടെത്തേണ്ടതാണ്. മറ്റു നടപടികൾപട്ടിക വർഗ്ഗ വികസന വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ആദിവാസികളുടെ കലാസാംസ്കാരിക രംഗത്തുള്ള അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് അവർക്ക് മുൻതൂക്കമുള്ള ക്ലബുകൾ രൂപീകരിക്കണം. പാലുവയൽ, കാവുമന്ദം, മടത്തുവയൽ, കാപ്പുവയൽ, പത്താം മൈൽ, എന്നിവിടങ്ങളിൽ 5 ആർട്സ് സ്പോർട്സ്ക്ലബുകൾ രജിസ്റ്റർ ചെയ്ത്, സ്ഥലം കെട്ടിടം എന്നിവ പഞ്ചായത്തും ഫർണിച്ചർ മറ്റുപകരണങ്ങൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പും നൽകേണ്ടതാണ്. ഇങ്ങിനെയുള്ള ക്ലബുകളിൽ ചുരുങ്ങിയിത് 60% മെമ്പർമാർ പട്ടിക വർഗ്ഗ വിഭാഗക്കാർ ആയിരിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ 15 വയസ്സുമുതൽ 35 വയസ്സുവരെ പ്രായമുള്ള വരെ പങ്കെടുപ്പിച്ച് മത്സരങ്ങൾ ഓരോ വർഷവും സങ്കടിപ്പിക്കേണ്ടതാണ്. ഇതിനുള്ള ചുമതല പഞ്ചായത്ത് ഏറ്റെടുക്കേണ്ടതും ആവശ്യമായഫണ്ടു പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകേണ്ടതുമാണ്.

## *ഭൂരഹിതരെ കുടിയിരുത്തൽ*

തരിയോട് പഞ്ചായത്തിൽ ആകെയുള്ള 539 കുടുംബങ്ങളിൽ 119 പേർ ഭൂരഹിതരാണ്. ഇവർക്ക് സ്വന്തമായി വാസസ്ഥലമില്ല. ബന്ധുക്കുളുടെയും അഛനമ്മമാരുടെ ആശ്രിതരായി കഴിയുന്ന ഇവരെ ഭൂമി വാങ്ങി പുനരധിവസിപ്പിക്കേണ്ടതുണ്ട്. ഒരു കുടുംബത്തിന് 25 സെൻറ് ഭൂമിയെങ്കിലുംനല്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം. എന്നാൽ കേരളത്തിലെ ഭൂ വിസ്തൃതി കണക്കിലെടുത്ത് ചുരുങ്ങിയത് പത്ത് സെൻറു ഭൂമിയെങ്കിലും ഇവർക്ക് നൽകണം. ഇതിനായി തരിയോട് പത്താം മൈലിൽ നിലവിലുള്ള 27 ഏക്കർ റവന്യൂ ഭൂമിയിൽ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## *ഭവന നിർമ്മാണം*

തരിയോട് പഞ്ചായത്തിലുള്ള 539 കുടുംബങ്ങളിൽ 420 കുടുംബങ്ങൾ സ്വന്തമായി കൈവശ ഭൂമിയുള്ളവരാണ്. ഇതിൽ 276 കുടുംബങ്ങൾക്ക് ഇന്ന് പാർപ്പിട സൗകര്യങ്ങളുണ്ട്. സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത 144 കുടുംബങ്ങളും ഭൂരഹിതരായ 119 കുടുംബങ്ങളും ഉൾപ്പെടെ 263 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകേണ്ടതുണ്ട്. നിലവിൽ ഓടിട്ട വീടുകളാണ് സർക്കാർ നിർമ്മിച്ചു നൽകുന്നത്. എന്നാൽ ഇന്നനുവദിക്കുനന തുക ഈ വീടുകളുടെ നിർമ്മാണത്തിന്ന് അപര്യാപ്തമായതിനാൽ വീടുകൾ അതീവ ദുർബ്ബലമാണ്. കോൺക്രീറ്റു വീടുകൾ നിർമ്മിച്ചവ വാസയോഗ്യമല്ലാത്തവിധം ചോർന്നൊലിക്കുന്നവയുമാണ്. ആയതിനാൽ ഒരുവീടിന്ന് 50,000/- രൂപയെങ്കിലും സഹായധനമായി അനുവദിക്കുകയും ഓടിട്ട വീടുകൾ തന്നെ നിർമ്മിക്കുകയും വേണം. JRY, IAY, ITDP ഉപാതിരഹിതഫണ്ട് എന്നിവ ഉപയോഗിച്ച് വീടുകൾ നിർമ്മിച്ചു നൽകാവുന്നതാണ്. വീടുകളോട് ഒന്നിച്ച് അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കണം. ആകെ 1, 31, 54,000 രൂപ ഇതിന്നായി കണ്ടെത്തണം.

നിലവിലുള്ള വീടുകളുടെ നിർമ്മാണത്തിലുള്ള വൈകല്യം കാരണം പൊളിഞ്ഞു വീഴാറായ അവസ്ഥയിലാണ്. 244 വീടുകൾ തരിയോട് പഞ്ചായത്തിൽ റിപ്പയർ ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് പണിതതും ഏഴുവർഷം പൂർത്തിയായതുമായ വീടുകൾ റിപ്പയർ ചെയ്യുന്നതിന്ന് നിയമമുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വീടുകളെല്ലാം തന്നെ സമയബന്ധിതമായി റിപ്പേയർ ചെയ്യേണ്ടതിനാൽപട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും പഞ്ചായത്ത് മുഖേനയും ഈ വീടുകൾ റിപ്പയർ ചെയ്യേണ്ടതാണ്. നിർമ്മാണച്ചെലവിന്റെ പകുതി സംഖ്യ ഗുണഭോക്താവ് ശ്രമദാനമായി ചെയ്യേണ്ടതാണ്. വീട് ഒന്നിന് ഏറ്റവും ചുരുങ്ങിയത് 500 രൂപയെങ്കിലും അനവദിക്കേണ്ടതാണ്. Rs30,000/-ക ഈ അവശ്യത്തിലെക്ക് കണ്ടെത്തേണ്ടതുണ്ട്. വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകീകരിച്ച് പഞ്ചായത്തു മുഖേന നടപ്പിലാക്കേണ്ടതാണ്.

## *കൃഷി*

ഈ പഞ്ചായത്തിലെ കുറിച്ച്യകുടുംബങ്ങളിൽ 45% പേരും കർഷകരാണ്. കൃഷിക്കാരായ പണിയർ, കാട്ടുനായ്ക്കർ എന്നിവർ നാമമാത്രമാണ്. ഇവർ





പരമ്പരാഗത കൃഷി രീതി അനുവർത്തിച്ചുവരുന്നു. ആധുനിക കൃഷിരീതിയുമായി ഇണങ്ങി ചേർന്നിട്ടില്ല. നൂതനകൃഷി രീതിയുമായി പരിചയപ്പെടുത്തുന്നതിന്ന് ബോധവൽക്കരണക്ലാസും പഠന പര്യടനവും കൃഷി ഭവൻ മുഖേന നടപടപ്പിലാക്കണം. 1,2,3,4 വാർഡു കളിൽ പെട്ടവർക്ക് തരിയോട്SALPസ്കൂളിൽ വെച്ചും 5,6,7,8 വാർഡുകാർക്ക് കാവും മന്നം കമ്മ്യൂണിറ്റി ഹാളിൽവെച്ചും ക്യാമ്പുകൾ സംഘടിപ്പിക്കാവുന്ന താണ്. ഈ ക്യാമ്പുകളിൽ നിന്നും ഉൽസുകരായ 25 കൃഷിക്കാരെ തിരഞ്ഞെടുത്ത് പ്രധാനപെട്ട കൃഷി വിജ്ഞാന കേന്ദ്രങ്ങളിലേക്കും, ഫാമുകളിലേക്കും പഠന പര്യടനം സംഘടിപ്പിക്കാവുന്നതാണ്. ഇതിന്നുള്ള മുഴുവൻ ചെലവും കൃഷിവകുപ്പിൻെറ ഗിരിവർഗ്ഗ ഉപപദ്ധതിയിൽ നിന്നും കണ്ടെത്താവുന്ന താണ്.

പാലുവയൽ, ചെമ്പക കണ്ടി, കുമ്മായ മൂല, ചെക്കണ്ണികുന്ന്, കോളിമൊട്ടമ്മൽ, മാക്കുനി എന്നീ കോളനികൾ കേന്ദ്രീകരിച്ചും, പാമ്പുകുനി, പുലിക്കോട്, ഉതിരംചേരി, മൂട്ടാല, കുറ്റിയാംവയൽ, എന്നീ കോളനികൾ കേന്ദ്രീകരിച്ചുംകുനിയിമ്മേൽ, മഠത്തുവയൽ, മാങ്കോട്ടിൽ, കണാഞ്ചേരി എന്നീ കോളനികൾ കേന്ദ്രീകരിച്ചും , മാത്തിരിക്കൽ കോളനി കേന്ദ്രീകരിച്ചും 4 പാടശേഖര സമിതികൾ സജ്വ മായി പ്രവർത്തിക്കേണ്ടതാണ്. ഈ പാടശേഖരസമി തികൾക്ക് കൃഷി ആവശ്യത്തിനായി കിണർ, പമ്പു സെറ്റ്, പവർ ടില്ലർ, എന്നിവ അനുവദിക്കേണ്ടതാണ്. ഈ പാടശേഖരസമിതികൾ കേന്ദ്രീകരിച്ച് പച്ചക്കറി വികസനത്തിനായി പച്ചക്കറിവിത്തുകളും, കാർഷിക ഉപകരണങ്ങളും നൽകേണ്ടതാണ്. ഈ പദ്ധതി കൾക്കെല്ലാംകൂടി അടുത്ത 5 വർഷത്തിനുള്ളിൽ 50 ലക്ഷം രൂപ നീക്കിവക്കേണ്ടതാണ്.

**വാഴകൃഷി:-** സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ പലരും വാഴകൃഷി പ്രധാനവരു മാനമാർഗ്ഗമായതിനാലും ഇതിലേക്ക് കൂടുതൽ കൂടു തൽ ചെലവു വരുന്നതിനാലും ഈ രംഗത്ത് സർക്കാ രിൻെറ സാമ്പത്തിക സഹായം ആവശ്യമാണ്. വാഴഒന്നിന്ന് 15 രൂപ നിരക്കിൽ സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണ്. ഈ തുക മുഴു വനായും ജൈവവളം വാങ്ങിക്കുവാനായി ഉപയോ ഗിക്കാവുന്നതാണ്. ഇതിനുള്ള തുക പട്ടികവർഗ്ഗവിക സനവകുപ്പും കൃഷിവകുപ്പും കൂടി നൽകേണ്ടതാണ്.

## *മൃഗപരിപാലനം*

ആദിവാസി ജീവിതവുമായി മൃഗപരിപാ ലനത്തിന് അഭേദ്യമായ ബന്ധമുണ്ട്. കുറിച്ച്യർ ധാരാളം കന്നുകാലി സമ്പത്തുള്ളവരാണ്. മേച്ചിൽസ് ഥലങ്ങളുടെ പരിമിതി കാരണം പണിയർ ഈ രംഗത്ത് പിന്നിലാണ്. ആധുനികമൃഗസംരക്ഷണരീതി കളെ കുറിച്ച് മൃഗസംരക്ഷണ വകുപ്പിൻെറ ആഭിമു ഖ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കൾക്ക് പരിശീലനപരിപാടി സംഘടിപ്പിക്കേണ്ടതാണ്. ഇതിന്നായി പ്രധാനപ്പെട്ട മൃഗസംരക്ഷണകേന്ദ്രങ്ങളി ലേക്ക് പഠനയാത്രകളും മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ പട്ടികവർഗ്ഗക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രദർ ശനങ്ങളും നടത്തേണ്ടതാണ്.

## *തൊഴിൽ*

തരിയോട് പഞ്ചായത്തിലെ 27 പട്ടിക വർഗ്ഗ യുവതീ യുവാക്കൾ SSLCപാസായവരും 65 പേർSSLCവരെ പഠിച്ചവരും ആണ്. 7-ാം ക്ലാസുവരെ പഠിച്ച 100 പേർ വേറെയുമുണ്ട്. SSLCപാസായ എല്ലാവരും തന്നെതൊഴിൽ രഹിതരാണ്. ഇവർക്ക് വിവിധ തൊഴിലുകളിൽ പരിശീലനംനൽകി ഇവരെ വ്യവസായ സംരഭകരാക്കാം. ബേക്കറി യൂണിറ്റ്, സോഡ നിർമ്മാണം, ഓട്ടോമൊബൈൽ മെക്കാ നിക്ക്, ഹോളോബ്രിക്ക്സ് നിർമ്മാണം, വെൽഡിങ്ങും എന്നിവയിൽ ട്രൈസംപദ്ധതിപ്രകാരം പരിശീലനം നൽകണം. പരിശീലനാനന്തരം ഇവരെ അംഗങ്ങൾ ആക്കി പട്ടികവർഗ്ഗ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതിന് പഞ്ചായത്ത് തലത്തിൽ ഒരു ഗൈഡൻസ് സെൽ രീപീ കരിക്കണം (സഹകരണ മേഖല സംബന്ധിച്ച റിപ്പോർട്ട് കാണുക) ആവശ്യമായ ധനസഹായവും, സാങ്കേതിക പരീശീലനവും വ്യവസായ വകുപ്പും നൽ കേണ്ടതാണ്. യഥാസമയം പദ്ധതിയുടെ പരിശോധ നയും വിലയിരുത്തലും വ്യവസായ, സഹകരണവ കുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ നിർവ്വഹിക്കണ്ട താണ്.

പാരമ്പര്യ കൈതൊഴിലുകളിൽ ഏർ





പ്പെട്ടിട്ടുള്ള കുട്ട, വട്ടി, മുറം, പരമ്പ്, പായ എന്നിവയുടെ നിർമ്മാണത്തിൽ തൽപ്പരരായ ആളുകൾക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന്ന് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് സൗജന്യ പാസുകൾ അനുവദിക്കേണ്ടതാണ്. മേൽപറഞ്ഞ സഹകരണ സംഘത്തിൻെറ ഒരു യൂണിറ്റായി ഇത് പ്രവർത്തിക്കാവുന്നതാണ്. വനവിഭവ ശേഖരണവും വില്പനയും മറ്റൊരു യൂണിറ്റായി ആരംഭിക്കണം. സംഘത്തിൻെറ നേതൃത്വത്തിൽ ടെലഫോൺബൂത്ത് ഫോട്ടാകോപ്പിയർ എന്നിവ ആരംഭിക്കാവുന്നതാണ്. ഇതിനുള്ള ഫണ്ടും പട്ടികവർഗ്ഗവികസന വകുപ്പിൻെറ പ്രത്യേക കേന്ദ്രസഹായ നിധിയിൽ നിന്നും സഹകരണ ഡിപ്പാർട്ട്മെൻറിൻെറ TSP ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്. നിലവിലുള്ള സംഘം മേൽ പഞ്ഞ വിവിധോദ്ദേശ സഹകരണ സംഘത്തിൽലയിപ്പിക്കുകയും അതിൻെറ ഒരു യൂണിറ്റായി ഫിഷറീസ് സംഘം പ്രവർത്തിപ്പിക്കേണ്ടതുമാണ്.

ആവശ്യമായ ഫണ്ട് ഫിഷറീസ് വകുപ്പിൻെറ ഗിരി വർഗ്ഗ ഉപപദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. തരിയോട് പഞ്ചായത്തിലെ വിവിധ കോളനികളിൽ ഉള്ള കുളങ്ങളിൽ നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനും, വീശുവല, കുത്തുവല എന്നിവ നൽകുന്നതിന്നും മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ആദിവാസികളുടെ ഒറ്റമൂലികളികളും ചികിത്സാരീതികളും വികസിപ്പിക്കുന്നതിന് പ്രോൽസാൽഹനം നൽകണം.

പട്ടിക വർഗ്ഗക്കാരുടെ കോളനികളിൽ ഇന്ന് വിറകിൻെറ ക്ഷാമം രൂക്ഷമാണ്. ഭക്ഷണം പാകം ചെയ്യുന്നതിന് ഇന്ന് പ്രധാനമായും വിറകിനെ ആശ്രയിക്കുന്നതിനാൽ ഓരോദിവസത്തേക്കുംവിറക് ശേഖരിക്കൽ സ്ത്രീക്ക് ഭാരിച്ച ഒരു ജോലിയാണ്. 312 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് സ്റ്റൗ, പുകയില്ലാത്ത അടുപ്പ്, മണ്ണെണ്ണ സ്റ്റൗ, ബയോഗ്യാസ് പ്ലാൻറും എന്നിവ സൗജന്യനിരക്കിൽ അനർട്ട് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനുള്ള മുഴുവൻ ചെലവുംപട്ടിക വർഗ്ഗ വികസന വകുപ്പ് വഹിക്കേണ്ടതാണ്. അംബേദ്ക്കർ IHDPകോളനികളിൽ ഈപദ്ധതി നടപ്പിലാക്കാവുന്നതാണ്.

തരിയോട് പഞ്ചായത്തിൽ ആകെയുള്ള 63 സങ്കേതങ്ങളിൽ 14 എണ്ണത്തിൽ മാത്രമെ വൈദ്യുതി എത്തിയുള്ളു. ബാക്കിയുള്ള സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതായുണ്ട്. പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്. വൈദ്യുതി എത്തിക്കാൻ കഴിയാത്ത കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കേണ്ടതാണ്. താഴേടം പണിയ കോളനി, ചെക്കിണ്ണികുന്ന് കാട്ടുനായ്ക്ക കോളനി ഉതിരംചേരി കോളനി, മാങ്ങോട്ട് കോളനി എന്നീ വിദ്യാർത്ഥികളുള്ള കോളനികൾക്ക് മുൻഗണന നൽകേണ്ടതാണ്.

ഈ പഞ്ചായത്തിലെ പല കോളനികളിലും എത്തിപ്പെടാൻ വളരെയധികം വൈഷമ്യങ്ങൾ ഉണ്ട്. രോഗികളേയും മറ്റും ആശുപത്രികളിൽ എത്തിക്കുന്നതിന് വളരെ വൈഷമ്യങ്ങൾ നേരിടുന്നു. ആയതിനാൽ കോളനികളിലേക്ക് നടപ്പാതയും കോളനിയുമായി ബന്ധപ്പെടാൻ പ്രധാന റോഡുകളിൽ നിന്നും ലിങ്ക് റോഡുകളും നിർമ്മിക്കേണ്ടതാണ്.

### *നടപ്പാതകൾ:*

1. മൂന്നാം വാർഡിൽ കളരിക്കോട്ടു കോളനിയിലേക്ക് 500 മീറ്റർ
2. ആറാംവാർഡിൽ മഞ്ഞലം കോട്ടുന്മേൽ കോളനിയിലേക്ക് 500 മീറ്റർ.
3. ഏഴാം വാർഡിൻ കമ്പനികുന്നം കോളനിയിലേക്ക് 500 മീറ്റർ.

### *റോഡുകൾ:-*

1. ഒന്നാം വാർഡിൽ പതിനിനൊന്നാം മൈൽ ഇതിരംചേരി കോളനിയിലേക്ക് 1.500 കീ.മീ.
2. ബൊമ്മൻപടി - മുട്ടാല കുറിച്യകോളനി 500 മീറ്റർ
3. മൂന്നാംവാർഡിൽ കാപ്പുവയൽ - കർലാട്ട് റോഡ് 800 മീറ്റർ
4. അഞ്ചാം വാർഡിൽ കല്ലങ്കാരി - മാത്തിരിക്കൽ കുറിച്ച്യാകോളനി 800 മീറ്റർ
5. ഏഴാം വാർഡിൽ പാമ്പുകുനികുറിച്ച്യ കോളനി - പ്ലാക്കണ്ടിസ്റ്റേഡിയം കുന്നിലേക്ക് 800 മീറ്റർ.
6. എട്ടാം മൈൽ ചെക്കണ്ണികുന്ന് രോഡ് 1 കി. മീറ്റർ





7. ആറാം വാർഡിൽ കുണ്ടിലങ്ങാടി - ചേരിക്കണ്ടി റോഡ് 1.കി.മീ

8. എട്ടാം വാർഡിൽ പാലുവയൽ കാവുമന്ദം റോഡ് 1. 5 കി. മീറ്റർ

9. എട്ടാം വാർഡിൽ കാലികുനി - ചെമ്പക കണ്ടി റോഡ് 1. കി. മീറ്റർ

മേൽ പറഞ്ഞ റോഡുകളുടെ നിർമ്മാണത്തിന്നായി ഗിരിവർഗ്ഗ ഉപ പദ്ധതിയിൽപെടുത്തി ഫണ്ടുകണ്ടെത്തി നടപ്പിലാക്കേണ്ടതാണ്.

## *കലാ സംസ്കാരിക രംഗം*

പട്ടികവർഗ്ഗ വിഭാഗക്കാർ വായിച്ചു പഠിക്കുന്നവരേക്കാൾ കണ്ടു പഠിക്കുന്നവരാണ്. മറ്റുള്ള പരിഷ്കൃതജനങ്ങളും, സിനിമ, ടിവി, റേഡിയോ മുതലായ മാദ്ധ്യമങ്ങളും ഇവരിൽ വളരെയധികംസ്വാധീനം ചെലുത്തുന്നു. കലാസാംസ്കാരിക രംഗത്ത് പാരമ്പര്യമായിതന്നെ അടിസ്ഥാനപരമായ കഴിവുകൾ ഇവർക്കുണ്ട്. അമ്പെയ്ത്ത് മത്സരത്തിൽ അഖിലേന്ത്യാ തലത്തിൽ അംഗീകാരം നേടിയ ടീമുകൾ ഉണ്ട്. അമ്പെയ്ത്ത് ആയോധന കലകളും പ്രോൽസാഹിപ്പിക്കുന്നതിന്നും, നടത്തുന്നതിന്നും, അവരുടെ പ്രധാനപ്പെട്ട കോളനികൾ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുകയും അവിടെ ടിവി, റേഡിയോ തുടങ്ങിയ മാദ്ധ്യമങ്ങൾ സ്ഥാപിക്കുകയും, വേണം. ഇൻഫർമേഷൻ ഡിപ്പാർട്ട് വക സിനിമാ പ്രദർശനവും സാക്ഷരത ക്ലാസ്സുകൾ, മറ്റു ബോധവൽക്കരണക്യാമ്പുകൾ എന്നിവയും ഈ ഹാളുകളിൽ നടത്താവുന്നതാണ്. അത്തരത്തിലുള്ള പ്രധാനപ്പെട്ട സാങ്കേതികങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

1. പാമ്പുകുനി 2 പുലിക്കോട്ട്, 3 ഉതിരംചേരി, 4 പത്താം മൈൽ അതിരത്തിൽ കോളനി, 5 കളരിക്കോട്ട്കുന്ന് കോളനി.6 മന്തു വയൽ കോളനി, 7 ചെക്കണ്ണികുന്ന് കോളനി,8 പാലുവയൽ കോളനി ഇതിനായി 14 ലക്ഷംരൂപ നീക്കിവെക്കേണ്ടതാണ്. അമ്പെയ്ത്ത് മത്സരത്തിന് വിദഗ്ദ കോച്ചിനെ നിയമിക്കുകയും ആധുനിക വില നൽകുകയുംവേണം.

## *സാമൂഹ്യ അവലോകനം*

നിർദ്ധനരായ ആദിവാസി യുവതികളുടെ വിവാഹത്തിന് 5000 രൂപ വിവാഹ ധന സഹായം നൽകുന്ന നിലവിലുള്ള പദ്ധതിഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് പണിയർ, കുറുമർ വിഭാഗത്തിൽപെടുരാണ്. കുറിച്ച്യർ വിവാഹ കർമ്മം പ്രത്യേകമായി നടത്താറില്ല. അവർ തിരണ്ടു കല്ല്യാണം (വയസ്സറിയിക്കൽ ) ഗംഭീരമായി ആഘോഷിക്കുന്നു. മേൽപ്പറഞ്ഞ ധനസഹായം കുറിച്ച്യ വിഭാഗത്തിന് തിരണ്ടു കല്ല്യാണത്തിന്നായി അനുവദിക്കണം. അനാഥരായ പട്ടിക വർഗ്ഗക്കാർ പലരും കോളനികളിൽ ഉണ്ട്. ഇവരുടെ മേൽനോട്ടം വഹിക്കുവാനും, ഭക്ഷണം, വസ്ത്രം മുതലായവ നൽകുന്നതിനും പ്രത്യേകമായ പരിപാടി അങ്കൺവാടി കേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## കക്കൂസ് നിർമ്മാണം :

നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയോടൊപ്പം കക്കൂസ് കൂടി നൽകുന്ന പദ്ധതിയുണ്ട്. എന്നാൽ ഇതിന് അനുവദിക്കുന്നതുക തീരെ അപര്യാപ്തമാണ്. കക്കൂസുകൾ പലതും ഉപയോഗ ശൂന്യമാണ്. ഇത് ഇവരുടെ ആവശ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ കൂടുതൽ കുടുംബങ്ങൾക്ക് (പത്തിലധികം കുടുംബങ്ങൾക്ക് താമസിക്കുന്ന കോളനി എന്ന ക്രമത്തിൽ ) സേഫ്റ്റി ടാങ്ക് കക്കൂസുകൾ, നിർമ്മിക്കേണ്ടതാണ്. ഇതിന് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമവവികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, എന്നിവതുക കണ്ടെത്തേണ്ടതാണ്.

മേൽപറഞ്ഞ ആനുകൂല്യങ്ങൾ എല്ലാം തന്നെ യഥാസമയം നടപ്പാക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ ആദിവാസികളുടെ സർവ്വോതോമുകമായ പുരോഗതി നേടാവുന്നതാണ്. എന്നാൽ ഒരു സമുദായത്തെ ഉദ്ധരിക്കുന്നതിന്ന് സർക്കാരിൻെറ സാമ്പത്തിക സഹായം മാത്രം പോര. അന്യ സമുദായങ്ങളിലെ അംഗങ്ങളുടെ സഹകരണവും ഈ രംഗത്ത് ആവശ്യമാണ്. അലസത ആദിവാസികളുടെ ഇടയിൽ ഒരു രോഗമായി തീർന്നിരിക്കുന്നു. ഇവരുടെ അലസമനോഭാവം മാറിയെങ്കിൽമാത്രമെ ഈ രംഗത്ത് വിജയം കണ്ടെത്തുവാൻ കഴിയുകയുള്ളൂ.





| തരിയോട് പഞ്ചായത്തിലെ<br>പട്ടികജാതി പട്ടികവർഗ്ഗ കുടുംബം ആകെ 636<br>ആകെ .പട്ടികജാതിവർഗ്ഗ ജനസംഖ്യ : 2288 പേർ<br>(പട്ടിക -1) | | | |
|---|---|---|---|
| കുറിച്യാ കോളനി | | കുടുംബങ്ങൾ | |
| | (സാങ്കേതം ) | കുടും. എണ്ണം | അംഗങ്ങൾ |
| 1 | ഉദിരംചേരി 11-ാം മൈൽ | 3 | 28 |
| 2 | മാങ്കോട്ടിൽ | 8 | 40 |
| 3 | ഉതിരം ചേരി 10-ാംമൈൽ | 2 | 12 |
| 4 | കുറ്റിയാം വയൽ | 4 | 24 |
| 5 | പൂളക്കുഴി | 2 | 9 |
| 6 | മൂട്ടാല | 5 | 19 |
| 7 | പുലിക്കോട്ട് | 10 | 48 |
| 8 | പുത്തൻപുര | 5 | 24 |
| 9 | പക്ഷിമുണ്ട | 2 | 17 |
| 10 | പാമ്പുംകുനി | 11 | 53 |
| 11 | മാങ്കോട്ടിൽ | 2 | 13 |
| 12 | മത്തു വയൽ | 15 | 64 |
| 13 | മന്നം കാപ്പിൽ | 8 | 39 |
| 14 | കുനിയിൽ | 3 | 13 |
| 15 | മാങ്കോട്ടിൽ | 2 | 11 |
| 16 | മാത്തിരിക്കൽ | 8 | 31 |
| 17 | മാക്കുനി | 2 | 7 |
| 18 | ഉതിരം ചേരി | 2 | 15 |
| 19 | മാങ്കോട്ടിൽ | 3 | 10 |
| 20 | പാറക്കൽ | 1 | 7 |
| 21 | മാക്കുനി | 2 | 13 |
| 22 | കുനിയിൽ | 10 | 40 |
| 23 | പ്ലാക്കണ്ടി | 4 | 15 |
| 24 | മലത്തു വയൽ | 15 | 53 |
| 25 | പൂത്തമിറ്റം | 4 | 24 |
| 26 | കോളനി ഇട്ടൻകുന്ന് | 3 | 19 |
| 27 | ചെക്കണ്ണി | 6 | 32 |
| 28 | കുമ്മായമൂല | 11 | 47 |
| 29 | ചെക്കണ്ണകുട്ടികുന്ന് | 1 | 6 |
| 30 | ചെമ്പേകകണ്ടി | 7 | 28 |
| 31 | താഴെപാലുവയൽ | 5 | 27 |
| 32 | പാലുവയൽ പുത്തമിറ്റം | 4 | 20 |
| 33 | നടുവിൻ പാലുവയൽ | 6 | 28 |
| 34 | മേലെ പാലുവയൽ | 8 | 39 |
| | | 184 | 885 |

| പണിയർ | | കുടുംബങ്ങൾ | |
|---|---|---|---|
| | കോളനി (സാങ്കേതം ) | കുടും. എണ്ണം | ജനസംഖ്യ |
| 1 | ഉദിരംചേരി 11-ാം മൈൽ | 3 | 28 |
| 1 | പടിയാരം കുന്ന് | 13 | 50 |
| 2 | ഓണിച്ചോല | 15 | 57 |
| 3 | അതിരത്തിൽ | 24 | 103 |
| 4 | കാപ്പം കുന്ന് | 6 | 26 |
| 5 | കളരിക്കോട്ട് കുന്ന് | 65 | 254 |
| 6 | കൂവാലോട്ടുകുന്ന് | 9 | 32 |
| 7 | താഴെടം | 27 | 81 |
| 8 | കൊറ്റിപ്പാറ | 6 | 22 |
| 9 | കുഞ്ഞിവീട് | 5 | 22 |
| 10 | കണാഞ്ചേരി | 4 | 14 |
| 11 | മത്തും കുനി | 6 | 20 |
| 12 | കവുംങ്ങുംകണ്ടി | 16 | 61 |
| 13 | കോമനുക്കണ്ടി | 13 | 76 |
| 14 | പുതിയ വീട് | 17 | 58 |
| 15 | മഞ്ഞളം കോട് | 16 | 64 |
| 16 | പാറക്കണ്ടി | 7 | 20 |
| 17 | പൊയിൻപുര | 2 | 7 |
| 18 | കാപ്പുംകുന്ന് | 4 | 12 |
| 19 | കമ്പിനിക്കുന്ന് | 8 | 34 |
| 20 | തപ്പിൽ | 11 | 40 |
| 21 | പൊയിൽപുര | 1 | 4 |
| 22 | കല്ലാട്ടുകുന്ന് | 28 | 103 |
| 23 | ചെക്കണ്ണകുന്ന് | 4 | 20 |
| 24 | പാണ്ടികശാല | 5 | 19 |
| | | 312 | 1199 |

| കാട്ടുതായിക്കർ സങ്കേതം | | | |
|---|---|---|---|
| 1 | ഉതിരംചേരി കാടു | 9 | 32 |
| 2 | ഉതിരം രേരി 10-ാംമൈൽ | 4 | 15 |
| 3 | പുലിക്കോട്ട് | 3 | 16 |
| 4 | ചെക്കണ്ണികുന്ന് | 24 | 86 |
| | | 46 | 149 |

E.C.No: 55





## ചാർട്ട് 2

### തരിയോട് ഗ്രാമപഞ്ചായത്ത് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ

| 1-ാം വാർഡ് കോളനികളുടെ പേര് | ജാതി | ആകെ കുടുംബം | ആകെ അംഗങ്ങൾ | പുരുഷൻ | സ്ത്രീകൾ | കിണർ ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല | കക്കൂസ് ഉണ്ട്/ഇല്ല | വീടുകൾ | | ഭൂമിവിവരം | | ഭവനരഹിതർ | ഭൂരഹിതർ | കിണർ വേണ്ട എണ്ണം | കക്കൂസ് വേണ്ട എണ്ണം | വീട് വേണ്ട എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഓട് | പുല്ല് | കര | വയൽ | | | | | |
| ഉതിരം ചേരി 11-ാം മൈൽ | കുറിച്യ | 3 | 28 | 15 | 13 | ഉണ്ട് | ഇല്ല | 1ന് വേണം | 2 | 1 | 3ഏ | - | 1 | - | | | 1 |
| മാങ്കോട്ടിൽ | " | 8 | 40 | 18 | 22 | ഇല്ല | ഇല്ല | 5ന് വേണം | 3 | 5 | 4ഏ | - | 1 | 4 | - | - | 1 |
| ഉതിരം ചേരി 11-ാംമൈൽ | കാട്ടു നായ്ക്കർ | 9 | 32 | 19 | 13 | ഇല്ല | ഇല്ല | ഇല്ല | 4 | 2 | 40സെ | - | - | 5 | - | - | - |
| ഉതിരം ചേരി 10-ാം മൈൽ | കുറിച്യ | 2 | 12 | 4 | 8 | ഇല്ല | 1ന് ഉണ്ട് | ഇല്ല | 1 | 1 | 3.40 സെ | - | 1 | – | - | - | - |
| പടിയാരം കുന്ന് | പണിയർ | 13 | 50 | 21 | 29 | ഉണ്ട് | ഇല്ല | 5ന് വേണം | 10 | - | 2.50 സെ | | 5 | 6 | – | – | 4 |
| ഓണിചോല | " | 15 | 57 | 27 | 30 | ഉണ്ട് | ഇല്ല | ഇല്ല | 8 | - | 2.35 | - | 4 | 4 | - | - | - |
| കുറ്റിയാംവവയൽ | കുറിച്യ | 4 | 24 | 15 | 9 | ഇല്ല | ഇല്ല | ഇല്ല | 1 | - | 3ഏ.50സെ | 1ഏ | 1 | 1 | - | - | 4 |
| പൂളക്കുഴി | " | 2 | 9 | 6 | 3 | ഇല്ല | ഇല്ല | ഇല്ല | 1 | - | 4ഏ | - | 1 | - | - | - | 1 |
| മുട്ടാല | " | 5 | 19 | 11 | 8 | ഇല്ല | 1ന് ഉണ്ട് | 4ന് വേണം | 2 | - | 6.50ഏ | 50സെ | 3 | - | - | - | 3 |
| | | 61 | 271 | 136 | 135 | 6ന് വേണം | - | 4ന് വേണം | 32 | 12 | 29.65 | 1.50 | 17 | 20 | 9 | - | 14 |

## ചാർട്ട് 3

| 2-ാം വാർഡ് കോളനികളുടെ പേര് | ജാതി | ആകെ കുടുംബം | ആകെ അംഗങ്ങൾ | പുരുഷൻ | സ്ത്രീകൾ | കിണർ ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല | കക്കൂസ് ഉണ്ട്/ഇല്ല | വീടുകൾ | | ഭൂമിവിവരം | | ഭവനരഹിതർ | ഭൂരഹിതർ | കിണർ വേണ്ട എണ്ണം | കക്കൂസ് വേണ്ട എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഓട് | പുല്ല് | കര | വയൽ | | | | |
| അതിരത്തിൽ | പണിയർ | 24 | 103 | 61 | 42 | ഉണ്ട് | ഉണ്ട് | - | 16 | 2 | 6ഏ | 1ഏ | 6 | 7 | 6 | 3 |
| ഉതിരം ചേരി 10-ാം മൈൽ | കാട്ടു നായ്ക്കർ | 4 | 15 | 10 | 5 | ഇല്ല | ഇല്ല | ഇല്ല | - | 3 | 1ഏ50സെ | - | 1 | - | 2 | 4 |
| പുലികോട്ട് | കുറിച്യർ | 10 | 48 | 26 | 22 | ഇല്ല | ഇല്ല | ഇല്ല | 2 | 1 | 3ഏ | 8.5ഏ | 8 | - | 8 | 2 |
| പുത്തൻപുര 10-ാം മൈൽ | കുറിച്യർ | 5 | 24 | 12 | 12 | ഉണ്ട് | ഇല്ല | ഇല്ല | 2 | 2 | 4.5ഏ | 2ഏ | 1 | - | - | 1 |
| പുലിക്കോട് നായിക്കർ | കാട്ടു നായ്ക്കർ | 3 | 16 | 9 | 9 | ഇല്ല | ഇല്ല | ഇല്ല | 2 | - | 26സെ | - | 1 | - | - | 1 |
| കാപ്പം കുന്ന് 10-ാംമൈൽ | പണിയർ | 6 | 26 | 13 | 13 | ഉണ്ട് | ഇല്ല | ഉണ്ട് | 5 | - | 1.7ഏ | - | 1 | - | - | 1 |
| പക്ഷിമുണ്ട | കുറിച്യർ | 2 | 17 | 6 | 11 | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 5ഏ | - | - | 1 | 1 | 1 |
| പാമ്പും കുനി | കുറിച്യർ | 11 | 53 | 30 | 23 | - | 7ന് ഉണ്ട് | ഇല്ല | 7 | 1 | 4.3ഏ | 9ഏ | 3 | - | 7 | 3 |
| ആകെ | | 65 | 302 | 165 | 137 | - | - | 37 | 35 | 10 | 26.26 | 20.50 | 21 | 8 | 37 | 17 |





## ചാർട്ട് 4

| 3-ാം വാർഡ് കോളനികളുടെ പേര് | ജാതി | ആകെ കുടുംബം | ആകെ അംഗങ്ങൾ | പുരുഷൻ | സ്ത്രീകൾ | കിണർ ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല | വീടുകൾ | | ഭൂമിവിവരം | | ഭവനരഹിതർ | ഭൂരഹിതർ | കിണർ വേണ്ട എണ്ണം | കക്കൂസ് വേണ്ട എണ്ണം | കോൺക്രീറ്റ് വീട് കെട്ടിയത് | വൈദ്യുതി വേണ്ടത് | വീട്വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഓട് | പുല്ല് | കര | വയൽ | | | | | | | |
| കളരിക്കോട്കുന്ന് | പണിയർ | 65 | 254 | 124 | 130 | ഉണ്ട് | 13ന് കിട്ടി | 53 | 5 | 15ഏ | - | 7 | 15 | - | 30 | 13 | 42 | - |
| മാങ്കോട്ടിൽ | കുറിച്യർ | 2 | 13 | 5 | 8 | ഇല്ല | ഇല്ല | 1 | - | 2.5ഏ | - | 1 | - | - | - | - | 1 | 1 |
| മഠത്തുവയൽ | " | 15 | 64 | 36 | 28 | ഉണ്ട് | 7ന് ഉണ്ട് | 12 | - | 11.5ഏ | 3.98ഏ | 3 | - | - | 8 | - | - | - |
| മന്നംകാപ്പിൽ | " | 8 | 39 | 21 | 18 | ഉണ്ട് | 1ന് ഉണ്ട് | 2 | - | 3ഏ | 2ഏ | 6 | - | - | - | - | - | - |
| കുനിയിൽ | " | 3 | 13 | 6 | 7 | ഇല്ല | ഉണ്ട് | 2 | - | 2ഏ | 1.25ഏ | 1 | - | - | - | - | - | - |
| മാങ്കേട്ടിൽ | " | 2 | 11 | 5 | 6 | ഇല്ല | ഇല്ല | 2 | - | 1ഏ | 29സെ | - | - | - | - | - | - | - |
| | ആകെ | 95 | 394 | 197 | 197 | - | - | 72 | 5 | 35 AC | 7.53 AC | 18 | 15 | 3 | 53 | 13 | 43 | 1 |

| 4-ാം വാർഡ് | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കുലോട്ടുകുന്ന് | പണിയ | 9 | 32 | 16 | 16 | ഉണ്ട് | 1ന് ഉണ്ട് | 2 | 2 | 1.25ഏ | - | - | 5 | - | 9 | - | 1 | |

| 5-ാം വാർഡ് | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| താഴെടം | പണിയ | 27 | 81 | 42 | 39 | ഉണ്ട് | ഇല്ല | 8 | 7 | 2.62 ഏ | - | 12 | 7 | - | - | - | - | - |
| കൊറ്റിപ്പാറ | " | 6 | 22 | 10 | 12 | ഉണ്ട് | ഇല്ല | 4 | - | 80സെ | - | 2 | - | - | - | - | - | - |
| കുഞ്ഞിവീട് | " | 5 | 22 | 9 | 13 | ഞ്ട് | ഇല്ല | 4 | - | 39 സെ | - | 1 | - | - | - | - | - | - |
| കണാഞ്ചേരി | " | 4 | 14 | 5 | 9 | ഉണ്ട് | ഇല്ല | 1 | 1 | 1ഏ | 60 | 2 | - | - | - | - | - | - |
| കീരോട്ടു കുന്ന് | കാട്ടു നായ്ക്കർ | 8 | 31 | 14 | 17 | ഇല്ല | ഇല്ല | 6 | 1 | 1.10ഏ | - | 1 | 1 | - | - | - | - | - |
| മാത്തിരിക്കൽ | കുറിച്യർ | 8 | 31 | 13 | 18 | ഇല്ല | ഇല്ല | 3 | - | 17ഏ 28 | 7ഏ 25 | 5 | - | - | - | - | - | - |
| മാക്കുനി | കുറിച്യർ | 2 | 7 | 4 | 3 | ഇല്ല | ഇല്ല | - | 2 | 2ഏ | 1ഏ | 2 | - | - | - | - | - | - |
| ഉതിരം ചേരി | " | 2 | 15 | 5 | 10 | ഉണ്ട് | ഉണ്ട് | 1 | - | 4ഏ | 2ഏ | 1 | - | - | - | - | - | - |
| മാങ്കോട്ടിൽ | " | 3 | 10 | 5 | 5 | ഇല്ല | ഇല്ല | 1 | 2 | 1ഏ 17 | 50സെ | 2 | - | - | - | - | - | - |
| | ആകെ | 65 | 223 | 107 | 126 | - | - | 28 | 13 | 30.36 | 11.35 | 28 | 8 | | 65 | | | |





## ചാർട്ട് 5

| 6-ാം വാർഡ് കോളനികളുടെ പേര് | ജാതി | ആകെ കുടുംബം | ആകെ അംഗങ്ങൾ | പുരുഷൻ | സ്ത്രീകൾ | കിണർ | | വൈദ്യുതി | | കക്കൂസ് | | കക്കൂസ് വേണ്ട എണ്ണം | വീടുകൾ | | ഭൂമിവിവരം | | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | ഓട് | പുല്ല് | കര | വയൽ | | |
| കവുങ്ങു കണ്ടി | കുറിച്യ | 16 | 61 | 30 | 31 | ✓ | ഇല്ല | - | ഇല്ല | - | - | - | 3 | 2 | 212 | - | - | 13 |
| മഠത്തും കുനി | " | 6 | 20 | 9 | 11 | ✓ | - | - | - | - | - | - | 2 | - | 016 | - | - | 4 |
| കോമരക്കണ്ടി | " | 13 | 76 | 27 | 49 | ✓ | - | - | - | - | - | - | 7 | - | 026 | - | - | 6 |
| പതിയ വീട് | " | 17 | 58 | 29 | 29 | ✓ | - | - | - | - | - | - | 7 | - | 062 | - | - | 10 |
| മഞ്ഞളം കോട് | പണിയ | 16 | 64 | 32 | 32 | ✓ | - | - | - | - | - | - | 8 | - | 080 | - | - | 8 |
| പാറക്കണ്ടി | " | 7 | 20 | 8 | 12 | - | - | - | - | - | - | - | 2 | 1 | 080 | - | - | 4 |
| പൊയിൽപ്പാറ | " | 2 | 7 | 4 | 3 | - | - | - | - | - | - | - | 1 | 1 | 015 | - | - | - |
| പീക്കോട്കുന്ന് | " | 2 | 15 | 7 | 8 | - | - | - | - | - | - | - | - | 1 | 010 | - | 1 | 1 |
| | | 79 | 321 | 146 | 175 | 4 വേണം | | - | - | - | - | 79 | 30 | 5 | 3.01 | - | 3 | 46 |

| 7-ാം വാർഡ് | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പാറക്കൽ | കുറിച്യ | 1 | 7 | 5 | 2 | - | – | - | - | - | - | - | 1 | - | 2.00 | 1.00 | - | - |
| മാക്കുനി | " | 2 | 13 | 6 | 7 | - | - | - | - | - | - | - | - | 1 | 2.00 | 1.00 | 2 | - |
| കാപ്പംകുന്ന് | പണിയ | 4 | 12 | 5 | 7 | - | – | - | - | - | - | - | 3 | - | 0.37 | - | 1 | - |
| കമ്പിനികുന്ന് | പണിയ | 8 | 34 | 17 | 17 | - | – | - | - | - | - | - | 4 | 1 | 0.32 | - | - | 4 |
| തയ്യിൽ | പണിയ | 11 | 40 | 21 | 19 | - | - | - | - | - | - | - | 5 | - | 1.00 | - | - | 6 |
| കുനിയൽ | കുറിച്യ | 10 | 40 | 19 | 21 | - | - | - | - | - | - | - | 6 | 1 | 7.50 | 5.75 | 4 | - |
| പൊയിൻപുര | പണിയൻ | 1 | 4 | 2 | 2 | - | – | - | - | - | - | - | 1 | - | 0.07 | - | - | - |
| പ്ലാക്കണ്ടി | കുറിച്യ | 4 | 15 | 9 | 6 | - | – | - | - | - | - | - | 3 | - | 300 | - | 1 | - |
| കല്ലാട്ടുകുന്ന് | പണിയ | 28 | 103 | 47 | 56 | ✓ | - | 4ഉണ്ട് | - | - | - | - | 18 | - | 3.25 | - | 10 | 5 |
| മഠത്തുവയൽ | കുറിച്യ | 15 | 53 | 28 | 25 | ✓ | - | 3ഉണ്ട് | - | - | - | 10 | 6 | | 15.50 | 6.96 | 9 | - |
| | | 84 | 321 | 159 | 162 | 5വേണം | - | - | - | - | - | 61 | 47 | 3 | 35.01 | 14 | 27 | 15 |





## ചാർട്ട് 6

| 8-ാം വാർഡ് കോളനികളുടെ പേര് | ജാതി | ആകെ കുടുംബം | ആകെ അംഗങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | കിണർ | | വൈദ്യുതി | | കക്കൂസ് | | കക്കൂസ് വേണ്ട എണ്ണം | വീടുകൾ | | ഭൂമിവിവരം | | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | ഓട് | പുല്ല് | കര | വയൽ | | |
| ചെക്കണ്ണികുന്ന് | കാട്ടു നായ്ക്കർ | 24 | 86 | 48 | 38 | ✓ | - | – | - | - | - | 10 | 24 | - | 7.35 | - | - | 5 |
| ചെക്കണ്ണിക്കുന്ന് | പണിയ | 4 | 20 | 6 | 14 | ✓ | - | - | - | - | - | 1 | 4 | - | 1.00 | - | - | - |
| പുത്തമിറ്റം | കുറിച്യ | 4 | 24 | 14 | 10 | ✓ | - | - | - | - | - | - | 1 | - | 4.25 | 2.86 | 3 | - |
| കോളി മൊട്ടൻക്കുന്ന് | കുറിച്യ | 3 | 19 | 8 | 11 | ✓ | - | - | - | - | - | 1 | 2 | 1 | 4.85 | 4.00 | 1 | - |
| പാണ്ടികശാല | പണിയ | 5 | 19 | 6 | 13 | ✓ | - | - | - | - | - | - | 2 | 2 | 0.50 | - | - | - |
| ചെക്കണ്ണി | കുറിച്യ | 6 | 32 | 16 | 16 | ✓ | - | - | - | - | - | - | 1 | - | 7.00 | 8.00 | 5 | - |
| കളായമൂല | കുറിച്യ | 11 | 47 | 23 | 24 | 1 | ഒന്ന് വേണം | - | - | - | - | 7 | 4 | 5 | 5.50 | 8.00 | 2 | - |
| ചെക്കണ്ണികുട്ടികുന്ന് | " | 1 | 6 | 5 | 1 | ഇല്ല | - | - | - | - | - | - | 1 | - | 0.72 | 0.60 | - | - |
| ചെമ്പോക്കണ്ടി | " | 7 | 28 | 13 | 15 | - | - | - | - | - | - | - | 2 | - | 14.45 | 9.00 | 5 | - |
| താഴെപാലുവയൽ | " | 5 | 27 | 15 | 12 | - | - | - | - | - | - | - | 1 | 1 | 6.75 | 10.50 | 3 | - |
| പാലുവയൽപുത്തമിറ്റം | " | 4 | 20 | 14 | 6 | - | - | - | - | - | - | - | - | 3 | 5.00 | 2.00 | 4 | - |
| നടുവിൻ പാലുവയൽ | " | - | - | - | - | - | - | - | - | - | - | - | - | 4 | 7.00 | 10.00 | 6 | |
| മേലെ പാലുവയൽ | " | - | - | - | - | ഉണ്ട് | - | - | - | - | - | - | 2 | 2 | 4.40 | 03.00 | 6 | |
| ആകെ | | 88 | 395 | 205 | 190 | 5എണ്ണം | വേണം | - | - | - | - | 65 | 44 | 18 | 68.77 | 57.96 | 36 | 5 |









# വിഭവസമാഹരണം

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിൽ അടുത്ത അഞ്ചുവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന, സേവനക്ഷേമ പദ്ധതികൾക്കു വേണ്ട വിഭവ സമാഹരണം ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല.

തരിയോടു ഗ്രാമ പഞ്ചായത്തിൻെറ സമ്പന്നമായ പ്രദേശങ്ങളിൽ 1/3 ഭാഗം കുറ്റ്യൂടി ഓർഗമെൻറഷേന് വേണ്ടിയുള്ള സ്ഥലമെടുപ്പുമൂലം നഷ്ടപ്പെട്ടു. 10 വർഷങ്ങൾ മുമ്പുവരേയും പഞ്ചായത്തിൻെറ തനതായ വരുമാനത്തിൻെറ 80% ലഭിച്ചിരുന്നത് ഈ പ്രദേശത്തു നിന്നായിരുന്നു. ഈ പ്രദേശവാസികളുടെ കുടിയൊഴിപ്പിക്കലും തന്മൂലം കാർഷിക വിഭവങ്ങളുടെ ഉല്പാദനത്തിലുണ്ടായ വമ്പിച്ച കുറവുമാണ് ഈ പഞ്ചായത്തിൻെറ സാമ്പത്തിക പ്രതിസന്ധിക്കു പ്രധാന കാരണങ്ങളിലൊന്ന്.

ഇതോടൊന്നിച്ചു ചേർത്തിരിക്കുന്ന ചാർട്ടിൽ തരിയോടു ഗ്രാമപഞ്ചായത്തിൻെറ നിലവിലുള്ള സാമ്പത്തിക സ്ഥിതി വിവരകണക്കുകൾ ചേർത്തിരിക്കുന്നു. (ചാർട്ട് 1,2 and 3)

ലഭ്യമായ കണക്കുകളനുസരിച്ചു പഞ്ചായത്തിൻെറ തനതായ വരുമാനം കൊണ്ടു, ഭരണ നിർവഹണം സാദ്ധ്യമല്ല. സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചാണ്, ദൈനംദിന കാര്യങ്ങൾ നടത്തികൊണ്ടു പോകുന്നതെന്നു മനസ്സിലാക്കാം. അതുകൊണ്ടു എസ്റ്റാബിളിഷ്മെൻറ് ചിലവുകൾ കഴിയുന്നിടത്തോളം ചുരുക്കേണ്ടതാണ്.

വിലക്കയറ്റവും, ജീവിത സാഹചര്യങ്ങളും, ദുസ്സഹമായകൊണ്ടിരിക്കുന്ന, ഈ കാലഘട്ടത്തിൽ കൂടുതൽ നികുതി വർദ്ധനവ് മറ്റൊരു ഭാരമാവാതിരിക്കണം. തങ്ങൾ കൊടുക്കുന്ന നികുതികൾഈ ഗ്രാമ പഞ്ചായത്തിൻെറ വികസനത്തിനാണെന്നും, തന്മൂലം തങ്ങൾക്കു കൂടി വികസന പ്രകൃയയിൽ, പങ്കാളിത്തമുണ്ടെന്നുമുള്ള അവബോധം നികുതി ദായകരിൽ വളർത്തേണ്ടതു അനിവാര്യമാണ്. ഓരോ വർഷവും പഞ്ചായത്തു ചെലവാക്കിയ ചിലവിനങ്ങളുടെ പട്ടികയും,തുകയും അച്ചടിച്ചു ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്നതു പഞ്ചായത്തിൻെറ വിശ്വാസ്യതയെ വർദ്ധിപ്പിക്കാൻ കാരണമാകും.

മനുഷ്യാധ്വാനം, വിഭവസമാഹരണത്തിനു ഏറെ മുൽക്കൂട്ടാണ്. കഴിയുന്നിടത്തോളം നിർമ്മാണ പ്രവർത്തികളിൽ ജനപങ്കാളിത്തം ബോധവൽക്കരണത്തിലൂടെ ഉറപ്പാക്കാൻ ശ്രമിക്കണം.





ബാണാസുരസാഗർ പദ്ധതി നടപ്പാക്കിയതു മൂലം പഞ്ചായത്തിൻെറ മൂന്നു വാർഡുകൾ അക്വയർ ചെയ്തതിലൂടെയുണ്ടായ നഷ്ടം ഭീമമാണ്. 52 കിലോമീറ്റർ പഞ്ചായത്തു റോഡു നഷ്ടപ്പെടുകയും, അതിനു കേവലം തരിശ് ഭൂമിയുടെ വിലമാത്രം ലഭിക്കുകയും ചെയ്തതുമൂലം ഉണ്ടായ നഷ്ടം കണക്കിലെടുത്തു, പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ - 50 ലക്ഷം രൂപയെങ്കിലും സ്പെഷ്യൽ ഗ്രാൻറായി സർക്കാറിൽ നിന്നു കിട്ടാൻ അർഹതയുണ്ട്.

ബാണാസുരസാഗർ, കർളാട് ചിറ എന്നിവയെ ബന്ധപ്പെടുത്തി ടൂറിസ്റ്റ് വികസനം സാധ്യമാക്കണം. അതോടെ പഞ്ചായത്തിന് വിഭവസമാഹരണത്തിനുള്ള ധാരാളം സാധ്യതകൾക്ക്വഴി തുറക്കുന്നതാണ്. സംസ്ഥാന ടൂറിസം വകുപ്പ് ഈ പദ്ധതി നടപ്പിലാക്കാൻമുന്നോട്ടു വരണം. കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

കർളാട് ചിറയുടെ സമീപത്തുള്ള പഞ്ചായത്ത് സ്ഥലത്ത് ഔഷധ സസ്യങ്ങൾ നട്ട് സംരക്ഷിക്കുന്നത് അഭികാമ്യമായിരിക്കും. നശിച്ചു കൊണ്ടിരിക്കുന്ന അപൂർവ്വങ്ങളായ ഔഷധ സസ്യങ്ങൾ സംരക്ഷിക്കാനും പഞ്ചായത്തിന് വിഭവ സമാഹരണത്തിനുള്ള ഒരു സ്രോതസ്സായും ഇതിനെ ഉപയോഗപ്പെടുത്താം.

## നികുതികൾ വിഭവ സമാഹരണത്തിന്

ഗ്രാമ പഞ്ചായത്തിന് മുഖ്യമായും ലഭിക്കുന്ന നികുതികൾ

### *1. കെട്ടിട നികുതി*

സർക്കാർ ഉത്തരവ് പ്രകാരമുള്ള മൂല്യം കണക്കാക്കി കെട്ടിട നികുതി പിരിവു കുറ്റമറ്റതാക്കേണ്ടതാണ്. I.R.D.P പരിധിക്കുമുകളിലുള്ള എല്ലാ വീടുകൾക്കും, കെട്ടിട നികുതി ചുമത്തുന്നതിൽ അപാകതയുണ്ടന്നു തോന്നുന്നില്ല. പഞ്ചായത്തു സ്റ്റാൻഡിങ്ങ് കമ്മിറ്റി നേരിട്ടു പരിശോധിച്ചു ടാക്സ് ഈടാക്കുന്ന സമ്പ്രദായം വിഭവ സമാഹരണത്തിനു അനിവാര്യമാണ്. ഇപ്പോൾ നികുതി ചുമത്തപ്പെട്ടിരിക്കുന്ന പല വീടുകളും നികുതിയിൽ നിന്നു ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ നികുതി ഈടാക്കേണ്ട പല വീടുകളും ഒഴിവാക്കിയതായി കാണുന്നുണ്ട്. കാരണമായി പറയുന്നതു താമസക്കാരൻെറ വീടിരിക്കുന്ന സ്ഥലത്തിന് രേഖകൾ ഇല്ലയെന്നുള്ളതാണ്. അതിനു പരിഹാരമായി രേഖയുള്ള മുൻ ഉടമസ്ഥരിൽ നിന്നും നികുതി ഈടാക്കുന്നതിനാവശ്യമായ നിയമ നടപടികൾ ഗ്രാമ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങൾക്കു നികുതി ചുമത്തുന്നതിൽ പലതരത്തിലുള്ള പാകപ്പിഴകൾ ഉണ്ടെന്നു നികുതി രജിസ്റ്റർ പരിശോധിച്ചാൽ ആർക്കും ബോധ്യമാകും. സർക്കാർ ആശുപത്രി ക്വാർട്ടേഴ്സുകൾ, സ്വകാര്യാശുപത്രികൾ ട്രൈബൽ ക്വർട്ടേഴ്സുകൾ, എന്നിവയെ കെട്ടിട നികുതി നിയമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

### *2. തൊഴിൽ നികുതി*

ആദായകരമായി തൊഴിലിൽ ഏർപ്പെടുന്നവരെയും സ്ഥിരം തൊഴിലാളികളെയും ജനകീയ ആസൂത്രണ പദ്ധതിയിൽ ബോധവൽക്കരണത്തിലൂടെ തൊഴിൽ നികുതിയുടെ പരിധിയിൽകൊണ്ടുവരേണ്ടതാണ്. പൊതു വിതരണ സേവന രംഗത്തെ എല്ലാ വിദഗ്ധതൊഴിലാളികളെയുംതൊഴിൽ നികുതി പരിധിയാൽ കൊണ്ടുവരേണ്ടതാണ്. ഉദാ:- ആശാരിമാർ, ബാർബർമാർ ഇലക്ട്രീഷ്യൻസ്, മത്സ്യമാംസ വ്യാപാരികൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവർ.

ഈ ഗ്രാമ പഞ്ചായത്തിലെ 11-ാം മൈൽ കരിങ്കൽ ക്വോറിയിൽ നിന്നും പഞ്ചായത്തിനുവരുമാനമെന്നും ലഭിക്കുന്നില്ല. ക്വോറി (നടത്തിപ്പുകാർ) ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണം, തൊഴിലാളികൾക്കു തൊഴിൽ നികുതി അടക്കുന്നതിനും, അവസരമുണ്ടാക്കണം അവർക്കു തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും പഞ്ചായത്തു ശ്രദ്ധിക്കേണ്ടതാണ്. ക്വാറികളിൽ പാറ സംഭരിച്ചു കൊണ്ടുപോകുന്ന ലോറികൾക്കും ട്രാക്ടറുകൾക്കും ലോഡിന് നാമമാത്രമായ സെസ്സ് പിരിക്കുകന്നതു അഭികാമ്യമായിരിക്കും. കമ്പ്രസ്സർ ഉപയോഗിച്ചു പാറ പൊട്ടിക്കുന്ന ഉടമകളിൽ നിന്നും ഉചിതമായ നികുതി

ഈടാക്കുക. കാർഷികാദായ നികുതിയിൽ നിന്നു ചിലരെ ഒഴിവാക്കിയതായി കാണുന്നു. ഇതു പരിശോധനക്കു വിധേയമാക്കേണ്ടതാണ്. ഇഷ്ടിക ചൂള ഉടമകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കാവുന്നതാണ്.

## *ലൈസൻസ്*

എല്ലാവിധ കച്ചവടക്കാരുടെയും ലൈസൻസ് ഫീസ് വിറ്റുവരവ് അടിസ്ഥാനമാക്കി പുതുക്കി നിശ്ചയിക്കുക.

വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് ഈടാക്കുക.

സ്വകാര്യ ആശുപത്രികളെ ലൈസൻസിങിന് വിധേയമാക്കുക.

ഇതുവരെ നികുതി പിരിക്കാതിരിക്കുന്ന അടക്കാ സംഭരണ സംസ്കരണ സ്ഥാപനങ്ങൾക്കും ലൈസൻസും തൊഴിൽ നികുതിയും ചുമത്തുക.

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മില്ലുകൾ കണ്ടെത്തി നികുതി ചുമത്തേണ്ടതാണ്.

## *വിനോദ നികുതി*

ഒരു പുതിയ സിനിമാശാല കാവ്യംമന്ദം ടൗണിൽ ആരംഭിക്കാൻ പ്രോത്സാഹനം നൽകുക. ഇന്നു സിനിമാശാലയിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയാൻ നടപടികൾ ആവശ്യമാണ്. നികുതിപിരിവ് പരിശോധന നടത്തുന്നതിന് ചട്ടപ്രകാരമുള്ള സംവിധാനത്തിന് പുറമെ സിനിമാ ശാലയിലെ വെട്ടിപ്പ് തടയാൻ ഒരു വിജിലൻസ് കമ്മറ്റി, പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കൺവീനറുമായും പഞ്ചായത്തു ബോർഡ് നിർദ്ദേശിക്കുന്ന 3 ജനപ്രതിനിധികളെയും ഉൾപ്പെടുത്തി കൊണ്ട് രൂപീകരിക്കണം. ഈ കമ്മറ്റിയിൽപ്പെട്ട ഏതെങ്കിലും 3 അംഗങ്ങൾ പരിശോധിച്ചു നൽകുന്ന റിപ്പോർട്ടു പ്രകാരം നടപടിയെടുക്കാൻ പഞ്ചായത്ത് ബോർഡിന് ചുമതല നൽകുന്ന വിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തണം. ടിക്കറ്റുകൾ സീൽ ചെയ്യുന്നതിന് പ്രത്യേക തരം സീലുകൾ നിർമ്മിക്കുകയും ചെയ്യാവുന്നതാണ്. യഥാർത്ഥത്തിൽ വിനോദ നികുതിയിനത്തിൽ കിട്ടേണ്ടതിന്റെ 25% പോലും ഇപ്പൾ പഞ്ചായത്തിന് ലഭിക്കുന്നില്ല.

## നികുതിയിതര വിഭവ സമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ:

പുതിയ ഗ്രാൻറുകൾക്കുള്ള പ്രപ്പോസലുകൾ കൃത്യ സമയത്തു വീഴ്ച കൂടാതെ അയച്ചിരിക്കുകയും അനുവദിക്കുന്ന തുക ലാപ്സാകാതെ ശ്രദ്ധിക്കുകയും വേണം.

തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്തിന് മീറ്റർ അനുവദിക്കുകയും ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം തുക അടയ്ക്കുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡ് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്.

ഗ്രാമീണ ശുദ്ധ ജലവിതരണം പഞ്ചായത്തിനെ പൂർണ്ണമായും ഏല്പിക്കുക. പൊതു ടാപ്പുകളുടെഎണ്ണം ക്രമീകരിക്കുക. കോളനി പരിസരത്തുള്ള ടാപ്പുകൾ കോളനി വളപ്പിലേക്കു മാറ്റി സ്ഥാപിക്കുക. ആവശ്യമുള്ള വീടുകൾക്ക് പഞ്ചായത്തിന്റെ ചിലവിൽ ജല വിതരണ കണക്ഷൻ നല്കുകയും സ്ലാബ് അടിസ്ഥാനത്തിൽ (ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവിനെ ആസ്പദമാക്കി) വെള്ളക്കരം ഈടാക്കാൻ സംവിധാനം ഏർപ്പെടുത്തുകയും വേണം.

തൽക്കാലിക മരപാലങ്ങൾക്കു പകരം കോൺക്രീറ്റു നടപ്പാലങ്ങൾ നിർമ്മിച്ചാൽ വർഷംതോറുമുള്ള മരപ്പാല നിർമ്മാണം ഒഴിവാക്കാം. ഇതിന് പശ്ചിമഘട്ട വികസന പദ്ധതിയുടെസഹായം തേടുക.

പഞ്ചായത്തധീനതയിലുള്ള കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ കൃഷിക്കും, മത്സ്യ വളർത്തന്നതിനുപകരിക്കുന്ന സ്ഥലങ്ങൾ മത്സ്യം വളർത്തനത്തിനും ലീസിന് കൊടുക്കുക.

പുറമ്പോക്കുകൾ നിർണ്ണയിച്ച് സന്നദ്ധ സംഘടനകളുടെ സഹായത്തോടും സോഷ്യൽ ഫോറസ്റ്ററിയുടെ ധനസഹായത്തോടും കൂടി വിറകിനുള്ള മരങ്ങളും, ഫലവൃക്ഷതൈകളും തേക്കു മുതലായ വിലപിടിപ്പുള്ള മരങ്ങളും വെച്ചു പിടിപ്പിക്കു

ക. ഇവയിൽ നിന്ന് മരം, വിറക്, ഇലക്ട്രിക് പോസ്റ്റ് മുതലായവ ഉല്പാദിപ്പിച്ച് വിൽക്കാം.

ആദിവാസി വിഭാഗത്തിന് സർക്കാർ നല്കുന്ന ധനസഹായ പദ്ധതികൾ അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.

## *നിക്ഷേപവും വിഭവ സമാഹരണവും*

തരിയോടു ഗ്രാമ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും ദേശസൽകൃത ബാങ്കിനോടു അഫിലിയേറ്റു ചെയ്ത ഗ്രാമീണ ബാങ്കുമാണുള്ളത്. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്ന ഗ്രാമവാസികൾക്കു സാമ്പത്തിക സഹായം ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അതിനു താല്പര്യമുള്ളവർക്കു പഞ്ചായത്ത്, ബാങ്ക് ഗ്യാരൻറി നൽകാൻ തയാറാകണം. ഇതിനു ആവശ്യമായമാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. നിക്ഷേപക സമാഹരണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്. ഇങ്ങനെ തുടങ്ങുന്ന സംരംഭങ്ങളിൽ നിന്ന് ഈടാക്കിയ പ്രൊഫഷണൽ ടാക്സും ലൈസൻസ്ഫീസും പുതിയ വരുമാന മാർഗ്ഗമാകും.

## *നിക്ഷേപ സമാഹരണം*

തരിയോട് ഗ്രാമപഞ്ചാത്തു ബചത്ത് പഞ്ചായത്താണ് എല്ലാവീട്ടുകാർക്കും R.Dയിൽ അംഗത്വവുമുണ്ട്. നിക്ഷേപത്തിൽ വീഴ്ചവരുത്താതിരിക്കാൻ ജനകീയ സമിതികളും വികസന സമിതികളും ശ്രദ്ധിക്കേണ്ടതാണ്. ഈ ഇനത്തിൽ മാസത്തിൽ 1 ലക്ഷത്തിലധികം രൂപനിക്ഷേപം നടത്തുന്നുണ്ട്.

പഞ്ചായത്ത് സ്പോൺസർ ചെയ്ത നിക്ഷേപങ്ങളുടെ 20% പഞ്ചായത്തിന് പ്രോത്സാഹന ഗ്രാൻറായി നൽകാൻ ഗവൺമെൻറ് തീരുമാനമുണ്ടാകണം.

പഞ്ചായത്തിന് സ്ഥിരവരുമാനമുണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. കാവുംമന്ദം അങ്ങാടിയിൽ ഇപ്പോൾ ഷോപ്പിംങ് കോപ്ലക്സ്, ടാക്സി സ്റ്റാൻഡ്, ബസ്സ് സ്റ്റോപ്പ്, ഫിഷ് മാർക്കറ്റ് എന്നിവയ്ക്കു വേണ്ടി പഞ്ചായത്തെടുത്തിരിക്കുന്നസ്ഥലം അപര്യാപ്തമാണ്. 10 സെൻറ് സ്ഥലം കൂടി മേൽപറഞ്ഞ ആവശ്യങ്ങൾക്ക് വേണ്ടിവരും. അതു ലഭിക്കുന്നതിന്നാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം.

പുതിയതായി എടുക്കേണ്ട സ്ഥലത്തിന് ആവശ്യമായ തുക സംസ്ഥാന സർക്കാർ പഞ്ചായത്തിന് ലഭ്യമാക്കണം.

ഷോപ്പിങ് കോംപ്ലക്സ് കം ബസ്സ്റ്റാൻറ് നിർമ്മിക്കുന്നതു മൂലം പഞ്ചായത്തിന് ഒരു വർഷം 1 ലക്ഷം രൂപയെങ്കിലും അധിക വരുമാനമുണ്ടാക്കാം. ഇന്ന് മാനന്തവാടി കല്പറ്റ റൂട്ടിൽ ഓടുന്ന 15ൽഅധികം ബസ്സുകളിൽ പാർക്കിങ് ഫീസ് ഇനത്തിൽ നല്ലൊരു തുക വർഷം തോറും സമാഹരിക്കാനാവും. 30 ൽ അധികം ടാക്സി ജീപ്പുകളും അരഡസനിലധികം ഓട്ടോറിക്ഷകളും 10 ൽ അധികം ട്രാക്റ്ററുകളും 5 ഓളം ടെമ്പോകളും കാവുംമന്ദത്തുണ്ട്. ഇവയിൽ നിന്ന് പാർക്കിങ് ഫീസ് ഇനത്തിൽ ഗണ്യമായ ഒരു തുക പഞ്ചായത്തിന് സമാഹരിക്കാനാവും.

ഷോപ്പിങ് കോപ്ലക്സ് നിർമ്മിക്കാൻ റൂറൽ ഡവലപ്മെൻറ് ബോർഡിൽ നിന്നും കടമെടുക്കാവുന്നതാണ്. ടാക്സിസ്റ്റാൻഡ് നിർമ്മിക്കാൻ ആവശ്യമായ സഹായം ബ്ലോക്ക് പഞ്ചായത്തിനോടോ ജില്ലാ പഞ്ചായത്തിനോടോ ആവശ്യപ്പെടാം.

ബസ്സ്റ്റാൻഡ് നിർമ്മിക്കുമ്പോൾ സ്ത്രീകൾക്ക് പ്രത്യേകമായ മൂത്രപ്പുരയും കക്കൂസും ഉണ്ടാവണം. ഇവ ഉപയോഗിക്കുന്നതിന് നിസ്സാരമായ ഒരു തുക ഈടാക്കിയാൽ ആ തുക കൊണ്ട്തന്നെ അവ വളരെ വൃത്തിയായി നടത്തികൊണ്ടുപോകാൻ കഴിയും. ഈ ആവശ്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി ഗ്രാൻറ് കിട്ടാൻ വേണ്ട നടപടി പഞ്ചായത്ത് സ്വീകരിക്കണം. പഞ്ചായത്തിൻെറസ്വത്ത് പഞ്ചായത്തിലെ ജനങ്ങളുടെത് തന്നെയാണെന്നും അത് സംരക്ഷിക്കാനും നിലനിർത്താനും ശ്രമിക്കേണ്ടത് ഗ്രാമത്തിലെ ജനങ്ങളുടെ ബാധ്യതയാണെന്നുമുള്ള അവബോധം ഗ്രാമത്തിലെ മുഴുവൻ ആളുകളിലും വളർത്താൻ പഞ്ചായത്തും രാഷ്ട്രീയ പാർട്ടി നേതാക്കളും ശ്രദ്ധിക്കണം. പൊതുസ്ഥലങ്ങൾ കയ്യേറുക, ഓടകളും മറ്റും തൂർക്കുക, കെട്ടിടം നിർ

മ്മിക്കുമ്പോൾ റോഡിൽനിന്നും നിശ്ചിത അകലം വേണമെന്ന ചട്ടം പാലിക്കാതിരിക്കുക, റോഡിൻെറ അടുത്തു ഇരുഭാഗത്തും കുഴി ഉണ്ടാക്കുക, റോഡിൽ മരങ്ങളും മറ്റും സ്ഥിരമായി നിക്ഷേപിച്ച് വാഹന ഗതാഗതം തടസ്സപ്പെടുത്തുക തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്നവരിൽ നിന്നുംപിഴ ഈടാക്കേണ്ടതാണ്.

## *JRY, ഉപാധിരഹിത ഫണ്ട്*

JRY ഇനത്തിൽ സർക്കാരിൽ നിന്നും ലഭിച്ചിരുന്ന ഫണ്ട് നിശ്ചിത സമയത്തിനുള്ളിൽ ചെലവ്ചെയ്തു തീർക്കാത്തതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട തൊട്ടടുത്ത വർഷത്തെ ഫണ്ടിൽ കുറവു വന്നതിന് കാരണമായിട്ടുണ്ട്. JRYഫണ്ടുപയോഗിച്ചു വികസനം നടപ്പാക്കുന്നതു സംബന്ധിച്ച് മുൻകാലങ്ങളിൽ പഞ്ചായത്ത് അധികൃതർ കാണിച്ച അനാസ്ഥ അക്ഷന്തവ്യമാണ്. ജോലി ഏറ്റെടുത്ത നോമിനികളെ തിരഞ്ഞെടുക്കുന്നതിലുണ്ടായ ക്രമക്കേടും അഡ്വാൻസ് അനുവദിച്ചതിലെ പിടിപ്പുകേടും പല പദ്ധതികളും ആരംഭ ദിശയിൽതന്നെ നിശ്ചലമാകാൻ കാരണമായി. ഇത്തരക്കാരുടെ പേരിൽ നിയമ നടപടികൾ സ്വീകരിച്ച് പണം വസൂലാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

അൺടൈഡ് ഫണ്ട് ഉപയോഗിച്ചു ചെയ്ത പല പ്രവർത്തികളും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഇവ പൂർത്തിയാക്കാൻ മുൻഗണന നൽകണം. ഒരോ ധനകാര്യ വർഷത്തിൻെറ അവസാനത്തിലും പ്രവത്തി പുരോഗതി വിലയിരുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജനകീയാസൂത്രണ പദ്ധതിയിലൂടെ ഉണ്ടായ പുത്തൻ ഉണർവ്വും ജനകീയ ഐക്യവും ഊട്ടി ഉറപ്പിച്ചു. സന്നദ്ധ പ്രവർത്തനങ്ങളിലുടെയും, പഞ്ചായത്തിൻെറ ചിലവുകൾ ക്രമീകരിച്ചും,മേൽ പറഞ്ഞ പ്രകാരം വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്താൽ ഒരു പരിധിവരെ ജനങ്ങൾക്കു ആശ്വാസം നല്കുന്ന പല പദ്ധതികളും നടപ്പാക്കാൻ കഴിയുമെന്നതു നിസ്തർക്കമാണ്. പദ്ധതി പ്രവർത്തനത്തിൽ ഇതു വരെ നടന്ന പാഴ്ചെലവും ചോർച്ചയും ഇല്ലാതെയാകുമ്പോൾ പഞ്ചായത്തിൻെറ സമ്പൂർണ്ണ വികസനമെന്ന സ്വപ്നം സാക്ഷാൽക്കരിക്കാനാവും. സർക്കാറിൻെറ പൂർണ്ണ പിന്തുണയും കൂടി ഉണ്ടാവുമ്പോൾ വമ്പിച്ചഒരു മാറ്റത്തിൻെറ തുടക്കം കുറിക്കുമെന്നതിനു സംശയമില്ല.

തരിയോടു പൂർണ്ണമായും കാർഷികമേഖലയായതിനാൽ ഈ മേഖലയുടെ തുടർച്ചയായ വികസന ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കും അതിനു വേണ്ട വിഭവസമാഹരണത്തിനുമാണ് ഊന്നൽ കൊടുക്കേണ്ടത്.

## ചാർട്ട് 1

| 1991 - 92 വരവ് | | | 95 - 96 വരവ് | | വ്യത്യാസം | |
|---|---|---|---|---|---|---|
| കെട്ടിട നികുതി | 63887 | 29 | 108663 | 70 | വർദ്ധനവ് 44776.41 | |
| തൊഴിൽ നികുതി | 37370 | | 89030 | - | 51660.00 | |
| സിനിമാ നികുതി | 19867 | 40 | 37982 | 60 | 18115.20 | |
| ലൈസൻസു ഫീസ് | 2296 | 90 | 3415 | | 1118.10 | |
| നിക്ഷേപങ്ങൾ | 24505 | 00 | 20037 | 40 | കുറവ് 4467.60 | |
| അൺടൈർഡ് ഫണ്ട് | 197000 | 00 | 274000 | - | 77000.00 | |
| ഗ്രാൻറുകൾ | 287084 | 00 | 508359 | | 221275.00 | |
| മറ്റിനം | 45587 | 11 | 209128 | 95 | 163541.84 | |
| ആകെ | 677597 | 70 | 1250616 | 65 | | |

# ചാർട്ട് 2

| ചിലവു ഇനങ്ങൾ | 91 - 92 | | 95 -96 | | വ്യത്യാസം |
|---|---|---|---|---|---|
| മേൽനോട്ടവും പിരിവ് | 243215 | 60 | 477891 | 00 | വർദ്ധനവ് 234675.40 |
| വിദ്യാഭ്യാസം | 5781 | 60 | 34199 | 75 | 28418.15 |
| ജലവിതരണം | - | - | 12786 | 75 | 12786.00 |
| പൊതു ജനാരോഗ്യം | 15400 | 00 | 11622 | - | കുറവ് 3778.00 |
| വിളക്കുവെക്കൽ | 12678 | 90 | 26703 | - | 964.00 |
| പഞ്ചായത്തു വസ്തു | 12484 | 45 | 5335 | - | 7149.45 |
| നിക്ഷേപങ്ങൾ | - | - | 200000 | - | 200000.00 |
| പൊതുമരാമത്ത് | 96423 | - | 412322 | 80 | 315899.80 |
| മൂലധന നിക്ഷേപം | 11835 | 95 | 91000 | | 79164.05 |
| പഞ്ചായത്തു രാജ് | - | - | 8694 | | 8694.00 |
| കടമിനം കണക്ക് | 54418 | 35 | 119771 | - | 65352.65 |
| ആകെ | 477033 | 85 | 1426084 | 55 | |

# ചാർട്ട് 3

| 95 - 96 നികുതികൾ നിലവിലുള്ളത് | | 96 - 97 പ്രതീക്ഷിക്കുന്നത് (Approxi) |
|---|---|---|
| കെട്ടിട നികുതി | 1,02,000.00 | 2,00,000 |
| തൊഴിൽ | 90,000 | 1,00,000 |
| ലൈസൻസ് | 35,000 | 50,000 |
| സിനിമാ | 55,000 | 75,000 |
| മറ്റിനങ്ങൾ (മണൽ പാട്ടം) | 15,000 20,000 | |
| | 2,29,5000.00 | 3,80,000.00 |



# തരിയോട്
# സർവ്വീസ് സഹകരണ ബാങ്ക്

**ക്ലിപ്തം, നമ്പർ F 967**

**പി. ഒ. കാവുമ്മന്ദം**

- ☆ *കാർഷിക കാർഷികേതര വായ്പകൾ മിതമായ പലിശക്കു നൽകുന്നു*
- ☆ *എല്ലാ ദിവസവും സ്വർണ്ണപണയത്തിൻ മേൽ വായ്പ നൽകുന്നു.*
- ☆ *നിക്ഷേപങ്ങൾക്ക് 15½% വരെ പലിശ*

## പുതിയ നിക്ഷേപ പദ്ധതികൾ

1. ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻറ് ക്രെഡിറ്റ് സ്ക്കീം
2. സുരക്ഷ
3. സംരക്ഷ

ചിട്ടികൾ അടുത്തുതന്നെ ആരംഭിക്കുന്നു. ഇടപാടുകാരുടെ സഹകരണത്തോടെ വളർച്ചയുടെ പാതയിൽ മുന്നോട്ട്

*സിക്രട്ടറി*
*സി.കെ. കുഞ്ഞികൃഷ്ണൻ*

*പ്രസിഡണ്ട്*
*കെ.ജി. പുരുഷോത്തമൻ മാസ്റ്റർ*

